# അടിസ്ഥാന വിശ്വാസം
# 200
# ചോദ്യങ്ങളും ഉത്തരങ്ങളും

﴿ 200 سؤال وجواب في العقيدة ﴾

[ Malayalam – മലയാളം – مليالم ]


ശൈഖ്: ഹാഫിള്ബ്നു അഹ്മദ് ആലു ഹകമി (റ)

للشيخ/ حافظ بن أحمد آل حكمي-رحمه الله

വിവര്ത്തനംഃ സയ്യിദ് സഅ്ഫര് സ്വാദിഖ്

إعداد : سيد سعفر صادق





കോപറേറ്റീവ് ഓഫീസ് ഫോര് കാള് & ഗൈഡന്സ്

റബ്വ – റിയാദ് – സൗദി അറേബ്യ



All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the author or publishers.



المكتب التعاوني للدعوة وتوعية الجاليات بربوة

الرياض ، المملكة العربية السعودية

islamhouse.com

1432– 2011

# വിവർത്തക കുറിപ്പ്

ലോക സൃഷ്ടാവ് ലോകർക്ക് നൽകിയ തൃപ്തിപ്പെട്ട മതമാണ് ഇസ്‌ലാം. ലോകത്തേക്ക് നിയുക്തരായ മുഴുവൻ പ്രവാചകന്മാരും കൊണ്ട് വന്ന മതം, പ്രബോധനം ചെയ്‌ത മതം. അവസാന നാൾ വരെ നിലനിൽക്കുന്ന മതം. ആരെതിർത്താലും സകല മതങ്ങളെയും അതിജയിക്കുന്ന മതം. ആ മതത്തിൻെറ തെളിമയാർന്ന പ്രമാണം അവസാന പ്രവാചകനിലൂടെ അവതീർണമായ വിശുദ്ധ ഖുർആനും, ആ പ്രവാചകൻെറ ജീവിതചര്യയുമാകുന്നു. ഈ പ്രമാണങ്ങളിൽ വന്ന മുഴുവൻ കാര്യങ്ങളും സ്വീകരിച്ചാചരിക്കേണ്ടത് ഓരോ മുസ്‌ലിമിൻെറയും നിർബ്ബന്‌ധ ബാധ്യതയാണ്. വിശ്വാസികൾ ആരാണെന്ന് വ്യക്തമാക്കുന്ന സന്ദർഭത്തിൽ ഖുർആൻ നമ്മെ പഠിപ്പിക്കുന്നത് അവർ അദൃശ്യകാര്യത്തിൽ ദൃഢമായി വിശ്വസിക്കുന്നവരാകുന്നുവെന്നാണ്. ഒരാൾ യഥാർത്ഥ വിശ്വാസിയായി തീരണമെങ്കിൽ ഖുർആനും തിരുസുന്നത്തും പഠിപ്പിക്കുന്ന ചില കാര്യങ്ങളിൽ ദൃഢമായി യാതൊരു സംശയവുമില്ലാതെ വിശ്വസിക്കേണ്ടതുണ്ട്. അതിന് ഇസ്‌ലാമിൻെറ സാങ്കേതിക ഭാഷയിൽ 'അർകാനുൽ ഈമാൻ' എന്നാണ് പറയുന്നത്. അതായത് വിശ്വാസ കാര്യങ്ങൾ ഇതിന് ആറ് ഘടകങ്ങളാണ് ഉള്ളത്. ഈ കാര്യങ്ങൾ സവിസ്‌തരം വിശദമാക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്ന ഈ കൊച്ചു പുസ്‌തകത്തിൽ ഇതിനെ സംബന്‌ധിച്ചുള്ള ഇരുന്നൂറിൽ പരം ചോദ്യങ്ങളും, അതിന് വിശുദ്ധഖുർആനും തിരുസുന്നത്തും പഠിപ്പിക്കുന്ന ഉത്തരങ്ങളുമാണ് ഹാഫിള്ബ്‌നു ആലു ഹഖമി ഉൾകൊള്ളിച്ചിട്ടുള്ളത്. ഏതൊരു സാധാരണക്കാർക്കും എളുപ്പം മനസിലാകുന്ന രൂപത്തിലാണ് ഇതിലെ അവതരണം.



ചോദ്യവും ഉത്തരവും എന്ന ശൈലിയായത് കൊണ്ട് വളരെ ഉൽസാഹത്തോടെ ഈ ഗ്രന്‌ഥം വായിക്കുവാൻ ഏതൊരാൾക്കും സാധിക്കുന്നതാണ്. വിവർത്തനം കഴിവിൻെറ പരമാവധി കുറ്റമറ്റതാക്കുവാൻ പരിശ്രമിച്ചിട്ടുണ്ട്. എങ്കിലും ധാരാളം പിഴവുകളും, ന്യൂനതകളും കണ്ടേക്കാം, സഹോദരബുദ്ധ്യാ ചൂണ്ടികാണിക്കണമെന്ന് അറിയിക്കുകയാണ്. മലയാളം വായിക്കുന്ന ഒരു ചെറിയ വിഭാഗത്തിനെങ്കിലും ഇസ്‌ലാമിൻെറ യഥാർത്ഥ വിശ്വാസം ഈ കൊച്ചു ഗ്രന്‌ഥത്തിലൂടെ മനസിലാക്കുവാൻ സാധിക്കട്ടെയെന്ന് ആഗ്രഹിക്കുകയാണ്, ഇതിൻെറ പിന്നിൽ ഈ ഒരു ഉദ്ദേശം മാത്രമാണുള്ളത്. വിവർത്തനം ചെയ്യുവാനായി ഈ ഗ്രന്‌ഥം നൽകുകയും അതിന് വേണ്ട പ്രോൽസാഹനം നൽകുകയും ചെയ്‌ത എൻെറ മാന്യ സുഹൃത്തിനും, ഇത് പ്രസാധനം ചെയ്യുന്ന പ്രസാധകർക്കും അല്ലാഹു പരലോകത്ത് ഇത് ഒരു സൽകർമ്മമായി സ്വീകരിക്കുമാറാവട്ടെ. അറബിയും, ഇസ്‌ലാമിക വിജ്ഞാനവും പഠിക്കുവാനായി എന്നെ അറബിക്കോളേജിലേക്ക് കൈപിടിച്ച് കൊണ്ട് പോയ എൻെറ പിതാവിന് അല്ലാഹു പരലോകത്ത് സൗഖ്യം നൽകുമാറാവട്ടെ, അദ്ദേഹത്തെയും നമ്മളേയും അല്ലാഹു അവൻെറ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂട്ടുമാറാവട്ടെ.

നിങ്ങളുടെ സഹോദരൻ:

സയ്യിദ് സഅ്ഫർ സ്വാദിഖ്

**1- മനുഷ്യരുടെ പ്രഥമ ഉത്തരവാദിത്വം എന്താണ്?**

**ഉത്തരം: മനുഷ്യൻെറ പ്രഥമ ഉത്തരവാദിത്വം അല്ലാഹു എന്തിനാണ് മനുഷ്യരെ സൃഷ്ടിക്കുകയും, മനുഷ്യരിൽ നിന്ന് കരാർ സ്വീകരിക്കുകയും, പ്രവാചകന്മാരെ പറഞ്ഞയക്കുകയും, അവരോടൊപ്പം വേദഗ്രന്ഥങ്ങൾ ഇറക്കുകയും ചെയ്തത് എന്ന് മനസിലാക്കുകയാണ്. സ്വർഗ നരകങ്ങൾ സൃഷ്ടിക്കുകയും, അവസാന നാൾ  യാഥാർത്ഥ്യമാവുകയും, കർമ്മങ്ങൾ തൂക്കി കണക്കാക്കുവാൻ തുലാസുകൾ നാട്ടുകയും, കർമ്മങ്ങളുടെ ഗ്രന്ഥങ്ങൾ കൈമാറുകയും, അല്ലാഹുവിൻെറ പ്രകാശം വീതിക്കുന്നതിലൂടെ സൗഭാഗ്യവും ദൗർഭാഗ്യവും ലഭ്യമാവുകയും (ആ പ്രകാശം ലഭ്യമാകാത്തവന് പ്രകാശം തന്നെ ലഭിക്കുകയുമില്ല) ചെയ്യുന്നത് ഈ ലക്ഷ്യത്തിൻെറ പൂർത്തീകരണത്തിന് വേണ്ടിയാണ്.**

**2- അല്ലാഹു സൃഷ്ടികളെ സൃഷ്ടിക്കുവാനുള്ള കാരണം എന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

(وَمَا خَلَقْنَا السَّمَوَاتِ وَالأَرْضَ وَمَا بَيْنَهُمَا لاَعِبِينَ * مَا خَلَقْنَاهُمَا إِلاَّ بِالْحَقِّ وَلَكِنَّ أَكْثَرَهُمْ لاَ يَعْلَمُونَ) (الدخان: **38-39** )

‘ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല. ശരിയായ ഉദ്ദേശത്തോടു കൂടി തന്നെയാണ് നാം അവയെ സൃഷ്ടിച്ചത്. പക്ഷെ അവരിൽ അധികപേരും അറിയുന്നില്ല’ (ദുഖാൻ: 38, 39)

وَمَا خَلَقْنَا السَّمَاءَ وَالأَرْضَ وَمَا بَيْنَهُمَا بَاطِلاً ذَلِكَ ظَنُّ الَّذِينَ كَفَرُوا ) ( ص:**27**)

‘ആകാശവും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം നിരർത്ഥകമായി സൃഷ്ടിച്ചതല്ല. സത്യനിഷേധികളുടെ ധാരണയത്രെ അത് ’ (സ്വാദ്:27)

وَخَلَقَ اللَّهُ السَّمَوَاتِ وَالأَرْضَ بِالْحَقِّ وَلِتُجْزَى كُلُّ نَفْسٍ بِمَا كَسَبَتْ وَهُمْ لاَ يُظْلَمُونَ) (الجاثية:**22**)



‘ആകാശങ്ങളും ഭൂമിയും അല്ലാഹു ശരിയായ ലക്ഷ്യത്തോടെ സൃഷ്ടിച്ചിരിക്കുന്നു. ഓരോ ആൾക്കും താൻ പ്രവർത്തിച്ചതിനുള്ള പ്രതിഫലം നൽകപ്പെടാൻ വേണ്ടിയുമാണ് അത്. അവരോട് അനീതി കാണിക്കപ്പെടുന്നതല്ല.’ (ജാഥിയ:22)

وَمَا خَلَقْتُ الْجِنَّ وَالإِنْسَ إِلاَّ لِيَعْبُدُونِ ) (الذاريات: **56** )

‘ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.’ (ദാരിയാത്ത്:56)

**3- العبد (അടിമ) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?**

**ഉത്തരം: “അടിമ” എന്നത്കൊണ്ട് ഉദ്ദേശിക്കുതന്ന് ആരാധിക്കുന്നവൻ, കീഴൊതുങ്ങുന്നവൻ, കീഴ്പ്പെടുന്നവൻ എന്നൊക്കെയാണ്. അതുകൊണ്ട് തന്നെ ഭൂമിയിലും, ആകാശങ്ങളിലുമുള്ള ബുദ്ധിയുള്ളതും, ബുദ്ധിയില്ലാത്തതും, ഉണങ്ങിയതോ, പച്ചയോ ആയതും, സഞ്ചരിക്കുന്നതും, സഞ്ചരിക്കാത്തതും, പ്രകടമായതും, പ്രകടമല്ലാത്തതും, വിശ്വസിച്ചവനും, അവിശ്വസിച്ചവനും, പുണ്യം ചെയ്യുന്നവനും, തെമ്മാടിത്തം ചെയ്യുന്നവനും ആയ മുഴുവൻ സൃഷ്ടികളും ഇതിൽപെടുന്നു. എല്ലാം തന്നെ അല്ലാഹുവിൻെറ സൃഷ്ടികളും, അവൻെറ ഉടമയിലുള്ളതും, അവന് കീഴൊതുങ്ങുന്നവരും, അവൻെറ നിയന്ത്രണത്തിലുമാകുന്നു. എല്ലാ സൃഷ്ടികൾക്കും ഓരോ പാതയുണ്ട്, ആ പാതയിലൂടെ സഞ്ചരിക്കുകയും, അല്ലാഹുവിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. എല്ലാംതന്നെ ഓരോ നിർണ്ണിതമായ അവധി വരെ സഞ്ചരിക്കുന്നു, അതിൽ നിന്ന് ഒരു അണുമണി തൂക്കം വ്യതിചലിക്കുവാനോ, വിട്ട് കടക്കുവാനോ അവർക്ക് സാധ്യമല്ല തന്നെ. അല്ലാഹു പറയുന്നു:**

(ذَلِكَ تَقْدِيرُ الْعَزِيزِ الْعَلِيمِ) (يس:**38**)

‘പ്രതാപിയും സർവ്വജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണത്.’ (യാസീൻ:38)

**ഇതെല്ലാം നിയന്ത്രിക്കുന്നത് നീതിമാനും, യുക്തിമാനുമാകുന്നു. ഇവയിൽ അല്ലാഹു ഇഷ്ടപ്പെടുകയും, തൃപ്തിപ്പെടുകയും, പ്രത്യേകമാക്കുകയും ചെയ്യുന്നത്  സത്യവിശ്വാസികളെയാണ്, അവർ അവൻെറ മാന്യ**

ന്മാരായ ദാസന്മാരാകുന്നു, ദു:ഖിക്കുകയോ, വ്യസനിക്കുകയോ ചെയ്യാത്ത അവൻെറ മുത്തഖീങ്ങളായ ഔലിയാക്കളുമാകുന്നു.

**4- എന്താണ് 'ആരാധന' എന്നത്കൊണ്ട് വിവക്ഷിക്കുന്നത്?**

ഉത്തരം: അല്ലാഹു ഇഷ്ടപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ ബാഹ്യമോ ആന്തരികമോ ആയ വാക്കുകളും പ്രവൃത്തികളും, അതിനെ നിരർത്ഥമാക്കുകയോ, അതിന് എതിരാവുകയോ ചെയ്യുന്നതിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യുകയും ചെയ്യുന്നതിനും മുഴുവനായി മൊത്തത്തിൽ ഇബാദത്ത് എന്ന് പേര് പറയുന്നു.

**5- എപ്പോഴാണ് ഒരു പ്രവർത്തനം ആരാധനയായി മാറുന്നത്?**

ഉത്തരം: പരിപൂർണമായ കീഴൊതുങ്ങലും, പരിപൂർണ സ്നേഹവും സംഗമിക്കുന്ന കാര്യമാണത്. അല്ലാഹു പറയുന്നു:

(وَالَّذِينَ آمَنُوا أَشَدُّ حُبًّا لِلَّهِ) (البقرة:165)

'സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ.' (അൽബഖറ:165)

(إِنَّ الَّذِينَ هُمْ مِنْ خَشْيَةِ رَبِّهِمْ مُشْفِقُونَ) (المؤمنون: 57)

'തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവർ,' (മുഅ്മിനൂൻ: 57)

ഇത് രണ്ടും അല്ലാഹു ഒരു ആയത്തിൽ ഒരുമിച്ച് കൂട്ടുന്നു:

(إِنَّهُمْ كَانُوا يُسَارِعُونَ فِي الْخَيْرَاتِ وَيَدْعُونَنَا رَغَبًا وَرَهَبًا وَكَانُوا لَنَا خَاشِعِينَ)

(الأنبياء: 90)

'തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു.' (അൻബിയാ: 90)



**6- ഒരു അടിമ അല്ലാഹുവിനെ ഇഷ്ടപ്പെടുന്നുവെന്നതിൻെറ അടയാളം എന്താണ്?**

ഉത്തരം: ഇതിനുള്ള അടയാളം അവൻ അല്ലാഹു ഇഷ്ടപ്പെടുന്നത് ഇഷ്ടപ്പെടുകയും,അല്ലാഹുവിന് കോപമുള്ളതിനെ വെറുക്കുകയും, അവൻെറ കൽപനകളെ ശിരസാവഹിക്കുകയും, വിരോധങ്ങളിൽ നിന്ന് വിട്ട് നിൽക്കുക യും, അല്ലാഹുവിൻെറ ഔലിയാക്കളെ പിൻതുടരുകയും, അവൻെറ ശത്രു ക്കളെ തൻെറ കൂടി ശത്രുക്കളായി കാണുകയും ചെയ്യുകയെന്നതാണ്.വി ശ്വാസത്തിൻെറ ഏറ്റവും ദൃഢമായ കാര്യം അല്ലാഹുവിന് വേണ്ടി ഇഷ്ട പ്പെടുകയും, അവന് വേണ്ടി കോപിക്കുകയും ചെയ്യുക എന്നതുമാണ്.

**7- അടിമകൾ എങ്ങിനെയാണ് അല്ലാഹു ഇഷ്ടപ്പെടുകയും, തൃപ്തിപ്പെടുകയും ചെയ്യുന്ന കാര്യം മനസിലാക്കുക?**

ഉത്തരം: അല്ലാഹു പ്രവാചകന്മാരെ പറഞ്ഞയച്ച് കൊണ്ടും, വേദഗ്രന്ഥങ്ങൾ ഇറക്കിയും അവൻ ഇഷ്ടപ്പെടുന്ന കാര്യങ്ങളും, വെറുക്കുന്ന കാര്യങ്ങളും അടിമകൾക്ക് വ്യക്തമാക്കി കൊടുക്കുന്നു. ഇത് അല്ലാഹുവിന് അടിമകളുടെ മേലുള്ള വ്യക്തമായ തെളിവ് സ്ഥാപിക്കലാകുന്നു. ഇതിലൂടെ അല്ലാഹുവിൻെറ വ്യക്തമായ യുക്തി പ്രകടമാവുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

(رُسُلاً مُبَشِّرِينَ وَمُنذِرِينَ لأَلاَّ يَكُونَ لِلنَّاسِ عَلَى اللهِ حُجَّةٌ بَعْدَ الرُّسُلِ)

(النساء:165)

'സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്.' (അന്നിസാഅ്:165)

(قُلْ إِنْ كُنْتُمْ تُحِبُّونَ اللهَ فَاتَّبِعُونِي يُحْبِبْكُمُ اللهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللهُ غَفُورٌ

رَحِيمٌ) (آل عمران:**31**)

"(നബിയേ) പറയുക.. നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിൻതുടരുക, എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുക യും നിങ്ങളുടെ പാപങ്ങൾ പൊറുത്ത് തരികയും ചെയ്യുന്നതാണ്" (ആലു ഇംറാൻ - 31)

**8- ആരാധനയുടെ നിബന്ധനകൾ ഏതെല്ലാമാണ്?**

**ഉത്തരം: മൂന്ന് നിബന്ധനകളുണ്ട്. ഒന്ന്: വ്യക്തമായ** صدق العزيمة **ഉദ്ദേശത്തെ സത്യപ്പെടുത്തലാണ്. ഇത് ആരാധന ഉണ്ടാവാനുള്ള നിബ ന്ധനയാകുന്നു. രണ്ട്: നിശ്കളങ്കമായ ഉദ്ദേശം. മൂന്ന്: അല്ലാഹു കൽപിച്ച രൂപത്തിൽ മത നിയമങ്ങൾക്കനുസരിച്ചാവുക. ഈ രണ്ട് കാര്യങ്ങളും ഒരു കാര്യം സ്വീകാര്യമാവുന്നതിനുള്ള നിബന്ധനകളാവുന്നു.**

**9-** صدق العزيمة **(ഉദ്ദേശത്തെ സത്യപ്പെടുത്തൽ) എന്നത് കൊണ്ട് ഉദ്ദേ ശിക്കുന്നത് എന്താണ്?**

**ഉത്തരം: അലസതയും, അലംഭാവവും ഉപേക്ഷിക്കുകയും, തൻെറ വാക്കും പ്രവർത്തനവും യോജിക്കുകയും ചെയ്യലാണ് ഇത്കൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലാഹു പറയുന്നു:**

(يَاأَيُّهَا الَّذِينَ آمَنُوا لِمَ تَقُولُونَ مَا لاَ تَفْعَلُونَ * كَبُرَ مَقْتًا عِنْدَ اللهِ أَنْ تَقُولُوا مَا لاَ تَفْعَلُونَ) (الصف:**2- 3**)

'സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു.' (സ്വഫ്ഫ്:2,3)

**10- നിശ്കളങ്കമായ ഉദ്ദേശം എന്നത് കൊണ്ട് വിവക്ഷിക്കുന്നത് എന്താണ്?**



**ഉത്തരം: ഒരാൾ തൻെറ പ്രത്യക്ഷവും, പരോക്ഷവുമായ മുഴുവൻ പ്രവർത്ത നങ്ങളും, വാക്കുകളും അല്ലാഹുവിൻെറ പ്രീതി മാത്രം കാംക്ഷിച്ച് കൊണ്ട് ചെയ്യുക എന്നതാണ്. അല്ലാഹു പറയുന്നു:**

(وَمَا أُمِرُوا إِلاَّ لِيَعْبُدُوا اللهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ) (البينة:**5**)

**"കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കികൊണ്ട് ഋജുമനസ്കരായ നില യിൽ അവനെ ആരാധിക്കുവാനും നമസ്കാരം നിലനിർത്തുവാനും സക്കാ ത്തു നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വ ക്രതയില്ലാത്ത മതം" (സൂറ: ബയ്യിന - 5 )**

(وَمَا لأَحَدٍ عِنْدَهُ مِنْ نِعْمَةٍ تُجْزَى* إِلاَّ ابْتِغَاءَ وَجْهِ رَبِّهِ الأَعْلَى) (الليل: **20** )

'പ്രത്യുപകാരം നൽകപ്പെടേണ്ടതായ യാതൊരു അനുഗ്രഹവും അവന്റെ പക്കൽ ഒരാൾക്കുമില്ല. തന്റെ അത്യുന്നതനായ രക്ഷിതാവിന്റെ പ്രീതി തേ ടുക എന്നതല്ലാതെ.' (ലൈൽ:1920)

(إِنَّمَا نُطْعِمُكُمْ لِوَجْهِ اللهِ لاَ نُرِيدُ مِنْكُمْ جَزَاءً وَلاَ شُكُورًا) (الإنسان: **9**)

'(അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്കു ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽ നിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല.' (ഇൻസാൻ:9)

(مَنْ كَانَ يُرِيدُ حَرْثَ الآخِرَةِ نَزِدْ لَهُ فِي حَرْثِهِ وَمَنْ كَانَ يُرِيدُ حَرْثَ الدُّنْيَا نُؤْتِهِ مِنْهَا وَمَا لَهُ فِي الآخِرَةِ مِنْ نَصِيبٍ) (الشورى:**20**)

'വല്ലവനും പരലോകത്തെ കൃഷിയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അവന്റെ കൃഷിയിൽ നാം അവന് വർദ്ധന നൽകുന്നതാണ്. വല്ലവനും ഇഹലോക ത്തെ കൃഷിയാണ് ഉദ്ദേശിക്കുന്നതെങ്കിൽ നാം അവന് അതിൽ നിന്ന് നൽ കുന്നതാണ്. അവന് പരലോകത്ത് യാതൊരു വിഹിതവും ഉണ്ടായിരിക്കു ന്നതല്ല.' (ശൂറാ:20)

**11- അല്ലാഹുവിനെ ആരാധിക്കുവാൻ അവൻ നിയമമാക്കിയ മാർഗം ഏതാണ്?**

**ഉത്തരം: ഇബ്രാഹിം കാണിച്ച് തന്ന ചൊവ്വായ മാർഗമാകുന്നു അത്. അല്ലാഹു പറയുന്നു:**

(إِنَّ الدِّينَ عِنْدَ اللهِ الْإِسْلَامُ) (آل عمران: **19**)

**"തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു" (ആലു ഇംറാൻ - 19)**

(أَفَغَيْرَ دِينِ اللهِ يَبْغُونَ وَلَهُ أَسْلَمَ مَنْ فِي السَّمَوَاتِ وَالْأَرْضِ طَوْعًا وَكَرْهًا) (آل عمران: **83**)

'അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ള വരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെ ട്ടിരിക്കുകയാണ്' (ആലുഇംറാൻ:83).

(وَمَنْ يَرْغَبُ عَنْ مِلَّةِ إِبْرَاهِيمَ إِلاَّ مَنْ سَفِهَ نَفْسَهُ) (البقرة: **130**)

'സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്രാഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക?' (അൽബഖറ:130)

(وَمَنْ يَبْتَغِ غَيْرَ الإِسْلاَمِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الآخِرَةِ مِنَ الْخَاسِرِينَ) (آل عمران: **85**)

**"ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മ തമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരി ക്കപ്പെടുന്നില്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരി ക്കും" (ആലു ഇംറാൻ - 85)**

(أَمْ لَهُمْ شُرَكَاءُ شَرَعُوا لَهُمْ مِنَ الدِّينِ مَا لَمْ يَأْذَنْ بِهِ اللهُ) (الشورى: **21**)

'അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ് ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ?' (ശൂറാ:20)

**12- ഇസ്‌ലാം മതത്തിന് എത്ര സ്ഥാനങ്ങൾ(തട്ടുകൾ) ഉണ്ട്?**



**ഉത്തരം: മൂന്ന് സ്ഥാനങ്ങൾ ഉണ്ട്. ഇസ്‌ലാം, ഈമാൻ, ഇഹ്സാൻ എന്നി**

**വയാണത്. മതം എന്ന് പറയുകയാണെങ്കിൽ ഇത് മുഴുവനും ഉൾകൊ ള്ളുന്നു.**

**13- ഇസ്‌ലാം എന്നതിൻെറ ആശയം എന്താണ്?**

**ഉത്തരം: മുവഹ്ഹിദായികൊണ്ട് അല്ലാഹുവിന് സമ്പൂർണ്ണമായി സമർപ്പിക്കു കയും അനുഷ്ഠാനങ്ങളിലൂടെ പൂർണ്ണമായ കീഴ്വണക്കം കാണിക്കുകയും ശിർക്കിൽ നിന്നും അതിൻെറ വക്താക്കളിൽ നിന്നും ബഹിഷ്കരണം പ്രഖ്യാപിക്കുകയും ചെയ്യുക എന്നതാണ് 'ഇസ്‌ലാം' എന്നതിൻെറ വിവക്ഷ. അല്ലാഹു പറയുന്നു:**

(وَمَنْ أَحْسَنُ دِينًا مِمَّنْ أَسْلَمَ وَجْهَهُ لِلَّهِ) (النساء: **125**)

'സദ്വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ്പെടുത്തി യവനേക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്?' (നിസാഅ്:125)

(وَمَنْ يُسْلِمْ وَجْهَهُ إِلَى اللهِ وَهُوَ مُحْسِنٌ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى) (لقمان: **22**)

'വല്ലവനും സദ്വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമ ർപ്പിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടി കയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്.' (ലുഖ്മാൻ:22)

(فَإِلَهُكُمْ إِلَهٌ وَاحِدٌ فَلَهُ أَسْلِمُوا وَبَشِّرِ الْمُخْبِتِينَ) (الحج: **34**)

'നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. അതിനാൽ അവന്നു മാത്രം നി ങ്ങൾ കീഴ്പെടുക. (നബിയേ,) വിനീതർക്ക് നീ സന്തോഷവാർത്ത അറി യിക്കുക.' (ഹജ്ജ്:34)

**14- മതം എന്ന് പറഞ്ഞാൽ ഇത് മുഴുവനും ഉൾകൊള്ളുന്നുവെന്ന് പറയുന്നതിനുള്ള തെളിവ് എന്താണ്?**

ഉത്തരം: (إِنَّ الدِّينَ عِنْدَ اللهِ الأِسْلاَمُ) (سورة آل عمران: 19 )

"തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു" (ആലു ഇംറാൻ- 19)

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: بَدَأَ الإِسْلاَمُ غَرِيبًا وَسَيَعُودُ كَمَا بَدَأَ غَرِيبًا فَطُوبَى لِلْغُرَبَاءِ ) (مسلم، إبن ماجه، أحمد)

അബൂഹുറൈറ(ؓ)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറഞ്ഞു: "ഇസ്‌ലാം അപരിചിതമായിട്ടാണ് ആരംഭിച്ചത്, ആരംഭിച്ച സന്ദർഭത്തിലുണ്ടായിരുന്ന അപരിചിതത്തിലേക്ക് തന്നെ അത് മടങ്ങുന്നതാണ്, അങ്ങനെയുള്ള അപരിചിതർക്ക് മംഗളം" (മുസ്‌ലിം). പ്രവാചകൻ(ﷺ) പറയുന്നു:

(أفضل الإسلام إيمان بالله) (بخاري)

"ഇസ്‌ലാമിൽ ഏറ്റവും ശ്രേഷ്ടമായിട്ടുള്ളത് അല്ലാഹുവിലുള്ള വിശ്വാസമാകുന്നു" (ബുഖാരി).

**15- വ്യക്തമായി ഇസ്‌ലാം കാര്യങ്ങൾ അഞ്ചാണെന്നതിനുള്ള തെളിവ് എന്താണ്?**

ഉത്തരം:

قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: الإِسْلاَمُ أَنْ تَشْهَدَ أَنْ لاَ إِلَهَ إِلاَّ اللهُ وَأَنَّ مُحَمَّدًا رَسُولُ اللهِ وَتُقِيمَ الصَّلاَةَ وَتُؤْتِيَ الزَّكَاةَ وَتَصُومَ رَمَضَانَ وَتَحُجَّ الْبَيْتَ إِنِ اسْتَطَعْتَ إِلَيْهِ سَبِيلاً )( رواه مسلم )

പ്രവാചകതിരുമേനി(ﷺ) പറഞ്ഞു, ഇസ്‌ലാമെന്ന് പറഞ്ഞാൽ: "അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധ്യനില്ലെന്നും, മുഹമ്മദ്(ﷺ) അവൻെറ പ്രവാചകനാണെന്നും സാക്ഷ്യപ്പെടുത്തലും, നമസ്കാരം നിലനിർത്തലും, നിർബ്ബന്ധദാനമായ സകാത്ത് കൊടുക്കലും, റമളാൻ മാസത്തിൽ വ്രുതമനുഷ്ഠിക്ക



ലും, കഴിയുമെങ്കിൽ മക്കയിൽ പോയി പരിശുദ്ധ ഹജ്ജ് കർമം ചെയ്യലുമാകുന്നു" (മുസ്‌ലിം)

قَوْلُ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ: بُنِيَ الإِسْلاَمُ عَلَى خَمْسٍ) (بخاري)

'പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "ഇസ്‌ലാം പടുത്തുയർത്തിയിട്ടുള്ളത് അഞ്ച് തൂണുകളിലാകുന്നു' (ബുഖാരി).

ഈ ഹദീസിലും ഓരോ കാര്യങ്ങളും എണ്ണി പറയുകയുണ്ടായി. ഈ ഹദീസിൽ നോമ്പിനെ ഹജ്ജ് കഴിഞ്ഞതിന് ശേഷമാണ് പറഞ്ഞിരിക്കുന്നത്. രണ്ട് ഹദീസുകളും ബുഖാരിയും, മുസ്‌ലിമും ഉദ്ദരിച്ചതാകുന്നു.

**16- രണ്ട് സാക്ഷ്യ വചനങ്ങൾക്ക് ഇസ്‌ലാമിൽ ഉള്ള സ്ഥാനം എന്താണ്?**

ഉത്തരം: ഈ രണ്ട് സാക്ഷ്യ വചനങ്ങൾ കൂടാതെ ഒരാൾക്കും ഇസ്‌ലാമിൽ പ്രവേശിക്കുവാൻ സാധ്യമല്ല. അല്ലാഹു പറയുന്നു:

(إِنَّمَا الْمُؤْمِنُونَ الَّذِينَ آمَنُوا بِاللهِ وَرَسُولِهِ) (النور:62)

'അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ചവർ മാത്രമാകുന്നു സത്യവിശ്വാസികൾ' (നൂർ:62).

عَنْ أَنَسِ بْنِ مَالِكٍ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: أُمِرْتُ أَنْ أُقَاتِلَ النَّاسَ حَتَّى يَشْهَدُوا أَنْ لاَ إِلَهَ إِلاَّ اللهُ وَأَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ ) (بخاري ومسلم والترمذي)

അനസ്ബ്നുമാലികി(ؓ)ൽ നിന്ന് വിവേദനം, പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ്(ﷺ) അവൻെറ അടിമയും, പ്രവാചകനുമാണെന്ന് സാക്ഷ്യം വഹിക്കുന്നത് വരെ ജനങ്ങളോട് യുദ്ധം ചെയ്യുവാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു" (ബുഖാരി, മുസ്‌ലിം, തിർമിദി).

ഇത്പോലെ അനേകം ഹദീസുകൾ കാണാൻ സാധിക്കുന്നതാണ്.

**17- أَنْ لاَ إِلَهَ إِلاَّ اللَّهُ എന്ന സാക്ഷ്യ വചനത്തിനുള്ള തെളിവെന്താണ്?**

ഉത്തരം:

(شَهِدَ اللَّهُ أَنَّهُ لاَ إِلَهَ إِلاَّ هُوَ وَالْمَلاَئِكَةُ وَأُوْلُوا الْعِلْمِ قَائِمًا بِالْقِسْطِ لاَ إِلَهَ إِلاَّ هُوَ الْعَزِيزُ الْحَكِيمُ ) (سورة آل عمران: 18 )

"താനല്ലാതെ യഥാർത്ഥത്തിൽ ഒരു ആരാധ്യനുമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന് സാക്ഷികളാകുന്നു). അവൻ നീതി നിർവ്വഹിക്കുന്നവനത്രെ. അവനല്ലാതെ ദൈവമില്ല. പ്രതാപിയും യുക്തിമാനുമത്രെ അവൻ." (സൂറ: ആലു ഇംറാൻ- 18)

(فَاعْلَمْ أَنَّهُ لاَ إِلَهَ إِلاَّ اللَّهُ) (محمد:19)

"നീ മനസ്സിലാക്കുക, അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ല" (മുഹമ്മദ്:19).

(وَمَا مِنْ إِلَهٍ إِلاَّ اللَّهُ) (آل عمران:62)

'അല്ലാഹുവല്ലാതെ യാതൊരു ദൈവവും ഇല്ല തന്നെ' (ആലുഇംറാൻ:62).

(مَا اتَّخَذَ اللَّهُ مِنْ وَلَدٍ وَمَا كَانَ مَعَهُ مِنْ إِلَهٍ) (المؤمنون:91)

'അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം യാതൊരു ദൈവവുമുണ്ടായിട്ടില്ല' (അൽമുഅ്മിനൂൻ:91).

(قُلْ لَوْ كَانَ مَعَهُ آلِهَةٌ كَمَا يَقُولُونَ إِذًا لاَبْتَغَوْا إِلَى ذِي الْعَرْشِ سَبِيلاً)

(الإسراء:42)

'(നബിയേ,)പറയുക: അവർ പറയും പോലെ അവനോടൊപ്പം മറ്റു ദൈവങ്ങളുണ്ടായിരുന്നെങ്കിൽ സിംഹാസനാധിപന്റെ അടുക്കലേക്ക് അവർ (ആ ദൈവങ്ങൾ) വല്ല മാർഗവും തേടുക തന്നെ ചെയ്യുമായിരുന്നു' (ഇസ്റാഅ്:42).



**18- أَنْ لاَ إِلَهَ إِلاَّ اللَّهُ എന്ന സാക്ഷ്യ വചനത്തിൻെറ അർത്ഥം എന്താണ്?**

ഉത്തരം: യഥാർത്ഥത്തിൽ ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലായെന്ന് സ്ഥാപിക്കലാണ് ഇതിൻെറ ആശയം. അല്ലാഹുവിൻെറ അധികാരത്തിൽ ആർക്കും തന്നെ പങ്കില്ലാത്തത് പോലെ തന്നെ ആരാധനയിലും അല്ലാഹുവല്ലാതെ മറ്റാർക്കും യാതൊരു പങ്കുമില്ലായെന്ന് സ്ഥാപിക്കലാണ് ഈ സാക്ഷ്യ വചനത്തിൻെറ ആശയം.

ذَلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِنْ دُونِهِ هُوَ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ (الحج:62)

"അതെന്ത്കൊണ്ടന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ, അവനു പുറമേ അവർ ഏതൊന്നിനെ വിളിച്ചു പ്രർത്ഥിക്കുന്നുവോ അതുതന്നെയാണ് നിരർത്ഥകമായിട്ടുള്ളത്. അല്ലാഹു തന്നെയാണ് ഉന്നതനും, മഹാനുമായിട്ടുള്ളത്" (അൽ ഹജ്ജ്- 62)

**19- لاَ إِلَهَ إِلاَّ اللَّهُ എന്ന സാക്ഷ്യ വചനം സാക്ഷ്യപ്പെടുത്തി ഉച്ചരിക്കുവാനുള്ള നിബന്ധനകൾ ഏവ?**

ഉത്തരം: ഏഴ് നിബന്ധനകളാണ് ഉള്ളത്. ഒന്ന്: നിഷേധത്തിലും, സ്ഥാപിക്കുന്നതിലുമുള്ള അതിൻെറ യഥാർത്ഥ ആശയത്തെ സംബന്ധിച്ച് അറിവുള്ളവനായിരിക്കുക. രണ്ട്: ഇതിനെ ഹൃദയത്തിൽ ഉറപ്പിക്കുക. മൂന്ന്: പ്രത്യക്ഷവും പരോക്ഷവുമായി അതിന് കീഴൊതുങ്ങുക. നാല്: ഈ വാക്യം ഉൾകൊള്ളുകയും, അനിവാര്യമാക്കുകയും ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും സ്വീകരിക്കുക. അഞ്ച്: നിഷ്കളങ്കത. ആറ്: നാവ്കൊണ്ട് മാത്രമല്ല, ഹൃദയത്തിൻെറ അടിത്തട്ടിൽ വ്യക്തമായി സത്യപ്പെടുത്തുകയും ചെയ്യുക. ഏഴ്: അതിനെയും. അതിൻെറ വാക്താക്കളെയും സ്നേഹിക്കുകയും ചെയ്യുക. ഇതിന് വേണ്ടി സ്നേഹിക്കുകയും, ശത്രുത വെക്കുകയും ചെയ്യുക.

**20-** العلم **(അറിവ്) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

(إِلاَّ مَنْ شَهِدَ بِالْحَقِّ) (الزخرف:**86**)

'അറിഞ്ഞു കൊണ്ടു തന്നെ സത്യത്തിന് സാക്ഷ്യം വഹിച്ചവരൊഴികെ.' (സുഖ്റുഫ്:86)

**അതായത് യഥാർത്ഥത്തിൽ ആരാധനക്ക് അർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് മനസിലാക്കലാകുന്നു. തങ്ങളുടെ നാവ്കൊണ്ട് ഉച്ചരിക്കുന്നതിനെ സംബന്ധിച്ച് അവരുടെ ഹൃദയങ്ങളിൽ മനസിലാക്കിയവരാകുന്നു. പ്രവാചകൻ പറയുന്നു:**

قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: مَنْ مَاتَ وَهُوَ يَعْلَمُ أَنَّهُ لاَ إِلَهَ إِلاَّ اللهُ دَخَلَ الْجَنَّةَ (مسلم وأحمد)

**പ്രവാചകൻ(ﷺ)പറയുകയുണ്ടായി: "അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് യഥാർത്ഥ രൂപത്തിൽ മനസിലാക്കി ആരെങ്കിലും മരിക്കുകയാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്" (മുസ്ലിം, അഹ്മദ്).**

**21-** اليقين **(ഉറപ്പ്) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്?**

**ഉത്തരം:**

(إِنَّمَا الْمُؤْمِنُونَ الَّذِينَ آمَنُوا بِاللَّهِ وَرَسُولِهِ ثُمَّ لَمْ يَرْتَابُوا وَجَاهَدُوا بِأَمْوَالِهِمْ وَأَنفُسِهِمْ فِي سَبِيلِ اللَّهِ أُوْلَئِكَ هُم الصَّادِقُونَ) (الحجرات: **15**)

'അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട്



അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാൻമാർ' (ഹുജുറാത്ത്: 15)

قَالَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ: أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللهُ وَأَنِّي رَسُولُ اللهِ لاَ يَلْقَى اللهَ بِهِمَا عَبْدٌ غَيْرَ شَاكٍّ فِيهِمَا إِلاَّ دَخَلَ الْجَنَّةَ ) (مسلم)

**പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും, ഞാൻ അല്ലാഹുവിൻെറ ദൂതനാണെന്നും യാതൊരു സംശയവുമില്ലാതെ വിശ്വസിക്കുന്ന ഒരു അടിമ അല്ലാഹുവിനെ കണ്ട് മുട്ടുകയാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചത് തന്നെ" (മുസ്ലിം).**

قَالَ صَلَّى اللهُ عَلَيْهِ وَسَلَّمَ: لأَبِي هُرَيْرَةَ فَمَنْ لَقِيتَ مِنْ وَرَاءِ هَذَا الْحَائِطِ يَشْهَدُ أَنْ لاَ إِلَهَ إِلاَّ اللهُ مُسْتَيْقِنًا بِهَا قَلْبُهُ فَبَشِّرْهُ بِالْجَنَّةِ ) (مسلم)

**പ്രവാചകൻ(ﷺ) അബൂഹുറൈറ(رضي الله عنه)വിനോട് പറയുകയുണ്ടായി: "ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഹൃദയമറിഞ്ഞ് കൊണ്ട് വിശ്വസിക്കുന്ന ആരെങ്കിലും നീ ഈ മതിലിന് അപ്പുറത്ത് കാണുകയാണെങ്കിൽ അവന് സ്വർഗമുണ്ടെന്ന് നീ സന്തോഷവാർത്ത അറിയിക്കുക"(മുസ്ലിം).**

**22-** الإنقياد **(കീഴൊതുങ്ങുക) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും , തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

(وَمَنْ يُسْلِمْ وَجْهَهُ إِلَى اللَّهِ وَهُوَ مُحْسِنٌ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى) (لقمان:**22**)

‘വല്ലവനും സദ്‌വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടി കയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്.’ (ലുഖ്മാൻ:22)

**പ്രവാചകൻ(ﷺ) പറയുകയുണ്ടായി: “നിങ്ങളുടെ ദേഹേഛകളെല്ലാം ഞാൻ കൊണ്ട് വന്നതിനെ പിൻപറ്റാത്തത് വരെ നിങ്ങളിൽ ആരും തന്നെ വിശ്വാസികളാവുകയില്ല”**

**23- القبـول (സ്വീകരിക്കുക) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

(احْشُرُوا الَّذِينَ ظَلَمُوا وَأَزْوَاجَهُمْ وَمَا كَانُوا يَعْبُدُونَ * مِـنْ دُونِ اللهِ فَاهْـدُوهُمْ إِلَى صِرَاطِ الْجَحِيمِ * وَقِفُوهُمْ إِنَّهُمْ مَسْئُولُونَ * مَا لَكُمْ لاَ يَتَنَاصَرُونَ * بَلْ هُـم الْيَـوْمَ مُسْتَسْلِمُونَ * وَأَقْبَلَ بَعْضُهُمْ عَلَى بَعْضٍ يَتَسَاءَلُونَ * قَالُوا إِنَّكُمْ كُنتُمْ تَأْتُونَنَا عَـن الْيَمِينِ * قَالُوا بَلْ لَمْ تَكُونُوا مُؤْمِنِينَ * وَمَا كَانَ لَنَا عَلَيْكُمْ مِنْ سُلْطَانٍ بَلْ كُنتُمْ قَوْمًا طَاغِينَ * فَحَقَّ عَلَيْنَا قَوْلُ رَبِّنَا إِنَّا لَذَائِقُونَ * فَأَغْوَيْنَاكُمْ إِنَّا كُنَّـا غَاوِيـنَ * فَإِنَّهُمْ يَوْمَئِذٍ فِي الْعَذَابِ مُشْتَرِكُونَ * إِنَّا كَذَلِكَ نَفْعَلُ بِالْمُجْرِمِينَ * إِنَّهُمْ كَانُـوا إِذَا قِيلَ لَهُمْ لاَ إِلَهَ إِلاَّ اللهُ يَسْتَكْبِرُونَ * وَيَقُولُونَ أَئِنَّا لَتَارِكُوا آلِهَتِنَـا لِشَـاعِرٍ مَجْنُـونٍ)

(الصافات:**22-36**)

‘(അപ്പോൾ അല്ലാഹുവിന്റെ കൽപനയുണ്ടാകും;) അക്രമം ചെയ്തവരെയും അവരുടെ ഇണകളെയും അവർ ആരാധിച്ചിരുന്നവയെയും നിങ്ങൾ ഒരുമിച്ചുകൂട്ടുക. അല്ലാഹുവിനു പുറമെ. എന്നിട്ട് അവരെ നിങ്ങൾ നരകത്തിന്റെ വഴിയിലേക്ക് നയിക്കുക. അവരെ നിങ്ങളൊന്നു നിർത്തുക. അവരോട് ചോദ്യം ചെയ്യേണ്ടതാകുന്നു. നിങ്ങൾക്ക് എന്തുപറ്റി? നിങ്ങൾ പര



സ്പരം സഹായിക്കുന്നില്ലല്ലോ എന്ന് അല്ല, അവർ ആ ദിവസത്തിൽ കീഴടങ്ങിയവരായിരിക്കും. അവരിൽ ചിലർ ചിലരുടെ നേരെ തിരിഞ്ഞ് പരസ്പരം ചോദ്യം ചെയ്യും. അവർ പറയും: തീർച്ചയായും നിങ്ങൾ ഞങ്ങളുടെ അടുത്ത് കൈയ്യൂക്കുമായി വന്ന് (ഞങ്ങളെ സത്യത്തിൽ നിന്ന് പിന്തിരിപ്പിക്കുകയായിരുന്നു.) അവർ മറുപടി പറയും: അല്ല, നിങ്ങൾ തന്നെ വിശ്വാസികളാവാതിരിക്കുകയാണുണ്ടായത്. ഞങ്ങൾക്കാകട്ടെ നിങ്ങളുടെ മേൽ ഒരധികാരവും ഉണ്ടായിരുന്നതുമില്ല. പ്രത്യുത, നിങ്ങൾ അതിക്രമകാരികളായ ഒരു ജനവിഭാഗമായിരുന്നു. അങ്ങനെ നമ്മുടെ മേൽ നമ്മുടെ രക്ഷിതാവിന്റെ വചനം യാഥാർത്ഥ്യമായിതീർന്നു. തീർച്ചയായും നാം (ശിക്ഷ) അനുഭവിക്കാൻ പോകുകയാണ്. അപ്പോൾ ഞങ്ങൾ നിങ്ങളെ വഴികേടിലെത്തിച്ചിരിക്കുന്നു.(കാരണം) തീർച്ചയായും ഞങ്ങൾ വഴിതെറ്റിയവരായിരുന്നു. അപ്പോൾ അന്നേ ദിവസം തീർച്ചയായും അവർ (ഇരുവിഭാഗവും) ശിക്ഷയിൽ പങ്കാളികളായിരിക്കും. തീർച്ചയായും നാം കുറ്റവാളികളെക്കൊണ്ട് ചെയ്യുന്നത് അപ്രകാരമാകുന്നു. അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ല എന്ന് അവരോട് പറയപ്പെട്ടാൽ അവർ അഹങ്കാരം നടിക്കുമായിരുന്നു. ഭ്രാന്തനായ ഒരു കവിക്ക് വേണ്ടി ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിച്ച് കളയണമോ എന്ന് ചോദിക്കുകയും ചെയ്യുമായിരുന്നു.’ (സ്വാഫ്ഫാത്ത്:2236)

**പ്രവാചകൻ(ﷺ) പറയുന്നു:**

قَالَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: مَثَلُ مَا بَعَثَـنِي اللهُ بِـهِ مِـنَ الْهُـدَى وَالْعِلْـمِ كَمَثَلِ الْغَيْثِ الْكَثِيرِ أَصَابَ أَرْضًا فَكَانَ مِنْهَـا نَقِيَّـةٌ قَبِلَـتِ الْمَـاءَ فَأَنْبَتَـتِ الْكَلَـأَ وَالْعُشْبَ الْكَثِيرَ وَكَانَتْ مِنْهَا أَجَادِبُ أَمْسَكَتِ الْمَاءَ فَنَفَعَ اللهُ بِهَا النَّاسَ فَشَرِـبُوا وَسَقَوْا وَزَرَعُوا وَأَصَابَتْ مِنْهَا طَائِفَةً أُخْـرَى إِنَّمَـا هِيَ قِيعَـانٌ لاَ تُمْسِـكُ مَـاءً وَلاَ تُنْبِتُ كَلَأً فَذَلِكَ مَثَلُ مَنْ فَقُهَ فِي دِينِ اللهِ وَنَفَعَهُ مَـا بَعَثَـنِي اللهُ بِـهِ فَعَلِـمَ وَعَلَّـمَ وَمَثَلُ مَنْ لَمْ يَرْفَعْ بِذَلِكَ رَأْسًا وَلَمْ يَقْبَلْ هُدَى اللهِ الَّذِي أُرْسِلْتُ بِهِ ) (بخاري)

“സന്മാർഗവും, അറിവുമായി അല്ലാഹു എന്നെ നിയോഗിച്ചതിൻെറ ഉദാഹരണം ധാരാളം മഴ വർഷിച്ച ഒരു ഭൂമിയുടെ ഉദാഹരണം പോലെയാണ്. ഒരു തരം ഭൂമി, ആ ഭൂമി വെള്ളം സ്വീകരിച്ച് കൊണ്ട് അവിടെ പുല്ലും, ചെടികളും മറ്റും മുളപ്പിച്ചു, മറ്റൊരു സ്ഥലം, ആ സ്ഥലം ചെടികളെ മുളപ്പിച്ചില്ലായെങ്കിലും വെള്ളം തടഞ്ഞ് നിറുത്തി, അതിൽ നിന്ന് ജനങ്ങൾ ധാരാളം ഉപകാരമെടുത്തു, അവർ അതിൽ നിന്ന് കുടിക്കുകയും, നനക്കുകയും, കൃഷി ചെയ്യുകയും ചെയ്തു, മറ്റൊരു തരം ഭൂമി, ആ ഭൂമി അവിടെ ചെടിയൊന്നും മുളപ്പിച്ചില്ല, മാത്രവുമല്ല വെള്ളത്തെ പിടിച്ച് നിറുത്തുകയും ചെയ്തില്ല. അതുപോലെയാണ് അല്ലാഹുവിൻെറ മതത്തിൽ പാണ്ഡിത്യം നേടുകയും, അല്ലാഹു എന്നെ എന്ത് മുഖേനയാണോ അയച്ചത് അത് അവന് ഉപകാരപ്പെടുകയും ചെയ്തു, അങ്ങിനെ അതവൻ മനസിലാക്കുകയും, മറ്റുള്ളവർക്കത് പഠിപ്പിച്ച് കൊടുക്കുകയും ചെയ്തു, ആരുടെയെങ്കിലും മനസ്സ് അത്കൊണ്ട് ഉയരുന്നില്ലായെങ്കിൽ ഞാൻ അയക്കപ്പെട്ട അല്ലാഹുവിൻെറ സന്മാർഗം അവൻ സ്വീകരിക്കുകയുമില്ല” (ബുഖാരി).

**24- الإخلاص (നിശ്കളങ്കത) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

(أَلاَ لِلَّهِ الدِّينُ الْخَالِصُ) (الزمر:3)

‘അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം.’ (സുമർ: 3)

(فَاعْبُد اللَّهَ مُخْلِصًا لَهُ الدِّينَ) (الزمر:2)

‘അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കികൊണ്ട് അവനെ നീ ആരാധിക്കുക.’ (സുമർ: 2)

**പ്രവാചകൻ(ﷺ) പറയുന്നു:**

( أَسْعَدُ النَّاسِ بِشَفَاعَتِي يَوْمَ الْقِيَامَةِ مَنْ قَالَ لاَ إِلَهَ إِلاَّ اللَّهُ خَالِصًا مِنْ قَلْبِهِ أَوْ



نَفْسِهِ ) (بخاري وأحمد)

**“അവസാന നാളിൽ എൻെറ ശുപാർശക്ക് ഏറ്റവും കൂടുതൽ സൗഭാഗ്യവാന്മാരാകുന്നത്, ഹൃദയമറിഞ്ഞ് കൊണ്ട്, മനസറിഞ്ഞ് ‘അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി ആരുമില്ലെന്ന സാക്ഷ്യ വചനം മൊഴിഞ്ഞവരാകുന്നു” (ബുഖാരി, അഹ്മദ്)**

قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: فَإِنَّ اللَّهَ قَدْ حَرَّمَ عَلَى النَّارِ مَنْ قَالَ لاَ إِلَهَ إِلاَّ اللَّهُ يَبْتَغِي بِذَلِكَ وَجْهَ اللَّهِ ) (بخاري ومسلم)

**പ്രവാചകൻ(ﷺ) പറയുകയുണ്ടായി: “അല്ലാഹുവിൻെറ പ്രീതി മാത്രം കാംക്ഷിച്ച് കൊണ്ട് ആരെങ്കിലും ‘അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന’ സാക്ഷ്യ വചനം ഉച്ചരിക്കുകയാണെങ്കിൽ അവന് അല്ലാഹു നരകം നിഷിദ്ധമാക്കിയിരിക്കുന്നു” (ബുഖാരി, മുസ്ലിം).**

**25- الصدق (സത്യപ്പെടുത്തുക) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

الم* أَحَسِبَ النَّاسُ أَنْ يُتْرَكُوا أَنْ يَقُولُوا آمَنَّا وَهُمْ لاَ يُفْتَنُونَ * وَلَقَدْ فَتَنَّا الَّذِينَ مِنْ قَبْلِهِمْ فَلَيَعْلَمَنَّ اللَّهُ الَّذِينَ صَدَقُوا وَلَيَعْلَمَنَّ الْكَاذِبِينَ) (العنكبوت: 3 )

‘അലിഫ്-ലാം-മീം. ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നത് കൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടേക്കപ്പെടുമെന്ന് മനുഷ്യർ വിചാരിച്ചിരിക്കയാണോ? അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞവർ ആരെന്ന് അല്ലാഹു അറിയുകതന്നെ ചെയ്യും. കള്ളം പറയുന്നവരെയും അവനറിയും’ (അൻകബൂത്ത്: 13)

**പ്രവാചകൻ(ﷺ) പറയുന്നു:**

(مَا مِنْ أَحَدٍ يَشْهَدُ أَنْ لاَ إِلَهَ إِلاَّ اللهُ وَأَنَّ مُحَمَّدًا رَسُولُ اللهِ صِدْقًا مِنْ قَلْبِهِ إِلاَّ حَرَّمَهُ اللهُ عَلَى النَّارِ ...) (بخاري)

**“ആരെങ്കിലും അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ്(ﷺ) അല്ലാഹുവിൻെറ റസൂലാണെന്നും ഹൃദയം കൊണ്ട് സത്യസന്ധമായി സാക്ഷ്യം വഹിക്കുകയാണെങ്കിൽ അവന് അല്ലാഹു നരകം നിഷിദ്ധമാക്കാതിരിക്കില്ല” (ബുഖാരി).**

**പ്രവാചകൻ(ﷺ) ഒരു ഗ്രാമീണ അറബിക്ക് ഇസ്‌ലാമിക നിയമങ്ങൾ പഠിപ്പിച്ച് കൊടുത്തപ്പോൾ ആ ഗ്രാമീണൻ പറയുകയുണ്ടായി. ‘അല്ലാഹു തന്നെയാണ് സത്യം ഞാൻ ഇതിൽ നിന്ന് ഒന്നും കുറക്കുകയോ, കൂട്ടുകയോ ചെയ്യില്ല. അപ്പോൾ തിരുമേനി പറയുകയുണ്ടായി:**

قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: أَفْلَحَ إِنْ صَدَقَ ) (بخاري)

**“അദ്ദേഹം സത്യം പറഞ്ഞുവെങ്കിൽ വിജയിച്ചു” (ബുഖാരി)**

**26- المحبة (ഇഷ്ടപ്പെടുക) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

(يَاأَيُّهَا الَّذِينَ آمَنُوا مَنْ يَرْتَدَّ مِنْكُمْ عَنْ دِينِهِ فَسَوْفَ يَأْتِ اللهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ) (المائدة:**54**)

‘സത്യവിശ്വാസികളേ, നിങ്ങളിൽ ആരെങ്കിലും തന്റെ മതത്തിൽ നിന്ന് പിന്തിരിഞ്ഞ് കളയുന്ന പക്ഷം അല്ലാഹു ഇഷ്ടപ്പെടുന്നവരും, അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാഗത്തെ അല്ലാഹു പകരം കൊണ്ട് വരുന്നതാണ്.’ (മാഇദ:54)

**അനസ്(رضي الله عنه) പ്രവാചകൻ(ﷺ)യിൽ നിന്ന് ഉദ്ധരിക്കുന്നു:**

( ثَلاَثٌ مَنْ كُنَّ فِيهِ وَجَدَ حَلاَوَةَ الإِيمَانِ أَنْ يَكُونَ اللهُ وَرَسُولُهُ أَحَبَّ إِلَيْهِ مِمَّا



سِوَاهُمَا وَأَنْ يُحِبَّ الْمَرْءَ لاَ يُحِبُّهُ إِلاَّ لِلهِ وَأَنْ يَكْرَهَ أَنْ يَعُودَ فِي الْكُفْرِ كَمَا يَكْرَهُ أَنْ يُقْذَفَ فِي النَّارِ) ( بخاري ومسلم)

**“മൂന്ന് കാര്യങ്ങൾ ആരിൽ കണ്ടുവോ, അവന് വിശ്വാസത്തിൻെറ മാധുര്യം കണ്ടെത്തുവാൻ സാധിക്കുന്നതാണ്, എല്ലാവരെക്കാളും അല്ലാഹുവിനെയും, അവൻെറ റസൂലിനെയും സ്നേഹിക്കുക, അല്ലാഹുവിന് വേണ്ടിയല്ലാതെ ഒരാളെയും ഇഷ്ടപ്പെടാതിരിക്കുക, തീയിലേക്ക് വലിച്ചെറിയുന്നത് എത്രമാത്രം വെറുക്കുന്നുവോ അതുപോലെ കുഫ്റിലേക്ക് മടങ്ങുന്നത് വെറുക്കുകയും ചെയ്യുക” (ബുഖാരി, മുസ്‌ലിം).**

**27- അല്ലാഹുവിന് വേണ്ടി സ്നേഹിക്കുവാനും, അല്ലാഹുവിന് വേണ്ടി ശത്രുത വെക്കുവാനുമുള്ള തെളിവുകൾ പറയുക?**

**ഉത്തരം:**

(يَاأَيُّهَا الَّذِينَ آمَنُوا لاَ تَتَّخِذُوا الْيَهُودَ وَالنَّصَارَى أَوْلِيَاءَ بَعْضُهُمْ أَوْلِيَاءُ بَعْضٍ وَمَنْ يَتَوَلَّهُمْ مِنْكُمْ فَإِنَّهُ مِنْهُمْ) (المائدة:**51**)

‘സത്യവിശ്വാസികളേ, യഹൂദരെയും ക്രൈസ്തവരേയും നിങ്ങൾ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ, അന്യോന്യം ഉറ്റമിത്രങ്ങളാണ് താനും. നിങ്ങളിൽ നിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്.’ (മാഇദ:51)

(إِنَّمَا وَلِيُّكُمُ اللهُ وَرَسُولُهُ وَالَّذِينَ آمَنُوا) (المائدة:**55**)

‘അല്ലാഹുവും അവന്റെ ദൂതനും, സത്യവിശ്വാസികളും മാത്രമാകുന്നു നിങ്ങളുടെ ഉറ്റമിത്രങ്ങൾ’ (മാഇദ:55).

(يَاأَيُّهَا الَّذِينَ آمَنُوا لاَ تَتَّخِذُوا آبَاءَكُمْ وَإِخْوَانَكُمْ أَوْلِيَاءَ إِن اسْتَحَبُّوا الْكُفْرَ عَلَى الإِيمَانِ) (التوبة:**23**)

‘സത്യവിശ്വാസികളേ, നിങ്ങളുടെ പിതാക്കളും നിങ്ങളുടെ സഹോദരങ്ങ

ളും സത്യവിശ്വാസത്തേക്കാൾ സത്യനിഷേധത്തെ പ്രിയങ്കരമായി കരുതുകയാണെങ്കിൽ അവരെ നിങ്ങൾ രക്ഷാകർത്താക്കളായി സ്വീകരിക്കരുത്' (തൗബ:23).

(لاَ تَجِـدُ قَوْمًـا يُؤْمِنُـونَ بِـاللهِ وَالْيَـوْمِ الآخِـرِ يُـوَادُّونَ مَـنْ حَـادَّ اللهَ وَرَسُـولَهُ) (المجادلة:22)

'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല' (മുജാദില:22).

(يَاأَيُّهَا الَّذِينَ آمَنُوا لاَ تَتَّخِذُوا عَدُوِّي وَعَدُوَّكُمْ أَوْلِيَاءَ) (الممتحنة:1)

'ഹേ; സത്യവിശ്വാസികളേ, എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടുള്ളവരെ നിങ്ങൾ മിത്രങ്ങളാക്കി വെക്കരുത് ' (മുംതഹന:1).

**28- أن محمدا رسول الله എന്ന സാക്ഷ്യ വചനത്തിനുള്ള തെളിവ് എന്ത്?**

(لَقَدْ مَنَّ اللهُ عَلَى الْمُؤْمِنِينَ إِذْ بَعَثَ فِيهِمْ رَسُولاً مِنْ أَنْفُسِهِمْ يَتْلُوا عَلَـيْهِمْ آيَاتِـهِ وَيُزَكِّيهِمْ وَيُعَلِّمُهُمْ الْكِتَابَ وَالْحِكْمَةَ) (آل عمران:164)

'തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതി കേൾപിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ)' (ആലു ഇംറാൻ: 164 ).

(لَقَدْ جَاءَكُمْ رَسُولٌ مِـنْ أَنفُسِـكُمْ عَزِيـزٌ عَلَيْـهِ مَـا عَنِـتُّمْ حَـرِيصٌ عَلَـيْكُمْ بِالْمُؤْمِنِينَ رَءُوفٌ رَحِيمٌ) (التوبة:128)

'തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ



വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം' (തൗബ:128).

(وَاللهُ يَعْلَمُ إِنَّكَ لَرَسُولُهُ) (المنافقون:1)

'അല്ലാഹുവിന്നറിയാം തീർച്ചയായും നീ അവന്റെ ദൂതനാണെന്ന്' (മുനാഫിഖൂൻ: 1).

**29- أن محمدا رسول الله എന്ന സാക്ഷ്യ വചനത്തിൻെറ ആശയം എന്ത്?**

**ഉത്തരം: മനുഷ്യരിലേക്കും, ജിന്നുകളിലേക്കെല്ലാമുള്ള പ്രവാചകനാണ് അല്ലാഹുവിൻെറ അടിമയും, ദൂതനുമായ മുഹമ്മദ്(ﷺ) എന്ന് ഹൃദയമറിഞ്ഞ് കൊണ്ട് വ്യക്തമായി വിശ്വസിക്കുക. അല്ലാഹു പറയുന്നു:**

(شَاهِدًا وَمُبَشِّرًا وَنَذِيرًا * وَدَاعِيًا إِلَى اللهِ بِإِذْنِهِ وَسِرَاجًا مُنِيرًا) (الأحزاب:45-46)

'ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും, പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്.' (അഹ്സാബ്:45,46)

**പ്രവാചകൻ(ﷺ) നമുക്ക് അറിയിച്ച് തന്ന മുൻകഴിഞ്ഞതും, വരാനിരിക്കുന്നതുമായ മുഴുവൻ കാര്യങ്ങളും നാം സത്യപ്പെടുത്തുകയും, അദ്ദേഹം അനുവദനീയമാക്കിയത് നാം അനുവദനീയമാക്കുകയും, നിഷിദ്ധമാക്കിയത് നാം നിഷിദ്ധമാക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ അദ്ദേഹം നമ്മോട് കൽപിച്ചിട്ടുള്ള കാര്യം അപ്രകാരം തന്നെ പ്രവർത്തിക്കുകയും, നമ്മോട് വിരോധിച്ച കാര്യങ്ങളിൽ നിന്ന് പാടെ വിട്ട് നിൽക്കുകയും ചെയ്യേണ്ടതുണ്ട്. പ്രവാചകൻ(ﷺ) നിയമമാക്കിയിട്ടുള്ള കാര്യങ്ങൾ നാം പിൻപറ്റുകയും, ജീവിതത്തിലെ പ്രത്യക്ഷവും പരോക്ഷവുമായ മുഴുവൻ കാര്യങ്ങളിലും അദ്ദേഹത്തിൻെറ ചര്യ ജീവിതത്തിൽ പകർത്തുകയും, അദ്ദേഹത്തിൻെറ വിധിയിൽ തൃപ്തിപ്പെടുകയും, അതിന് കീഴ്പ്പെടുകയും ചെയ്യുക. പ്രവാചക(ﷺ)നെ അനുസരിക്കൽ അല്ലാഹുവിനെ അനുസരിക്കലും, പ്രവാചക(ﷺ)നെ ധിക്കരിക്കൽ അല്ലാഹുവിനെ ധിക്കരിക്കലുമാണ്, കാരണം അല്ലാഹുവിൻെറ സന്ദേശം മനുഷ്യർക്ക് എത്തിച്ച് കൊടുക്കുവാനുള്ള ദൂതനാണ്**

പ്രവാചകൻ(ﷺ). അതുകൊണ്ട് തന്നെ ദൈവിക നിയമങ്ങൾ പരിപൂർണമായും, വ്യക്തമായും എത്തിച്ചതിന് ശേഷമാണ് അല്ലാഹു പ്രവാചകനെ അവനിലേക്ക് തിരിച്ച് വിളിച്ചിരിക്കുന്നത്. അങ്ങിനെ തിരുമേനി(ﷺ) തൻെറ സമുദായത്തെ രാത്രിയും പകൽ പോലെ വെളിച്ചം നിറഞ്ഞ ഒരു പാതയിലാണ് ഉപേക്ഷിച്ച് പോയിട്ടുള്ളത്, അതുകൊണ്ട് തന്നെ ദൗർഭാഗ്യവാനല്ലാതെ മറ്റാരും അതിൽ നിന്ന് വഴിതെറ്റിപോവുകയില്ല. ഇതിൻെറ വിശദീകരണം താഴെ വരുന്നുണ്ട്. إن شاء الله

**30 - أن محمدا رسول الله എന്ന സാക്ഷ്യ വചനത്തിൻെറ നിബന്ധനകൾ ഏതെല്ലാമാണ്? ഈ സാക്ഷ്യവചനം കൂടാതെ ഒന്നാമത്തെ സാക്ഷ്യം സ്വീകരിക്കുമോ?**

**ഉത്തരം: നേരത്തെ നാം വിശദീകരിച്ചത് പോലെ ഒരാൾ ഇസ്‌ലാമിൽ പ്രവേശിക്കുവാൻ ഈ രണ്ട് സാക്ഷ്യവചനങ്ങൾ മുഖേനയല്ലാതെ സാധ്യമാവു കയില്ല. അതുകൊണ്ട് തന്നെ രണ്ട് സാക്ഷ്യവചനങ്ങളും പരസ്പരം ബന് ധപ്പെട്ടിരിക്കുകയാണ്. ഒന്നിനെ കൂടാതെ മറ്റൊന്നിന് സാധുതയില്ല. ആദ്യ സാക്ഷ്യ വചനത്തിന് നാം പറഞ്ഞ നിബന്ധനകൾ ഈ സാക്ഷ്യവചനത്തി നും നിബന്ധനയാണ്.**

**31- 'നമസ്കാരത്തിനും, സകാത്തിനു'മുള്ള തെളിവ് എന്താണ്?**

**ഉത്തരം:** (فَإِنْ تَابُوا وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ فَخَلُّوا سَبِيلَهُمْ) (التوبة:**5**)

'ഇനി അവർ പശ്ചാത്തപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന പക്ഷം നിങ്ങൾ അവരുടെ വഴി ഒഴിവാക്കികൊടുക്കുക' (തൗബ:5).

(فَإِنْ تَابُوا وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ فَإِخْوَانُكُمْ فِي الدِّينِ) (التوبة:**11**)

'എന്നാൽ അവർ പശ്ചാത്തപിക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും ചെയ്യുന്ന പക്ഷം അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു' (തൗബ:11).



(وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ وَيُقِيمُوا الصَّلَاةَ وَيُؤْتُوا الزَّكَاةَ)

(البينة:**5**)

'കീഴ്‌വണക്കം അല്ലാഹുവിന് മാത്രം ആക്കി കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല' (ബയ്യിന:5).

**32- 'നോമ്പി'നുള്ള തെളിവ്?**

**ഉത്തരം:**

(يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ)

(البقرة: **183**)

'സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു' (അൽബഖറ:183).

(فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ) (البقرة:**185**)

'സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു' (അൽബഖറ:185).

**ഗ്രാമീണ അറബിക്ക് റസൂൽ മതം പഠിപ്പിച്ച് കൊടുത്തപ്പോൾ പറഞ്ഞു:**

(قَالَ شَهْرَ رَمَضَانَ إِلَّا أَنْ تَطَوَّعَ شَيْئًا )

**"റമളാൻ മാസം (മുഴുവനും നോമ്പനുഷ്ടിക്കുക), അതിനോട് സുന്നത്തായത് വല്ലതും കൂട്ടുകയല്ലാതെ ഒന്നുമില്ല" ഹദീസ്.**

**33- ഹജ്ജിനുള്ള തെളിവ്?**

**ഉത്തരം:**

(وَأَتِمُّوا الْحَجَّ وَالْعُمْرَةَ لِلَّهِ) (البقرة:196)

'നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറഃയും പൂർണ്ണമായി നിർവഹിക്കുക' (അൽബഖറ:196).

(وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً) (آل عمران:97)

'ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു.' (ആലുഇംറാൻ:97).

**പ്രവാചകൻ(ﷺ) പറയുകയാണ്:**

(إِنَّ اللهَ تَعَالَى كَتَبَ عَلَيْكُمُ الْحَجَّ) (البخاري ومسلم)

**"അല്ലാഹു നിങ്ങൾക്ക് ഹജ്ജ് നിർബ്ബന്ധമാക്കിയിരിക്കുന്നു" (ബുഖാരി, മുസ്‌ലിം).**

**ജിബ്‌രീൽ(عليه السلام)ൻെറ ഹദീസിലും, 'ഇസ്‌ലാം അഞ്ച് തൂണുകളിൽ പടുത്തുയർത്തിയിരിക്കുന്നു' എന്ന ഹദീസുകളിലും ഹജ്ജ് നിർബ്ബന്ധമാണെന്ന് നമുക്ക് കാണാവുന്നതാണ്.**

**34- മുകളിൽ വിവരിക്കപ്പെട്ട കാര്യങ്ങളിൽ ഏതെങ്കിലും ഒന്നിനെ നിഷേധിക്കുകയോ, അതല്ലെങ്കിൽ മുഴുവനും അംഗീകരിക്കുന്നുവെങ്കിലും സ്വയം തന്നെ അഹങ്കാരം നടിക്കുകയോ ചെയ്താൽ അവൻെറ വിധി എന്താണ്?**

**ഉത്തരം: (ഇസ്‌ലാമിക ഭരണം ഉള്ള രാജ്യങ്ങളിൽ) ഫിർഔനിനെയും, ഇബ്‌ലീസിനെയും പോലെ അഹങ്കാരം നടിക്കുകയോ, കളവാക്കുകയോ ചെയ്താൽ അവനെ വധിക്കേണ്ടതാണ്.**

**35- ഒരാൾ മുഴുവനും അംഗീകരിക്കുന്നു പക്ഷേ, അലസത കാരണത്താലോ, ദുർന്യായങ്ങളാൽ വല്ലതും ഉപേക്ഷിക്കുകയോ ചെയ്താൽ അവൻെറ വിധി എന്താണ്?**



**ഉത്തരം: മേൽ സൂചിപ്പിക്കപ്പെട്ടത് പോലെ ആരെങ്കിലും നമസ്കാരം പിന്തിപ്പിക്കുകയാണെങ്കിൽ അവനോട് പശ്ചാതാപിക്കുവാൻ പറയണം. അങ്ങിനെ പശ്ചാതാപിക്കുകയാണെങ്കിൽ അവനെ വെറുതെ വിടുകയും, ഇല്ലായെങ്കിൽ (ഇസ്‌ലാമിക ഭരണം ഉള്ള രാജ്യങ്ങളിൽ) അവൻെറ മേലിൽ ഹദ്ദ് നടപ്പിലാക്കുകയും ചെയ്യണം. കാരണം അല്ലാഹു പറയുന്നു:**

(فَإِنْ تَابُوا وَأَقَامُوا الصَّلاَةَ وَآتَوُا الزَّكَاةَ فَخَلُّوا سَبِيلَهُمْ) (التوبة:5)

'ഇനി അവർ പശ്ചാത്തപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന പക്ഷം നിങ്ങൾ അവരുടെ വഴി ഒഴിവാക്കികൊടുക്കുക' (തൗബ:5).

**ജനങ്ങളോട് ഞാൻ യുദ്ധം ചെയ്യുവാൻ കൽപിക്കപ്പെട്ടിരിക്കുന്നു വെന്ന ഹദീസിലും ഇത്തന്നെയാണ് പ്രവാചകൻ(ﷺ) പറയുന്നത്.**

**ഇമാമിനോ ഭരണ കർത്താവിനോ നിയന്ത്രിക്കുവാൻ കഴിയുന്നവൻ സകാത്ത് നൽകാതിരിക്കുകയാണെങ്കിൽ അവനിൽ നിന്ന് നിർബ്ബന്ധപൂർവ്വം സകാത്ത് വാങ്ങുകയും, മറ്റുള്ളവർക്ക് മാതൃകയാവാൻ വേണ്ടി അവൻെറ സമ്പത്തിൽ നിന്ന് അൽപം ഫൈൻ ആയി എടുക്കുകയും ചെയ്യേണ്ടതാണ്. കാരണം പ്രവാചകൻ(ﷺ) പറയുന്നു:**

( وَمَنْ مَنَعَهَا فَإِنَّا آخِذُوهَا وَشَطْرَ مَالِهِ معهَا ...) (أبوداود)

**"ആരെങ്കിലും അതിനെ തടയുകയാണെങ്കിൽ നാം അത് അവരിൽ നിന്ന് എടുക്കുക തന്നെ ചെയ്യുന്നതാണ്, അതോടൊപ്പം അവൻെറ സമ്പത്തിൽ നിന്ന് ഒരു വിഹിതവും എടുക്കുന്നതാണ്" (അബൂദാവൂദ്).**

**എന്നാൽ സകാത്ത് നൽകാത്തവർ ഒരു സംഘമോ, കൂട്ടമോ, അവർക്ക് ശക്തിയോ ഉണ്ടെങ്കിൽ ഇമാം അവരോട് യുദ്ധം പ്രഖ്യാപിക്കുകയും, യുദ്ധം ചെയ്യുകയും ചെയ്യേണ്ടതാണ്. അബൂബക്കർ(رضي الله عنه)വിൻെറ കാലത്ത് സകാത്ത് നൽകാത്തവരോട് അദ്ദേഹവും, സ്വഹാബികളും യുദ്ധം ചെയ്യുകയാണ് ചെയ്തത്. എന്നാൽ നോമ്പാണ് ഉപേക്ഷിക്കുന്നതെങ്കിൽ അതിന് പ്രത്യേകം ശിക്ഷകളൊന്നും വന്നിട്ടില്ല, എങ്കിലും ഇമാമോ, അദ്ദേഹത്തിൻെറ പ്രതിനിധിയോ അവനെ ശാസിക്കുകയും, അനുഷ്ടിക്കുവാനായി പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഹജ്ജിനെ സംബന്ധിച്ചാണെങ്കിൽ ഒരാൾക്ക് തൻെറ ആയുസ്സിനിടയിൽ എപ്പോൾ വേണമെങ്കിലും**

**നിർവ്വഹിക്കാവുന്നതാണ്. എന്നാൽ സാഹചര്യം എല്ലാം ശരിയായാൽ എത്രയും പെട്ടെന്ന് ചെയ്യുകയാണ് വേണ്ടത്. ഹജ്ജിനെ അവഗണിച്ചവർക്ക് ഇഹലോകത്ത് പ്രത്യേകം ശിക്ഷയൊന്നും ശരീഅത്തിൽ വന്നിട്ടില്ലായെങ്കിലും പരലോകത്ത് വളരെ വലിയ ശിക്ഷയാണ് ലഭിക്കുകയെന്ന് മതം ഓരോ വ്യക്തിയേയും ശാസിക്കുന്നുണ്ട്.**

**36- എന്താണ്** (الإيمان) **വിശ്വാസം?**

**ഉത്തരം: ഈമാൻ വാക്കുകളും, പ്രവർത്തനങ്ങളുമാണ്. ഹൃദയവും, നാവും കൊണ്ടുള്ള വാക്കുകളും, ഹൃദയവും നാവും, മറ്റു അവയവങ്ങളും കൊണ്ടുള്ള പ്രവർത്തനങ്ങളും അടങ്ങിയതും, അല്ലാഹുവിനെ അനുസരിക്കുന്നേടത്തോളം അത് വർദ്ധിക്കുകയും, തെറ്റുകൾ ചെയ്യുന്നേടത്തോളം അത് കുറയുകയും ചെയ്യുന്നു. അങ്ങിനെ വിശ്വാസത്തിനനുസരിച്ച് വിശ്വാസികളുടെ പദവികൾ വ്യത്യാസമായിരിക്കുന്നതുമാണ്.**

**37- വിശ്വാസം വാക്കുകളും, പ്രവർത്തനങ്ങളുമാണെന്നതിന് എന്താണ് തെളിവ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

(وَلَكِنَّ اللَّهَ حَبَّبَ إِلَيْكُمُ الإِيمَانَ وَزَيَّنَهُ فِي قُلُوبِكُمْ) (الحجرات:**7**)

'എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു' (ഹുജുറാത്ത്:7).

(فَآمِنُوا بِاللَّهِ وَرَسُولِهِ) (الأعراف:**158**)

**"നിങ്ങൾ അല്ലാഹുവിലും അവൻെറ റസൂലിലും വിശ്വസിക്കുക" (അഅ്റാഫ്:158).**

**ഒരാൾ മതത്തിൽ പ്രവേശിക്കണമെങ്കിൽ അത്യാവശ്യമായ രണ്ട് സാക്ഷ്യ വചനങ്ങളുടെ ആശയമാണ് ഇത് സൂചിപ്പിക്കുന്നത്. അത് ഹൃദയത്തിൻെറ പ്രവർത്തനമായ വിശ്വാസവും, നാവിൻെറ പ്രവർത്തനമായ പറയലുമാകുന്നു. ഇങ്ങനെ ഹൃദയം കൊണ്ട് വിശ്വസിക്കുകയും, നാവ് കൊണ്ട്**



**ഉച്ചരിക്കലും ഒരുമിച്ചാലല്ലാതെ അത്കൊണ്ട് പ്രയോജനമില്ല. അല്ലാഹു പറയുന്നു:**

(وَمَا كَانَ اللَّهُ لِيُضِيعَ إِيمَانَكُمْ) (البقرة:**143**)

'അല്ലാഹു നിങ്ങളുടെ വിശ്വാസത്തെ പാഴാക്കിക്കളയുന്നതല്ല' (അൽബഖറ: 143).

**അതായത് ഖിബ്‌ല മാറ്റുന്നതിന് മുമ്പ് മസ്ജിദുൽ അഖ്സയിലേക്ക് നിന്ന് നമസ്കരിച്ച നിങ്ങളുടെ നമസ്കാരം. ഇവിടെ നമസ്കാരത്തെ മുഴുവനും ഈമാൻ എന്നാണ് പറഞ്ഞത്. അത് ഹൃദയത്തിൻെറയും, നാവിൻെറയും, അവയവങ്ങളുടെയും പ്രവർത്തനങ്ങളാണ്. അതുപോലെ പ്രവാചക(ﷺ)ൻ ജിഹാദിനെയും, ലൈലതുൽ ഖദ്ർ രാത്രിയിൽ നിന്ന് നമസ്കരിക്കുന്നതിനെയും, റമളാനിലെ നോമ്പിനെയും, അതിലുള്ള നമസ്കാരത്തെയും, ദാനധർമ്മങ്ങളെയും ഈമാൻ എന്ന് പറഞ്ഞിട്ടുണ്ട്. പ്രവാചകൻ (ﷺ)യോട് ചോദിക്കപ്പെട്ടു: 'ഏത് പ്രവർത്തനമാണ് ഏറ്റവും ശ്രേഷ്ടമായത്?' തിരുമേനി(ﷺ)പറഞ്ഞു:**

قَالَ سُئِلَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ: أَيُّ الأَعْمَالِ أَفْضَلُ قَالَ إِيمَانٌ بِاللَّهِ وَرَسُولِهِ

**...**) (بخاري ومسلم)

**പ്രവാചകൻ(ﷺ) ചോദിക്കപ്പെട്ടു: 'ഏത് പ്രവർത്തനമാണ് ഏറ്റവും കൂടുതൽ ശ്രേഷ്ടതയുള്ളത്. തിരുമേനി(ﷺ) പറഞ്ഞു: അല്ലാഹുവിലും, അവൻെറ ദൂതനിലുമുള്ള വിശ്വാസമാകുന്നു... " (ബുഖാരി, മുസ്‌ലിം)**

**38- ഈമാൻ കൂടുകയും, കുറയുകയും ചെയ്യും എന്നതിനുള്ള തെളിവ് എന്താണ്?**

**ഉത്തരം:**

(لِيَزْدَادُوا إِيمَانًا مَعَ إِيمَانِهِمْ) (الفتح:**4**)

'അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരുന്നതിന് വേണ്ടി' (ഫത്ഹ്:4).

(وَزِدْنَاهُمْ هُدًى) (الكهف: **13**)

‘അവർക്കു നാം സൻമാർഗബോധം വർദ്ധിപ്പിക്കുകയും ചെയ്തു.’ (അൽ കഹ്ഫ്:13)

(وَيَزِيدُ اللَّهُ الَّذِينَ اهْتَدَوْا هُدًى) (مريم:**76**)

‘സൻമാർഗം സ്വീകരിച്ചവർക്ക് അല്ലാഹു സൻമാർഗനിഷ്ഠ വർദ്ധിപ്പിച്ച് കൊടുക്കുന്നതാണ്’ (മർയം:76).

(وَيَزْدَادَ الَّذِينَ آمَنُوا إِيمَانًا) (المدثر:**31**)

‘സത്യവിശ്വാസികൾക്ക് വിശ്വാസം വർദ്ധിക്കാനും’ (മുദ്ദഥിർ:31)

(فَأَمَّا الَّذِينَ آمَنُوا فَزَادَتْهُمْ إِيمَانًا) (التوبة:**124**)

‘എന്നാൽ സത്യവിശ്വാസികൾക്കാകട്ടെ, അതവരുടെ വിശ്വാസം വർദ്ധിപ്പി ക്കുക തന്നെയാണ് ചെയ്തത്’ (തൗബ:124).

(فَاخْشَوْهُمْ فَزَادَهُمْ إِيمَانًا) (آل عمران:**173**)

‘അവരെ ഭയപ്പെടണം എന്നു ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവ രുടെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്തത്’ (ആലുഇംറാൻ:173).

(وَمَا زَادَهُمْ إِلاَّ إِيمَانًا وَتَسْلِيمًا) (الأحزاب:**22**)

‘അതവർക്ക് വിശ്വാസവും അർപ്പണവും വർദ്ധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ’ (അഹ്സാബ്: 22).

**പ്രവാചകൻ(ﷺ) പറയുന്നു:**

( وَلَوْ كَانَتْ تَكُونُ قُلُوبُكُمْ كَمَا تَكُونُ عِنْدَ الذِّكْرِ لَصَافَحَتْكُمُ الْمَلاَئِكَةُ حَتَّى تُسَلِّمَ عَلَيْكُمْ فِي الطُّرُقِ ) (مسلم)

**“നിങ്ങൾ അല്ലാഹുവിനെ ഓർക്കുന്ന സമയത്ത് നിങ്ങളുടെ ഹൃദയം എങ്ങിനെയാണോ അതുപോലെ നിങ്ങളുടെ ഹൃദയം എപ്പോഴും ആവുകയാണെങ്കിൽ മലക്കുകൾ നിങ്ങൾക്ക് മുസാഫഅത്ത് തരുകയും, വഴിയിൽ വെച്ച് നിങ്ങളോട് സലാം പറയുകയും ചെയ്യുന്നതാണ്” (മുസ്‌ലിം).**



**39- വിശ്വാസികൾക്കിടയിലുള്ള ശ്രേഷ്ടതകൾക്കുള്ള ഏറ്റ വ്യത്യാസ ത്തിനുള്ള തെളിവുകൾ എന്താണ്?**

**ഉത്തരം:**

(وَالسَّابِقُونَ السَّابِقُونَ * أُوْلَئِكَ الْمُقَرَّبُونَ * فِي جَنَّاتِ النَّعِيمِ * ثُلَّةٌ مِنَ الأَوَّلِينَ * وَقَلِيلٌ مِنَ الآخِرِينَ * عَلَى سُرُرٍ مَوْضُونَةٍ * مُتَّكِئِينَ عَلَيْهَا مُتَقَابِلِينَ * يَطُوفُ عَلَيْهِمْ وِلْدَانٌ مُخَلَّدُونَ * بِأَكْوَابٍ وَأَبَارِيقَ وَكَأْسٍ مِنْ مَعِينٍ * لاَ يُصَدَّعُونَ عَنْهَا وَلاَ يُنزِفُونَ * وَفَاكِهَةٍ مِمَّا يَتَخَيَّرُونَ * وَلَحْمِ طَيْرٍ مِمَّا يَشْتَهُونَ * وَحُورٌ عِينٌ * كَأَمْثَالِ اللُّؤْلُؤِ الْمَكْنُونِ * جَزَاءً بِمَا كَانُوا يَعْمَلُونَ * لاَ يَسْمَعُونَ فِيهَا لَغْوًا وَلاَ تَأْثِيمًا * إِلاَّ قِيلاً سَلاَمًا سَلاَمًا * وَأَصْحَابُ الْيَمِينِ مَا أَصْحَابُ الْيَمِينِ) (الواقعة:**10-27**)

‘(സത്യവിശ്വാസത്തിലും സൽപ്രവൃത്തികളിലും) മുന്നേറിയവർ (പരലോകത്തും) മുന്നോക്കക്കാർ തന്നെ. അവരാകുന്നു സാമീപ്യം നൽകപ്പെട്ടവർ. സുഖാനുഭൂതികളുടെ സ്വർഗത്തോപ്പുകളിൽ. പൂർവ്വികൻമാരിൽ നിന്ന് ഒരു വിഭാഗവും പിൽക്കാലക്കാരിൽ നിന്ന് കുറച്ചു പേരുമത്രെ ഇവർ. സ്വർണനൂലുകൊണ്ട് മെടഞ്ഞുണ്ടാക്കപ്പെട്ട കട്ടിലുകളിൽ ആയിരിക്കും. അവർ, അവയിൽ അവർ പരസ്പരം അഭിമുഖമായി ചാരിയിരിക്കുന്നവരായിരിക്കും. നിത്യജീവിതം നൽകപ്പെട്ട ബാലൻമാർ അവരുടെ ഇടയിൽ ചുറ്റി നടക്കും. കോപ്പകളും കൂജകളും ശുദ്ധമായ ഉറവു ജലം നിറച്ച പാനപാത്രവും കൊണ്ട്. അതു (കുടിക്കുക) മൂലം അവർക്ക് തലവേദനയുണ്ടാവുകയോ, ലഹരി ബാധിക്കുകയോ ഇല്ല. അവർ ഇഷ്ടപ്പെട്ടു തെരഞ്ഞെടുക്കുന്ന തരത്തിൽ പെട്ട പഴവർഗങ്ങളും. അവർ കൊതിക്കുന്ന തരത്തിൽ പെട്ട പക്ഷിമാംസവും കൊണ്ട് (അവർ ചുറ്റി നടക്കും.) വിശാലമായ നയനങ്ങളുള്ള വെളുത്ത തരുണികളും. (അവർക്കുണ്ട്.) (ചിപ്പികളിൽ) ഒളിച്ചു വെക്കപ്പെട്ട മുത്തുപോലെയുള്ളവർ, അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിനുള്ള പ്രതിഫലമായി കൊണ്ടാണ് (അതെല്ലാം നൽകപ്പെടുന്നത്) അനാവ

ശ്യ വാക്കോ കുറ്റപ്പെടുത്തലോ അവർ അവിടെ വെച്ച് കേൾക്കുകയില്ല. സമാധാനം! സമാധാനം! എന്നുള്ള വാക്കല്ലാതെ. വലതുപക്ഷക്കാർ! എന്താണീ വലതുപക്ഷക്കാരുടെ അവസ്ഥ!' (വാഖിഅഃ: 10–27)

(فَأَمَّا إِنْ كَانَ مِنَ الْمُقَرَّبِينَ * فَرَوْحٌ وَرَيْحَانٌ وَجَنَّةُ نَعِيمٍ * وَأَمَّا إِنْ كَانَ مِنْ أَصْحَابِ الْيَمِينِ * فَسَلَامٌ لَكَ مِنْ أَصْحَابِ الْيَمِينِ) (الواقعة:**88-91**)

'അപ്പോൾ അവൻ (മരിച്ചവൻ) സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനാണെങ്കിൽ– (അവന്ന്) ആശ്വാസവും വിശിഷ്ടമായ ഉപജീവനവും സുഖാനുഭൂതിയുടെ സ്വർഗത്തോപ്പും ഉണ്ടായിരിക്കും. എന്നാൽ അവൻ വലതുപക്ഷക്കാരിൽ പെട്ടവനാണെങ്കിലോ, വലതുപക്ഷക്കാരിൽപെട്ട നിനക്ക് സമാധാനം എന്നായിരിക്കും (അവന്നു ലഭിക്കുന്ന അഭിവാദ്യം)' (വാഖിഅഃ: 88–91)

(فَمِنْهُمْ ظَالِمٌ لِنَفْسِهِ وَمِنْهُمْ مُقْتَصِدٌ وَمِنْهُمْ سَابِقٌ بِالْخَيْرَاتِ بِإِذْنِ اللَّهِ) (فاطر:**32**)

'അവരുടെ കൂട്ടത്തിൽ സ്വന്തത്തോട് അന്യായം ചെയ്തവരുണ്ട്. മദ്ധ്യനിലപാടുകാരും അവരിലുണ്ട്. അല്ലാഹുവിന്റെ അനുമതിയോടെ നൻമകളിൽ മുൻകടന്നവരും അവരിലുണ്ട്' (ഫാത്വിർ:32).

**ശഫാഅത്തിൻെറ ഹദീസിൽ പ്രവാചകൻ(ﷺ) പറയുന്നു:**

(وَيَقُولُ أَخْرِجُوا مَنْ كَانَ فِي قَلْبِهِ وَزْنُ دِينَارٍ مِنَ الْإِيمَانِ ثُمَّ قَالَ مَنْ كَانَ فِي قَلْبِهِ وَزْنُ نِصْفِ دِينَارٍ حَتَّى يَقُولَ مَنْ كَانَ فِي قَلْبِهِ وَزْنُ ذَرَّةٍ) (نسائي إبن ماجة وأحمد)

**"പറയപ്പെടും, ഹൃദയത്തിൽ ആർക്കെങ്കിലും ഒരു ദീനാറിനോളം ഈമാൻ അവശേഷിക്കുന്നുവെങ്കിൽ അവനെ അതിൽ നിന്നും പുറത്താക്കുക, പിന്നെ പറഞ്ഞു: ആരുടെയെങ്കിലും ഹൃദയത്തിൽ ഒരു ദീനാറിൻെറ പകുതിയോളം ഈമാനുണ്ടെങ്കിൽ അവനെയും നരകത്തിൽ നിന്ന് പുറത്ത് കൊണ്ടു വരിക, അങ്ങിനെ ഒരു അണു മണി തൂക്കം ഈമാനുള്ളവർ എന്ന് വരെ പറയപ്പെടുന്നതാണ്" (നസാഇ, ഇബ്നുമാജ, അഹ്മദ്) വേറെ ഒരു റിപ്പോർട്ടിൽ ഉള്ളത് ഇപ്രകാരമാണ്:**



( قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ: يَخْرُجُ مِنَ النَّارِ مَنْ قَالَ لاَ إِلَهَ إِلاَّ اللهُ وَكَانَ فِي قَلْبِهِ مِنَ الْخَيْرِ مَا يَزِنُ شَعِيرَةً ثُمَّ يَخْرُجُ مِنَ النَّارِ مَنْ قَالَ لاَ إِلَهَ إِلاَّ اللهُ وَكَانَ فِي قَلْبِهِ مِنَ الْخَيْرِ مَا يَزِنُ بُرَّةً ثُمَّ يَخْرُجُ مِنَ النَّارِ مَنْ قَالَ لاَ إِلَهَ إِلاَّ اللهُ وَكَانَ فِي قَلْبِهِ مَا يَزِنُ مِنَ الْخَيْرِ ذَرَّةً) (البخاري والمسلم)

**പ്രവാചകൻ(ﷺ) പറയുന്നു: "അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് പറഞ്ഞ വ്യക്തിയുടെ ഹൃദയത്തിൽ ഒരു ഗോതമ്പ് മണിയോളം നന്മ അവശേഷിക്കുന്നുവെങ്കിൽ അവനെ നരകത്തിൽ നിന്ന് പുറത്ത് കൊണ്ടു വരുന്നതാണ്, തുടർന്ന് അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് പറഞ്ഞ വ്യക്തിയുടെ ഹൃദയത്തിൽ ഒരു ധാന്യ മണിയോളം നന്മ അവശേഷിക്കുന്നുവെങ്കിൽ അവനെ നരകത്തിൽ നിന്ന് പുറത്ത് കൊണ്ടുവരുന്നതാണ്, തുടർന്ന് അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് പറഞ്ഞ വ്യക്തിയുടെ ഹൃദയത്തിൽ ഒരു അണുമണി തൂക്കത്തോളം നന്മ അവശേഷിക്കുന്നുവെങ്കിൽ അവനെ നരകത്തിൽ നിന്ന് പുറത്ത് കൊണ്ടു വരുന്നതാണ്" (ബുഖാരി, മുസ്‌ലിം).**

**40- ഈമാൻ എന്ന് പറയുമ്പോൾ അതിൽ മതം മുഴുവനും ഉൾകൊള്ളുന്നുവെന്ന തിന് എന്താണ് തെളിവ്?**

**ഉത്തരം: പ്രവാചകൻ(ﷺ) പറയുന്നു:**

( أَمَرَهُمْ بِالإِيمَانِ بِاللهِ وَحْدَهُ قَالَ: أَتَدْرُونَ مَا الإِيمَانُ بِاللهِ وَحْدَهُ قَالُوا: اللهُ وَرَسُولُهُ أَعْلَمُ، قَالَ: شَهَادَةُ أَنْ لاَ إِلَهَ إِلاَّ اللهُ وَأَنَّ مُحَمَّدًا رَسُولُ اللهِ وَإِقَامُ الصَّلاَةِ وَإِيتَاءُ الزَّكَاةِ وَصِيَامُ رَمَضَانَ وَأَنْ تُعْطُوا مِنَ الْمَغْنَمِ الْخُمُسَ ) (بخاري)

**"അല്ലാഹുവിൽ മാത്രം നിങ്ങൾ വിശ്വസിക്കണമെന്ന് അവരോട് തിരുമേനി (ﷺ) കൽപിക്കുകയുണ്ടായി, എന്നിട്ട് അവരോട് ചോദിച്ചു: അല്ലാഹുവിൽ**

മാത്രം വിശ്വസിക്കണമെന്ന് പറഞ്ഞതെന്താണെന്ന് നിങ്ങൾക്ക് അറിയുമോ? അവർ പറഞ്ഞു: അല്ലാഹുവിനും, അവൻെറ റസൂലിനുമറിയാം: അപ്പോൾ തിരുമേനി(ﷺ) പറഞ്ഞു: അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ്(ﷺ) അവൻെറ റസൂലാണെന്നും സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, സകാത്ത് നിർവ്വഹിക്കുക, റമളാനിൽ നോമ്പനുഷ്ടിക്കുക, യുദ്ധാനന്തിര മുതലിൽ നിന്ന് അല്ലാഹുവിനും പ്രവാചകനും വേണ്ടി അഞ്ചിലൊന്ന് നൽകുക എന്നതാണ്" (ബുഖാരി).

**41- ഈമാൻ കാര്യങ്ങൾ ആറും അടങ്ങിയ ഈമാനിൻെറ നിർവ്വചനത്തിനുള്ള തെളിവ് എന്താണ്?**

ഉത്തരം: പ്രവാചകൻ(ﷺ)യുടെ അടുത്ത് ജിബ്‌രീൽ വന്ന്കൊണ്ട് എനിക്ക് ഈമാൻ എന്താണെന്ന് അറിയിച്ച് തന്നാലും എന്ന് പറഞ്ഞപ്പോൾ തിരുമേനി(ﷺ) പറയുന്നു:

(أَنْ تُؤْمِنَ بِاللهِ وَمَلاَئِكَتِهِ وَكُتُبِهِ وَرُسُلِهِ وَالْيَوْمِ الآخِرِ وَتُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّهِ ) (بخاري ومسلم)

"നീ അല്ലാഹുവിലും, അവൻെറ മലക്കുകളിലും, അവൻെറ വേദഗ്രന്ഥങ്ങളിലും, അവൻെറ പ്രവാചകന്മാരിലും, അവസാന നാളിലും, നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും അവൻെറ വിധി നിർണ്ണയത്തിൽ പെട്ടതാണെന്നും വിശ്വസിക്കലാകുന്നു" (ബുഖാരി, മുസ്‌ലിം).

**42- ഇതിന് വിശുദ്ധ ഖുർആനിൽ നിന്ന് മൊത്തമായി സൂചിപ്പിച്ച തെളിവ് പറയുക?**

ഉത്തരം:

(لَيْسَ الْبِرَّ أَنْ تُوَلُّوا وُجُوهَكُمْ قِبَلَ الْمَشْرِقِ وَالْمَغْرِبِ وَلَكِنَّ الْبِرَّ مَنْ آمَنَ بِاللهِ وَالْيَوْمِ الآخِرِ وَالْمَلاَئِكَةِ وَالْكِتَابِ وَالنَّبِيِّينَ) (البقرة: **177**)

'നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും, മലക്കുകളി



ലും, വേദഗ്രന്ഥത്തിലും, പ്രവാചകൻമാരിലും വിശ്വസിക്കുകയും ചെയ്യുന്നതിലാണ് പുണ്യം' (അൽബഖറ:177)

(إِنَّا كُلَّ شَيْءٍ خَلَقْنَاهُ بِقَدَرٍ) (القمر: **49**)

'തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥ പ്രകാരമാകുന്നു' (ഖമർ:49).

ഓരോന്നിനും നാം പ്രത്യേകം പ്രത്യേകം തെളിവ് ഉദ്ധരിക്കും. إن شاء الله

**43- അല്ലാഹുവിൽ വിശ്വസിക്കുക എന്ന് പറഞ്ഞാൽ അതിൻെറ ആശയം എന്താണ്?**

ഉത്തരം: അല്ലാഹു ഉണ്ടെന്നും, അവനാണ് ആദ്യമേ ഉള്ളത് അതിന് മുമ്പ്

യാതൊന്നുമില്ലായെന്നും, അവന്ശേഷം ഒന്നും തന്നെ ഉണ്ടാവുകയില്ലയെന്നും, അവനാണ് പ്രകടമായവൻ അവന് മുകളിൽ ആരുമില്ലായെന്നും, അവനാണ് അദൃശ്യമായവൻ അവന് താഴെ യാതൊന്നുമില്ലായെന്നും അവനാണ് എന്നെന്നും ജീവിക്കുന്നവനും, അവനാണ് ഒരുവൻ എന്നും, അവനാണ് നിരാശ്രനായുള്ളവൻ എന്നും ഹൃദയം അറിഞ്ഞ് കൊണ്ട് ദൃഢമായി വിശ്വസിക്കലാകുന്നു. അല്ലാഹു പറയുന്നു:

(قُلْ هُوَ اللهُ أَحَدٌ * اللهُ الصَّمَدُ * لَمْ يَلِدْ وَلَمْ يُولَدْ * وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ)

(الإخلاص: **1-4**)

"(നബിയെ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരും ഇല്ലതാനും (സൂറത്തുൽ ഇഖ്‌ലാസ്: 1-4)

രക്ഷാകർതൃത്വത്തിലും, ആരാധനയിലും, അവൻെറ നാമങ്ങളിലും വിശേഷണങ്ങളിലും അവനെ ഏകനാക്കുകയും ചെയ്യുക.

**44- തൗഹീദുൽ ഉലൂഹിയ്യ: എന്നത്കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?**

ഉത്തരം: പ്രത്യക്ഷവും പരോക്ഷവുമായ വാക്കുകളും, പ്രവർത്തനങ്ങളും അടങ്ങിയിട്ടുള്ള മുഴുവൻ ആരാധനകളും അല്ലാഹുവിന് മാത്രമാക്കുകയും, അല്ലാഹുവിനല്ലാതെ മറ്റാർക്കും ആരാധനയുടെ യാതൊന്നും എങ്ങിനെയായാലും അർപ്പിക്കാതിരിക്കുക എന്നതുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലാഹു പറയുന്നു:

(وَقَضَى رَبُّكَ أَلاَّ تَعْبُدُوا إِلاَّ إِيَّاهُ) (الإسراء:23)

'തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു' (ഇസ്റാഅ്:23).

(وَاعْبُدُوا اللَّهَ وَلاَ تُشْرِكُوا بِهِ شَيْئًا) (النساء:36)

'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക' (നിസാഅ്:36).

(إِنَّنِي أَنَا اللَّهُ لاَ إِلَهَ إِلاَّ أَنَا فَاعْبُدْنِي وَأَقِمِ الصَّلاَةَ لِذِكْرِي) (طه:14)

'തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ദൈവവുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും, എന്നെ ഓർമിക്കുന്നതിനായി നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക' (ത്വാഹാ:14).

ഇത്പോലെ ഒരുപാട് ആയത്തുകൾ കാണാനാവും. ഇതെല്ലാം സൂചിപ്പിക്കുന്നത് 'അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ല'യെന്ന ഒന്നാമത്തെ സാക്ഷ്യ വചനമാകുന്നു.

**45- തൗഹീദുൽ ഉലൂഹിയ്യയുടെ വിപരീതം എന്താണ്?**

ഉത്തരം: ഇതിന്റെ വിപരീതം ശിർക്കാകുന്നു. അത് രണ്ട് തരമാണ്. വലിയ ശിർക്ക് അത് ഈമാനിനെ മുഴുവനായും നഷ്ടപ്പെടുത്തുന്നു. ചെറിയ ശിർക്ക്. അത് ഈമാനിന്റെ പൂർണതയെ നഷ്ടപ്പെടുത്തുന്നു.

**46- എന്താണ് വലിയ ശിർക്ക്?**

ഉത്തരം: അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കുകയാണത്. അല്ലാഹുവല്ലാത്തവരെ ലോകരക്ഷിതാവിനോട് സമമാക്കുകയോ, അല്ലാഹുവിനെ ഇഷ്ടപ്പെടുന്നത് പോലെ അവയെ ഇഷ്ടപ്പെടുക, അവനെ ഭയക്കുന്നത് പോലെ അവയെ ഭയക്കുകയോ, പേടിക്കുകയോ, അവയോട് പ്രാർത്ഥിക്കുകയോ, അവയിൽ നിന്ന് വല്ലതും പ്രതീക്ഷിക്കുകയോ, വല്ലതും ആഗ്രഹം പ്രകടിപ്പിക്കുകയോ ഭരമേൽപിക്കുകയോ, അല്ലാഹുവിനെ ധിക്കരിക്കുന്ന കാര്യത്തിലോ, അല്ലാഹു തൃപ്തിപ്പെടാത്ത കാര്യത്തിലോ അവയെ അനുസരിക്കുകയോ ചെയ്യുക പോലെയുള്ള മുഴുവൻ കാര്യങ്ങളും ശിർക്കിൽ പെടുന്നതാണ്. അല്ലാഹു പറയുന്നു:

(إِنَّ اللَّهَ لاَ يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ وَمَنْ يُشْرِكْ بِاللَّهِ فَقَدْ افْتَرَى إِثْمًا عَظِيمًا) (سورة النساء:48)

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റ കൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്" (നിസാഅ്: 48)

(وَمَنْ يُشْرِكْ بِاللَّهِ فَقَدْ ضَلَّ ضَلاَلاً بَعِيدًا) (النساء: 116)

'ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു' (നിസാഅ്:116).

(إِنَّهُ مَنْ يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ) (المائدة: 72)

"അല്ലാഹുവോട് വല്ലവനും പങ്ക് ചേർക്കുന്നപക്ഷം തിർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല" (മാഇദ:72)

(وَمَنْ يُشْرِكْ بِاللَّهِ فَكَأَنَّمَا خَرَّ مِنْ السَّمَاءِ فَتَخْطَفُهُ الطَّيْرُ أَوْ تَهْوِي بِهِ الرِّيحُ فِي مَكَانٍ سَحِيقٍ) (الحج:31)

'(നിങ്ങൾ.) അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം അവൻ ആകാശത്തു നിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടു പോയി തള്ളുന്നു' (ഹജ്ജ്:31).

**പ്രവാചകൻ(ﷺ) പറയുന്നു:**

(قَالَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ: فَإِنَّ حَقَّ اللهِ عَلَى الْعِبَادِ أَنْ يَعْبُدُوهُ وَلاَ يُشْرِكُوا بِهِ شَيْئًا وَحَقَّ الْعِبَادِ عَلَى اللهِ أَنْ لاَ يُعَذِّبَ مَنْ لاَ يُشْرِكُ بِهِ شَيْئًا ) (بخاري ومسلم)

**"അടിമകളുടെ മേലുള്ള അല്ലാഹുവിൻെറ അവകാശമാകുന്നു അവനെ മാത്രം ആരാധിക്കുകയും, അവനിൽ ഒന്നിനെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുക എന്നത്, അല്ലാഹുവിൻെറ മേൽ അടിമകൾക്കുള്ള അവകാശമാകുന്നു അവനിൽ ആരെയും പങ്ക് ചേർക്കാത്തവരെ ശിക്ഷിക്കാതിരിക്കുക എന്നതും" (ബുഖാരി, മുസ്‌ലിം).**

**ഈ ഹദീസ് നമുക്ക് ബുഖാരിയിലും മുസ്‌ലിമിലും കാണാവുന്നതാണ്. ഈ ശിർക്ക് ചെയ്യുന്നവർ മക്കയിലെ മുശ്‌രിക്കുകളെ പോലെ പ്രഖ്യാപിച്ചാലും, അവിശ്വാസം ഒളിപ്പിച്ച് വെക്കുകയും ഇസ്‌ലാം പ്രകടമാക്കുകയും ചെയ്ത്കൊണ്ട് മുസ്‌ലീംകളെ കബളിപ്പിക്കുന്ന മുനാഫിക്കുകളെ പോലെ രഹസ്യമാക്കി വെച്ചാലും അവർ ഇസ്‌ലാമിൽ നിന്ന് പുറത്ത് പോവുന്നതാണ്. അല്ലാഹു പറയുന്നു:**

(إِنَّ الْمُنَافِقِينَ فِي الدَّرْكِ الأَسْفَلِ مِنَ النَّارِ وَلَنْ تَجِدَ لَهُمْ نَصِيرًا * إِلاَّ الَّذِينَ تَابُوا وَأَصْلَحُوا وَاعْتَصَمُوا بِاللهِ وَأَخْلَصُوا دِينَهُم لِلهِ فَأُوْلَئِكَ مَعَ الْمُؤْمِنِينَ)

(النساء: **146-145**)

'തീർച്ചയായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു. അവർക്കൊരു സഹായിയെയും നീ കണ്ടെത്തുന്നതല്ല. എന്നാൽ പശ്ചാത്തപിച്ച് മടങ്ങുകയും, നിലപാട് നന്നാക്കുകയും, അല്ലാഹുവെ മുറുകെ പിടിക്കുകയും, തങ്ങളുടെ മതത്തെ നിഷ്കളങ്കമായി അല്ലാഹുവിനു വേണ്ടി ആക്കുകയും ചെയ്തവർ ഇതിൽ നിന്നൊഴിവാകുന്നു, അവർ സത്യവിശ്വാസികളോടൊപ്പമാകുന്നു.' (നിസാഅ്: 145-146)



**47- എന്താണ് ചെറിയ ശിർക്ക്?**

**ഉത്തരം: അല്ലാഹുവിന് വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾ നന്നാക്കി ചെയ്യുന്നതിൽ ലോകമാന്യം കടന്ന് വരുക എന്നതാണ് ചെറിയ ശിർക്ക്. അല്ലാഹു പറയുന്നു:**

(فَمَنْ كَانَ يَرْجُوا لِقَاءَ رَبِّهِ فَلْيَعْمَلْ عَمَلاً صَالِحًا وَلاَ يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا)

(الكهف: **110**)

'അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ.' (അൽ കഹ്ഫ്: 110)

**പ്രവാചകൻ(ﷺ) പറയുന്നു:**

(إِنَّ أَخْوَفَ مَا أَخَافُ عَلَيْكُمُ الشِّرْكُ الأَصْغَرُ قَالُوا يَا رَسُولَ اللهِ وَمَا الشِّرْكُ الأَصْغَرُ قَالَ الرِّيَاءُ ) (بخاري ومسلم)

**"തീർച്ചയായും നിങ്ങളിൽ ഞാൻ കൂടുതൽ ഭയപ്പെടുന്നത് ചെറിയ ശിർക്കാകുന്നു, അവർ ചോദിച്ചു: പ്രവാചകരെ, എന്താണ് ചെറിയ ശിർക്ക്? തിരുമേനി(ﷺ) പറയുകയുണ്ടായി: ലോകമാന്യമാകുന്നു" (ബുഖാരി,മുസ്‌ലിം). തുടർന്ന് പ്രവാചകൻ(ﷺ) അതിനെ വിശദീകരിക്കുന്നു:**

(أَنْ يَقُومَ الرَّجُلُ يُصَلِّي فَيُزَيِّنُ صَلاَتَهُ لِمَا يَرَى مِنْ نَظَرِ رَجُلٍ) (إبن ماجة)

**"ഒരാൾ നിന്ന് നമസ്കരിക്കുന്നു, ആ സമയത്ത് ഒരാൾ എന്നെ കാണുന്നുവെന്ന് മനസിലാക്കുമ്പോൾ അവൻ തൻെറ നമസ്കാരം ഭംഗി കൂട്ടലാണ്" (ഇബ്നുമാജ).**

**ചെറിയ ശിർക്കിൽ പെട്ടതാണ് അമാനത്ത്, കഅബ, സമന്മാർ, പിതാക്കന്മാർ പോലെയുള്ള അല്ലാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്യൽ. പ്രവാചകൻ(ﷺ) പറയുന്നു:**

( لاَ تَحْلِفُوا بِآبَائِكُمْ وَلاَ بِأُمَّهَاتِكُمْ وَلاَ بِالأَنْدَادِ ) (النسائي- أبوداود)

**“നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെയോ, ഉമ്മമാരെയോ, അല്ലാഹുവല്ലാതെ വിളിച്ച് പ്രാർത്ഥിക്കുന്നവരെയോ പിടിച്ച് സത്യം ചെയ്യരുത്” (നസാഇ, അബൂദാവൂദ്).**

قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: لاتقولوا والكعبة ولكن قولوا ورب الكعبة) (أحمد)

**പ്രവാചകൻ(ﷺ) പറയുന്നു: “കഅബ' തന്നെയാണ സത്യം എന്ന് നിങ്ങൾ പറയരുത്, പക്ഷേ, കഅബയുടെ രക്ഷിതാവ് തന്നെയാണ സത്യം എന്ന് നിങ്ങൾ പറയുക” (അഹ്മദ്). തിരുമേനി(ﷺ)പറയുന്നു:**

( وَلاَ تَحْلِفُوا إِلاَّ بِاللهِ) (النسائي- أبوداود)

**“അല്ലാഹുവിനെ കൊണ്ടല്ലാതെ നിങ്ങൾ സത്യം ചെയ്യരുത്” (നസാഇ, അബൂദാവൂദ്). പ്രവാചകൻ(ﷺ) നമ്മെ ഓർമ്മപ്പെടുത്തുന്നു:**

( مَنْ حَلَفَ بِالأَمَانَةِ فَلَيْسَ مِنَّا ) (أبوداود)

**“ആരെങ്കിലും ‘അമാനത്തിനെ’ പിടിച്ച്കൊണ്ട് സത്യം ചെയ്യുകയാണെങ്കിൽ അവൻ നമ്മളിൽ പെട്ടവനല്ല” (അബൂദാവൂദ്). വീണ്ടും തിരുമേനി(ﷺ) പറയുന്നു:**

(مَنْ حَلَفَ بِغَيْرِ اللهِ فَقَدْ كَفَرَ أَوْ أَشْرَكَ ) (ابوداود)

**“അല്ലാഹുവല്ലാത്തവയെ പിടിച്ച് കൊണ്ട് ആരെങ്കിലും സത്യം ചെയ്താൽ അവൻ അവിശ്വസിച്ചു, അല്ലെങ്കിൽ ശിർക്ക് ചെയ്തു” (അബൂദാവൂദ്).**

**മറ്റൊരു റിപ്പോർട്ടിലുള്ളത് (وأشرك) എന്നാണ് ഉള്ളത്.**

**അത്പോലെ ഇതിൻെറ വരുതിയിൽ തന്നെ വരുന്നതാണ് ‘അല്ലാഹു ഉദ്ദേശിച്ചതും, നീ ഉദ്ദേശിച്ചതും” എന്ന് പറയുന്നത്. ഇങ്ങനെ പറയപ്പെട്ടപ്പോൾ പ്രവാചകൻ(ﷺ) ആ വ്യക്തിയോട് പറയുകയുണ്ടായി:**



( أَجَعَلْتَنِي لِلهِ عَدْلاً بَلْ مَا شَاءَ اللهُ وَحْدَهُ ) (أحمد)

**“നീ എന്നെ അല്ലാഹുവിന് തുല്ല്യമാക്കുകയാണോ, നീ പറയുക അല്ലാഹു മാത്രം ഉദ്ദേശിച്ചത്” (അഹ്മദ്).**

**“അല്ലാഹുവും നീയും ഇല്ലായിരുന്നെങ്കിൽ', ‘അല്ലാഹുവും നീയുമല്ലാതെ എനിക്കാരുമില്ല’ എന്നിവ പോലെയുള്ളതും ഇങ്ങനെ തന്നെയാണ്. അതുകൊണ്ടാണ് പ്രവാചകൻ(ﷺ) പറയുന്നത്:**

(لاَ تَقُولُوا مَا شَاءَ اللهُ وَشَاءَ فُلاَنٌ وَلَكِنْ قُولُوا مَا شَاءَ اللهُ ثُمَّ شَاءَ فُلاَنٌ)

(أبوداود)

**“അല്ലാഹുവും ഇന്ന വ്യക്തിയും ഉദ്ദേശിച്ചത് എന്ന് നിങ്ങൾ പറയരുത്, എന്നാൽ നിങ്ങൾ പറയേണ്ടത്, അല്ലാഹു ഉദ്ദേശിച്ചതും, പിന്നെ ഇന്ന വ്യക്തി ഉദ്ദേശിച്ചതും എന്ന് പറയുക” (അബൂദാവൂദ്).**

**പണ്ഡിതന്മാർ പറയുന്നു: ‘അല്ലാഹുവും പിന്നെ നീയും ഇല്ലായിരുന്നെങ്കിൽ’ എന്ന രൂപത്തിൽ പറയാവുന്നതാണ്. എന്നാൽ അല്ലാഹുവും നീയും ഇല്ലായിരുന്നെങ്കിൽ എന്ന രൂപത്തിൽ പയുവാൻ പാടില്ല.**

**48- ഇവിടെ (واو، ثم) എന്നിവ തമ്മിലുള്ള വ്യത്യാസം എന്താണ്?**

**ഉത്തരം: ‘വാവ്’ കൊണ്ട് രണ്ട് കാര്യങ്ങൾ കൂട്ടി പറയുകയാണെങ്കിൽ രണ്ട് കാര്യവും ഒരുപോലെയായിരിക്കും. അതുകൊണ്ട് തന്നെ** ماشاء الله وشئت **എന്ന് പറഞ്ഞാൽ അല്ലാഹുവിൻെറ മശീഅത്തും, സൃഷ്ടിയുടെ മശീഅത്തും ഒരു പോലെയായിരിക്കുന്നതാണ്. അത് കൊണ്ട് അങ്ങിനെ പറയുവാൻ പാടില്ല. എന്നാൽ ‘ഥുമ്മ’ എന്ന് പറഞ്ഞ് പറയുകയാണെങ്കിൽ അങ്ങനെയല്ല.** ماشاء الله ثم شئت **എന്ന് പറഞ്ഞാൽ അല്ലാഹുവിൻെറ മശീഅത്തിനോട് ചേർന്ന് വരുന്നതാണ് സൃഷ്ടിയുടെ മശീഅത്ത്, അത് അല്ലാഹുവിൻെറ മശീഅത്തിന് ശേഷമാണ് വരുന്നത്. അല്ലാഹു പറയുന്നു:**

(وَمَا تَشَاءُونَ إِلاَّ أَنْ يَشَاءَ اللَّهُ) (الإنسان:30)

**"അല്ലാഹു ഉദ്ദേശിക്കുന്നതല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നില്ല" (ഇൻസാൻ:30)**

**49- എന്താണ് തൗഹീദുർറുബൂബിയ്യ: (രക്ഷാകർതൃത്വത്തിലുള്ള ഏകത്വം) എന്ന് പറഞ്ഞാൽ?**

**ഉത്തരം: എല്ലാത്തിൻെറയും സൃഷ്ടാവും, ഉടമസ്ഥനും, രക്ഷിതാവും അല്ലാഹുവാണെന്നും, അവയെ മുഴുവനും നിയന്ത്രിക്കുന്നതും, പരിപാലിക്കുന്നതും അവനാണെന്നും, അതിൽ അവന് യാതൊരു പങ്കുകാരും, രക്ഷാധികാരിയുമില്ലെന്നും, അവൻെറ കൽപനകൾ തടയുവാനോ, അവൻ വിധിച്ചതിനെ തടുക്കുവാനോ ആരുമില്ലെന്നും, അവന് വിപരീതമായവനോ, തുല്ല്യനായോ, പേരൊത്തവനോ, അവൻെറ നാമവിശേഷണങ്ങളിലോ അവൻെറ രക്ഷാകർതൃത്വത്തിലോ അവനോട് തർക്കിക്കുവാനോ ആരും തന്നെയില്ലായെന്നും ഹൃദയം അറിഞ്ഞ്കൊണ്ട് ദൃഢമായി വിശ്വസിക്കലാണ് തൗഹീദുർ റുബൂബിയ്യ: എന്ന് പറയുന്നത്. അല്ലാഹു പറയുന്നു:**

(الْحَمْدُ لِلَّهِ الَّذِي خَلَقَ السَّمَوَاتِ وَالأَرْضَ وَجَعَلَ الظُّلُمَاتِ وَالنُّورَ ثُمَّ الَّذِينَ كَفَرُوا بِرَبِّهِمْ يَعْدِلُونَ) (الأنعام:1)

'ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും, ഇരുട്ടുകളും വെളിച്ചവും ഉണ്ടാക്കുകയും ചെയ്ത അല്ലാഹുവിന്നാകുന്നു സ്തുതി. എന്നിട്ടുമതാ സത്യനിഷേധികൾ തങ്ങളുടെ രക്ഷിതാവിന് സമൻമാരെ വെക്കുന്നു' (അൻആം : 1).

(الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ) (الفاتحة:2)

'സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു' (ഫാതിഹ :2).

(قُلْ مَنْ رَبُّ السَّمَوَاتِ وَالأَرْضِ قُلِ اللَّهُ قُلْ أَفَاتَّخَذْتُمْ مِنْ دُونِهِ أَوْلِيَاءَ لاَ يَمْلِكُونَ لأَنفُسِهِمْ نَفْعًا وَلاَ ضَرًّا قُلْ هَلْ يَسْتَوِي الأَعْمَى وَالْبَصِيرُ أَمْ هَلْ تَسْتَوِي الظُّلُمَاتُ



وَالنُّورُ أَمْ جَعَلُوا لِلَّهِ شُرَكَاءَ خَلَقُوا كَخَلْقِهِ فَتَشَابَهَ الْخَلْقُ عَلَيْهِمْ قُلِ اللَّهُ خَالِقُ كُلِّ شَيْءٍ وَهُوَ الْوَاحِدُ الْقَهَّارُ) (الرعد: 16)

'(നബിയേ,)ചോദിക്കുക: ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്? പറയുക: അല്ലാഹുവാണ്. പറയുക: എന്നിട്ടും അവന്നു പുറമെ അവരവർക്കു തന്നെ ഉപകാരമോ ഉപദ്രവമോ ചെയ്യാൻ സ്വാധീനമില്ലാത്ത ചില രക്ഷാധികാരികളെ നിങ്ങൾ സ്വീകരിച്ചിരിക്കുകയാണോ? പറയുക: അന്ധനും കാഴ്ചയുള്ളവനും തുല്യരാകുമോ? അഥവാ ഇരുട്ടുകളും വെളിച്ചവും തുല്യമാകുമോ? അതല്ല, അല്ലാഹുവിന് പുറമെ അവർ പങ്കാളികളാക്കി വെച്ചവർ,അവൻ സൃഷ്ടിക്കുന്നത് പോലെത്തന്നെ സൃഷ്ടി നടത്തിയിട്ട്(ഇരു വിഭാഗത്തിന്റെയും)സൃഷ്ടികൾ അവർക്ക് തിരിച്ചറിയാതാവുകയാണോ ഉണ്ടായത്? പറയുക: അല്ലാഹുവത്രെ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ്. അവൻ ഏകനും സർവ്വാധിപതിയുമാകുന്നു'(റഅ്ദ്:16)

(اللَّهُ الَّذِي خَلَقَكُمْ ثُمَّ رَزَقَكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ هَلْ مِنْ شُرَكَائِكُمْ مَنْ يَفْعَلُ مِنْ ذَلِكُمْ مِنْ شَيْءٍ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ) (الروم: 40)

'അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ടവൻ നിങ്ങൾക്ക് ഉപജീവനം നൽകി. പിന്നെ നിങ്ങളെ അവൻ മരിപ്പിക്കുന്നു. പിന്നീട് അവൻ നിങ്ങളെ ജീവിപ്പിക്കുകയും ചെയ്യും. അതിൽ പെട്ട ഏതെങ്കിലും ഒരു കാര്യം ചെയ്യുന്ന വല്ലവരും നിങ്ങൾ പങ്കാളികളാക്കിയവരുടെ കൂട്ടത്തിലുണ്ടോ? അവൻ എത്രയോ പരിശുദ്ധൻ. അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു' (റൂം:30).

(هَذَا خَلْقُ اللَّهِ فَأَرُونِي مَاذَا خَلَقَ الَّذِينَ مِنْ دُونِهِ) (لقمان:11)

'ഇതൊക്കെ അല്ലാഹുവിന്റെ സൃഷ്ടിയാകുന്നു. എന്നാൽ അവന്നു പുറമെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളത് എന്താണെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ' (ലുഖ്മാൻ:11).

(أَمْ خُلِقُوا مِنْ غَيْرِ شَيْءٍ أَمْ هُمُ الْخَالِقُونَ * أَمْ خَلَقُوا السَّمَوَاتِ وَالأَرْضَ بَل لاَ يُوقِنُونَ) (الطور:35- 36)

‘അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല’ (തൂർ: 35–36).

(رَبُّ السَّمَوَاتِ وَالأَرْضِ وَمَا بَيْنَهُمَا فَاعْبُدْهُ وَاصْطَبِرْ لِعِبَادَتِهِ هَلْ تَعْلَمُ لَهُ سَمِيًّا)

(مريم: **65**)

‘ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?’ (മർയം:65)

(لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ البَصِيرُ) (الشورى: **11**)

‘അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു’ (ശൂറാ:11).

(وَقُلْ الْحَمْدُ لِلَّهِ الَّذِي لَمْ يَتَّخِذْ وَلَدًا وَلَمْ يَكُنْ لَهُ شَرِيكٌ فِي الْمُلْكِ وَلَمْ يَكُنْ لَهُ وَلِيٌّ مِنْ الذُّلِّ وَكَبِّرْهُ تَكْبِيرًا) (الإسراء:**111**)

‘സന്താനത്തെ സ്വീകരിച്ചിട്ടില്ലാത്തവനും, ആധിപത്യത്തിൽ പങ്കാളിയില്ലാത്തവനും നിന്ദ്യതയിൽ നിന്ന് രക്ഷിക്കാൻ ഒരു രക്ഷകൻ ആവശ്യമില്ലാത്തവനുമായ അല്ലാഹുവിന് സ്തുതി! എന്ന് നീ പറയുകയും അവനെ ശരിയാംവണ്ണം മഹത്വപ്പെടുത്തുകയും ചെയ്യുക’ (ഇസ്രാഅ്:111).

(قُلْ ادْعُوا الَّذِينَ زَعَمْتُمْ مِنْ دُونِ اللَّهِ لاَ يَمْلِكُونَ مِثْقَالَ ذَرَّةٍ فِي السَّمَوَاتِ وَلاَ فِي الأَرْضِ وَمَا لَهُمْ فِيهِمَا مِنْ شِرْكٍ وَمَا لَهُ مِنْهُمْ مِنْ ظَهِيرٍ * وَلاَ تَنفَعُ الشَّفَاعَةُ عِنْدَهُ إِلاَّ لِمَنْ أَذِنَ لَهُ حَتَّى إِذَا فُزِّعَ عَنْ قُلُوبِهِمْ قَالُوا مَاذَا قَالَ رَبُّكُمْ قَالُوا الْحَقَّ وَهُوَ الْعَلِيُّ الْكَبِيرُ) (سبأ:**22–23**)



‘പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചു കൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർത്ഥിച്ച് നോക്കുക. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല. ആർക്കു വേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ പ്രയോജനപ്പെടുകയുമില്ല. അങ്ങനെ അവരുടെ ഹൃദയങ്ങളിൽ നിന്ന് പരിഭ്രമം നീങ്ങി കഴിയുമ്പോൾ അവർ ചോദിക്കും; നിങ്ങളുടെ രക്ഷിതാവ് എന്താണു പറഞ്ഞതെന്ന് അവർ മറുപടി പറയും: സത്യമാണ് (അവൻ പറഞ്ഞത്) അവൻ ഉന്നതനും മഹാനുമാകുന്നു’ (സബഅ്:22–23).

**50- തൗഹീദുർറുബൂബിയ്യയുടെ വിപരീതം എന്താണ്?**

**ഉത്തരം: പ്രപഞ്ചത്തെ നിയന്ത്രിക്കുന്നതിലോ, നശിപ്പിക്കുന്നതിലോ, സൃഷ്ടിക്കുന്നതിലോ, ജീവിപ്പിക്കുന്നതിലോ, മരിപ്പിക്കുന്നതിലോ, നന്മ നൽകുന്നതിലോ, തിന്മയെ തടുക്കുന്നതിലോ, ഇതുപോലെയുള്ള മറ്റു കാര്യങ്ങളിലോ അല്ലാഹുവിനോടൊപ്പം മറ്റുള്ളവർക്കും പങ്കുണ്ടെന്ന് വിശ്വസിക്കുകയോ, അല്ലെങ്കിൽ അല്ലാഹുവിൻെറ നാമവിശേഷണങ്ങളുടെ തേട്ടങ്ങൾക്കനുസരിച്ച് വരുന്ന അദൃശ്യം അറിയുക, മഹത്വം, ഉന്നതി പോലെയുള്ളതിൽ അല്ലാഹുവിന് ഒരു എതിരാളിയുണ്ടെന്ന് വിശ്വസിക്കലാണ് തൗഹീദുർറുബൂബിയ്യയുടെ വിപരീതം. അല്ലാഹു പറയുന്നു:**

(مَا يَفْتَحِ اللَّهُ لِلنَّاسِ مِنْ رَحْمَةٍ فَلاَ مُمْسِكَ لَهَا وَمَا يُمْسِكْ فَلاَ مُرْسِلَ لَهُ مِنْ بَعْدِهِ وَهُوَ الْعَزِيزُ الْحَكِيمُ * يَاأَيُّهَا النَّاسُ اذْكُرُوا نِعْمَةَ اللَّهِ عَلَيْكُمْ هَلْ مِنْ خَالِقٍ غَيْرُ اللَّهِ يَرْزُقُكُمْ مِنَ السَّمَاءِ وَالأَرْضِ) (فاطر:**2–3**)

‘അല്ലാഹു മനുഷ്യർക്ക് വല്ല കാരുണ്യവും തുറന്നുകൊടുക്കുന്ന പക്ഷം അത് പിടിച്ച് വെക്കാനാരുമില്ല. അവൻ വല്ലതും പിടിച്ച് വെക്കുന്ന പക്ഷം അതിന് ശേഷം അത് വിട്ടുകൊടുക്കാനും ആരുമില്ല. അവനത്രെ പ്രതാപിയും യുക്തിമാനും. മനുഷ്യരേ, അല്ലാഹു നിങ്ങൾക്ക് ചെയ്ത അനുഗ്രഹം നിങ്ങൾ ഓർമിക്കുക. ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നിങ്ങ

ൾക്ക് ഉപജീവനം നൽകാൻ അല്ലാഹുവല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ?' (ഫാത്വിർ:2–3)

(وَإِنْ يَمْسَسْكَ اللّٰهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلاَّ هُوَ وَإِنْ يُـرِدْكَ بِخَـيْرٍ فَـلاَ رَادَّ لِفَضْـلِهِ)

(يونس:**107**)

'നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്നപക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല'(യൂനുസ്:107)

(قُلْ أَفَرَأَيْتُمْ مَا تَدْعُونَ مِنْ دُونِ اللّٰهِ إِنْ أَرَادَنِي اللّٰهُ بِضُرٍّ هَلْ هُنَّ كَاشِفَاتُ ضُرِّهِ أَوْ أَرَادَنِي بِرَحْمَةٍ هَلْ هُنَّ مُمْسِكَاتُ رَحْمَتِهِ قُلْ حَسْبِيَ اللّٰهُ عَلَيْهِ يَتَوَكَّلُ الْمُتَوَكِّلُونَ)(الزمر:**38**)

'അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? എനിക്ക് വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് അവന്റെ ഉപദ്രവം നീക്കം ചെയ്യാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ അനുഗ്രഹം പിടിച്ചു വെക്കാനാകുമോ? പറയുക: എനിക്ക് അല്ലാഹു മതി. അവന്റെ മേലാകുന്നു ഭരമേൽപിക്കുന്നവർ ഭരമേൽപിക്കുന്നത്' (സുമർ:38).

(وَعِنْدَهُ مَفَاتِحُ الْغَيْبِ لاَ يَعْلَمُهَا إِلاَّ هُوَ)( الأنعام:**59**)

'അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല' (അൻആം:59).

(قُلْ لاَ يَعْلَمُ مَنْ فِي السَّمَوَاتِ وَالأَرْضِ الْغَيْبَ إِلاَّ اللّٰهُ) (النمل:**65**)

'(നബിയേ,) പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യ കാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ' (നംല്:65).

(وَلاَ يُحِيطُونَ بِشَيْءٍ مِنْ عِلْمِهِ إلاَّ بِمَا شَاءَ) (البقرة:**255**)

'അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല' (അൽബഖറ:255).



അല്ലാഹു പറയുന്നതായി പ്രവാചകൻ(ﷺ) പറയുന്നു:

(العظمة إزاري والكبرياء ردائي فمن نازعني واحدا منهما أسكنته ناري)

(مسلم)

"ഉന്നതി എന്റെ വസ്ത്രമാണ്, അഹങ്കാരം എന്റെ തട്ടവുമാണ്, ആരെങ്കിലും അതിൽ ഏതെങ്കിലുമൊന്നിൽ തർക്കിക്കുകയാണെങ്കിൽ അവനെ എന്റെ തീയിൽ താമസിപ്പിക്കുന്നതാണ്" (മുസ്ലിം).

**51- 'തൗഹീദുൽ അസ്മാഇ വസ്സിഫാത്ത്' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?**

ഉത്തരം: അല്ലാഹു അവന്റെ വിശുദ്ധഖുർആനിലോ, പ്രവാചകൻ(ﷺ) തന്റെ തിരുസുന്നത്തിലോ പരിചയപ്പെടുത്തി തന്ന നാമങ്ങളും, വിശേഷണങ്ങളും അല്ലാഹുവിനുണ്ടെന്ന് വിശ്വസിക്കലാണത്. അല്ലാഹുവിൽ വന്നത് പോലെ യാതൊരു രൂപ സാദൃശ്യവും നൽകാതെ അങ്ങനെ തന്നെ വിശ്വസിക്കേണ്ടതാണ്. അല്ലാഹു പറയുന്നു:

(يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يُحِيطُونَ بِهِ عِلْمًا) (طه: **110**)

'അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അവർക്കാകട്ടെ അതിനെപ്പറ്റിയൊന്നും പരിപൂർണ്ണമായി അറിയാനാവുകയില്ല' (ത്വാഹാ:110).

(لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ البَصِيرُ) ( الشورى: **11**)

"അവന്ന് തുല്ല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും, കേൾക്കുന്നവനുമാകുന്നു" (ശൂറാ- 11)

(لاَ تُدْرِكُهُ الأَبْصَارُ وَهُوَ يُدْرِكُ الأَبْصَارَ وَهُوَ اللَّطِيفُ الْخَبِيرُ) (الأنعام:**103**)

'കണ്ണുകൾ അവനെ കണ്ടെത്തുകയില്ല. കണ്ണുകളെ അവൻ കണ്ടെത്തുകയും ചെയ്യും. അവൻ സൂക്ഷ്മജ്ഞാനിയും അഭിജ്ഞനുമാകുന്നു' (അൻആം : 103).

ഇമാം തിർമിദി ഉദ്ദരിക്കുന്നതായി കാണാം. മക്കയിലെ മുശ്രിക്കുക ൾ പ്രവാചക(ﷺ)നോട് അല്ലാഹുവിൻെറ പിതൃപരമ്പരയെ സംബന്ധിച്ച് പ റയുവാൻ പറഞ്ഞപ്പോൾ അല്ലാഹു ആയത്തിറക്കുകയാണ്.

(قُلْ هُوَ اللَّهُ أَحَدٌ * اللَّهُ الصَّمَدُ * لَمْ يَلِدْ وَلَمْ يُولَدْ) (الإخلاص: **1-3**)

**"(നബിയെ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. (സൂറത്തുൽ ഇഖ്ലാസ്:1-3)**

**കാരണം ജനിക്കുന്നവരൊക്കെ മരിക്കുന്നവരാണ്, മരിക്കുന്നവരെല്ലാം തന്നെ അനന്തരമെടുക്കുന്നവരാണ്, അതുകൊണ്ട് തന്നെ അല്ലാഹു മരിക്കുകയോ, അനന്തരമെടുക്കുകയോ ചെയ്യില്ല.**

(وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ) (الإخلاص:**4**)

**"അവന് തുല്യനായി ആരും ഇല്ലതാനും (സൂറത്തുൽ ഇഖ്ലാസ്:4) അതായത് അവന് തുല്ല്യമായിട്ടോ, പകരമായിട്ടോ യാതൊന്നുമില്ല, അവനെ പോലെ യാതൊന്നുമില്ല.**

**52- അല്ലാഹുവിൻെറ ഭംഗിയുള്ള നാമങ്ങൾക്ക് ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും തെളിവ് പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

(وَلِلَّهِ الْأَسْمَاءُ الْحُسْنَى فَادْعُوهُ بِهَا وَذَرُوا الَّذِينَ يُلْحِدُونَ فِي أَسْمَائِهِ)

(الأعراف:**180**)

'അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക, അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക' (അഅ്റാഫ്:180).

(قُلِ ادْعُوا اللَّهَ أَوِ ادْعُوا الرَّحْمَنَ أَيًّا مَا تَدْعُوا فَلَهُ الْأَسْمَاءُ الْحُسْنَى) (الإسراء:**110**)



'(നബിയേ,) പറയുക: നിങ്ങൾ അല്ലാഹു എന്ന് വിളിച്ചുകൊള്ളുക. അല്ലെങ്കിൽ 'റഹ്മാൻ' എന്ന് വിളിച്ചുകൊള്ളുക. ഏതു തന്നെ നിങ്ങൾ വിളിക്കുകയാണെങ്കിലും അവന്നുള്ളതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ' (ഇസ്രാഅ്:110).

(اللَّهُ لَا إِلَهَ إِلَّا هُوَ لَهُ الْأَسْمَاءُ الْحُسْنَى) (طه: **8**)

'അല്ലാഹു–അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റേതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ' (ത്വാഹാ:8)..

**പ്രവാചകൻ(ﷺ) പറയുന്നു:**

(إِنَّ لِلَّهِ تِسْعَةً وَتِسْعِينَ اسْمًا مِائَةً إِلَّا وَاحِدًا مَنْ أَحْصَاهَا دَخَلَ الْجَنَّةَ) (بخاري ومسلم)

**"തീർച്ചയായും അല്ലാഹുവിന് തൊണ്ണൂറ്റി ഒൻപത് നാമങ്ങളുണ്ട്, നൂറിന് ഒന്ന് കുറവ്, ആരെങ്കിലും അത് എണ്ണി കണക്കാക്കുകയാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്"(മുസ്ലിം). തിരുമേനി വീണ്ടും പറയുന്നു:**

(أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ أَوْ أَنْزَلْتَهُ فِي كِتَابِكَ أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ أَوِ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي ...) (أحمد)

**"അല്ലാഹുവെ, നീ സ്വയം തന്നെ നിനക്ക് പേര് വെച്ച എല്ലാ നാമങ്ങൾ കൊണ്ടും, അല്ലെങ്കിൽ നീ നിൻെറ ഗ്രന്ഥത്തിൽ ഇറക്കിയ മുഴുവൻ നാമങ്ങൾ കൊണ്ടും, അതല്ലങ്കിൽ നീ നിൻെറ സൃഷ്ടികളിൽ പെട്ട ഒരുവനിലൂടെ പഠിപ്പിക്കപ്പെട്ട മുഴുവൻ നാമങ്ങൾ കൊണ്ടും, അതുപോലെ നീ നിൻെറ അദൃശ്യ ജ്ഞാനത്തിൽ മറച്ച് വെച്ചിട്ടുള്ള മുഴുവൻ നാമങ്ങൾ കൊണ്ടും ഞാൻ നിന്നോട് ചോദിക്കുന്നു..." (അഹ്മദ്).**

**53- അല്ലാഹുവിൻെറ ഭംഗിയുള്ള നാമങ്ങൾക്ക് വിശുദ്ധ ഖുർആനിൽ നിന്നും ഉദാഹരണം പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

(إِنَّ اللَّهَ كَانَ عَلِيًّا كَبِيرًا) (النساء:**34**)

‘തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു’ (നിസാഅ്:34).

(إِنَّ اللَّهَ كَانَ لَطِيفًا خَبِيرًا) (الأحزاب: **34**)

‘തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു’ (അഹ്സാബ്:34).

(إِنَّ اللَّهَ كَانَ عَلِيمًا حَكِيمًا) (النساء: **11**)

‘തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു’ (നിസാഅ്:11).

(إِنَّ اللَّهَ كَانَ سَمِيعًا بَصِيرًا) (النساء: **58**)

‘തീർച്ചയായും എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു അല്ലാഹു ’ (നിസാഅ്:58).

(إِنَّ اللَّهَ كَانَ عَزِيزًا حَكِيمًا) (النساء: **56**)

‘തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിമാനുമാകുന്നു’ (നിസാഅ് :56).

(إِنَّ اللَّهَ كَانَ غَفُورًا رَحِيمًا) (النساء:**23**)

‘തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു’ (നിസാഅ്:23).

(إِنَّهُ بِهِمْ رَءُوفٌ رَحِيمٌ) (التوبة:**117**)

‘തീർച്ചയായും അവൻ അവരോട് ഏറെ കൃപയുള്ളവനും കരുണാനിധിയുമാകുന്നു’ (തൗബ:117).

(وَاللَّهُ غَنِيٌّ حَلِيمٌ) (البقرة: **263**)

‘അല്ലാഹു പരാശ്രയം ആവശ്യമില്ലാത്തവനും സഹനശീലനുമാകുന്നു.’ (അൽബഖറ:263)

(إِنَّهُ حَمِيدٌ مَجِيدٌ) (هود: **73**)

‘തീർച്ചയായും അവൻ സ്തുത്യർഹനും മഹത്വമേറിയവനും ആകുന്നു’ (ഹൂദ്:73).



(وَاللَّهُ عَلَى كُلِّ شَيْءٍ قَدِيرٌ) (البقرة:**284**)

‘അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു’ . (അൽബഖറ:284)

(إِنَّ رَبِّي قَرِيبٌ مُجِيبٌ) (هود: **61**)

‘തീർച്ചയായും എന്റെ രക്ഷിതാവ് അടുത്തു തന്നെയുള്ളവനും (പ്രാർത്ഥനക്ക്) ഉത്തരം നൽകുന്നവനുമാകുന്നു’ (ഹൂദ്:61).

(إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا) (النساء: **1**)

‘തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നവനാകുന്നു’ (നിസാഅ്:1).

(وَكَفَى بِاللَّهِ وَكِيلاً) (النساء:**81**)

‘ഭരമേൽപിക്കപ്പെടുന്നവനായി അല്ലാഹു മതി’ (നിസാഅ്:81).

(وَكَفَى بِاللَّهِ حَسِيبًا) (النساء: **6**)

‘കണക്കു നോക്കുന്നവനായി അല്ലാഹു തന്നെ മതി’ (നിസാഅ്:6).

(وَكَانَ اللَّهُ عَلَى كُلِّ شَيْءٍ مُقِيتًا) (النساء: **85**)

‘അല്ലാഹു എല്ലാകാര്യങ്ങളുടെയും മേൽനോട്ടം വഹിക്കുന്നവനാകുന്നു’ (നിസാഅ്:85).

(أَنَّهُ عَلَى كُلِّ شَيْءٍ شَهِيدٌ) (فصلت:**53**)

‘നിന്റെ രക്ഷിതാവ് ഏത് കാര്യത്തിനും സാക്ഷിയാണ് എന്നതു തന്നെ മതിയായതല്ലേ?’ (ഫുസ്സിലത്ത്:53)

(إِنَّهُ بِكُلِّ شَيْءٍ مُحِيطٌ) (فصلت:**54**)

‘തീർച്ചയായും അവൻ ഏതൊരു വസ്തുവിനെയും വലയം ചെയ്തിട്ടുള്ളവനാകുന്നു.’ (ഫുസ്സിലത്ത്:54)

(اللَّهُ لاَ إِلَهَ إِلاَّ هُوَ الْحَيُّ الْقَيُّومُ) (البقرة:**255**)

‘അല്ലാഹു–അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ.’ (അൽബഖറ:255)

(هُوَ الأَوَّلُ وَالآخِرُ وَالظَّاهِرُ وَالْبَاطِنُ وَهُوَ بِكُلِّ شَيْءٍ عَلِيمٌ) (الحديد: **3**)

'അവൻ ആദിയും അന്തിമനും പ്രത്യക്ഷമായവനും പരോക്ഷമായവനുമാണ്. അവൻ സർവ്വകാര്യങ്ങളെക്കുറിച്ചും അറിവുള്ളവനുമാണ്' (ഹദീദ്:1)

(هُوَ اللَّهُ الَّذِي لاَ إِلَهَ إِلاَّ هُوَ عَالِمُ الْغَيْبِ وَالشَّهَادَةِ هُوَ الرَّحْمَنُ الرَّحِيمُ * هُوَ اللَّهُ الَّذِي لاَ إِلَهَ إِلاَّ هُوَ الْمَلِكُ الْقُدُّوسُ السَّلاَمُ الْمُؤْمِنُ الْمُهَيْمِنُ الْعَزِيزُ الْجَبَّارُ الْمُتَكَبِّرُ سُبْحَانَ اللَّهِ عَمَّا يُشْرِكُونَ * هُوَ اللَّهُ الْخَالِقُ الْبَارِئُ الْمُصَوِّرُ لَهُ الأَسْمَاءُ الْحُسْنَى ) (الحشر: **22-24**)

'താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു. താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ! സ്രഷ്ടാവും നിർമാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്' (ഹശ്ർ:22–24).

**54- അല്ലാഹുവിൻെറ ഭംഗിയുള്ള നാമങ്ങൾക്ക് തിരുസുന്നത്തിൽ നിന്നും ഉദാഹരണം പറയുക?**

**ഉത്തരം: പ്രവാചകൻ(ﷺ) പറയുന്നു:**

( لاَ إِلَهَ إِلاَّ اللَّهُ الْعَلِيمُ الْحَلِيمُ لاَ إِلَهَ إِلاَّ اللَّهُ رَبُّ الْعَرْشِ الْعَظِيمِ لاَ إِلَهَ إِلاَّ اللَّهُ رَبُّ السَّمَوَاتِ وَرَبُّ الأَرْضِ رَبُّ الْعَرْشِ الْكَرِيمِ ) (بخاري ومسلم)



**"സഹന ശീലനും, ഉന്നതനുമായ അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ല, മഹത്തായ സിംഹാസനത്തിൻെറ ഉടമസ്ഥനായ അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ല, ഉന്നതമായ സിംഹാസനത്തിൻെറ ഉടമസ്ഥനും, ഭൂമിയുടെ ഉടമസ്ഥനും, ആകാശങ്ങളുടെ ഉടമസ്ഥനുമായി അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ല" (ബുഖാരി, മുസ്‌ലിം).**

**തിരുമേനി(ﷺ) പ്രാർത്ഥിക്കുന്നു:**

(لَكَ الْحَمْدَ لاَ إِلَهَ إِلاَّ أَنْتَ الْمَنَّانُ يَا بَدِيعَ السَّمَوَاتِ وَالأَرْضِ يَا ذَا الْجَلاَلِ وَالإِكْرَامِ يَا حَيُّ يَا قَيُّومُ ...) (أحمد)

**"നിനക്കാണ് സ്തുതികളഖിലവും, എല്ലാം നിയന്ത്രിക്കുന്നവനും, എന്നെന്നും ജീവിച്ചിരിക്കുന്നവനും, ഔദാര്യവാനും, മഹത്വമുള്ളവനും, ആകാശഭൂമികളെ പടച്ചവനുമായവനെ യഥാർത്ഥത്തിൽ നീയല്ലാതെ ആരാധനക്കർഹനില്ല...." (അഹ്മദ്).**

**പ്രവാചകൻ(ﷺ) പറയുന്നു:**

( بِسْمِ اللَّهِ الَّذِي لاَ يَضُرُّ مَعَ اسْمِهِ شَيْءٌ فِي الأَرْضِ وَلاَ فِي السَّمَاءِ وَهُوَ السَّمِيعُ الْعَلِيمُ ) (أبوداود)

**"ആകാശങ്ങളിലും, ഭൂമിയിലും അല്ലാഹുവിൻെറ നാമത്തോടൊപ്പം യാതൊന്നും ഉപദ്രവമേൽക്കാത്ത, അല്ലാഹുവിൻെറ നാമത്തിൽ ഞാൻ തുടങ്ങുന്നു, അവൻ എല്ലാം കേൾക്കുകയും, അറിയുന്നവനുമാകുന്നു" (അബൂദാവൂദ്).**

**തിരുമേനി(ﷺ) പ്രാർത്ഥിക്കുന്നു:**

(اللَّهُمَّ عَالِمَ الْغَيْبِ وَالشَّهَادَةِ فَاطِرَ السَّمَوَاتِ وَالأَرْضِ رَبَّ كُلِّ شَيْءٍ وَمَلِيكَهُ ) (ترمذي)

**"ദൃശ്യവും, അദൃശ്യവും അറിയുന്നവനായ അല്ലാഹുവെ, ആകാശഭൂമികളെ സൃഷ്ടിച്ചവനെ, എല്ലാത്തിൻെറയും രക്ഷിതാവും, ഉടമസ്ഥനുമായവനെ" (തിർമിദി).**

തിരുമേനി(ﷺ) പറയുന്നു:

(اللَّهُمَّ رَبَّ السَّمَوَاتِ وَرَبَّ الأَرْضِ وَرَبَّ الْعَرْشِ الْعَظِيمِ رَبَّنَا وَرَبَّ كُلِّ شَيْءٍ فَالِقَ الْحَبِّ وَالنَّوَى وَمُنْزِلَ التَّوْرَاةِ وَالإِنْجِيلِ وَالْفُرْقَانِ أَعُوذُ بِكَ مِنْ شَرِّ كُلِّ شَيْءٍ أَنْتَ آخِذٌ بِنَاصِيَتِهِ اللَّهُمَّ أَنْتَ الأَوَّلُ فَلَيْسَ قَبْلَكَ شَيْءٌ وَأَنْتَ الآخِرُ فَلَيْسَ بَعْدَكَ شَيْءٌ وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ اقْضِ عَنَّا الدَّيْنَ وَأَغْنِنَا مِنَ الْفَقْرِ ...) (مسلم)

“ആകാശങ്ങളുടെ ഉടമസ്ഥനും, ഭൂമിയുടെ ഉടമസ്ഥനും, ഉന്നതമായ സിംഹാനസത്തിന്റെ ഉടമസ്ഥനും, ഞങ്ങളുടെ രക്ഷിതാവും, എല്ലാത്തിന്റെയും രക്ഷിതാവും, ധാന്യത്തെയും, കൃഷികളെയും മുളപ്പിക്കുന്നവനും, ഖുർആനും, ഇഞ്ചീലും, തൗറാത്തും ഇറക്കിയവനുമായവനായ അല്ലാഹുവെ, എല്ലാത്തിന്റെയും ബുദ്ധിമുട്ടുകളിൽ നിന്ന് ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു, നീയാണ് അതിന്റെയെല്ലാം നെറുകയിൽ പിടിക്കുന്നവൻ, അല്ലാഹുവെ നീയാണ് ആദ്യമുള്ളവൻ നിനക്ക് മുമ്പ് യാതൊന്നും തന്നെയില്ല, നീയാണ് അവസാനമായുള്ളവൻ നിനക്ക് ശേഷം യാതൊന്നും തന്നെയില്ല, നീയാണ് പ്രകടമായിട്ടുള്ളവൻ നിനക്ക് മുകളിൽ യാതൊന്നും തന്നെയില്ല, നീയാണ് അദൃശ്യമായിട്ടുള്ളവൻ നിനക്ക് താഴെ യാതൊന്നും തന്നെയില്ല, ഞങ്ങളുടെ കടം നീ തീർക്കേണമേ, ദാരിദ്രത്തിൽ നിന്ന് ഞങ്ങൾക്ക് ഐശ്വര്യം നൽകേണമേ” (മുസ്ലിം)

തിരുമേനി(ﷺ) വീണ്ടും പറയുന്നത് നോക്കുക:

(اللَّهُمَّ لَكَ الْحَمْدُ أَنْتَ نُورُ السَّمَوَاتِ وَالأَرْضِ وَمَنْ فِيهِنَّ وَلَكَ الْحَمْدُ أَنْتَ قَيِّمُ السَّمَوَاتِ وَالأَرْضِ وَمَنْ فِيهِنَّ ...) (بخاري ومسلم)

“അല്ലാഹുവെ നിനക്കാണ് സർവ്വ സ്തുതിയും, നീയാണ് ആകാശഭൂമികളുടെയും, അതിലുള്ളവയുടെയും പ്രകാശം, നിനക്കാണ് സ്തുതികളഖിലവും,



നീയാണ് ആകാശഭൂമികളെയും അതിലുള്ളവയെയും നിയന്ത്രിക്കുന്നത്” (ബുഖാരി, മുസ്ലിം).

റസൂലുല്ലാഹി(ﷺ) പ്രാർത്ഥിക്കുന്നു:

(... اللَّهُمَّ إِنِّي أَسْأَلُكَ أَنِّي أَشْهَدُ أَنَّكَ أَنْتَ اللهُ لاَ إِلَهَ إِلاَّ أَنْتَ الأَحَدُ الصَّمَدُ الَّذِي لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ ...) (أبوداود)

“അല്ലാഹുവെ, ഞാൻ നിന്നോട് ചോദിക്കുന്നു, ജനിക്കുകയോ, ജനിപ്പിക്കുകയോ ചെയ്യാത്തവനും, തുല്ല്യനായി യാതൊന്നും തന്നെയില്ലാത്തവനുമായ നീ ഒരുവനും, നിരാശ്രയനുമായ നീയല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി ആരും തന്നെയില്ലാത്ത അല്ലാഹു നീയാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു...” (അബൂദാവൂദ്)

തിരുമേനി(ﷺ) പറയുന്നു: (يَا مُقَلِّبَ الْقُلُوبِ) (بخاري)

“ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനെ...” (ബുഖാരി)

ഇത്പോലെ ഒട്ടനവധി ഹദീസുകൾ നമുക്ക് പ്രവാചകൻ(ﷺ)യുടെ തിരുമൊഴികളിൽ കാണാവുന്നതാണ്.

**55- അല്ലാഹുവിന്റെ ഭംഗിയുള്ള നാമങ്ങൾ സൂചിപ്പിക്കുന്ന കാര്യങ്ങൾ എത്രയാണ്?**

ഉത്തരം: അത് മൂന്ന് ഇനങ്ങളാണ്. ഒന്ന്: അല്ലാഹുവിന്റെ ദാത്തിനെ സൂചിപ്പിക്കുന്നത്, രണ്ട്: ആ നാമങ്ങൾ ഉൾകൊള്ളുന്ന വിശേഷണങ്ങളെ സൂചിപ്പിക്കുന്നത്, മൂന്ന്: ഒരു നാമം നൽകുമ്പോൾ അനിവാര്യമായും ഉണ്ടായിരിക്കേണ്ട വിശേഷണങ്ങളെ സൂചിപ്പിക്കുന്നത്.

**56- ഇതിനുള്ള ഉദാഹരണം വ്യക്തമാക്കുക?**

ഉത്തരം: അല്ലാഹുവിന്റെ നാമങ്ങളായ الرحمن الرحيم എന്നത് ഈ പേരുള്ള ദാത്തിനെ സൂചിപ്പിക്കുന്നു, അതായത് അല്ലാഹുവിനെ സൂചിപ്പിക്കുന്നു.

**അതുപോലെ ഈ നാമം ഉൾകൊള്ളുന്ന** (الرحمة)**'കാരുണ്യം' എന്ന വിശേഷണം അല്ലാഹുവിനുണ്ടെന്നും സൂചിപ്പിക്കുന്നു. അതുപോലെ ഈ നാമങ്ങൾ ഉൾകൊള്ളാത്തതും, എന്നാൽ അനിവാര്യമായും ഉണ്ടാവേണ്ടതുമായ ജീവിതം, കഴിവ് പോലെയുള്ള വിശേഷണത്തെയും ഈ നാമങ്ങൾ സൂചിപ്പിക്കുന്നു. ഇങ്ങനെയാണ് അല്ലാഹുവിൻെറ മുഴുവൻ നാമങ്ങളും സൂചിപ്പിക്കുന്നത്. എന്നാൽ ഇതിന് വിപരീതമായിരിക്കും സൃഷ്ടികളുടെ നാമങ്ങൾ, ചിലപ്പോൾ** حكيم **'യുക്തിമാൻ' എന്ന് പേരു വെക്കും പക്ഷേ, അവൻ** جاهل **'വിവരമില്ലാത്തവൻ' ആയിരിക്കും,** حكما **'വിധികർത്താവ്' എന്നായിരിക്കും പേര്, പക്ഷേ, അവൻ** ظالم **'അക്രമി' ആയിരിക്കും,** عزيز **'പ്രതാപവാൻ' എന്ന് പേര് വെക്കും പക്ഷേ, അവൻ** ذليل **'നിന്ദ്യൻ' ആയിരിക്കും,** شريفا **'മാന്യൻ' എന്ന് പേര് വെക്കും പക്ഷേ, അവൻ** وضيع **'നീചൻ' ആയിരിക്കും,** كريما **'ഔദാര്യവാൻ' എന്ന് പേര് വെക്കും പക്ഷേ, അവൻ** لئيم **'അത്യാഗ്രഹി' ആയേക്കും,** صالح **'സദ്‌വൃത്തൻ' എന്ന്പേര് വെക്കും പക്ഷേ, അവൻ** طالح **'ദുർവൃത്തൻ' ആയേക്കും,** سعيد **'സൗഭാഗ്യവാൻ' എന്ന്പേര് വെക്കും, പക്ഷേ, അവൻ** شقي **'ദൗർഭാഗ്യവാൻ' ആയേക്കും,** أسدا **'സിംഹം' എന്ന് പേര് വെക്കും, പക്ഷേ അവൻ** حنظلة **'ആട്ടങ്ങ'യും,** علقمة **'കയ്പുള്ളതും' ആയേക്കും. സൃഷ്ടികളെ വിശേഷിപ്പിക്കുന്നതിനേക്കാളും ഉന്നതനായ അല്ലാഹു അവൻ സ്വയം വിശേഷിപ്പിച്ചത് പോലെയാണ്. അവൻ എത്രയോ പരിശുദ്ധനാകുന്നു, അവനാണ് സ്തുതികളും.**

**57- അല്ലാഹുവിൻെറ ഭംഗിയുള്ള നാമങ്ങൾ ഉൾകൊള്ളുന്ന കാര്യങ്ങൾ എത്ര വിഭാഗമാണ്?**



**ഉത്തരം: ഒന്ന്: ഭംഗിയുള്ള മുഴുവൻ നാമങ്ങളെയും കുറിക്കുന്ന നാമം, അത്** الله **'അല്ലാഹു' എന്ന നാമമാകുന്നു. അതായത് അല്ലാഹു എന്ന് പറഞ്ഞാൽ വിശുദ്ധഖുർആനും തിരുസുന്നത്തും പഠിപ്പിക്കുന്ന മുഴുവൻ നാമങ്ങളെയും അത് കുറിക്കുന്നു. അത്കൊണ്ട് തന്നെ അല്ലാഹുവിൻെറ മുഴുവൻ നാമങ്ങളും ഓരോ വിഷേണത്തെ കുറിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:**

(هُوَ اللهُ الْخَالِقُ الْبَارِئُ الْمُصَوِّرُ) (سورة الحشر:**24**)

'സ്രഷ്ടാവും നിർമാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ' (ഹശ്ർ:24). **ഇത്പോലെയുള്ളതും.**

**രണ്ട്: ആല്ലാഹുവിൻെറ ദാത്തിനെ ഉൾകൊള്ളുന്ന നാമങ്ങൾ. ഉദാഹരണമായി:** السميع **'എല്ലാം കേൾക്കുന്നവൻ' എന്ന നാമം. ഈ നാമം അല്ലാഹുവിൻെറ വിശാലമായ കേൾവിയേ ഉൾകൊള്ളുന്നു. ഗോപ്യവും, പ്രകടവുമായ മുഴുവൻ ശബ്ദങ്ങളെയും കേൾക്കുന്നു. അതുപോലെ അല്ലാഹുവിൻെറ** البصير **'എല്ലാം കാണുന്നവൻ' എന്ന നാമം പ്രകടവും, ഗോപ്യവുമായ മുഴുവൻ കാര്യങ്ങളെയും, വസ്തുക്കളെയും കാണുന്നു എന്നത് കുറിക്കുന്നു.** العليم **എന്ന നാമം എല്ലാത്തിനെയും ചൂഴ്ന്ന് നിൽക്കുന്ന അറിവിനെ കുറിക്കുന്നു.**

(لاَ يَعْزُبُ عَنْهُ مِثْقَالُ ذَرَّةٍ فِي السَّمَوَاتِ وَلاَ فِي الأَرْضِ وَلاَ أَصْغَرُ مِنْ ذَلِكَ وَلاَ أَكْبَرُ) (سبأ:**3**)

'അദൃശ്യകാര്യങ്ങൾ അറിയുന്നവനായ (രക്ഷിതാവ്). ആകാശങ്ങളിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കമുള്ളതോ അതിനെക്കാൾ ചെറുതോ വലുതോ ആയ യാതൊന്നും അവനിൽ നിന്ന് മറഞ്ഞ് പോകുകയില്ല' (സബഅ്:3).

القدير **എന്ന നാമം എല്ലാത്തിനെയും ഉണ്ടാക്കുവാനും, നശിപ്പിക്കുവാനും കഴിയുന്ന പരിപൂർണ കഴിവിനെ സൂചിപ്പിക്കുന്നു. ഇത്പോലെയാണ് മുഴുവൻ നാമങ്ങളും.**

**മൂന്ന്: അല്ലാഹുവിൻെറ പ്രവർത്തനങ്ങളെ കുറിക്കുന്ന വിശേഷണങ്ങൾ ഉൾകൊള്ളുന്നവ. ഉദാഹരണമായി: الخالق 'സൃഷ്ടാവ്', الـرازق 'അന്ന ദാതാവ്' المصور 'രൂപം നൽകുന്നവൻ' പോലെയുള്ള നാമങ്ങൾ.**

**നാല്: മുഴുവൻ ന്യൂനതകളിൽ നിന്നുമുള്ള പരിശുദ്ധിയെ കുറിക്കുന്നത്. ഉദാഹരണമായി: القدوس 'പരമ പരിശുദ്ധൻ' السلام 'സമാധാനം നൽകുന്നവൻ' പോലെയുള്ള നാമങ്ങൾ.**

**58- നിരുപാധികമായ അല്ലാഹുവിൻെറ നാമങ്ങളുടെ ഇനങ്ങൾ ഏവ?**

**ഉത്തരം: പേര് മാത്രം നൽകുന്നതും, അതുപോലെ മറ്റുള്ളതിനോടൊപ്പം ചേർക്കുന്നതുമായ നാമങ്ങൾ. അത് ഏത് വിധേനയായാലും പരിപൂർണതയുടെ വിശേഷണമാണ് ഉൾകൊള്ളുന്നത്. ഉദാഹരണമായി: الحي 'എന്നെന്നും ജീവിച്ചിരിക്കുന്നവൻ' القيوم 'എല്ലാം നിയന്ത്രിക്കുന്നവൻ' الأحـد 'ഏകൻ' الصـمـد 'നിരാശ്രയൻ' പോലെയുള്ളവ. അതിൽ പെട്ടതാണ് ഏതെങ്കിലും കാര്യത്തിന് എതിരായി പ്രയോഗിക്കുന്ന നാമങ്ങൾ. ആ നാമങ്ങൾ മാത്രമായി പ്രയോഗിക്കുകയാണെങ്കിൽ പോരായ്മ തോന്നിയേക്കാം. ഉദാഹരണമായി" الضـار النـافع 'ഉപദ്രവം ചെയ്യുന്നവനും, ഉപകാരം ചെയ്യുന്നവനും' الخافض الرافع 'താഴ്ത്തുന്നവനും, ഉയർത്തുന്നവനും' المعطي المانع 'നൽകുന്നവനും, തടയുന്നവനും' المعـز المـذل 'പ്രതാപം നൽകുന്നവനും, നിന്ദ്യത നൽകുന്നവനും' ഇതുപോലെയുള്ള നാമങ്ങൾ. الضـار 'ഉപദ്രവിക്കുന്നവൻ', الخافض 'താഴ്ത്തുന്നവൻ' المـانع 'തടയുന്നവൻ' المـذل 'നിന്ദ്യത നൽകുന്നവൻ' പോലെയുള്ള നാമങ്ങൾ മാത്രമായി നൽകുവാൻ പാടില്ല. ഇതുകൊണ്ട്**



**തന്നെ അല്ലാഹു നൽകിയ വഹ്യുകളിൽ പെട്ട വിശുദ്ധ ഖുർആനിലോ, തിരുസുന്നത്തിലോ ഇങ്ങനെയുള്ള നാമങ്ങൾ മാത്രമായി ഉപയോഗിച്ചതായി ഒരിക്കലും നമുക്ക് കാണാൻ സാധ്യമല്ല. അതുപോലെ തന്നെയാണ് المنتقم 'പ്രതികാരമെടുക്കുന്നവൻ' എന്ന അല്ലാഹുവിൻെറ നാമം. ഉദാഹരണമായി അല്ലാഹു പറയുന്നു:**

(إِنَّا مِنَ الْمُجْرِمِينَ مُنتَقِمُونَ) (السجدة:**22**)

'തീർച്ചയായും അത്തരം കുറ്റവാളികളുടെ പേരിൽ നാം ശിക്ഷാനടപടിയെടുക്കുന്നതാണ്' (സജദഃ: 3).

**അല്ലെങ്കിൽ ذو 'ഉള്ള' എന്ന അവ്യയം ചേർത്ത്കൊണ്ട് നൽകുക. അല്ലാഹു പറയുന്നു:**

(وَاللَّهُ عَزِيزٌ ذُو انْتِقَامٍ) (آل عمران:**4**)

'അല്ലാഹു പ്രതാപിയും ശിക്ഷാനടപടി സ്വീകരിക്കുന്നവനുമാകുന്നു' (ആലു ഇംറാൻ:4).

**59- അല്ലാഹുവിൻെറ വിശേഷണങ്ങൾ ദാതിയ:യാതും, ഫിഅ്ലിയ: യാതും ഉണ്ടെന്ന് പറഞ്ഞല്ലോ, എങ്കിൽ ദാതിയ:യായ വിശേഷണങ്ങൾക്ക് ഖുർആനിൽ നിന്ന് ഉദാഹരണം പറയുക?**

**ഉത്തരം:**

(بَلْ يَدَاهُ مَبْسُوطَتَانِ) (المائدة:**64**)

**"അല്ല, അവൻെറ ഇരു കൈകളും നിവർത്തപ്പെട്ടവയാകുന്നു" (മാഇദ:64)**

(كُلُّ شَيْءٍ هَالِكٌ إِلاَّ وَجْهَهُ) (القصص:**88**)

'അവന്റെ തിരുമുഖം ഒഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതാണ' (ഖസസ്:88).

(وَيَبْقَى وَجْهُ رَبِّكَ ذُو الْجَلاَلِ وَالإِكْرَامِ) (الرحمن:**27**)

‘മഹത്വവും ഉദാരതയും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ മുഖം അവശേഷിക്കുന്നതാണ്’ (റഹ്മാൻ:27).

(وَلِتُصْنَعَ عَلَى عَيْنِي) (طه: **39**)

‘എന്റെ നോട്ടത്തിലായിക്കൊണ്ട് നീ വളർത്തിയെടുക്കപ്പെടാൻ വേണ്ടിയും കൂടിയാണത്’ (ത്വാഹാ:39).

(أَبْصِرْ بِهِ وَأَسْمِعْ) (الكهف:**26**)

‘അവൻ എത്ര കാഴ്ചയുള്ളവൻ. എത്ര കേൾവിയുള്ളവൻ!’ (അൽ കഹ്ഫ്:26)

(إِنَّنِي مَعَكُمَا أَسْمَعُ وَأَرَى) (طه:**46**)

‘തീർച്ചയായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. ഞാൻ കേൾക്കുകയും കാണുകയും ചെയ്യുന്നു’ (ത്വാഹാ:46).

(يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يُحِيطُونَ بِهِ عِلْمًا) (طه: **110**)

‘അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അവർക്കാകട്ടെ അതിനെപ്പറ്റിയൊന്നും പരിപൂർണ്ണമായി അറിയാനാവുകയില്ല’ (ത്വാഹാ:110).

(وَكَلَّمَ اللَّهُ مُوسَى تَكْلِيمًا) (النساء:**164**)

‘മൂസായോട് അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു’ (നിസാഅ് : 164).

(وَإِذْ نَادَى رَبُّكَ مُوسَى أَنِ ائْتِ الْقَوْمَ الظَّالِمِينَ) (الشعراء: **10**)

‘നിന്റെ രക്ഷിതാവ് മൂസായെ വിളിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ,) നീ ആ അക്രമികളായ ജനങ്ങളുടെ അടുത്തേക്ക് ചെല്ലുക’ (ശുഅറാ:10).

(وَنَادَاهُمَا رَبُّهُمَا أَلَمْ أَنْهَكُمَا عَنْ تِلْكُمَا الشَّجَرَةِ) (الأعراف:**22**)

‘അവർ ഇരുവരെയും വിളിച്ച് അവരുടെ രക്ഷിതാവ് പറഞ്ഞു: ആ വൃക്ഷത്തിൽ നിന്ന് നിങ്ങളെ ഞാൻ വിലക്കിയിട്ടില്ലേ?’ (അഅ്റാഫ്:22)



(وَيَوْمَ يُنَادِيهِمْ فَيَقُولُ مَاذَا أَجَبْتُم الْمُرْسَلِينَ) (القصص: **65**)

‘അവൻ (അല്ലാഹു) അവരെ വിളിക്കുകയും, ദൈവദൂതൻമാർക്ക് എന്ത് ഉത്തരമാണ് നിങ്ങൾ നൽകിയത് എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം. (ശ്രദ്ധേയമാകുന്നു.)’ (ഖസസ്:65).

**60- അല്ലാഹുവിൻെറ ദാതിയ:യായ വിശേഷണങ്ങൾക്ക് പ്രവാചക സുന്നത്തിൽ നിന്ന് ഉദാഹരണം പറയുക?**

**ഉത്തരം: പ്രവാചകൻ(ﷺ) പറയുന്നു:**

( حِجَابُهُ النُّورُ لَوْ كَشَفَهُ لأَحْرَقَ سُبُحَاتُ وَجْهِهِ مَا انْتَهَى إِلَيْهِ بَصَرُهُ مِنْ خَلْقِهِ )

(مسلم)

**“അല്ലാഹുവിൻെറ മറ പ്രകാശമാകുന്നു, അത് വെളിവാക്കുകയാണെങ്കിൽ അവൻെറ മുഖത്തിൻെറ പ്രകാശവും മഹത്വവും കാരണം അവൻെറ നോട്ടം എത്തുന്നത് വരെയുമുള്ള (മുഴുവൻ സൃഷ്ടികളും) അവൻെറ മുഴുവൻ സൃഷ്ടികളും കരിഞ്ഞ് പോകുന്നതാണ്” (മുസ്ലിം).**

**പ്രവാചകൻ(ﷺ) പറയുന്നു:**

( إِنَّ يَمِينَ اللهِ مَلأَى لاَ يَغِيضُهَا نَفَقَةٌ سَحَّاءُ اللَّيْلَ وَالنَّهَارَ أَرَأَيْتُمْ مَا أَنْفَقَ مُنْذُ خَلَقَ السَّمَوَاتِ وَالأَرْضَ فَإِنَّهُ لَمْ يَنْقُصْ مَا فِي يَمِينِهِ وَعَرْشُهُ عَلَى الْمَاءِ وَبِيَدِهِ الأُخْرَى الْفَيْضُ أَوِ الْقَبْضُ يَرْفَعُ وَيَخْفِضُ ) (بخاري ومسلم)

**“അല്ലാഹുവിൻെറ വലത് കൈ നിറഞ്ഞതാണ്, രാവും പകലുമായി ധാരാളം ചിലവഴിച്ചിട്ടും അതിൽ നിന്ന് യാതൊന്നും കുറഞ്ഞ്പോകുന്നില്ല, ആകാശ ഭൂമികൾ സൃഷ്ടിച്ചത് മുതൽ ചിലവഴിച്ചിട്ടും അവൻെറ വലത് കയ്യിൽ നിന്ന് യാതൊന്നും കുറഞ്ഞ് പോയിട്ടില്ല, അല്ലാഹുവിൻെറ സിംഹാസനം വെള്ളത്തിന്മേലാകുന്നു, അവൻെറ അടുത്ത കയ്യിലാണ് മരിപ്പിക്കൽ അല്ലെ**

ങ്കിൽ ആത്മാവിനെ പിടിക്കലും, വിശാലമായി ഉപജീവനം നൽകലും, ഉപജീവനം കുടുസാക്കലും" (ബുഖാരി, മുസ്‌ലിം).

പ്രവാചകൻ(ﷺ) ദജ്ജാലിൻെറ ഹദീസിൽ പറയുന്നു:

( إِنَّ اللهَ لاَ يَخْفَى عَلَيْكُمْ إِنَّ اللهَ لَيْسَ بِأَعْوَرَ ) (البخاري)

"തീർച്ചയായും നിങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ അല്ലാഹുവിന് യാതൊന്നും തന്നെ അജ്ഞാതമല്ല, തീർച്ചയായും അല്ലാഹു ഒറ്റക്കണ്ണനുമല്ല" (ബുഖാരി).

പ്രവാചകൻ(ﷺ) തൻെറ കണ്ണിലേക്ക് ചൂണ്ടി കാണിച്ചു. ഹദീസ്. ഒരു കാര്യം നന്മയാണോ തിന്മയാണോയെന്ന് അറിയുവാനായിയുള്ള പ്രാർത്ഥനയിൽ തിരുമേനി(ﷺ) പറയുന്നു:

( اللَّهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ وَأَسْتَقْدِرُكَ بِقُدْرَتِكَ وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ فَإِنَّكَ تَقْدِرُ وَلاَ أَقْدِرُ وَتَعْلَمُ وَلاَ أَعْلَمُ وَأَنْتَ عَلاَّمُ الْغُيُوبِ ) (البخاري)

"അല്ലാഹുവെ നിൻെറ അറിവ് കൊണ്ട് ഞാൻ നിന്നോട് കൂടിയാലോചിക്കുന്നു, നിൻെറ കഴിവ് കൊണ്ട് കഴിവും ചോദിക്കുന്നു, ഉന്നതമായ നിൻെറ ഔദാര്യത്തിൽ നിന്ന് ഞാൻ നിന്നോട് ചോദിക്കുകയും ചെയ്യുന്നു, നീയാണ് കഴിവുള്ളവൻ എനിക്ക് കഴിവില്ല, നീയാണ് അറിയുന്നവൻ എനിക്ക് അറിവില്ല, നീയാണ് എല്ലാ അദൃശ്യവും അറിയുന്നവൻ" (ബുഖാരി). പ്രവാചകൻ(ﷺ) വീണ്ടും പറയുന്നു:

( فَإِنَّكُمْ لاَ تَدْعُونَ أَصَمَّ وَلاَ غَائِبًا تَدْعُونَ سَمِيعًا بَصِيرًا قَرِيبًا ) (البخاري ومسلم)

"നിങ്ങൾ ചെവികേൾക്കാത്തവനെയോ, അദൃശ്യനായവനെയോ അല്ല വിളിക്കുന്നത്, മറിച്ച് കേൾക്കുന്നവനും കാണുന്നവനും, അടുത്തുള്ളവനെയുമാണ് വിളിക്കുന്നത്" (ബുഖാരി, മുസ്‌ലിം).

തിരുമേനി(ﷺ) പറയുന്നു:



(إذا أراد الله أن يوحي بالأمر تكلم بالوحي) (أبوداود)

"അല്ലാഹു ഏതെങ്കിലും കാര്യം സന്ദേശം നൽകുവാൻ ഉദ്ദേശിച്ചാൽ വഹ്‌യിലൂടെ സംസാരിക്കുന്നു" (അബൂദാവൂദ്).

റസൂലുല്ലാഹ്(ﷺ) പറയുന്നു:

( يَقُولُ اللهُ: يَا آدَمُ فَيَقُولُ: لَبَّيْكَ ) (البخاري ومسلم)

"അല്ലാഹു പറയുന്നു: അല്ലയോ ആദം, അപ്പോൾ പറയും: വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു" (ബുഖാരി, മുസ്‌ലിം).

അതുപോലെ തന്നെ പരലോകത്ത് ജനങ്ങൾ നിൽക്കുമ്പോൾ അവിടെ വെച്ച് അല്ലാഹു മനുഷ്യരോട് സംസാരിക്കുന്ന ഹദീസും, അതുപോലെ സ്വർഗ വാസികളോട് സംസാരിക്കുന്ന ഹദീസും പോലെയുള്ള ഹദീസുകൾ ധാരാളം കാണാവുന്നതാണ്.

**61- അല്ലാഹുവിൻെറ 'ഫിഅ്‌ലി'യായ വിശേഷണങ്ങൾക്ക് വിശുദ്ധഖുർആനിൽ നിന്ന് ഉദാഹരണം പറയുക?**

ഉത്തരം: (ثُمَّ اسْتَوَى إِلَى السَّمَاءِ فَسَوَّاهُنَّ سَبْعَ سَمَوَاتٍ) (البقرة:**29**)

'പുറമെ ഏഴ് ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരിലോകത്തെ സംവിധാനിച്ചവനും അവൻ തന്നെയാണ്' (അൽബഖറ:29).

(هَلْ يَنظُرُونَ إِلاَّ أَنْ يَأْتِيَهُم اللهُ) (البقرة:**210**)

'അല്ലാഹു അവരുടെയടുത്ത് വരുന്നത് മാത്രമാണോ അവർ കാത്തിരിക്കുന്നത്?' (അൽബഖറ:210).

(وَمَا قَدَرُوا اللهَ حَقَّ قَدْرِهِ وَالأَرْضُ جَمِيعًا قَبْضَتُهُ يَوْمَ الْقِيَامَةِ وَالسَّموَاتُ مَطْوِيَّاتٌ بِيَمِينِهِ) (الزمر:**67**)

'അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപിടി

യിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയ്യിൽ ചുരുട്ടിപിടിക്കപ്പെട്ടവയുമായിരിക്കും' (സുമർ:67).

(مَا مَنَعَكَ أَنْ تَسْجُدَ لِمَا خَلَقْتُ بِيَدَيَّ) (ص:**75**)

'ഇബ്‌ലീസേ, എന്റെ കൈകൊണ്ട് ഞാൻ സൃഷ്ടിച്ചുണ്ടാക്കിയതിനെ നീ പ്രണമിക്കുന്നതിന് നിനക്കെന്ത് തടസ്സമാണുണ്ടായത്?' (സ്വാദ്:75)

(وَكَتَبْنَا لَهُ فِي الْأَلْوَاحِ مِنْ كُلِّ شَيْءٍ) (الأعراف:**145**)

'എല്ലാകാര്യത്തെപ്പറ്റിയും നാം അദ്ദേഹത്തിന് (മൂസായ്ക്ക്) പലകകളിൽ എഴുതികൊടുക്കുകയും ചെയ്തു' (അഅ്റാഫ്:145).

(فَلَمَّا تَجَلَّى رَبُّهُ لِلْجَبَلِ جَعَلَهُ دَكًّا) (الأعراف:**143**)

'അങ്ങനെ അദ്ദേഹത്തിന്റെ രക്ഷിതാവ് പർവ്വതത്തിന് വെളിപ്പെട്ടപ്പോൾ അതിനെ അവൻ പൊടിയാക്കി.' (അഅ്റാഫ്:143).

(إِنَّ اللَّهَ يَفْعَلُ مَا يَشَاءُ) (الحج: **18**)

'തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു' (ഹജ്ജ്:18).

**62- പ്രവാചക സുന്നത്തിൽ നിന്ന് അല്ലാഹുവിൻെറ 'ഫിഅ്‌ലിയാ'യ വിശേഷണ ങ്ങൾക്ക് ഉദാഹരണം പറയുക?**

**ഉത്തരം: പ്രവാചകൻ(ﷺ) പറയുന്നു:**

(يَنْزِلُ رَبُّنَا تَبَارَكَ وَتَعَالَى كُلَّ لَيْلَةٍ إِلَى السَّمَاءِ الدُّنْيَا حِينَ يَبْقَى ثُلُثُ اللَّيْلِ الآخِرُ ...)

(بخاري)

**പ്രവാചകതിരു മേനി(ﷺ) പറഞ്ഞു: "ഉന്നതനായ നമ്മുടെ രക്ഷിതാവ് എല്ലാ രാത്രിയിലും അതിൻെറ അവസാന മൂന്നിലൊന്ന് അവശേഷിക്കുമ്പോൾ ദുൻയാവിലെ ആകാശത്തേക്ക് ഇറങ്ങി വരുന്നു." (ബുഖാരി, മുസ്‌ലിം)**

**പ്രവാചകൻ(ﷺ) ശുപാർശയുടെ ഹദീസിൽ പറയുന്നു:**



(... فَيَأْتِيهِمُ اللَّهُ فِي صُورَتِهِ الَّتِي يَعْرِفُونَ فَيَقُولُ أَنَا رَبُّكُمْ فَيَقُولُونَ أَنْتَ رَبُّنَا ...)

(بخاري ومسلم)

**"അവർക്ക് മനസിലാക്കാൻ കഴിയുന്ന രൂപത്തിൽ അല്ലാഹു അവൻെറ രൂപ ത്തിൽ അവരിലേക്ക് വരും, എന്നിട്ട് പറയും: ഞാനാണ് നിങ്ങളുടെ രക്ഷി താവ്, അപ്പോൾ അവർ പറയും: നീ ഞങ്ങളുടെ രക്ഷിതാവാണ്... " (ബുഖാരി, മുസ്‌ലിം).**

**ഇവിടെ നാം ഉദ്ദേശിക്കുന്നത് ഫിഅ്‌ലിയായ വിശേഷണമായ വര ലാണ്, അതല്ലാതെ രൂപമല്ല. അത് മനസ്സിലാക്കുക. തിരുമേനി(ﷺ) വീണ്ടും പറയുന്നു:**

(إِنَّ اللَّهَ يَقْبِضُ يَوْمَ الْقِيَامَةِ الأَرْضَ وَتَكُونُ السَّمَوَاتُ بِيَمِينِهِ ثُمَّ يَقُولُ أَنَا الْمَلِكُ)

(بخاري ومسلم)

**"തീർച്ചയായും അല്ലാഹു അവസാന നാളിൽ ഭൂമിയെ ചുരുട്ടി പിടിക്കുന്നതാണ്, ആകാശം അവൻെറ വലത് കയ്യിലായിരിക്കും, പിന്നിട് പറയും: ഞാനാണ് രാജാവ്" (ബുഖാരി, മുസ്‌ലിം).**

**തിരുമേനി(ﷺ) പറയുന്നു:**

(لَمَّا خَلَقَ اللَّهُ الْخَلْقَ كَتَبَ فِي كِتَابِهِ وَهُوَ يَكْتُبُ عَلَى نَفْسِهِ إِنَّ رَحْمَتِي تَغْلِبُ غَضَبِي) (بخاري)

**"അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചപ്പോൾ അവൻെറ ഗ്രന്ഥത്തിൽ അവൻ സ്വയം തന്നെ എഴുതുകയുണ്ടായി: എൻെറ കാരുണ്യം എൻെറ കോപ ത്തെ അതിജയിച്ചിരിക്കുന്നുവെന്ന്" (ബുഖാരി).**

**മൂസാനബിയു(﵇)ടെയും ആദംനബി(﵇)യുടെയും ഹദീസിൽ പറയുന്നു:**

( فَقَالَ آدَمُ أَنْتَ مُوسَى اصْطَفَاكَ اللَّهُ بِكَلَامِهِ وَخَطَّ لَكَ التَّوْرَاةَ بِيَدِهِ ...) (بخاري ومسلم وأبوداود)

“ആദം പറയുകയുണ്ടായി: അല്ലാഹു അവൻെറ സംസാരത്തിന് തിരഞ്ഞെടുത്ത മൂസയല്ലേ നീ, അവൻ നിനക്ക് അവൻറ കൈ കൊണ്ട് തൗറാത്ത് എഴുതി തരികയും ചെയ്തില്ലേ” (ബുഖാരി, മുസ്ലിം, അബൂദാവൂദ്)

അല്ലാഹുവിൻെറ സംസാരവും, അല്ലാഹുവിൻെറ കൈയ്യും ദാതിയായ രണ്ട് വിശേഷണങ്ങളാണ്, അല്ലാഹുവിൻെറ സംസാരം എന്നുള്ളത് ദാതിയും, ഫിഅ്ലിയുമായ വിശേഷണമാണ്. തൗറാത്ത് എഴുതിയത് അല്ലാഹുവിൻെറ ഫിഅ്ലിയായ വിഷേണവുമാണ്. തിരുമേനി(ﷺ) പറയുന്നു:

( إِنَّ اللهَ عَزَّ وَجَلَّ يَبْسُطُ يَدَهُ بِاللَّيْلِ لِيَتُوبَ مُسِيءُ النَّهَارِ وَيَبْسُطُ يَدَهُ بِالنَّهَارِ لِيَتُوبَ مُسِيءُ اللَّيْلِ ...) (مسلم)

“അല്ലാഹു രാത്രിയിൽ തൻെറ കൈകൾ നീട്ടിയിരിക്കുന്നു, പകലിൽ തെറ്റ് ചെയ്യുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുവാനായി, രാത്രിയിൽ തെറ്റ് ചെയ്യുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുവാനായി പകലിൽ തൻെറ കൈകൾ നീട്ടിയിരിക്കുന്നു...” (മുസ്ലിം).

ഇത്പോലെ ഒരുപാട് ഹദീസുകൾ നമുക്ക് കാണാനാവുന്നതാണ്.

**63- അല്ലാഹുവിൻെറ ഫിഅ്ലിയായ മുഴുവൻ വിശേഷണങ്ങളിൽ നിന്നും നാമങ്ങൾ പിടിച്ചെടുക്കുമോ, അതല്ല അല്ലാഹുവിൻെറ നാമങ്ങൾ മുഴുവനും നിർണ്ണിതമാണോ?**

ഉത്തരം: അല്ലാഹുവിൻെറ നാമങ്ങൾ 'തൗഖീഫിയ്യ:' നിർണ്ണിതമാണ്. അല്ലാഹു വിശുദ്ധഖുർആനിലും, പ്രവാചകൻ(ﷺ) തൻെറ തിരുചര്യയിലും പറഞ്ഞ നാമങ്ങൾ മാത്രമെ അല്ലാഹുവിന് നൽകുവാൻ പാടുള്ളൂ. അല്ലാഹു സ്വയം തന്നെ അല്ലാഹുവിന് നൽകിയ ഫിഅ്ലുകളിൽ സ്തുതിയും, പരിപൂർണതയും നൽകിയിട്ടുണ്ട്. പക്ഷേ, എല്ലാം അല്ലാഹു നിരുപാധികമായി വിശേഷിപ്പിച്ചതല്ല, അതുപോലെ എല്ലാ വിശേഷണങ്ങളിൽ നിന്നും നാമങ്ങൾ പിടിച്ചെടുക്കുവാനും സാധ്യമല്ല, എന്നാൽ ചില വിശേഷണങ്ങൾ അല്ലാഹു നിരുപാധികം വിശേഷിപ്പിച്ചിട്ടുണ്ട്, താഴെ വരുന്ന ആയത്തിലുള്ളത്പോലെ. അല്ലാഹു പറയുന്നു:



(اللهُ الَّذِي خَلَقَكُمْ ثُمَّ رَزَقَكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ) (الروم:**40**)

‘അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ടവൻ നിങ്ങൾക്ക് ഉപജീവനം നൽകി. പിന്നെ നിങ്ങളെ അവൻ മരിപ്പിക്കുന്നു. പിന്നീട് അവൻ നിങ്ങളെ ജീവിപ്പിക്കുകയും ചെയ്യും.’ (റൂം:40)

ഇവിടെ അല്ലാഹു സ്വയം തന്നെ സൃഷ്ടാവ് എന്നും, അന്നദാതാവ് എന്നും, ജീവിപ്പിക്കുന്നവൻ എന്നും, മരിപ്പിക്കുന്നവൻ, എല്ലാം നിയന്ത്രിക്കുന്നവൻ എന്നും വിശേഷിപ്പിച്ചിരിക്കുന്നു. ഇതിൽ തന്നെ പെട്ടതാണ് നിരുപാധികം അല്ലാഹു സ്വയം തന്നെ വിശേഷിപ്പിച്ചതും, പ്രതിഫലത്തിൻെറയും, പകരത്തിൻെറയും രൂപത്തിലുള്ള വിശേഷണങ്ങൾ, അത് സ്തുതിയും, പരിപൂർണതയും ഉൾകൊള്ളുന്നതാണ്, താഴെ വരുന്ന ആയത്തിൽ അല്ലാഹു പറയുന്നത് പോലെ.

(يُخَادِعُونَ اللهَ وَهُوَ خَادِعُهُمْ) (النساء:**142**)

‘തീർച്ചയായും (കപടവിശ്വാസികൾ) അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്’ (നിസാഅ്:142).

(وَمَكَرُوا وَمَكَرَ اللهُ وَاللهُ خَيْرُ الْمَاكِرِينَ) (آل عمران:**54**)

‘അവർ (സത്യനിഷേധികൾ) തന്ത്രം പ്രയോഗിച്ചു. അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുന്നു’ (ആലുഇംറാൻ:54).

(نَسُوا اللهَ فَنَسِيَهُمْ) (التوبة:**67**)

‘അവർ അല്ലാഹുവെ മറന്നു. അപ്പോൾ അവൻ അവരെയും മറന്നു.’ (തൗബ:67)

എന്നാൽ ഈ വിശേഷണങ്ങൾ ഒന്നും തന്നെ അല്ലാഹു ആയത്തിൽ പറഞ്ഞ സന്ദർഭങ്ങളിലല്ലാതെ മറ്റൊരു സ്ഥലത്തും ഉപയോഗിക്കുവാൻ പാടുള്ളതല്ല. അല്ലാഹു തന്ത്രം പ്രയോഗിക്കുന്നു, ചതിക്കുന്നു, കളിയാക്കുന്നു എന്നിങ്ങനെ ഒരിക്കലും പറയുവാൻ പാടില്ല. അതുപോലെ ماكر 'തന്ത്രം പ്രയോഗിക്കുന്നവൻ', مخادع 'ചതിക്കുന്നവൻ' مستهزء 'കളിയാക്കുന്ന

വൻ' എന്നിങ്ങനെ പറയുവാൻ പാടില്ല, ഇത് ബുദ്ധിയുള്ളവനോ, മുസ്ലി മോ പറയുകയില്ല. കാരണം അല്ലാഹു അവനെ തന്ത്രം പ്രയോഗിക്കുന്നവ നെന്നോ, കുതന്ത്രക്കാരനെന്നോ, ചതിയനെന്നോ പ്രയോഗിച്ചിട്ടില്ല, അങ്ങി നെ ചെയ്യുന്നവർക്ക് അതേ രൂപത്തിൽ മറുപടി നൽകുവാനല്ലാതെ. സൃഷ് ടികൾക്കിടയിൽ തന്നെ അറിയപ്പെട്ടതാണ് പ്രവർത്തികൾക്കനുസരിച്ച് പ്രതി ഫലം നൽകുകയെന്നത് നീതിയിൽ പെട്ടതാണെന്ന്, അത് അല്ലാഹുവി നോടാണെങ്കിൽ ഒന്നുകൂടി വ്യക്തമായി പ്രകടമാവുന്നുവെന്ന് മാത്രം.

**64- അല്ലാഹുവിൻെറ നാമമായ العلي الأعلى 'അത്യുന്നതൻ' അതു പോലെ ഇതേ ആശയം വരുന്ന الظاهر 'പ്രകടമായവൻ' القاهر 'പരമാ ധികാരമുള്ളവൻ' المتعالي 'ഉന്നതൻ' എന്നീ നാമങ്ങൾ ഉൾകൊള്ളുന്ന ത് എന്താണ്?**

ഉത്തരം: العلي الأعلى 'അത്യുന്നതൻ' എന്ന നാമത്തിൽ ഉൾകൊള്ളുന്നത് എല്ലാ രൂപത്തിലുമുള്ള അല്ലാഹുവിൻെറ ഉന്നതിയേയും, മുഴുവൻ സൃഷ്ടി കളുടെയും മേലുള്ള പ്രകടമായ അല്ലാഹുവിൻെറ സിംഹാസനത്തിലുള്ള ഉ യർച്ചയേയും, സൃഷ്ടികളെ മുഴുവനും അവൻ നിരീക്ഷിക്കുകയും, സൃഷ്ടി കൾ എവിടെയാണെന്ന് വ്യക്തമായി അറിയുകയും, അവൻെറ അറിവിൽ പെടാത്ത യാതൊരു കാര്യവുമില്ലായെന്നുമുള്ളതാണ്. അല്ലാഹുവിൻെറ ഉന്ന തിയേയും, പരമാധികാരത്തെയും അതിജയിക്കുന്നവനോ, അതിനോട് മൽ സരിക്കുന്നവനോ, അതിൻെറ വിപരീതം പ്രവർത്തിക്കുന്നവനോ, തടയുന്ന വനോ തന്നെ ആരുമില്ല, ഒന്നുമില്ല. മറിച്ച് എല്ലാം തന്നെ അല്ലാഹുവിൻെറ മഹത്വത്തിന് കീഴ്പ്പെടുന്നവരാണ്, അവൻെറ പ്രതാപത്തിന് കീഴിൽ എല്ലാം നിന്ദ്യരാണ്, അവൻെറ മേധാവിത്വത്തിന് കീഴിൽ എല്ലാം ശാന്തരുമാണ്, അല്ലാഹുവിൻെറ നിയന്ത്രണത്തിനും, പരമാധികാരത്തിനും കീഴിലാണ് എ ല്ലാം തന്നെ, അല്ലാഹുവിൻെറ പിടുത്തത്തിൽ നിന്ന് രക്ഷപ്പെടുവാൻ ആർ ക്കും തന്നെ സാധ്യമല്ല. അല്ലാഹുവിൻെറ ഉന്നതി എന്ന വിശേഷണം. സ മ്പൂർണതയുടെ മുഴുവൻ വിശേഷണങ്ങളും അല്ലാഹുവിന് സ്ഥിരപ്പെട്ടിട്ടു ണ്ട്, അപൂർണതയുടെ മുഴുവൻ വിശേഷണങ്ങളും ഉന്നതനായ അല്ലാഹു



വിനെ തൊട്ട് നിഷേധിക്കേണ്ടതുമാണ്. ഈ ആശയങ്ങൾ മുഴുവനും ഉന്ന തൻ എന്ന വിശേഷണത്തിൽ ഉൾകൊള്ളുന്നുണ്ട്, ഒരു ആശയത്തേയും അ തിൽ നിന്ന് വേർതിരിച്ച് നിറുത്തുവാൻ സാധ്യമല്ല തന്നെ.

**65- അല്ലാഹുവിൻെറ ഉന്നതിയെന്ന വിശേഷണത്തിന് വിശുദ്ധ ഖുർ ആനിൽ നിന്ന് തെളിവ് പറയുക?**

ഉത്തരം: ഇതിനുള്ള തെളിവുകൾ പെട്ടെന്ന് എണ്ണി കണക്കാക്കുവാൻ സാ ധ്യമല്ല, അതിൽ പെട്ടതാണ് ഈ നാമങ്ങളും, അതിൽ ഉൾകൊള്ളുന്ന ആ ശയങ്ങളും. അല്ലാഹു പറയുന്നു:

(الرَّحْمَنُ عَلَى الْعَرْشِ اسْتَوَى) (طه:5)

"പരമ കാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു" (ത്വാഹാ:5)

(أَأَمِنتُمْ مَنْ فِي السَّمَاءِ) (الملك:17)

"ആകാശത്തുള്ളവനെ തൊട്ട് നിങ്ങൾ നിർഭയരായോ? (മുൽക്:17)

(يَخَافُونَ رَبَّهُمْ مِنْ فَوْقِهِمْ) (النحل:50)

"അവർക്ക് മീതെയുള്ള അവരുടെ രക്ഷിതാവിനെ അവർ ഭയപ്പെടുന്നു" (നഹ്ൽ: 50)

(إِلَيْهِ يَصْعَدُ الْكَلِمُ الطَّيِّبُ وَالْعَمَلُ الصَّالِحُ يَرْفَعُهُ) (فاطر:10)

"അവങ്കലേക്കാണ് ഉത്തമ വചനങ്ങൾ കയറിപ്പോകുന്നത്. നല്ല പ്രവർത്തന ത്തെ അവൻ ഉയർത്തുകയും ചെയ്യുന്നു" (ഫാത്വിർ:10)

(تَعْرُجُ الْمَلَائِكَةُ وَالرُّوحُ إِلَيْهِ) (المعارج:4)

"മലക്കുകളും ആത്മാവുകളും അവങ്കലേക്ക് കയറിപ്പോകുന്നു" (മആരിജ്:4)

(يُدَبِّرُ الأَمْرَ مِنَ السَّمَاءِ إِلَى الأَرْضِ) (السجدة:5)

“അവൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിച്ചയക്കുന്നു. പിന്നീട് കാര്യം അവങ്കലേക്ക് ഉയർന്ന്പോകുന്നു” (സജദ:-5)

(إِذْ قَالَ اللَّهُ يَاعِيسَى إِنِّي مُتَوَفِّيكَ وَرَافِعُكَ إِلَيَّ) (آل عمران:55)

‘ഹേ; ഈസാ, തീർച്ചയായും നിന്നെ നാം പൂർണ്ണമായി ഏറ്റെടുക്കുകയും, എന്റെ അടുക്കലേക്ക് നിന്നെ ഉയർത്തുകയും ചെയ്യുന്നതാണ്’ (ആലു ഇംറാൻ:55).

**66- ഇതിന് പ്രവാചക സുന്നത്തിലുള്ള തെളിവുകൾ പറയുക?**

ഉത്തരം: സുന്നത്തിൽ ഇതിന് ധാരാളം തെളിവുകൾ കാണാവുന്നതാണ്: അതിൽ പെട്ടതാണ് أوعال (മലക്ക് മാനിൻെറ രൂപത്തിൽ വരുക)ൻെറ ഹദീസ്: പ്രവാചകൻ(ﷺ) പറയുന്നു:

(والعرش فوق ذلك والله فوق العرش وهو بحكم الملك من فـوق سـبعة أرقعـة) (أبوداود)

“അല്ലാഹുവിൻെറ സിംഹാസനം അതിന് മുകളിലാണ്, അല്ലാഹു സിംഹാസനത്തിന് മുകളിലാണ്, അവൻ ഏഴ് ആകാശത്തിനും മുകളിൽ നിന്ന് വിധിക്കുകയും ചെയ്യുന്നു” (അബൂദാവൂദ്). പ്രവാചകൻ(ﷺ) പറയുന്നു:

عن مُعَاوِيَةَ ابْنِ الْحَكَمِ السُّلَمِيِّ:قَالَ وَكَانَتْ لِي جَارِيَةٌ تَـرْعَى غَنَمًـا لِي قِبَـلَ أُحُـدٍ وَالْجَوَّانِيَّةِ فَاطَّلَعْتُ ذَاتَ يَوْمٍ فَإِذَا الذِّئبُ قَدْ ذَهَبَ بِشَاةٍ مِنْ غَنَمِهَا وَأَنَـا رَجُـلٌ مِـنْ بَنِي آدَمَ آسَفُ كَمَا يَأْسَفُونَ لَكِنِّي صَكَكْتُهَا صَـكَّةً فَأَتَيْـتُ رَسُـولَ اللَّهِ صَـلَّى اللَّهِ عَلَيْهِ وَسَلَّمَ فَعَظَّمَ ذَلِكَ عَلَيَّ قُلْتُ: يَا رَسُولَ اللَّهِ أَفَلَا أُعْتِقُهَا قَالَ: ائْتِنِي بِهَا فَأَتَيْتُهُ بِهَا فَقَالَ: لَهَا أَيْنَ اللَّهُ قَالَتْ فِي السَّمَاءِ قَالَ: مَنْ أَنَا قَالَتْ أَنْتَ رَسُولُ اللَّهِ قَالَ أَعْتِقْهَا فَإِنَّهَا مُؤْمِنَةٌ )(مسلم)



“മുആവിയ്യബ്നു ഹഖമുസ്സുലമി(ﷺ)യിൽ നിന്ന് നിവേദനം: അദ്ദേഹം പറയുന്നു: എനിക്ക് ആടുകളെ നോക്കുന്ന ഒരു അടിമ സ്ത്രീ ഉണ്ടായിരുന്നു. ഒരു ദിവസം ചെന്നായ ഒരു ആടിനെ പിടിക്കുകയുണ്ടായി. ഞാൻ ആദം സന്തതിയിൽ പെട്ടതായത് കൊണ്ട് തന്നെ എനിക്ക് സങ്കടം വന്നു, മാത്രമല്ല ഞാനവളെ അടിക്കുകയും ചെയ്തു. അതിന് ശേഷമാണ് ഞാൻ ചെയ്തത് ഒരു വലിയ പാതകമാണെന്ന് എനിക്ക് ബോധ്യമായത്. അത് കാരണത്താൽ ഞാൻ പ്രവാചക(ﷺ)ൻെറയടുത്ത് പോയി കാര്യം പറഞ്ഞു. അല്ലയോ തിരുദൂതരെ, ഞാനവളെ മോചിപ്പിക്കട്ടേയോ. അപ്പോൾ തിരുമേനി (ﷺ)പറഞ്ഞു: “നീ അവളെയും കൊണ്ട് വരൂ” അങ്ങിനെ ഞാൻ അവളെയും കൊണ്ട് വന്നു. അപ്പോൾ പ്രവാചക തിരുമേനി(ﷺ) അവളോട് ചോദിച്ചു: “അല്ലാഹു എവിടെയാണ്?” അവൾ പ്രതിവചിച്ചു: “ആകാശത്തിൽ” ഞാൻ ആരാണെന്ന് പ്രവാചകൻ(ﷺ) വീണ്ടും ചോദിച്ചു? അവൾ പറഞ്ഞു: “താങ്കൾ അല്ലാഹുവിൻെറ പ്രവാചകനാണ്” അപ്പോൾ നബി(ﷺ) എന്നോട് പറയുകയുണ്ടായി: “നീ അവളെ മോചിപ്പിക്കുക, അവൾ സത്യവിശ്വാസിനിയാണ്”. (മുസ്ലിം)

മലക്കുകൾക്ക് പകരമായി മലക്കുകൾ വരുന്ന ഹദീസിൽ പ്രവാചകൻ(ﷺ) പറയുന്നു:

( ثُمَّ يَعْرُجُ الَّذِينَ بَاتُوا فِيكُمْ فَيَسْأَلُهُمْ وَهُوَ أَعْلَمُ بِهِمْ ...) (بخاري ومسلم)

“നിങ്ങളുടെ കൂടെ രാത്രി കഴിച്ച് കൂട്ടിയ മലക്കുകൾ മുകളിലേക്ക് കയറി പോകുന്നു, അല്ലാഹു നിങ്ങളെ സംബന്ധിച്ച് അവരോട് ചോദിക്കും, അവൻ അവരേക്കാൾ അറിവുള്ളവനാകുന്നു...” (ബുഖാരി, മുസ്ലിം).

റസൂലുല്ലാഹി(ﷺ) പറയുന്നു:

(مَنْ تَصَدَّقَ بِعَدْلِ تَمْـرَةٍ مِـنْ كَسْـبٍ طَيِّـبٍ وَلاَ يَصْـعَدُ إِلَى اللَّهِ إِلاَّ الطَّيِّـبُ ...) (بخاري ومسلم)

“ആരെങ്കിലും താൻ സമ്പാദിച്ചതിലെ ഏറ്റവും നല്ലതിൽ നിന്ന് ഒരു കാരക്കയുടെയത്രയും സ്വദഖ നൽകിയാൽ, നല്ലതല്ലാതെ അല്ലാഹുവിലേക്ക് കയറിപോവുകയില്ല... ” (ബുഖാരി, മുസ്ലിം).

വഹ്‌യിൻെറ ഹദീസിൽ പ്രവാചകൻ(ﷺ) പറയുന്നു:

(إِذَا قَضَى اللهُ الأَمْرَ فِي السَّمَاءِ ضَرَبَتِ الْمَلاَئِكَةُ بِأَجْنِحَتِهَا خُضْعَانًا لِقَوْلِهِ كَالسِّلْسِلَةِ عَلَى صَفْوَانٍ ...) (بخاري ومسلم)

"ആകാശത്തിൽ വെച്ച് അല്ലാഹു ഏതെങ്കിലും കാര്യം വിധിച്ച് കഴിഞ്ഞാൽ അല്ലാഹുവിൻെറ വാക്കുകൾക്ക് കീഴൊതുങ്ങിക്കൊണ്ട് മലക്കുകൾ അവരുടെ ചിറകുകൾ പരസ്പരം അടിക്കുന്നതാണ്, മിനുസമുള്ള ഒരു പാറയിൽ അടിക്കുന്നത് പോലെ" (ബുഖാരി, മുസ്‌ലിം).

ഇതുപോലെ ഒരുപാട് ഹദീസുകൾ കാണാവുന്നതാണ്. ഇത് 'ജഅ്മി' യാക്കളല്ലാത്ത മുഴുവൻ മനുഷ്യരും അംഗീകരിക്കുന്ന കാര്യമാണ്.

**67- അല്ലാഹുവിൻെറ الإستواء 'ഉപവിഷടത'യെ സംബന്ധിച്ച് സലഫുസ്സ്വാലിഹീങ്ങളിൽ പെട്ട ഉന്നതന്മാരായ പണ്ഡിതന്മാർ പറഞ്ഞത് എന്താണ്?**

ഉത്തരം: സലഫുസ്സ്വാലിഹീങ്ങളിൽ പെട്ട മുഴുവൻ പണ്ഡിതന്മാരും യോജിച്ച കാര്യം: ഇസ്തിവാഅ് എന്നത് എല്ലാവർക്കും അറിയുന്ന കാര്യമാണ്, എന്നാൽ അതിൻെറ രൂപം അജ്ഞാതമാണ്, അതിൽ വിശ്വസിക്കേണ്ടത് നിർബ്ബന്ധമാണ്, അതിനെ സംബന്ധിച്ച് ചോദിക്കൽ ബിദ്അത്താണ്, ദീനിലില്ലാത്ത കാര്യമാണ്, അല്ലാഹുവിൽ നിന്നാണ് രിസാലത്ത്, പ്രവാചക(ﷺ)ൻെറ കടമയാണ് അത് ജനങ്ങൾക്ക് എത്തിച്ച് കൊടുക്കൽ, അതിനെ സത്യപ്പെടുത്തലും, സമ്പൂർണമായി സ്വീകരിക്കലും നമ്മുടെ ബാധ്യതയുമാണ്. ഇതാണ് അല്ലാഹുവിൻെറ നാമങ്ങളും, വിശേഷണങ്ങളും ചർച്ച ചെയ്യുന്ന ആയത്തുകളേയും, ഹദീസുകളേയും സംബന്ധിച്ചുള്ള സൽഫുസ്വാലിഹീങ്ങളുടെ അഭിപ്രായം, അല്ലാഹു പറഞ്ഞത് പോലെ:

(آمَنَّا بِهِ كُلٌّ مِنْ عِنْدِ رَبِّنَا) (آل عمران:7)

'ഞങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു' (ആലുഇംറാൻ:7).



(آمَنَّا بِاللهِ وَاشْهَدْ بِأَنَّا مُسْلِمُونَ) (آل عمران :52)

'ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന് താങ്കൾ സാക്ഷ്യം വഹിക്കുകയും ചെയ്യണം' (ആലുഇംറാൻ:52).

**68- അല്ലാഹുവിൻെറ 'പരമാധികാരത്തിലുള്ള ഉന്നതി'ക്ക് വിശുദ്ധ ഖുർആനിൽ നിന്നും തെളിവ് പറയുക?**

ഉത്തരം:

(وَهُوَ الْقَاهِرُ فَوْقَ عِبَادِهِ) (الأنعام:18)

'അവൻ തന്റെ ദാസൻമാരുടെ മേൽ പരമാധികാരമുള്ളവനാണ്' (അൻആം : 18)

ഇത് അല്ലാഹുവിൻെറ പരമാധികാരത്തിലുള്ള ഉന്നതിയാണ് ഉൾക്കൊള്ളുന്നത്.

(سُبْحَانَهُ هُوَ اللهُ الْوَاحِدُ الْقَهَّارُ) (الزمر: 4)

'അവൻ എത്ര പരിശുദ്ധൻ! ഏകനും സർവ്വാധിപതിയുമായ അല്ലാഹുവത്രെ അവൻ.' (സുമർ:4)

(لِمَنِ الْمُلْكُ الْيَوْمَ لِلَّهِ الْوَاحِدِ الْقَهَّارِ) (غافر: 16)

'ഈ ദിവസം ആർക്കാണ് രാജാധികാരം? ഏകനും സർവ്വാധിപതിയുമായ അല്ലാഹുവിന്' (മുഅ്മിൻ:16).

(قُلْ إِنَّمَا أَنَا مُنذِرٌ وَمَا مِنْ إِلَهٍ إِلاَّ اللهُ الْوَاحِدُ الْقَهَّارُ) (ص:65)

'(നബിയേ,) പറയുക: ഞാനൊരു മുന്നറിയിപ്പുകാരൻ മാത്രമാണ്. ഏകനും സർവ്വാധിപതിയുമായ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ല' (സ്വാദ്:65).

(مَا مِنْ دَابَّةٍ إِلاَّ هُوَ آخِذٌ بِنَاصِيَتِهَا) (هود:56)

'യാതൊരു ജന്തുവും അവൻ അതിന്റെ നെറുകയിൽ പിടിക്കുന്ന (നിയന്ത്രിക്കുന്ന) തായിട്ടില്ലാതെയില്ല' (ഹൂദ്:56).

(يَامَعْشَرَ الْجِنِّ وَالإِنسِ إِن اسْـتَطَعْتُمْ أَنْ تَنفُـذُوا مِـنْ أَقْطَـارِ السَّـمَوَاتِ وَالأَرْضِ فَانفُذُوا لاَ (تَنفُذُونَ إِلاَّ بِسُلْطَانٍ) (الرحمن: **33**)

'ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, ആകാശങ്ങളുടെയും ഭൂമിയുടെയും മേഖലകളിൽ നിന്ന് പുറത്ത് കടന്നു പോകാൻ നിങ്ങൾക്ക് സാധിക്കുന്ന പക്ഷം നിങ്ങൾ കടന്നു പോയിക്കൊള്ളുക. ഒരു അധികാരം ലഭിച്ചിട്ടല്ലാതെ നിങ്ങൾ കടന്നു പോകുകയില്ല' (റഹ്മാൻ:33).

**69- ഇതിന് പ്രവാചക സുന്നത്തിൽ നിന്ന് തെളിവ് പറയുക?**

**ഉത്തരം: പ്രവാചകൻെറ തിരുസുന്നത്തിൽ ഒരുപാട് തെളിവുകൾ കാണാവുന്നതാണ്. അതിൽ പെട്ടതാണ് പ്രവാചകൻ(ﷺ)യുടെ താഴെ വരുന്ന വാക്കുകൾ. തിരുമേനി(ﷺ) പറയുന്നു:**

(... أَعُوذُ بِكَ مِنْ شَرِّ كُلِّ دَابَّةٍ أَنْتَ آخِذٌ بِنَاصِيَتِهَا ...) (إبن ماجه)

**"എല്ലാ ജീവികളുടെയും ബുദ്ധിമുട്ടുകളിൽ നിന്ന് ഞാൻ നിന്നോട് ശരണം ചോദിക്കുന്നു, നീയാണ് അവയേയെല്ലാം നിയന്ത്രിക്കുന്നത്... " (ഇബ്നു മാജ). പ്രവാചകൻ(ﷺ) പ്രാർത്ഥിക്കുന്നു:**

(... اللَّهُمَّ إِنِّي عَبْدُكَ وَابْنُ عَبْدِكَ وَابْنُ أَمَتِكَ نَاصِيَتِي بِيَدِكَ مَاضٍ فِيَّ حُكْمُكَ عَدْلٌ فِيَّ قَضَاؤُكَ ...) (أحمد)

**"അല്ലാഹുവേ, ഞാൻ നിൻെറ അടിമയാകുന്നു,നിൻെറ അടിമയുടെ മകൻ, നിൻെറ അടിമകളിൽ പെട്ട ഒരു സ്ത്രീയുടെ മകൻ എൻെറ നിയന്ത്രണം നിൻെറ കയ്യിലാകുന്നു, നിൻെറ വിധി എന്നിൽ നടപ്പിലാകുന്നു, എന്നിലുള്ള നിൻെറ നിർണ്ണയങ്ങൾ നീതിയിലധിഷ്ടിതവുമാകുന്നു... " (അഹ്മദ്). വീണ്ടും റസൂലുല്ലാഹ്(ﷺ) പ്രാർത്ഥിക്കുന്നുത് നോക്കുക...**

(... إِنَّكَ تَقْضِي وَلاَ يُقْضَى عَلَيْكَ وَإِنَّهُ لاَ يَذِلُّ مَنْ وَالَيْتَ وَلاَ يَعِزُّ مَنْ عَادَيْتَ ...)

(أبوداود)



**"... നീയാണ് വിധിക്കുന്നവൻ, നിൻെറ മേൽ ആരും വിധിക്കുകയില്ല, നിന്നെ ഇഷ്ടപ്പെട്ടവനെ നീ നിന്ദിക്കുകയില്ല, നിന്നോട് ശത്രുത വെച്ചവനെ നീ ഒരിക്കലും പ്രതാപവാനുമാക്കില്ല... " (അബൂദാവൂദ്).**

**70- പദവിയിലും,സ്ഥാനത്തിലും എല്ലാ സൃഷ്ടികളേക്കാളും അല്ലാഹു ഉന്നതനാണെന്നതിന് എന്താണ് തെളിവ്? അല്ലാഹുവിനെ തൊട്ട് നാം നിർബ്ബന്ധമായും നിഷേധിക്കേണ്ടത് എന്തെല്ലാമാണ്?**

**ഉത്തരം: അറിയുക: സൃഷ്ടികളിൽ നിന്ന് അല്ലാഹു ഉന്നതനാണെന്നത് അല്ലാഹുവിൻെറ നാമങ്ങളായ** القـدوس **'പരമ പരിശുദ്ധൻ',** السـلام **'സമാധാനം നൽകുന്നവൻ',** الكبير **'ഏറ്റവും വലിയവൻ',** المتعـال **'ഉന്നതൻ', തുടങ്ങിയ നാമങ്ങളും, ഇതുപോലെ അർത്ഥം വരുന്ന മറ്റു നാമങ്ങളും, ഇതിൻെറ കൂടെ വരുന്ന അല്ലാഹുവിൻെറ മഹത്വത്തിനും, പരിപൂർണതക്കും അനിവാര്യമായും ഉണ്ടാവേണ്ട വിശേഷണങ്ങൾ അടങ്ങിയിട്ടുള്ളതും ഉൾകൊള്ളുന്നതാകുന്നു. അല്ലാഹു അവൻെറ ഏകത്വത്തിൽ ഉന്നതനാണ്, മറ്റുള്ളവർക്ക് അവൻെറ ഉടമസ്ഥതയിലോ, പങ്കാളിത്തത്തിലോ, അതല്ലെങ്കിൽ അല്ലാഹുവിന് ഒരു സഹായിയോ, തുല്ല്യനോ, അവൻെറ അനുവാദം കൂടാതെ ശുപാർശ നടുത്തുന്നതിലോ, വല്ലതും തടുക്കുന്നതിലോ തന്നെ ആർക്കും ഒരു പങ്കുമില്ല. അല്ലാഹുവിൻെറ ഉന്നതിയിലും, മഹത്വത്തിലും, ഉടമസ്ഥതയിലും, അധീശാധികാരത്തിലും ഒരു തർക്കിക്കുന്നവനോ, അതിജയിക്കുന്നവനോ, സഹായിയോ, പങ്കുകാരനോ ഉണ്ടാകുന്നതിൽ നിന്നെല്ലാം അല്ലാഹു അത്യുന്നതനാകുന്നു. സമനോ, കുഫ്വ് ഒത്തവനോ, പിതാവോ, സന്താനങ്ങളോ, കൂട്ടുകാനോ, ഭാര്യയോ ഉണ്ടാകുന്നതിൽ നിന്നെല്ലാം അല്ലാഹു സ്വമദാ (നിരാശ്രയനാ)കുന്നു. അലസതയോ, ക്ഷീണമോ, ഉറക്കമോ, മയക്കമോ, മരണമോ ബാധിക്കുന്നതിൽ നിന്നെല്ലാം പരമപരിശുദ്ധനും, കഴിവിലും, നിയന്ത്രണാധികാരത്തിലും, ജീവിതത്തിൻെറ പരിപൂർണതയിലും അല്ലാഹു അത്യുന്നതനുമാകുന്നു. ആകാശത്തിലോ, ഭൂമിയിലോ ഉള്ള ഒരു അണുവിൻെറ കാ ര്യത്തെ പോലും അവൻ അറിയുകയും, അശ്രദ്ധയിൽ നിന്നും, അബദ്ധത്തി ൽ നിന്നും അല്ലാഹു പരിശുദ്ധനും, അറിവിൻെറ കാര്യത്തിൽ ഉന്നതനുമാ ണ്. പരിപൂർണ നീതിയിലും, സ്തുതിയിലും**

അല്ലാഹു ഉന്നതനാണ്, പ്രതി ഫലം നൽകുവാനും, പുനർജീവിതം നൽകികൊണ്ടും, കൽപനകളും നി രോധങ്ങളും നൽകികൊണ്ടുമല്ലാതെ അല്ലാഹു ഒരു സൃഷ്ടിയേയും കളി യായോ, വെറുതെയോ സൃഷ്ടിച്ചിട്ടില്ല. നന്മയിൽ നിന്ന് വല്ലതും പാഴാക്കി കളയുന്നതിൽ നിന്നും, ഒരു അണുമണി തൂക്കം അനീതി ചെയ്യുന്നതിൽ നിന്നും അല്ലാഹു പരിശുദ്ധനും, അത്യുന്നതമായ നീതിയുടെ ഉടമയുമാണ്. ഏതെങ്കിലും കാര്യത്തിൽ ആരെയെങ്കിലും ആശ്രയിക്കുന്നതിൽ നിന്നും, ആ രോടെങ്കിലും ദാരിദ്ര്യം നടിക്കുന്നതിൽ നിന്നും, ഭക്ഷണത്തിൽ നിന്നും, ഭക്ഷ ണം കഴിക്കുന്നതിൽ നിന്നും അല്ലാഹു ഐശ്വര്യവാനുമാകുന്നു. അല്ലാഹു സ്വയം തന്നെ നൽകുകയോ, പ്രവാചകൻ(ﷺ) തൻെറ വചനങ്ങളിലൂടെ നൽകുകയോ ചെയ്തിട്ടുള്ള മുഴുവൻ വിശേഷണങ്ങളും تعطيل 'നിഷേധിക്കു ക'യോ, تمثيـل 'രൂപസാദൃശ്യം' നൽകുകയോ ചെയ്യുന്നതിൽ നിന്നും മുക്തമാണ്, അവൻ പരമപരിശുദ്ധനും സ്തുതിയർഹിക്കുന്നവനും, ഉന്നതനും മഹത്വത്തിൻെറ ഉടമയുമാണ്.അല്ലാഹുവിൻെറ ഭംഗിയുള്ള നാമങ്ങളെയോ, ഉന്നതങ്ങളായ വിശേഷണങ്ങളെയോ, ആരാധ്യതയേയോ നിഷേധിക്കുന്ന മുഴുവൻ കാര്യങ്ങളിൽ നിന്നെല്ലാം തന്നെ അല്ലാഹു പരിശുദ്ധനും, അത്യുന്നതനുമാണ്. അല്ലാഹു പറയുന്നു:

(وَلَهُ الْمَثَلُ الأَعْلَى فِي السَّمَوَاتِ وَالأَرْضِ وَهُوَ الْعَزِيزُ الْحَكِيمُ) (الروم:**27**)

'ആകാശങ്ങളിലും ഭൂമിയിലും ഏറ്റവും ഉന്നതമായ അവസ്ഥയുള്ളത് അവന്നാകുന്നു. അവൻ പ്രതാപിയും യുക്തിമാനുമത്രെ' (റൂം:27).

വിശുദ്ധഖുർആനിലും, തിരുനബിയുടെ സുന്നത്തിലും ഈ വിഷയത്തിൽ വന്നിട്ടുള്ള തെളിവുകൾ അറിയപ്പെട്ടതും, പ്രശസ്തവും ധാരാളവുമാണ്.

**71- പ്രവാചകൻ(ﷺ) അല്ലാഹുവിൻെറ ഭംഗിയുള്ള നാമങ്ങളെ സംബന്ധിച്ച് പറയുകയുണ്ടായി: "ആരെങ്കിലും അതിനെ എണ്ണി കണക്കാക്കിയാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും". ഇതിൻെറ ഉദ്ദേശം എന്താണ്?**



ഉത്തരം: ഒരുപാട് രൂപത്തിൽ ഇതിനെ വ്യാഖ്യാനിച്ചിട്ടുണ്ട്. അതിൽപെട്ടതാണ്: ആ നാമങ്ങളെ മന:പാഠമാക്കുകയും, അവകൊണ്ട് അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും, ആ മുഴുവൻ നാമങ്ങൾ കൊണ്ടും അവനെ വാഴ്ത്തുകയും ചെയ്യുകയെന്നത്. അതുപോലെ തന്നെ അവയിൽ നിന്ന് തനിക്ക് പിൻ പറ്റാവുന്ന കാര്യങ്ങൾ പിൻപറ്റുകയും ചെയ്യുക. ഉദാഹരണമായി: الرحيم 'കാരുണ്യവാൻ', الكريم 'ഔദാര്യവാൻ' എന്നീ കാര്യങ്ങൾ തനിക്ക് (മനുഷ്യർക്ക്) യോജിക്കുന്ന രൂപത്തിൽ സ്വന്തത്തിൽ പ്രാവർത്തികമാക്കുക. എന്നാൽ അല്ലാഹുവിന് മാത്രം അവകാശപ്പെട്ട الجبـار 'പരമാധികാരി', العظـيم 'ഉന്നതൻ', المتكـبر 'മഹത്വമുള്ളവൻ' പോലെയുള്ള നാമങ്ങൾ അല്ലാഹുവിനുണ്ടെന്ന് ഒരു അടിമ വിശ്വസിക്കുകയും, അംഗീകരിക്കുകയും, അതിന് കീഴൊതുങ്ങുകയും, അതിൽ നിന്ന് ഒന്നിനെയും സ്വന്തത്തിന് സ്വീകരിക്കാതിരിക്കുകയും ചെയ്യേണ്ടതുണ്ട്. الغفـور 'പാപങ്ങൾ പൊറുക്കുന്നവൻ' الشـكور 'നന്ദി ചെയ്യുന്നവൻ' العفو 'വിട്ട്വീഴ്ച ചെയ്യുന്നവൻ' الرؤوف 'ദയയുള്ളവൻ' الحلـيم 'സഹന ശീലൻ' الجـواد 'ധാരാളം നൽകുന്നവൻ' الكـريم 'ഔദാര്യവാൻ' പോലെയുള്ള വാഗ്ദാനത്തിൻെറ നാമങ്ങൾ കൊണ്ട് പ്രതീക്ഷയോടെയും, ആഗ്രഹത്തോടെയും പ്രാർത്ഥിക്കുക. പേടിയുടെയും, ഭയപ്പാടിൻെറയും സന്ദർഭങ്ങളിൽ താക്കീതിൻെറ ആശയം വരുന്ന العزيز'പ്രതാപവാൻ', ذي انتقام 'പ്രതികാരമെടുക്കുന്നവൻ', شـديد العقـاب 'കഠിനമായി ശിക്ഷിക്കുന്നവൻ', سريـع الحسـاب 'പെട്ടെന്ന് വിധി നടത്തുന്നവൻ' പോലെയുള്ള നാമങ്ങൾ കൊണ്ട് പ്രാർത്ഥിക്കുകയും ചെയ്യുക. ഇതിൻെറ വിശദീകരണത്തിൽ പെട്ടത് തന്നെയാണ് ഓരോ മനുഷ്യരും അല്ലാഹുവിൻെറ ചില നാമങ്ങൾക്ക് സ്വയം സാക്ഷികളാവുകയും, ആരാധനയിലും, അവയെ മനസിലാക്കുന്നതിലും അതർഹിക്കുന്ന അവകാശങ്ങൾ അവയ്ക്ക് വകവെച്ച് കൊടുക്കുകയും ചെയ്യുക എന്നത്. ഉദാഹരണമായി: സൃഷ്ടികളുടെ മേലുള്ള അല്ലാഹുവിൻെറ ഔന്നിത്യത്തെയും, സൃഷ്ടികളിൽ നിന്ന് പ്രകടമായി സിംഹാസനത്തിലുള്ള അവൻെറ ഉപവിഷ്ടതയേയും, എല്ലാത്തിനെയും ചുഴ്ന്ന് നിൽക്കുന്ന അവൻെറ കഴിവിനെയും, അറിവിനെയും ആരെങ്കിലും മനസിലാക്കി സാക്ഷിക

**ളായാൽ ഈ വിശേഷണം ഉൾകൊള്ളുന്ന രൂപത്തിൽ അവനെ ആരാധിക്കുക. ഇങ്ങനെ മനസിലാക്കുന്നതിലൂടെ അവൻെറ ഹൃദയത്തിന് ബോധ്യപ്പെടുന്ന ഒരു കാര്യമുണ്ട്, അത് അല്ലാഹു നിരാശ്രയനാണ്, അവൻെറ മുന്നിൽ ഉത്തരം പ്രതീക്ഷിച്ച് കൊണ്ടുള്ള തേട്ടങ്ങളും നെടുവീർപ്പുകളും അവനിലേക്ക് കയറിപോവുകയും, പ്രതാപവാനായ രാജാവിൻെറ മുന്നിൽ നിസ്സാരനായ അടിമ നിൽക്കുന്നുവെന്നും, അവൻെറ വാക്കുകളും, പ്രവർത്തനങ്ങളും അല്ലാഹുവിന് മുന്നിൽ പ്രദർശിപ്പിക്കപ്പെടുമെന്നും, അതുകൊണ്ട് തന്നെ അല്ലാഹുവിനെ നിന്ദിക്കുകയോ, വഷളാക്കുകയോ ചെയ്യുന്ന ഒരു വാക്കോ പ്രവർത്തനങ്ങളോ അവനിലേക്ക് കയറിപോകുന്നതിനെ തൊട്ട് അടിമ ലജ്ജിക്കുകയും ചെയ്യുകയെന്നത്. പരീക്ഷണങ്ങളെ നീക്കി കളയുകയും, അനുഗ്രഹങ്ങൾ നൽകലും തടയലും, ഐശ്വര്യത്താൽ പദവി ഉയർത്തലും, താഴ്ത്തലും, പ്രതാപം നൽകലും, ജീവിപ്പിക്കലും, മരിപ്പിക്കലും തുടങ്ങിയ കാര്യങ്ങളിൽ എല്ലാ വിധ നിയന്ത്രണങ്ങളും, അധികാരങ്ങളും ഉൾകൊണ്ടിട്ടുള്ള നിയമങ്ങളും ദൈവിക കൽപനകളും ഭൂമിയുടെ ലോകത്തേക്ക് സദാസമയവും ഇറങ്ങുന്നതിന് അവൻ (മനുഷ്യൻ) സാക്ഷിയാവുന്നു. അല്ലാഹുവിനെ കൂടാതെ മറ്റൊരാൾക്കും ഒരു കൈകാര്യവും ചെയ്യാൻ സാധിക്കാത്ത ലോകത്ത് ജനങ്ങൾക്കിടയിൽ നിത്യവും വൈവിധ്യമായ നിയമങ്ങൾ അവൻ ഇറക്കുകയും ചെയ്യുന്നു. അവൻെറ നിയമങ്ങൾ അവൻ ഉദ്ദേശിക്കുന്ന രൂപത്തിൽ നടപ്പിലാക്കുന്നു. അല്ലാഹു പറയുന്നു:**

{ يُدَبِّرُ الأَمْرَ مِنَ السَّمَاءِ إِلَى الأَرْضِ ثُمَّ يَعْرُجُ إِلَيْهِ فِي يَوْمٍ كَانَ مِقْدَارُهُ أَلْفَ سَنَةٍ مِمَّا تَعُدُّونَ } (السجدة: **5**)

'അവൻ ആകാശത്ത് നിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിച്ചയക്കുന്നു. പിന്നീട് ഒരു ദിവസം കാര്യം അവങ്കലേക്ക് ഉയർന്ന് പോകുന്നു. നിങ്ങൾ കണക്കാക്കുന്ന തരത്തിലുള്ള ആയിരം വർഷമാകുന്നു ആ ദിവസത്തിന്റെ അളവ്' (സജദഃ5).

**ആരെങ്കിലും ഈ സാക്ഷ്യങ്ങളെല്ലാം തന്നെ യഥാർത്ഥ രൂപത്തിൽ മനസിലാക്കുകയും,അതിനനുസരിച്ച് അല്ലാഹുവിന് ആരാധനകൾ അർപ്പിക്കുകയും ചെയ്താൽ അവൻ തൻെറ രക്ഷിതാവിൻെറയടുത്ത് ഐശ്വര്യവാനാവുകയും, അവന് അല്ലാഹു തന്നെ മതിയാവുകയും ചെയ്യും. അതു**



**പോലെ അല്ലാഹുവിൻെറ എല്ലാത്തിനെയും ചൂഴ്ന്ന് നിൽക്കുന്ന അറിവിനെയും, കേൾവിയേയും, കാഴ്ചയേയും, ജീവിതത്തെയും, നിയന്ത്രണത്തേയും, ഇതുപോലെ മറ്റുള്ളവയേയും സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ അവന് തൻെറ രക്ഷിതാവിങ്കൽ അനുഗ്രഹീതനായി, ഈ സാക്ഷ്യം അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുകയും, അതിന്വേണ്ടി മുന്നിൽ നടന്നവർക്കുമല്ലാതെ നൽകുകയില്ല.**

### 72- അല്ലാഹുവിൻെറ നാമവിശേഷണത്തിലെ തൗഹീദിൻെറ വിപരീതം എന്താണ്?

**ഉത്തരം: അതിൻെറ വിപരീതം അല്ലാഹുവിൻെറ നാമവിശേഷണങ്ങളെയും, അവൻെറ ദൃഷ്ടാന്തങ്ങളെയും നിഷേധിക്കലാകുന്നു. ഇത് മൂന്ന് ഇനമാകുന്നു.**

**ഒന്ന്: അല്ലാഹുവിന് മാത്രം നൽകേണ്ട നാമങ്ങൾ മുശ്രിക്കുകൾ വിഗ്രഹങ്ങൾക്ക് നൽകി അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കി ആ നാമങ്ങളെ നിഷേധിക്കുകയും, അതിൽ കൂട്ടുകയും, കുറക്കുകയും ചെയ്തു. അവർ** الإله **എന്ന അല്ലാഹുവിൻെറ നാമത്തിൽ നിന്ന് അവരുടെ വിഗ്രഹമായിരുന്ന** اللات **എന്നും,** العزيز **എന്ന അല്ലാഹുവിൻെറ നാമത്തിൽ നിന്ന്** العـزى **എന്നും,** المنـان **എന്ന അല്ലാഹുവിൻെറ നാമത്തിൽ നിന്ന്** المناة **എന്നും പിടിച്ചെടുത്തു. അങ്ങിനെ മുശ്രിക്കുകൾ ഈ നാമത്തെ അവഗണിക്കുകയും, നിഷേധിക്കുകയും ചെയ്തു.**

**രണ്ട്: അല്ലാഹുവിൻെറ നാമങ്ങൾക്ക് രൂപം നൽകുന്നവരുടെ നിഷേധം. സൃഷ്ടികളുടെ രൂപങ്ങളോട് അല്ലാഹുവിനെ സാദൃശ്യപ്പെടുത്തുക, ഇത് മുശ്രിക്കുകൾ ചെയ്തതിന് നേരെ വിപരീതമാണ്. അവർ സൃഷ്ടികളെ ലോകരക്ഷിതാവിനോട് സാദൃശ്യപ്പെടുത്തി. ഇവർ സൃഷ്ടിക്കപ്പെട്ട ശരീരങ്ങളെ അല്ലാഹുവിനെയുമാക്കി. അല്ലാഹു ഇതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനാകുന്നു.**

**മൂന്ന്: അല്ലാഹുവിൻെറ നാമവിശേഷണങ്ങളെ നിഷേധിക്കുകയും, പരിപൂർണമായും അംഗീകരിക്കാത്തവരുടെയും നിഷേധം. ഇവർ രണ്ട് വിഭാഗ**

ക്കാരാണ്. ഒരു വിഭാഗമാളുകൾ അല്ലാഹുവിൻെറ നാമങ്ങളുടെ പദങ്ങൾ സ്ഥിരപ്പെടുത്തുകയും, എന്നാൽ അവ ഉൾകൊള്ളുന്ന പരിപൂർണ വിശേഷണങ്ങളെ നിഷേധിക്കുകയും ചെയ്യുന്നവർ. അവർ പറഞ്ഞു: رحمن رحيم بلا رحمة 'അല്ലാഹു പരമകാരുണികനും, കരുണാനിധിയുമാണ്, എന്നാൽ അല്ലാഹുവിന് കാരുണ്യമെന്ന വിശേഷണമില്ല', عليم بلا علم 'അറിയുന്നവനാണ് എന്നാൽ അറിവില്ല' سميع بلا سمع 'കേൾക്കുന്നവനാണ് എന്നാൽ കേൾവി ശക്തിയില്ല' بصير بلا بصر 'കാണുന്നവനാണ് എന്നാൽ കാഴ്ച ശക്തിയില്ല' قدير بلا قدرة 'കഴിവുള്ളവൻ എന്നാൽ ഒരു കഴിവുമില്ല.' എന്നിങ്ങനെ അവർ വാദിക്കുകയും, മറ്റുള്ള നാമങ്ങളെയും ഇപ്രകാരം തന്നെ നിഷേധിക്കുകയും ചെയ്തു. എന്നാൽ മറ്റൊരു വിഭാഗം: അല്ലാഹുവിൻെറ നാമവിശേഷണങ്ങളെ പരിപൂർണമായും നിഷേധിച്ച് തള്ളുകയുണ്ടായി. അങ്ങിനെ അല്ലാഹു യാതൊരു നാമവും, വിശേഷണവുമില്ലാത്തവനാണെന്ന് അവർ പറയുകയുണ്ടായി. അക്രമികളും, കുതർക്കികളും, നിഷേധകന്മാരും പറയുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധനാകുന്നു.

{رَبُّ السَّمَوَاتِ وَالأَرْضِ وَمَا بَيْنَهُمَا فَاعْبُدْهُ وَاصْطَبِرْ لِعِبَادَتِهِ هَلْ تَعْلَمُ لَهُ سَمِيًّا }

(مريم:65)

'ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിൻ്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?' (മർയം:65)

{لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ } (شورى:11)

"അവന്ന് തുല്ല്യമായി യാതൊന്നിമില്ല. അവൻ എല്ലാം കാണുന്നവനും, കേൾക്കുന്നവനുമാകുന്നു" (ശൂറാ- 11)

{ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يُحِيطُونَ بِهِ عِلْمًا } (طه:110)



'അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അവർക്കാകട്ടെ അതിനെപ്പറ്റിയൊന്നും പരിപൂർണ്ണമായി അറിയാനാവുകയില്ല' (ത്വാഹാ:110).

**73- തൗഹീദിൻെറ എല്ലാ വിഭാഗങ്ങളും പരിപൂർണമാക്കൽ അനിവാര്യമാണോ? അതിൽ ഏതെങ്കിലും ഒന്നിനെ നിഷേധിച്ചാൽ മുഴുവനും നിഷേധിക്കുന്നതിന് തുല്യമാണോ?**

ഉത്തരം: അതെ, തൗഹീദിൻെറ എല്ലാ വിഭാഗവും പരിപൂർണമാക്കൽ അനിവാര്യമാണ്, അതിൽ ഏതെങ്കിലും ഒന്നിൽ പങ്ക് ചേർത്താൽ മറ്റുള്ളതിലും അവൻ പങ്ക് ചേർത്തവനായി. ഉദാഹരണം: അല്ലാഹുവിന് മാത്രം കഴിയുന്ന കാര്യത്തിൽ ആരെങ്കിലും അല്ലാഹുവല്ലാത്തവരെ പങ്ക് ചേർത്താൽ, അവയോട് പ്രാർത്ഥിക്കുകയാണെങ്കിൽ അവൻ വാദിക്കുന്നത് ആരാധനയുടെ മജ്ജയായ പ്രാർത്ഥന അല്ലാഹുവല്ലാത്തവർക്ക് നൽകുവാൻ പാടുണ്ട് എന്നാണ്, ഇത് അല്ലാഹുവിൻെറ ആരാധനയിലുള്ള ഏകത്വത്തിൽ (തൗഹീദുൽ ഉലൂഹിയ്യ:) പങ്ക് ചേർക്കലാണ്, അതുപോലെ അല്ലാഹുവല്ലാത്തവർക്ക് നന്മ നൽകുവാനും, തിന്മ തടുക്കുവാനും കഴിവുണ്ടെന്നും, അല്ലാഹുവിൻെറ അധികാരത്തിൽ സ്വാധീനം ചെലുത്തുവാനും കഴിയുമെന്ന് വിശ്വസിച്ച് കൊണ്ട് അവയോട് പ്രാർത്ഥിച്ചാൽ അത് അല്ലാഹുവിൻെറ രക്ഷാകർതൃത്വത്തിലുള്ള തൗഹീദിൽ (തൗഹീദുർറുബൂബിയ്യ:) പങ്ക് ചേർക്കലാണ്. അതു പോലെ അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുന്നവർ വിശ്വസിക്കുന്നത് അവർക്ക് അടുത്തുള്ളതും, വിദൂരത്തുള്ളതും, ഏത് സമയത്തും കാണുവാനും, കേൾക്കുവാനും കഴിവുണ്ടെന്ന് വിശ്വസിക്കുന്നു, ഇത് അല്ലാഹുവിൻെറ നാമവിശേഷണത്തിലുള്ള തൗഹീദിൽ (തൗഹീദുൽ അസ്മാഉ വസ്സിഫാത്ത്) പങ്ക് ചേർക്കലാണ്. കാരണം അല്ലാഹുവല്ലാത്തവരോട് വിളിച്ച് പ്രാർത്ഥിക്കുന്നവൻ വാദിക്കുന്നത് അങ്ങിനെയുള്ളവർക്ക് അടുത്തെന്നോ വിദൂരത്തെന്നോ വ്യത്യാസമില്ലാതെ എല്ലാത്തിനെയും ചൂഴ്ന്ന് നിൽക്കുന്ന രൂപത്തിലുള്ള കേൾവി ശക്തിയുണ്ടെന്നാണ്, അത്കൊണ്ട് തന്നെ അത് അല്ലാഹുവിൻെറ റുബൂബിയ്യ:ത്തിലും, ഉലൂഹിയ്യ:ത്തിലും, അസ്മാഉ വസ്സിഫാത്തിലും പങ്ക് ചേർക്കലാകുന്നു.

**74- അല്ലാഹുവിൻെറ മലക്കുകളിൽ വിശ്വസിക്കണമെന്നതിന് വിശുദ്ധഖുർആനിൽ നിന്നും തിരുസുന്നത്തിൽ നിന്നും തെളിവ് പറയുക?**

**ഉത്തരം: വിശുദ്ധഖുർആനിൽ നിന്ന് ഒരുപാട് തെളിവ് നമുക്ക് കാണാനാവും. അല്ലാഹു പറയുന്നു:**

{ وَالْمَلاَئِكَةُ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيَسْتَغْفِرُونَ لِمَنْ فِي الأَرْضِ } (الشورى:**5**)

‘മലക്കുകൾ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു. ഭൂമിയിലുള്ളവർക്ക് വേണ്ടി അവർ പാപമോചനം തേടുകയും ചെയ്യുന്നു’ (ശൂറാ:5).

{ إِنَّ الَّذِينَ عِنْدَ رَبِّكَ لاَ يَسْتَكْبِرُونَ عَنْ عِبَادَتِهِ وَيُسَبِّحُونَهُ وَلَهُ يَسْجُدُونَ}

(الأعراف:**206**)

‘തീർച്ചയായും നിന്റെ രക്ഷിതാവിന്റെ അടുക്കലുള്ളവർ (മലക്കുകൾ) അവനെ ആരാധിക്കുന്നതിനെപ്പറ്റി അഹംഭാവം നടിക്കുകയില്ല. അവർ അവന്റെ മഹത്വം പ്രകീർത്തിക്കുകയും അവനെ പ്രണമിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു’ (അഅ്റാഫ്:206).

{ مَنْ كَانَ عَدُوًّا لِلَّهِ وَمَلاَئِكَتِهِ وَرُسُلِهِ وَجِبْرِيلَ وَمِيكَالَ فَإِنَّ اللَّهَ عَدُوٌّ لِلْكَافِرِينَ }

(البقرة:**98**)

‘ആർക്കെങ്കിലും അല്ലാഹുവോടും അവന്റെ മലക്കുകളോടും അവന്റെ ദൂതൻമാരോടും ജിബ്രീലിനോടും മീകാഈലിനോടുമെല്ലാം ശത്രുതയാണെങ്കിൽ ആ നിഷേധികളുടെ ശത്രുതന്നെയാകുന്നു അല്ലാഹു’ (അൽ ബഖറ :98).

**മലക്കുകളിൽ വിശ്വസിക്കണമന്നതിന് നേരത്തെ നാം ഉദ്ധരിച്ച ജിബ്രീൽ(ﷺ)ൻെറ ഹദീസും, മറ്റുഹദീസുകളും അതിന് തെളിവാകുന്നു. സ്വഹീഹ് മുസ്ലിമിൽ നമുക്ക് കാണാം: അല്ലാഹു അവരെ സൃഷ്ടിച്ചത് പ്രകാശം കൊണ്ടാകുന്നു. തിരുമേനി(ﷺ) പറയുന്നു:**



(خُلِقَتِ الْمَلاَئِكَةُ مِنْ نُورٍ ...) (رواه مسلم ( الزهد / **60** ) ، وأحمد ( **6** / **153** ، **168** )

**“മലക്കുകൾ സൃഷ്ടിക്കപ്പെട്ടത് പ്രകാശം കൊണ്ടാകുന്നു... ” (മുസ്ലിം).**

**75- മലക്കുകളിൽ വിശ്വസിക്കുക എന്നതിൻെറ ആശയം എന്താണ്?**

**ഉത്തരം: അല്ലാഹുവിൻെറ നിയന്ത്രണങ്ങൾക്ക് കീഴ്പ്പെട്ട് ജീവിക്കുന്ന അല്ലാഹുവിൻെറ സൃഷ്ടികളിൽ പെട്ട ഒരു സൃഷ്ടിയായ മലക്കുകൾ ഉണ്ടെന്ന് ദൃഢമായി വിശ്വസിക്കുക. അല്ലാഹു പറയുന്നു:**

{ عِبَادٌ مُكْرَمُونَ * لاَ يَسْبِقُونَهُ بِالْقَوْلِ وَهُمْ بِأَمْرِهِ يَعْمَلُونَ } (الأنبياء:**26**–**27**)

‘എന്നാൽ (അവർ–മലക്കുകൾ) അവന്റെ ആദരണീയരായ ദാസൻമാർ മാത്രമാകുന്നു. അവർ അവനെ മറികടന്നു സംസാരിക്കുകയില്ല. അവന്റെ കൽപനയനുസരിച്ച് മാത്രം അവർ പ്രവർത്തിക്കുന്നു’ (അൻബിയാ:26–27)

{ لاَ يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ } (التحريم:**6**)

‘അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും’ (തഹ്രീം:6).

{ لاَ يَسْتَكْبِرُونَ عَنْ عِبَادَتِهِ وَلاَ يَسْتَحْسِرُونَ * يُسَبِّحُونَ اللَّيْلَ وَالنَّهَارَ لاَ يَفْتُرُونَ

} (الأنبياء:**19**–**20**)

‘അവന്റെ അടുക്കലുള്ളവർ (മലക്കുകൾ) അവനെ ആരാധിക്കുന്നത് വിട്ട് അഹങ്കരിക്കുകയില്ല. അവർക്ക് ക്ഷീണം തോന്നുകയുമില്ല. അവർ രാവും പകലും (അല്ലാഹുവിന്റെ പരിശുദ്ധിയെ) പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു. അവർ തളരുകയില്ല’ (അൻബിയാ:19–20).
**അവർക്ക് ക്ഷീണം വരുകയോ, മടുപ്പനുഭവപ്പെടുകയോ ചെയ്യില്ല.**

**76- മലക്കുകൾക്ക് അല്ലാഹു നൽകിയിട്ടുള്ള വൈവിധ്യമാർന്ന ഉത്തരവാദിത്വങ്ങൾ ഏതൊക്കെയാണ്?**

**ഉത്തരം: ഉത്തരവാദിത്വം നൽകപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ അവർ അനേകം വിഭാഗമുണ്ട്. പ്രവാചകന്മാർക്ക് അല്ലാഹുവിൻെറ ദിവ്യസന്ദേശമായ വഹ്‌യ് നൽകുവാൻ ഉത്തരാവദിത്വം നൽകപ്പെട്ടവരുണ്ട്, അത് റൂഹുൽ അമീൻ ജിബ്‌രീൽ(ﷺ) ആകുന്നു, മഴയെ സംബന്ധിച്ച് ഉത്തരവാദിത്വം നൽകിയവരുണ്ട്, അത് മീകാഈൽ(ﷺ) ആകുന്നു, അവസാന നാളിൽ സൂർ എന്ന കാഹളത്തിൽ ഊതുവാൻ ഉത്തരവാദിത്വമുള്ള ഇസ്റാഫീലു(ﷺ)മുണ്ട്, അതുപോലെ ആത്മാവുകളെ പിടിക്കുവാൻ ഉത്തരവാദിത്വം നൽകിയ മലകുൽ മൗതും(ﷺ), അദ്ദേഹത്തിൻെറ സഹായികളുമുണ്ട്, അടിമകളുടെ പ്രവർത്തനത്തെ സംബന്ധിച്ച ഉത്തരവാദിത്വം ഏൽപിക്കപ്പെട്ടവരുണ്ട്, അവർ മാന്യന്മാരായ എഴുത്തുകാരാകുന്നു, മനുഷ്യന് അവൻെറ മുമ്പിലൂടെയും പിന്നിലൂടെയും തുടരെത്തുടരെ വന്നുകൊണ്ട് അല്ലാഹുവിൻെറ കൽപന പ്രകാരം കാത്തു സൂക്ഷിക്കുന്ന മലക്കുകളും അവരുടെ കൂട്ടത്തിലുണ്ട്, സ്വർഗവും, അതിലെ അനുഗ്രഹങ്ങളെയും സംബന്ധിച്ച ഉത്തരവാദിത്വം ഏൽപിക്കപ്പെട്ട മാലികും(ﷺ), കൂട്ടാളികളും അവർക്കിടയിലുണ്ട്, അതുപോലെ അവരിൽ നരകത്തെയും, അതിലെ ശിക്ഷകളെയും സംബന്ധിച്ച് ചുമതലയേൽപിക്കപ്പെട്ട മലക്കുകളായ രിള്‌വാനും(ﷺ), സബാനിയ്യാക്കളിൽപെട്ട പത്തൊൻപത് സഹായികളുമുണ്ട്. ഖബറിലെ കുഴപ്പങ്ങളെ സംബന്ധിച്ച് ചുമതലയേൽപിക്കപ്പെട്ട മുൻകറും, നകീറും മലക്കുകളുടെ കൂട്ടത്തിലുണ്ട്. അല്ലാഹുവിൻെറ സിംഹാസനം വഹിക്കാൻ ചുമതലയേൽപിക്കപ്പെട്ടവരും, ഗർഭാശയത്തിൽ സൃഷ്ടിപ്പും, അതിനോടനുബന്ധിച്ച് ചില കാര്യങ്ങൾ രേഖപ്പെടുത്തുവാനും ചുമതലയേൽപിക്കപ്പെട്ടവരും മലക്കുകളിലുണ്ട്. അതുപോലെ ബൈതുൽ മഅ്മൂർ എന്ന വീട്ടിലേക്ക് എല്ലാ ദിവസവും എഴുപതിനായിരം മലക്കുകൾ പ്രവേശിക്കുകയും ആരാധനകൾ അർപ്പിക്കുകയും ചെയ്യുന്നവരുണ്ട്, ഒരു പ്രാവശ്യം അതിലേക്ക് പ്രവേശിച്ചവർ പിന്നീട് അതിലേക്ക് പ്രവേശിക്കുന്നില്ല. വിജ്ഞാന സദസ്സുകൾ അന്വേഷിച്ച് കൊണ്ട് ചുറ്റി സഞ്ചരിക്കുന്നവരും അവരുടെ കൂട്ടത്തിലുണ്ട്. അതുപോലെ അണിയണിയായി നിന്ന് അല്ലാഹുവിന് വേണ്ടി നമസ്കരിച്ച് കൊണ്ടിരിക്കുന്ന അസംഖ്യം മലക്കുകൾ വേറെയുമുണ്ട്, അവരുടെ എണ്ണം അല്ലാഹുവിന് മാത്രമെ അറിയുകയുള്ളൂ.**



**{ وَمَا يَعْلَمُ جُنُودَ رَبِّكَ إِلاَّ هُوَ وَمَا هِيَ إِلاَّ ذِكْرَى لِلْبَشَرِ } (المدثر:31)**

'നിന്റെ രക്ഷിതാവിന്റെ സൈന്യങ്ങളെ അവനല്ലാതെ മറ്റാരും അറിയുകയില്ല. ഇത് മനുഷ്യർക്ക് ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല' (മുദ്ദഥ്ഥിർ : 31).

**അല്ലാഹുവിൻെറ മലക്കുകൾ വ്യത്യസ്ഥ തരത്തിലുള്ളവരാണെന്നതിന് ഖുർആനിലും തിരുസുന്നത്തിലും അനേകം തെളിവുകൾ ഉണ്ട്.**

**77- അല്ലാഹുവിൻെറ വേദഗ്രന്ഥത്തിൽ വിശ്വസിക്കണമെന്നതിന് തെളിവ് പറയുക?**

**ഉത്തരം: ഒരുപാട് തെളിവുകളുണ്ട്. അല്ലാഹു പറയുന്നു:**

**{ يَا أَيُّهَا الَّذِينَ آمَنُوا آمِنُوا بِاللَّهِ وَرَسُولِهِ وَالْكِتَابِ الَّذِي نَزَّلَ عَلَى رَسُولِهِ وَالْكِتَابِ الَّذِي أَنْزَلَ مِنْ قَبْلُ } (النساء: 136)**

'സത്യവിശ്വാസികളേ, അല്ലാഹുവിലും, അവന്റെ ദൂതനിലും, അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ' (നിസാഅ്:136).

**{ قُولُوا آمَنَّا بِاللَّهِ وَمَا أُنْزِلَ إِلَيْنَا وَمَا أُنْزِلَ إِلَى إِبْرَاهِيمَ وَإِسْمَاعِيلَ وَإِسْحَاقَ وَيَعْقُوبَ وَالأَسْبَاطِ وَمَا أُوتِيَ مُوسَى وَعِيسَى وَمَا أُوتِيَ النَّبِيُّونَ مِنْ رَبِّهِمْ لاَ نُفَرِّقُ بَيْنَ أَحَدٍ مِنْهُمْ } (البقرة: 136)**

'നിങ്ങൾ പറയുക: അല്ലാഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്രാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ്വ പ്രവാചകൻമാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതി (സന്ദേശങ്ങളി) ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല.' (അൽബഖറ:136)

ഇതുപോലെ ഒട്ടനവധി തെളിവുകളുണ്ട്. താഴെ വരുന്ന ആയത്ത് തന്നെ അതിന് ധാരാളമാണ്. അല്ലാഹുപറയുന്നു:

{ وَقُلْ آمَنْتُ بِمَا أَنْزَلَ اللَّهُ مِنْ كِتَابٍ } (الشورى:**15**)

'നീ പറയുക: അല്ലാഹു അവതരിപ്പിച്ച ഏത് ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു' (ശൂറാ:15).

**78- വിശുദ്ധ ഖുർആനിൽ മുഴുവൻ വേദഗ്രന്ഥങ്ങളുടെയും പേര് പറയപ്പെട്ടിട്ടുണ്ടോ?**

**ഉത്തരം: വിശുദ്ധഖുർആനിൽ അല്ലാഹു തൗറാത്ത്, ഇഞ്ചീൽ, സബൂർ, ഇബ്രാഹീം നബി(ﷺ) യുടെയും, മൂസാ നബി(ﷺ) യുടെയും ഏടുകളെ സംബന്ധിച്ചും പറയുന്നു, എന്നാൽ മറ്റുള്ളവയെ സംബന്ധിച്ച് മൊത്തത്തിലാണ് പറഞ്ഞിരിക്കുന്നത്.**

{ اللَّهُ لاَ إِلَهَ إِلاَّ هُوَ الْحَيُّ الْقَيُّومُ * نَزَّلَ عَلَيْكَ الْكِتَابَ بِالْحَقِّ مُصَدِّقًا لِمَا بَيْنَ يَدَيْهِ وَأَنْزَلَ التَّوْرَاةَ وَالإِنْجِيلَ * مِنْ قَبْلُ } (آل عمران:**2-4**)

'അല്ലാഹു–അവനല്ലാതെ ഒരു ദൈവവുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. അവൻ ഈ വേദഗ്രന്ഥത്തെ മുൻ വേദങ്ങളെ ശരിവെക്കുന്നതായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. അവൻ തൗറാത്തും ഇൻജീലും അവതരിപ്പിച്ചു. ഇതിനു മുമ്പ്;' (ആലുഇംറാൻ:2–4).

{ وَآتَيْنَا دَاوُدَ زَبُورًا } (النساء:**163**)

'ദാവൂദിന് നാം സബൂർ ( സങ്കീർത്തനം ) നൽകി' (നിസാഅ്:163). .

{ أَمْ لَمْ يُنَبَّأْ بِمَا فِي صُحُفِ مُوسَى * وَإِبْرَاهِيمَ الَّذِي وَفَّى } (النجم:**36-37**)

'അതല്ല, മൂസായുടെ പത്രികകളിൽ ഉള്ളതിനെ പറ്റി അവന് വിവരം അറിയിക്കപ്പെട്ടിട്ടില്ലേ? (കടമകൾ) നിറവേറ്റിയ ഇബ്രാഹീമിന്റെയും (പത്രികകളിൽ)' (നജ്മ്:26–27)

{ لَقَدْ أَرْسَلْنَا رُسُلَنَا بِالْبَيِّنَاتِ وَأَنْزَلْنَا مَعَهُمُ الْكِتَابَ وَالْمِيزَانَ لِيَقُومَ النَّاسُ بِالْقِسْطِ



} (الحديد:**25**)

'തീർച്ചയായും നാം നമ്മുടെ ദൂതൻമാരെ വ്യക്തമായ ദൃഷ്ടാന്തങ്ങളും കൊണ്ട് അയക്കുകയുണ്ടായി. ജനങ്ങൾ നീതിപൂർവ്വം നിലകൊള്ളുവാൻ വേണ്ടി അവരോടൊപ്പം വേദഗ്രന്ഥവും തുലാസും ഇറക്കികൊടുക്കുകയും ചെയ്തു' (ഹദീദ്:25).

**അല്ലാഹു വിശദമായി പറഞ്ഞവയെപ്പറ്റി വിശദമായിട്ടും, മൊത്തത്തിൽ പറഞ്ഞവയെപ്പറ്റി മൊത്തത്തിലും വിശ്വസിക്കൽ നമ്മുടെ ബാധ്യതയാകുന്നു. അതുകൊണ്ട് തന്നെ അല്ലാഹുവും, അവൻെറ പ്രവാചകനും നമ്മോട് കൽപിച്ചത് പ്രകാരം നാം പറയുന്നു:**

{ وَقُلْ آمَنْتُ بِمَا أَنْزَلَ اللَّهُ مِنْ كِتَابٍ } (الشورى:**15**)

'നീ പറയുക: അല്ലാഹു അവതരിപ്പിച്ച ഏത് ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു' (ശൂറാ:15).

**79- അല്ലാഹുവിൻെറ വേദഗ്രന്ഥത്തിൽ വിശ്വസിക്കുക എന്നതിൻെറ ആശയം എന്താണ്?**

**ഉത്തരം: എല്ലാം അല്ലാഹുവിൽ നിന്നാണെന്ന് നാം ദൃഢമായി വിശ്വസിക്കുക എന്നതാണ് അതിൻെറ ആശയം. തീർച്ചയായും അല്ലാഹു യഥാർത്ഥത്തിൽ വേദഗ്രന്ഥത്തിലുള്ളത് സംസാരിച്ചിട്ടുണ്ട്, അതിൽ മലക്കുകൾ മുഖേനയല്ലാതെ അല്ലാഹു ഒരു മറക്കപ്പുറത്ത് നിന്ന് സംസാരിച്ചതുണ്ട്, അവയിൽ മനുഷ്യരായ പ്രവാചകന്മാർക്ക് മലക്കുകൾ മുഖേന നൽകിയതുണ്ട്, അതിൽ അല്ലാഹു സ്വന്തം കൈ കൊണ്ട് എഴുതിയതുമുണ്ട്. അല്ലാഹു പറയുന്നു:**

{ وَمَا كَانَ لِبَشَرٍ أَنْ يُكَلِّمَهُ اللَّهُ إِلاَّ وَحْيًا أَوْ مِنْ وَرَاءِ حِجَابٍ أَوْ يُرْسِلَ رَسُولاً فَيُوحِيَ بِإِذْنِهِ مَا يَشَاءُ } (الشورى:**51**)

'(നേരിട്ടുള്ള) ഒരു ബോധനം എന്ന നിലയിലോ ഒരു മറയുടെ പിന്നിൽ നിന്നായിക്കൊണ്ടോ, ഒരു ദൂതനെ അയച്ച് അല്ലാഹുവിന്റെ അനുവാദപ്രകാരം അവൻ ഉദ്ദേശിക്കുന്നത് അദ്ദേഹം (ദൂതൻ) ബോധനം നൽകുക എന്ന നിലയിലോ അല്ലാതെ അല്ലാഹു തന്നോട് സംസാരിക്കുക എന്ന കാര്യം

യാതൊരു മനുഷ്യന്നും ഉണ്ടാവുകയില്ല' (ശൂറാ:51).

**മൂസാ നബി(ﷺ) യോട് അല്ലാഹു പറയുന്നു:**

{ إِنِّي اصْطَفَيْتُكَ عَلَى النَّاسِ بِرِسَالاَتِي وَبِكَلاَمِي } (الأعراف:**144**)

'അവൻ (അല്ലാഹു) പറഞ്ഞു: ഹേ; മൂസാ, എന്റെ സന്ദേശങ്ങൾകൊണ്ടും, എന്റെ (നേരിട്ടുള്ള) സംസാരം കൊണ്ടും തീർച്ചയായും നിന്നെ ജനങ്ങളിൽ ഉൽകൃഷ്ടനായി ഞാൻ തെരഞ്ഞെടുത്തിരിക്കുന്നു.' (അഅ്റാഫ് : 144)

{ وَكَلَّمَ اللهُ مُوسَى تَكْلِيمًا } (النساء:**164**)

'മൂസായോട് അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു' (നിസാഅ് : 164).

**തൗറാത്തിൻെറ കാര്യത്തിൽ അല്ലാഹു പറയുന്നു:**

{ وَكَتَبْنَا لَهُ فِي الأَلْوَاحِ مِنْ كُلِّ شَيْءٍ مَوْعِظَةً وَتَفْصِيلاً لِكُلِّ شَيْءٍ }

(الأعراف:**145**)

'എല്ലാകാര്യത്തെപ്പറ്റിയും നാം അദ്ദേഹത്തിന് (മൂസായ്ക്ക്) പലകകളിൽ എഴുതികൊടുക്കുകയും ചെയ്തു. അതായത് സദുപദേശവും, എല്ലാ കാര്യത്തെപ്പറ്റിയുള്ള വിശദീകരണവും' (അഅ്റാഫ്:145) .

**ഈസാ നബി(ﷺ) യുടെ കാര്യത്തിൽ അല്ലാഹു പറയുന്നു:**

{ وَآتَيْنَاهُ الإِنْجِيلَ } (المائدة:**46**)

'ഇൻജീലും അദ്ദേഹത്തിന് നാം നൽകി' (മാഇദ:46)..

{ وَآتَيْنَا دَاوُدَ زَبُورًا } (النساء:**163**)

'ദാവൂദിന് നാം സബൂർ ( സങ്കീർത്തനം ) നൽകി.' (നിസാഅ്:163).

**വിശുദ്ധഖുർആനിൻെറ കാര്യത്തിൽ അല്ലാഹു പറയുന്നു:**

{لَكِنِ اللهُ يَشْهَدُ بِمَا أَنْزَلَ إِلَيْكَ أَنْزَلَهُ بِعِلْمِهِ وَالْمَلاَئِكَةُ يَشْهَدُونَ وَكَفَى بِاللهِ

شَهِيدًا } (النساء:**166**)



'എന്നാൽ അല്ലാഹു നിനക്ക് അവതരിപ്പിച്ചുതന്നതിന്റെ കാര്യത്തിൽ അവൻ തന്നെ സാക്ഷ്യം വഹിക്കുന്നു. അവന്റെ അറിവിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് അവനത് അവതരിപ്പിച്ചിട്ടുള്ളത്. മലക്കുകളും (അതിന്) സാക്ഷ്യം വഹിക്കുന്നു. സാക്ഷിയായി അല്ലാഹു മതി.' (166)

{ وَقُرْآنًا فَرَقْنَاهُ لِتَقْرَأَهُ عَلَى النَّاسِ عَلَى مُكْثٍ وَنَزَّلْنَاهُ تَنْزِيلاً } (الإسراء:**106**)

'നീ ജനങ്ങൾക്ക് സാവകാശത്തിൽ ഓതികൊടുക്കേണ്ടതിനായി ഖുർആനിനെ നാം (പല ഭാഗങ്ങളായി) വേർതിരിച്ചിരിക്കുന്നു. നാം അതിനെ ക്രമേണയായി ഇറക്കുകയും ചെയ്തിരിക്കുന്നു' (ഇസ്റാഅ്:106).

{ وَإِنَّهُ لَتَنْزِيلُ رَبِّ الْعَالَمِينَ * نَزَلَ بِهِ الرُّوحُ الأَمِينُ * عَلَى قَلْبِكَ لِتَكُونَ مِنَ

الْمُنْذِرِينَ * بِلِسَانٍ عَرَبِيٍّ مُبِينٍ } (الشعراء:**192-195**)

'തീർച്ചയായും ഇത് (ഖുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു. നിന്റെ ഹൃദയത്തിൽ. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്.)' (ശുഅറാ:192–195)

{ إِنَّ الَّذِينَ كَفَرُوا بِالذِّكْرِ لَمَّا جَاءَهُمْ وَإِنَّهُ لَكِتَابٌ عَزِيزٌ * لاَ يَأْتِيهِ الْبَاطِلُ مِنْ

بَيْنِ يَدَيْهِ وَلاَ مِنْ خَلْفِهِ تَنْزِيلٌ مِنْ حَكِيمٍ حَمِيدٍ } (فصلت:**41-42**)

'തീർച്ചയായും ഈ ഉൽബോധനം തങ്ങൾക്കു വന്നുകിട്ടിയപ്പോൾ അതിൽ അവിശ്വസിച്ചവർ (നഷ്ടം പറ്റിയവർ തന്നെ) തീർച്ചയായും അത് പ്രതാപമുള്ള ഒരു ഗ്രന്ഥം തന്നെയാകുന്നു. അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്' (ഫുസ്സിലത്ത് : 41–42).

**ഇതുപോലെ ഒട്ടനവധി ആയത്തുകളുണ്ട്.**

**80- മുൻ കഴിഞ്ഞ വേദഗ്രന്ഥങ്ങളെ അപേക്ഷിച്ച് വിശുദ്ധ ഖുർആനിനുള്ള പ്രത്യേകതകൾ എന്തെല്ലാമാണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَأَنْزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ مُصَدِّقًا لِمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ }

(المائدة:**48**)

'(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്' (മാഇദ:48).

{ وَمَا كَانَ هَذَا الْقُرْآنُ أَنْ يُفْتَرَى مِنْ دُونِ اللَّهِ وَلَكِنْ تَصْدِيقَ الَّذِي بَيْنَ يَدَيْهِ وَتَفْصِيلَ الْكِتَابِ لاَ رَيْبَ فِيهِ مِنْ رَبِّ الْعَالَمِينَ } (يونس:**37**)

'അല്ലാഹുവിന് പുറമെ (മറ്റാരാലും) ഈ ഖുർആൻ കെട്ടിച്ചമയ്ക്കപ്പെടാവുന്നതല്ല. പ്രത്യുത അതിന്റെ മുമ്പുള്ള ദിവ്യസന്ദേശത്തെ സത്യപ്പെടുത്തുന്നതും, ദൈവികപ്രമാണത്തിന്റെ വിശദീകരണവുമത്രെ അത്. അതിൽ യാതൊരു സംശയവുമില്ല. ലോകരക്ഷിതാവിങ്കൽ നിന്നുള്ളതാണത്' (യൂനുസ്:37).

{ مَا كَانَ حَدِيثًا يُفْتَرَى وَلَكِنْ تَصْدِيقَ الَّذِي بَيْنَ يَدَيْهِ وَتَفْصِيلَ كُلِّ شَيْءٍ وَهُدًى وَرَحْمَةً لِقَوْمٍ يُؤْمِنُونَ } (يوسف:**111**)

'അത് കെട്ടിയുണ്ടാക്കാവുന്ന ഒരു വർത്തമാനമല്ല. പ്രത്യുത; അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) ശരിവെക്കുന്നതും, എല്ലാകാര്യത്തെയും സംബന്ധിച്ചുള്ള ഒരു വിശദീകരണവും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു അത്' (യൂസുഫ്: 111).

**ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നു: എല്ലാത്തിനെയും വളരെ സു രക്ഷിതമായി കാത്ത് സൂക്ഷിക്കുകയും, മുൻകഴിഞ്ഞവേദഗ്രന്ഥങ്ങൾക്ക് സാ ക്ഷിയാവുകയും, അവയെ സത്യപ്പെടുത്തുകയും ചെയ്യുന്നു. അതായതയ് അതിലുള്ള ശരിയായ വശത്തെ സത്യപ്പെടുത്തുകയും, അതിൽ വന്നിട്ടുള്ള കൈകടത്തലുകളും, മാറ്റത്തിരുത്തലുകളെയും നിഷേധിക്കുകയും ചെയ്യുക യും, മുൻകഴിഞ്ഞതിനെയെല്ലാം ദുർബലപ്പെടുത്തുകയും ചെയ്യുന്നു. അതു കൊണ്ട് തന്നെ മുൻകഴിഞ്ഞ**



**വേദഗ്രന്ഥത്തിൻെറ ആളുകളെല്ലാം തന്നെ വിശുദ്ധഖുർആനിനെ അംഗീകരിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു:**

{ الَّذِينَ آتَيْنَاهُمُ الْكِتَابَ مِنْ قَبْلِهِ هُمْ بِهِ يُؤْمِنُونَ * وَإِذَا يُتْلَى عَلَيْهِمْ قَالُوا آمَنَّا بِهِ إِنَّهُ الْحَقُّ مِنْ رَبِّنَا إِنَّا كُنَّا مِنْ قَبْلِهِ مُسْلِمِينَ } (سورة القصص:**52-53**)

'ഇതിന് മുമ്പ് നാം ആർക്ക് വേദഗ്രന്ഥം നൽകിയോ അവർ ഇതിൽ വിശ്വസിക്കുന്നു. ഇതവർക്ക് ഓതികേൾപിക്കപ്പെടുമ്പോൾ അവർ പറയും: ഞങ്ങൾ ഇതിൽ വിശ്വസിച്ചിരിക്കുന്നു. തീർച്ചയായും ഇത് ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാകുന്നു. ഇതിനു മുമ്പു തന്നെ തീർച്ചയായും ഞങ്ങൾ കീഴ്പെടുന്നവരായിരിക്കുന്നു' (ഖസസ്:52–52).

**81- ഖുർആനിനോട് സമൂഹം മുഴുവനും പാലിക്കേണ്ട നിർബ്വന്ധ ബാധ്യതകൾ എന്തൊക്കെയാണ്?**

**ഉത്തരം: വിശുദ്ധഖുർആനിനെ പ്രത്യക്ഷമായും പരോക്ഷമായും അനുസരിക്കുകയും, അതനുസരിച്ച് ജീവിതം ക്രമീകരിക്കുകയും, അതിൻെറ അവകാശങ്ങൾ വകവെച്ച് കൊടുക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു:**

{ وَهَذَا كِتَابٌ أَنْزَلْنَاهُ مُبَارَكٌ فَاتَّبِعُوهُ وَاتَّقُوا } (الأنعام:**155**)

'ഇതാകട്ടെ നാം അവതരിപ്പിച്ച നൻമ നിറഞ്ഞ ഗ്രന്ഥമത്രെ. അതിനെ നിങ്ങൾ പിൻപറ്റുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുക. ' (അൻആം : 155)

{ اتَّبِعُوا مَا أُنْزِلَ إِلَيْكُمْ مِنْ رَبِّكُمْ وَلاَ تَتَّبِعُوا مِنْ دُونِهِ أَوْلِيَاءَ } (الأعراف:**3**)

'നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു രക്ഷാധികാരികളെ നിങ്ങൾ പിൻപറ്റരുത്' (അഅ്റാഫ്:3).

{ وَالَّذِينَ يُمَسِّكُونَ بِالْكِتَابِ وَأَقَامُوا الصَّلاَةَ إِنَّا لاَ نُضِيعُ أَجْرَ الْمُصْلِحِينَ }

(الأعراف:**170**)

‘വേദഗ്രന്ഥത്തെ മുറുകെപിടിക്കുകയും, പ്രാർത്ഥന മുറപോലെ നിർവ ഹിക്കുകയും ചെയ്യുന്നവരാരോ ആ സൽകർമ്മകാരികൾക്കുള്ള പ്രതിഫ ലം നാം നഷ്ടപ്പെടുത്തിക്കളയുകയില്ല; തീർച്ച’ (അഅ്റാഫ്:170)..

ഇത് മുഴുവൻ വേദഗ്രന്ഥത്തോടും, ദൃഷ്ടാന്തങ്ങളോടും പുലർ ത്തേണ്ട സമീപനമാണ്. ഈ വിഷയത്തിൽ ഒരുപാട് ആയത്തുകളുണ്ട്. വിശു ദ്ധ ഗ്രന്ഥത്തിൻെറ കാര്യത്തിൽ പ്രവാചകൻ(ﷺ) വസ്വിയ്യത്ത് നൽകുന്നു:

(... فَخُذُوا بِكِتَابِ اللهِ وَاسْتَمْسِكُوا بِهِ ) رواه مسلم ( فضائل الصحابة / 36 ) ، وأحمد ( 4 / 366 ، 367 ) .

“അല്ലാഹുവിൻെറ വേദഗ്രന്ഥത്തെ നിങ്ങൾ സ്വീകരിക്കുകയും, അത് മുറു കെ പിടിക്കുകയും ചെയ്യുക” (മുസ്ലിം, അഹ്മദ്). അലി(رضي الله عنه)വിൻെറ മർ ഫൂആയിട്ടുള്ള ഹദീസിൽ കാണാം:

(... أَلاَ إِنَّهَا سَتَكُونُ فِتْنَةٌ فَقُلْتُ مَا الْمَخْرَجُ مِنْهَا يَا رَسُولَ اللهِ قَالَ كِتَابُ اللهِ...)

( ضعيف ) ، رواه أحمد ( 1 / 91 ) ، والترمذي ( 2906 ) ، والدارمي ( 3334 ) ،

قال الإمام الترمذي : هذا حديث لا نعرفه إلا من هذا الوجه ، وإسناده مجهول وفي الحارث مقال . وقال الشيخ أحمد شاكر : إسناده ضعيف جدا من أجل الحارث الأعور .

“അറിയുക; കുഴപ്പങ്ങൾ ഉണ്ടാവും, അപ്പോൾ ഞാൻ ചോദിച്ചു: അതിൽ നിന്ന് രക്ഷപ്പെടുവാനുള്ള മാർഗമെന്താണ്? തിരുമേനി പറയുകയുണ്ടായി: അല്ലാഹുവിൻെറ ഗ്രന്ഥമാകുന്നു” (അഹ്മദ്, തിർമിദി. ഇത് ദുർബ്ബലമാണ്. ഇതിൻെറ സനദിലുള്ള അൽ ഹാരിഥുൽ അഅ്വർ എന്ന വ്യക്തി അറിയ പ്പെടാത്തവനാണ്).

**82- വേദഗ്രന്ഥത്തെ മുറുകെ പിടിക്കുക, അതിൻെറ അവകാശങ്ങ ൾ വകവെച്ച് കൊടുക്കുക എന്നൊക്കെ പറഞ്ഞാൽ എന്താണത് കൊണ്ട് അർത്ഥമാക്കുന്നത്?**



ഉത്തരം: വിശുദ്ധഖുർആനിനെ മന:പാഠമാക്കുകയും, അതിനെ പാരായണം ചെയ്യുകയും, രാവും, പകലുമത് പാരായണം ചെയ്ത് നിന്ന് നമസ്കരി ക്കുകയും, അതിലെ ആയത്തുകളെ സംബന്ധിച്ച് ചിന്തിക്കുകയും, അത് അനുവദനീയമാക്കിയത് അനുവദനീയമാക്കുകയും, നിഷിദ്ധമാക്കിയത് നി ഷിദ്ധമാക്കുകയും, കൽപനകൾ പ്രാവർത്തികമാക്കുകയും, വിരോധങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും, അതിലെ ഉപമകളിൽ നിന്ന് ഗുണപാഠമുൾ കൊള്ളുകയും, അതിലുള്ള കഥകളിൽ നിന്ന് ഉപദേശങ്ങൾ സ്വീകരിക്കുക യും, അതിലെ മുഹ്കമായ ആയത്തുകൾ കൊണ്ട് പ്രവർത്തിക്കുകയും, മു തശാബിഅത്തായ ആയത്തുകൾക്ക് കീഴൊതുങ്ങുകയും, അതിലെ നിയമ ങ്ങൾക്ക് മുന്നിൽ നിൽക്കുകയും, നിരർത്ഥകരും അതിര്കടക്കുകയും ചെ യ്യുന്നവരുടെ നിഷേധത്തിൽ നിന്നും, മാറ്റത്തിരുത്തലുകളിൽ നിന്നും അതി നെ സംരക്ഷിക്കുകയും, അതിന് വേണ്ടി എല്ലാ രൂപത്തിലും ഗുണകാംക്ഷ നടത്തുകയും, യഥാർത്ഥ വിജ്ഞാനത്തോടെ അതിലേക്ക് ആളുകളെ ക്ഷ ണിക്കുകയും ചെയ്യുകയെന്നതാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്.

**83- വിശുദ്ധഖുർആൻ അല്ലാഹുവിൻെറ സൃഷ്ടിയാണെന്ന് പറയുന്ന വൻെറ വിധിയെന്താണ്?**

ഉത്തരം: ഉന്നതനും പ്രതാപവാനുമായ അല്ലാഹുവിൻെറ കലാമാ (വാക്കുക ളാ)ണ് യഥാർത്ഥത്തിൽ അക്ഷരങ്ങളും, ആശയങ്ങളുമടങ്ങിയിട്ടുള്ള ഖുർആ ൻ. ആശയങ്ങളുൾകൊള്ളാത്ത അക്ഷരങ്ങളോ, അക്ഷരങ്ങളില്ലാത്ത ആശയ ങ്ങളോ അല്ല അല്ലാഹുവിൻെറ കലാമായ ഖുർആൻ. അല്ലാഹു അതിനെ സംസാരിക്കുകയും, വഹ്യായി പ്രവാചകനത് ഇറക്കുകയും, യഥാർത്ഥ രൂ പത്തിൽ സത്യവിശ്വാസികൾ അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ഖുർആനിനെ വിരലുകൾ കൊണ്ട് എഴുതുകയും, നാവുകൾ കൊണ്ട് പാ രായണം ചെയ്യുകയും, മനസുകളിൽ അതിനെ മന:പാഠമാക്കുകയും, ചെ വികൾ കൊണ്ടതിനെ കേൾക്കുകയും, കണ്ണുകൾ കൊണ്ടതിനെ കാണുക യും ചെയ്തത് കാരണത്താൽ അത് പരമകാരുണികൻെറ കലാമല്ലാതായി

**തീരുന്നില്ല. വിരലുകളും, മഷിയും, പേനയും, പേജുകളും സൃഷ്ടികളാണ്, എന്നാൽ അവകൊണ്ട് എഴുതുന്ന ഖുർആൻ സൃഷ്ടിയല്ല, നാവും, ശബ്ദവും സൃഷ്ടികളാണ്, എന്നാൽ വ്യത്യസ്തമായ അതിൻെറ പാരായണം സൃ ഷ്ടിയല്ല, ഹൃദയം സൃഷ്ടിയാണ്, എന്നാൽ അതിൽ മനഃപാഠമാക്കുന്ന ഖു ർആൻ സൃഷ്ടിയല്ല, ചെവി സൃഷ്ടിയാണ് എന്നാൽ അത്കൊണ്ട് കേൾ ക്കുന്ന ഖുർആൻ സൃഷ്ടിയല്ല. അല്ലാഹു പറയുന്നു:**

{ إِنَّهُ لَقُرْآنٌ كَرِيمٌ * فِي كِتَابٍ مَكْنُونٍ } (الواقعة:**77-78**)

'തീർച്ചയായും ഇത് ആദരണീയമായ ഒരു ഖുർആൻ തന്നെയാകുന്നു. ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു രേഖയിലാകുന്നു അത്' (**വാഖിഅ**: 77–78).

{ بَلْ هُوَ آيَاتٌ بَيِّنَاتٌ فِي صُدُورِ الَّذِينَ أُوتُوا الْعِلْمَ وَمَا يَجْحَدُ بِآيَاتِنَا إِلاَّ الظَّالِمُونَ }

(العنكبوت:**49**)

'എന്നാൽ ജ്ഞാനം നൽകപ്പെട്ടവരുടെ ഹൃദയങ്ങളിൽ അത് സുവ്യക്തമായ ദൃഷ്ടാന്തങ്ങളാകുന്നു. അക്രമികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല' (**അൻകബൂത്ത്**:49).

{ وَاتْلُ مَا أُوحِيَ إِلَيْكَ مِنْ كِتَابِ رَبِّكَ لاَ مُبَدِّلَ لِكَلِمَاتِهِ } (الكهف:**27**)

'നിനക്ക് ബോധനം നൽകപ്പെട്ട നിന്റെ രക്ഷിതാവിന്റെ ഗ്രന്ഥം നീ പാരായണം ചെയ്യുക. അവന്റെ വചനങ്ങൾക്ക് ഭേദഗതി വരുത്താനാരുമില്ല' (**അൽ കഅ്ഫ്**:27).

{ وَإِنْ أَحَدٌ مِنَ الْمُشْرِكِينَ اسْتَجَارَكَ فَأَجِرْهُ حَتَّى يَسْمَعَ كَلاَمَ اللهِ } (التوبة:**6**)

'ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന്ന് അഭയം നൽകുക' (തൗബ:6).

**ഇബ്നു മസ്ഊദ്(رضي الله عنه) പറയുന്നു: "നിങ്ങൾ ഖുർആനിനെ പാരായണം ചെയ്യുന്നതും, അതിലെ ആയത്തുകളെ സംബന്ധിച്ച് ചിന്തിക്കുന്നതും പതിവാക്കുക". ഇതു പോലെയുള്ള തെളിവുകൾ ഒട്ടനവധിയുണ്ട്. ആരെങ്കിലും ഖുർആനോ, അതിലെ വല്ല ആയത്തുകളോ സൃഷ്ടിയാണെന്ന് പറയുകയാണെങ്കിൽ അവൻ അവിശ്വാസിയാണ്, ഇസ്ലാമിൽ നിന്ന് പരിപൂർ**



**ണമായി പുറത്ത്പോകുന്നതാണ്. കാരണം ഖുർആൻ അല്ലാഹുവിൻെറ കലാമാണ്, അല്ലാഹുവിൽ നിന്നാണത് തുടങ്ങിയത് അത് അവനിലേക്ക് തന്നെ മടങ്ങുകയും ചെയ്യുന്നതാണ്, അല്ലാഹുവിൻെറ കലാം അവൻെറ വിശേഷണമാണ്, ആരെങ്കിലും അല്ലാഹുവിൻെറ വിശേഷണം സൃഷ്ടിയാണെന്ന് വാദിച്ചാൽ അവൻ അവിശ്വാസിയും, ഇസ്ലാമിൽ നിന്ന് പുറത്ത് പോയവനുമാണ്, അവനോട് ഇസ്ലാമിലേക്ക് തിരിച്ച് വരുവാൻ ആവശ്യപ്പെടുക, അവൻ മടങ്ങിയാൽ അവന് നല്ലത്, ഇല്ലായെങ്കിൽ അവനെ വധിക്കേണ്ടതാണ് (ഇസ്ലാമിക ശരീഅത്തനുസരിച്ച് ഭരണം നടത്തുന്ന ഭരണാധികാരിയുടെ ഉത്തരവാദിത്വമാണത്). അവന് മുസ്ലീങ്ങളുടെ യാതൊരു നിയമവും ബാധകമാവില്ല.**

**84- അല്ലാഹുവിൻെറ കലാം എന്ന സ്വിഫത്ത് ദാത്തിയാണോ, അതോ ഫിഅ്ലി യാണോ?**

**ഉത്തരം: കലാം എന്നുള്ളത് അല്ലാഹുവിൻെറ ദാത്തുമായി ബന്ധപ്പെട്ടത് കാരണത്താൽ അത് ദാത്തിയായ വിശേഷണമാണ്, അവൻെറ ദാത്തിയായ സ്വിഫത്തായ ഇൽമ് (അറിവ്) പോലെ. മാത്രമല്ല, കലാം എന്നത് അവൻെറ അറിവിൽ പെട്ടതാണ്, അവനാണ് അവൻ ഇറക്കുന്നതിനെ സംബന്ധിച്ച് ഏറ്റവും കൂടുതൽ അറിയുന്നത്. എന്നാൽ അല്ലാഹുവിൻെറ മശീഅത്തും, ഉദ്ദേശത്തിൻെറയും അടിസ്ഥാനത്തിലാണെങ്കിൽ അത് ഫിഅ്ലിയായ വിശേഷണവുമാണ്. പ്രവാചകൻ(ﷺ) പറയുന്നു:**

« إذا أراد الله أن يوحي بالأمر تكلم بالوحي »

**"അല്ലാഹു ഏതെങ്കിലും കാര്യം വഹ്യ് നൽകുവാൻ ഉദ്ദേശിച്ചാൽ അവൻ വഹ്യ് കൊണ്ട് സംസാരിക്കുന്നു" (ഈ ഹദീസ് ദുർബ്ബലമാണ്, മുകളിൽ ഇതിൻെറ ഉറവിടം വ്യക്തമാക്കിയിട്ടുണ്ട്).**

**ഇത്കൊണ്ടാണ് സലഫുസ്വാലിഹീങ്ങൾ പറയുന്നത് കലാം എന്നുള്ളത് അല്ലാഹുവിൻെറ ദാത്തിയും, ഫിഅ്ലിയുമായ വിശേഷണങ്ങളാകുന്നു എന്ന്. അല്ലാഹുവിന് കലാം എന്ന വിശേഷണം പണ്ടേ ഉണ്ട്, അത് എന്നെന്നും ഉണ്ടായി കൊണ്ടേയിരിക്കും, എന്നാൽ അല്ലാഹുവിൻെറ സംസാരം അവൻെറ മശീഅത്തും, ഉദ്ദേശവുമനുസരിച്ചായിരിക്കും അങ്ങിനെ അല്ലാഹു അവൻ ഉദ്ദേശിക്കുന്നത്, ഉദ്ദേശിക്കുന്ന സമയത്ത്, ഉദ്ദേശിക്കുന്ന രൂ**

പത്തിൽ സംസാരിക്കുകയും, അതവന് ഉദ്ദേശിക്കുന്നവരെ കേൾപ്പിക്കുക യും ചെയ്യും. അല്ലാഹുവിൻെറ കലാം അവൻെറ വിശേഷണമാണ് അതി ന് അവസാനവുമില്ല. അല്ലാഹു പറയുന്നു:

{ قُلْ لَوْ كَانَ الْبَحْرُ مِدَادًا لِكَلِمَاتِ رَبِّي لَنَفِدَ الْبَحْرُ قَبْلَ أَنْ تَنْفَدَ كَلِمَاتُ رَبِّي وَلَوْ جِئْنَا بِمِثْلِهِ مَدَدًا } (الكهف: 109)

'(നബിയേ,) പറയുക: സമുദ്രജലം എന്റെ രക്ഷിതാവിന്റെ വചനങ്ങളെഴു താനുള്ള മഷിയായിരുന്നെങ്കിൽ എന്റെ രക്ഷിതാവിന്റെ വചനങ്ങൾ തീരു ന്നതിന് മുമ്പായി സമുദ്രജലം തീർന്ന് പോകുക തന്നെ ചെയ്യുമായിരുന്നു. അതിന് തുല്യമായ മറ്റൊരു സമുദ്രം കൂടി നാം സഹായത്തിനു കൊണ്ട് വന്നാലും ശരി.' (അൽകഅ്ഫ്:109).

{ وَلَوْ أَنَّمَا فِي الأَرْضِ مِنْ شَجَرَةٍ أَقْلَامٌ وَالْبَحْرُ يَمُدُّهُ مِنْ بَعْدِهِ سَبْعَةُ أَبْحُرٍ مَا نَفِدَتْ كَلِمَاتُ اللَّهِ } (لقمان: 27)

'ഭൂമിയിലുള്ള വൃക്ഷമെല്ലാം പേനയായിരിക്കുകയും സമുദ്രം മഷിയാകു കയും അതിനു പുറമെ ഏഴു സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്റെ വചനങ്ങൾ എഴുതിത്തീരുകയില്ല. തീർച്ച യായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു' (ലുഖ്മാൻ:27).

{ وَتَمَّتْ كَلِمَةُ رَبِّكَ صِدْقًا وَعَدْلاً لاَ مُبَدِّلَ لِكَلِمَاتِهِ وَهُوَ السَّمِيعُ الْعَلِيمُ } (الأنعام: 115).

'നിന്റെ രക്ഷിതാവിന്റെ വചനം സത്യത്തിലും നീതിയിലും പരിപൂർണ്ണമാ യിരിക്കുന്നു. അവന്റെ വചനങ്ങൾക്ക് മാറ്റം വരുത്താനാരുമില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ' (അൻആം:115).

**85- الواقفة ('ഖുർആൻ അല്ലാഹുവിൻെറ കലാമുമല്ല, സൃഷ്ടിയുമല്ല' എന്ന് പറയുന്നവർ) എന്ന് പറയുന്നവരുടെ വിധി എന്താണ്?**

ഉത്തരം: വിശുദ്ധഖുർആൻ അല്ലാഹുവിൻെറ സൃഷ്ടിയുമല്ല,അല്ലാഹുവിൻെറ



കലാമുമല്ല എന്ന് പറയുന്നവരാണ് الواقفة എന്ന് പേരിൽ അറിയപ്പെടുന്നവർ. മഹാനായ ഇമാം അഹ്മദ് പറയുന്നു: "അല്ലാഹുവിൻെറ കലാമിനെ സം ബന്ധിച്ചുള്ള കാര്യങ്ങൾ മനസിലാക്കിയതിന് ശേഷം നിഷേധിക്കുന്നവർ 'ജഅ്മി'യാക്കളാണ്, എന്നാൽ അതിനെ സംബന്ധിച്ച് അറിയാത്തവർക്ക് നാം തെളിവുകൾ നൽകി വിശദീകരിച്ച് കൊടുക്കുക, അങ്ങിനെ അവർ പശ്ചാത്തപിച്ച് മടങ്ങുകയും, അല്ലാഹുവിൻെറ കലാം സൃഷ്ടിയല്ലയെന്ന് വിശ്വസിക്കുകയും ചെയ്താൽ അവർക്ക് നല്ലത്, ഇല്ലായെങ്കിൽ അവർ 'ജഅ്മി'യാക്കളേക്കാളും മോശപ്പെട്ടവരാണ്.

**86- (لفظي بالقرآن مخلوق) ഖുർആൻ ഓതുന്ന പദങ്ങൾ സൃഷ്ടിയാ ണെന്ന് പറയുന്നവൻെറ വിധി എന്താണ്?**

ഉത്തരം: ഈ വാചകം നിഷേധിക്കുവാനോ, സ്ഥിരീകരിക്കുവാനോ പാടി ല്ല. കാരണം ഖുർആൻ പാരായണം അടിമകളുടെ പ്രവർത്തനമായ ഉച്ചാര ണവും, ഉച്ചരിക്കുന്ന ഖുർആനും തമ്മിൽ കൂടിചേർന്നതാണ്. അതുകൊണ്ട് തന്നെ ക്വുർആൻ ഉച്ചരിക്കുന്ന പദങ്ങൾ സൃഷ്ടിയാണെന്ന് പറഞ്ഞാൽ അ ത് ഉൾകൊള്ളുന്നത് രണ്ടാമത്തെ ആശയവും, അത് 'ജഅ്മി'യാക്കളുടെ വാദവുമാണ്. എന്നാൽ സൃഷ്ടികളുടെ പ്രവർത്തനമായ ക്വുർആൻ ഉച്ചരി ക്കുന്ന പദങ്ങൾ സൃഷ്ടിയല്ലായെന്ന് പറഞ്ഞാൽ അത് ഉൾകൊള്ളുന്നത് ഒ ന്നാമത്തെ ആശയവും, 'ഇത്തിഹാദിയാക്ക'ളുടെ പുത്തൻ വാദവുമാണ്. അ തുകൊണ്ട് തന്നെയാണ് മുൻകഴിഞ്ഞ സലഫുസ്സ്വാലിഹീങ്ങളായ പണ്ഡിത ന്മാർ പറഞ്ഞത്: "ഖുർആൻ പാരായണം ചെയ്യുന്ന പദങ്ങൾ സൃഷ്ടിയാ ണെന്ന് പറഞ്ഞാൽ അവൻ 'ജഅ്മി'യും, അത് സൃഷ്ടിയല്ലായെന്ന് പറ ഞ്ഞാൽ അവൻ 'ബിദ്ഇ'യുമാണ്.

**87- പ്രവാചകന്മാരിൽ വിശ്വസിക്കണമെന്ന് പറയുന്നതിന് തെളിവ് പറയുക?**

ഉത്തരം: വിശുദ്ധഖുർആനിലും, തിരുസുന്നത്തിലും ധാരാളം തെളിവുകളുണ്ട്. അല്ലാഹു പറയുന്നു:

{ إِنَّ الَّذِينَ يَكْفُرُونَ بِاللَّهِ وَرُسُلِهِ وَيُرِيدُونَ أَنْ يُفَرِّقُوا بَيْنَ اللَّهِ وَرُسُلِهِ وَيَقُولُونَ نُؤْمِنُ بِبَعْضٍ وَنَكْفُرُ بِبَعْضٍ وَيُرِيدُونَ أَنْ يَتَّخِذُوا بَيْنَ ذَلِكَ سَبِيلاً * أُولَئِكَ هُمُ الْكَافِرُونَ حَقًّا وَأَعْتَدْنَا لِلْكَافِرِينَ عَذَابًا مُهِينًا * وَالَّذِينَ آمَنُوا بِاللَّهِ وَرُسُلِهِ وَلَمْ يُفَرِّقُوا بَيْنَ أَحَدٍ مِنْهُمْ أُولَئِكَ سَوْفَ يُؤْتِيهِمْ أُجُورَهُمْ } (سورة النساء: **150-152**)

'അല്ലാഹുവിലും അവന്റെ ദൂതൻമാരിലും അവിശ്വസിക്കുകയും, (വിശ്വാസ കാര്യത്തിൽ) അല്ലാഹുവിനും അവന്റെ ദൂതൻമാർക്കുമിടയിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും, ചിലരെ നിഷേധിക്കുകയും ചെയ്യുന്നു എന്ന് പറയുകയും, അങ്ങനെ അതിന്നിടയിൽ (വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ) മറ്റൊരു മാർഗം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാരോ, അവർ തന്നെയാകുന്നു യഥാർത്ഥത്തിൽ സത്യനിഷേധികൾ. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്. അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുകയും, അവരിൽ ആർക്കിടയിലും വിവേചനം കാണിക്കാതിരിക്കുകയും ചെയ്തവരാരോ അവർ അർഹിക്കുന്ന പ്രതിഫലം അവർക്ക് അല്ലാഹു നൽകുന്നതാണ്.' (നിസാഅ്:150 –152)

« آمنت بالله ورسله » رواه البخاري ( **1354** ، **6173** ) ، ومسلم ( الفتن**95** ) .

**പ്രവാചകൻ(ﷺ) പറയുന്നു: "ഞാൻ അല്ലാഹുവിലും, അവൻെറ പ്രവാചകന്മാരിലും വിശ്വസിച്ചിരിക്കുന്നു" (ബുഖാരി, മുസ്‌ലിം)**

**88-പ്രവാചകന്മാരിൽ വിശ്വസിക്കുക എന്നതിൻെറ ആശയമെന്താണ്?**

**ഉത്തരം: അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്ന മുഴുവൻ ആരാധ്യന്മാരിലും അവിശ്വസിക്കുവാനും, അല്ലാഹുവിനെ മാത്രമേ ആരാധിക്കുവാൻ പാടുള്ളൂ എന്നും പ്രബോധനം ചെയ്യുവാനായി മുഴുവൻ സമൂഹങ്ങളിലേക്കും അല്ലാഹു അവൻെറ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട് എന്ന് ദൃഢമായി വിശ്വസിക്കുക, പ്രവാചന്മാർ മുഴുവനും സത്യസന്ധന്മാരും, പുണ്യം ചെയ്യുന്നവരും, വിവേകമുള്ളവരും, മാന്യന്മാരും, ഭക്തന്മാരും, സൂക്ഷ്മതയുള്ളവരും, സദ്‌വൃത്തരും, സന്മാർഗികളും, സന്മാർഗത്തിലേക്ക് നയിക്കുന്നവരുമാണ്. പ്രകടവും വ്യക്തവുമായ അമാനുഷിക ദൃഷ്ടാന്തങ്ങളാൽ അല്ലാഹു അവരെ ശ ക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അല്ലാഹു അവരിൽ പ്രബോധനം ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുള്ള മുഴുവൻ കാര്യങ്ങളും തങ്ങളുടെ സമൂ ഹങ്ങൾക്ക് യാതൊരു മാറ്റത്തിരുത്തലുകളോ, അവരിൽ നിന്നായി വല്ല അ ക്ഷരങ്ങളും അതിൽ വർദ്ധിപ്പിക്കുകയോ, കുറക്കുകയോ ചെയ്യാതെ, യാ തൊന്നും മറച്ച് വെക്കാതെ എത്തിച്ച് കൊടുത്തിരിക്കുന്നു.**

{ فَهَلْ عَلَى الرُّسُلِ إِلاَّ الْبَلاَغُ الْمُبِينُ } (سورة النحل:**35**)

'എന്നാൽ ദൈവദൂതൻമാരുടെ മേൽ സ്പഷ്ടമായ പ്രബോധനമല്ലാതെ വല്ല ബാധ്യതയുമുണ്ടോ ?' (നഹ്ൽ:35)

**പ്രവാചകന്മാർ മുഴുവനും വ്യക്തമായ സത്യത്തിലായിരുന്നു, അല്ലാഹു ഇബ്രാഹീം(ﷺ)നെയും, മുഹമ്മദ്(ﷺ)യെയും കൂട്ടുകാരായി സ്വീകരിച്ചിരിക്കുന്നു, മൂസാനബി(ﷺ)യോട് അല്ലാഹു സംസാരിക്കുകയും ചെയ്തിരിക്കുന്നു, ഇദ്‌രീസ് നബി(ﷺ)യെ ഉന്നതമായ സ്ഥാനത്തേക്ക് ഉയർത്തുകയും, ഈസാ നബി(ﷺ) അല്ലാഹുവിൻെറ അടിമയും, പ്രവാചകനുമാണ്, അതോടൊപ്പം മറ്‌യമിൽ അല്ലാഹു നിക്ഷേപിച്ച അല്ലാഹുവിൻെറ കലിമതുമാകുന്നു. അല്ലാഹു ചില പ്രവാചകന്മാരെ മറ്റു പ്രവാചകന്മാരേക്കാൾ ശ്രേഷ്ടരാക്കുകയും, പദവികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു.**

**89- എല്ലാ പ്രവാചകന്മാരും കൽപിക്കുകയും, വിരോധിക്കുകയും ചെയ്ത കാര്യങ്ങൾ ഒന്നായിരുന്നുവോ?**

**ഉത്തരം: പ്രഥമ പ്രവാചകൻ മുതൽ അവസാന പ്രവാചകൻ വരെയുള്ള മുഴുവൻ ദൂതന്മാരും പ്രബോധനം ചെയ്ത ആരാധനയുടെ അടിസ്ഥാനം ഒന്ന് തന്നെയായിരുന്നു, അത് തൗഹീദാകുന്നു. ആരാധനയുടെ മുഴുവൻ കാര്യങ്ങളും-- അത് വിശ്വാസമാകട്ടെ, കർമ്മമാകട്ടേ, വാക്കുകളാകട്ടെ- അ**

ല്ലാഹുവിന് മാത്രം സമർപ്പിക്കുകയും, അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്ന മുഴുവൻ ആരാധ്യന്മാരെയും നിഷേധിക്കലുമാണ്.

എന്നാൽ നമസ്കാരം നോമ്പ് പോലെയുള്ള കാര്യങ്ങളിൽ വ്യത്യസ്ത പ്രവാചകന്മാർക്കിടയിൽ വ്യത്യസ്ത രൂപത്തിലായിരുന്നു, ചില സമൂഹത്തിൽ അനുവദനീയമായത്, മറ്റു സമൂഹത്തിന് നിഷിദ്ധമായിരുന്നു. ഇത് അല്ലാഹുവിൽ നിന്നുള്ള പരീക്ഷണമായിരുന്നു. അല്ലാഹു പറയുന്നു:

{ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلاً } . (سورة هود:7)

'നിങ്ങളിൽ ആരാണ് കർമ്മം കൊണ്ട് ഏറ്റവും നല്ലവൻ എന്നറിയുന്നതിന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടിയത്രെ അത്' (ഹൂദ്:7).

## 90- മുകളിൽ സൂചിപ്പിച്ച പ്രകാരം മുഴുവൻ പ്രവാചകന്മാരുടെയും പ്രബോധനം ആരാധനയുടെ അടിത്തറയിൽ യോജിച്ചിരുന്നുവെന്നതിന് തെളിവ് പറയുക?

**ഉത്തരം: വിശുദ്ധഖുർആനിൽ ഇതിനുള്ള തെളിവുകൾ രണ്ട് രൂപത്തിലാണ്. മൊത്തത്തിൽ പറഞ്ഞതും, വിശദമായി പറഞ്ഞതും. മൊത്തത്തിൽ പറഞ്ഞത്:**

{ وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولاً أَنِ اُعْبُدُوا اللهَ وَاجْتَنِبُوا الطَّاغُوتَ } (النحل:36)

'തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.) (നഹ്ൽ:36)

{ وَمَا أَرْسَلْنَا مِنْ قَبْلِكَ مِنْ رَسُولٍ إِلاَّ نُوحِي إِلَيْهِ أَنَّهُ لاَ إِلَهَ إِلاَّ أَنَا فَاعْبُدُونِ }

(الأنبياء:25)

'ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല' (അൻബിയാ:25)

{ وَاسْأَلْ مَنْ أَرْسَلْنَا مِنْ قَبْلِكَ مِنْ رُسُلِنَا أَجَعَلْنَا مِنْ دُونِ الرَّحْمَنِ آلِهَةً يُعْبَدُونَ }

(الزخرف:45)



'നിനക്ക് മുമ്പ് നമ്മുടെ ദൂതൻമാരായി നാം അയച്ചവരോട് ചോദിച്ചു നോക്കുക. പരമകാരുണികന് പുറമെ ആരാധിക്കപ്പെടേണ്ട വല്ല ദൈവങ്ങളേയും നാം നിശ്ചയിച്ചിട്ടുണ്ടോ എന്ന്' (സുഖ്റുഫ്:45).

**എന്നാൽ വിശദമായി പറഞ്ഞ ആയത്തുകൾ:**

{ وَلَقَدْ أَرْسَلْنَا نُوحًا إِلَى قَوْمِهِ فَقَالَ يَا قَوْمِ اعْبُدُوا اللهَ مَا لَكُمْ مِنْ إِلَهٍ غَيْرُهُ }

(المؤمنون:23)

'നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് ദൂതനായി അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല.' (മുഅ്മിനൂൻ:23)

{ وَإِلَى ثَمُودَ أَخَاهُمْ صَالِحًا قَالَ يَا قَوْمِ اعْبُدُوا اللهَ مَا لَكُمْ مِنْ إِلَهٍ }

(الأعراف:73)

'ഥമൂദ് സമുദായത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു.) അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്കു ഒരു ദൈവവുമില്ല' (അഅ്റാഫ് : 73).

{ وَإِلَى عَادٍ أَخَاهُمْ هُودًا قَالَ يَا قَوْمِ اعْبُدُوا اللهَ مَا لَكُمْ مِنْ إِلَهٍ غَيْرُهُ }

(الأعراف:65)

'ആദ് സമുദായത്തിലേക്ക് അവരുടെ സഹോദരനായ ഹൂദിനെയും (അയച്ചു.) അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ.നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല'(അഅ്റാഫ്:65)

{ وَإِلَى مَدْيَنَ أَخَاهُمْ شُعَيْبًا قَالَ يَا قَوْمِ اعْبُدُوا اللهَ مَا لَكُمْ مِنْ إِلَهٍ غَيْرُهُ }

(الأعراف:85)

'മദ്യൻകാരിലേക്ക് അവരുടെ സഹോദരനായ ശുഐബിനെയും (അയച്ചു.) അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല'(അഅ്റാഫ്: 85).

{ وَإِذْ قَالَ إِبْرَاهِيمُ لأَبِيهِ وَقَوْمِهِ إِنَّنِي بَرَاءٌ مِمَّا تَعْبُدُونَ * إِلاَّ الَّذِي فَطَرَنِي }

(الزخرف:**26-27**)

**‘ഇബ്രാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നവനാകുന്നു. എന്നെ സൃഷ്ടിച്ചവനൊഴികെ’. (സുഖ്റുഫ് : 26–27).**

{ إِنَّمَا إِلَهُكُمُ اللهُ الَّذِي لاَ إِلَهَ إِلاَّ هُوَ وَسِعَ كُلَّ شَيْءٍ عِلْمًا }(طه:**98**)

**‘നിങ്ങളുടെ ദൈവം അല്ലാഹു മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവന്റെ അറിവ് എല്ലാകാര്യത്തേയും ഉൾകൊള്ളാൻ മാത്രം വിശാലമായിരിക്കുന്നു’ (ത്വാഹാ:98).**

{ وَقَالَ الْمَسِيحُ يَا بَنِي إِسْرَائِيلَ اعْبُدُوا اللهَ رَبِّي وَرَبَّكُمْ إِنَّهُ مَنْ يُشْرِكْ بِاللهِ فَقَدْ حَرَّمَ اللهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ }(المائدة: **72**)

**‘എന്നാൽ മസീഹ് പറഞ്ഞത്; ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. ’ (മാഇദഃ:72)**

{ قُلْ إِنَّمَا أَنَا مُنْذِرٌ وَمَا مِنْ إِلَهٍ إِلاَّ اللهُ الْوَاحِدُ الْقَهَّارُ } (ص:**65**)

**‘(നബിയേ,) പറയുക: ഞാനൊരു മുന്നറിയിപ്പുകാരൻ മാത്രമാണ്. ഏകനും സർവ്വാധിപതിയുമായ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ല’ (സ്വാദ്: 65).**

**ഇത്പോലെ ഒട്ടനവധി ആയത്തുകൾ നമുക്ക് കാണാനാവും.**

**91- പ്രവാചകന്മാരുടെ ശരീഅത്തുകളിലുള്ള ഹലാലുകളും, ഹറാമുകളും വ്യത്യസ്തമായിരുന്നുവെന്നതിന് തെളിവ് പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**



{لِكُلٍّ جَعَلْنَا مِنْكُمْ شِرْعَةً وَمِنْهَاجًا وَلَوْ شَاءَ اللهُ لَجَعَلَكُمْ أُمَّةً وَاحِدَةً وَلَكِنْ لِيَبْلُوَكُمْ فِي مَا آتَاكُمْ فَاسْتَبِقُوا الْخَيْرَاتِ} (المائدة: **48**)

‘നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. പക്ഷെ നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കുവാൻ (അവൻ ഉദ്ദേശിക്കുന്നു.) അതിനാൽ നല്ല കാര്യങ്ങളിലേക്ക് നിങ്ങൾ മത്സരിച്ച് മുന്നേറുക’ (മാഇദഃ:48).

**ഇബ്നു അബ്ബാസ്(ﷺ)** شِرْعَةً وَمِنْهَاجًا **എന്നതിനെ വിശദീകരിക്കുന്നത്: മാർഗവും, ചര്യയുമാണ്. ഇതുപോലെ തന്നെയാണ് മുജാഹിദ്, ഇക്രിമ, ഹസനുൽ ബസ്വരി, ഖതാദ, ളഹ്ഹാഖ്, സുദ്ദി, അബൂഇസ്ഹാഖ് അസ്സുബൈഹി എന്നിവരും പറഞ്ഞത്. ഇമാം ബുഖാരി തൻെറ സ്വഹീഹിൽ ഉദ്ദരിക്കുന്നു:**

« نحن معاشر الأنبياء إخوة لعلات ، ديننا واحد » (رواه البخاري ( **3443** ) ، ومسلم ( الفضائل / **143** ، **144** ، **145**)

**“ഞങ്ങൾ പ്രവാചകന്മാർ പിതാവൊത്ത സഹോദരന്മാരാകുന്നു, ഞങ്ങളുടെ മതം ഒന്നാകുന്നു” (ബുഖാരി, മുസ്ലിം)**

**അല്ലാഹു ഇറക്കിയ മുഴുവൻ വേദഗ്രന്ഥങ്ങളിൽ ഉൾകൊള്ളിക്കുകയും, മുഴുവൻ പ്രവാചകന്മാരും പ്രബോധനം ചെയ്യുകയും ചെയ്ത തൗഹീദിൻെറ കാര്യത്തിൽ എല്ലാ പ്രവാചകന്മാരും പിതാവൊത്ത സഹോദരന്മാരാകുന്നു. എന്നാൽ കൽപനകളും, വിരോധങ്ങളും, ഹലാലുകളും, ഹറാമുകളും ഉൾകൊള്ളുന്ന ശരീഅത്ത് വിത്യസ്ഥമായിരുന്നു.അല്ലാഹു പറയുന്നു:**

{ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلاً } (هود:**7**)

‘നിങ്ങളിൽ ആരാണ് കർമ്മം കൊണ്ട് ഏറ്റവും നല്ലവൻ എന്നറിയുന്നതിന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടിയത്രെ അത്’ (ഹൂദ്:7).

**92- മുഴുവൻ പ്രവാചകന്മാരെ സംബന്ധിച്ചും ഖുർആനിൽ വിവരിച്ചിട്ടുണ്ടോ?**

**ഉത്തരം: ഖുർആൻ നമുക്ക് അറിയിച്ച് തന്ന പ്രവാചകന്മാരെ സംബന്ധിച്ചുള്ള വാർത്തകൾ തന്നെ മതി ഗുണപാഠമായും, ഉപദേശമായിട്ടും നമുക്ക്. അല്ലാഹു പറയുന്നു:**

{ وَرُسُلاً قَدْ قَصَصْنَاهُمْ عَلَيْكَ مِنْ قَبْلُ وَرُسُلاً لَمْ نَقْصُصْهُمْ عَلَيْكَ } (النساء:**164**)

'നിനക്ക് നാം മുമ്പ് വിവരിച്ചുതന്നിട്ടുള്ള ദൂതൻമാരെയും, നിനക്ക് നാം വിവരിച്ചുതന്നിട്ടില്ലാത്ത ദൂതൻമാരെയും (നാം നിയോഗിക്കുകയുണ്ടായി.)' (നിസാഅ് : 164)

**വിശുദ്ധഖുർആൻ വിശദമായി നമുക്ക് അറിയിച്ച് തന്നവരിൽ നാം വിശദമായും, ചുരുക്കി മൊത്തത്തിൽ പറഞ്ഞവരിൽ അങ്ങനെയും വിശ്വസിക്കുന്നു.**

**93- ഖുർആനിൽ എത്ര പ്രവാചകന്മാരുടെ പേരുകൾ പറഞ്ഞിട്ടുണ്ട്?**

**ഉത്തരം: ആദം(ﷺ), നൂഹ്(ﷺ), ഇദ്രീസ്(ﷺ), ഹൂദ്(ﷺ), സ്വാലിഹ്(ﷺ), ഇബ്രാഹിം(ﷺ), ഇസ്മാഈൽ(ﷺ), ഇസ്ഹാഖ്(ﷺ), യഅ്ഖൂബ്(ﷺ), യൂസുഫ്(ﷺ), ലൂത്വ്(ﷺ), ശുഐബ്(ﷺ), യൂനുസ്(ﷺ), മൂസാ(ﷺ), ഹാറൂൻ(ﷺ), ഇല്യാസ്(ﷺ), സകരിയ്യ(ﷺ), യഹ്‌യ(ﷺ), വൽയസഅ്(ﷺ), ദുൽകിഫ്ൽ (ﷺ), ദാവൂദ്(ﷺ), സുലൈമാൻ(ﷺ), അയ്യൂബ്(ﷺ),പ്രവാചകസന്തതികൾ എന്ന് മൊത്തത്തിലും പറഞ്ഞിട്ടുണ്ട്, ഈസാ(ﷺ), മുഹമ്മദ്(ﷺ) തുടങ്ങി യവരെ സംബന്ധിച്ചാണ് ഖുർആൻ പേരെടുത്ത് പറഞ്ഞിരിക്കുന്നത്.**

**94- ഉലുൽ അസ്മുകൾ (ദൃഢമനസ്കരായ പ്രവാചകന്മാർ) എന്ന പേരിൽ അറിയപ്പെടുന്ന പ്രവാചകന്മാർ ആരെല്ലാമാണ്?**

**ഉത്തരം: അവർ അഞ്ച്പേരാണ്.വിശുദ്ധഖുർആനിൽ രണ്ട് സ്ഥലത്ത് അവരെ മാത്രം പ്രത്യേകമാക്കി പറഞ്ഞിരിക്കുന്നു.**

**ഒന്ന്: സൂറത്തുൽ അഹ്സാബിൽ, അല്ലാഹു പറയുന്നു:**



{وَإِذْ أَخَذْنَا مِنَ النَّبِيِّينَ مِيثَاقَهُمْ وَمِنْكَ وَمِنْ نُوحٍ وَإِبْرَاهِيمَ وَمُوسَى وَعِيسَى ابْنِ مَرْيَمَ } (الأحزاب:**7**)

'പ്രവാചകൻമാരിൽ നിന്ന് തങ്ങളുടെ കരാർ നാം വാങ്ങിയ സന്ദർഭം (ശ്രദ്ധേയമാണ്.) നിന്റെ പക്കൽ നിന്നും നൂഹ്(ﷺ), ഇബ്രാഹീം(ﷺ), മൂസാ(ﷺ), മർയമിന്റെ മകൻ ഈസാ(ﷺ) എന്നിവരിൽ നിന്നും (നാം കരാർ വാങ്ങിയ സന്ദർഭം.)' (അഹ്സാബ്:7)

**രണ്ട്: സൂറത്തു ശൂറായിൽ, അല്ലാഹു പറയുന്നു:**

{ شَرَعَ لَكُمْ مِنَ الدِّينِ مَا وَصَّى بِهِ نُوحًا وَالَّذِي أَوْحَيْنَا إِلَيْكَ وَمَا وَصَّيْنَا بِهِ إِبْرَاهِيمَ وَمُوسَى وَعِيسَى أَنْ أَقِيمُوا الدِّينَ وَلاَ تَتَفَرَّقُوا فِيهِ } ( الشورى:**13**)

'നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്രാഹീം(ﷺ), മൂസാ(ﷺ), ഈസാ(ﷺ) എന്നിവരോട് നാം കൽപിച്ചതുമായ കാര്യം – നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക. എന്ന കാര്യം – അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു' (ശൂറാ:13) .

**95- ഒന്നാമത്തെ റസൂൽ ആരാണ്?**

**ഉത്തരം: യഥാർത്ഥ സത്യത്തിൽ നിന്ന് ജനത വ്യതിചലിച്ച് പോയപ്പോൾ അല്ലാഹു നിയോഗിച്ച നൂഹ് ആണ് ഒന്നാമത്തെ റസൂൽ. അല്ലാഹു പറയുന്നു:**

{ إِنَّا أَوْحَيْنَا إِلَيْكَ كَمَا أَوْحَيْنَا إِلَى نُوحٍ وَالنَّبِيِّينَ مِنْ بَعْدِهِ } (سورة النساء: **163**)

**'(നബിയേ,) നൂഹിനും അദ്ദേഹത്തിന്റെ ശേഷമുള്ള പ്രവാചകൻമാർക്കും നാം സന്ദേശം നൽകിയത് പോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു' (നിസാഅ്:163).**

{ كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ وَالأَحْزَابُ مِنْ بَعْدِهِمْ } (غافر: **5**)

‘അവർക്ക് മുമ്പ് നൂഹിന്റെ ജനതയും അവരുടെ ശേഷമുള്ള കക്ഷികളും (സത്യത്തെ) നിഷേധിച്ചു തള്ളിക്കളയുകയുണ്ടായി’ (ഗ്വാഫിർ:5).

**96- എപ്പോഴാണ് വ്യതിചലിച്ച് പോയത്?**

**ഉത്തരം: ആദംനബി(ﷺ)യുടെയും, നൂഹ് നബി(ﷺ)യുടെയും ഇടയിൽ പത്ത് നൂറ്റാണ്ട് ജനങ്ങൾ യഥാർത്ഥ ശരീഅത്തിലായിരുന്നു. പിന്നീടാണ് ജനങ്ങൾ സത്യത്തിൽ നിന്നും വ്യതിചലിച്ച് പോയത്. അല്ലാഹു പറയുന്നു:**

(فَبَعَثَ اللَّهُ النَّبِيِّينَ مُبَشِّرِينَ وَمُنذِرِينَ) (البقرة: **213**)

‘അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും, (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു’ (അൽ ബഖറ:213).

**97- ആരാണ് അവസാന പ്രവാചകൻ?**

**ഉത്തരം: അവസാനത്തെ പ്രവാചകൻ മുഹമ്മദ്(ﷺ)യാണ്.**

**98- അവസാന പ്രവാചകൻ മുഹമ്മദ്(ﷺ)യാണെന്നതിന് എന്താണ് തെളിവ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ مَا كَانَ مُحَمَّدٌ أَبَا أَحَدٍ مِنْ رِجَالِكُمْ وَلَكِنْ رَسُولَ اللَّهِ وَخَاتَمَ النَّبِيِّينَ }

(الأحزاب: **40**)

‘മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു’ (അഹ്സാബ്:40).

**പ്രവാചകൻ(ﷺ) പറയുന്നു:**

(... وَإِنَّهُ سَيَكُونُ فِي أُمَّتِي كَذَّابُونَ ثَلَاثُونَ كُلُّهُمْ يَزْعُمُ أَنَّهُ نَبِيٌّ وَأَنَا خَاتَمُ النَّبِيِّينَ لَا نَبِيَّ بَعْدِي ) ( صحيح ) ، رواه أحمد ( **5** / **278** ) ، وأبو داود ( **4252** ) ، والترمذي ( **2219** ) قال الإمام الترمذي : هذا حديث حسن صحيح ، وقد صححه الألباني وسكت عنه الإمام أبو داود ، وفي مسلم : « لا تقوم الساعة حتى يبعث دجالون كذابون قريب من ثلاثين كلهم يزعم أنه رسول الله ) . ( الفتن / **84** )

**“എന്റെ സമുദായത്തിൽ മുപ്പത് പേരും കള്ളന്മാർ ഉണ്ടാവും, അവർ എല്ലാവരും വാദിക്കുന്നത് ഞങ്ങൾ നബിയാണെന്ന്, ഞാനാണ് അവസാന പ്രവാചകൻ, എനിക്ക് ശേഷം ഇനി പ്രവാചകനില്ല” (അഹ്മദ്, അബൂദാവൂദ്)**

**സ്വഹീഹ് ബുഖാരിയിലും മറ്റും നമുക്ക് പ്രവാചകൻ(ﷺ) അലി(ﷺ) വിനോട് പറയുന്നത് കാണാം:**

(...أَلاَ تَرْضَى أَنْ تَكُونَ مِنِّي بِمَنْزِلَةِ هَارُونَ مِنْ مُوسَى إِلاَّ أَنَّهُ لَيْسَ نَبِيٌّ بَعْدِي ...)

(رواه البخاري ( **3706** ، **4416** ) ، ومسلم ( فضائل الصحابة / **31** ) ، وأحمد ( **1** / **182** ، **184** ، **3** / **32** ) ، والترمذي ( **3724** ، **3731** ) .

**“ഹാറൂൻ നബിക്ക് മൂസായിലുള്ള സ്ഥാനം എന്നിൽ നിന്ന് നീ ഇഷ്ടപ്പെടുന്നില്ലേ?, പക്ഷേ എനിക്ക് ശേഷം ഒരു നബിയില്ല... ” (ബുഖാരി, മുസ്‌ലിം).**

**ദജ്ജാലിനെ സംബന്ധിച്ച് പരാമർശിക്കുന്ന ഹദീസിൽ പ്രവാചകൻ(ﷺ) പറയുന്നു:**

(...وَأَنَا خَاتَمُ النَّبِيِّينَ لاَ نَبِيَّ بَعْدِي ) (الترمذي وأبوداود)

**“ഞാനാണ് അവസാനത്തെ പ്രവാചകൻ എനിക്ക് ശേഷം ഒരു നബിയില്ല” (തിർമിദി, അബൂദാവൂദ്).**

**99- മറ്റു പ്രവാചകന്മാരിൽ നിന്ന് വ്യത്യസ്ഥമായി മുഹമ്മദ്(ﷺ)ക്ക് മാത്രം പ്രത്യേകമായിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്?**

ഉത്തരം: മുഹമ്മദ്(ﷺ)ക്ക് മറ്റു പ്രവാചകന്മാരിൽ നിന്ന് വ്യത്യസ്ഥമായി ധാരാളം പ്രത്യേകതകളുണ്ട്. അതിൽ പെട്ടതാണ് നാം വിവരിച്ചപോലെ മുഹമ്മദ്(ﷺ) അവസാനത്തെ പ്രവാചകനാകുന്നുവെന്നത്. അതുപോലെ തിരുമേനി(ﷺ) ആദം സന്തതികളുടെ നേതാവാകുന്നു. താഴെ വരുന്ന അല്ലാഹുവിൻെറ ആയത്തിനെ വിശദീകരിക്കുന്നു.

{ تِلْكَ الرُّسُلُ فَضَّلْنَا بَعْضَهُمْ عَلَى بَعْضٍ مِنْهُمْ مَنْ كَلَّمَ اللَّهُ وَرَفَعَ بَعْضَهُمْ دَرَجَاتٍ }

(البقرة: 253)

'ആ ദൂതൻമാരിൽ ചിലർക്ക് നാം മറ്റു ചിലരെക്കാൾ ശ്രേഷ്ഠത നൽകിയിരിക്കുന്നു. അല്ലാഹു (നേരിൽ) സംസാരിച്ചിട്ടുള്ളവർ അവരിലുണ്ട്. അവരിൽ ചിലരെ അവൻ പല പദവികളിലേക്ക് ഉയർത്തിയിട്ടുമുണ്ട്' (അൽബഖറ : 253).

എന്നിട്ട് പ്രവാചകൻ(ﷺ) വിശദീകരിക്കുന്നു:

(... أَنَا سَيِّدُ وَلَدِ آدَمَ وَلاَ فَخْرَ ...) ( صحيح ) ، رواه أحمد (1 / 281 ، 282، 295 ) ، والترمذي ( 3615 ) ، وابن ماجه ( 4308 ) ، وأبـو يعـلى ( 7 / 4305 ) ، وابـن حبان ( 2127 ) ، قال الترمذي : هذا حديث حسن صحيح ، وقد صححه الشيخ الألباني ، وفي مسلم : ( أنا سيد ولد آدم يوم القيامة « ( الفضائل / 2278 ) .

"... ഞാൻ ആദം സന്തതികളുടെ നേതാവാകുന്നു, അഹങ്കാരം നടിക്കുകയല്ല... " (അഹ്മദ്, തിർമദി).

ജിന്നിലും, മനുഷ്യരിലും പെട്ട എല്ലാവരിലേക്കും നിയോഗിക്കപ്പെട്ട പ്രവാചകനാണ് മുഹമ്മദ്(ﷺ).

{ قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا } (الأعراف: 158)

'പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു' (അഅ്റാഫ്158).

{ وَمَا أَرْسَلْنَاكَ إِلاَّ كَافَّةً لِلنَّاسِ بَشِيرًا وَنَذِيرًا } (سبأ: 28)



'നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയികൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്' (സബഅ് :28).

പ്രവാചകൻ(ﷺ) പറയുന്നു:

( أُعْطِيتُ خَمْسًا لَمْ يُعْطَهُنَّ أَحَدٌ قَبْلِي نُصِرْتُ بِالرُّعْبِ مَسِيرَةَ شَهْرٍ وَجُعِلَتْ لِي الأَرْضُ مَسْجِدًا وَطَهُورًا فَأَيُّمَا رَجُلٍ مِنْ أُمَّتِي أَدْرَكَتْهُ الصَّلاَةُ فَلْيُصَلِّ وَأُحِلَّتْ لِي الْمَغَانِمُ وَلَمْ تَحِلَّ لأَحَدٍ قَبْلِي وَأُعْطِيتُ الشَّفَاعَةَ وَكَانَ النَّبِيُّ يُبْعَثُ إِلَى قَوْمِهِ خَاصَّةً وَبُعِثْتُ إِلَى النَّاسِ عَامَّةً ) رواه البخاري ( 438 ، 3122 ) ، ومسلم ( مساجد /3)

"എനിക്ക് മുമ്പുള്ള ഒരു പ്രവാചകനും നൽകാത്ത അഞ്ച് കാര്യങ്ങൾ അല്ലാഹു എനിക്ക് നൽകിയിട്ടുണ്ട്. ശത്രുക്കൾക്ക് ഒരു മാസത്തെ വഴിദൂരത്തെ ഭയം നൽകി അല്ലാഹു എന്നെ സഹായിച്ചു, ഭൂമി മുഴുവനും പള്ളിയായും ശുദ്ധീകരിക്കുവാനുമുള്ള വസ്തുവുമാക്കി തീർത്തു, അതുകൊണ്ട് എൻെറ സമുദായത്തിൽ ആർക്കെങ്കിലും നമസ്കാര സമയമായാൽ അവൻ നമസ്കരിക്കട്ടേ, യുദ്ധാനന്തിര മുതൽ എനിക്ക് അനുവദനീയമാക്കി, എനിക്ക് മുമ്പ് ആർക്കുമത് അനുവദിച്ചിരുന്നില്ല. എനിക്ക് ശുപാർശയ്ക്കുള്ള അനുവാദവും ലഭിക്കും, ഓരോ പ്രവാചകനും നിയോഗിക്കപ്പെട്ടിരുന്നത് അവരവരുടെ സമുദായത്തിലേക്കായിരുന്നു എന്നാൽ ഞാൻ മുഴുവൻ ജനങ്ങളിലേക്കുമാണ് നിയോഗിതനായിട്ടുള്ളത്" (ബുഖാരി, മുസ്ലിം).

തിരുമേനി(ﷺ) പറയുന്നു:

(وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ لاَ يَسْمَعُ بِي أَحَدٌ مِنْ هَذِهِ الأُمَّةِ يَهُودِيٌّ وَلاَ نَصْرَانِيٌّ ثُمَّ يَمُوتُ وَلَمْ يُؤْمِنْ بِالَّذِي أُرْسِلْتُ بِهِ إِلاَّ كَانَ مِنْ أَصْحَابِ النَّارِ) رواه مسلم

(الإيمان / 240 )

"മുഹമ്മദിൻെറ ആത്മാവ് ആരുടെ കയ്യിലാണോ, അവനെതന്നെയാണ് സ ത്യം; ജൂതനാകട്ടെ, ക്രിസ്ത്യാനിയാവട്ടെ മറ്റു ആരെങ്കിലുമാവട്ടെ എന്നെ പ്പറ്റി കേട്ടിട്ട് ഞാൻ എന്തുമായിട്ടാണോ അയക്കപ്പെട്ടത് അതിൽ

**വിശ്വസി ക്കാതെയാണ് അവർ മരണപ്പെടുന്നതെങ്കിൽ അവൻ നരകത്തിൻെറ ആളു കളിൽ പെടാതിരിക്കില്ല" (മുസ്‌ലിം)**

**നാം സൂചിപ്പിക്കാത്ത മറ്റു പ്രത്യേകതളും തിരുമേനി(ﷺ)ക്ക് ഉണ്ട്, അത് പ്രമാണങ്ങളിൽ കാണാവുന്നതാണ്.**

### 100- പ്രവാചകന്മാരുടെ മുഅ്ജിസത്തുകൾ എന്ന് പറഞ്ഞാൽ എന്താണ് ?

**ഉത്തരം: പതിവിന് വിപരീതമായി മനുഷ്യർക്ക് ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ അല്ലാഹു പ്രവാചകന്മാരിലൂടെ പ്രകടിപ്പിക്കുന്ന അസാധാരണ സംഭവങ്ങൾക്കാണ് മുഅ്ജിസത്തുകൾ എന്ന് പറയുന്നത്. അതിൽ കണ്ണ് കൊണ്ട് കാണാൻ സാധിക്കുന്നതും, കേൾക്കുവാൻ കഴിയുന്നതുമുണ്ടാകും. ഉദാഹരണമായി: പാറയിൽ നിന്ന് ഒട്ടകം പുറത്ത് വരുക, വടിയെ സർപ്പമാക്കുക, നിർജ്ജീവമായ വസ്തുക്കൾ സംസാരിക്കുക പോലെയുള്ളത്. അതുപോലെ ദൃശ്ടികൾ കൊണ്ട് സാക്ഷ്യം വഹിക്കുവാൻ കഴിയുന്ന രൂപത്തിൽ ഖുർആനിനെ പോലെയുള്ള ആശയപരമായ ദൃഷ്ടാന്തങ്ങളുമുണ്ട്. നമ്മുടെ പ്രവാചകനായ മുഹമ്മദ്(ﷺ)ക്ക് ഇതിൽ പെട്ട എല്ലാ വിഭാഗം മുഅ്ജിസത്തുകളും നൽകിയിട്ടുണ്ട്, മാത്രമല്ല മറ്റു പ്രവാചകന്മാർക്ക് നൽകിയ മുഅ്ജിസത്തുക്കളേക്കാൾ ഉന്നതമായ അമാനുഷിക ദൃഷ്ടാന്തങ്ങളാണ് അല്ലാഹു തിരുമേനി(ﷺ)ക്ക് നൽകിയിരിക്കുന്നത്. ദൃഷ്ടികൾ കൊണ്ട് കണ്ടിരുന്ന ദൃഷ്ടാന്തമാണ് ചന്ദ്രൻ പിളർന്നതും, ഈത്തപ്പനയുടെ തടി തേങ്ങി കരഞ്ഞതും, തിരുമേനി(ﷺ)യുടെ വിരലുകൾക്കിടയിൽ നിന്ന് വെള്ളം ഒഴുകി വന്നതും, പടയങ്കി സംസാരിച്ചതും, ഭക്ഷണം തസ്ബീഹ് ചൊല്ലിയതും ഇതുപോലെ സ്വഹീഹായ ഹദീസുകളിൽ വന്നിട്ടുള്ള മറ്റു ദൃഷ്ടാന്തങ്ങളും. എന്നാൽ മുകളിൽ നാം വിശദീകരിച്ച ദൃഷ്ടാന്തങ്ങൾ മുഴുവനും മറ്റു പ്രവാചകന്മാരുടെ മുഅ്ജിസത്തുകൾ നീങ്ങിപോയത് പോലെ തിരുമേനി(ﷺ)യുടെ മുഅ്ജിസത്തും നീങ്ങി പോയിട്ടുണ്ട്. അവയെ പരാമർശിക്കുന്ന പ്രമാണങ്ങൾ മാത്രമെ ഇന്ന് നിലനിൽക്കുന്നുള്ളു. എന്നാൽ ഇന്ന് നില നിൽക്കുന്നതും, അവസാന നാൾ വരെ നിലനിൽക്കുന്നതുമായ ഒരു മുഅ്ജി**



**സത്ത് മാത്രമാണുള്ളത്. അത് വിശുദ്ധഖുർആനാകുന്ന മുഅ്ജിസത്താണ്. അതിൻെറ അത്ഭുതം അവസാന നാൾ വരെ നിലനിൽക്കുന്നതാണ്.**

{ لاَ يَأْتِيهِ الْبَاطِلُ مِنْ بَيْنِ يَدَيْهِ وَلاَ مِنْ خَلْفِهِ تَنْزِيلٌ مِنْ حَكِيمٍ حَمِيدٍ }

(فصلت:**42**)

'അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്' (ഫുസ്സിലത്ത്:42).

### 101- വിശുദ്ധഖുർആനിൻെറ അമാനുഷിക ദൃഷ്ടാന്തത്തിന് എന്താണ് തെളിവ്?

**ഉത്തരം: സാഹിത്യത്തിലും, സംസാരത്തിലും, ഉന്നതമായ വിശദീകരണത്തിലും, തർക്ക ശാസ്ത്രത്തിലും മികച്ച് നിന്നിരുന്ന ഒരു സമൂഹത്തിലേക്ക് (അറബികൾ) വെല്ലുവിളി ഉയർത്തികൊണ്ട് ഏകദേശം ഇരുപത് വർഷങ്ങൾ കൊണ്ട് ഇറങ്ങുക എന്നത് തന്നെ ഖുർആനിൻെറ അമാനുഷികത്വത്തിന് തെളിവാണ്. ഖുർആൻ പറയുന്നു:**

{ فَلْيَأْتُوا بِحَدِيثٍ مِثْلِهِ إِنْ كَانُوا صَادِقِينَ } (الطور: **34**)

'എന്നാൽ അവർ സത്യവാൻമാരാണെങ്കിൽ ഇതു പോലുള്ള ഒരു വൃത്താന്തം അവർ കൊണ്ടുവരട്ടെ' (ത്വൂർ:34).

{ قُلْ فَأْتُوا بِعَشْرِ سُوَرٍ مِثْلِهِ مُفْتَرَيَاتٍ } ( هود: **13**)

'പറയുക: എന്നാൽ ഇതുപേലെയുള്ള പത്ത് അദ്ധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ട് വരൂ' (ഹൂദ്:13).

{ قُلْ فَأْتُوا بِسُورَةٍ مِثْلِهِ } (يونس: **38**)

'പറയുക: എന്നാൽ അതിന്ന് തുല്യമായ ഒരു അദ്ധ്യായം നിങ്ങൾ കൊണ്ടു വരൂ' (യൂനുസ്:38).

**അറബികൾ പരസ്പരം കവിതകൾ ഉണ്ടാക്കി അഹങ്കാരം നടിക്കുകയും, പരസ്പരം മൽസരിക്കുകയും ചെയ്തിരുന്ന, എപ്പോഴും ആശയം വിനിമയം നടത്തി കൊണ്ടിരിക്കുകയും ചെയ്തിരുന്ന വാക്കുകളും, അക്ഷര**

ങ്ങളും ഉപയോഗിച്ച് കൊണ്ട് ഇറങ്ങിയ വിശുദ്ധഖുർആനിൻെറ വെല്ലുവിളി സ്വീകരിക്കാൻ അവർ അത്യാഗ്രഹം പ്രകടിപ്പിച്ചിട്ട് പോലും അവർക്കതിന് സാധിച്ചില്ല. അങ്ങിനെ ഖുർആൻ അവരെ വിളിച്ച് കൊണ്ട് അവർക്കതിന് സാധിക്കുകയില്ലായെന്നും, നിങ്ങളതിന് അശക്തരാണെന്നും പ്രഖ്യാപിക്കുന്നു:

{ قُلْ لَئِنِ اجْتَمَعَتِ الْإِنْسُ وَالْجِنُّ عَلَى أَنْ يَأْتُوا بِمِثْلِ هَذَا الْقُرْآنِ لاَ يَـأْتُونَ بِمِثْلِـهِ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا } (الإسراء: **88**)

'(നബിയേ,) പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ട് വരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ട് വരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും' (ഇസ്റാഅ്:88).

പ്രവാചകൻ(ﷺ) പറയുന്നു:

(مَا مِنَ الأَنْبِيَاءِ مِنْ نَبِيٍّ إِلاَّ قَدْ أُعْطِيَ مِنَ الآيَاتِ مَا مِثْلُهُ آمَنَ عَلَيْهِ الْبَشَرُ وَإِنَّمَا كَانَ الَّذِي أُوتِيتُ وَحْيًا أَوْحَى اللهُ إِلَيَّ فَأَرْجُو أَنْ أَكُونَ أَكْثَرَهُمْ تَابِعًا يَوْمَ الْقِيَامَـةِ )

(رواه البخاري ( **4981** ، **7274** ) ، ومسلم ( الإيمان / **239** ) .

"പ്രവാചകന്മാരിൽ ഒരൊറ്റ പ്രവാചകനും തന്നെ അവരുടെ ജനങ്ങൾ വിശ്വസിക്കുന്ന രൂപത്തിലുള്ള അമാനുഷിക ദൃഷ്ടാന്തങ്ങൾ നൽകാതിരുന്നിട്ടില്ല, എന്നാൽ എനിക്ക് അല്ലാഹു നൽകിയിട്ടുള്ളത് അല്ലാഹുതന്നെ നൽകുന്ന ബോധനമായ വഹ്യാകുന്നു,അതുകൊണ്ട് തന്നെ അവസാന നാളിൽ കൂടുതൽ ആളുകൾ പിൻപറ്റുന്ന പ്രവാചകൻ ഞാനായി തീരുവാൻ ഞാൻ ആഗ്രഹിക്കുന്നു" (ബുഖാരി, മുസ്ലിം).

വിശുദ്ധഖുർആനിനെ മനസിലാക്കിയ പണ്ഡിതന്മാർ ഖുർആനിൻെറ പദപരവും, ആശയപരവും, കഴിഞ്ഞ്പോയ സംഭവങ്ങളെയും, വരാനിരിക്കുന്നതുമായ അദൃശ്യമായ കാര്യങ്ങളെയും സംബന്ധിച്ചുള്ള അമാനുഷിക ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ അനേകം എഴുതിയിട്ടുണ്ട്, എന്നിരുന്നാലും ഒരു കുരുവി കടലിൽ നിന്ന് തൻെറ കൊക്കിൽ എ ത്ര വെള്ളം സ്വീകരിക്കുവാൻ കഴിയുമോ അത്രമാത്രമെ



വിശുദ്ധഖുർആനിൻെറ അമാനുഷികത്വം വിശദമാക്കുവാൻ അവർക്ക് സാധ്യമായിട്ടുള്ളു.

**102- അവസാന നാളിൽ വിശ്വസിക്കണമെന്നതിനുള്ള തെളിവ് പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ إِنَّ الَّذِينَ لاَ يَرْجُونَ لِقَاءَنَا وَرَضُوا بِالْحَيَاةِ الدُّنْيَا وَاطْمَأَنُّوا بِهَا وَالَّذِينَ هُمْ عَنْ آيَاتِنَـا غَافِلُونَ * أُولَئِكَ مَأْوَاهُمُ النَّارُ بِمَا كَانُوا يَكْسِبُونَ } (يونس:**7-8**)

'നമ്മെ കണ്ടുമുട്ടും എന്ന് പ്രതീക്ഷിക്കാത്തവരും, ഇഹലോക ജീവിതം കൊണ്ട് തൃപ്തിപ്പെടുകയും, അതിൽ സമാധാനമടയുകയും ചെയ്തവരും, നമ്മുടെ തെളിവുകളെപ്പറ്റി അശ്രദ്ധരായി കഴിയുന്നവരും ആരോ. അവരുടെ സങ്കേതം നരകം തന്നെയാകുന്നു. അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിന്റെ ഫലമായിട്ടത്രെ അത്' (യൂനുസ്:7-8).

{ إِنَّمَا تُوعَدُونَ لَصَادِقٌ * وَإِنَّ الدِّينَ لَوَاقِعٌ } (الذاريات:**5-6**)

'തീർച്ചയായും നിങ്ങൾക്കു താക്കീത് നൽകപ്പെടുന്ന കാര്യം സത്യമായിട്ടുള്ളത് തന്നെയാകുന്നു. തീർച്ചയായും ന്യായവിധി സംഭവിക്കുന്നതു തന്നെയാകുന്നു' (ദാരിയാത്ത്: 5-6).

{ وَأَنَّ السَّاعَةَ آتِيَةٌ لاَ رَيْبَ فِيهَا } (غافر:**59**)

'ആ അന്ത്യസമയം വരാനുള്ളത് തന്നെയാണ്. അതിൽ സംശയമേ ഇല്ല. പക്ഷെ മനുഷ്യരിൽ അധികപേരും വിശ്വസിക്കുന്നില്ല' (ഗാഫിർ:59).

**103- അവസാന നാളിൽ വിശ്വസിക്കുക എന്നതിൻെറ ആശയമെന്താണ് ? അതിൽ എന്തെല്ലാം കാര്യങ്ങൾ ഉൾകൊള്ളുന്നുണ്ട് ?**

**ഉത്തരം: അവസാന നാൾ സംഭവിക്കുന്നതാണെന്നും അതിൽ യാതൊരു സംശയവുമില്ലായെന്നും നാം ദൃഢമായി വിശ്വസിക്കുകയും, അന്ന് രക്ഷപ്പെടുവാൻ അനിവാര്യമായ കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുക. അതിൽ ഉൾകൊള്ളുന്ന കാര്യങ്ങളാണ്: അന്ത്യനാളിൻെറ അടയാളങ്ങൾ, യാതൊരു**

**സംശയത്തിനും പഴുതില്ലാതെ വരുന്ന അതിൻെറ മുമ്പ് പ്രകടമാവുന്ന ലക്ഷണങ്ങൾ, മരണവും, അതിന് ശേഷമുള്ള ഖബറിലെ ശിക്ഷയം, അനുഗ്രഹവും, സൂർ എന്ന കാഹളത്തിലുള്ള ഊതലും, ഖബറുകളിൽ നിന്ന് സൃഷ്ടികൾ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്നതും, അവസാന നാളിൽ വളരെ പ്രയാസപ്പെട്ടും, ബുദ്ധിമുട്ടികൊണ്ടുള്ള നിറുത്തവും, മഹ്ശറയിൽ ഒരുമിച്ച് കൂടുന്നതിൻെറ വിശദമായ രൂപവും, ഗ്രന്ഥങ്ങൾ വിതരണം നടത്തലും, തുലാസുകൾ നാട്ടുന്നതും, ഹൗളും, ശഫാഅത്തും ഇത്പോലെയുള്ള മറ്റു കാര്യങ്ങളും. അതുപോലെ സ്വർഗവും അതിലെ അനുഗ്രഹങ്ങളും, അതിൽ ഏറ്റവും ഉന്നതമായത് അല്ലാഹുവിലേക്ക് നോക്കുകയെന്നതാണ്,നരകവും അതിലെ ശിക്ഷകളും, അതിൽ ഏറ്റവും കഠിനമായ ശിക്ഷ അല്ലാഹുവിനെ കാണുന്നതിൽ നിന്ന് മറയിടപ്പെടുകയെന്നതുമാണ്.**

**104- അവസാന നാൾ എപ്പോഴാണ് സംഭവിക്കുക എന്ന് ആർക്കെങ്കിലും അറിയുമോ?**

**ഉത്തരം: അവസാന നാൾ എന്നാണ് സംഭവിക്കുക എന്നത് അല്ലാഹുവിന് മാത്രം അറിയുന്ന അദൃശ്യ കാര്യങ്ങളിൽ പെട്ടതാണ്. അല്ലാഹു പറയുന്നു:**

{ إِنَّ اللَّهَ عِنْدَهُ عِلْمُ السَّاعَةِ وَيُنَزِّلُ الْغَيْثَ وَيَعْلَمُ مَا فِي الأَرْحَامِ وَمَا تَدْرِي نَفْسٌ مَاذَا تَكْسِبُ غَدًا وَمَا تَدْرِي نَفْسٌ بِأَيِّ أَرْضٍ تَمُوتُ } (لقمان: **34**)

'തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്.അവൻ മഴപെയ്യിക്കുന്നു.ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല' (ലുഖ്മാൻ:34).

{ يَسْأَلُونَكَ عَنِ السَّاعَةِ أَيَّانَ مُرْسَاهَا قُلْ إِنَّمَا عِلْمُهَا عِنْدَ رَبِّي لاَ يُجَلِّيهَا لِوَقْتِهَا إِلاَّ هُوَ ثَقُلَتْ فِي السَّمَوَاتِ وَالأَرْضِ لاَ تَأْتِيكُمْ إِلاَّ بَغْتَةً } (الأعراف:**187**)

'അന്ത്യസമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു; അതെപ്പോഴാണ് വന്നെത്തുന്നതെന്ന്. പറയുക: അതിനെപ്പറ്റിയുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമാണ്. അതിന്റെ സമയത്ത് അത് വെളിപ്പെടുത്തുന്നത് അവൻ മാത്രമാകുന്നു. ആകാശങ്ങളിലും ഭൂമിയിലും അത് ഭാരിച്ചതായിരിക്കുന്നു. പെട്ടെന്നല്ലാതെ അത് നിങ്ങൾക്കു വരുകയില്ല' (അഅ്റാഫ്:187).



{ يَسْأَلُونَكَ عَنِ السَّاعَةِ أَيَّانَ مُرْسَاهَا * فِيمَ أَنْتَ مِنْ ذِكْرَاهَا * إِلَى رَبِّكَ مُنْتَهَاهَا }

(النازعات: **42-44**)

'ആ അന്ത്യസമയത്തെപ്പറ്റി, അതെപ്പോഴാണ് സംഭവിക്കുക എന്ന് അവർ നിന്നോട് ചോദിക്കുന്നു. നിനക്ക് അതിനെപ്പറ്റി എന്ത് പറയാനാണുള്ളത്? നിന്റെ രക്ഷിതാവിങ്കലേക്കാണ് അതിന്റെ കലാശം' (നാസിആത്ത്:42 –24).

**പ്രവാചകൻ(ﷺ)യോട് ജിബ്രീൽ അവസാന നാളിനെ സംബന്ധിച്ച് പറഞ്ഞ് തരൂ എന്ന് പറഞ്ഞപ്പോൾ തിരുമേനി(ﷺ)പറയുകയുണ്ടായി:**

(مَا الْمَسْئُولُ عَنْهَا بِأَعْلَمَ مِنَ السَّائِلِ) (رواه البخاري ( **50**، **4777** ) ، ومسلم ( الإيمان / **1** ، **5** )

**"ചോദിക്കപ്പെട്ടവൻ ചോദിച്ചവനേക്കാൾ ആ കാര്യത്തിൽ അറിവുള്ളവനല്ല" (ബുഖാരി, മുസ്ലിം).**
**മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കൂടി വന്നിരിക്കുന്നു:**

« في خمس لا يعلمهن إلا الله تعالى »

**"അഞ്ച് കാര്യങ്ങൾ അല്ലാഹുവല്ലാതെ മറ്റാരും അറിയുകയില്ല"**
**എന്നിട്ട് മുകളിൽ പറഞ്ഞ ആയത്ത് പാരായണം ചെയ്യുകയും ചെയ്തു.**

**105- അവസാന നാളിൻെറ അടയാളങ്ങൾക്ക് വിശുദ്ധഖുർആനിൽ നിന്ന് തെളിവ് പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{هَلْ يَنْظُرُونَ إِلاَّ أَنْ تَأْتِيَهُمُ الْمَلاَئِكَةُ أَوْ يَأْتِيَ رَبُّكَ أَوْ يَأْتِيَ بَعْضُ آيَاتِ رَبِّكَ يَوْمَ يَأْتِي بَعْضُ آيَاتِ رَبِّكَ لاَ يَنْفَعُ نَفْسًا إِيمَانُهَا لَمْ تَكُنْ آمَنَتْ مِنْ قَبْلُ أَوْ كَسَبَتْ فِي إِيمَانِهَا خَيْرًا } (الأنعام: **158**)

‘തങ്ങളുടെ അടുക്കൽ മലക്കുകൾ വരുന്നതോ, നിന്റെ രക്ഷിതാവ് തന്നെ വരുന്നതോ, നിന്റെ രക്ഷിതാവിന്റെ ഏതെങ്കിലുമൊരു ദൃഷ്ടാന്തം വരുന്നതോ അല്ലാതെ മറ്റെന്താണവർ കാത്തിരിക്കുന്നത്? നിന്റെ രക്ഷിതാവിന്റെ ഏതെങ്കിലുമൊരു ദൃഷ്ടാന്തം വരുന്ന ദിവസം, മുമ്പ് തന്നെ വിശ്വസിക്കുകയോ, വിശ്വാസത്തോട് കൂടി വല്ല നൻമയും ചെയ്ത് വെക്കുകയോ ചെയ്തിട്ടില്ലാത്ത യാതൊരാൾക്കും തന്റെ വിശ്വാസം പ്രയോജനപ്പെടുന്നതല്ല’ (അൻആം : 158).

{ وَإِذَا وَقَعَ الْقَوْلُ عَلَيْهِمْ أَخْرَجْنَا لَهُمْ دَابَّةً مِنَ الأَرْضِ تُكَلِّمُهُمْ أَنَّ النَّاسَ كَانُوا بِآيَاتِنَا لاَ يُوقِنُونَ } (النمل: **82**)

‘ആ വാക്ക് അവരുടെ മേൽ വന്നുഭവിച്ചാൽ ഭൂമിയിൽ നിന്ന് ഒരു ജന്തുവെ നാം അവരുടെ നേരെ പുറപ്പെടുവിക്കുന്നതാണ്.മനുഷ്യർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ദൃഢവിശ്വാസം കൊള്ളാതിരിക്കുകയാകുന്നു എന്ന വിഷയം അത് അവരോട് സംസാരിക്കുന്നതാണ്’ (നംല്: 82).

{حَتَّى إِذَا فُتِحَتْ يَأْجُوجُ وَمَأْجُوجُ وَهُمْ مِنْ كُلِّ حَدَبٍ يَنْسِلُونَ * وَاقْتَرَبَ الْوَعْدُ الْحَقُّ } (الأنبياء: **96-97**)

അങ്ങനെ യഅ്ജൂജ്-മഅ്ജൂജ് ജനവിഭാഗങ്ങൾ തുറന്നുവിടപ്പെടുകയും, അവർ എല്ലാ കുന്നുകളിൽ നിന്നും കുതിച്ചിറങ്ങി വരികയും. ആ സത്യ വാഗ്ദാനം ആസന്നമാകുകയും ചെയ്തിരിക്കുന്നു’ (അൻബിയാ: 96-97)

{ فَارْتَقِبْ يَوْمَ تَأْتِي السَّمَاءُ بِدُخَانٍ مُبِينٍ } (الدخان: **10**)

‘അതിനാൽ ആകാശം, തെളിഞ്ഞു കാണാവുന്ന ഒരു പുകയും കൊണ്ട് വരുന്ന ദിവസം നീ പ്രതീക്ഷിച്ചിരിക്കുക’ (ദുഖാൻ:10).

{ يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمْ إِنَّ زَلْزَلَةَ السَّاعَةِ شَيْءٌ عَظِيمٌ } (الحج:**1**)

‘മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക, തീർച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരു കാര്യം തന്നെയാകുന്നു’ (ഹജ്ജ് : 1).

**ഇതുപോലെ ധാരാളം ആയത്തുകളുണ്ട്.**



**106- അന്ത്യ നാളിൻെറ അടയാളത്തിന് സുന്നത്തിൽ നിന്ന് തെളിവ് പറയുക?**

**ഉത്തരം: പടിഞ്ഞാറിൽ നിന്ന് സൂര്യൻ ഉദിക്കുമെന്ന ഹദീസുകൾ,ദാബ്ബത്തുൽ അർളിനെ സംബന്ധിച്ചുള്ള ഹദീസുകൾ, ദജ്ജാലിൻെറ ഫിത്ന, കുഴപ്പങ്ങൾ പൊട്ടിപുറപ്പെടുക പോലെയുള്ള ഫിത്നകളെ പരാമർശിക്കുന്ന ഹദീസുകൾ, ഈസാ(ﷺ) ഇറങ്ങുന്നതിനെ സംബന്ധിച്ചുള്ള ഹദീസുകൾ, യഅ്ജൂജ് മഅ്ജൂജിൻെറ പുറപ്പാടിനെ സംബന്ധിച്ച് പരാമർശിക്കുന്ന ഹദീസുകൾ, പുകയെ പരാമർശിക്കുന്ന ഹദീസുകൾ, വിശ്വാസികളായ മുഴുവൻ മനുഷ്യരെയും പിടിക്കുന്ന കാറ്റിനെ സംബന്ധിച്ച് പറയുന്ന ഹദീസുകൾ, അവസാനം പ്രകടമാവുന്ന തീയിനെപ്പറ്റി പറയുന്ന ഹദീസുകൾ, ഗ്രഹണത്തെ സംബന്ധിച്ച് പരാമർശിക്കുന്ന ഹദീസുകൾ തുടങ്ങി ധാരാളം ഹദീസുകളുണ്ട്.**

**107- മരണത്തിൽ വിശ്വസിക്കണമെന്നതിന് തെളിവ് പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

قُلْ يَتَوَفَّاكُمْ مَلَكُ الْمَوْتِ الَّذِي وُكِّلَ بِكُمْ ثُمَّ إِلَى رَبِّكُمْ تُرْجَعُونَ (السجدة: **11**)

‘(നബിയേ,) പറയുക: നിങ്ങളുടെ കാര്യത്തിൽ ഏൽപിക്കപ്പെട്ട മരണത്തിന്റെ മലക്ക് നിങ്ങളെ മരിപ്പിക്കുന്നതാണ്. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുന്നതുമാണ്’ (സജദഃ : 11).

{ كُلُّ نَفْسٍ ذَائِقَةُ الْمَوْتِ وَإِنَّمَا تُوَفَّوْنَ أُجُورَكُمْ يَوْمَ الْقِيَامَةِ } (آل عمران: **185**)

‘ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ’ (ആലുഇംറാൻ: 185).

**അല്ലാഹു പ്രവാചകൻ(ﷺ)യോട് പറയുന്നു:**

{ إِنَّكَ مَيِّتٌ وَإِنَّهُمْ مَيِّتُونَ } (الزمر:**30**)

**‘തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു’ (സുമർ: 30).**

{ وَمَا جَعَلْنَا لِبَشَرٍ مِنْ قَبْلِكَ الْخُلْدَ أَفَإِنْ مِتَّ فَهُمُ الْخَالِدُونَ } (الأنبياء: **34**)

'(നബിയേ,) നിനക്ക് മുമ്പ് ഒരു മനുഷ്യന്നും നാം അനശ്വരത നൽകിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചെങ്കിൽ അവർ നിത്യജീവികളായിരിക്കുമോ?' (അൻബിയാ :34)

{ كُلُّ مَنْ عَلَيْهَا فَانٍ * وَيَبْقَى وَجْهُ رَبِّكَ ذُو الْجَلَالِ وَالْإِكْرَامِ } (الرحمن:**26-27**)

'അവിടെ(ഭൂമുഖത്ത്)യുള്ള എല്ലാവരും നശിച്ച് പോകുന്നവരാകുന്നു. മഹത്വവും ഉദാരതയും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ മുഖം അവശേഷിക്കുന്നതാണ്' (റഹ്മാൻ: 26-27).

{ كُلُّ شَيْءٍ هَالِكٌ إِلاَّ وَجْهَهُ } (القصص:**88**)

'അവന്റെ തിരുമുഖം ഒഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതാണ്' (ഖസസ്:88).

{ وَتَوَكَّلْ عَلَى الْحَيِّ الَّذِي لاَ يَمُوتُ } (الفرقان:**58**)

'ഒരിക്കലും മരിക്കാതെ ജീവിച്ചിരിക്കുന്നവനെ നീ ഭരമേൽപിക്കുക' (ഫുർഖാൻ: 58).

**ഇതുപോലെ ധാരാളം ആയത്തുകളുണ്ട്. ഹദീസുകൾ നിരവധിയുമുണ്ട്. മരണമെന്നത് എല്ലാവരും കാണുന്നതും, സാക്ഷ്യപ്പെടുത്തുന്നതുമാണ്. അതിൽ യാതൊരു സംശയവുമില്ല. പക്ഷേ, അതിനെ നിഷേധിക്കുകയും, അഹങ്കാരം നടിക്കുകയുമാണ് ജനങ്ങൾ ചെയ്യുന്നത്. മരണത്തിൽ വിശ്വസിക്കുവാൻ അനിവാര്യമായും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നില്ല, നിശ്കളങ്കരായ അല്ലാഹുവിൻെറ അടിമകളല്ലാതെ. ആരെങ്കിലും മരിക്കുകയോ, ഏത് രൂപത്തിൽ കൊല്ലപ്പെടുകയോ ചെയ്താലും അത് അവന് അല്ലാഹു നിർണ്ണയിച്ചിട്ടുള്ള സമയത്താണ് സംഭവിക്കുന്നത്, ആ വിധി നിർണ്ണയത്തിൽ നിന്ന് യാതൊന്നും കുറയുന്നില്ലായെന്നതിൽ നാം വിശ്വസിക്കുന്നു.അല്ലാഹു പറയുന്നു:**

{ كُلٌّ يَجْرِي لأَجَلٍ مُسَمًّى } (الرعد: **2**)

'എല്ലാം ഒരു നിശ്ചിത അവധി വരെ സഞ്ചരിക്കുന്നു' (റഅ്ദ്: 2).

{ فَإِذَا جَاءَ أَجَلُهُمْ لاَ يَسْتَأْخِرُونَ سَاعَةً وَلاَ يَسْتَقْدِمُونَ } (الأعراف:**34**)



'അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ അവർ ഒരു നാഴിക നേരം പോലും വൈകിക്കുകയോ, നേരത്തെ ആക്കുകയോ ഇല്ല'.(അഅ്റാഫ് : 158).

**108- ഖബറിൽ അനുഗ്രഹവും, കുഴപ്പവും, അതുപോലെ ശിക്ഷയുമുണ്ടെന്നതിന് ഖുർആനിൽ നിന്ന് തെളിവ് പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ كَلاَّ إِنَّهَا كَلِمَةٌ هُوَ قَائِلُهَا وَمِنْ وَرَائِهِمْ بَرْزَخٌ إِلَى يَوْمِ يُبْعَثُونَ } (المؤمنون: **100**)

'ഒരിക്കലുമില്ല! അതൊരു വെറും വാക്കാണ്. അതവൻ പറഞ്ഞു കൊണ്ടിരിക്കും.അവരുടെ പിന്നിൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ ഒരു മറയുണ്ടായിരിക്കുന്നതാണ്' (മുഅ്മിനൂൻ : 100)

{ وَحَاقَ بِآلِ فِرْعَوْنَ سُوءُ الْعَذَابِ * النَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَعَشِيًّا وَيَوْمَ تَقُومُ السَّاعَةُ أَدْخِلُوا آلَ فِرْعَوْنَ أَشَدَّ الْعَذَابِ } (غافر: **45-46**)

'ഫിർഔന്റെ ആളുകളെ കടുത്ത ശിക്ഷ വലയം ചെയ്യുകയുമുണ്ടായി. നരകം! രാവിലെയും വൈകുന്നേരവും അവർ അതിനുമുമ്പിൽ പ്രദർശിപ്പിക്കപ്പെടും. ആ അന്ത്യസമയം നിലവിൽ വരുന്ന ദിവസം ഫിർഔന്റെ ആളുകളെ ഏറ്റവും കഠിനമായ ശിക്ഷയിൽ നിങ്ങൾ പ്രവേശിപ്പിക്കുക. (എന്ന് കൽപിക്കപ്പെടും)' (ഗാഫിർ : 45-46)

{ يُثَبِّتُ اللهُ الَّذِينَ آمَنُوا بِالْقَوْلِ الثَّابِتِ فِي الْحَيَاةِ الدُّنْيَا وَفِي الآخِرَةِ } (إبراهيم: **27**)

'ഐഹികജീവിതത്തിലും, പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ച് നിർത്തുന്നതാണ്.' (ഇബ്രാഹീം:27)

{ وَلَوْ تَرَى إِذِ الظَّالِمُونَ فِي غَمَرَاتِ الْمَوْتِ وَالْمَلاَئِكَةُ بَاسِطُو أَيْدِيهِمْ أَخْرِجُوا أَنْفُسَكُمُ الْيَوْمَ تُجْزَوْنَ عَذَابَ الْهُونِ } (الأنعام: **93**)

'ആ അക്രമികൾ മരണവെപ്രാളത്തിലായിരിക്കുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ! നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്തിറക്കുവിൻ എന്ന് പറഞ്ഞ് കൊണ്ട് മലക്കുകൾ അവരുടെനേരെ തങ്ങളുടെ കൈകൾ നീട്ടികൊ

ണ്ടിരിക്കുകയാണ്. ഇന്ന് നിങ്ങൾക്ക് ഹീനമായ ശിക്ഷ നൽകപ്പെടുന്നതാണ്' (അൻആം:93).

{ سَنُعَذِّبُهُمْ مَرَّتَيْنِ ثُمَّ يُرَدُّونَ إِلَى عَذَابٍ عَظِيمٍ } (التوبة: **101**)

'രണ്ട് പ്രാവശ്യം നാം അവരെ ശിക്ഷിക്കുന്നതാണ്. പിന്നീട് വമ്പിച്ച ശിക്ഷയിലേക്ക് അവർ തള്ളപ്പെടുന്നതുമാണ്' (തൗബ: 101).

**109- ഇതിന് സുന്നത്തിൽ എന്താണ് തെളിവുള്ളത്?**

**ഉത്തരം: ഈ വിഷയത്തിലുള്ള ഹദീസുകൾ മുതവാതിറിൻെറ പരിധിയിലേക്ക് വരെ എത്തിയിട്ടുണ്ട്. അതിൽപെട്ടതാണ് താഴെ വരുന്ന ഹദീസ്: പ്രവാചകൻ(ﷺ) പറയുന്നു:**

(إِنَّ الْعَبْدَ إِذَا وُضِعَ فِي قَبْرِهِ وَتَوَلَّى عَنْهُ أَصْحَابُهُ وَإِنَّهُ لَيَسْمَعُ قَرْعَ نِعَالِهِمْ أَتَاهُ مَلَكَانِ فَيُقْعِدَانِهِ فَيَقُولاَنِ مَا كُنْتَ تَقُولُ فِي هَذَا الرَّجُلِ لِمُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ فَأَمَّا الْمُؤْمِنُ فَيَقُولُ: أَشْهَدُ أَنَّهُ عَبْدُ اللهِ وَرَسُولُهُ فَيُقَالُ: لَهُ انْظُرْ إِلَى مَقْعَدِكَ مِنَ النَّارِ قَدْ أَبْدَلَكَ اللهُ بِهِ مَقْعَدًا مِنَ الْجَنَّةِ فَيَرَاهُمَا جَمِيعًا- قَالَ : قَتَادَةُ وَذُكِرَ لَنَا أَنَّهُ يُفْسَحُ لَهُ فِي قَبْرِهِ ثُمَّ رَجَعَ إِلَى حَدِيثِ أَنَسٍ قَالَ: وَأَمَّا الْمُنَافِقُ وَالْكَافِرُ فَيُقَالُ لَهُ مَا كُنْتَ تَقُولُ فِي هَذَا الرَّجُلِ، فَيَقُولُ: لَا أَدْرِي كُنْتُ أَقُولُ: مَا يَقُولُ النَّاسُ فَيُقَالُ: لاَ دَرَيْتَ وَلاَ تَلَيْتَ وَيُضْرَبُ بِمَطَارِقَ مِنْ حَدِيدٍ ضَرْبَةً فَيَصِيحُ صَيْحَةً يَسْمَعُهَا مَنْ يَلِيهِ غَيْرَ الثَّقَلَيْنِ ) (رواه البخاري ( **1338** ، **1374** ) ، ومسلم ( الجنة / **3231** )

**"ഖബറിൽ ഒരു ഒരു വ്യക്തിയുടെ മയ്യത്തിനെ വെച്ച് മറമാടി കഴിഞ്ഞാൽ, മയ്യത്തിൻെറ കൂടെ വന്നവരുടെ ചെരുപ്പിൻെറ ശബ്ദം ആ മയ്യത്ത് കേൾക്കുന്നതാണ്, അങ്ങിനെ മയ്യത്തിൻെറയടുത്തേക്ക് രണ്ട് മലക്കുകൾ വരുകയും, അവിടെ ഇരിക്കുകയും ചെയ്യും, എന്നിട്ട് അവർ രണ്ട്പേരും പറയും: മുഹമ്മദ്(ﷺ)യെ സംബന്ധിച്ച് ചോദിക്കും, ഈ വ്യക്തിയെ സംബന്ധിച്ച് നീ എന്ത് പറയുന്നുവെന്ന് ചോദിക്കും, ഒരു വിശ്വാസിയാണെങ്കിൽ അദ്ദേഹം പറയും: ആ വ്യക്തി അല്ലാഹുവിൻെറ അടിമയും, റസൂലുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നുവെന്ന് പറയും, അപ്പോൾ പറയപ്പെടും, നരകത്തിൽ നിൻെറ സ്ഥാനം നീ നോക്കുക, പക്ഷേ, അല്ലാഹു അതിന് പകരം സ്വർഗത്തിൽ താങ്കൾക്ക് ഇരിപ്പിടം നൽകിയിരിക്കുന്നു, അങ്ങിനെ രണ്ട് ഇരിപ്പിടവും അവർ കാണുന്നു. - ഖതാദ പറയുന്നു: ഞങ്ങളോട് പറയപ്പെട്ടു: അങ്ങിനെ അദ്ദേഹത്തിന് അദ്ദേഹത്തിൻെറ ഖബർ വിശാലമാക്കി കൊടുക്കുന്നു.- പിന്നെ അനസ്(ؓ)വിൻെറ ഹദീസിലേക്ക് തന്നെ മടങ്ങുകയും ചെയ്തു. എന്നാൽ അവിശ്വാസിയും, കപടവിശ്വാസിയുമാണെങ്കിൽ അവനോട് ചോദിക്കും: ഈ മനുഷ്യനെ സംബന്ധിച്ച് നീ എന്ത് പറയുന്നുവെന്ന് ചോദിക്കും? അപ്പോൾ അവൻ പറയും: എനിക്കറിയില്ല, ജനങ്ങൾ പറയുന്നത് പോലെ ഞാനും പറഞ്ഞു, അപ്പോൾ പറയപ്പെടും: നീ പഠിച്ചില്ല, നീ പിന്തുടരുകയും ചെയ്തില്ല അല്ലേ,അങ്ങിനെ ഇരുമ്പ് കൊണ്ടുള്ള ചുറ്റിക കൊണ്ട് അവനെ ഒരു അടി അടിക്കും, അപ്പോൾ അവൻ അട്ടഹസിക്കും, ജിന്നുകളും മനുഷ്യരുമല്ലാത്ത എല്ലാവരും അത് കേൾക്കുന്നതാണ്" (ബുഖാരി,മുസ്‌ലിം).**

عَبْدِاللهِ بْنِ عُمَرَ رَضِي اللهُ عَنْهمَا أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: إِنَّ أَحَدَكُمْ إِذَا مَاتَ عُرِضَ عَلَيْهِ مَقْعَدُهُ بِالْغَدَاةِ وَالْعَشِيِّ إِنْ كَانَ مِنْ أَهْلِ الْجَنَّةِ فَمِنْ أَهْلِ الْجَنَّةِ وَإِنْ كَانَ مِنْ أَهْلِ النَّارِ فَمِنْ أَهْلِ النَّارِ فَيُقَالُ هَذَا مَقْعَدُكَ حَتَّى يَبْعَثَكَ اللهُ يَوْمَ الْقِيَامَةِ) (رواه البخاري ( **1379** ، **3240** ) ، ومسلم(الجنة / **65** ، **66** )

**അബ്ദുല്ലാഇബ്നു ഉമർ(ؓ)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറയുന്നു: "നിങ്ങളിൽ നിന്ന് ആരെങ്കിലും മരിച്ച് കഴിഞ്ഞാൽ അവന് രാവിലെ അവൻെറ സ്ഥലം കാണിച്ച് കൊടുക്കുന്നതാണ്, സ്വർഗവാസിയാണെങ്കിൽ സ്വർഗത്തിൽ നിന്നും, നരകവാസിയാണെങ്കിൽ നരകത്തിൽ നിന്നും, എന്നിട്ട് പറയപ്പെടും, ഇതാണ് നിൻെറ സ്ഥാനം അവസാന നാളിൽ അല്ലാഹു നിന്നെ നിയോഗിക്കുന്നത് വരെ അത് തുടർന്ന് കൊണ്ടിരിക്കും"(ബുഖാരി,മുസ്‌ലിം) അതുപോലെ രണ്ട് ഖബറുകളെ സംബന്ധിച്ച് പ്രവാചകൻ(ﷺ) പറയുകയുണ്ടായി:**

« إنهما ليعذبان » (رواه البخاري ( 216 ، 218 ) ، ومسلم ( الطهارة / 111 ) .

**“അവര്‍ രണ്ട് ശിക്ഷിക്കപ്പെട്ട് കൊണ്ടിരിക്കുന്നു” (ബുഖാരി, മുസ്‌ലിം)**

**അതുപോലെ അബൂഅയ്യൂബ്(ﷺ) പറയുന്നു:**

عَنْ أَبِي أَيُّوبَ رَضِي اللهُ عَنْه قَالَ: خَرَجَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ وَقَدْ وَجَبَتِ الشَّمْسُ فَسَمِعَ صَوْتًا فَقَالَ: يَهُودُ تُعَذَّبُ فِي قُبُورِهَا) (رواه البخاري ( 1375 ) ، ومسلم ( الجنة / 69).

**“സൂര്യന്‍ അസ്തമിച്ച സമയത്ത് ഒരിക്കല്‍ പ്രവാചകന്‍(ﷺ) പുറത്തിറങ്ങി, അപ്പോള്‍ ഒരു ശബ്ദം കേള്‍ക്കുകയുണ്ടായി, അപ്പോള്‍ തിരുമേനി(ﷺ) പറയുകയുണ്ടായി: “ഒരു ജൂതന്‍ അദ്ദേഹത്തിന്‍െറ ഖബറില്‍ ശിക്ഷിക്കപ്പെട്ട് കൊണ്ടിരിക്കുന്നു” (ബുഖാരി, മുസ്‌ലിം).**

**അതുപോലെ അസ്മാഅ്(റ) പറയുന്നു:**

(قَامَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ خَطِيبًا فَذَكَرَ فِتْنَةَ الْقَبْرِ الَّتِي يَفْتَتِنُ فِيهَا الْمَرْءُ فَلَمَّا ذَكَرَ ذَلِكَ ضَجَّ الْمُسْلِمُونَ ضَجَّةً) (رواه البخاري (1373).

**“പ്രവാചകന്‍(ﷺ) ഒരിക്കല്‍ പ്രസംഗിക്കുകയുണ്ടായി, അതില്‍ ഓരോ മനുഷ്യനും പരീക്ഷിക്കപ്പെടുന്ന ഖബര്‍ ശിക്ഷയെ സംബന്ധിച്ച് പറയുകയുണ്ടായി, അത് പറഞ്ഞപ്പോള്‍ മുസ്‌ലീംകള്‍ പരസ്പരം ശബ്ദമുണ്ടാക്കുകയുണ്ടായി” (ബുഖാരി, മുസ്‌ലിം) ആയിശാ(ﷺ) പറയുന്നു:**

فَمَا رَأَيْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ بَعْدُ صَلَّى صَلاَةً إِلاَّ تَعَوَّذَ مِنْ عَذَابِ الْقَبْرِ) (رواه البخاري ( 1372 ) ، ومسلم ( مساجد / 125 ، 126 ) .

**“അതിന് ശേഷം പ്രവാചകന്‍(ﷺ) നമസ്കരിച്ച ഓരോ നമസ്കാരത്തിലും ഖബര്‍ ശിക്ഷയില്‍ നിന്ന് രക്ഷ തേടാത്തതായി ഞാന്‍ ഒരിക്കലും കണ്ടിട്ടില്ല” (ബുഖാരി, മുസ്‌ലിം)**

**അതുപോലെ ഗ്രഹണത്തെ സംബന്ധിച്ചുള്ള ഹദീസിലും പ്രവാചകന്‍(ﷺ) പറയുന്നത് ശ്രദ്ധിക്കുക:**



( ثُمَّ أَمَرَهُمْ أَنْ يَتَعَوَّذُوا مِنْ عَذَابِ الْقَبْرِ) (رواه البخاري ( 1050 ) ، ومسلم ( الكسوف / 8 ) .

**“പിന്നെ അവരോട് ഖബര്‍ ശിക്ഷയില്‍ നിന്ന് രക്ഷ തേടുവാന്‍ കല്‍പിക്കുകയുണ്ടായി” (ബുഖാരി, മുസ്‌ലിം).**

**ഇതുപോലെയുള്ള ഏകദേശം അറുപത് ഹദീസുകള്‍ വ്യത്യസ്ഥ സ്വഹാബികള്‍ ഉദ്ദരിക്കുന്നതായി നമുക്ക് കാണാനാവും.**

**110- ഖബറുകളില്‍ നിന്ന് ജനങ്ങള്‍ ഉയിര്‍ത്തെഴുന്നേല്‍പിക്കപ്പെടുമെന്നതിന് എന്താണ് തെളിവ് ?**

**ഉത്തരം:**

{ يَا أَيُّهَا النَّاسُ إِنْ كُنْتُمْ فِي رَيْبٍ مِنَ الْبَعْثِ فَإِنَّا خَلَقْنَاكُمْ مِنْ تُرَابٍ ثُمَّ مِنْ نُطْفَةٍ ثُمَّ مِنْ عَلَقَةٍ ثُمَّ مِنْ مُضْغَةٍ مُخَلَّقَةٍ وَغَيْرِ مُخَلَّقَةٍ لِنُبَيِّنَ لَكُمْ وَنُقِرُّ فِي الأَرْحَامِ مَا نَشَاءُ إِلَى أَجَلٍ مُسَمًّى } (الحج:5)

‘മനുഷ്യരേ, ഉയിര്‍ത്തെഴുന്നേല്‍പിനെപറ്റി നിങ്ങള്‍ സംശയത്തിലാണെങ്കില്‍ (ആലോചിച്ച് നോക്കുക:) തീര്‍ച്ചയായും നാമാണ് നിങ്ങളെ മണ്ണില്‍ നിന്നും, പിന്നീട് ബീജത്തില്‍ നിന്നും, പിന്നീട് ഭ്രൂണത്തില്‍ നിന്നും, അനന്തരം രൂപം നല്‍കപ്പെട്ടതും രൂപം നല്‍കപ്പെടാത്തതുമായ മാംസപിണ്ഡത്തില്‍ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങള്‍ക്ക് കാര്യങ്ങള്‍ വിശദമാക്കിത്തരാന്‍ വേണ്ടി (പറയുകയാകുന്നു.) നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗര്‍ഭാശയങ്ങളില്‍ താമസിപ്പിക്കുന്നു. ’ (ഹജ്ജ്: 5)

{ ذَلِكَ بِأَنَّ اللهَ هُوَ الْحَقُّ وَأَنَّهُ يُحْيِي الْمَوْتَى وَأَنَّهُ عَلَى كُلِّ شَيْءٍ قَدِيرٌ * وَأَنَّ السَّاعَةَ آتِيَةٌ لاَ رَيْبَ فِيهَا وَأَنَّ اللهَ يَبْعَثُ مَنْ فِي الْقُبُورِ } (الحج: 6-7)

‘അതെന്തുകൊണ്ടെന്നാല്‍ അല്ലാഹു തന്നെയാണ് സത്യമായുള്ളവന്‍. അവന്‍ മരിച്ചവരെ ജീവിപ്പിക്കും. അവന്‍ ഏത് കാര്യത്തിനും കഴിവുള്ളവനാണ്. അന്ത്യസമയം വരിക തന്നെ ചെയ്യും. അതില്‍ യാതൊരു സംശയവു

മില്ല. ഖബ്റുകളിലുള്ളവരെ അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യും.' (ഹജ്ജ്: 6 –7)

{ وَهُوَ الَّذِي يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ وَهُوَ أَهْوَنُ عَلَيْهِ } (الروم:**27**)

'അവനാകുന്നു സൃഷ്ടി ആരംഭിക്കുന്നവൻ. പിന്നെ അവൻ അത് ആവർത്തിക്കുന്നു. അത് അവനെ സംബന്ധിച്ചിടത്തോളം കൂടുതൽ എളുപ്പമുള്ളതാകുന്നു' (റൂം: 27).

{ كَمَا بَدَأْنَا أَوَّلَ خَلْقٍ نُعِيدُهُ }(الأنبياء:**104**)

'ആദ്യമായി സൃഷ്ടി ആരംഭിച്ചത് പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്' (അൻബിയാ:104) .

{ وَيَقُولُ الإِنْسَانُ أَئِذَا مَا مِتُّ لَسَوْفَ أُخْرَجُ حَيًّا * أَوَلاَ يَذْكُرُ الإِنْسَانُ أَنَّا خَلَقْنَاهُ مِنْ قَبْلُ وَلَمْ يَكُ شَيْئًا } (مريم:**66-67**)

'മനുഷ്യൻ പറയും: ഞാൻ മരിച്ചുകഴിഞ്ഞാൽ പിന്നീട് എന്നെ ജീവനുള്ളവനായി പുറത്ത് കൊണ്ട് വരുമോ? മനുഷ്യൻ ഓർമിക്കുന്നില്ലേ; അവൻ ഒന്നുമല്ലാതിരുന്ന ഒരു ഘട്ടത്തിൽ നാമാണ് ആദ്യം അവനെ പടച്ചുണ്ടാക്കിയതെന്ന്?' (മർയം: 66 –67)

{ أَوَلَمْ يَرَ الإِنْسَانُ أَنَّا خَلَقْنَاهُ مِنْ نُطْفَةٍ فَإِذَا هُوَ خَصِيمٌ مُبِينٌ * وَضَرَبَ لَنَا مَثَلاً وَنَسِيَ خَلْقَهُ قَالَ مَنْ يُحْيِي الْعِظَامَ وَهِيَ رَمِيمٌ * قُلْ يُحْيِيهَا الَّذِي أَنْشَأَهَا أَوَّلَ مَرَّةٍ }

(يس:**77-79**)

'മനുഷ്യൻ കണ്ടില്ലേ; അവനെ നാം ഒരു ബീജകണത്തിൽ നിന്നാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന്? എന്നിട്ട് അവനതാ ഒരു പ്രത്യക്ഷമായ എതിർപ്പുകാരനായിരിക്കുന്നു. അവൻ നമുക്ക് ഒരു ഉപമ എടുത്തുകാണിക്കുകയും ചെയ്തിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ മറന്നുകളയുകയും ചെയ്തു. അവൻ പറഞ്ഞു: എല്ലുകൾ ദ്രവിച്ച് പോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നൽകുന്നത്? പറയുക: ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻ തന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്' (യാസീൻ: 77–78).

{ أَوَلَمْ يَرَوْا أَنَّ اللَّهَ الَّذِي خَلَقَ السَّمَوَاتِ وَالأَرْضَ وَلَمْ يَعْيَ بِخَلْقِهِنَّ بِقَادِرٍ عَلَى أَنْ



يُحْيِيَ الْمَوْتَى بَلَى إِنَّهُ عَلَى كُلِّ شَيْءٍ قَدِيرٌ } (الأحقاف:**33**)

'ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും അവയെ സൃഷ്ടിച്ചതുകൊണ്ട് ക്ഷീണിക്കാതിരിക്കുകയും ചെയ്ത അല്ലാഹു മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവൻ തന്നെയാണെന്ന് അവർക്ക് കണ്ടുകൂടെ? അതെ;തീർച്ചയായും അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു' (അഹ്ഖാഫ്: 33).

{ وَمِنْ آيَاتِهِ أَنَّكَ تَرَى الأَرْضَ خَاشِعَةً فَإِذَا أَنْزَلْنَا عَلَيْهَا الْمَاءَ اهْتَزَّتْ وَرَبَتْ إِنَّ الَّذِي أَحْيَاهَا لَمُحْيِي الْمَوْتَى إِنَّهُ عَلَى كُلِّ شَيْءٍ قَدِيرٌ } (فصلت:**39**)

'നീ ഭൂമിയെ വരണ്ടുണങ്ങിയതായി കാണുന്നു. എന്നിട്ട് അതിൽ നാം വെള്ളം വർഷിച്ചാൽ അതിന് ചലനമുണ്ടാവുകയും അത് വളരുകയും ചെയ്യുന്നു. ഇതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. അതിന് ജീവൻ നൽകിയവൻ തീർച്ചയായും മരിച്ചവർക്കും ജീവൻ നൽകുന്നവനാകുന്നു. തീർച്ചയായും അവൻ ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു' (ഹാമീം സജദ :39 ).

**വരണ്ടുണങ്ങിയ ഭൂമിയിലേക്ക് മഴ വർഷിപ്പിച്ച് അതിൽ കൃഷികളും, പച്ചപ്പുകളും മുളപ്പിക്കുന്നത് നിങ്ങൾ കണ്ടില്ലേയെന്നൊക്കെ ചോദിച്ച് കൊണ്ട് അല്ലാഹു ഈ കാര്യം വിശദമായി ഖുർആനിൽ വിവരിക്കുന്നുണ്ട്. അതുപോലെ പ്രവാചകൻ(ﷺ)യും ഒരു ഉദാഹരണത്തിലൂടെ ഈ വിഷയം വിശദീകരിക്കുന്നത് താഴെ വരുന്ന നീണ്ട ഹദീസിലും നമുക്ക് കാണാവുന്നതാണ്: ഹുളൈലിയുടെ ഹദീസിൽ പറയുന്നു:**

( فَلَعَمْرُ إِلَهِكَ مَا تَدَعُ عَلَى ظَهْرِهَا مِنْ مَصْرَعِ قَتِيلٍ وَلاَ مَدْفِنِ مَيِّتٍ إِلاَّ شَقَّتِ الْقَبْرَ عَنْهُ حَتَّى تَجْعَلَهُ مِنْ عِنْدِ رَأْسِهِ فَيَسْتَوِي جَالِسًا فَيَقُولُ رَبُّكَ مَهْيَمْ لِمَا كَانَ فِيهِ يَقُولُ يَا رَبِّ أَمْسِ الْيَوْمَ وَلِعَهْدِهِ بِالْحَيَاةِ يَحْسَبُهُ حَدِيثًا بِأَهْلِهِ فَقُلْتُ: يَا رَسُولَ اللَّهِ كَيْفَ يَجْمَعُنَا بَعْدَ مَا تُمَزِّقُنَا الرِّيَاحُ وَالْبِلَى وَالسِّبَاعُ قَالَ أُنَبِّئُكَ بِمِثْلِ ذَلِكَ فِي آلاَءِ اللَّهِ الأَرْضُ أَشْرَفْتَ عَلَيْهَا وَهِيَ مَدَرَةٌ بَالِيَةٌ فَقُلْتَ لاَ تَحْيَا أَبَدًا؟ ثُمَّ أَرْسَلَ رَبُّكَ عَزَّ وَجَلَّ عَلَيْهَا السَّمَاءَ فَلَمْ تَلْبَثْ عَلَيْكَ إِلاَّ أَيَّامًا حَتَّى أَشْرَفْتَ عَلَيْهَا وَهِيَ

شَرْبَةٌ وَاحِدَةٌ وَلَعَمْرُ إِلَهِكَ لَهُوَ أَقْدَرُ عَلَى أَنْ يَجْمَعَهُمْ مِنَ الْمَـاءِ عَلَى أَنْ يَجْمَـعَ نَبَـاتَ الأَرْضِ فَيَخْرُجُونَ مِنَ الأَصْوَاءِ وَمِنْ مَصَارِعِهِمْ ) ( ( ضـعيف ) رواه أحمـد ( **4** / **13** ، **14** ) في زوائـده ، قـال الهيـثمي في المجمـع ( **10** / **338** ) : رواه عبـد الله والطبراني بنحوه ، وأحد طريقي عبد الله إسنادها متصل ورجالها ثقات ، والإسناد الآخر وإسناد الطبراني مرسل عن عاصم بن لقيط : أن لقيطـا . ا هـ. قـال الشـيخ البنا في الفتح الرباني ( **24** / **107** ) : وأورده الحاكم في المسـتدرك عـن طريـق يعقوب بن عيسى بنحوه ، وقال : هذا حديث جامع في الباب ، صحيح الإسـناد ، كلهم مدنيون ولم يخرجاه . وقال الذهبي يعقوب بن عيسى بن عيسى ـ الزهـري : ضعيف . ا هـ. وفي سند أحمد دلهم بن الأسود وعبد الرحمن بن عياش ، قال الذهبي عن دلهم : لا يعرف . وقال الحافظ في التقريب : مقبول . وقـال أيضـا عـن عبـد الرحمن : مقبول . قال الألباني عن أبي دلهم وجده : إنهما مجهولان . وضعف إسناد الحديث بذلك . ( ظلال الجنة **1** / **231** )

**"അല്ലാഹു തന്നെയാണ് സത്യം!, ഏതെങ്കിലും സ്ഥലത്ത് മരിച്ച് മണ്ണായി കഴിഞ്ഞവനോ, അതുപോലെ മറമാടപ്പെട്ട മയ്യത്തോ ആരാണെങ്കിലും അവന്റെ ഖബർ പിളർത്തി അവൻ വരും, അങ്ങിനെ അവന്റെ തലഭാഗത്ത് നിന്ന് അവനെ വീണ്ടും ജീവിപ്പിക്കും, അങ്ങിനെ അവൻ നേരെ ഇരിക്കും, എന്നിട്ട് നിന്റെ രക്ഷിതാവ് നിന്നോട് ചോദിക്കും: എന്താണ് നിന്റെ കാര്യം, എന്താണ് നിന്റെ പ്രശ്നം. അപ്പോൾ അവൻ പറയും: ഞാൻ ഇന്നും ഇന്നലേയും എന്റെ കുടുംബത്തോടൊപ്പം വർത്തമാനവും മറ്റും പറഞ്ഞ് ജീവിച്ചിരുന്നവനാണല്ലോ?... റാവി പറയുന്നു: പ്രവാചകരെ, എങ്ങിനെയാണ് മരിച്ച് മണ്ണായി തീരുകയും, വന്യമൃഗങ്ങൾ തിന്നുകയും, കാറ്റ് പൊടിപൊടിയായി തീരുകയും ചെയ്ത ഞങ്ങളെ ഒരുമിച്ച് കൂട്ടുക? തിരുമേനി (ﷺ)പറയുന്നു: ഇതിന്റെ ഉദാഹരണം നിനക്ക് ഞാൻ പറഞ്ഞ് തരാം, അത് ഭൂമിയുടെ ഒരു അനുഗ്രഹമാകുന്നു, നുരുമ്പിപോയ മണ്ണ്, വിരണ്ട്പോയ മണ്ണ്, ഞാൻ ഒന്നും ജീവിപ്പിക്കുകയില്ലായെന്ന് അത് പറഞ്ഞു, അങ്ങിനെ അല്ലാഹു ആകാശത്തിൽ നിന്നും മഴ വർഷിപ്പിച്ചു, അങ്ങിനെ കുറച്ച് നാൾ കഴിഞ്ഞില്ല, അതിൽ നിന്ന് ചെടികൾ വളർന്ന്വന്ന് പച്ച നിറമായിതീർന്നും, നിന്റെ രക്ഷിതാവ് തന്നെയാണ് സത്യം! വെള്ളം ഇറക്കി ഭൂമിയിൽ നിന്ന് ചെടികൾ മുളപ്പിക്കുവാൻ കഴിവുള്ള അല്ലാഹുവിന് നിങ്ങളെ ജീവിപ്പിക്കുവാനും, നിങ്ങളെ നിങ്ങളുടെ മരണ സ്ഥലത്ത് നിന്നും, ഖബറിൽ നിന്നും ഒരുമിച്ച് കൂട്ടുവാനും സാധിക്കും, അവനാണ് ഏറ്റവും കഴിവുള്ളവൻ" (അഹ്മദ്, പണ്ഡിതന്മാർ പറയുന്നത് ഈ ഹദീസ് ദുർബ്ബലമാണ് എന്നാണ്).**



**111- പുനർ ജീവിതത്തെ നിഷേധിച്ചവന്റെ വിധിയെന്താണ്?**

**ഉത്തരം: അവൻ അല്ലാഹുവിലും, വിശുദ്ധ ഖുർആനിലും, പ്രവാചകന്മാരിലും അവിശ്വസിച്ചവനാകുന്നു. അല്ലാഹു പറയുന്നു:**

{ وَقَالَ الَّذِينَ كَفَرُوا أَئِذَا كُنَّا تُرَابًا وَآبَاؤُنَا أَئِنَّا لَمُخْرَجُونَ }(النمل:**67**)

'അവിശ്വസിച്ചവർ പറഞ്ഞു: ഞങ്ങളും ഞങ്ങളുടെ പിതാക്കളുമൊക്കെ മണ്ണായിക്കഴിഞ്ഞാൽ ഞങ്ങൾ (ശവകുടീരങ്ങളിൽ നിന്ന്) പുറത്ത് കൊണ്ടുവരപ്പെടുന്നവരാണെന്നോ?' (നംല്: 67)

{وَإِنْ تَعْجَبْ فَعَجَبٌ قَوْلُهُمْ أَئِذَا كُنَّا تُرَابًا أَئِنَّا لَفِي خَلْقٍ جَدِيـدٍ أُولَئِكَ الَّذِيـنَ كَفَـرُوا بِرَبِّهِمْ وَأُولَئِكَ الأَغْلاَلُ فِي أَعْنَاقِهِمْ وَأُولَئِكَ أَصْحَابُ النَّارِهُمْ فِيهَا خَالِدُونَ}(الرعد: **5**)

'നീ അത്ഭുതപ്പെടുന്നുവെങ്കിൽ അവരുടെ ഈ വാക്കത്രെ അത്ഭുതകരമായിട്ടുള്ളത്. ഞങ്ങൾ മണ്ണായിക്കഴിഞ്ഞിട്ടോ? ഞങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുക തന്നെ ചെയ്യുമോ? അക്കൂട്ടരാണ് തങ്ങളുടെ രക്ഷിതാവിൽ അവിശ്വസിച്ചവർ. അക്കൂട്ടരാണ് കഴുത്തുകളിൽ വിലങ്ങുകളുള്ളവർ. അക്കൂട്ടരാണ് നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും'(റഅ്ദ്:5)

{ زَعَمَ الَّذِينَ كَفَرُوا أَنْ لَنْ يُبْعَثُوا قُلْ بَلَى وَرَبِّي لَتُبْعَثُنَّ ثُـمَّ لَتُنَبَّـؤُنَّ بِمَـا عَمِلْـتُمْ وَذَلِكَ عَلَى اللهِ يَسِيرٌ } (التغابن:**7**)

'തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ ജൽപിച്ചു. (നബിയേ,) പറയുക: അതെ; എന്റെ രക്ഷിതാവിനെ തന്നെയാണ,

നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു' (തഗാബുൻ:7).

**ഇതുപോലെ വേറെയും ഒരുപാട് ആയത്തുകൾ കാണാവുന്നതാണ്. ഇമാം ബുഖാരിയും, മുസ്‌ലിമും ഉദ്ദരിക്കുന്ന ഹദീസിൽ അബൂഹുറൈറ(ﷺ)പറയുന്നു: പ്രവാചകൻ(ﷺ)യിൽ നിന്ന്:**

(قَالَ اللهُ كَذَّبَنِي ابْنُ آدَمَ وَلَمْ يَكُنْ لَهُ ذَلِكَ وَشَتَمَنِي وَلَمْ يَكُنْ لَهُ ذَلِكَ فَأَمَّا تَكْذِيبُهُ إِيَّايَ فَقَوْلُهُ لَنْ يُعِيدَنِي كَمَا بَدَأَنِي وَلَيْسَ أَوَّلُ الْخَلْقِ بِأَهْوَنَ عَلَيَّ مِنْ إِعَادَتِهِ وَأَمَّا شَتْمُهُ إِيَّايَ فَقَوْلُهُ اتَّخَذَ اللهُ وَلَدًا وَأَنَا الْأَحَدُ الصَّمَدُ لَمْ أَلِدْ وَلَمْ أُولَدْ وَلَمْ يَكُنْ لِي كُفْئًا أَحَدٌ)رواه البخاري(**4974**، **3193** )،وأحمد(**2/317** ، **350**، **350**)

**"അല്ലാഹു പറയുന്നു: ആദം സന്തതി എൻെറ പേരിൽ കളവ് പറഞ്ഞിരിക്കുന്നു, അവൻ അത് ചെയ്യാൻ പാടില്ലായിരുന്നു, അവൻ എന്നെ ചീത്ത പറഞ്ഞിരിക്കുന്നു, അവനത് ചെയ്യരുതായിരുന്നു, അവൻ എൻെറ പേരിൽ കളവ് പറഞ്ഞത്: ഞാൻ അവനെ ആദ്യം സൃഷ്ടിച്ചത് പോലെ അവനെ മടക്കില്ലായെന്നാണ്, അവനെ ആദ്യം സൃഷ്ടിച്ചതിനേക്കാൾ എളുപ്പമുള്ള കാര്യമാണ് അവനെ വീണ്ടും മടക്കുകയെന്നുള്ളത്, എന്നാൽ അവനെന്നെ ചീത്ത പറഞ്ഞത്:അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നുവെന്നാണ്, ഞാൻ ഒരുവനാണ്, നിരാശ്രയനാണ്, ഞാൻ ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്തിട്ടില്ല, എനിക്ക് സമാനമായി ഒന്നും തന്നെയുമില്ല"(ബുഖാരി,മുസ്‌ലിം)**

**112- സൂർ എന്ന കാഹളത്തിൽ ഊതുന്നതിനുള്ള തെളിവ് എന്താണ്? എത്ര പ്രാവശ്യമാണ് അതിൽ ഊതുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَنُفِخَ فِي الصُّورِ فَصَعِقَ مَنْ فِي السَّمَوَاتِ وَمَنْ فِي الأَرْضِ إِلاَّ مَنْ شَاءَ اللهُ ثُمَّ نُفِخَ فِيهِ أُخْرَى فَإِذَا هُمْ قِيَامٌ يَنْظُرُونَ } (الزمر:**68**)

'കാഹളത്തിൽ ഊതപ്പെടും. അപ്പോൾ ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും ചലനമറ്റവരായിത്തീരും; അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. പിന്നീട്



അതിൽ (കാഹളത്തിൽ) മറ്റൊരിക്കൽ ഊതപ്പെടും. അപ്പോഴതാ അവർ എഴുന്നേറ്റ് നോക്കുന്നു.' (സുമർ:68)

**ഈ ആയത്തിൽ രണ്ട് ഊത്തിനെ സംബന്ധിച്ചാണ് പറഞ്ഞത്. ഒന്ന് എല്ലാത്തിനെയും നശിപ്പിക്കുവാനുള്ളതും, രണ്ടാമത്തേത് പുനർജീവിപ്പിക്കുവാനുമുള്ളതാണ്. അല്ലാഹു പറയുന്നു:**

{ وَيَوْمَ يُنْفَخُ فِي الصُّورِ فَفَزِعَ مَنْ فِي السَّمَوَاتِ وَمَنْ فِي الْأَرْضِ إِلاَّ مَنْ شَاءَ اللهُ }

(النمل:**87**)

'കാഹളത്തിൽ ഊതപ്പെടുന്ന ദിവസത്തെ (ഓർക്കുക). അപ്പോൾ ആകാശങ്ങളിലുള്ളവരും, ഭൂമിയിലുള്ളവരും ഭയവിഹ്വലരായിപ്പോകും; അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. എല്ലാവരും എളിയവരായിക്കൊണ്ട് അവന്റെ അടുത്ത് ചെല്ലുകയും ചെയ്യും' (നംല്:87).

**ഈ ആയത്തിൽ** الفزع **എന്ന പദത്തെ പല പണ്ഡിതന്മാരും വിശദീകരിച്ചിരിക്കുന്നത് ഒന്നാമത്തെ ഊത്തിലൂടെ സംഭവിക്കുന്ന എല്ലാം നശിക്കലാകുന്നു. അത് തന്നെയാണ് സുമറിലെ ആയത്തിൽ പറയപ്പെട്ടതും. ഇത് തന്നെയാണ് ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഹദീസും ബലപ്പെടുത്തുന്നത്. തിരുമേനി(ﷺ) പറയുന്നു:**

( ثُمَّ يُنْفَخُ فِي الصُّورِ فَلاَ يَسْمَعُهُ أَحَدٌ إِلاَّ أَصْغَى لِيتًا وَرَفَعَ لِيتًا قَالَ: وَأَوَّلُ مَنْ يَسْمَعُهُ رَجُلٌ يَلُوطُ حَوْضَ إِبِلِهِ قَالَ فَيَصْعَقُ وَيَصْعَقُ النَّاسُ ثُمَّ يُرْسِلُ اللهُ أَوْ قَالَ يُنْزِلُ اللهُ مَطَرًا كَأَنَّهُ الطَّلُّ أَوِ الظِّلُّ نُعْمَانُ الشَّاكُّ فَتَنْبُتُ مِنْهُ أَجْسَادُ النَّاسِ ثُمَّ يُنْفَخُ فِيهِ أُخْرَى فَإِذَا هُمْ قِيَامٌ يَنْظُرُونَ ) رواه مسلم ( الفتن / **116** ) .

**"പിന്നീട് സൂർ എന്ന കാഹളത്തിൽ ഊതുന്നതാണ്, അത് ചെവി ഉയർത്തിയും താഴ്ത്തിയും ശ്രദ്ധിച്ച് കേൾക്കുന്നവനല്ലാതെ കേൾക്കുകയില്ല, ആദ്യം അത് കേൾക്കുന്നത് തൻെറ ഒട്ടകത്തിൻെറ വെള്ള സ്ഥലമായ ഹൗള് വൃത്തിയാക്കുന്നവനാണ്, അദ്ദേഹം പറയുന്നു: അവൻ ബോധരഹിതനാവും, പിന്നെ ജനങ്ങളും ബോധരഹിതരാവും, പിന്നെ അല്ലാഹു മഴയെ അയക്കും, അല്ലെങ്കിൽ മഴയെ ഇറക്കും, അത് ഒരു ചാറ്റൽ മഴയാണ്, അല്ല ഒരു തണൽ പോലെ, റിപ്പോർട്ടറായ നുഅ്മാനിന് സംശയമുണ്ടായി, അങ്ങി**

**നെ അതിൽ നിന്ന് മനുഷ്യ ശരീരങ്ങളെ മുളപ്പിക്കുന്നതാണ്, പിന്നെ രണ്ടാമതും ഊതും അങ്ങിനെ അവൻ എഴുന്നേറ്റ് പരസ്പരം നോക്കുന്നതാണ്" (മുസ്ലിം).**

**എന്നാൽ ചിലയാളുകൾ മൂന്ന് ഊത്തുണ്ടെന്നാണ് വിശദീകരിക്കുന്നത്. ഒന്ന്** الفزع **രണ്ട്:** الصعق **മൂന്ന്: ലോക രക്ഷിതാവിൻെറ മുന്നിൽ വിചാരണക്ക് വേണ്ടി നിൽക്കുവാനായുള്ള ഊത്ത്.**

**113- പരലോകത്ത് ഒരുമിച്ച് കൂട്ടുന്നതിൻെറ രൂപം എങ്ങിനെയാണ് വിശുദ്ധ ഖുർആനിൽ വിശദീകരിക്കുന്നത്?**

**ഉത്തരം: ഇതിൻെറ രൂപം വിശദീകരിച്ച് കൊണ്ട് വിശുദ്ധഖുർആനിൽ അനേകം ആയത്തുകൾ കാണാവുന്നതാണ്. അല്ലാഹു പറയുന്നു:**

{ وَلَقَدْ جِئْتُمُونَا فُرَادَى كَمَا خَلَقْنَاكُمْ أَوَّلَ مَرَّةٍ } (الأنعام:**94**)

'(അവരോട് അല്ലാഹു പറയും:) നിങ്ങളെ നാം ആദ്യഘട്ടത്തിൽ സൃഷ്ടിച്ചത് പോലെത്തന്നെ നിങ്ങളിതാ നമ്മുടെ അടുക്കൽ ഒറ്റപ്പെട്ടവരായി വന്നെത്തിയിരിക്കുന്നു' (അൻആം:94)..

{ وَحَشَرْنَاهُمْ فَلَمْ نُغَادِرْ مِنْهُمْ أَحَدًا } (الكهف:**47**)

'തുടർന്ന് അവരിൽ നിന്ന് (മനുഷ്യരിൽ നിന്ന്) ഒരാളെയും വിട്ടുകളയാതെ നാം അവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമാകുന്നു.)' (അൽ കഅ്ഫ്:47)

{ يَوْمَ نَحْشُرُ الْمُتَّقِينَ إِلَى الرَّحْمَنِ وَفْدًا * وَنَسُوقُ الْمُجْرِمِينَ إِلَى جَهَنَّمَ وِرْدًا } (مريم:**85-86**)

'ധർമ്മനിഷ്ഠയുള്ളവരെ വിശിഷ്ടാതിഥികൾ എന്ന നിലയിൽ പരമകാരുണികൻ്റെ അടുത്തേക്ക് നാം വിളിച്ചുകൂട്ടുന്ന ദിവസം. കുറ്റവാളികളെ ദാഹാർത്തരായ നിലയിൽ നരകത്തിലേക്ക് നാം തെളിച്ച് കൊണ്ട് പോകുകയും ചെയ്യുന്ന ദിവസം' (മർയം: 85-85)

{ وَكُنْتُمْ أَزْوَاجًا ثَلَاثَةً * فَأَصْحَابُ الْمَيْمَنَةِ مَا أَصْحَابُ الْمَيْمَنَةِ * وَأَصْحَابُ



الْمَشْأَمَةِ مَا أَصْحَابُ الْمَشْأَمَةِ * وَالسَّابِقُونَ السَّابِقُونَ } (الواقعة:**7-10**)

'നിങ്ങൾ മൂന്ന് തരക്കാരായിത്തീരുകയും ചെയ്യുന്ന സന്ദർഭമത്രെ അത്. അപ്പോൾ ഒരു വിഭാഗം വലതുപക്ഷക്കാർ. എന്താണ് ഈ വലതുപക്ഷക്കാരുടെ അവസ്ഥ! മറ്റൊരു വിഭാഗം ഇടതുപക്ഷക്കാർ. എന്താണ് ഈ ഇടതുപക്ഷക്കാരുടെ അവസ്ഥ! (സത്യവിശ്വാസത്തിലും സൽപ്രവൃത്തികളിലും) മുന്നേറിയവർ (പരലോകത്തും) മുന്നോക്കക്കാർ തന്നെ' (വാഖിഅഃ :7-10).

{ يَوْمَئِذٍ يَتَّبِعُونَ الدَّاعِيَ لَا عِوَجَ لَهُ وَخَشَعَتِ الْأَصْوَاتُ لِلرَّحْمَنِ فَلَا تَسْمَعُ إِلَّا هَمْسًا} (طه:**108**)

'അന്നേ ദിവസം വിളിക്കുന്നവൻ്റെ പിന്നാലെ അവനോട് യാതൊരു വക്രതയും കാണിക്കാതെ അവർ പോകുന്നതാണ്. എല്ലാ ശബ്ദങ്ങളും പരമകാരുണികന് കീഴടങ്ങുന്നതുമാണ്. അതിനാൽ ഒരു നേർത്ത ശബ്ദമല്ലാതെ നീ കേൾക്കുകയില്ല' (ത്വാഹാ:108).

**ഇത് ഒരുമിച്ച്കൂട്ടപ്പെടുന്ന മഹ്ശറാ എന്ന സ്ഥലത്തേക്ക് ഒട്ടകങ്ങളെ പോലെ നടന്ന്പോകലാകുന്നു.**

{ وَمَنْ يَهْدِ اللَّهُ فَهُوَ الْمُهْتَدِي وَمَنْ يُضْلِلْ فَلَنْ تَجِدَ لَهُمْ أَوْلِيَاءَ مِنْ دُونِهِ وَنَحْشُرُهُمْ يَوْمَ الْقِيَامَةِ عَلَى وُجُوهِهِمْ } (الإسراء: **97**)

'അല്ലാഹു ആരെ നേർവഴിയിലാക്കുന്നുവോ അവനാണ് നേർമാർഗം പ്രാപിച്ചവൻ. അവൻ ആരെ ദുർമാർഗത്തിലാക്കുന്നുവോ, അവർക്ക് അവന്നു പുറമെ രക്ഷാധികാരികളെയൊന്നും നീ കണ്ടെത്തുന്നതേയല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മുഖം നിലത്ത് കുത്തിയവരായിക്കൊണ്ട് നാം അവരെ ഒരുമിച്ചുകൂട്ടുന്നതാണ്" ഇസ്രാഅ്:97).

**ഇത്പോലെ ഒട്ടനവധി ആയത്തുകൾ നമുക്ക് കാണാവുന്നതാണ്.**

**114- പ്രവാചക സുന്നത്തിൻെറ അടിസ്ഥാനത്തിൽ ഇതിൻെറ വിശേഷണം പറയുക?**

**ഉത്തരം: പ്രവാചകൻ(ﷺ) പറയുന്നു:**

( يُحْشَرُ النَّاسُ عَلَى ثَلَاثِ طَرَائِقَ رَاغِبِينَ رَاهِبِينَ وَاثْنَانِ عَلَى بَعِيرٍ وَثَلَاثَةٌ عَلَى بَعِيرٍ وَأَرْبَعَةٌ عَلَى بَعِيرٍ وَعَشَرَةٌ عَلَى بَعِيرٍ وَيَحْشُرُ بَقِيَّتَهُمُ النَّارُ تَقِيلُ مَعَهُمْ حَيْثُ قَالُوا وَتَبِيتُ مَعَهُمْ حَيْثُ بَاتُوا وَتُصْبِحُ مَعَهُمْ حَيْثُ أَصْبَحُوا وَتُمْسِي مَعَهُمْ حَيْثُ أَمْسَوْا ) رواه البخاري ( **6522** ) ، ومسلم ( الجنة / **59** ) .

**"മൂന്ന് തട്ടുകളായി പ്രത്യാശയോടെയും, ഭയത്തോടെയുമായിട്ടാണ് ജനങ്ങളെ ഒരുമിച്ച് കൂട്ടുക, രണ്ടാളുകൾ ഒരു ഒട്ടകപ്പുറത്ത്, മൂന്നാളുകൾ ഒരു ഒട്ടകപ്പുറത്ത്, നാലാളുകൾ ഒരു ഒട്ടകപ്പുറത്ത്, പത്താളുകൾ ഒരു ഒട്ടകപ്പുറത്തായിട്ട്, അവശേഷിക്കുന്നവരെ ഒരു തീയാണ് ഒരുമിച്ച് കൂട്ടുക, അവർ ഉച്ചക്ക് ഉറങ്ങുമ്പോൾ അവരോടൊപ്പം ഉച്ചക്കുറങ്ങുകയും, അവർ രാത്രിയുറങ്ങുമ്പോൾ അവരോടൊപ്പം രാത്രി കഴിച്ച് കൂട്ടുകയും ചെയ്യുന്നു, അവർ വെളുപ്പിന് എഴുന്നേൽക്കുമ്പോൾ അവരോടൊപ്പം നേരം വെളുപ്പിക്കുകയും, അവൻ വൈകുന്നേരമാക്കുമ്പോൾ അവരോടൊപ്പം വൈകുന്നേരമാക്കുകയും ചെയ്യുന്നു..." (ബുഖാരി, മുസ്‌ലിം). അനസ്(رضي الله عنه)പറയുന്നു: ഒരാൾ പ്രവാകൻ(ﷺ)യുടെ അടുത്ത് വന്ന്കൊണ്ട് പറയുകയുണ്ടായി: പ്രവാചകരെ, എപ്രകാരമാണ് അവിശ്വാസികളെ മുഖം കുത്തിയവരായി ഒരുമിച്ച് കൂട്ടുക? തിരുമേനി(ﷺ) പറയുകയുണ്ടായി:**

(قَالَ أَلَيْسَ الَّذِي أَمْشَاهُ عَلَى الرِّجْلَيْنِ فِي الدُّنْيَا قَادِرًا عَلَى أَنْ يُمْشِيَهُ عَلَى وَجْهِهِ يَوْمَ الْقِيَامَةِ ) رواه البخاري ( **6523** ) ، ومسلم ( المنافقين / **54** ) .

**"ഈ ലോകത്ത് അവരെ രണ്ട് കാലിൽ നടത്തുവാൻ കഴിവുള്ളവന് അവരെ അവസാന നാളിൽ മുഖം കുത്തിയവരായി നടത്തുവാൻ കഴിവുണ്ടായിരിക്കുകയില്ലേ?..." (ബുഖാരി, മുസ്‌ലിം). പ്രവാചക തിരുമേനി(ﷺ) പറയുന്നു:**

(إِنَّكُمْ مَحْشُورُونَ حُفَاةً عُرَاةً غُرْلاً ثُمَّ قَرَأَ ( كَمَا بَدَأْنَا أَوَّلَ خَلْقٍ نُعِيدُهُ وَعْدًا عَلَيْنَا إِنَّا كُنَّا فَاعِلِينَ ) وَأَوَّلُ مَنْ يُكْسَى يَوْمَ الْقِيَامَةِ إِبْرَاهِيمُ ...) رواه البخاري ( **6524** ، **6525** ، **6526** ) ، ومسلم ( الجنة / **57** ، **58** )



**"നിങ്ങൾ നഗ്ന പാദകരായി, നഗ്നരായി, ചേലാ കർമ്മം ചെയ്യാത്തവരായി ഒരുമിച്ച് കൂട്ടുന്നതാണ്, എന്നിട്ട് താഴെ വരുന്ന ആയത്ത് പാരായണം ചെയ്തു:**

يَوْمَ نَطْوِي السَّمَاء كَطَيِّ السِّجِلِّ لِلْكُتُبِ كَمَا بَدَأْنَا أَوَّلَ خَلْقٍ نُّعِيدُهُ وَعْدًا عَلَيْنَا إِنَّا كُنَّا فَاعِلِينَ (سورة الأنبياء : **104**)

'ആദ്യമായി സൃഷ്ടി ആരംഭിച്ചത് പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്. നാം ബാധ്യതയേറ്റ ഒരു വാഗ്ദാനമത്രെ അത്. നാം (അത്) നടപ്പിലാക്കുക തന്നെ ചെയ്യുന്നതാണ്' (അൻബിയാ:104).

**അവസാന നാളിൽ ആദ്യമായി വസ്ത്രം ധരിപ്പിക്കുന്നത് ഇബ്രാഹിം നബി(عليه السلام)യെയാകുന്നു... " (ബുഖാരി, മുസ്‌ലിം). അപ്പോൾ ആയിശാ(رضي الله عنها) ചോദിക്കുകയുണ്ടായി:**

( يَا رَسُولَ اللهِ الرِّجَالُ وَالنِّسَاءُ يَنْظُرُ بَعْضُهُمْ إِلَى بَعْضٍ فَقَالَ: الأَمْرُ أَشَدُّ مِنْ أَنْ يُهِمَّهُمْ ذَاكِ) رواه البخاري ( **6527** ) ، ومسلم ( الجنة / **56** ) .

**"പ്രവാചകരെ, സ്ത്രീകളും പുരുഷന്മാരും പരസ്പരം അങ്ങോട്ടുമുങ്ങോട്ടും നോക്കുകയില്ലേ?, തിരുമേനി(ﷺ) പറയുകയുണ്ടായി: ആയിശാ(رضي الله عنها), കാര്യം അതിനേക്കാൾ എത്രയോ ഗൗരവതരമായിരിക്കും അപ്പോൾ..." (ബുഖാരി, മുസ്‌ലിം).**

**115- വിചാരണക്ക് നിൽക്കുന്നതിൻെറ രൂപം വിശുദ്ധഖുർആനിൽ നിന്ന് വിശദമാക്കുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَلاَ تَحْسَبَنَّ اللّهَ غَافِلاً عَمَّا يَعْمَلُ الظَّالِمُونَ إِنَّمَا يُؤَخِّرُهُمْ لِيَوْمٍ تَشْخَصُ فِيهِ الأَبْصَارُ * مُهْطِعِينَ مُقْنِعِي رُءُوسِهِمْ لاَ يَرْتَدُّ إِلَيْهِمْ طَرْفُهُمْ وَأَفْئِدَتُهُمْ هَوَاءٌ }

(إبراهيم:**42-43**)

'അക്രമികൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനാണെന്ന് നീ വിചാരിച്ച് പോകരുത്. കണ്ണുകൾ തള്ളിപ്പോകുന്ന ഒരു (ഭയാനകമായ) ദിവസം വരെ അവർക്കു സമയം നീട്ടികൊടുക്കുക മാത്രമാണ് ചെയ്യുന്നത്. (അന്ന്) ബദ്ധപ്പെട്ട് ഓടിക്കൊണ്ടും, തലകൾ ഉയർത്തിപ്പിടിച്ച് കൊണ്ടും (അവർ വരും) അവരുടെ ദൃഷ്ടികൾ അവരിലേക്ക് തിരിച്ചു വരികയില്ല.അവരുടെ മനസ്സുകൾ ശൂന്യവുമായിരിക്കും'(ഇബ്രാഹീം:42–43)

{ يَوْمَ يَقُومُ الرُّوحُ وَالْمَلَائِكَةُ صَفًّا لاَ يَتَكَلَّمُونَ إِلاَّ مَنْ أَذِنَ لَهُ الرَّحْمَنُ وَقَالَ صَوَابًا } (النبأ: **38**)

'റൂഹും മലക്കുകളും അണിയായി നിൽക്കുന്ന ദിവസം. പരമകാരുണികനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ അന്ന് സംസാരിക്കുകയില്ല' (നബഅ് : 38).

{ وَأَنْذِرْهُمْ يَوْمَ الآزِفَةِ إِذِ الْقُلُوبُ لَدَى الْحَنَاجِرِ كَاظِمِينَ مَا لِلظَّالِمِينَ مِنْ حَمِيمٍ وَلاَ شَفِيعٍ يُطَاعُ } (غافر:**18**)

'ആസന്നമായ ആ സംഭവത്തിന്റെ ദിവസത്തെപ്പറ്റി നീ അവർക്ക് മുന്നറിയിപ്പു നൽകുക. അതായത് ഹൃദയങ്ങൾ തൊണ്ടക്കുഴികളുടെ അടുത്തെത്തുന്ന, അവർ ശ്വാസമടക്കിപ്പിടിച്ചവരായിരിക്കുന്ന സന്ദർഭം. അക്രമകാരികൾക്ക് ഉറ്റബന്ധുവായോ സ്വീകാര്യനായ ശുപാർശകനായോ ആരും തന്നെയില്ല' (മുഅ്മിൻ:18).

{ فِي يَوْمٍ كَانَ مِقْدَارُهُ خَمْسِينَ أَلْفَ سَنَةٍ } (المعارج:**4**)

'അമ്പതിനായിരം കൊല്ലത്തിന്റെ അളവുള്ളതായ ഒരു ദിവസത്തിൽ മലക്കുകളും ആത്മാവും അവങ്കലേക്ക് കയറിപ്പോകുന്നു' (മആരിജ്:4).

{ سَنَفْرُغُ لَكُمْ أَيُّهَا الثَّقَلَانِ } (الرحمن:**31**)

'ഹേ; ഭാരിച്ച രണ്ട് സമൂഹങ്ങളേ, നിങ്ങളുടെ കാര്യത്തിനായി നാം ഒഴിഞ്ഞിരിക്കുന്നതാണ്' റഹ്മാൻ:31).

**116- വിചാരണക്ക് നിൽക്കുന്നതിൻെറ രൂപം പ്രവാചക സുന്നത്തിൽ നിന്ന് വിശദമാക്കുക?**



**ഉത്തരം: ഈ വിഷയത്തിൽ ഒരുപാട് ഹദീസുകൾ നമുക്ക് കാണാനാവും: അതിൽ പെട്ടതാണ് ഇബ്നു ഉമർ(ﷺ)വിൽ നിന്ന്:പ്രവാചകൻ(ﷺ)പറയുന്നു:**

( يَوْمَ يَقُومُ النَّاسُ لِرَبِّ الْعَالَمِينَ ) حَتَّى يَغِيبَ أَحَدُهُمْ فِي رَشْحِهِ إِلَى أَنْصَافِ أُذُنَيْهِ) رواه البخاري ( **6531** ، **4939** ) ، ومسلم ( الجنة / **60** ) .

'അതെ, ലോകരക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റ് വരുന്ന ദിവസം' **"നിങ്ങളിൽ ചിയാളുകൾ തൻെറ ചെവി വരെ വിയർപ്പിൽ മുങ്ങുന്നവര് വരെയുണ്ടാകും" (ബുഖാരി, മുസ്‌ലിം).**

**അബൂഹുറൈറ(ﷺ) പറയുന്നു: പ്രവാചകൻ(ﷺ) മൊഴിയുന്നു:**

( يَعْرَقُ النَّاسُ يَوْمَ الْقِيَامَةِ حَتَّى يَذْهَبَ عَرَقُهُمْ فِي الأَرْضِ سَبْعِينَ ذِرَاعًا وَيُلْجِمُهُمْ حَتَّى يَبْلُغَ آذَانَهُمْ) (**2**) رواه البخاري ( **6532** ) ، ومسلم ( الجنة / **61** ) .

**"അവസാന നളിൽ ജനങ്ങൾ വിയർപ്പിൽ മുങ്ങുന്നതാണ്, അങ്ങിനെ അവരുടെ വിയർപ്പുകൾ ഭൂമിയിൽ എഴുപത് മുഴമായിരിക്കും, അങ്ങിനെ ചില യാളുകളുടെ ചെവി വരെ വിയർപ്പിൽ മുങ്ങുന്നതാണ്" (ബുഖാരി, മുസ്‌ലിം) ഇത്പോലെ അനവധി ഹദീസുകൾ കാണാവുന്നതാണ്.**

**117- പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നതിൻെറയും, വിചാരണയുടെയും രൂപം വിശുദ്ധഖുർആനിൽ എപ്രകാരമാണ് വിശദീകരിക്കുന്നത്?**

**ഉത്തരം:**

{ يَوْمَئِذٍ تُعْرَضُونَ لاَ تَخْفَى مِنْكُمْ خَافِيَةٌ } (الحاقة:**18**)

'അന്നേ ദിവസം നിങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നതാണ്. യാതൊരു മറഞ്ഞ കാര്യവും നിങ്ങളിൽ നിന്ന് മറഞ്ഞു പോകുന്നതകല്ല' (ഹാഖ്ഖഃ :18).

{ وَعُرِضُوا عَلَى رَبِّكَ صَفًّا لَقَدْ جِئْتُمُونَا كَمَا خَلَقْنَاكُمْ أَوَّلَ مَرَّةٍ } (الكهف:**48**)

'നിന്റെ രക്ഷിതാവിന്റെ മുമ്പാകെ അവർ അണിയണിയായി പ്രദർശിപ്പിക്കപ്പെടുകയും ചെയ്യും. (അന്നവൻ പറയും:) നിങ്ങളെ നാം ആദ്യതവണ സൃഷ്ടിച്ച പ്രകാരം നിങ്ങളിതാ നമ്മുടെ അടുത്ത് വന്നിരിക്കുന്നു' (അൽകഅ്ഫ് : 48).

{ وَيَوْمَ نَحْشُرُ مِنْ كُلِّ أُمَّةٍ فَوْجًا مِمَّنْ يُكَذِّبُ بِآيَاتِنَا فَهُمْ يُوزَعُونَ * حَتَّى إِذَا جَاءُوا قَالَ أَكَذَّبْتُمْ بِآيَاتِي وَلَمْ تُحِيطُوا بِهَا عِلْمًا أَمْ مَاذَا كُنْتُمْ تَعْمَلُونَ * وَوَقَعَ الْقَوْلُ عَلَيْهِمْ بِمَا ظَلَمُوا فَهُمْ لاَ يَنْطِقُونَ } (النمل:**83-85**)

‘ഓരോ സമുദായത്തിൽ നിന്നും നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ച് തള്ളുന്ന ഓരോ സംഘത്തെ നാം ഒരുമിച്ചുകൂട്ടുകയും, അങ്ങനെ അവർ ക്രമത്തിൽ നിർത്തപ്പെടുകയും ചെയ്യുന്ന ദിവസത്തെ (ഓർക്കുക.) അങ്ങനെ അവർ വന്നു കഴിഞ്ഞാൽ അവൻ പറയും: എന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തികച്ചും മനസ്സിലാക്കാതെ നിങ്ങൾ അവയെ നിഷേധിച്ച് തള്ളുകയാണോ ടിയ്തത്? അതല്ല, എന്താണ് നിങ്ങൾ ചെയ്തു കൊണ്ടിരുന്നത്.? അവർ അക്രമം പ്രവർത്തിച്ചതു നിമിത്തം (ശിക്ഷയെപ്പറ്റിയുള്ള) വാക്ക് അവരുടെ മേൽ വന്നു ഭവിച്ചു. അപ്പോൾ അവർ (യാതൊന്നും) ഉരിയാടുകയില്ല.’ (നംല് : 83–85)

{ يَوْمَئِذٍ يَصْدُرُ النَّاسُ أَشْتَاتًا لِيُرَوْا أَعْمَالَهُمْ * فَمَنْ يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ * وَمَنْ يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُ } (الزلزلة:**6-8**)

‘അന്നേ ദിവസം മനുഷ്യർ പല സംഘങ്ങളായി പുറപ്പെടുന്നതാണ്. അവർക്ക് അവരുടെ കർമ്മങ്ങൾ കാണിക്കപ്പെടേണ്ടതിനായിട്ട്. അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നൻമ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിൻമ ചെയ്തിരുന്നുവോ അവൻ അതും കാണും’ (സൽസലഃ : 6–8)

{ فَوَرَبِّكَ لَنَسْأَلَنَّهُمْ أَجْمَعِينَ * عَمَّا كَانُوا يَعْمَلُونَ } (الحجر:**92-93**)

‘എന്നാൽ നിന്റെ രക്ഷിതാവിനെത്തന്നെയാണ, അവരെ മുഴുവൻ നാം ചോദ്യം ചെയ്യുക തന്നെ ചെയ്യും. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിനെ സംബന്ധിച്ച്’ (ഹിജ്റ് :92–93).

{ وَقِفُوهُمْ إِنَّهُمْ مَسْئُولُونَ } (الصافات:**24**)

**‘അവരെ നിങ്ങളൊന്നു നിർത്തുക. അവരോട് ചോദ്യം ചെയ്യേണ്ടതാകുന്നു’ (സ്വാഫ്ഫാത്ത്: 24).**



**118- പ്രവാചകസുന്നത്തിൽ ഇതിൻെറ വിശേഷണം എങ്ങിനെയാണ്?**

**ഉത്തരം: ധാരാളം ഹദീസുകൾ നമുക്ക് കാണാവുന്നതാണ്. പ്രവാചകൻ(ﷺ) പറയുന്നു:**

( مَنْ نُوقِشَ الْحِسَابَ عُذِّبَ قَالَتْ: قُلْتُ أَلَيْسَ يَقُولُ اللهُ تَعَالَى ( فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا ) قَالَ ذَلِكِ الْعَرْضُ) (رواه البخاري ومسلم) .

**“ആരെങ്കിലും വിചാരണയെ സംബന്ധിച്ച് തർക്കിക്കുകയാണെങ്കിൽ അവൻ ശിക്ഷിക്കപ്പെടുന്നതാണ്, അപ്പോൾ ആയിശാ(﵂) പറയുന്നു: ഞാൻ പറഞ്ഞു: അല്ലാഹു ഇങ്ങനെ പറയുന്നില്ലേ?: “വളരെ ലളിതമായ വിചാരണയാണ് നടത്തപ്പെടുക” അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: അത് ജനങ്ങൾക്ക് അവരുടെ പാപങ്ങൾ പ്രകടമാക്കി അവർ അത് ചെയ്തിട്ടുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തലുമാണ്” (ബുഖാരി, മുസ്‌ലിം). പ്രവാചകൻ(ﷺ) വീണ്ടും പറയുന്നത് അനസ്ബ്നു മാലിക്(﵁) ഉദ്ദരിക്കുന്നു:**

(يَقُولُ يُجَاءُ بِالْكَافِرِ يَوْمَ الْقِيَامَةِ فَيُقَالُ لَهُ أَرَأَيْتَ لَوْ كَانَ لَكَ مِلْءُ الأَرْضِ ذَهَبًا أَكُنْتَ تَفْتَدِي بِهِ فَيَقُولُ نَعَمْ فَيُقَالُ: لَهُ قَدْ كُنْتَ سُئِلْتَ مَا هُوَ أَيْسَرُ مِنْ ذَلِكَ * وفي رواية: فَقَدْ سَأَلْتُكَ مَا هُوَ أَهْوَنُ مِنْ هَذَا وَأَنْتَ فِي صُلْبِ آدَمَ أَنْ لاَ تُشْرِكَ بِي فَأَبَيْتَ إِلاَّ الشِّرْكَ ) رواه البخاري ومسلم .

**“അവസാന നാളിൽ അവിശ്വാസിയെ കൊണ്ട്വരികയും, അവനോട് ചോദിക്കുകയും ചെയ്യും. നിനക്ക് ഭൂമി നിറയെ സ്വർണം ലഭിച്ചാൽ ഇതിൽ നിന്ന് രക്ഷപ്പെടുവാൻ നീയത് പകരമായി നൽകുമോ? അവൻ പറയും: അതെ, എന്നാൽ നീ മനുഷ്യൻെറ മുതുകിലായിരുന്നപ്പോൾ നന്നോട് ചോദിച്ചത് വളരെ നിസ്സാരമായ കാര്യമായിരുന്നു, അല്ലെങ്കിൽ വളരെ ചെറിയ ഒരു കാര്യമായിരുന്നു, എന്നിൽ പങ്ക് ചേർക്കരുത് എന്നായിരുന്നു, പക്ഷേ, നീ എന്നിൽ ശിർക്ക് ചെയ്തു” (ബുഖാരി, മുസ്‌ലിം). പ്രവാചകൻ(ﷺ) പറയുന്നു:**

( مَا مِنْكُمْ أَحَدٌ إِلاَّ سَيُكَلِّمُهُ رَبُّهُ لَيْسَ بَيْنَهُ وَبَيْنَهُ تُرْجُمَانٌ فَيَنْظُرُ أَيْمَنَ مِنْهُ فَلاَ يَرَى إِلاَّ مَا قَدَّمَ مِنْ عَمَلِهِ وَيَنْظُرُ أَشْأَمَ مِنْهُ فَلاَ يَرَى إِلاَّ مَا قَدَّمَ وَيَنْظُرُ بَيْنَ يَدَيْهِ فَلاَ يَرَى إِلاَّ النَّارَ تِلْقَاءَ وَجْهِهِ فَاتَّقُوا النَّارَ وَلَوْ بِشِقِّ تَمْرَةٍ وَلَوْ بِكَلِمَةٍ طَيِّبَةٍ) (رواه البخاري ومسلم) .

**"അല്ലാഹു നിങ്ങളിൽ എല്ലാവരോടും സംസാരിക്കും, അല്ലാഹുവിനും അവനുമിടയിൽ ഒരു പരിഭാഷകനുമുണ്ടായിരിക്കുകയില്ല, അവൻ ഇടത് ഭാഗത്തേക്ക് നോക്കും, അവിടെ അവന് അവൻ പ്രവർത്തിച്ച പ്രവർത്തനമല്ലാതെ കാണാനാവില്ല, അവൻ തന്റെ ഇടത് ഭാഗത്തേക്ക് നോക്കും അവിടെയും താൻ പ്രവർത്തിച്ചതല്ലാതെ കാണാനാവുന്നില്ല, അങ്ങിനെ അവൻ തന്റെ മുന്നിലേക്ക് നോക്കുമ്പോൾ അവന്റെ മുഖത്തിന് നേരെ നരകമല്ലാതെ കാണാനാവുന്നില്ല, അതുകൊണ്ട് നിങ്ങൾ ഒരു കാരക്ക ചീന്ത് കൊണ്ടെങ്കിലും നരകത്തെ സൂക്ഷിക്കുക, നല്ല വർത്തമാനം കൊണ്ടെങ്കിലും സൂക്ഷിക്കുക" (ബുഖാരി, മുസ്‌ലിം). പ്രവാചകൻ(ﷺ) പറയുന്നു:**

( يَدْنُو أَحَدُكُمْ مِنْ رَبِّهِ حَتَّى يَضَعَ كَنَفَهُ عَلَيْهِ فَيَقُولُ عَمِلْتَ كَذَا وَكَذَا فَيَقُولُ نَعَمْ وَيَقُولُ عَمِلْتَ كَذَا وَكَذَا فَيَقُولُ نَعَمْ فَيُقَرِّرُهُ ثُمَّ يَقُولُ إِنِّي سَتَرْتُ عَلَيْكَ فِي الدُّنْيَا فَأَنَا أَغْفِرُهَا لَكَ الْيَوْمَ ) (أخرجه البخاري)

**"ഒരു വിശ്വാസി തന്റെ രക്ഷിതാവുമായി അടുക്കുന്നു, അല്ലാഹു അദ്ദേഹത്തിന്റെ പാപങ്ങൾ മറച്ച് വെക്കുകയും പൊറുക്കുകയും ചെയ്യുന്നത് വരെ, എന്നിട്ട് ചോദിക്കും: നീ ഇന്ന ഇന്ന കാര്യം ചെയ്തില്ലേ, അദ്ദേഹം പറയും: അതെ, വീണ്ടും ചോദിക്കുന്നു: നീ ഇന്ന ഇന്ന കാര്യം ചെയ്തില്ലേ, അദ്ദേഹം പറയും: അതെ, അങ്ങിനെ അത് സ്ഥിരീകരിക്കുന്നു, പിന്നീട് അല്ലാഹു അവനോട് പറയും: ഞാൻ ആ പാപങ്ങളെല്ലാം ദുനിയാവിൽ വെച്ച് അന്യരിൽ നിന്ന് മറച്ച് വെച്ചിരുന്നു, ഇന്നേ ദിവസം ഞാനത് നിനക്ക് പൊറുത്ത് തരുന്നു" (ബുഖാരി).**



**119- ഏടുകൾ വിതരണം ചെയ്യുന്നതിന്റെ രൂപം വിശുദ്ധഖുർആനിന്റെ അടിസ്ഥാനത്തിൽ വിവരിക്കുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَكُلَّ إِنْسَانٍ أَلْزَمْنَاهُ طَائِرَهُ فِي عُنُقِهِ وَنُخْرِجُ لَهُ يَوْمَ الْقِيَامَةِ كِتَابًا يَلْقَاهُ مَنْشُورًا * اقْرَأْ كِتَابَكَ كَفَى بِنَفْسِكَ الْيَوْمَ عَلَيْكَ حَسِيبًا } (الإسراء:**13-14**)

'ഓരോ മനുഷ്യന്നും അവന്റെ ശകുനം അവന്റെ കഴുത്തിൽ തന്നെ നാം ബന്ധിച്ചിരിക്കുന്നു ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഒരു ഗ്രന്ഥം നാമവന്ന് വേണ്ടി പുറത്തെടുക്കുന്നതാണ്. അത് നിവർത്തി വെക്കപ്പെട്ടതായി അവൻ കണ്ടെത്തും. നീ നിന്റെ ഗ്രന്ഥം വായിച്ചുനോക്കുക. നിന്നെസ്സംബന്ധിച്ചിടത്തോളം കണക്ക് നോക്കാൻ ഇന്ന് നീ തന്നെ മതി. (എന്ന് അവനോട് അന്ന് പറയപ്പെടും)' (ഇസ്റാഅ്: 13-14)

{ وَإِذَا الصُّحُفُ نُشِرَتْ } (التكوير:**10**)

**'(കർമ്മങ്ങൾ രേഖപ്പെടുത്തിയ) ഏടുകൾ തുറന്നുവെക്കപ്പെടുമ്പോൾ' (തക്‌വീർ : 10).**

{وَوُضِعَ الْكِتَابُ فَتَرَى الْمُجْرِمِينَ مُشْفِقِينَ مِمَّا فِيهِ وَيَقُولُونَ يَا وَيْلَتَنَا مَالِ هَذَا الْكِتَابِ لاَ يُغَادِرُ صَغِيرَةً وَلاَ كَبِيرَةً إِلاَّ أَحْصَاهَا وَوَجَدُوا مَا عَمِلُوا حَاضِرًا وَلاَ يَظْلِمُ رَبُّكَ أَحَدًا} (الكهف:**49**)

'(കർമ്മങ്ങളുടെ) രേഖ വെക്കപ്പെടും. അപ്പോൾ കുറ്റവാളികളെ, അതിലുള്ളതിനെപ്പറ്റി ഭയവിഹ്വലരായ നിലയിൽ നിനക്ക് കാണാം. അവർ പറയും: അയ്യോ! ഞങ്ങൾക്ക് നാശം. ഇതെന്തൊരു രേഖയാണ്? ചെറുതോ വലുതോ ആയ ഒന്നും തന്നെ അത് കൃത്യമായി രേഖപ്പെടുത്താതെ വിട്ടുകളയുന്നില്ലല്ലോ! തങ്ങൾ പ്രവർത്തിച്ചതൊക്കെ (രേഖയിൽ) നിലവിലുള്ളതായി അവർ കണ്ടെത്തും. നിന്റെ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുകയില്ല' (അൽകഹ്ഫ്: 49).

{فَأَمَّا مَنْ أُوتِيَ كِتَابَهُ بِيَمِينِهِ فَيَقُولُ هَاؤُمُ اقْرَءُوا كِتَابِيَه * إِنِّي ظَنَنتُ أَنِّي مُلاَقٍ

حِسَابِيَه * فَهُوَ فِي عِيشَةٍ رَاضِيَةٍ * فِي جَنَّةٍ عَالِيَةٍ * قُطُوفُهَا دَانِيَةٌ * كُلُوا وَاشْرَبُوا هَنِيئًا بِمَا أَسْلَفْتُمْ فِي الأَيَّامِ الْخَالِيَةِ * وَأَمَّا مَنْ أُوتِيَ كِتَابَهُ بِشِمَالِهِ فَيَقُولُ يَالَيْتَنِي لَمْ أُوتَ كِتَابِيَه * وَلَمْ أَدْرِ مَا حِسَابِيَه * يَالَيْتَهَا كَانَتْ الْقَاضِيَةَ * مَا أَغْنَى عَنِّي مَالِيَه * هَلَكَ عَنِّي سُلْطَانِيَه * خُذُوهُ فَغُلُّوهُ * ثُمَّ الْجَحِيمَ صَلُّوهُ * ثُمَّ فِي سِلْسِلَةٍ ذَرْعُهَا سَبْعُونَ ذِرَاعًا فَاسْلُكُوهُ * إِنَّهُ كَانَ لاَ يُؤْمِنُ بِاللهِ الْعَظِيمِ * وَلاَ يَحُضُّ عَلَى طَعَامِ الْمِسْكِينِ * فَلَيْسَ لَهُ الْيَوْمَ هَاهُنَا حَمِيمٌ * وَلاَ طَعَامٌ إِلاَّ مِنْ غِسْلِينٍ * لاَ يَأْكُلُهُ إِلاَّ الْخَاطِئُونَ ) (الحاقة: **19 – 37**)

‘എന്നാൽ വലതുകൈയിൽ തന്റെ രേഖ നൽകപ്പെട്ടവൻ പറയും: ഇതാ എ
ന്റെ ഗ്രന്ഥം വായിച്ചു നോക്കൂ. തീർച്ചയായും ഞാൻ വിചാരിച്ചിരുന്നു.
ഞാൻ എന്റെ വിചാരണയെ നേരിടേണ്ടി വരുമെന്ന്. അതിനാൽ അവൻ
തൃപ്തികരമായ ജീവിതത്തിലാകുന്നു. ഉന്നതമായ സ്വർഗത്തിൽ. അവയി
ലെ പഴങ്ങൾ അടുത്തു വരുന്നവയാകുന്നു. കഴിഞ്ഞുപോയ ദിവസങ്ങളി
ൽ നിങ്ങൾ മുൻകൂട്ടി ചെയ്തതിന്റെ ഫലമായി നിങ്ങൾ ആനന്ദത്തോടെ
തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. (എന്ന് അവരോട് പറയ
പ്പെടും.) എന്നാൽ ഇടതു കയ്യിൽ ഗ്രന്ഥം നൽകപ്പെട്ടവനാകട്ടെ ഇപ്രകാരം
പറയുന്നതാണ്. ഹാ! എന്റെ ഗ്രന്ഥം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ,
എന്റെ വിചാരണ എന്താണെന്ന് ഞാൻ അറിയാതിരുന്നെങ്കിൽ (എത്ര ന
ന്നായിരുന്നു.) അത് (മരണം) എല്ലാം അവസാ നിപ്പിക്കുന്നതായിരുന്നെങ്കി
ൽ (എത്ര നന്നായിരുന്നു!) എന്റെ ധനം എനിക്ക് പ്രയോജനപ്പെട്ടില്ല. എ
ന്റെ അധികാരം എന്നിൽ നിന്ന് നഷ്ടപ്പെട്ടു പോയി. (അപ്പോൾ ഇപ്രകാരം
കൽപനയുണ്ടാകും:) നിങ്ങൾ അവനെ പിടിച്ച് ബന്ധനത്തിലിടൂ. പിന്നെ
അവനെ നിങ്ങൾ ജ്വലിക്കുന്ന നരകത്തിൽ പ്രവേശിപ്പിക്കൂ. പിന്നെ, എഴു
പത് മുഴം നീളമുള്ള ഒരു ചങ്ങലയിൽ അവനെ നിങ്ങൾ പ്രവേശിപ്പിക്കൂ.
തീർച്ചയായും അവൻ മഹാനായ അല്ലാഹുവിൽ വിശ്വസിച്ചിരുന്നില്ല. സാ
ധുവിന് ഭക്ഷണം കൊടുക്കുവാൻ അവൻ പ്രോത്സാഹിപ്പിച്ചിരുന്നുമില്ല.
അതിനാൽ ഇന്ന് ഇവിടെ അവന്ന് ഒരു ഉറ്റബന്ധുവുമില്ല. ദുർനീരുകൾ ഒലി



ച്ചു കൂടിയതിൽ നിന്നല്ലാതെ മറ്റു ആഹാരവുമില്ല. തെറ്റുകാരല്ലാതെ അതു
ഭക്ഷിക്കുകയില്ല’ (ഹാഖ്വഃ :19 –37).

{ فَأَمَّا مَنْ أُوتِيَ كِتَابَهُ بِيَمِينِهِ } (الإنشقاق:**7**)

‘എന്നാൽ (പരലോകത്ത്) ഏതൊരുവന്ന് തന്റെ രേഖ വലതുകൈയ്യിൽ ന
ൽകപ്പെട്ടുവോ’ (ഇൻശിഖാഖ്:7)

{ وَأَمَّا مَنْ أُوتِيَ كِتَابَهُ وَرَاءَ ظَهْرِهِ } (الإنشقاق:**10**)

‘എന്നാൽ ഏതൊരുവന് തന്റെ രേഖ അവന്റെ മുതുകിന്റെ പിന്നിലൂടെ
കൊടുക്കപ്പെട്ടുവോ’ (ഇൻശിഖാഖ്:10)

**ഈ ആയത്ത് സൂചിപ്പിക്കുന്നത് ആർക്കാണോ വലത് കൈയ്യിൽ
ഏടുകൾ നൽകുന്നത് അവന്ന് മുൻഭാഗത്തിലൂടെയും, ആർക്കാണോ ഇട
ത് കൈയ്യിൽ ഏടുകൾ നൽകുന്നത് അവന് പിൻഭാഗത്തിലൂടെയുമാണ്
നൽകുക. അല്ലാഹുവിനോട് ശരണം ചോദിക്കുന്നു.**

**120- ഇതിന് തിരുസുന്നത്തിൽ നിന്ന് തെളിവ് പറയുക?**

**ഉത്തരം: ഈ വിഷയത്തിൽ ധാരാളം ഹദീസുകൾ ഉണ്ട്. അതിൽ പെട്ടതാ
ണ് താഴെ കൊടുക്കുന്നത്. പ്രവാചകൻ(ﷺ) പറയുന്നു:**

( يُدْنَى الْمُؤْمِنُ مِنْ رَبِّهِ حَتَّى يَضَعَ عَلَيْهِ كَنَفَهُ فَيُقَرِّرُهُ بِذُنُوبِهِ تَعْرِفُ ذَنْبَ كَذَا؟ يَقُولُ: أَعْرِفُ يَقُولُ رَبِّ أَعْرِفُ (مَرَّتَيْنِ) فَيَقُولُ: سَتَرْتُهَا فِي الدُّنْيَا وَأَغْفِرُهَا لَكَ الْيَوْمَ، ثُمَّ تُطْوَى صَحِيفَةُ حَسَنَاتِهِ، وَأَمَّا الآخَرُونَ أَوِ الْكُفَّارُ فَيُنَادَى عَلَى رُءُوسِ الأَشْهَادِ ( هَؤُلاَءِ الَّذِينَ كَذَبُوا عَلَى رَبِّهِمْ أَلاَ لَعْنَةُ اللهِ عَلَى الظَّالِمِينَ ) (هود:**18**)

وَقَالَتْ عَائِشَةَ -رضي الله عنها-: يَا رَسُولَ اللهِ هَلْ يَذْكُرُ الْحَبِيبُ حَبِيبَهُ يَوْمَ الْقِيَامَةِ قَالَ: يَا عَائِشَةُ أَمَّا عِنْدَ ثَلاَثٍ فَلاَ أَمَّا عِنْدَ الْمِيزَانِ حَتَّى يَثْقُلَ أَوْ يَخِفَّ فَلاَ وَأَمَّا عِنْدَ تَطَايُرِ الْكُتُبِ، فَإِمَّا أَنْ يُعْطَى بِيَمِينِهِ أَوْ يُعْطَى بِشِمَالِهِ فَلاَ وَحِينَ يَخْرُجُ

عُنُقٌ مِنَ النَّارِ ...) ( حسن ) رواه أحمد ( **6** / **110** ) ، واللفظ له ، وفي سنده ابن لهيعة ، وقال الهيثمي في المجمع : قلت عند أبي داود طرف منه – رواه أحمد وفيه ابن لهيعة وهو ضعيف ، وقد وثق وبقية رجاله رجال الصحيح ، وقال الزبيدي بعد سرد الحديث : إسناده ثقات سوى ابن لهيعة . ا هـ ( إتحاف **10** / **473** ) ، ورواه أبو داود ( **4755** ) ، والحاكم ( **4** / **578** ) ، قال العراقي : رواه أبو داود من رواية الحسن عنها ، ثم قال : وإسناده جيد . ا هـ ( إتحاف **10** / **473** ) ، وقال الحاكم : هذا حديث صحيح إسناده على شرط الشيخين لولا إرسال فيه بين الحسن وعائشة ، على أنه قد صحت الروايات أن الحسن كان يدخل وهو صبي منزل عائشة رضي الله عنها وأم سلمة ، ووافقه على ما قال الذهبي . وقد سكت عنه الإمام أبو داود ، وضعفه الألباني ، وسكت عنه المزي .

**“സത്യവിശ്വാസികൾ തൻെറ രക്ഷിതാവിലേക്ക് അടുക്കുന്നു, അല്ലാഹു അദ്ദേഹത്തിൻെറ പാപങ്ങൾ മറച്ച്‌വെക്കുകയും പൊറുക്കുകയും ചെയ്യുന്നത് വരെ, അങ്ങിനെ അവൻെറ പാപങ്ങൾ അവന് വ്യക്തമാക്കി കൊടുത്തുകൊണ്ട് ചോദിക്കുന്നു, ഈ പാപം നീ തിരിച്ചറിയുന്നുണ്ടോ? അവൻ പറയും: രക്ഷിതാവെ എനിക്കറിയാം, രക്ഷിതാവെ എനിക്കറിയാം എന്ന് രണ്ട് പ്രാവശ്യം പറയുന്നു, അപ്പോൾ അല്ലാഹു പറയുന്നു: ദുൻയാവിൽ വെച്ച് ഞാനത് ജനങ്ങളിൽ നിന്ന് മറച്ചിരുന്നു, ഇന്നേ ദിവസം ഞാനത് നിനക്ക് പൊറുത്ത് തരുകയും ചെയ്യുന്നു, പിന്നെ അദ്ദേഹത്തിൻെറ നന്മയുടെ ഏടുകൾ ചുരുട്ടി വെക്കുന്നു, എന്നാൽ മറ്റുള്ളവരും, അവിശ്വാസികളും ആയവരോട് വിളിച്ച് പറയപ്പെടും:**

**‘ഇവരാകുന്നു തങ്ങളുടെ രക്ഷിതാവിന്റെ പേരിൽ കള്ളം പറഞ്ഞവർ, ശ്രദ്ധിക്കുക: അല്ലാഹുവിന്റെ ശാപം ആ അക്രമികളുടെ മേലുണ്ടായിരിക്കും’ (ഹൂദ്:18).**



**ആയിശാ(رضي الله عنها) പറയുന്നു: അല്ലയോ പ്രവാചകരെ, ഒരു കൂട്ടുകാരൻ തൻെറ കൂട്ടുകാരനെ അവസാന നാളിൽ ഓർക്കുമോ? തിരുമേനി(ﷺ) പറയുകയുണ്ടായി: “ആയിശാ, മൂന്ന് സന്ദർഭത്തിൽ ഇല്ല. എന്നാൽ തുലാസിൽ ഘനം തൂങ്ങുമ്പോൾ ഓർക്കും, എന്നാൽ കനം കുറയുമ്പോൾ ഇല്ല, അതുപോലെ ഗ്രന്ഥങ്ങൾ കൈമാറുമ്പോൾ വലത് കയ്യിൽ ലഭിച്ചാൽ ഓർക്കും എന്നാൽ ഇടത് കയ്യിൽ ലഭിക്കുമ്പോൾ ഓർക്കുകയില്ല, അതുപോലെ നരകത്തിൽ നിന്ന് പുറത്ത് വരുമ്പോഴും ... ” (അഹ്മദ്, ഹസനായ ഹദീസ്, പല പണ്ഡിതന്മാരും ഈ ഹദീസ് ദുർബ്ബലമാണെന്ന് പറഞ്ഞിട്ടുണ്ട്).**

**121- പരലോകത്തെ തുലാസിന് വിശുദ്ധഖുർആനിൽ നിന്ന് തെളിവ് പറയുക? എങ്ങിനെയാണ് പ്രവർത്തനങ്ങൾ തൂക്കി കണക്കാക്കുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَنَضَعُ الْمَوَازِينَ الْقِسْطَ لِيَوْمِ الْقِيَامَةِ فَلاَ تُظْلَمُ نَفْسٌ شَيْئًا وَإِنْ كَانَ مِثْقَالَ حَبَّةٍ مِنْ خَرْدَلٍ أَتَيْنَا بِهَا وَكَفَى بِنَا حَاسِبِينَ } (الأنبياء:**47**)

‘ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നീതിപൂർണ്ണമായ തുലാസുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളോടും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല. അത് (കർമ്മം) ഒരു കടുക് മണിത്തൂക്കമുള്ളതാണെങ്കിലും നാമത് കൊണ്ട് വരുന്നതാണ്. കണക്ക് നോക്കുവാൻ നാം തന്നെ മതി’ (അൻബിയാ: 47).

{وَالْوَزْنُ يَوْمَئِذٍ الْحَقُّ فَمَنْ ثَقُلَتْ مَوَازِينُهُ فَأُولَئِكَ هُمُ الْمُفْلِحُونَ * وَمَنْ خَفَّتْ مَوَازِينُهُ فَأُولَئِكَ الَّذِينَ خَسِرُوا أَنْفُسَهُمْ بِمَا كَانُوا بِآيَاتِنَا يَظْلِمُونَ}(الأعراف:**8-9**)

‘അന്നത്തെ ദിവസം (കർമ്മങ്ങൾ) തൂക്കികണക്കാക്കുന്നത് സത്യമായിരിക്കും. അപ്പോൾ ആരുടെ തുലാസുകൾ ഘനം തൂങ്ങിയോ അവരാണ് വിജയികൾ. ആരുടെ തുലാസുകൾ ഘനം കുറഞ്ഞുവോ അവരാണ് ആത്മ നഷ്ടം നേരിട്ടവർ. നമ്മുടെ ദൃഷ്ടാന്തങ്ങളുടെ നേരെ അവർ അന്യായം കൈക്കൊണ്ടിരുന്നതിന്റെ ഫലമത്രെ അത്’ (അഅ്റാഫ്: 8–9).

അവിശ്വാസികളെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

{ فَلاَ نُقِيمُ لَهُمْ يَوْمَ الْقِيَامَةِ وَزْنًا } (الكهف:105)

'അതിനാൽ നാം അവർക്ക് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ യാതൊരു തൂക്കവും (സ്ഥാനവും) നിലനിർത്തുകയില്ല' (അൽകഅ്ഫ്:105).

**122- ഇതിന് പ്രവാചക സുന്നത്തിൽ നിന്നുള്ള തെളിവ് പറയുകയും, അതിൻെറ വിശേഷണങ്ങൾ പറയുകയും ചെയ്യുക?**

**ഉത്തരം: ഈ വിഷയത്തിൽ ഒട്ടനവധി ഹദീസുകൾ കാണാവുന്നതാണ്. അതിൽ പെട്ടതാണ് രണ്ട് സാക്ഷ്യവചനങ്ങൾ രേഖപ്പെടുത്തിയ കാർഡിനെ സംബന്ധിച്ച് വിശദീകരിച്ച ഹദീസ്. ആ കാർഡ് കണ്ണെത്താ ദൂരമുള്ള ഏടുകളിലെ എഴുപത് ഏടുകളെ മറികടക്കുന്നതാണ്. അതിൽ പെട്ട ഒരു ഹദീസാണ് താഴെ വരുന്നത്.**

**പ്രവാചകൻ(ﷺ) ഇബ്നു മസ്ഊദ്(ﷺ) അറാഖ് എടുത്ത സന്ദർഭത്തിൽ പറയുന്നു:**

( فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مِمَّ تَضْحَكُونَ قَالُوا يَا نَبِيَّ اللَّهِ مِنْ دِقَّةِ سَاقَيْهِ فَقَالَ وَالَّذِي نَفْسِي بِيَدِهِ لَهُمَا أَثْقَلُ فِي الْمِيزَانِ مِنْ أُحُدٍ ) ( صحيح ) رواه أحمد ( 2 / 213 )

**പ്രവാചകൻ(ﷺ) അവരോട് ചോദിച്ചു: എന്തിനാണ് നിങ്ങൾ ചിരിക്കുന്നത്? അവർ പറഞ്ഞു: അല്ലാഹുവിൻെറ ദൂതരെ, അദ്ദേഹത്തിൻെറ മെലിഞ്ഞ കാൽ കണ്ടിട്ടാണ്, അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: "എൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, തുലാസിൽ ആ മെലിഞ്ഞ കാലുകൾക്ക് ഉഹ്ദ് മലയേക്കാൾ തൂക്കമുണ്ടായിരിക്കുന്നതാണ്" (അഹ്മദ്)**

**തിരുമേനി(ﷺ) വീണ്ടും പറയുന്നു:**

( إِنَّهُ لَيَأْتِي الرَّجُلُ الْعَظِيمُ السَّمِينُ يَوْمَ الْقِيَامَةِ لاَ يَزِنُ عِنْدَ اللَّهِ جَنَاحَ بَعُوضَةٍ ،وَقَالَ: اقْرَءُوا ( فَلاَ نُقِيمُ لَهُمْ يَوْمَ الْقِيَامَةِ وَزْنًا ) (الكهف:105) رواه البخاري



( 4729 ) ، ومسلم ( الجنة والنار / 18 ) .

**"നല്ല വണ്ണം തടിയുള്ള ഒരു വലിയ മനുഷ്യൻ വരുന്നതാണ് അവസാന നാളിൽ, എന്നാൽ തുലാസിൽ ഒരു കൊതുകിൻെറ ചിറകിൻെറ ഭാരം പോലും അവനുണ്ടായിരിക്കുകയില്ല. എന്നിട്ട് പറഞ്ഞു: നിങ്ങൾ ഈ ആയത്ത് ഓതുക:**

'അതിനാൽ നാം അവർക്ക് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ യാതൊരു തൂക്കവും (സ്ഥാനവും) നിലനിർത്തുകയില്ല' (അൽകഹ്ഫ്: 105).

**(ബുഖാരി, മുസ്‌ലിം).**

**123- സ്വിറാത്ത് -പാലം- ഉണ്ടെന്നതിന് വിശുദ്ധഖുർആനിൽ നിന്ന് തെളിവ് പറയുക**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَإِنْ مِنْكُمْ إِلاَّ وَارِدُهَا كَانَ عَلَى رَبِّكَ حَتْمًا مَقْضِيًّا * ثُمَّ نُنَجِّي الَّذِينَ اتَّقَوْا وَنَذَرُ الظَّالِمِينَ فِيهَا جِثِيًّا } (مريم:71-72)

'അതിനടുത്ത് (നരകത്തിനടുത്ത്) വരാത്തവരായി നിങ്ങളിൽ ആരും തന്നെയില്ല. നിന്റെ രക്ഷിതാവിന്റെ ഖണ്ഡിതവും നടപ്പിലാക്കപ്പെടുന്നതുമായ ഒരു തീരുമാനമാകുന്നു അത്. പിന്നീട് ധർമ്മനിഷ്ഠ പാലിച്ചവരെ നാം രക്ഷപ്പെടുത്തുകയും, അക്രമികളെ മുട്ടുകുത്തിയവരായിക്കൊണ്ട് നാം അതിൽ വിട്ടേക്കുകയും ചെയ്യുന്നതാണ്' (മർയം: 71 -72).

{ يَوْمَ تَرَى الْمُؤْمِنِينَ وَالْمُؤْمِنَاتِ يَسْعَى نُورُهُمْ بَيْنَ أَيْدِيهِمْ وَبِأَيْمَانِهِمْ } (الحديد:12)

'സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും,അവരുടെ പ്രകാശം അവരുടെ മുൻഭാഗങ്ങളിലൂടെയും വലതുഭാഗങ്ങളിലൂടെയും സഞ്ചരിക്കുന്ന നിലയിൽ നീ കാണുന്ന ദിവസം!' (ഹദീദ്:12)

**124- സ്വിറാത്തിനും, അതിൻെറ വിശേഷണത്തിനുമുള്ള തെളിവുകൾ സുന്നത്തിൽ നിന്ന് പറയുക?**

**ഉത്തരം: ഒരുപാട് ഹദീസുകൾ നമുക്ക് കാണാം. അതിൽപെട്ടതാണ് ശഫാ**

**അത്തിൻെറ ഹദീസ്: പ്രവാചകൻ(ﷺ) പറയുന്നു:**

(يُؤْتَى بِالْجَسْرِ فَيُجْعَلُ بَيْنَ ظَهْرَيْ جَهَنَّمَ) قُلْنَا يَا رَسُولَ اللهِ وَمَا الْجَسْرُ قَالَ: مَدْحَضَةٌ مَزِلَّةٌ عَلَيْهِ خَطَاطِيفُ وَكَلَالِيبُ وَحَسَكَةٌ مُفَلْطَحَةٌ لَهَا شَوْكَةٌ عُقَيْفَاءُ تَكُونُ بِنَجْدٍ يُقَالُ لَهَا السَّعْدَانُ الْمُؤْمِنُ عَلَيْهَا كَالطَّرْفِ وَكَالْبَرْقِ وَكَالرِّيحِ وَكَأَجَاوِيدِ الْخَيْلِ وَالرِّكَابِ فَنَاجٍ مُسَلَّمٌ وَنَاجٍ مَخْدُوشٌ وَمَكْدُوسٌ فِي نَارِ جَهَنَّمَ حَتَّى يَمُرَّ آخِرُهُمْ يُسْحَبُ سَحْبًا ) رواه البخاري ( **7439** ) ، ومسلم ( الإيمان / **302** )

**"അങ്ങിനെ പാലം കൊണ്ട് വരപ്പെടും, അത് നരകത്തിന് മുകളിൽ നാട്ടുകയും ചെയ്യും. അപ്പോൾ ഞങ്ങൾ ചോദിച്ചു: പ്രവാചകരെ, എന്താണ് പാലം ? തിരുമേനി(ﷺ) പറയുകയുണ്ടായി: കാലുകൾ ഉറക്കാത്തത്രയും മിനുസമുള്ളതും, വഴുക്കുന്നതുമാണ്, അതിന്മേൽ കൊളുത്തുകളും, ഉറപ്പ് കൂടിയ മുള്ളുകളും, അതുപോലെ നല്ല നേർത്ത മുള്ളുകളും ഉണ്ട്, അതുപോലെ നജ്ദിലെ ഹുബൈഫാഅ് മുള്ളുകളുമുണ്ട്, അതിന് സഅ്ദാൻ എന്ന് പറയുന്നു. അങ്ങിനെ അതിലൂടെ സത്യവിശ്വാസി കണ്ണിമ വെട്ടുന്ന വേഗതയിലും, മിന്നൽ വേഗതയിലും, കാറ്റിൻെറ വേഗതയിലും, കുതിര വേഗതയിലും, വാഹനത്തിൻെറ വേഗതയിലും കടന്ന്പോകുന്നു, അങ്ങിനെ രക്ഷപ്പെട്ട് കൊണ്ട് പോകുന്നവരും, അതുപോലെ നരകത്തിലെ മുള്ളുകളിൽ കൊളുത്തിലും വലിക്കുന്നതിലും പെട്ട് രക്ഷപ്പെടുന്നവരും ഉണ്ട്. അങ്ങിനെ അവസാനത്തവൻ ഒരു വലി വലിക്കപ്പെട്ട്കൊണ്ട് കടന്ന്പോകുന്നതുമായിരിക്കും" (ബുഖാരി, മുസ്ലിം).**

**അബൂ സഈദ്(رضي الله عنه) പറയുന്നു: "പാലം മുടിയേക്കാൾ നേർത്തതും,വാളിനേക്കാൾ മൂർച്ചയുള്ളതാണെന്നും എനിക്ക് എത്തിയിട്ടുണ്ട്".**

**125- പരലോകത്ത് പ്രതിക്രിയ നടപ്പിലാക്കും എന്നതിന് ഖുർആനിൽ നിന്ന് തെളിവ് പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**



{ إِنَّ اللهَ لاَ يَظْلِمُ مِثْقَالَ ذَرَّةٍ وَإِنْ تَكُ حَسَنَةً يُضَاعِفْهَا وَيُؤْتِ مِنْ لَدُنْهُ أَجْرًا عَظِيمًا } (النساء:**40**)

'തീർച്ചയായും അല്ലാഹു ഒരു അണുവോളം അനീതി കാണിക്കുകയില്ല. വല്ല നൻമയുമാണുള്ളതെങ്കിൽ അതവൻ ഇരട്ടിച്ച് കൊടുക്കുകയും, അവന്റെ പക്കൽ നിന്നുള്ള വമ്പിച്ച പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്' (നിസാഅ്:40).

{ الْيَوْمَ تُجْزَى كُلُّ نَفْسٍ بِمَا كَسَبَتْ لاَ ظُلْمَ الْيَوْمَ إِنَّ اللهَ سَرِيعُ الْحِسَابِ * وَأَنْذِرْهُمْ يَوْمَ الْآزِفَةِ إِذْ الْقُلُوبُ لَدَى الْحَنَاجِرِ كَاظِمِينَ مَا لِلظَّالِمِينَ مِنْ حَمِيمٍ وَلاَ شَفِيعٍ يُطَاعُ * يَعْلَمُ خَائِنَةَ الأَعْيُنِ وَمَا تُخْفِي الصُّدُورُ * وَاللهُ يَقْضِي بِالْحَقِّ وَالَّذِينَ يَدْعُونَ مِنْ دُونِهِ لاَ يَقْضُونَ بِشَيْءٍ إِنَّ اللهَ هُوَ السَّمِيعُ الْبَصِيرُ} (غافر: **17-20**)

'ഈ ദിവസം ഓരോ വ്യക്തിക്കും താൻ സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകപ്പെടും. ഈ ദിവസം അനീതിയില്ല. തീർച്ചയായും അല്ലാഹു അതിവേഗം കണക്കു നോക്കുന്നവനാകുന്നു. ആസന്നമായ ആ സംഭവത്തിന്റെ ദിവസത്തെപ്പറ്റി നീ അവർക്ക് മുന്നറിയിപ്പു നൽകുക. അതായത് ഹൃദയങ്ങൾ തൊണ്ടക്കുഴികളുടെ അടുത്തെത്തുന്ന, അവർ ശ്വാസമടക്കിപ്പിടിച്ചവരായിരിക്കുന്ന സന്ദർഭം. അക്രമകാരികൾക്ക് ഉറ്റബന്ധുവായോ സ്വീകാര്യനായ ശുപാർശകനായോ ആരും തന്നെയില്ല. കണ്ണുകളുടെ കള്ളനോട്ടവും, ഹൃദയങ്ങൾ മറച്ച് വെക്കുന്നതും അവൻ (അല്ലാഹു) അറിയുന്നു. അല്ലാഹു സത്യപ്രകാരം തീർപ്പുകൽപിക്കുന്നു. അവന്ന് പുറമെ അവർ വിളിച്ച് പ്രാർത്ഥിക്കുന്നവരാകട്ടെ യാതൊന്നിലും തീർപ്പുകൽപിക്കുകയില്ല. തീർച്ചയായും അല്ലാഹു തന്നെയാകുന്നു എല്ലാം കേൾക്കുന്നവനും കണ്ടറിയുന്നവനും' (മുഅ്മിൻ: 17– 20).

{ وَقُضِيَ بَيْنَهُمْ بِالْحَقِّ وَهُمْ لاَ يُظْلَمُونَ } (الزمر:**69**)

'ജനങ്ങൾക്കിടയിൽ സത്യപ്രകാരം വിധിക്കപ്പെടുകയും ചെയ്യും.അവരോട് അനീതി കാണിക്കപ്പെടുകയില്ല' (സുമർ: 69).

**126- പരലോകത്ത് പ്രതിക്രിയ നടപ്പിലാക്കും എന്നതിന് പ്രവാചക**

ചര്യയിൽ നിന്ന് തെളിവും, അതിൻെറ വിശേഷണവും പറയുക?

ഉത്തരം: ധാരാളം ഹദീസുകളുണ്ട്. അവയിൽ പെട്ടതാണ് താഴെ വരുന്ന ഹദീസ്. പ്രവാചകൻ(ﷺ) പറയുന്നു:

(أَوَّلُ مَا يُقْضَى بَيْنَ النَّاسِ فِي الدِّمَاءِ)رواه البخاري( 6864 )،ومسلم(القسامة/ 28 ) .

“ജനങ്ങൾക്കിടയിൽ ആദ്യം തീർപ്പ് കൽപിക്കുന്നത് രക്തത്തിൻെറ കാര്യത്തിലാകുന്നു” (ബുഖാരി, മുസ്‌ലിം). തിരുമേനി(ﷺ) വീണ്ടും പറയുന്നു:

( مَنْ كَانَتْ عِنْدَهُ مَظْلِمَةٌ لأَخِيهِ فَلْيَتَحَلَّلْهُ مِنْهُ الْيَوْمَ فَإِنَّهُ لَيْسَ ثَمَّ دِينَارٌ وَلاَ دِرْهَمٌ مِنْ قَبْلِ أَنْ يُؤْخَذَ لأَخِيهِ مِنْ حَسَنَاتِهِ فَإِنْ لَمْ يَكُنْ لَهُ حَسَنَاتٌ أُخِذَ مِنْ سَيِّئَاتِ أَخِيهِ فَطُرِحَتْ عَلَيْهِ ) رواه البخاري ( 6534 ، 2449 )

“ആർക്കെങ്കിലും തൻെറ സഹോദരനോട് വല്ല അക്രമവും ചെയ്തതുണ്ടെങ്കിൽ അതിനവൻ വിട്ട്വീഴ്ച ചോദിച്ച് ഇന്നേ ദിവസം അത് തീർക്കട്ടെ, ദീനാറുകളും ദിർഹമുകളും ഉപകാരപ്പെടാത്ത ദിവസം തൻെറ നന്മ തൻെറ സഹോദരന് നൽകുന്നതിന് മുമ്പ് അത് തീർക്കണം, അവന് നന്മയില്ലെങ്കിൽ സഹോദരൻെറ തിന്മ അവനിലേക്ക് ചേർക്കുന്നതാണ്, അങ്ങിനെ അവൻ നരകത്തിലേക്ക് വലിച്ചെറിയുകയും ചെയ്യുന്നതാണ്”(ബുഖാരി)

പ്രവാചകൻ(ﷺ) പറയുന്നു:

( يَخْلُصُ الْمُؤْمِنُونَ مِنَ النَّارِ فَيُحْبَسُونَ عَلَى قَنْطَرَةٍ بَيْنَ الْجَنَّةِ وَالنَّارِ فَيُقَصُّ لِبَعْضِهِمْ مِنْ بَعْضٍ مَظَالِمُ كَانَتْ بَيْنَهُمْ فِي الدُّنْيَا حَتَّى إِذَا هُذِّبُوا وَنُقُّوا أُذِنَ لَهُمْ فِي دُخُولِ الْجَنَّةِ ) رواه البخاري ( 6535 ) .

“സത്യവിശ്വാസികൾ നരകത്തിൽ നിന്ന് രക്ഷപ്പെട്ടാൽ, നരകത്തിൻെറയും സ്വർഗത്തിൻെറയും ഇടക്കുള്ള ഖനത്വറ എന്ന് പറയുന്ന സ്ഥലത്ത് വെച്ച് തടഞ്ഞ് നിറുത്തുന്നതാണ്, എന്നിട്ട് ഇഹലോകത്ത് വെച്ച് ആരെയെങ്കിലും അക്രമിച്ചിട്ടുണ്ടെങ്കിൽ അതിന് പ്രതിക്രിയ ചെയ്യുന്നതാണ്, അങ്ങിനെ അവർ ശുദ്ധീകരിക്കപ്പെടുകയും, സംസ്കരിക്കപ്പെടുകയും ചെയ്ത് കഴിഞ്ഞാൽ അവർക്ക് സ്വർഗത്തിൽ പ്രവേശിക്കുവാനുള്ള അനുവാദം ലഭിക്കുന്നതാ



ണ്” (ബുഖാരി).

127- വിശുദ്ധഖുർആനിൽ നിന്ന് ‘ഹൗളിന്’ തെളിവ് പറയുക?

ഉത്തരം: { إِنَّا أَعْطَيْنَاكَ الْكَوْثَرَ } (الكوثر:1)

“തീർച്ചയായും നിനക്ക് നാം കൗഥർ നൽകിയിരിക്കുന്നു” (കൗഥർ:1)

128- ‘ഹൗളിന്’ പ്രവാചക സുന്നത്തിൽ നിന്ന് തെളിവും, അതിൻെറ വിശേഷണവും പറയുക?

ഉത്തരം: ധാരാളം ഹദീസുകളുണ്ട്. ഇത് മുതവാതിറിൻെറ പരിധിയിൽ വരെയെത്തിയിട്ടുണ്ട്. അതിൽപെട്ടതാണ്: പ്രവാചക തിരുമേനി(ﷺ) പറയുന്നു:

( أَنَا فَرَطُكُمْ عَلَى الْحَوْضِ) رواه البخاري ( 6575 ، 6576 ، 6573 ) ، ومسلم ( الفضائل / 25 ، 26 ، 32 ) .

“ഞാൻ ഹൗളിൻെറയടുത്തേക്ക് മുന്നിട്ട് വരുന്നതാണ്” (ബുഖാരി, മുസ്‌ലിം). റസൂലുല്ലാഹ്(ﷺ) വീണ്ടും നമ്മോട് പറയുന്നു:

( إِنِّي فَرَطٌ لَكُمْ وَأَنَا شَهِيدٌ عَلَيْكُمْ وَإِنِّي وَاللَّهِ لأَنْظُرُ إِلَى حَوْضِي الْآنَ ...) رواه البخاري ( 1344 ، 4085 ) .

“ഞാൻ നിങ്ങളിലേക്ക് മുന്നിട്ട് വരും, ഞാൻ നിങ്ങൾക്ക് സാക്ഷിയുമാണ്, അല്ലാഹു തന്നെയാണ് സത്യം, എൻെറ ഹൗളിലേക്ക് ഞാൻ ഇപ്പോൾ നോക്കി കൊണ്ടിരിക്കുന്നു” (ബുഖാരി).

തിരുമേനി(ﷺ) പറയുന്നു:

( حَوْضِي مَسِيرَةُ شَهْرٍ مَاؤُهُ أَبْيَضُ مِنَ اللَّبَنِ وَرِيحُهُ أَطْيَبُ مِنَ الْمِسْكِ وَكِيزَانُهُ كَنُجُومِ السَّمَاءِ مَنْ شَرِبَ مِنْهَا فَلاَ يَظْمَأُ أَبَدًا) رواه البخاري ( 6579 ) ، ومسلم ( الفضائل / 27 )

“എൻെറ ഹൗള് ഒരുമാസത്തെ വഴി ദൂരമാണ്, അതിലെ വെള്ളം പാലിനേ

ക്കാൾ വെളുത്തതും, അതിൻെറ വാസന കസ്തൂരിയേക്കാൾ സുഗന്ധമുള്ളതും, അതിലുള്ള കപ്പുകൾ ആകാശത്തിലെ നക്ഷത്രങ്ങളുടെയത്രയും വരുന്നതാണ്, ആരെങ്കിലും അതിൽ നിന്ന് ഒരിക്കൽ കുടിച്ചാൽ പിന്നീടൊരിക്കലും അവന് ദാഹിക്കില്ല" (ബുഖാരി,മുസ്‌ലിം). തിരുമേനി(ﷺ) വീണ്ടും പറയുന്നു:

(أَتَيْتُ عَلَى نَهَرٍ حَافَتَاهُ قِبَابُ اللُّؤْلُؤِ مُجَوَّفًا فَقُلْتُ: مَا هَذَا يَا جِبْرِيلُ قَالَ هَذَا الْكَوْثَرُ) رواه البخاري ( 4964 ، 6581 )

"ഞാൻ ഒരു പുഴയുടെ അരികിലേക്ക് നയിക്കപ്പെട്ടു, അതിൻെറ അരികിൽ നല്ല പവിഴം കൊണ്ടുള്ള ടെൻറുകളുണ്ട്, അപ്പോൾ ഞാൻ ചോദിച്ചു: ജിബ്‌രീലേ ഇതെന്താണ്? അദ്ദേഹം പറഞ്ഞു: ഇതാണ് കൗഥർ" (ബുഖാരി)

**129- സ്വർഗത്തിലും, നരകത്തിലും വിശ്വസിക്കണമെന്നതിന് തെളിവ് പറയുക?**

ഉത്തരം: അല്ലാഹു പറയുന്നു:

{ فَاتَّقُوا النَّارَ الَّتِي وَقُودُهَا النَّاسُ وَالْحِجَارَةُ أُعِدَّتْ لِلْكَافِرِينَ * وَبَشِّرِ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ أَنَّ لَهُمْ جَنَّاتٍ تَجْرِي مِنْ تَحْتِهَا الأَنْهَارُ } (البقرة:24-25 )

'മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കി വെക്കപ്പെട്ടതാകുന്നു അത്. (നബിയേ,) വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് താഴ്ഭാഗത്ത് കൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ ലഭിക്കുവാനുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കുക' (അൽബഖറ:24–25).

ഇതുപോലെ ഒട്ടനവധി ആയത്തുകളുണ്ട്. പ്രവാചകൻ(ﷺ) രാത്രി നമസ്കാരത്തിൽ പ്രാർത്ഥിക്കുന്നു:

( اللَّهُمَّ لَكَ الْحَمْدُ أَنْتَ نُورُ السَّمَوَاتِ وَالأَرْضِ وَمَنْ فِيهِنَّ وَلَكَ الْحَمْدُ أَنْتَ قَيِّمُ السَّمَوَاتِ وَالأَرْضِ وَمَنْ فِيهِنَّ وَلَكَ الْحَمْدُ أَنْتَ الْحَقُّ وَوَعْدُكَ حَقٌّ وَقَوْلُكَ حَقٌّ



وَلِقَاؤُكَ حَقٌّ وَالْجَنَّةُ حَقٌّ وَالنَّارُ حَقٌّ وَالسَّاعَةُ حَقٌّ ...) (رواه البخاري ( 1120 ) ، ومسلم ( مسافرين / 199 ) .

"അല്ലാഹുവെ നിനക്കാണ് സ്തുതി, ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിൻെറയും പ്രകാശം നീയാണ്, നിനക്കാണ് സ്തുതി, ആകാശങ്ങളെയും ഭൂമിയേയും അവയ്ക്കിടയിലുള്ളതിനെയും നിയന്ത്രിക്കുന്നത് നീയാണ്, നിനക്കാണ് സ്തുതി, നീയാണ് സത്യം, നിൻെറ കരാർ സത്യമാണ്, നിൻെറ വാക്കുകൾ സത്യമാണ്, നിന്നെ കണ്ട്മുട്ടുമെന്നത് സത്യമാണ്, സ്വർഗം സത്യമാണ്, നരകം സത്യമാണ്, അവസാന നാൾ സത്യമാണ്... " (ബുഖാരി, മുസ്‌ലിം). തിരുമേനി വീണ്ടും പറയുന്നു:

( مَنْ شَهِدَ أَنْ لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ وَأَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ وَأَنَّ عِيسَى عَبْدُ اللهِ وَرَسُولُهُ وَكَلِمَتُهُ أَلْقَاهَا إِلَى مَرْيَمَ وَرُوحٌ مِنْهُ وَالْجَنَّةُ حَقٌّ وَالنَّارُ حَقٌّ أَدْخَلَهُ اللهُ الْجَنَّةَ عَلَى مَا كَانَ مِنَ الْعَمَلِ ) رواه البخاري ( 3435 ) ، ومسلم ( الإيمان / 46 ) .

"അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും, അവൻ ഒരുവനാണ്,അവന് യാതൊരു പങ്കുകാരനുമില്ലെന്നും, മുഹമ്മദ്(ﷺ) അവൻെറ അടിമയും പ്രവാചകനുമാണെന്നും, അതുപോലെ ഈസാ(عليه السلام) അല്ലാഹുവിൻെറ അടിമയും പ്രവാചകനുമാണെന്നും, അല്ലാഹുവിൻെറ കലിമത്തിനെ മർറയമിൽ ഇട്ടതാണെന്നും, അവനിൽ നിന്നുള്ള ആത്മാവാണെന്നും, സ്വർഗം സത്യമാണെന്നും, നരകം സത്യമാണെന്നും ആരാണോ സാക്ഷ്യം വഹിക്കുന്നത്, അവൻെറ പ്രവർത്തനങ്ങൾ ഏത് രൂപത്തിലാണോ അതുപോലെ അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്" (ബുഖാരി, മുസ്‌ലിം).

وفي رواية: مِنْ أَبْوَابِ الْجَنَّةِ الثَّمَانِيَةِ أَيَّهَا شَاءَ) (بخاري)

മറ്റൊരു റിപ്പോർട്ടിലുള്ളത്: "സ്വർഗത്തിലെ എട്ട് വാതിലുകളിൽ അവൻ ഉദ്ദേശിക്കുന്ന വാതിലിലൂടെ പ്രവേശിക്കാവുന്നതാണ്" എന്നാണ്. (ബുഖാരി).

**130- സ്വർഗ നരകങ്ങളിലുള്ള വിശ്വാസത്തിൻെറ ആശയമെന്താണ്?**

**ഉത്തരം: സ്വർഗ നരകങ്ങൾ ഉണ്ടെന്നും, ഇപ്പോൾ അവ സൃഷ്ടിക്കപ്പെട്ടിട്ടു ണ്ടെന്നും, അല്ലാഹു അവയെ അവശേഷിപ്പിക്കുന്നേടത്തോളം അവശേഷി ക്കുമെന്നും, ഒരിക്കലും നശിക്കില്ലായെന്നും ദൃഢമായി വിശ്വസിക്കുക. സ്വർ ഗാവകാശികൾ അതിലെ അനുഗ്രഹത്തിലും, നരകാവകാശികൾ അതിലെ ശിക്ഷയിലും പ്രവേശിക്കുകയും ചെയ്യും.**

**131- സ്വർഗ നരകങ്ങൾ ഇപ്പോൾ ഉണ്ടെന്നതിന് എന്താണ് തെളിവ്?**

**ഉത്തരം: സ്വർഗ നരകങ്ങൾ ഒരുക്കിയിരിക്കുന്നുവെന്ന് അല്ലാഹു നമ്മോട് പറയുന്നു:** { أُعِدَّتْ لِلْمُتَّقِينَ } (آل عمران:**133**)

'ധർമ്മനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്' (ആലു ഇംറാൻ :133).

{ أُعِدَّتْ لِلْكَافِرِينَ } (البقرة:**24**)

'സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്' (അൽ ബഖറ: 24).

**ആദം(ﷺ), ഹവ്വ(ﷺ) എന്നിവർ അല്ലാഹു വിലക്കിയ വൃക്ഷത്തിൻെറ ഫലം ഭക്ഷിക്കുന്നതിന് മുമ്പ് അവരെ അല്ലാഹു സ്വർഗത്തിലാണ് താമസി പ്പിച്ചത്, അതുപോലെ അവിശ്വാസികൾക്ക് നരകം രാവിലെയും വൈകു ന്നേരവും പ്രദർശിപ്പിക്കപ്പെട്ട് കൊണ്ടിരിക്കും. പ്രവാചകൻ(ﷺ) പറയുന്നു:**

(اطَّلَعْتُ فِي الْجَنَّةِ فَرَأَيْتُ أَكْثَرَ أَهْلِهَا الْفُقَرَاءَ وَاطَّلَعْتُ فِي النَّارِ فَرَأَيْتُ أَكْثَرَ أَهْلِهَا النِّسَاءَ ) (رواه البخاري ( **3241** ) ، **5198** ) .

**"ഞാൻ സ്വർഗം കാണുകയുണ്ടായി, അതിൽ അധികവും അതിലുള്ളത് ദ രിദ്രരാണ്, നരകം ഞാൻ കാണുകയുണ്ടായി, അതിൽ അദികവും സ്ത്രീക ളാകുന്നു" (ബുഖാരി).**

**നേരത്തെ നാം ഉദ്ദരിച്ച ഖബറിലെ കുഴപ്പങ്ങളും, ശിക്ഷകളെ സംബന്ധി ച്ചുമുള്ള ഹദീസ്: തിരുമേനി(ﷺ) പറയുകയുണ്ടായി:**



(إِنَّ أَحَدَكُمْ إِذَا مَاتَ عُرِضَ عَلَيْهِ مَقْعَدُهُ بِالْغَدَاةِ وَالْعَشِيِّ ) رواه البخاري ( **1379** ) ، ومسلم ( الجنة / **65** ، **66** ) .

**"നിങ്ങളിൽ ആരെങ്കിലും മരിക്കുകയാണെങ്കിൽ അവന് അവൻെറ സങ്കേ തം രാവിലെയും വൈകുന്നേരവും പ്രദർശിപ്പിക്കപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം). തിരുമേനി(ﷺ) പറയുന്നു:**

(أَبْرِدُوا عَنِ الصَّلاَةِ فَإِنَّ شِدَّةَ الْحَرِّ مِنْ فَيْحِ جَهَنَّمَ) رواه البخاري ( **533** ، **534** ، **535** ) ، ومسلم ( مساجد / **180** ، **184** ، **186** ) .

**"നരകത്തിലെ തീ ജ്വാലകളുടെ ചൂടിൻെറ കാഠിന്യം അൽപം തണുത്തതിന് ശേഷം നമസ്കരിക്കുക" (ബുഖാരി, മുസ്‌ലിം). നബി(ﷺ) പറയുന്നു:**

( وَاشْتَكَتِ النَّارُ إِلَى رَبِّهَا فَقَالَتْ: يَا رَبِّ أَكَلَ بَعْضِي بَعْضًا فَأَذِنَ لَهَا بِنَفَسَيْنِ نَفَسٍ فِي الشِّتَاءِ وَنَفَسٍ فِي الصَّيْفِ فَهُوَ أَشَدُّ مَا تَجِدُونَ مِنَ الْحَرِّ وَأَشَدُّ مَا تَجِدُونَ مِنَ الزَّمْهَرِيرِ) رواه البخاري( **537** ، **3260** ) ، ومسلم( مساجد **185** ، **186** )

**"നരകം തൻെറ രക്ഷിതാവിനോട് ആവലാതി പറയുകയുണ്ടായി: അത് പ റഞ്ഞു: എൻെറ രക്ഷിതാവെ, എൻെറ ചില ഭാഗങ്ങൾ മറ്റു ഭാഗത്തെ തിന്നി രിക്കുന്നു, അങ്ങിനെ അതിന് രണ്ട് പ്രാവശ്യം ശ്വസിക്കുവാൻ അനുവാദം നൽകുന്നു, ശൈത്യകാലത്ത് ഒരു ശ്വാസവും, ചൂട് കാലത്ത് ഒരു ശ്വാസ വും, അപ്പോൾ ഏറ്റവും കഠിനമായ ചൂടും, ഏറ്റവും കഠിനമായ തണുപ്പും അനുഭവപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം). റൂസലുല്ലാഹ്(ﷺ) പറയുന്നു:**

(الْحُمَّى مِنْ فَيْحِ جَهَنَّمَ فَأَبْرِدُوهَا بِالْمَاءِ) رواه البخاري ( **3261** ، **3262** ، **3263** ) ، ومسلم ( السلام / **78** ، **79** ، **80** ) .

**"പനിയെന്നത് നരകത്തിലെ ജ്വാലയാണ് അതിനെ നിങ്ങൾ വെള്ളം കൊ ണ്ട് തണുപ്പിക്കുക" (ബുഖാരി, മുസ്‌ലിം). തിരുമേനി(ﷺ) പറയുന്നു:**

( لَمَّا خَلَقَ اللهُ الْجَنَّةَ وَالنَّارَ أَرْسَلَ جِبْرِيلَ إِلَى الْجَنَّةِ فَقَالَ انْظُرْ إِلَيْهَا) ( إسناده

حسن ، وهو صحيح لغيره ) رواه النسائي ( **3763** ) ، وأحمد ( **2 / 332** ، **334** ، **354** ) ، وأبو داود ( **4744** ) وسكت عنه ، والترمذي ( **2560** ) وقال : هذا حديث حسن صحيح ، ورواه الحاكم ( **1 / 27** ) ، وقال الألباني : حسن صحيح ، وقال الشيخ أحمد شاكر : إسناده صحيح .

**"അല്ലാഹു നരകവും സ്വർഗവും സൃഷ്ടിച്ചപ്പോൾ ജിബ്രീൽ(ﷺ)യെ സ്വർഗത്തിലേക്ക് അത് നോക്കുവാനായി അയക്കുകയുണ്ടായി" (നസാഇ, അഹ്മദ്. ഹസനായ ഹദീസ്).**

**ഒരു പ്രാവശ്യം സൂര്യ ഗ്രഹണം ഉണ്ടായപ്പോഴും, ഇസ്റാഅ്ൻെറ വേളയിലും പ്രവാചകന് സ്വർഗ നരകങ്ങൾ പ്രദർശിപ്പിക്കപ്പെടുകയുണ്ടായി. ഈ വിഷയത്തിൽ ധാരാളം ഹദീസുകൾ നമുക്ക് കാണാവുന്നതാണ്.**

**132- സ്വർഗ നരകങ്ങൾ ഒരിക്കലും നശിക്കാതെ എന്നെന്നും നിലനിൽക്കുമെന്നതിന് എന്താണ് തെളിവ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ خَالِدِينَ فِيهَا أَبَدًا ذَلِكَ الْفَوْزُ الْعَظِيمُ } (التوبة:**100**)

**'എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം' (തൗബ :100).**

{ وَمَا هُمْ مِنْهَا بِمُخْرَجِينَ } (الحجر:**48**)

**'അവിടെ നിന്ന് അവർ പുറത്താക്കപ്പെടുന്നതുമല്ല.' (ഹിജ്റ്: 48)**

{ عَطَاءً غَيْرَ مَجْذُوذٍ } (هود:**108**)

**'നിലച്ചുപോകാത്ത ഒരു ദാനമായിരിക്കും അത്' (ഹൂദ്: 108).**

{ لاَ مَقْطُوعَةٍ وَلاَ مَمْنُوعَةٍ } (الواقعة: **33**)

**'നിലച്ചു പോവാത്തതും തടസ്സപ്പെട്ടുപോവാത്തതുമായ' (വാഖിഅഃ 33)**

{ إِنَّ هَذَا لَرِزْقُنَا مَا لَهُ مِنْ نَفَادٍ } (ص:**54**)



**'തീർച്ചയായും ഇത് നാം നൽകുന്ന ഉപജീവനമാകുന്നു. അത് തീർന്നു പോകുന്നതല്ല' (സ്വാദ്: 54)**

{ إِنَّ الْمُتَّقِينَ فِي مَقَامٍ أَمِينٍ } (الدخان: **51**)

**'സൂക്ഷ്മത പാലിച്ചവർ തീർച്ചയായും നിർഭയമായ വാസസ്ഥലത്താകുന്നു' (ദുഖാൻ: 51).**

{ لاَ يَذُوقُونَ فِيهَا الْمَوْتَ إِلاَّ الْمَوْتَةَ الأُولَى } (الدخان: **56**)

**'ആദ്യത്തെ മരണമല്ലാതെ മറ്റൊരു മരണം അവർക്കവിടെ അനുഭവിക്കേണ്ടതില്ല. ' (ദുഖാൻ: 56).**

**ഇത്പോലെ വേറെയും ആയത്തുകൾ കാണാവുന്നതാണ്. സ്വർഗ നരകങ്ങളും, അതിലെ ആളുകളും നിത്യമായിരിക്കും, അതിന് അവസാനമില്ലായെന്നും, അതിൽ നിന്ന് പുറത്ത് കടക്കുകയോ, അത് മുറിഞ്ഞ് പോകുകയില്ലായെന്നും അല്ലാഹു പറയുന്നു:**

{ إِلاَّ طَرِيقَ جَهَنَّمَ خَالِدِينَ فِيهَا أَبَدًا } (النساء:**169**)

'നരകത്തിന്റെ മാർഗത്തിലേക്കല്ലാതെ മറ്റൊരു മാർഗത്തിലേക്കും അവൻ അവരെ നയിക്കുന്നതുമല്ല. എന്നെന്നേക്കുമായി അവരതിൽ സ്ഥിരവാസികളായിരിക്കും' (നിസാഅ്:169).

{إِنَّ اللَّهَ لَعَنَ الْكَافِرِينَ وَأَعَدَّ لَهُمْ سَعِيرًا * خَالِدِينَ فِيهَا أَبَدًا لاَ يَجِدُونَ وَلِيًّا وَلاَ نَصِيرًا } (الأحزاب: **64-65**)

'തീർച്ചയായും അല്ലാഹു സത്യനിഷേധികളെ ശപിക്കുകയും അവർക്കുവേണ്ടി ജ്വലിക്കുന്ന നരകാഗ്നി ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ ശാശ്വതവാസികളായിരിക്കും. യാതൊരു രക്ഷാധികാരിയെയും സഹായിയെയും അവർ കണ്ടെത്തുകയില്ല' (അഹ്സാബ്:64-65)

{وَمَنْ يَعْصِ اللَّهَ وَرَسُولَهُ فَإِنَّ لَهُ نَارَ جَهَنَّمَ خَالِدِينَ فِيهَا أَبَدًا } (الجن:**23**)

'വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം തീർച്ചയായും അവന്നുള്ളതാണ് നരകാഗ്നി. അത്തരക്കാർ അതിൽ നിത്യവാസികളായിരിക്കും' (ജിന്ന്:23).

{وَمَا هُمْ بِخَارِجِينَ مِنَ النَّارِ } (البقرة:**167**)

**"അവർ നരകത്തിൽ നിന്ന് പുറത്ത് കടക്കുന്നവരല്ല" (അൽബഖറ:167)**

{لاَ يُفَتَّرُ عَنْهُمْ وَهُمْ فِيهِ مُبْلِسُونَ}(الزخرف:**75**)

'അവർക്ക് അത് ലഘൂകരിച്ച് കൊടുക്കപ്പെടുകയില്ല. അവർ അതിൽ ആശ യറ്റവരായിരിക്കും' (സുഖ്റുഫ്:75).

{لاَ يُقْضَى عَلَيْهِمْ فَيَمُوتُوا وَلاَ يُخَفَّفُ عَنْهُمْ مِنْ عَذَابِهَا } (فاطر:**36**)

'അവരുടെ മേൽ (മരണം) വിധിക്കപ്പെടുന്നതല്ല. എങ്കിൽ അവർക്ക് മരി ക്കാമായിരുന്നു. അതിലെ ശിക്ഷയിൽ നിന്ന് ഒട്ടും അവർക്ക് ഇളവുചെയ്യ പ്പെടുകയുമില്ല. ' (ഫാത്വിർ: 36)

{إِنَّهُ مَنْ يَأْتِ رَبَّهُ مُجْرِمًا فَإِنَّ لَهُ جَهَنَّمَ لاَ يَمُوتُ فِيهَا وَلاَ يَحْيَا } (طه:**74**)

'തീർച്ചയായും വല്ലവനും കുറ്റവാളിയായിക്കൊണ്ട് തന്റെ രക്ഷിതാവിന്റെ അടുത്ത് ചെല്ലുന്ന പക്ഷം അവന്നുള്ളത് നരകമത്രെ. അതിലവൻ മരിക്കു കയില്ല. ജീവിക്കുകയുമില്ല' (ത്വാഹാ: 74).

**ഇതുപോലെ വേറെയും ആയത്തുകൾ കാണാവുന്നതാണ്. ഈ ആയത്തുകളിലും, ഇതുപോലെയുള്ള മറ്റു ആയത്തുകളിലും അല്ലാഹു പറ യുന്നത് നരകാവകാശികളെ അതിന്വേണ്ടിയാണ് അല്ലാഹു സൃഷ്ടിച്ചിരി ക്കുന്നത്, അവർ അതിൽ നിന്ന് പുറത്ത് വരികയില്ല. അല്ലാഹു പറയുന്നു:**

{وَمَا هُمْ بِخَارِجِينَ مِنَ النَّارِ } (البقرة:**167**)

**"അവർ നരകത്തിൽ നിന്ന് പുറത്ത് കടക്കുന്നവരല്ല" (അൽബഖറ:167)**

**നരക ശിക്ഷ അവരിൽ നിന്ന് മുറിഞ്ഞ്പോവുകയില്ലായെന്നും അല്ലാഹു പറ യുന്നു:** {لاَ يُفَتَّرُ عَنْهُمْ} (الزخرف:**75**)

'അവർക്ക് അത് ലഘൂകരിച്ച് കൊടുക്കപ്പെടുകയില്ല' (സുഖുറുഫ്:75).

**അതിൽ അവർ ഒരിക്കലും നശിക്കുകയില്ലായെന്നും അല്ലാഹു പറയുന്നു:**

{ثُمَّ لاَ يَمُوتُ فِيهَا وَلاَ يَحْيَا } (طه:**74**)

'അതിലവൻ മരിക്കുകയില്ല. ജീവിക്കുകയുമില്ല' (ത്വാഹാ: 74).

**പ്രവാചകൻ(ﷺ) പറയുന്നു:**

قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: أَمَّا أَهْلُ النَّارِ الَّذِينَ هُمْ أَهْلُهَا فَإِنَّهُمْ لاَ يَمُوتُونَ فِيهَا وَلاَ يَحْيَوْنَ) رواه مسلم ( الإيمان / **306** )



**പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "എന്നാൽ നരകാവകാശികൾ, അവർ അതിന്റെ ആളുകളാണ്, അവർ അതിൽ മരിക്കുകയോ, ജീവിക്കുകയോ ഇല്ല" (മുസ്ലിം)**

قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا صَارَ أَهْلُ الْجَنَّةِ إِلَى الْجَنَّةِ وَأَهْلُ النَّارِ إِلَى النَّارِ جِيءَ بِالْمَوْتِ حَتَّى يُجْعَلَ بَيْنَ الْجَنَّةِ وَالنَّارِ ثُمَّ يُذْبَحُ ثُمَّ يُنَادِي مُنَادٍ يَا أَهْلَ الْجَنَّةِ لاَ مَوْتَ وَيَا أَهْلَ النَّارِ لاَ مَوْتَ فَيَزْدَادُ أَهْلُ الْجَنَّةِ فَرَحًا إِلَى فَرَحِهِمْ وَيَزْدَادُ أَهْلُ النَّارِ حُزْنًا إِلَى حُزْنِهِمْ) رواه البخاري(**4730** ، **6548**)، ومسلم(الجنة/**40**، **43**)

**പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "സ്വർഗാവകാശികൾ സ്വർഗത്തിലും, ന രകാവകാശികൾ നരകത്തിലും ആയി കഴിഞ്ഞാൽ മരണത്തെ കൊണ്ട് വര പ്പെടും, അങ്ങിനെ അതിനെ സ്വർഗത്തിന്റെയും നകരത്തിന്റെയുമിടക്കാ ക്കുന്നതാണ്, പിന്നീടതിനെ വധിക്കുന്നു, തുടർന്ന് വിളിച്ച് പറയുന്നവൻ വി ളിച്ച് പറയും: അല്ലയോ സ്വർഗാവകാശികളെ, മരണമില്ല, അല്ലയോ നര കാവകാശികളെ മരണമില്ല, അങ്ങിനെ സ്വർഗീയവകാശികൾക്ക് സന്തോ ഷം വർദ്ദിക്കുകയും, നരകാവകാശികൾക്ക് ദു:ഖം വർദ്ദിക്കുകയും ചെയ്യു ന്നതാണ്" (ബുഖാരി)**

وفي لفظ : كل خالد فيما هو فيه

**മറ്റൊരു പദങ്ങളിലൂടെ വന്നത് "അവർ അതിൽ നിത്യ വാസികളായിരി ക്കും". മറ്റൊരു റിപ്പോർട്ടിലുള്ളത് ഇപ്രകാരമാണ്:**

وفي رواية : « ثم قرأ رسول الله صلى الله عليه وسلم: { وَأَنْذِرْهُمْ يَوْمَ الْحَسْرَةِ إِذْ قُضِيَ الْأَمْرُ وَهُمْ فِي غَفْلَةٍ وَهُمْ لاَ يُؤْمِنُونَ } (مريم:**39**)

'നഷ്ടബോധത്തിന്റെ ദിവസത്തെപ്പറ്റി അഥവാ കാര്യം (അന്തിമമായി) തീ രുമാനിക്കപ്പെടുന്ന സന്ദർഭത്തെപ്പറ്റി നീ അവർക്ക് താക്കീത് നൽകുക. അ വർ അശ്രദ്ധയിലകപ്പെട്ടിരിക്കുകയാകുന്നു. അവർ വിശ്വസിക്കുന്നില്ല' (മർ യം : 39).

**133- പരലോകത്ത് സത്യവിശ്വാസികൾ അല്ലാഹുവിനെ കാണുമെന്നതിന് എന്താണ് തെളിവ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وُجُوهٌ يَوْمَئِذٍ نَاضِرَةٌ * إِلَى رَبِّهَا نَاظِرَةٌ } (القيامة:**22-23**)

'ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും അവയുടെ രക്ഷിതാവിന്റെ നേർക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും' (ഖിയാമ: 22-23).

{ لِلَّذِينَ أَحْسَنُوا الْحُسْنَى وَزِيَادَةٌ } (يونس:**26**)

'സുകൃതം ചെയ്തവർക്ക് ഏറ്റവും ഉത്തമമായ പ്രതിഫലവും കൂടുതൽ നേട്ടവുമുണ്ട്. ' (യൂനുസ് : 26)

{ كَلاَّ إِنَّهُمْ عَنْ رَبِّهِمْ يَوْمَئِذٍ لَمَحْجُوبُونَ } (المطففين:**15**)

'അല്ല; തീർച്ചയായും അവർ അന്നേ ദിവസം അവരുടെ രക്ഷിതാവിൽ നിന്ന് മറയ്ക്കപ്പെടുന്നവരാകുന്നു' (മുത്വഫ്ഫിഫീൻ : 15).

**അല്ലാഹുവിൻെറ ശത്രുക്കൾക്ക് മറയിടപ്പെടുകയാണെങ്കിൽ അല്ലാഹുവിൻെറ ഔലിയാക്കൾക്ക് മറയിടപ്പെടുകയില്ല. ബുഖാരിയിലും, മുസ്ലിമി ലും നമുക്ക് കാണാം.**

عَنْ جَرِيرِ بْنِ عَبْدِاللهِ قَالَ: كُنَّا عِنْدَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَنَظَرَ إِلَى الْقَمَرِ لَيْلَةً يَعْنِي الْبَدْرَ فَقَالَ إِنَّكُمْ سَتَرَوْنَ رَبَّكُمْ كَمَا تَرَوْنَ هَذَا الْقَمَرَ لاَ تُضَامُّونَ فِي رُؤْيَتِهِ فَإِنِ اسْتَطَعْتُمْ أَنْ لاَ تُغْلَبُوا عَلَى صَلاَةٍ قَبْلَ طُلُوعِ الشَّمْسِ وَقَبْلَ غُرُوبِهَا فَافْعَلُوا ) رواه البخاري ( **554 ، 573 ، 4851** ) ومسلم ( مساجد / **211** ) .

**ജരീര്ബ്നു അബ്ദുല്ലാ(ﷺ)വിൽ നിന്ന്, ഞങ്ങൾ പ്രവാചകൻ(ﷺ)യുടെ അടുത്ത് ഇരിക്കുകയായിരുന്നു, പതിനാലാം രാവിലുള്ള ചന്ദ്രനിലേക്ക് നോക്കി പറയുകയുണ്ടായി: "ഈ ചന്ദ്രനെ കാണുന്നത്പോലെ നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ കാണുന്നതാണ്, അവനെ കാണുന്നതിൽ നിങ്ങൾക്ക് ഒരു സംശയവും വേണ്ട, അതുകൊണ്ട് സൂര്യൻ അസ്തമിക്കുന്നതിന് മുമ്പുള്ള നമസ്കാരത്തെയും, സൂര്യൻ ഉദിക്കുന്നതിന് മുമ്പുള്ള നമസ്കാരത്തെ സം ബന്ധിച്ചും നിങ്ങളെ ഉറക്കമോ, മറ്റോ അശ്രദ്ധരാക്കാതിരിക്കട്ടെ" (ബുഖാ**

**രി, മുസ്ലിം). ഇവിടെ**

**"നിങ്ങൾ ഇത് കാണുന്നത് പോലെയെന്ന' പ്രവാചകൻെറ വചനം സൂചിപ്പിക്കുന്നത് അല്ലാഹുവിനെ കാണുന്നത് ചന്ദ്രനെ കാണുന്നതിനെ പോലെയായിരിക്കും എന്നതിനോട് സാദൃശ്യപ്പെടുത്തിയിരിക്കുകയാണ്, അതല്ലാത കാണുന്ന വസ്തുവിനെയല്ല, അതായത് ചന്ദ്രനെപോലെയാണ് അല്ലാഹു എന്നതിനോട് സാദൃശ്യപ്പെടുത്തിയിരിക്കുകയല്ല. അല്ലാഹു വഹ്യിനെ സംബന്ധിച്ച് പറഞ്ഞത് പോലെ: "അല്ലാഹുവിൻെറ വാക്കുകൾക്ക് കീഴൊതുങ്ങി കൊണ്ട് മലക്കുകൾ അവരുടെ ചിറകുകൾ അടിക്കുന്നതാണ്, ഒരു മിനുസമുള്ള പാറയിൽ ഇരുമ്പിൻെറ ചങ്ങലകൾ വലിക്കുന്നത് പോലെ". ഇവിടെ ഉപമിച്ചിരിക്കുന്നത് കേൾക്കുന്ന ഒരു കാര്യത്തെ കേൾക്കുന്ന മറ്റൊരു കാര്യത്തോടാണ്, അതല്ലാതെ ശബ്ദം ഉണ്ടാക്കുന്ന കാര്യത്തെ മറ്റെ ശബ്ദമുണ്ടാക്കുന്ന കാര്യത്തോടല്ല. അല്ലാഹു അവൻെറ നാമത്തിലും, വിശേഷണത്തിലും തൻെറ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനാകുന്നു. അതുപോലെ അല്ലാഹുവിൻെറ കലാമിനെ എന്തിനോടെങ്കിലും സാദൃശ്യപ്പെടുത്തുന്നതിൽ നിന്നെല്ലാം അല്ലാഹു പരിശുദ്ധനാണ്, അല്ലാഹുവിനെ സംബന്ധിച്ച് സൃഷ്ടികളിൽ വെച്ച് ഏറ്റവും കൂടുതൽ അറിയുന്നത് റസൂലാകുന്നു. മുസ്ലിമിൽ സ്വുഹൈബിൻെറ ഹദീസിൽ നമുക്ക് കാണാം:**

(فَيَكْشِفُ الْحِجَابَ فَمَا أُعْطُوا شَيْئًا أَحَبَّ إِلَيْهِمْ مِنَ النَّظَرِ إِلَى رَبِّهِمْ عَزَّ وَجَلَّ ثُمَّ تَلاَ هَذِهِ الآيَةَ ( لِلَّذِينَ أَحْسَنُوا الْحُسْنَى وَزِيَادَةٌ ) رواه مسلم (الإيمان/**297 ، 298** )

**"അങ്ങിനെ മറ നീക്കപ്പെടുന്നതാണ്, ഉന്നതനും, പ്രതാപവാനുമായ അവരുടെ രക്ഷിതാവിലേക്ക് നോക്കുന്നതിനേക്കാൾ ഇഷ്ടപ്പെട്ട മറ്റൊരു കാര്യവും അവർക്ക് നൽകിയിട്ടില്ല. എന്നിട്ട് ഈ ആയത്ത് പാരായണം ചെയ്യുകയുണ്ടായി:**

'സുകൃതം ചെയ്തവർക്ക് ഏറ്റവും ഉത്തമമായ പ്രതിഫലവും കൂടുതൽ നേട്ടവുമുണ്ട്. ' (യൂനുസ് : 26)

**ഈ വിഷയത്തിൽ ഒരുപാട് ഹദീസുകൾ കാണാവുന്നതാണ്. ഏകദേശം നാൽപത്തിയഞ്ച് ഹദീസുകൾ മുപ്പതിലധികം സ്വഹാബികളിൽ നി**

**ന്ന് നാം** (سلم الوصول) **എന്ന കിതാബിൻെറ വിശദീകരണത്തിൽ ഉദ്ദരിച്ചിട്ടു ണ്ട്. ആരെങ്കിലും ഇതിനെ എതിർത്താൽ അവൻ വിശുദ്ധഖുർആനിനെയും, അല്ലാഹു നിയോഗിച്ച പ്രവാചകന്മാരെയും കളവാക്കിയവരാകുന്നു. താഴെ വരുന്ന ആയത്തിൽ അല്ലാഹു വിശദീകരിച്ചവരുടെ കൂട്ടത്തിൽ അവൻ അ കപ്പെടുകയും ചെയ്യുന്നതാണ്.**

{ كَلاَّ إِنَّهُمْ عَنْ رَبِّهِمْ يَوْمَئِذٍ لَمَحْجُوبُونَ } (المطففين:**15**)

'അല്ല; തീർച്ചയായും അവർ അന്നേ ദിവസം അവരുടെ രക്ഷിതാവിൽ നി ന്ന് മറയ്ക്കപ്പെടുന്നവരാകുന്നു' (മുത്വഫ്ഫിഫീൻ : 15).

**അല്ലാഹുവിനോട് രക്ഷചോദിക്കുകയും, അവൻെറ തിരുമുഖം ദർശിക്കുവാ ൻ തൗഫീഖ് നൽകുമാറാവട്ടെ. ആമീൻ.**

**134- ശഫാഅത്തിൽ വിശ്വസിക്കുവാനുള്ള തെളിവ് എന്താണ്? ആർക്കാണ് ശഫാഅത്ത് ലഭിക്കുക, ആരിൽ നിന്ന്, എപ്പോഴാണ് ലഭിക്കുക?**

**ഉത്തരം: പരലോകത്ത് ശഫാഅത്തുണ്ടെന്ന് അല്ലാഹു തന്നെ വിശുദ്ധഖുർ ആനിൽ നമ്മോട് വിശദീകരിക്കുന്നുണ്ട്. അത് വളരെ പ്രധാനപ്പെട്ട നിബ ന്ധനകൾക്ക് വിധേയവും, അവൻെറ മാത്രം അധികാരവുമാണ്, അതിൽ ആർക്കും തന്നെ യാതൊരു അവകാശവുമില്ല. അല്ലാഹു പറയുന്നു:**

{ قُلْ لِلَّهِ الشَّفَاعَةُ جَمِيعًا } . (الزمر:**44**)

'പറയുക: അല്ലാഹുവിനാകുന്നു ശുപാർശ മുഴുവൻ.'(സുമർ:44)

**എന്നാൽ അത് എപ്പോഴായിരിക്കും? അല്ലാഹുവിൻെറ അനുമതിയുണ്ടാകു മ്പോഴായിരിക്കുമെന്ന് അല്ലാഹു നമ്മോട് പറയുന്നു:**

{ مَنْ ذَا الَّذِي يَشْفَعُ عِنْدَهُ إِلاَّ بِإِذْنِهِ } (البقرة:**255**)

**"അവൻെറയടുക്കൽ അവൻെറ അനുമതി പ്രകാരമല്ലാതെ ശുപാർശ നട ത്തുവാൻ ആരുണ്ട്" (അൽബഖറ: 255)**

{ مَا مِنْ شَفِيعٍ إِلاَّ مِنْ بَعْدِ إِذْنِهِ } (يونس:**3**)



'അവന്റെ അനുവാദത്തിന് ശേഷമല്ലാതെ യാതൊരു ശുപാർശക്കാരനും ശുപാർശ നടത്തുന്നതല്ല' (യൂനുസ്:3).

{ وَكَمْ مِنْ مَلَكٍ فِي السَّمَوَاتِ لاَ تُغْنِي شَفَاعَتُهُمْ شَيْئًا إِلاَّ مِنْ بَعْدِ أَنْ يَأْذَنَ اللهُ لِمَنْ يَشَاءُ وَيَرْضَى }(النجم:**26**)

'ആകാശങ്ങളിൽ എത്ര മലക്കുകളാണുള്ളത്! അവരുടെ ശുപാർശ യാ തൊരു പ്രയോജനവും ചെയ്യുകയില്ല; അല്ലാഹു അവൻ ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് (ശുപാർശയ്ക്ക്) അനുവാദം നൽകി യതിന്റെ ശേഷമല്ലാതെ' (നജ്മ്:26).

**എന്നാൽ ആർക്കായിരിക്കും ശഫാഅത്തിനുള്ള അധികാരം ലഭിക്കുക. അ ല്ലാഹു അനുമതി നൽകുന്നവർക്ക് മാത്രമാണ് ശഫാഅത്തിനുള്ള അധികാ രം ലഭിക്കുക. അല്ലാഹു പറയുന്നു:**

{ وَلاَ تَنْفَعُ الشَّفَاعَةُ عِنْدَهُ إِلاَّ لِمَنْ أَذِنَ لَهُ }(سبأ:**23**)

'ആർക്കു വേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ പ്രയോജനപ്പെടുകയുമില്ല. ' (സബഅ് : 23)

{ لاَ يَتَكَلَّمُونَ إِلاَّ مَنْ أَذِنَ لَهُ الرَّحْمَنُ وَقَالَ صَوَابًا } (النبأ:**38**)

'പരമകാരുണികനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ അന്ന് സംസാരിക്കുകയില്ല' (നബഅ് : 38).

{ لاَ يَمْلِكُونَ الشَّفَاعَةَ إِلاَّ مَنِ اتَّخَذَ عِنْدَ الرَّحْمَنِ عَهْدًا } (مريم:**87**)

'ആർക്കും ശുപാർശ ചെയ്യാൻ അധികാരമുണ്ടായിരിക്കുകയില്ല. പരമകാരു ണികനുമായി കരാറുണ്ടാക്കിയിട്ടുള്ളവനൊഴികെ' (മർയം : 87).

**എന്നാൽ ആർക്കായിരിക്കും ശഫാഅത്ത് ലഭിക്കുക: അല്ലാഹു തൃപ്തിപ്പെടു ന്നവർക്ക് മാത്രമാണ് പരലോകത്ത് ശഫാഅത്ത് ലഭിക്കുകയെന്ന് അല്ലാഹു നമ്മോട് അറിയിച്ച് തന്നിരിക്കുന്നു. അല്ലാഹു പറയുന്നു:**

{ وَلاَ يَشْفَعُونَ إِلاَّ لِمَنِ ارْتَضَى }(الأنبياء:**28**)

**"അവൻ തൃപ്തിപെട്ടവനല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല" (അൻ ബിയാ :28)**

{ يَوْمَئِذٍ لاَ تَنْفَعُ الشَّفَاعَةُ إِلاَّ مَنْ أَذِنَ لَهُ الرَّحْمَنُ وَرَضِيَ لَهُ قَوْلاً }(طه:**109**)

‘അന്നേ ദിവസം പരമകാരുണികൻ ആരുടെ കാര്യത്തിൽ അനുമതി നൽകുകയും ആരുടെ വാക്ക് തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നുവോ അവന്നല്ലാതെ ശുപാർശ പ്രയോജനപ്പെടുകയില്ല’ (ത്വാഹാ: 109).

**എന്നാൽ നാം അറിയേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് തൗഹീദും, ഇഖ്ലാസുമുള്ളവരെ മാത്രമാണ് അല്ലാഹു ഇഷ്ടപ്പെടുക. അല്ലാത്തവരെ സംബന്ധിച്ച് അല്ലാഹു പറയുന്നു:**

{ مَا لِلظَّالِمِينَ مِنْ حَمِيمٍ وَلاَ شَفِيعٍ يُطَاعُ } (غافر:**18**)

‘അക്രമകാരികൾക്ക് ഉറ്റബന്ധുവായോ സ്വീകാര്യനായ ശുപാർശകനായോ ആരും തന്നെയില്ല’ (മുഅ്മിൻ: 18).

{ فَمَا لَنَا مِنْ شَافِعِينَ * وَلا صَدِيقٍ حَمِيمٍ } (شعراء:**100-101**)

‘ഇപ്പോൾ ഞങ്ങൾക്ക് ശുപാർശക്കാരായി ആരുമില്ല. ഉറ്റ സുഹൃത്തുമില്ല.’ (ശുഅറാ: 100 – 101)

{ فَمَا تَنْفَعُهُمْ شَفَاعَةُ الشَّافِعِينَ } (المدثر:**48**)

‘ഇനി അവർക്ക് ശുപാർശക്കാരുടെ ശുപാർശയൊന്നും പ്രയോജനപ്പെടുകയില്ല.’ (മുദ്ദഥ്ഥിർ : 48)

**മുഹമ്മദ്(ﷺ)ക്ക് ശഫാഅത്തിനുള്ള അധികാരം അല്ലാഹു നൽകും, എന്നാൽ പ്രവാചകൻ(ﷺ) നേരെ ശഫാഅത്ത് പറയുകയല്ല, ചെയ്യുന്നത് മറിച്ച് അ ല്ലാഹുവിൻെറ സിംഹാസനത്തിന് ചുവട്ടിൽ പോയി സുജൂദ് ചെയ്യുകയാ ണ്, അവസാനം അല്ലാഹു പ്രവാചക(ﷺ)നോട് പറയും:**

( ارْفَعْ رَأْسَكَ وَاشْفَعْ تُشَفَّعْ وَسَلْ تُعْطَهْ ) رواه البخاري ( **3340** ، **4476** ، **4712** ) ، ومسلم ( الإيمان / **322** ،**326** ) .

**“നീ തലയുയർത്തുക, നീ ശുപാർശ പറയുക, ശുപാർശ സ്വീകരിക്കാം, നീ ചോദിക്കുക, നൽകാം” (ബുഖാരി)**

**പിന്നീടും അവിടെ പോയി സുജൂദ് ചെയ്യുന്നു, അങ്ങിനെ അദ്ദേഹത്തിന് ഒരു പരിധി നിശ്ചയിക്കുകയും, അതിലുള്ളവർക്ക് ശഫാഅത്ത് പറയുവാൻ അനുവാദം നൽകുയും ചെയ്യുന്നു... ഹദീസ്.**

**അബൂഹുറൈറ(ﷺ) പറയുന്നു:**



عَنْ أَبِي هُرَيْرَةَ أَنَّهُ قَالَ قِيلَ يَا رَسُولَ اللهِ مَنْ أَسْعَدُ النَّاسِ بِشَفَاعَتِكَ يَوْمَ الْقِيَامَةِ قَالَ: مَنْ قَالَ لاَ إِلَهَ إِلاَّ اللهُ خَالِصًا مِنْ قَلْبِهِ أَوْ نَفْسِهِ) رواه البخاري (**99** ، **6570**).

**അബൂഹുറൈറ(ﷺ)വിൽ നിന്ന് അദ്ദേഹം പ്രവാചക(ﷺ)നോട് ചോദിക്കുകയുണ്ടായി: “പ്രവാചകരെ, അവസാന നാളിൽ താങ്കളുടെ ശുപാർശക്ക് ഏറ്റവും കൂടുതൽ സൗഭാഗ്യവാൻ ആരാകുന്നു? തിരുമേനി(ﷺ) പറയുകയുണ്ടായി: ആരാണോ ഹൃദയമറിഞ്ഞ് കൊണ്ട്, അതല്ലെങ്കിൽ മനസറിഞ്ഞ്കൊണ്ട്** لاَ إِلَهَ إِلاَّ اللهُ **എന്ന് പറയുന്നത്, അവനാകുന്നു” (ബുഖാരി)**

**135- ശഫാഅത്തിന് എത്ര ഇനങ്ങളുണ്ട്, അതിൽ ഏറ്റവും വലിയതും, മഹത്വരമായതും ഏതാണ്?**

**ഉത്തരം: ഏറ്റവും വലിയതും, മഹത്വരവുമായ ശഫാഅത്ത് ‘ശഫാഅത്തുൽ ഉള്മാ’ എന്ന പേരിൽ അറിയപ്പെടുന്നതാണ്. അവസാന നാളിൽ അല്ലാഹു തൻെറ അടിമകൾക്കിടയിൽ വിധി കൽപിക്കുവാൻ വരുന്ന സന്ദർഭത്തിൽ സംഭവിക്കുന്ന ശുപാർശയാകുന്നു. ഇത് മുഹമ്മദ് നബി(ﷺ)ക്ക് മാത്രമുള്ളതാണ്. അല്ലാഹു മുഹമ്മദ് നബി(ﷺ)ക്ക് വാഗ്ദാനം നൽകപ്പെട്ട സ്തുത്യർഹമായ സ്ഥാനമാകുന്നു. അതാണ് അല്ലാഹു പറയുന്നത്:**

{ عَسَى أَنْ يَبْعَثَكَ رَبُّكَ مَقَامًا مَحْمُودًا } (الإسراء:**79**)

‘നിൻ്റെ രക്ഷിതാവ് നിന്നെ സ്തുത്യർഹമായ ഒരു സ്ഥാനത്ത് നിയോഗിച്ചേക്കാം’ (ഇസ്റാഅ്: 79).

**ഈ ശഫാഅത്ത് സംഭവിക്കുന്നത് ജനങ്ങൾ മുഴുവനും വിയർപ്പിൽ മുങ്ങിക്കുളിച്ച് കൊണ്ട് വളരെ പ്രയാസപ്പെട്ട് കുടുസതയും, ബുദ്ധിമുട്ടുകളും അനുഭവിച്ച് സുദീർഘമായി മഹ്ശറയിൽ നിൽക്കുമ്പോൾ ഓരോ വ്യക്തിയും ശുപാർശ അന്വേഷിക്കുകയാണ്. അങ്ങിനെ അവർ ആദം(ﷺ), നൂഹ്(ﷺ), ഇബ്രാഹിം(ﷺ), മൂസാ(ﷺ), മറ്യമിൻെറ പുത്രൻ ഈസാ(ﷺ) തുടങ്ങിയ പ്രവാചകന്മാരുടെ അടുത്ത്പോയി ശുപാർശ ചെയ്യുവാൻ ആവശ്യ**

പ്പെടുകയും ചെയ്യും, പക്ഷേ, അവരൊക്കെ മറുപടി പറയുന്നത് എൻെറ അവസ്ഥ, എൻെറ അവസ്ഥ എന്നാണ്, അവസാനം മുഹമ്മദ്(ﷺ)യുടെ അടുത്തേക്ക് പോകുന്നു. അപ്പോൾ പ്രവാചകൻ(ﷺ) പറയുന്നു:

«أنا لها » (رواه البخاري ( **3340** ) ، ومسلم ( الإيمان / **322** ، **326** ) .

“അത് ഞാൻ ചെയ്യാം” (ബുഖാരിയും,മുസ്ലിം) അങ്ങിനെ അല്ലാഹുവിൻെറ സിംഹാസനത്തിന് ചുവട്ടിൽ വർഷങ്ങളോളം സുജൂദിൽ കിടന്ന് അവസാനം അല്ലാഹു അനുവാദം നൽകുകയും, എല്ലാവരെയും വിചാരണക്ക് എടുക്കുവാനായി അല്ലാഹു തീരുമാനിക്കുകയും ചെയ്യുന്നു... ഹദീസ്.

രണ്ട്: സ്വർഗ വാതിൽ തുറക്കുവാനുള്ള ശുപാർശ. ഇത് ആദ്യമായി തുറക്കുന്നത് മുഹമ്മദ്(ﷺ)യാകുന്നു. സ്വർഗത്തിൽ ആദ്യമായി പ്രവേശിക്കുന്നത് മുഹമ്മദ്(ﷺ)യുടെ സമുദായവുമാകുന്നു.

മൂന്ന്: സ്വർഗത്തിലേക്ക് പ്രവേശിക്കുവാൻ കൽപിക്കപ്പെട്ടവരെ അതിലേക്ക് പ്രവേശിപ്പിക്കാതിരിക്കുവാനുള്ള ശുപാർശ.

നാല്: തൗഹീദുള്ള എന്നാൽ തെറ്റുകൾ ചെയ്തവരെ നരകത്തിൽ പ്രവേശിക്കുകയും, അങ്ങിനെ അവിടെയുള്ള ശിക്ഷ അനുഭവിച്ച് കൊണ്ട് കരിക്കട്ടയായ ആളുകളെ അതിൽ നിന്ന് മോചിപ്പിച്ച് കൊണ്ട് ജീവിതത്തിൻെറ നദിയിൽ പ്രവേശിപ്പിക്കുകയും, അങ്ങിനെ ഒരു ധാന്യമണി മുളച്ച് വരുന്നത് പോലെ അവർ മുളച്ച് വരുന്നു. ഇതിന് വേണ്ടിയുള്ള ശുപാർശ.

അഞ്ച്: സ്വർഗാവകാശികൾക്ക് അവരുടെ പദവികൾ ഉയർത്തിക്കൊടുക്കുവാനുള്ള ശുപാർശ. ഇതും നേരത്തെ നാം പറഞ്ഞ മൂന്ന്, നാല് എന്നീ ഇനങ്ങളും പ്രവാചക(ﷺ)ന് മാത്രമുള്ളതല്ല, മറിച്ച് ആദ്യം പ്രവാചകനും പിന്നീട് മറ്റു പ്രവാചകന്മാർക്കും, മലക്കുകൾക്കും, ഔലിയക്കൾക്കും, ചെറുപ്പത്തിൽ മരിച്ച് പോയ സന്താനങ്ങൾക്കും ഉള്ളതാണ്. തുടർന്ന് അല്ലാഹു അവൻെറ അപാരമായ കാരുണ്യത്താൽ തന്നെ ഒരു വിഭാഗം ആളുകളെ ശുപാർശയില്ലാതെ തന്നെ നരകത്തിൽ നിന്ന് മോചിപ്പിക്കുന്നതാണ്, അവരുടെ എണ്ണം അല്ലാഹുവിന് മാത്രമെ ആറിയുകയുള്ളൂ, അങ്ങിനെ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.

ആറ്: ചില അവിശ്വാസികൾക്ക് ശിക്ഷയിൽ ഇളവ് നൽകുവാനുള്ള ശുപാർശ. ഇത് പ്രവാചകൻ(ﷺ)ക്ക് അബൂത്വാലിബിൻെറ കാര്യത്തിൽ മാത്രമുള്ള



ശുപാർശയാണ്. അത് ഇമാം മുസ്ലിം ഉദ്ദരിക്കുന്ന ഹദീസിൽ കാണാവുന്ന
താണ്:

عَنْ أَنَسِ بْنِ مَالِكٍ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ أَنَّهُ قَالَ: لاَ تَـزَالُ جَهَـنَّمُ يُلْـقَى فِيهَا وَتَقُولُ: هَلْ مِنْ مَزِيدٍ حَتَّى يَضَعَ رَبُّ الْعِزَّةِ فِيهَا قَدَمَـهُ فَيَـنْزَوِي بَعْضُـهَا إِلَى بَعْضٍ وَتَقُولُ قَطْ قَطْ بِعِزَّتِكَ وَكَرَمِكَ وَلَا يَزَالُ فِي الْجَنَّةِ فَضْلٌ حَتَّى يُنْشِئَ اللهُ لَهَا خَلْقًـا فَيُسْـكِنَهُمْ فَضْـلَ الْجَنَّـةِ ) رواه البخـاري ( **4848** ، **4849** ، **4850** ) ، ومسلم

( الجنة / **37** ، **38** ، **39** ) .

അനസ്ബ്നു മാലിക്(﵁)ൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു: “നരകത്തിലേക്കുള്ളവരെ അതിലേക്ക് ഇട്ട് കൊണ്ടേയിരിക്കും, അപ്പോൾ നരകം വിളിച്ച് പറയും: ‘ഇനിയുമുണ്ടോ? അപ്പോൾ ഉന്നതനായ രക്ഷിതാവ് തൻെറ കാൽ അതിലേക്ക് വെക്കുന്നതാണ്, അങ്ങിനെ അതിലുള്ള മുഴുവനും പരസ്പരം കൂടിച്ചേരുന്നു, അപ്പോൾ അത് വിളിച്ച് പറയും, നിൻെറ ഔദാര്യം കൊണ്ടും, പ്രതാപം കൊണ്ടും മതി, മതിയെന്ന്. അതുപോലെ സ്വർഗത്തിൽ വർദ്ദിച്ച അനുഗ്രഹങ്ങളുണ്ട്, സ്വർഗത്തിലെ ഈ വർദ്ദിച്ച അനുഗ്രഹം മുഖേന അല്ലാഹുവിൻെറ ഒരു വിഭാഗം സൃഷ്ടികളെ സമാധാനിപ്പിക്കുന്നതാണ്” (ബുഖാരി, മുസ്ലിം). ഇതുപോലെ ഒട്ടനവധി ഹദീസുകൾ കാണാം. ആവശ്യമെങ്കിൽ പരിശോധിച്ചാൽ ലഭിക്കുന്നതാണ്.

**136- ഒരാളുടെ കർമ്മങ്ങൾ കൊണ്ട് ആരെങ്കിലും സ്വർഗത്തിൽ പ്രവേശിക്കുകയോ, നരകത്തിൽ നിന്ന് രക്ഷപ്പെടുകയോ ചെയ്യുമോ?**

ഉത്തരം: റസൂലുല്ലാഹി(ﷺ) പറയുന്നു:

( قَارِبُوا وَسَدِّدُوا وَاعْلَمُوا أَنَّهُ لَنْ يَنْجُوَ أَحَدٌ مِنْكُمْ بِعَمَلِهِ قَالُوا: يَا رَسُـولَ اللهِ وَلاَ أَنْتَ قَالَ: وَلاَ أَنَا إِلاَّ أَنْ يَتَغَمَّدَنِيَ اللهُ بِرَحْمَةٍ مِنْهُ وَفَضْلٍ) وفي رواية: قَالَ رَسُولُ اللهِ

صَلَّى اللهُ عَلَيْهِ وَسَلَّمَ سَدِّدُوا وَقَارِبُوا وَأَبْشِرُوا فَإِنَّهُ لَنْ يُدْخِلَ الْجَنَّةَ أَحَدًا عَمَلُهُ قَالُوا وَلاَ أَنْتَ يَا رَسُولَ اللهِ قَالَ: وَلاَ أَنَا إِلاَّ أَنْ يَتَغَمَّدَنِي اللهُ مِنْهُ بِرَحْمَةٍ وَاعْلَمُوا أَنَّ أَحَبَّ الْعَمَلِ إِلَى اللهِ أَدْوَمُهُ وَإِنْ قَلَّ ) رواه البخاري ( **5673** ) ، ومسلم ( المنافقين / **71**– **78** ) .

**"നിങ്ങൾ നിങ്ങളുടെ പ്രവർത്തനങ്ങൾ ശരിയാക്കുകയും, നേരെ ചൊവ്വേ നിർവ്വഹിക്കുകയും ചെയ്യുക, കാരണം ആരെയും തൻെറ കർമ്മങ്ങൾ രക്ഷപ്പെടുത്തുകയില്ല, അവർ ചോദിക്കുകയുണ്ടായി: പ്രവാചകരെ, താങ്കളെയും രക്ഷപ്പെടുത്തുകയില്ലേ? തിരുമേനി(ﷺ) പറഞ്ഞു: അല്ലാഹുവിൻെറ ഔദാര്യവും, കാരുണ്യവും എന്നെ ചുറ്റി പൊതിഞ്ഞാലല്ലാതെ എന്നെയും രക്ഷപ്പെടുത്തുകയില്ല". മറ്റൊരു റിപ്പോർട്ടിലുള്ളത്: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "നിങ്ങൾ കർമ്മങ്ങൾ ശരിയാവണ്ണം ശരിക്കും നിർവ്വഹിക്കുകയും, സന്തോഷ വാർത്ത അറിയിക്കുകയും ചെയ്യുക, കാരണം ആരെയും തൻെറ കർമ്മങ്ങൾ രക്ഷപ്പെടുത്തുകയില്ല, അവർ ചോദിക്കുകയുണ്ടായി: പ്രവാചകരെ, താങ്കളെയും രക്ഷപ്പെടുത്തുകയില്ലേ? തിരുമേനി(ﷺ) പറഞ്ഞു: അല്ലാഹുവിൻെറ കാരുണ്യം എന്നെ ചുറ്റി പൊതിഞ്ഞാലല്ലാതെ എന്നെയും രക്ഷപ്പെടുത്തുകയില്ല, നിങ്ങൾ അറിയുക: അല്ലാഹുവിന് ഏറ്റവും കൂടുതൽ ഇഷ്ടമുള്ള പ്രവർത്തനം പതിവായി ചെയ്യുന്ന പ്രവർത്തനങ്ങളാണ്, അത് കുറച്ചാണെങ്കിലും" (ബുഖാരി, മുസ്‌ലിം).**

**137- മുകളിൽ നാം വിവരിച്ച ഹദീസും താഴെ വരുന്ന ആയത്തും എങ്ങിനെയാണ് യോചിപ്പിക്കുക?**

{ وَنُودُوا أَنْ تِلْكُمُ الْجَنَّةُ أُورِثْتُمُوهَا بِمَا كُنْتُمْ تَعْمَلُونَ } (الأعراف:**43**)

'അവരോട് വിളിച്ചുപറയപ്പെടുകയും ചെയ്യും: അതാ, സ്വർഗം. നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി നിങ്ങൾ അതിന്റെ അവകാശികളാക്കപ്പെട്ടിരിക്കുന്നു.' (അഅ്റാഫ് : 43)

**ഉത്തരം: ഹദീസും, ആയത്തും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല. ആയത്തിൽ ഉപയോഗിച്ചിട്ടുള്ള** (باء السببية) **'ബാഅ്' കാരണത്തിൻെറ ബാഅ് ആകുന്നു. അതായത് സൽകർമ്മങ്ങൾ സ്വർഗ പ്രവേശനത്തിനുള്ള കാരണമാകുന്നു. ആ കാരണം കൊണ്ടല്ലാതെ അത് സംഭവിക്കുകയില്ല. അത്കൊണ്ട് തന്നെ സ്വർഗ പ്രവേശനമെന്ന സംഭവം സൽകർമ്മങ്ങൾ പ്രവർത്തിക്കുകയെന്ന കാരണം കൊണ്ടല്ലാതെ സംഭവിക്കുകയില്ലായെന്നർത്ഥം. എന്നാൽ ഹദീസിൽ ഉപയോഗിച്ചിട്ടുള്ള** (باء الثمنية) **'ബാഅ്' സ്വർഗത്തിൻെറ വിലയേ സൂചിപ്പിക്കുന്നതാണ്. അതായത് ഒരു വ്യക്തി തൻെറ ആയുസ് മുഴുവനും പകലിൽ നോമ്പനുഷ്ടിക്കുകയും, രാത്രിയിൽ നിന്ന് നമസ്കരിക്കുകയും, പാപങ്ങൾ മുഴുവനും വെടിയുകയാണെങ്കിൽ പോലും അല്ലാഹു അവന് നൽകിയ പ്രത്യക്ഷവും പരോക്ഷവുമായ കാരുണ്യത്തിൻെറ പത്തിലൊന്നിൻെറ പത്തിലൊന്നിന് തുല്യമാവുകയില്ല. അങ്ങിനെയാണെങ്കിൽ അത് എങ്ങിനെയാണ് സ്വർഗത്തിൻെറ വിലയായി തീരുക.**

{ رَبِّ اغْفِرْ وَارْحَمْ وَأَنْتَ خَيْرُ الرَّاحِمِينَ } (المؤمنون:**118**)

'(നബിയേ,) പറയുക: എന്റെ രക്ഷിതാവേ, നീ പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഏറ്റവും ഉത്തമനാണല്ലോ' (മുഅ്മിനൂൻ :118).

**138-ഖദ്റിൽ പൊതുവെ വിശ്വസിക്കണമെന്നതിന് എന്താണ് തെളിവ്**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَكَانَ أَمْرُ اللهِ قَدَرًا مَقْدُورًا } (الأحزاب:**38**)

'അല്ലാഹുവിന്റെ കൽപന ഖണ്ഡിതമായ ഒരു വിധിയാകുന്നു' (അഹ്സാബ് : 38).

{ لِيَقْضِيَ اللهُ أَمْرًا كَانَ مَفْعُولاً } (الأنفال:**42**)

'പക്ഷെ ഉണ്ടാകേണ്ട ഒരു കാര്യം അല്ലാഹു നിർവഹിക്കുന്നതിന് വേണ്ടിയായിരുന്നു അത്' (അൻഫാൽ: 42).

{ وَكَانَ أَمْرُ اللهِ مَفْعُولاً } (النساء:**47**)

'അല്ലാഹുവിന്റെ കൽപന പ്രാവർത്തികമാക്കപ്പെടുക തന്നെ ചെയ്യും' (നിസാഅ്:47)

{ مَا أَصَابَ مِنْ مُصِيبَةٍ إِلاَّ بِإِذْنِ اللهِ وَمَنْ يُؤْمِنْ بِاللهِ يَهْدِ قَلْبَهُ } (التغابن:**11**)

'അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ യാതൊരു വിപത്തും ബാധിച്ചിട്ടില്ല. വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുന്ന പക്ഷം അവന്റെ ഹൃദയത്തെ അവൻ നേർവഴിയിലാക്കുന്നതാണ്. ' (തഗാബുൻ : 11)

{ وَمَا أَصَابَكُمْ يَوْمَ الْتَقَى الْجَمْعَانِ فَبِإِذْنِ اللهِ } (آل عمران:**166**)

'രണ്ട് സംഘങ്ങൾ ഏറ്റുമുട്ടിയ ആ ദിവസം നിങ്ങൾക്ക് ബാധിച്ച വിപത്ത് അല്ലാഹുവിന്റെ അനുമതിയോടെത്തന്നെയാണുണ്ടായത്' (ആലുഇംറാൻ: 166).

{ الَّذِينَ إِذَا أَصَابَتْهُمْ مُصِيبَةٌ قَالُوا إِنَّا لِلهِ وَإِنَّا إِلَيْهِ رَاجِعُونَ * أُولَئِكَ عَلَيْهِمْ صَلَوَاتٌ مِنْ رَبِّهِمْ وَرَحْمَةٌ وَأُولَئِكَ هُمُ الْمُهْتَدُونَ } (البقرة:**156-157**)

'തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും. അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ' (അൽബഖറ: 156-157).

**ഇത്പോലെ വേറെയും ആയത്തുകൾ കാണാവുന്നതാണ്. അത് പോലെ മുമ്പ് നാം വിവരിച്ച ജിബ്രീൽ(ﷺ)ൻെറ ഹദീസിൽ കാണാം:**

(وَتُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّهِ) رواه البخاري ( **50** ، **4777** ) ، ومسلم ( الإيمان / **1** ، **5** )

**"വിധിയിൽ വിശ്വസിക്കുക, അത് നന്മയാകട്ടെ, തിന്മയാകട്ടെ" (ബുഖാരി, മുസ്ലിം)**

(وَأَعْلَمَ أَنَّ مَا أَصَابَكَ لَمْ يَكُنْ لِيُخْطِئَكَ وَأَنَّ مَا أَخْطَأَكَ لَمْ يَكُنْ لِيُصِيبَكَ) ( صحيح رواه أحمد ( **5** / **182** ، **183** ، **185** ، **189** ) ، وأبو داود ( **4699** ) ، وابن ماجه ( **77** ) ، وسكت عنه الإمام أبو داود وقد صححه الألباني .

**നബി(ﷺ) പറഞ്ഞു: "നീ മനസ്സിലാക്കുക, നിന്നെ ബാധിച്ചതൊന്നും തന്നെ**



**നിന്നിൽ നിന്ന് തെറ്റി പോകുന്നില്ല, നിന്നിൽ നിന്ന് തെറ്റിപോയത് നിനക്ക് ബാധിക്കുകയുമില്ല" (അബൂദാവൂദ്).**

( وَإِنْ أَصَابَكَ شَيْءٌ فَلاَ تَقُلْ لَوْ أَنِّي فَعَلْتُ كَانَ كَذَا وَكَذَا وَلَكِنْ قُلْ قَدَرُ اللهِ وَمَا شَاءَ فَعَلَ فَإِنَّ لَوْ تَفْتَحُ عَمَلَ الشَّيْطَانِ)(رواه مسلم ( القدر / **34** )، وابن ماجه( **79** )

**"ഞാൻ ഇങ്ങനെ പ്രവർത്തിച്ചിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നുവെന്ന് നീ പറയരുത്, പക്ഷെ നീ പറയുക അല്ലാഹു വിധിച്ചതും, അവൻ ഉദ്ദേശിച്ചതും അവൻ പ്രവർത്തിച്ചു, കാരണം (എങ്കിൽ) എന്ന വാക്ക് പിശാചിൻെറ പ്രവർത്തനമാകുന്നു തുടക്കം കുറിക്കുന്നത്" (മുസ്ലിം). പ്രവാചകൻ(ﷺ) പറയുന്നു:**

(كُلُّ شَيْءٍ بِقَدَرٍ حَتَّى الْعَجْزِ وَالْكَيْسِ ) رواه مسلم ( القدر / **18** ) .

**"എല്ലാ കാര്യങ്ങളും ഖദ്ർ മുഖേനയാണ് സംഭവിക്കുന്നത്, ദൗർബല്യവും, ഉൽസാഹവും വരെ" (മുസ്ലിം). ഇതുപോലെ വേറെയും ഹദീസുകൾ കാണാവുന്നതാണ്.**

**139- ഖദ്റിലുള്ള വിശ്വാസത്തിന് എത്ര ഘട്ടങ്ങളുണ്ട്?**

**ഉത്തരം: ഖദ്റിലുള്ള വിശ്വാസത്തിന് നാല് ഘട്ടങ്ങളുണ്ട്.**

**ഒന്നാം ഘട്ടം: എല്ലാത്തിനെയും ചൂഴ്ന്ന് നിൽക്കുന്ന അല്ലാഹുവിൻെറ അറിവിനെ സംബന്ധിച്ചുള്ള വിശ്വാസം, ആകാശഭൂമികളിൽ യാതൊന്നും തന്നെ അല്ലാഹുവിൻെറ ഈ അറിവിൽ നിന്ന് വേറിട്ട് നിൽക്കില്ല. അല്ലാഹു മുഴുവൻ സൃഷ്ടികളെയും അവയെ സൃഷ്ടിക്കുന്നതിന് മുമ്പ് തന്നെ അവയുടെ ഉപജീവനത്തെ സംബന്ധിച്ചും, അവയുടെ അവധി, വാക്കുകൾ, പ്രവർത്തനങ്ങൾ, മുഴുവൻ ചലനങ്ങൾ, നിശ്ചലമായ അവസ്ഥകൾ, രഹസ്യം, പരസ്യം എന്നിവ അറിഞ്ഞിരിക്കുന്നു, അവയിൽ ആരെല്ലാമാണ് സ്വർഗത്തിൽ, ആരെല്ലാമാണ് നരകത്തിൽ എന്നും അല്ലാഹു അറിഞ്ഞിരിക്കുന്നു.**

**രണ്ടാം ഘട്ടം: അല്ലാഹുവിൻെറ മുൻകടന്ന അറിവ് മുഖേന മുകളിൽ വിവരിച്ച മുഴുവൻ കാര്യങ്ങളും ഒരു ഫലകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ പെട്ടതാണ് ഫലകത്തിലും, പേനയിലുമുള്ള വിശ്വാസം.**

**മൂന്നാം ഘട്ടം: എല്ലാം ഉൾകൊള്ളുന്ന അല്ലാഹുവിൻെറ കഴിവിലും, തുറന്ന്**

**വെച്ച അല്ലാഹുവിൻെറ ഉദ്ദേശത്തിലുമുള്ള വിശ്വാസം. എന്താണ് ഉണ്ടായത്, എന്താണ് ഉണ്ടാകാൻ പോകുന്നത് എന്നതിൽ ഇവ രണ്ടും പരസ്പരം പൂരകങ്ങളാണ്, എന്നാൽ എന്താണ് ഉണ്ടാവാത്തത്, എന്താണ് ഉണ്ടാകാതിരിക്കുവാൻ പോകുന്നത് എന്നതിൽ ഇവ രണ്ടും പരസ്പരം പൂരകങ്ങളല്ല. അല്ലാഹു എന്താണോ ഉദ്ദേശിക്കുന്നത് അത് അവൻെറ കഴിവിനാൽ ഉണ്ടാകുന്നു, അതിൽ യാതൊരു സംശയവുമില്ല. അത് പോലെ അല്ലാഹു എന്താണോ ഉദ്ദേശിക്കാത്തത് അത് ഉണ്ടാകുകയും ചെയ്യുന്നില്ല. ഉണ്ടാവാത്തത് അല്ലാഹുവിൻെറ കഴിവ്കേട് കൊണ്ടല്ല, മറിച്ച് അല്ലാഹു ഉദ്ദേശിക്കാത്തത് കൊണ്ടാണ്. അല്ലാഹു പറയുന്നു:**

{وَمَا كَانَ اللَّهُ لِيُعْجِزَهُ مِنْ شَيْءٍ فِي السَّمَوَاتِ وَلاَ فِي الأَرْضِ إِنَّهُ كَانَ عَلِيمًا قَدِيرًا}

(فاطر:**44**)

'ആകാശങ്ങളിലും ഭൂമിയിലുമുള്ള യാതൊന്നിനും അല്ലാഹുവെ തോൽപിക്കാനാവില്ല. തീർച്ചയായും അവൻ സർവ്വജ്ഞനും സർവ്വശക്തനുമാകുന്നു' (ഫാത്വിർ : 44).

**നാലാം ഘട്ടം: ആകാശഭൂമികളിലുള്ളതും, അതിനിടയിലുള്ളതുമായ മുഴുവൻ സൃഷ്ടികളെയും സൃഷ്ടിച്ചതും, അവരുടെ ചലനങ്ങളെയും, നിശ്ചലമായ അവസ്ഥയെയും സൃഷ്ടിച്ചതും അല്ലാഹുവാണെന്ന് വിശ്വസിക്കുക. അല്ലാഹുവല്ലാതെ ഒരു സൃഷ്ടാവോ, രക്ഷിതാവോ ഇല്ല തന്നെ.**

**140- അല്ലാഹുവിൻെറ മുൻകടന്ന അറിവെന്ന ഖദ്റിൻെറ ഒന്നാം ഘട്ടത്തിനുള്ള തെളിവ് എന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ هُوَ اللَّهُ الَّذِي لاَ إِلَهَ إِلاَّ هُوَ عَالِمُ الْغَيْبِ وَالشَّهَادَةِ } (الحشر:**22**)

'താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ' (ഹശ്ർ ; 22).

{ وَأَنَّ اللَّهَ قَدْ أَحَاطَ بِكُلِّ شَيْءٍ عِلْمًا } (الطلاق:**12**)

'അല്ലാഹു ഏതു വസ്തുവെയും ചൂഴ്ന്ന് അറിയുന്നവനായിരിക്കുന്നു' (ത്വലാഖ്: 12)



{ عَالِمِ الْغَيْبِ لاَ يَعْزُبُ عَنْهُ مِثْقَالُ ذَرَّةٍ فِي السَّمَوَاتِ وَلاَ فِي الْأَرْضِ وَلاَ أَصْغَرُ مِنْ ذَلِكَ وَلاَ أَكْبَرُ } (سبأ:**3**)

'അദൃശ്യകാര്യങ്ങൾ അറിയുന്നവനായ (രക്ഷിതാവ്). ആകാശങ്ങളിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കമുള്ളതോ അതിനെക്കാൾ ചെറുതോ വലുതോ ആയ യാതൊന്നും അവനിൽ നിന്ന് മറഞ്ഞ് പോകുകയില്ല.' (സബഅ്: 3)

{ وَعِنْدَهُ مَفَاتِحُ الْغَيْبِ لاَ يَعْلَمُهَا إِلاَّ هُوَ } (الأنعام:**59**)

'അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല'(അൻആം : 59).

{ اللَّهُ أَعْلَمُ حَيْثُ يَجْعَلُ رِسَالَتَهُ } (الأنعام:**124**)

'എന്നാൽ അല്ലാഹുവിന്ന് നല്ലവണ്ണമറിയാം; തന്റെ ദൗത്യം എവിടെയാണ് ഏൽപിക്കേണ്ടതെന്ന്' (അൻആം : 124).

{ إِنَّ رَبَّكَ هُوَ أَعْلَمُ بِمَنْ ضَلَّ عَنْ سَبِيلِهِ وَهُوَ أَعْلَمُ بِالْمُهْتَدِينَ } (النحل:**125**)

'തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ച് പോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സൻമാർഗം പ്രാപിച്ചവരെപ്പറ്റിയും നല്ലവണ്ണം അറിയുന്നവനത്രെ' (നഹ്ൽ: 125).

{ أَلَيْسَ اللَّهُ بِأَعْلَمَ بِالشَّاكِرِينَ } (الأنعام:**53**)

'നന്ദികാണിക്കുന്നവരെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനല്ലയോ?' (അൻആം: 53).

{ أَوَلَيْسَ اللَّهُ بِأَعْلَمَ بِمَا فِي صُدُورِ الْعَالَمِينَ } (العنكبوت:**10**)

'ലോകരുടെ ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനല്ലയോ?' (അൻകബൂത്ത് : 10)

{ وَإِذْ قَالَ رَبُّكَ لِلْمَلاَئِكَةِ إِنِّي جَاعِلٌ فِي الْأَرْضِ خَلِيفَةً قَالُوا أَتَجْعَلُ فِيهَا مَنْ يُفْسِدُ فِيهَا وَيَسْفِكُ الدِّمَاءَ وَنَحْنُ نُسَبِّحُ بِحَمْدِكَ وَنُقَدِّسُ لَكَ قَالَ إِنِّي أَعْلَمُ مَا لاَ تَعْلَمُونَ } (البقرة:**30**)

‘ഞാനിതാ ഭൂമിയിൽ ഒരു ഖലീഫയെ നിയോഗിക്കാൻ പോകുകയാണ് എന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക). അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിയോഗിക്കുന്നത്? ഞങ്ങളാകട്ടെ നിന്റെ മഹത്വത്തെ പ്രകീർത്തിക്കുകയും, നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നവരല്ലോ. അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾക്കറിഞ്ഞുകൂടാത്തത് എനിക്കറിയാം’ (അൽബഖറ : 30)

{ وَعَسَى أَنْ تَكْرَهُوا شَيْئًا وَهُوَ خَيْرٌ لَكُمْ وَعَسَى أَنْ تُحِبُّوا شَيْئًا وَهُوَ شَرٌّ لَكُمْ وَاللَّهُ يَعْلَمُ وَأَنْتُمْ لاَ تَعْلَمُونَ } (البقرة:**216**)

എന്നാൽ ഒരു കാര്യം നിങ്ങൾ വെറുക്കുകയും (യഥാർത്ഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർത്ഥത്തിൽ) നിങ്ങൾക്കത് ദോഷകരമായിരി ക്കുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല’ (അൽബഖറ : 216).

**സ്വഹീഹായ ഹദീസിൽ നമുക്ക് കാണാവുന്നതാണ്, ഒരാൾ പ്രവാചകൻ(ﷺ)യുടെ അടുത്ത് വന്ന് കൊണ്ട് ചോദിക്കുകയുണ്ടായി: പ്രവാചകരെ, സ്വർഗീയ വാസികൾ ആരാണെന്നും, നരക വാസികൾ ആരാണെന്നും വേർതിരിച്ചറിയുമോ? അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: അതെ, അപ്പോൾ ചോദിക്കുകയുണ്ടായി: പിന്നെ എന്തിനാണ് പ്രവർത്തിക്കുന്നവർ പ്രവർത്തിക്കുന്നത്? തിരുമേനി(ﷺ) പറയുകയുണ്ടായി:**

(قَالَ كُلٌّ يَعْمَلُ لِمَا خُلِقَ لَهُ أَوْ لِمَا يُسِّرَ لَهُ ) رواه البخاري ( **6596** ، **7551** ) ، ومسلم ( القدر / **9** ) .

**“എല്ലാവരും അവർ എന്തിനാണോ സൃഷ്ടിക്കപ്പെട്ടത് അതിന് വേണ്ടി പ്രവർത്തിക്കേണ്ടതുണ്ട്, അല്ലെങ്കിൽ അവന് എളുപ്പമാക്കിയത് പ്രവർത്തിക്കേണ്ടതുണ്ട്” (ബുഖാരി, മുസ്ലിം).**

**മുശ്രിക്കുകളുടെ കുട്ടികളെ സംബന്ധിച്ച് പ്രവാചകൻ(ﷺ) പറയുന്നു:**



(اللَّهُ إِذْ خَلَقَهُمْ أَعْلَمُ بِمَا كَانُوا عَامِلِينَ )رواه البخاري( **1383** )ومسلم(القدر/ **27** ، **28** )

**“അല്ലാഹു അവരെ സൃഷ്ടിച്ചിരിക്കുന്നുവെങ്കിൽ, അവർ ചെയ്യുന്നതിനെപ്പറ്റിയും അല്ലാഹുവിന് വ്യക്തമായി അറിയുന്നവനാകുന്നു” (ബുഖാരി, മുസ്ലിം). തിരുമേനി(ﷺ) പറയുന്നു:**

(إِنَّ اللَّهَ خَلَقَ لِلْجَنَّةِ أَهْلاً خَلَقَهُمْ لَهَا وَهُمْ فِي أَصْلاَبِ آبَائِهِمْ وَخَلَقَ لِلنَّارِ أَهْلاً خَلَقَهُمْ لَهَا وَهُمْ فِي أَصْلاَبِ آبَائِهِمْ ) رواه مسلم ( القدر / **31** ) .

**“തീർച്ചയായും അല്ലാഹു സ്വർഗത്തിൻെറ അവകാശികളെ സൃഷ്ടിച്ചിരിക്കുന്നു, അവർ അവരുടെ പിതാക്കളുടെ മുതുകിലായിരിക്കെ, അതുപോലെ നരകത്തിനും അവകാശികളെ സൃഷ്ടിച്ചിരിക്കുന്നു അവർ അവരുടെ പിതാ ക്കളുടെ മുതുകിലായിരിക്കെ”(മുസ്ലിം). പ്രവാചക തിരുമേനി(ﷺ) പറയുന്നു:**

(إِنَّ الرَّجُلَ لَيَعْمَلُ عَمَلَ أَهْلِ الْجَنَّةِ فِيمَا يَبْدُو لِلنَّاسِ وَهُوَ مِنْ أَهْلِ النَّارِ وَإِنَّ الرَّجُلَ لَيَعْمَلُ عَمَلَ أَهْلِ النَّارِ فِيمَا يَبْدُو لِلنَّاسِ وَهُوَ مِنْ أَهْلِ الْجَنَّةِ ) رواه البخاري ( **2898** ، **4202** ، **4207** ) ، ومسلم ( الإيمان / **179** )

**“തീർച്ചയായും ഒരു മനുഷ്യൻ സ്വർഗത്തിലേക്കവനെ എത്തിക്കുന്ന പ്രവർത്തനം ചെയ്യും, എന്നാൽ ജനങ്ങൾക്ക് തോന്നുന്നത് അവൻ നരകാവകാശിയാണെന്നാണ്, അതുപോലെ ഒരാൾ നരകത്തിലേക്ക് പ്രവേശിക്കുന്ന പ്രവർത്തനം ചെയ്യുന്നതാണ്, പക്ഷേ ജനങ്ങൾക്ക് തോന്നുന്നത് അവൻ സ്വർഗവകാശിയാണെന്നാണ്” (ബുഖാരി, മുസ്ലിം).**

**റസൂലുല്ലാഹി(ﷺ) വീണ്ടും തുടരുന്നു:**

( مَا مِنْكُمْ مِنْ نَفْسٍ إِلاَّ وَقَدْ عُلِمَ مَنْزِلُهَا مِنَ الْجَنَّةِ وَالنَّارِ قَالُوا: يَا رَسُولَ اللَّهِ فَلِمَ نَعْمَلُ أَفَلاَ نَتَّكِلُ، قَالَ: لاَ اعْمَلُوا فَكُلٌّ مُيَسَّرٌ لِمَا خُلِقَ لَهُ ثُمَّ قَرَأَ ( فَأَمَّا مَنْ أَعْطَى

وَاتَّقَى وَصَدَّقَ بِالْحُسْنَى ) إِلَى قَوْلِهِ ( فَسَنُيَسِّرُهُ لِلْعُسْرَى ) رواه البخاري ( **1362** ، **4945** ، **4946** ) ، ومسلم ( القدر/ **6** ، **7** ) .

**"നിങ്ങളുടെ ഓരോരുത്തരുടെയും സ്ഥാനങ്ങൾ സ്വർഗത്തിലാണോ, നരകത്തിലാണോ എന്ന് അല്ലാഹുവിന് വ്യക്തമായി അറിയുന്നതാണ്. അപ്പോൾ സ്വഹാബികൾ ചോദിച്ചു: പ്രവാചകരെ, എങ്കിൽ ഞങ്ങൾക്ക് അതിൽ തവക്കുലാക്കി ജീവിച്ചു കൂടെ, അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: ഇല്ല, നിങ്ങൾക്ക് വിധിച്ചിട്ടുള്ള മുഴുവൻ കാര്യങ്ങളും അതിൻെറ എളുപ്പമാർഗത്തിലൂടെ നിങ്ങൾ പ്രവർത്തിക്കുക. പിന്നീട് സൂറത്ത് ലൈലിലെ അഞ്ച് മുതൽ പത്ത് വരെയുള്ള ആയത്ത് പാരായണം ചെയ്തു:**

'എന്നാൽ ഏതൊരാൾ ദാനം നൽകുകയും, സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവന്നു നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തി കൊടുക്കുന്നതാണ്. എന്നാൽ ആർ പിശുക്കു കാണിക്കുകയും, സ്വയം പര്യാപ്തത നടിക്കുകയും, ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചു തള്ളുകയും ചെയ്തുവോ അവന്നു നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കികൊടുക്കുന്നതാണ്' (ലൈൽ: 5–10). **(ബുഖാരി, മുസ്ലിം).**

**ഇതുപോലെ വേറെയും ഹദീസുകൾ കാണാവുന്നാതണ്.**

**141- ഖദ്റിലെ വിശ്വാസത്തിലെ രണ്ടാം ഘടമായ ഖദ്റുകൾ രേഖപ്പെടുത്തപ്പെട്ടതിൽ വിശ്വസിക്കുന്നതിനുള്ള തെളിവുകൾ പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَكُلَّ شَيْءٍ أحْصَيْنَاهُ فِي إِمَامٍ مُبِينٍ } (يس: **12**)

'എല്ലാകാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തി വെച്ചിരിക്കുന്നു' (യാസീൻ:12).

{ إِنَّ ذَلِكَ فِي كِتَابٍ } (الحج: **70**)

'തീർച്ചയായും അത് ഒരു രേഖയിലുണ്ട്' (ഹജ്ജ്:70).

{ قَالَ فَمَا بَالُ الْقُرُونِ الأولَى * قَالَ عِلْمُهَا عِنْدَ رَبِّي فِي كِتَابٍ لاَ يَضِلُّ رَبِّي وَلاَ



يَنْسَى } (طه: **51-52**)

'അവൻ പറഞ്ഞു: അപ്പോൾ മുൻ തലമുറകളുടെ അവസ്ഥയെന്താണ്? അദ്ദേഹം പറഞ്ഞു: അവരെ സംബന്ധിച്ചുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ ഒരു രേഖയിലുണ്ട്. എന്റെ രക്ഷിതാവ് പിഴച്ച് പോകുകയില്ല. അവൻ മറന്നു പോകുകയുമില്ല' (ത്വാഹാ: 51 –52).

{ وَمَا تَحْمِلُ مِنْ أُنْثَى وَلاَ تَضَعُ إِلاَّ بِعِلْمِهِ وَمَا يُعَمَّرُ مِنْ مُعَمَّرٍ وَلاَ يُنْقَصُ مِنْ عُمُرِهِ إِلاَّ فِي كِتَابٍ إِنَّ ذَلِكَ عَلَى اللَّهِ يَسِيرٌ } (فاطر: **11**)

അവന്റെ അറിവനുസരിച്ചല്ലാതെ ഒരു സ്ത്രീയും ഗർഭം ധരിക്കുന്നില്ല, പ്രസവിക്കുന്നുമില്ല. ഒരു ദീർഘായുസ്സ് നൽകപ്പെട്ട ആൾക്കും ആയുസ്സ് നീട്ടി കൊടുക്കപ്പെടുന്നതോ അയാളുടെ ആയുസ്സിൽ കുറവ് വരുത്തപ്പെടുന്നതോ ഒരു രേഖയിൽ ഉള്ളത് അനുസരിച്ചല്ലാതെ നടക്കുന്നില്ല. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ളതാകുന്നു' (ഫാത്വിർ :11).

**പ്രവാചകൻ(ﷺ) പറയുന്നു:**

(قَالَ مَا مِنْكُمْ مِنْ أَحَدٍ مَا مِنْ نَفْسٍ مَنْفُوسَةٍ إِلاَّ كُتِبَ مَكَانُهَا مِنَ الْجَنَّةِ وَالنَّارِ وَإِلاَّ قَدْ كُتِبَ شَقِيَّةً أَوْ سَعِيدَةً ) (مسلم).

**"നിങ്ങളിൽ നിന്നും ഒരാളും തന്നെ, ശ്വസിക്കുന്ന മനുഷ്യരിൽ ഒരാളും തന്നെ അവരുടെ സ്ഥാനം സ്വർഗത്തിലോ നരകത്തിലോ രേഖപ്പെടുത്തപ്പെടാത്തതായി ഇല്ല, അതുപോലെ അവൻ സൗഭാഗ്യവാനോ, ദൗർഭാഗ്യവാനോ ആയി രേഖപ്പെടുത്തപ്പെടാതെ നിങ്ങളിൽ ഒരാളും തന്നെയില്ല" (മുസ്ലിം).**

**പ്രവാചകൻ(ﷺ) യുടെ അടുത്ത് സുറാഖത്തുബ്നുമാലിക്(رضي الله عنه) വന്ന് ചോദിക്കുകയുണ്ടായി:**

(يَا رَسُولَ اللَّهِ بَيِّنْ لَنَا دِينَنَا كَأَنَّا خُلِقْنَا الآنَ فِيمَا الْعَمَلُ الْيَوْمَ أَفِيمَا جَفَّتْ بِهِ الأَقْلاَمُ وَجَرَتْ بِهِ الْمَقَادِيرُ أَمْ فِيمَا نَسْتَقْبِلُ قَالَ: لاَ بَلْ فِيمَا جَفَّتْ بِهِ الأَقْلاَمُ وَجَرَتْ بِهِ الْمَقَادِيرُ، قَالَ: فَفِيمَ الْعَمَلُ قَالَ: اعْمَلُوا فَكُلٌّ مُيَسَّرٌ وفي رواية: كُلُّ عَامِلٍ مُيَسَّرٌ لِعَمَلِهِ) رواه مسلم ( القدر/ **8** ) .

**“പ്രവാചകരെ, ഞങ്ങൾക്ക് ഞങ്ങളുടെ ദീൻ പഠിപ്പിച്ച് തന്നാലും, ഞങ്ങൾ ഇപ്പോൾ സൃഷ്ടിക്കപ്പെട്ടത് പോലെയാണ്, ഇന്നേ ദിവസം എന്താണ് ചെയ്യേണ്ടത്, പേനകളുടെ മഷി ഉണങ്ങുകയും, വിധികൾ രേഖപ്പെടുത്തപ്പെടുകയും ചെയ്തതോ, അതോ ഞങ്ങൾ ചെയ്യുന്ന കാര്യങ്ങൾ ആണോ രേഖപ്പെടുത്തുന്നത്? അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: “അല്ല, പേനയുടെ മഷി ഉണങ്ങിയതും, ഖദ്ർ രേഖപ്പെടുത്തപ്പെട്ടതുമാണ്” അപ്പോൾ വീണ്ടും ചോദിച്ചു: പിന്നെ എന്തിനാണ് പ്രവർത്തിക്കുന്നത്? തിരുമേനി(ﷺ) പറയുകയുണ്ടായി: “നിങ്ങൾ എല്ലാ എളുപ്പ മാർഗത്തിലൂടെയും അതിന് വേണ്ടി പ്രവർത്തിക്കുക, മറ്റൊരു റിപ്പോർട്ടിലുള്ളത്: പ്രവർത്തിക്കുന്ന എല്ലാവർക്കും അവരുടെ പ്രവർത്തനത്തിലേക്ക് എളുപ്പം നൽകുന്നു”. (മുസ്‌ലിം).**
**ഇതുപോലെ വേറെയും ഹദീസുകൾ കാണാവുന്നതാണ്.**

**142- ഈ ഘട്ടത്തിൽ ഖദ്റിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾകൊള്ളുന്നത്?**

**ഉത്തരം: ഖദ്റിന്റെ അഞ്ച് കാര്യങ്ങളാണ് ഇതിൽ ഉൾകൊള്ളുന്നത്. ഇതെല്ലാം തന്നെ ഖദ്റിന്റെ ഭാഗമായ അല്ലാഹുവിന്റെ അറിവിൽ ഉൾകൊള്ളുന്നതാണ് താനും.**
**ഒന്ന്: ആകാശഭൂമികൾ സൃഷ്ടിക്കുന്നതിന് മുമ്പ് അമ്പതിനായിരം വർഷങ്ങൾക്ക് മുമ്പ് പേനയെ സൃഷ്ടിച്ച സന്ദർഭത്തിൽ അല്ലാഹു എല്ലാം രേഖപ്പെടുത്തി വെച്ചിരിക്കുന്നു. ഇതാണ്** (التقدير الأزلي) **ഖദ്റിന്റെ അടിസ്ഥാനം.**
**രണ്ട്: അല്ലാഹു നമ്മിൽ നിന്നും കരാർ സ്വീകരിച്ച സന്ദർഭത്തിൽ:**

{أَلَسْتُ بِرَبِّكُمْ} (الأعراف:**172**)

“(അവൻ ചോദിച്ചു:) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ?’(അഅ്റാഫ്: 172)
**രേഖപ്പെടുത്തപ്പെട്ട ആയുസ്കാല ഖദർ.**
**മൂന്ന്: ഗർഭാശയത്തിൽ ഗർഭസ്ഥ ശിശുവിന് ആത്മാവ് നൽകിയ വേളയിൽ രേഖപ്പെടുത്തപ്പെട്ട ആയുസ്കാല ഖദ്ർ.**
**നാല്: ലൈലത്തുൽ ഖദ്റിൽ രേഖപ്പെടുത്തപ്പെട്ട വാർഷത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ രേഖപ്പെടുത്തപ്പെട്ട ഖദ്ർ..**



**അഞ്ച്: ഓരോ ദിവസത്തിലും സംഭവിക്കുന്ന കാര്യങ്ങൾ രേഖപ്പെടുത്തപ്പെട്ട ഖദ്ർ. ഇത് എല്ലാം കാര്യങ്ങളും അതിന്റെ സ്ഥാനത്ത് തന്നെ നടപ്പിലാക്കുന്ന ഖദ്റാകുന്നു.**

**143- എന്താണ്** (التقدير الأزلي) **ക്ക് തെളിവ് എന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{مَا أَصَابَ مِنْ مُصِيبَةٍ فِي الأَرْضِ وَلاَ فِي أَنْفُسِكُمْ إِلاَّ فِي كِتَابٍ مِنْ قَبْلِ أَنْ نَبْرَأَهَا } (الحديد:**22**) .

‘ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു’ (ഹദീദ് :22).

**പ്രവാചകൻ(ﷺ) പറയുന്നു:**

(كَتَبَ اللهُ مَقَادِيرَ الْخَلاَئِقِ قَبْلَ أَنْ يَخْلُقَ السَّمَوَاتِ وَالأَرْضَ بِخَمْسِينَ أَلْفَ سَنَةٍ قَالَ وَعَرْشُهُ عَلَى الْمَاءِ) رواه مسلم ( القدر / **16** ) ، وأحمد ( **2** / **169** ) ، والترمذي ( **2156** ) .

**“ആകാശ ഭൂമികൾ സൃഷ്ടിക്കുന്നതിന് അൻപതിനായിരം വർഷങ്ങൾക്ക് മുമ്പ് അല്ലാഹു സൃഷ്ടികളുടെ ഖദ്റുകൾ എല്ലാം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു, അവന്റെ സിംഹാസനം വെള്ളത്തിന് മുകളിലാകുന്നു” (മുസ്‌ലിം, അഹ്മദ്).**

**പ്രവാചകൻ(ﷺ) വീണ്ടും പറയുന്നു:**

( إِنَّ أَوَّلَ مَا خَلَقَ اللهُ الْقَلَمَ فَقَالَ: لَهُ اكْتُبْ قَالَ: رَبِّ وَمَاذَا أَكْتُبُ قَالَ: اكْتُبْ مَقَادِيرَ كُلِّ شَيْءٍ حَتَّى تَقُومَ السَّاعَةُ) صحيح رواه أحمد ( **5** / **317** ) ، وأبو داود ( **4700** ) ، والترمذي (**2155** ) ، وابن أبي عاصم ( **102** ، **103** ، **104** ، **105** )

قال الترمذي : هذا حديث غريب من هذا الوجه ، وسكت عنه أبـو داود ، وقـد صححه الشيخ الألباني .

**“ആദ്യമായി അല്ലാഹു സൃഷ്ടിച്ചത് പേനയാണ്, എന്നിട്ട് അതിനോട് പറയുകയുണ്ടായി: നീ എഴുതുക. അപ്പോൾ പേന ചോദിച്ചു: ഞാനെന്താണ് എഴുതേണ്ടത്? അല്ലാഹു പറയുന്നു: അവസാന നാൾ വരെയുള്ള മുഴുവൻ സൃഷ്ടികളുടെയും ഖദ്ർ നീ എഴുതുക” (അഹ്മദ്, സ്വഹീഹായ ഹദീസ്). തിരുമേനി(ﷺ) അബൂഹുറൈറ(ﷺ)വിനോട് പറയുന്നത് നോക്കുക:**

(يا أبا هريرة جَفَّ الْقَلَمُ بِمَا هُوَ كَائِنٌ ) رواه البخاري ( **5076** ) .

**“അല്ലയോ അബൂഹുറൈറ ഉണ്ടാകേണ്ട മുഴുവൻ കാര്യങ്ങളുടെയും ഖദ്ർ രേഖപ്പെടുത്തി പേന ഉണങ്ങിയിരിക്കുന്നു” (ബുഖാരി)**

**144- ആയുസ്സിൽ രേഖപ്പെടുത്തപ്പെട്ട** (التقدير العمـري) **ക്ക് തെളിവ് പറയുക ?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَإِذْ أَخَذَ رَبُّكَ مِنْ بَنِي آدَمَ مِنْ ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْـهَدَهُمْ عَلَى أَنْفُسِـهِمْ أَلَسْـتُ بِرَبِّكُمْ قَالُوا بَلَى شَهِدْنَا } (الأعراف:**172**)

‘നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ട് വരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക.) (അവൻ ചോദിച്ചു:) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യം വാഹിച്ചിരിക്കുന്നു’ (അഅ്റാഫ്: 172).

**ഇസ്ഹാഖ്ബ്നു റാഹവൈഹി ഇങ്ങനെ റിപ്പോർട്ട് ചെയ്തതായി നമുക്ക് കാണാം:**

« أن رجلا قال : يا رسول الله ، أتبتدأ الأعمال أم قد مضى القضاء ؟ فقـال : " إن الله تعالى لما أخرج ذرية آدم من ظهره أشـهدهم على أنفسـهم ثـم أفـاض بهـم في



كفيه فقال : هؤلاء للجنة وهؤلاء للنار ، فأهل الجنة ميسرون لعمل أهل الجنة ، وأهل النار ميسرون لعمـل أهـل النـار » ( ضـعيف ) رواه البـيهقي في الأسـماء والصفات ( **326** ) ، ورواه أيضا الطبري في تفسيره ( **9** / **80** ، **81** ) قال الحـافظ في المطالب : حديث غريب ، وعلق عليه الأعظمي بقوله : أخرجه الـبزار أيضـا ، قال البوصيري : رواه إسحاق والبزار بسند ضعيف ( **1** / **89** )

**“ഒരാൾ തിരുമേനി(ﷺ)യുടെ അടുത്ത് വന്ന് കൊണ്ട് പറഞ്ഞു: അല്ലയോ പ്രവാചകരെ, പ്രവർത്തനങ്ങൾ ചെയ്യേണ്ടതില്ലേ, അതോ ഖളാഅ് കഴിഞ്ഞ് പോയോ? പറയുകയുണ്ടായി: “തീർച്ചയായും അല്ലാഹു മനുഷ്യരെ ആദമിന്റെ മുതുകിൽ നിന്ന് പുറത്ത് കൊണ്ട് വന്നപ്പോൾ അവർ സ്വന്തത്തിനെതിരായി തന്നെ സാക്ഷ്യം വഹിച്ചിട്ടുണ്ട്, പിന്നെ തന്റെ രണ്ട് മുൻ കയ്യിൽ അവരെ ഒഴുക്കി, എന്നിട്ട് പറഞ്ഞു: ഇവർ സ്വർഗത്തിലേക്കും, ഇവർ നരകത്തിലേക്കുമാണ്. സ്വർഗീയവാസികൾക്ക് സ്വർഗത്തിലേക്കെത്തിക്കുന്ന പ്രവർത്തനം ചെയ്യുവാൻ എളുപ്പം നൽകുന്നു, നരകാവകാശികൾക്ക് നരകത്തിലേക്കെത്തിക്കുന്ന പ്രവർത്തനത്തിനും എളുപ്പം നൽകുന്നതാണ്” (ദുർബലമായ ഹദീസാണ് ഇത്).**

**ഇമാം മാലികിന്റെ മുവത്വയിൽ കാണാം:**

عَنْ مُسْلِمِ بْنِ يَسَارٍ الْجُهَنِيِّ أَنَّ عُمَرَ ابْنَ الْخَطَّابِ سُئِلَ عَنْ هَذِهِ الآيَةِ: ( وَإِذْ أَخَذَ رَبُّكَ مِنْ بَنِي آدَمَ مِنْ ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَى أَنْفُسِهِمْ أَلَسْتُ بِرَبِّكُمْ قَالُوا بَلَى شَهِدْنَا أَنْ تَقُولُوا يَوْمَ الْقِيَامَةِ إِنَّا كُنَّا عَنْ هَذَا غَافِلِينَ ) (الأعراف:**172**) فَقَالَ عُمَرُ بْنُ الْخَطَّابِ سَمِعْتُ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يُسْأَلُ عَنْهَا فَقَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِنَّ اللَّهَ تَبَارَكَ وَتَعَالَى خَلَقَ آدَمَ ثُمَّ مَسَحَ ظَهْـرَهُ بِيَمِينِـهِ فَاسْتَخْرَجَ مِنْهُ ذُرِّيَّةً فَقَالَ: خَلَقْتُ هَؤُلاَءِ لِلْجَنَّةِ وَبِعَمَلِ أَهْلِ الْجَنَّـةِ يَعْمَلُـونَ ثُـمَّ مَسَحَ ظَهْرَهُ فَاسْتَخْرَجَ مِنْهُ ذُرِّيَّةً فَقَالَ: خَلَقْتُ هَـؤُلاَءِ لِلنَّـارِ وَبِعَمَـلِ أَهْـلِ النَّـارِ

يَعْمَلُونَ) ( صحيح ) رواه أحمد ( **1 / 44 ، 45** ) ، وأبو داود ( **4703 ، 4704** ) ، والترمذي ( **3075** ) ، والحاكم ( **2 / 324 ، 325** ) ، والسنة لابن أبي عاصم ( **196 ، 201** ) ، وقد سكت عنه الإمام أبو داود ، وقال الترمذي : هذا حديث حسن وقد صححه الحاكم ووافقه الذهبي ، وقال الشيخ الألباني بعد أن ساق طرقه في الصحيحة ( **1623** ) : وجملة القول أن الحديث صحيح بل متواتر المعنى كما سبق ، اهـ.

**"ഉമർ ഖത്വാബ്(ﷺ)വിനോട് താഴെ വരുന്ന ആയത്തിനെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി:**

'നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ട് വരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക.) (അവൻ ചോദിച്ചു:) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യം വാഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു. എന്ന് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്.)' (അഅ്റാഫ്: 172).

**അപ്പോൾ ഉമർ(ﷺ) പറയുകയുണ്ടായി: പ്രവാചകനോട് ഈ ആയത്തിനെ സംബന്ധിച്ച് ചോദിക്കപ്പെട്ടപ്പോൾ പറയുകയുണ്ടായി: "ഉന്നതനും പ്രതാപവാനുമായ അല്ലാഹു ആദമിനെ സൃഷ്ടിച്ചു, എന്നിട്ട് ആദമിൻെറ മുതുകിൽ തൻെറ വലത് കൈ കൊണ്ട് തടവിയിട്ട് കുറെ സന്താനങ്ങളെ പുറത്ത് കൊണ്ട് വന്നു, എന്നിട്ട് പറയുകയുണ്ടായി: ഇവരെ സ്വർഗത്തിന് വേണ്ടിയാണ് ഞാൻ സൃഷ്ടിച്ചരിക്കുന്നത്, അങ്ങിനെ അവർ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നതാണ്, പിന്നെ ആദമിൻെറ മുതുക് തടവി കുറച്ച് സന്താനങ്ങളെ പുറത്ത് കൊണ്ട് വന്നു, എന്നിട്ട് പറയുകയുണ്ടായി: ഇവരെ നരകത്തിന് വേണ്ടിയാണ് ഞാൻ സൃഷ്ടിച്ചിരിക്കുന്നത്. അങ്ങിനെ അവർ നരകത്തിൻെറ പ്രവർത്തനങ്ങളും ചെയ്യുന്നതാണ്" (അഹ്മദ്, തിർമിദി, അബൂദാവൂദ്. സ്വഹീഹായ ഹദീസാണ്).**

**തിർമിദിയിൽ നമുക്ക് അബ്ദുല്ലാ ഇബ്നു അംറ്ﷺവിൻെറ ഹദീസിൽ പറയുന്നു:**



عَنْ عَبْدِ اللَّهِ بْنِ عَمْرِو بْنِ الْعَاصِ قَالَ خَرَجَ عَلَيْنَا رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَفِي يَدِهِ كِتَابَانِ فَقَالَ: أَتَدْرُونَ مَا هَذَانِ الْكِتَابَانِ فَقُلْنَا لاَ يَا رَسُولَ اللَّهِ إِلاَّ أَنْ تُخْبِرَنَا فَقَالَ لِلَّذِي فِي يَدِهِ الْيُمْنَى هَذَا كِتَابٌ مِنْ رَبِّ الْعَالَمِينَ فِيهِ أَسْمَاءُ أَهْلِ الْجَنَّةِ وَأَسْمَاءُ آبَائِهِمْ وَقَبَائِلِهِمْ ثُمَّ أُجْمِلَ عَلَى آخِرِهِمْ فَلاَ يُزَادُ فِيهِمْ وَلاَ يُنْقَصُ مِنْهُمْ أَبَدًا ثُمَّ قَالَ: لِلَّذِي فِي شِمَالِهِ هَذَا كِتَابٌ مِنْ رَبِّ الْعَالَمِينَ فِيهِ أَسْمَاءُ أَهْلِ النَّارِ وَأَسْمَاءُ آبَائِهِمْ وَقَبَائِلِهِمْ ثُمَّ أُجْمِلَ عَلَى آخِرِهِمْ فَلاَ يُزَادُ فِيهِمْ وَلاَ يُنْقَصُ مِنْهُمْ أَبَدًا فَقَالَ: أَصْحَابُهُ فَفِيمَ الْعَمَلُ يَا رَسُولَ اللَّهِ إِنْ كَانَ أَمْرٌ قَدْ فُرِغَ مِنْهُ فَقَالَ: سَدِّدُوا وَقَارِبُوا فَإِنَّ صَاحِبَ الْجَنَّةِ يُخْتَمُ لَهُ بِعَمَلِ أَهْلِ الْجَنَّةِ وَإِنْ عَمِلَ أَيَّ عَمَلٍ وَإِنَّ صَاحِبَ النَّارِ يُخْتَمُ لَهُ بِعَمَلِ أَهْلِ النَّارِ وَإِنْ عَمِلَ أَيَّ عَمَلٍ ثُمَّ قَالَ: رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بِيَدَيْهِ فَنَبَذَهُمَا ثُمَّ قَالَ فَرَغَ رَبُّكُمْ مِنَ الْعِبَادِ فَرِيقٌ فِي الْجَنَّةِ وَفَرِيقٌ فِي السَّعِيرِ قَالَ أَبُو عِيسَى وَفِي الْبَاب عَنْ ابْنِ عُمَرَ وَهَذَا حَدِيثٌ حَسَنٌ صَحِيحٌ غَرِيبٌ) ( حسن ) رواه أحمد ( **2 / 167** ) ، والترمذي ( **2141** ) وقال : هذا حديث حسن صحح غريب ، وقال الشيخ شاكر : إسناده صحيح ، وقد حسن إسناده الشيخ الألباني في الصحيحة ( **848** )

**"ഒരിക്കൽ പ്രവാചകൻ(ﷺ) ഞങ്ങളിലേക്ക് വന്നു, അദ്ദേഹത്തിൻെറ കയ്യിൽ രണ്ട് രേഖകളുണ്ടായിരുന്നു, അപ്പോൾ തിരുമേനി(ﷺ) ചോദിച്ചു: ഈ രണ്ട് കിതാബുകൾ എന്താണെന്ന് നിങ്ങൾക്കറിയുമോ? അപ്പോൾ ഞങ്ങൾ പറഞ്ഞു: താങ്കൾ ഞങ്ങൾക്കറിയിച്ച് തന്നാലല്ലാതെ ഞങ്ങൾക്കറിയില്ല, റസൂലേ, അപ്പോൾ റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി: "എൻെറ ഈ വലത് കയ്യിലുള്ള കിതാബ് ലോക രക്ഷിതാവിൽ നിന്നുള്ളതാണ്, അതിൽ സ്വർഗീയ വാസികളുടെ പേരും, അവരുടെ പിതാക്കളുടെ പേരും, അവരുടെ ഗോ**

ത്രങ്ങളുടെ പേരുമാണ്. ഇത് പൂർണമാണ് ഇതിലേക്ക് ആരെയും ഇനി ചേർക്കുകയില്ല, ആരെയും വിട്ട് കളയുകയുമില്ല." പിന്നെ തൻെറ ഇടത് കയ്യിലുള്ള രേഖയെ സംബന്ധിച്ച് പറഞ്ഞു: "എൻെറ ഈ ഇടത് കയ്യിലുള്ള കിതാബ് ലോക രക്ഷിതാവിൽ നിന്നുള്ളതാണ്, അതിൽ നരകവാസികളുടെ പേരും, അവരുടെ പിതാക്കളുടെ പേരും, അവരുടെ ഗോത്രങ്ങളുടെ പേരുമാണ്. ഇത് പൂർണമാണ് ഇതിലേക്ക് ആരെയും ഇനി ചേർക്കുകയില്ല, ആരെയും വിട്ട് കളയുകയുമില്ല." അപ്പോൾ സഹാബികൾ ചോദിച്ചു: പ്രവാചകരെ, അവൻ കാര്യത്തിൽ നിന്ന് വിരമിച്ചുവെങ്കിൽ പിന്നെയെന്തിനാണ് പ്രവർത്തിക്കുന്നത്? അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: "നിങ്ങൾ പ്രവർത്തനം ശരിയാക്കുകയും, നേരെയാക്കുകയും ചെയ്യുക, സ്വർഗവാസിക്ക് അവൻെറ അവസാനം സ്വർഗം നേടുന്ന പ്രവർത്ത നം ചെയ്യുവാനുള്ള അവസരം നൽകി മരിപ്പിക്കുന്നതാണ്, അവൻെറ മുൻ പ്രവർത്തനങ്ങൾ എന്ത് തന്നെയാണെങ്കിലും ശരി, അതുപോലെ നരകവാസിക്ക് നരകത്തിൽ പ്രവേശിപ്പിക്കുന്ന പ്രവർത്തനം ചെയ്ത് കൊണ്ട് അവൻെറ ജീവിതം അവസാനിക്കുന്നതാണ്, അതിന് മുമ്പ് അവൻ എന്ത് ചെയ്താലും ശരി". പിന്നെ റസൂലുല്ലാഹ്(ﷺ) തൻെറ രണ്ട് കൈകളും പരസ്പരം ഉരച്ച് കൊണ്ട് പറയുകയുണ്ടായി: "നിങ്ങളുടെ രക്ഷിതാവ് സൃഷ്ടികളിൽ നിന്നും വിരമിച്ചിരിക്കുന്നു. ഒരു വിഭാഗം സ്വർഗത്തിലും, മറു വിഭാഗം നരകത്തിലുമാണ്" (ഹസനായ ഹദീസാണ്, തിർമിദി ഉദ്ധരിച്ചിട്ടുണ്ട്).

**145- ഗർഭസ്ഥ ശിശുവിന് ആത്മാവ് ഊതുന്ന വേളയിൽ ആയുസ് കാല ഖദ്ർ രേഖപ്പെടുത്തുന്നതിന് എന്താണ് തെളിവ്?**

ഉത്തരം: അല്ലാഹു പറയുന്നു:

{ هُوَ أَعْلَمُ بِكُمْ إِذْ أَنْشَأَكُمْ مِنَ الأَرْضِ وَإِذْ أَنْتُمْ أَجِنَّةٌ فِي بُطُونِ أُمَّهَاتِكُمْ فَلاَ تُزَكُّوا أَنْفُسَكُمْ هُوَ أَعْلَمُ بِمَنِ اتَّقَى } (النجم:32)

'നിങ്ങളെ ഭൂമിയിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കിയ സന്ദർഭത്തിലും, നിങ്ങൾ നിങ്ങളുടെ ഉമ്മമാരുടെ വയറുകളിൽ ഗർഭസ്ഥശിശുക്കളായിരിക്കുന്ന സന്ദർഭത്തിലും അവനാകുന്നു നിങ്ങളെ പറ്റി കൂടുതൽ അറിവുള്ളവൻ. അതിനാൽ നിങ്ങൾ ആത്മ പ്രശംസ നടത്താതിരിക്കുക. അവനാകുന്നു സൂക്ഷ്മത പാലിച്ചവരെപ്പറ്റി നന്നായി അറിയുന്നവൻ' (നജ്മ്: 32).



عَنْ عَبْدِ اللهِ قَالَ حَدَّثَنَا رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ وَهُوَ الصَّادِقُ الْمَصْدُوقُ إِنَّ أَحَدَكُمْ يُجْمَعُ خَلْقُهُ فِي بَطْنِ أُمِّهِ أَرْبَعِينَ يَوْمًا ثُمَّ يَكُونُ فِي ذَلِكَ عَلَقَةً مِثْلَ ذَلِكَ ثُمَّ يَكُونُ فِي ذَلِكَ مُضْغَةً مِثْلَ ذَلِكَ ثُمَّ يُرْسَلُ الْمَلَكُ فَيَنْفُخُ فِيهِ الرُّوحَ وَيُؤْمَرُ بِأَرْبَعِ كَلِمَاتٍ بِكَتْبِ رِزْقِهِ وَأَجَلِهِ وَعَمَلِهِ وَشَقِيٌّ أَوْ سَعِيدٌ فَوَالَّذِي لاَ إِلَهَ غَيْرُهُ إِنَّ أَحَدَكُمْ لَيَعْمَلُ بِعَمَلِ أَهْلِ الْجَنَّةِ حَتَّى مَا يَكُونُ بَيْنَهُ وَبَيْنَهَا إِلاَّ ذِرَاعٌ فَيَسْبِقُ عَلَيْهِ الْكِتَابُ فَيَعْمَلُ بِعَمَلِ أَهْلِ النَّارِ فَيَدْخُلُهَا وَإِنَّ أَحَدَكُمْ لَيَعْمَلُ بِعَمَلِ أَهْلِ النَّارِ حَتَّى مَا يَكُونُ بَيْنَهُ وَبَيْنَهَا إِلاَّ ذِرَاعٌ فَيَسْبِقُ عَلَيْهِ الْكِتَابُ فَيَعْمَلُ بِعَمَلِ أَهْلِ الْجَنَّةِ فَيَدْخُلُهَا) رواه البخاري ( 3208 ، 3332 ) ، ومسلم ( القدر / 1 ) .

**അബ്ദുല്ലാഹ് ഇബ്നുമസ്ഊദ്(رضي الله عنه)വിൽ നിന്ന് നിവേദനം:**

**അദ്ദേഹം പറഞ്ഞു: സത്യസന്ധനും വിശ്വസ്ഥനുമായ പ്രവാചകൻ(ﷺ) ഞങ്ങളോട് അരുളിച്ചെയ്തിരിക്കുന്നു: "നിങ്ങളിൽ ഓരോരുത്തരുടെയും സൃഷ്ടി നാൽപത് ദിവസം തൻെറ മാതാവിൻെറ വയറ്റിൽ രേതസ്കണമായി ശേഖരിക്കപ്പെടുന്നു. പിന്നീട് അത്ര തന്നെ കാലം രക്തക്കട്ടയായും പിന്നീട് അത്രതന്നെ കാലം മാംസക്കട്ടയായും! പിന്നീട് അതിലേക്ക് ഒരു മലക്ക് നിയോഗിക്കപ്പെടുന്നു. അത്, അതിൽ ജീവചൈതന്യം ഊതുന്നു. അത് നാല് കാര്യങ്ങൾക്ക് കൽപിക്കപ്പെടുകയും ചെയ്യുന്നു. ഭക്ഷണം, ജീവിതാവധി, പ്രവർത്തനം, ഭാഗ്യവാനോ നിർഭാഗ്യവാനോ തുടങ്ങിയവ രേഖപ്പെടുത്ത ലാണത്. അല്ലാഹുവാണ് സത്യം! അവനല്ലാതെ ഒരു ഇലാഹുമില്ല. നിങ്ങളി ലൊരാൾ സ്വർഗാവകാശിയുടെ പ്രവർത്തനം ചെയ്യും. അങ്ങിനെ അവനും സ്വർഗത്തിനുമിടക്ക് ഒരു മുഴമേ അകലമുള്ളുവെന്ന അവസ്ഥ വരും. അ പ്പോൾ വിധി അവനെ മുൻകടക്കും. അവൻ നരകാവകാശിയുടെ കർമ ങ്ങൾ അനുഷ്ഠിക്കും. അങ്ങിനെ അതിൽ പ്രവേശിക്കുകയും ചെയ്യും. നി ങ്ങളിലൊരുത്തൻ**

**നരകാവകാശിയുടെ പ്രവർത്തന രീതി പിന്തുടരും. അങ്ങി നെ അവനും നരകത്തിനുമിടക്കുള്ള ദൂരം ഒരു മുഴം വരെയാകും. അപ്പോ ൾ വിധി അവനെ മറികടക്കും. അങ്ങിനെ അവൻ സ്വർഗാവകാശിയുടെ കർമങ്ങൾ ആചരിക്കും. അതുവഴി അതിൽ പ്രവേശിക്കുകയും ചെയ്യും." (ബുഖാരി. മുസ്‌ലിം).**

**146- ലൈലത്തുൽ ഖദ്റിൽ രേഖപ്പെടുത്തുന്ന** (تقـدير الحـولي) **ക്കുള്ള തെളിവ് പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ فِيهَا يُفْرَقُ كُلُّ أَمْرٍ حَكِيمٍ * أَمْرًا مِنْ عِنْدِنَا } (الدخان:**4-5**)

'ആ രാത്രിയിൽ യുക്തിപൂർണ്ണമായ ഓരോ കാര്യവും വേർതിരിച്ചു വിവരി ക്കപ്പെടുന്നു. അതെ, നമ്മുടെ പക്കൽ നിന്നുള്ള കൽപന' (ദുഖാൻ:4–5).

وقال إبن عباس – رضي الله عنهما – : يكتب من ام الكتاب في ليلة القدر ما يكون في السنة من موت أو حياة ورزق ومطر حتى الحجاج يقال: يحج فلان ويحج فلان.

**ഇബ്നു അബ്ബാസ്(ﷺ) പറഞ്ഞു: ഒരു വർഷത്തേക്കുള്ള മരണം, ജനനം, ഉ പജീവനം, മഴ, ഹജ്ജ് ചെയ്യുന്നവരുടെ കണക്ക് തുടങ്ങിയ മുഴുവൻ കാ ര്യങ്ങളും രേഖപ്പെടുത്തുന്നു, അങ്ങിനെ പറയും: ഇന്ന വ്യക്തി ഹജ്ജ് ചെ യ്യും, ഇന്ന വ്യക്തി ഹജ്ജ് ചെയ്യും പോലെയുള്ളത് മുഴുവനും ഖദ്ർ ലൈലത്തുൽ ഖദ്ർ ദിവസത്തിൽ പ്രധാനപ്പെട്ട ഗ്രന്ഥത്തിൽ രേഖപ്പെടുത്തു ന്നു. ഇത്പോലെ ഹസൻ, സഈദ്ബ്നു ജുബൈർ, മുഖാതിൽ, അബൂ അബ്ദുർറഹ്മാനു സുലമി എന്നിവരും പറഞ്ഞതായി കാണാവുന്നതാണ്.**

**147- ഓരോ ദിവസത്തിലുമുള്ള** (التقـدير اليـومي) **ഖദ്റിനുള്ള തെളിവ് എന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**



{ كُلَّ يَوْمٍ هُوَ فِي شَأْنٍ }(الرحمن:**29**)

'എല്ലാ ദിവസവും അവൻ കാര്യനിർവഹണത്തിലാകുന്നു.' (റഹ്മാൻ: 29)

**ഇമാം ഹാകിം സ്വഹീഹായി ഉദ്ധരിക്കുന്നു:**

قال ابن عباس رضي الله عنهما : إن مما خلق الله تعـالى لوحـا محفوظا مـن درة بيضاء ، دفتاه من ياقوتة حمراء قلمه نور وكتابه نور ينظر فيـه كل يـوم ثلاثمائـة وستين نظرة أو مرة ، ففي كل نظرة منها يخلق ويرزق ويحيي ويميت ويعز ويذل ، ويفعل ما يشاء ، فذلك قوله تعالى : { كُلَّ يَوْمٍ هُوَ فِي شَأْنٍ }(الرحمن:**29**)

**"ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്ന്: അല്ലാഹു വെളുത്ത വലിയ മുത്തിൽ നി ന്ന് സുരക്ഷിത ഫലകമായ 'ലൗഹുൽ മഹ്ഫൂളി'നെ സൃഷ്ടിച്ചപ്പോൾ, അ തിൻെറ ചട്ട ചുവന്ന പവിഴമാണ്, അതിൻെറ പേന പ്രകാശമാണ്, അതി ൻെറ എഴുത്ത് പ്രകാശമാണ്, അല്ലാഹു അതിൽ ഓരോ ദിവസവും 360 നോട്ടം നോക്കുന്നു, അല്ലെങ്കിൽ അത്രയും പ്രാവശ്യം നോക്കുന്നു, അതിലു ള്ള എല്ലാ നോട്ടത്തിലും സൃഷ്ടിക്കുകയും, ഭക്ഷണം നൽകുകയും, ജീവിപ്പി ക്കുകയും, മരിപ്പിക്കുകയും, പ്രതാപം നൽകുകയും, നിന്ദ്യത നൽകുകയും, അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതാണ് അല്ലാഹു പറയുന്നത്:**

'എല്ലാ ദിവസവും അവൻ കാര്യനിർവഹണത്തിലാകുന്നു.' (റഹ്മാൻ: 29)

**ഇതെല്ലാം തന്നെ അല്ലാഹു പേനയോട് 'ലൗഹുൽ മഹ്ഫൂളി'ൽ എഴുതു വാൻ കൽപിച്ച തഖ്ദീറുൽ അസ്‌ലിക്കുള്ള വിശദീകരണമാണ്. ഇത്കൊ ണ്ടാണ് ഇബ്നു ഉമറും(ﷺ), ഇബ്നു അബ്ബാസും(ﷺ) ഈ ആയത്തിനെ ഇ പ്രകാരം വിശദീകരിച്ചത്.**

{ إِنَّا كُنَّا نَسْتَنْسِخُ مَا كُنْتُمْ تَعْمَلُونَ }(الجاثية:**29**)

'തീർച്ചയായും നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതെല്ലാം നാം എഴു തിക്കുന്നുണ്ടായിരുന്നു' (ജാഥിയഃ29).

كل ذلك صادر عن علم الله الذي هو صفته–تبارك وتعالى) ( صحيح ) رواه

الحاكم ( 2 / 454 ) ، وابن جرير ( 25 / 94 ، 95 ) وقال الحاكم : هذا حديث صحيح الإسناد ولم يخرجاه ووافقه الذهبي .

**“ഇതെല്ലാം തന്നെ അല്ലാഹുവിൻെറ അറിവിൽ നിന്നുള്ളതും, ഉന്നതനായ അല്ലാഹുവിൻെറ വിശേഷണത്തിൽ പെട്ടതുമാകുന്നു”.**

**148- സൗഭാഗ്യവും, ദൗർഭാഗ്യവുമുൾകൊള്ളുന്ന ഖദ്ർ മുൻകടന്നതിൽ ഉൾകൊള്ളുന്ന കാര്യങ്ങൾ എന്തെല്ലാമാണ്?**

**ഉത്തരം: ഖദ്ർ മുൻകടന്നുവെന്നത് കൊണ്ട് പ്രവർത്തനത്തെ അത് തടയുകയോ, ഖദ്റിൽ ഭരമേൽപിച്ച്കൊണ്ടിരിക്കുവാനോ പാടില്ലായെന്ന് മുൻകഴി ഞ്ഞ മുഴുവൻ വേദഗ്രന്ഥങ്ങളും, മുഴുവൻ പ്രവാചകന്മാരുടെയും ചര്യകളും യോചിച്ചിരിക്കുന്നു. മറിച്ച് സൽകർമ്മങ്ങൾ ചെയ്യുവനാനായി അങ്ങേയറ്റ ത്തെ പരിശ്രമവും, പ്രവർത്തനോൽസുകതയും, അത്യഗ്രഹവും അനിവാര്യ മാകുന്നു. ഇത്കൊണ്ടാണ് പ്രവാചകൻ(ﷺ) മുൻകടന്ന ഖദ്റിനെ സംബന് ധിച്ചു, പേനയുടെ മഷി ഉണങ്ങിയതിനെ സംബന്ധിച്ചും അനുചരന്മാരെ അറിയിച്ചപ്പോൾ അവർ ചോദിച്ചു: എങ്കിൽ എന്തിനാണ് പ്രവർത്തിക്കുന്ന ത്, ആ ഖദ്റിൽ ഭരമേൽപിച്ചിരുന്നാൽ പോരേ? അപ്പോൾ തിരുമേനി(ﷺ) ഇങ്ങനെ പറയുകയുണ്ടായി: അങ്ങനെയല്ല, നിങ്ങൾ എല്ലാ എളുപ്പ മാർഗ ങ്ങളിലൂടെയും സൽകർമ്മങ്ങൾ പ്രവർത്തിക്കുക” എന്നിട്ട് താഴെ വരുന്ന ആയത്ത് പാരായണം ചെയ്യുകയും ചെയ്തു.**

{ فَأَمَّا مَنْ أَعْطَى وَاتَّقَى }(الليل:5)

‘എന്നാൽ ഏതൊരാൾ ദാനം നൽകുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തുവോ അവന്നു നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തി കൊടുക്കുന്നതാണ്. (ലൈൽ: 5-6).

**അല്ലാഹു എല്ലാത്തിനും വിധികൾ നിർണ്ണയിക്കുകയും, അതിനെല്ലാം തന്നെ ചില കാരണങ്ങൾ ഒരുക്കുകയും ചെയ്തിരിക്കുന്നു. ജീവിതത്തിനും, പുനരുദ്ധാനത്തിനും ചില കാരണങ്ങൾ നിർണ്ണയിച്ച അല്ലാഹു എത്രയോ യുക്തിമാനാകുന്നു. ഇഹലോകത്തും, പരലോകത്തും ഓരോ സൃഷ്ടികൾ**



**ക്കും അവയെ സൃഷ്ടിച്ചതിന് വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുവാൻ എളുപ്പ മാർഗം നൽകിയിരിക്കുന്നു. ആ മാർഗങ്ങൾ ഒരുക്കപ്പെട്ടതും, എളുപ്പമുള്ളതുമാണ്. തൻെറ പരലോക ജീവിതത്തിൻെറ നന്മകൾ കുടികൊള്ളുന്നത് അതിലേക്കെത്തിക്കുന്ന കാരണങ്ങളാൽ ബന്ധിതമാണെന്ന് മനുഷ്യൻ മനസിലാക്കി കഴിഞ്ഞാൽ അത് കരഗതമാക്കുവാനായി അവൻ പരമാവധി പരിശ്രമിക്കുകയും, അത് നിർവ്വഹിക്കുകയും ചെയ്യുന്നതാണ്, അതുപോലെ തന്നെയാണ് ഉപജീവനവും, ഇഹലോക സുഖവും അതിലേക്കെത്തിക്കുന്ന കാരണങ്ങളാൽ ബന്ധിതമാണ്. ഇത് കൊണ്ടാണ് സ്വഹാബികൾ ഖദ്റിൻെറ ഹദീസുകൾ കേട്ടപ്പോൾ വളരെ വ്യക്തമായ രൂപത്തിൽ അതിനെ സംബന്ധിച്ച് മനസിലാക്കുകയും, ഇതുവരെ പരിശ്രമിച്ചതിനേക്കാൾ ഒന്നുകൂടി ഞാൻ പരിശ്രമിക്കുമെന്ന് ഓരോ വ്യക്തികളും പറയുവാൻ കാരണവും. പ്രവാചകൻ(ﷺ) പറയുന്നു:**

(احْرِصْ عَلَى مَا يَنْفَعُكَ وَاسْتَعِنْ بِاللَّهِ وَلاَ تَعْجَزْ) رواه مسلم ( القدر / 34 ) ، وابن ماجه ( 79 )

**“നിനക്ക് ഉപകാരമുള്ള കാര്യങ്ങൾക്ക് വേണ്ടി നീ പരിശ്രമിക്കുകയും, അല്ലാഹുവിനോട് സഹായം ചോദിക്കുകയും ചെയ്യുക. നീ അശക്തനാവരുത്” (മുസ്ലിം).**

**പ്രവാചകൻ(ﷺ)യുടെ അടുത്ത് വന്ന് ഒരാൾ ചോദിക്കുകയുണ്ടായി:**

(أَرَأَيْتَ دَوَاءً نَتَدَاوَى بِهِ وَرُقًى نَسْتَرْقِي بِهَا وَتُقًى نَتَّقِيهَا أَتَرُدُّ مِنْ قَدَرِ اللَّهِ تَبَارَكَ وَتَعَالَى شَيْئًا، قَالَ: إِنَّهَا مِنْ قَدَرِ اللَّهِ تَبَارَكَ وَتَعَالَى) ( حسن ) رواه أحمد ( 3 / 421 ) ، والترمذي ( 2065 ) ، وابن ماجه ( 3437 ) قال الإمام الترمذي : هذا حديث حسن صحيح ، ورواه الحاكم ( 4 / 199 ) من حديث حكيم بن حزام وقال : هذا حديث صحيح الإسناد ولم يخرجاه ووافقه الذهبي . ورواه أيضا ابن حبان بإسناد حسن من حديث كعب بن مالك ، وقد ساق الشيخ الألباني عدة طرق ومرويات للحديث ، ثم قال : وبالجملة فأرجو أن يصل الحديث إلى مرتبة

الحسن ، ا هـ. ( مشكلة الفقرح **11** ) .

**“എന്നാൽ നാം രോഗത്തിന് മരുന്ന് കഴിക്കുകയും, മന്ത്രിക്കുവാൻ ആവശ്യപ്പെടുകയും, സംരക്ഷണം തേടുകയും ചെയ്യുന്നുണ്ടല്ലോ, ഇവയെല്ലാം തന്നെ അല്ലാഹുവിൻെറ ഖദ്റിനെ തടുക്കുമോ? അപ്പോൾ റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി: അതും അല്ലാഹുവിൻെറ ഖദ്റിൽ പെട്ടതാകുന്നു” (അഹ്മദ്, തിർമിദി...) അതായത് അല്ലാഹു നന്മയും, തിന്മയും, അതിൻെറ എല്ലാ കാരണങ്ങളെയും നിർണ്ണയിച്ചിരിക്കുന്നു എന്നർത്ഥം.**

**149- ഖദ്റിൻെറ മൂന്നാമത്തെ ഘട്ടമായ അല്ലാഹുവിൻെറ ‘മശീഅത്തി’ ൽ വിശ്വസിക്കണമെന്നതിന് എന്താണ് തെളിവ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَمَا تَشَاءُونَ إِلا أَنْ يَشَاءَ اللَّهُ} (الإنسان:**30**)

‘അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷമല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല.’ (ഇൻസാൻ :30).

{ وَلا تَقُولَنَّ لِشَيْءٍ إِنِّي فَاعِلٌ ذَلِكَ غَدًا * إِلا أَنْ يَشَاءَ اللَّهُ} (الكهف:**23-24**)

‘യാതൊരു കാര്യത്തെപ്പറ്റിയും നാളെ ഞാനത് തീർച്ചയായും ചെയ്യാം എന്ന് നീ പറഞ്ഞുപോകരുത്. അല്ലാഹു ഉദ്ദേശിക്കുന്നവെങ്കിൽ (ചെയ്യാമെന്ന്) അല്ലാതെ’ (അൽകഅ്ഫ്:23–24).

{ مَنْ يَشَأِ اللَّهُ يُضْلِلْهُ وَمَنْ يَشَأْ يَجْعَلْهُ عَلَى صِرَاطٍ مُسْتَقِيمٍ } (الأنعام:**39**)

‘താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു വഴികേടിലാക്കും. താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലാക്കുകയും ചെയ്യും’ (അൻആം: 39).

{ وَلَوْ شَاءَ اللَّهُ لَجَعَلَكُمْ أُمَّةً وَاحِدَةً }(المائدة:**48**)

‘അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു’ (മാഇദഃ:48).

{ وَلَوْ شَاءَ اللَّهُ لَجَعَلَهُمْ أُمَّةً وَاحِدَةً }(الشورى: **8**)

‘അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരെ(മനുഷ്യരെ)യെല്ലാം അവൻ ഒരേ സമുദായമാക്കുമായിരുന്നു’ (ശൂറാ:8).



{ وَلَوْ يَشَاءُ اللَّهُ لانْتَصَرَ مِنْهُمْ } (محمد: **4**)

‘അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരുടെ നേരെ അവൻ ശിക്ഷാനടപടി സ്വീകരിക്കുമായിരുന്നു’ (മുഹമ്മദ്:4).

{ فَعَّالٌ لِمَا يُرِيدُ } (هود:**107**)

‘തീർച്ചയായും നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് തികച്ചും നടപ്പിലാക്കുന്നവനാകുന്നു’ (ഹൂദ്:107).

{ إِنَّمَا أَمْرُهُ إِذَا أَرَادَ شَيْئًا أَنْ يَقُولَ لَهُ كُنْ فَيَكُونُ }( يس:**82**)

‘താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു’ (യാസീൻ:82).

{ إِنَّمَا قَوْلُنَا لِشَيْءٍ إِذَا أَرَدْنَاهُ أَنْ نَقُولَ لَهُ كُنْ فَيَكُونُ } (النحل:**40**)

‘നാം ഒരു കാര്യം ഉദ്ദേശിച്ചാൽ അത് സംബന്ധിച്ച നമ്മുടെ വചനം ഉണ്ടാകൂ എന്ന് അതിനോട് നാം പറയുക മാത്രമാകുന്നു. അപ്പോഴതാ അതുണ്ടാകുന്നു’ (നഹ്ൽ: 40).

{ فَمَنْ يُرِدِ اللَّهُ أَنْ يَهدِيَهُ يَشْرَحْ صَدْرَهُ لِلإِسْلاَمِ وَمَنْ يُرِدْ أَنْ يُضِلَّهُ يَجْعَلْ صَدْرَهُ ضَيِّقًا حَرَجًا } (الأنعام:**125**)

‘ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്‌ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്’ (അൻആം: 125).

**ഇതുപോലെ ഒരുപാട് ആയത്തുകൾ വിശുദ്ധഖുർആനിലുണ്ട്. പ്രവാചകൻ (ﷺ) പറയുന്നു:**

( إِنَّ قُلُوبَ بَنِي آدَمَ كُلَّهَا بَيْنَ إِصْبَعَيْنِ مِنْ أَصَابِعِ الرَّحْمَنِ كَقَلْبٍ وَاحِدٍ يُصَرِّفُهُ حَيْثُ يَشَاءُ) رواه مسلم ( القدر / **17** ) .

**“മനുഷ്യരുടെ ഹൃദയം ഒരു ഹൃദയംപോലെ പരമകാരുണികൻെറ വിരലുകളിൽ രണ്ട് വിരലുകൾക്കിടയിലാണ്, അവൻ ഉദ്ദേശിക്കുന്നത്പോലെ അത്**

കൈകാര്യം ചെയ്യുന്നതാണ്" (മുസ്‌ലിം). ഒരു താഴ്‌വരയിൽ പ്രവാചകൻ (ﷺ) ഉറങ്ങിയ സന്ദർഭത്തിൽ പറയുകയുണ്ടായി:

( إِنَّ اللهَ قَبَضَ أَرْوَاحَكُمْ حِينَ شَاءَ وَرَدَّهَا عَلَيْكُمْ حِينَ شَاءَ ) رواه البخاري ( 595 ، 1471 ) .

"തീർച്ചയായും അല്ലാഹു ഉദ്ദേശിച്ചപ്പോൾ അവൻ നിങ്ങളുടെ ആത്മാവുകൾ പിടിക്കുകയും, അവൻ ഉദ്ദേശിച്ചപ്പോൾ അത് നിങ്ങൾക്ക് മടക്കി തരികയും ചെയ്തു" (ബുഖാരി).. പ്രവാചകൻ (ﷺ) പറയുന്നു:

( اشْفَعُوا تُؤْجَرُوا وَيَقْضِي اللهُ عَلَى لِسَانِ نَبِيِّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ مَا شَاءَ ) رواه البخاري ( 1432 ) ، ومسلم ( البر والصلة / 145 ) .

"നിങ്ങൾ ശുപാർശ ചെയ്യുക, നിങ്ങൾക്ക് പ്രതിഫലം ലഭിക്കും, അങ്ങിനെ അല്ലാഹു അവന്റെ നബിയുടെ ശുപാർശ മുഖേന അവൻ ഉദ്ദേശിക്കുന്ന രൂപത്തിൽ വിധിക്കുന്നതാണ്" (ബുഖാരി, മുസ്‌ലിം). തിരുമേനി(ﷺ) വീണ്ടും പറയുന്നു:

( مَنْ يُرِدِ اللهُ بِهِ خَيْرًا يُفَقِّهْهُ فِي الدِّينِ) رواه البخاري ( 71 ، 3116 ، 7321 ) ، ومسلم ( الأمارة / 175 ) .

"ആർക്കെങ്കിലും അല്ലാഹു നന്മ ഉദ്ദേശിക്കുകയാണെങ്കിൽ അവന് അല്ലാഹു മതത്തിൽ അറിവ് നൽകുന്നതാണ്" (ബുഖാരി, മുസ്‌ലിം). തിരുമേനി(ﷺ) പറയുന്നത് നോക്കുക:

( إِنَّ اللهَ عَزَّ وَجَلَّ إِذَا أَرَادَ رَحْمَةَ أُمَّةٍ مِنْ عِبَادِهِ قَبَضَ نَبِيَّهَا قَبْلَهَا ... أَرَادَ هَلَكَةَ أُمَّةٍ عَذَّبَهَا وَنَبِيُّهَا حَيٌّ) رواه مسلم ( الفضائل / 24 ) .

"തന്റെ അടിമയായ പ്രവാചകന്റെ സമുദായത്തിന് ഉന്നതനും പ്രതാപവാനുമായ അല്ലാഹു കാരുണ്യമാണ് ഉദ്ദേശിക്കുന്നതെങ്കിൽ സമുദായത്തിന് മുമ്പ് അവരുടെ നബിയെ മരിപ്പിക്കുന്നതാണ്, സമുദായത്തിന് നാശമാണ് അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ അവരുടെ നബി ജീവിച്ചിരിക്കുമ്പോൾ തന്നെ അവരെ ശിക്ഷിക്കുന്നതാണ്" (മുസ്‌ലിം)



**150- അല്ലാഹു വിശുദ്ധഖുർആനിലും, പ്രവാചക ചര്യയിലും നമുക്ക് അറിയിച്ച് തന്ന അവന്റെ വിശേഷണങ്ങളിൽ പെട്ടതാണ്, അല്ലാഹു നന്മ ചെയ്യുന്നവരെയും, തഖ്‌വയുള്ളവരെയും, ക്ഷമിക്കുന്നവരെയും, വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവരെയും ഇഷ്ടപ്പെടുകയും, അവിശ്വസികളേയും, അക്രമികളേയും അവൻ ഇഷ്ടപ്പെടുകയോ ചെയ്യുന്നില്ല, അതുപോലെ തന്റെ അടിമകളിൽ ആരെങ്കിലും അവിശ്വസികളായി തീരുന്നത് അവൻ തീരെ ഇഷ്ടപ്പെടുകയും ചെയ്യുന്നില്ല എന്നത്, അതുപോലെ കുഴപ്പവും ഇഷ്ടപ്പെടുന്നില്ല. ഇതെല്ലാം തന്നെ അല്ലാഹുവിന്റെ ഉദ്ദേശത്തിലും, മശീഅത്തിലും പെട്ടതാണല്ലോ?. അതുകൊണ്ട് തന്നെ അവൻ ഉദ്ദേശിക്കുകയാണെങ്കിൽ അങ്ങിനെ സംഭവിക്കുകയില്ല, അതുപോലെ അവന്റെ അധികാരത്തിൽ അവൻ ഉദ്ദേശിക്കാത്തതൊന്നും തന്നെ സംഭവിക്കുകയുമില്ലല്ലോ? അതുകൊണ്ട് ആരെങ്കിലും അല്ലാഹു എങ്ങിനെയാണ് അവൻ തൃപ്തിപ്പെടാത്തതും, ഇഷ്ടപ്പെടാത്തതുമായ കാര്യങ്ങൾ ഉദ്ദേശിക്കുന്നത്. ഇതിനുള്ള മറുപടി എന്താണ്?**

ഉത്തരം: ഇസ്‌ലാമിക പ്രമാണങ്ങളിൽ അല്ലാഹുവിന്റെ ഇറാദത്ത് രണ്ട്തരം ആശയങ്ങളിൽ വന്നിരിക്കുന്നു. അതിൽ ഒന്നാണ് ഇറാദത്ത് കൗനിയ ഖദ്രിയ്യ: (പ്രാപഞ്ചികവും വിധിയുമായി ബന്ധപ്പെട്ട ഉദ്ദേശം) അല്ലാഹുവിന്റെ ഈ ഇറാദത്തിലൂടെ സംഭവിക്കുന്ന കാര്യങ്ങൾക്ക് അവന്റെ തൃപ്തിയും ഇഷ്ടപ്പെടലും ഉണ്ടായിക്കൊള്ളണമെന്നില്ല. ഈ ഇറാദത്തിൽ അവിശ്വാസം, വിശ്വാസം, അല്ലാഹുവിനെ അനുസരിക്കൽ, അവനെ ധിക്കരിക്കൽ, തൃപ്തി, വെറുപ്പ്, വെറുക്കപ്പെട്ടത് അതിന്റെ വിപരീതമായത് തുടങ്ങിയ മുഴുവൻ കാര്യങ്ങളും സംഭവിക്കുന്നതാണ്. ഈ ഇറാദത്തിൽ നിന്ന് ആർക്കും തന്നെ ഒഴിവാകുവാനോ, രക്ഷപ്പെടുവാനോ സാധ്യമല്ല. താഴെ വരുന്ന ആയത്തിലൂടെ അല്ലാഹു പറഞ്ഞത് പോലെ:

{ فَمَنْ يُرِدِ اللهُ أَنْ يَهدِيَهُ يَشْرَحْ صَدْرَهُ لِلْإِسْلَامِ وَمَنْ يُرِدْ أَنْ يُضِلَّهُ يَجْعَلْ صَدْرَهُ ضَيِّقًا حَرَجًا } (الأنعام:125)

‘ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്‌ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്’ (അൻആം: 125)..

{ وَمَنْ يُرِدِ اللَّهُ فِتْنَتَهُ فَلَنْ تَمْلِكَ لَهُ مِنَ اللَّهِ شَيْئًا أُولَئِكَ الَّذِينَ لَمْ يُرِدِ اللَّهُ أَنْ يُطَهِّرَ قُلُوبَهُمْ } (المائدة:**41**)

‘വല്ലവന്നും നാശം വരുത്താൻ അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം അവന്നു വേണ്ടി അല്ലാഹുവിൽ നിന്ന് യാതൊന്നും നേടിയെടുക്കാൻ നിനക്ക് സാധിക്കുന്നതല്ല. അത്തരക്കാരുടെ മനസ്സുകളെ ശുദ്ധീകരിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ല’. (മാഇദഃ:41).

**<u>രണ്ടാമത്തെ ആശയം:</u> ഇറാദത്തുൻ ദീനിയ്യ ശറഹിയ്യ: (മതപരമായ ഉദ്ദേശം) ഇത് അല്ലാഹുവിൻെറ തൃപ്തിയും, ഇഷ്ടവുമായി ബന്ധപ്പെട്ടതാണ്. ഇതിൻെറ തേട്ടമനുസരിച്ചാണ് അല്ലാഹുവിൻെറ അടിമകളോട് കൽപനകളും, വിരോധങ്ങളും നൽകിയിട്ടുള്ളത്. അല്ലാഹു പറയുന്നു:**

{ يُرِيدُ اللَّهُ بِكُمُ الْيُسْرَ وَلَا يُرِيدُ بِكُمُ الْعُسْرَ } (البقرة:**185**)

**“നിങ്ങൾക്ക് ആശ്വാസം നൽകുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല” (അൽബഖറ: 185)**

{ يُرِيدُ اللَّهُ لِيُبَيِّنَ لَكُمْ وَيَهْدِيَكُمْ سُنَنَ الَّذِينَ مِنْ قَبْلِكُمْ وَيَتُوبَ عَلَيْكُمْ وَاللَّهُ عَلِيمٌ حَكِيمٌ } (النساء:**26**)

‘നിങ്ങൾക്ക് (കാര്യങ്ങൾ) വിവരിച്ചുതരുവാനും, നിങ്ങളുടെ മുൻഗാമികളുടെ നല്ല നടപടികൾ നിങ്ങൾക്ക് കാട്ടിത്തരുവാനും നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുവാനും, അല്ലാഹു ഉദ്ദേശിക്കുന്നു. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.’ (നിസാഅ്: 26)

**ഇതുപോലെ വേറെയും ആയത്തുകൾ കാണാവുന്നതാണ്. ഈ ഇറാദത്ത് സംഭവിക്കുക ഇറാദത്ത് കൗനിയ്യ മുൻകടന്ന കാര്യങ്ങളിലാണ്. അങ്ങിനെ അല്ലാഹുവിനെ അനുസരിക്കുന്ന സത്യവിശ്വാസികളിൽ ഈ രണ്ട് ഇറാദത്തുകളും (ഇറാദതുൻ കൗനിയ, ഷറഇയ്യ:) ഒരുമിച്ചിരിക്കുന്നു. തെമ്മാ**



**ടിയായ പാപികളിൽ ഇറാദത്തുൻ കൗനിയ്യ മാത്രമാണ് സംഭവിച്ചിട്ടുള്ളത്. അല്ലാഹു തൻെറ അടിമകളെ മുഴുവനായും ഒന്നിച്ച് അവൻെറ തൃപ്തിയിലേക്ക് ക്ഷണിക്കുകയും, അവൻ ഉദ്ദേശിക്കുന്നവർക്ക് സന്മാർഗത്തിലേക്ക് വഴി കാണിക്കുകയും ചെയ്തിരിക്കുന്നു. അതാണ് അല്ലാഹു പറയുന്നത്:**

{ وَاللَّهُ يَدْعُو إِلَى دَارِ السَّلَامِ وَيَهْدِي مَنْ يَشَاءُ إِلَى صِرَاطٍ مُسْتَقِيمٍ }(يونس:**25**)

‘അല്ലാഹു ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു’ (യൂനുസ്: 25).

{ إِنَّ رَبَّكَ هُوَ أَعْلَمُ بِمَنْ ضَلَّ عَنْ سَبِيلِهِ وَهُوَ أَعْلَمُ بِمَنِ اهْتَدَى } (النجم:**30**)

‘തീർച്ചയായും നിന്റെ രക്ഷിതാവാകുന്നു അവന്റെ മാർഗത്തിൽ നിന്ന് തെറ്റിപ്പോയവരെപ്പറ്റി കൂടുതൽ അറിവുള്ളവൻ. സൻമാർഗം പ്രാപിച്ചവരെ പറ്റി കൂടുതൽ അറിവുള്ളവനും അവൻ തന്നെയാകുന്നു’ (നജ്മ്: 30)

**151- ഖദ്റിൻെറ നാലാം ഘട്ടമായ സൃഷ്ടിപ്പ് എന്നതിൽ വിശ്വസിക്കണമെന്നതിന് തെളിവ് പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ اللَّهُ خَالِقُ كُلِّ شَيْءٍ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ }(الزمر:**62**)

‘അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവുമാകുന്നു’ (സുമർ: 62).

{ هَلْ مِنْ خَالِقٍ غَيْرُ اللَّهِ يَرْزُقُكُمْ مِنَ السَّمَاءِ وَالْأَرْضِ } (فاطر:**3**)

‘ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകാൻ അല്ലാഹുവല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ?’ (ഫാത്വിർ: 3)

{ هَذَا خَلْقُ اللَّهِ فَأَرُونِي مَاذَا خَلَقَ الَّذِينَ مِنْ دُونِهِ } (لقمان:**11**)

‘ഇതൊക്കെ അല്ലാഹുവിന്റെ സൃഷ്ടിയാകുന്നു. എന്നാൽ അവന്നു പുറമെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളത് എന്താണെന്ന് നിങ്ങൾ എനിക്ക് കാണിച്ചു തരൂ’ (ലുഖ്മാൻ:11).

{ اللَّهُ الَّذِي خَلَقَكُمْ ثُمَّ رَزَقَكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ هَلْ مِنْ شُرَكَائِكُمْ مَنْ يَفْعَلُ مِنْ ذَلِكُمْ مِنْ شَيْءٍ } (الروم:**40**)

'അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ടവൻ നിങ്ങൾക്ക് ഉപജീവനം നൽകി. പിന്നെ നിങ്ങളെ അവൻ മരിപ്പിക്കുന്നു. പിന്നീട് അവൻ നിങ്ങളെ ജീവിപ്പിക്കുകയും ചെയ്യും. അതിൽ പെട്ട ഏതെങ്കിലും ഒരു കാര്യം ചെയ്യുന്ന വല്ലവരും നിങ്ങൾ പങ്കാളികളാക്കിയവരുടെ കൂട്ടത്തിലുണ്ടോ?' (റൂം: 40)

{ وَاللَّهُ خَلَقَكُمْ وَمَا تَعْمَلُونَ }(الصافات:**96**)

'അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയെയും സൃഷ്ടിച്ചത്' (സ്വാഫ്ഫാത്ത്:96).

{ وَنَفْسٍ وَمَا سَوَّاهَا فَأَلْهَمَهَا فُجُورَهَا وَتَقْوَاهَا } (الشمس:**7-8**)

'മനുഷ്യാസ്തിത്വത്തെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെയാണ് സത്യം. എന്നിട്ട് അതിന്ന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു.' (ശംസ്:7–8)

{ مَنْ يَهْدِ اللَّهُ فَهُوَ الْمُهْتَدِي وَمَنْ يُضْلِلْ فَأُولَئِكَ هُمُ الْخَاسِرُونَ } (الأعراف:**178**)

'അല്ലാഹു ഏതൊരാളെ നേർവഴിയിലാക്കുന്നുവോ അവനാണ് സൻമാർഗം പ്രാപിക്കുന്നവൻ. അവൻ ആരെ പിഴവിലാക്കുന്നുവോ അവരാണ് നഷ്ടം പറ്റിയവർ' (അഅ്റാഫ്: 178).

{ وَلَكِنَّ اللَّهَ حَبَّبَ إِلَيْكُمُ الْإِيمَانَ وَزَيَّنَهُ فِي قُلُوبِكُمْ وَكَرَّهَ إِلَيْكُمُ الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ } (الحجرات:**7**)

'എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമ്മവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു.' (ഹുജുറാത്ത്: 7)



**ഇമാം ബുഖാരി 'ഖൽഖുൽ ഇബാദ്' എന്ന അധ്യായത്തിൽ ഹുദൈഫ(ﷺ)വിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു:**

« أن الله يصنع كل صانع وصنعته » رواه البخاري ( **73** ) .

**"തീർച്ചയായും അല്ലാഹു വസ്തുക്കളെയും, അവ ഉണ്ടാക്കുന്നതിനെയും ഉണ്ടാക്കുന്നു" (ബുഖാരി). പ്രവാചകൻ(ﷺ) പറയുന്നു:**

(اللَّهُمَّ آتِ نَفْسِي تَقْوَاهَا وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا أَنْتَ وَلِيُّهَا وَمَوْلاَهَا) رواه مسلم ( الذكر / **73** ) .

**"അല്ലാഹുവെ, എൻെറ നഫ്സിന് നീ തഖ്വ നൽകേണമേ, നീ അതിനെ സംസ്കരിക്കുകയും ചെയ്യേണമേ, കാരണം നീയാണ് സംസ്കരിക്കുന്നവരിൽ ഏറ്റവും ഉത്തമൻ, നീയാണ് അതിൻെറ സഹായിയും, അതിൻെറ ഉടമസ്ഥനും"(മുസ്ലിം).ഇതുപോലെ ഒരുപാട് ഹദീസുകൾ കാണാവുന്നതാണ്.**

**152- എല്ലാത്തിനെയും അല്ലാഹു സൃഷ്ടിച്ചിരിക്കെ "എല്ലാ നന്മയും നിൻെറ(അല്ലാഹുവിൻെറ) കൈകളിലാണ്, തിന്മ നിന്നിലേക്കല്ല" (മുസ്ലിം) എന്ന പ്രവാചക വചനത്തിൻെറ ആശയം എന്താണ്?**

**ഉത്തരം: ഇതിൻെറ ആശയം അല്ലാഹുവിൻെറ എല്ലാ പ്രവർത്തനങ്ങളും അടിസ്ഥാനപരമായി നന്മയാണ്, ഒരു രൂപത്തിൽ അല്ലാഹുവിലേക്ക് ചേർത്ത് പറയുന്നതിലും, അവനിൽ നിന്ന് ഉണ്ടാകുന്നതിലും യാതൊന്നും തന്നെ തിന്മയില്ല. അല്ലാഹു നീതിയോടെയാണ് എല്ലാം വിധിച്ചിട്ടുള്ളത്, തൻെറ എല്ലാ പ്രവർത്തനങ്ങളും നീതിയുയുക്തമാണ്താനും. അതുപോലെ അല്ലാഹു നിശ്ചയിച്ചത്പോലെതന്നെ എല്ലാ വസ്തുക്കളെയും അതിൻെറ യഥാർത്ഥ സ്ഥാനങ്ങളിൽ തന്നെയാണ് അല്ലാഹു വെച്ചിട്ടുള്ളത്. ഖദ്റിൽ തന്നെ തിന്മയായി വിധിച്ചിട്ടുള്ള കാര്യങ്ങൾ അടിമകളിലേക്ക് ചേർത്ത് പറയുകയാണെങ്കിൽ അവനെ ബാധിക്കുന്ന നാശങ്ങൾ അവൻ പ്രവർത്തിച്ചതിൻെറ ഫലമായിട്ടുള്ളതാണ്. അതാണ് അല്ലാഹു പറയുന്നത്:**

{ وَمَا أَصَابَكُمْ مِنْ مُصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُو عَنْ كَثِيرٍ }

(الشورى:**30**)

'നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടുതന്നെയാണ്. മിക്കതും അവൻ മാപ്പാക്കുകയും ചെയ്യുന്നു' (ശൂറാ: 30).

{ وَمَا ظَلَمْنَاهُمْ وَلَكِنْ كَانُوا هُمُ الظَّالِمِينَ }(الزخرف:**76**)

'നാം അവരോട് അക്രമം ചെയ്തിട്ടില്ല. പക്ഷെ അവർ തന്നെയായിരുന്നു അക്രമകാരികൾ' (സുഖുറുഫ്: 76).

{ إِنَّ اللَّهَ لاَ يَظْلِمُ النَّاسَ شَيْئًا وَلَكِنَّ النَّاسَ أَنْفُسَهُمْ يَظْلِمُونَ }(يونس:**44**) .

'തീർച്ചയായും അല്ലാഹു മനുഷ്യരോട് ഒട്ടും അനീതി കാണിക്കുന്നില്ല. എങ്കിലും മനുഷ്യർ അവരവരോട് തന്നെ അനീതി കാണിക്കുന്നു.' (യൂനുസ്: 44)

**153- സൃഷ്ടികളിലേക്ക് ചേർത്തിപ്പറയുന്ന പ്രവർത്തനങ്ങൾ ചെയ്യുവാൻ സൃഷ്ടികൾക്ക് കഴിവും, ഉദ്ദേശവുമുണ്ടോ?**

**ഉത്തരം: അടിമകൾക്ക് പ്രവർത്തിക്കുവാനുള്ള കഴിവും, മശീഅത്തും ഉണ്ട്, യഥാർത്ഥത്തിൽ അവരുടെ പ്രവർത്തനങ്ങൾ അവരിലേക്ക് തന്നെയാണ് ചേർത്ത് പറയുന്നത്. ഇത് കൊണ്ടാണ് അവരോട് പ്രവർത്തനങ്ങൾ നിർബ്ബന്ധിക്കപ്പെട്ടതും, അതിൻെറയടിസ്ഥാനത്തിൽ അവർക്ക് പ്രതിഫലവും ശിക്ഷയും നൽകുന്നത്. അവരുടെ കഴിവിനനുസരിച്ചല്ലാതെ അല്ലാഹു അവർക്ക് യാതൊന്നും നിർബ്ബന്ധമാക്കിയിട്ടില്ല. സൃഷ്ടികൾക്ക് ഈ കാര്യങ്ങളെല്ലാം ഉണ്ടെന്ന് വിശുദ്ധ ഖുർആനും, തിരുസുന്നത്തും സ്ഥാപിക്കുന്നുണ്ട്. എന്നാൽ അല്ലാഹു അവർക്ക് വിധിച്ചതല്ലാതെ യാതൊന്നും ചെയ്യുവാൻ സാധ്യമല്ല, അല്ലാഹു ഉദ്ദേശിക്കുന്നതല്ലാതെ യാതൊന്നും തന്നെ അവർ ഉദ്ദേശിക്കുന്നുമില്ല. അവർക്ക് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങളല്ലാതെ അവർ യാതൊന്നും ചെയ്യുന്നില്ല. ഇതിന് ആവശ്യമായ തെളിവുകൾ നാം അല്ലാഹുവിൻെറ മശീഅത്തും, ഇറാദത്തും, ഖൽഖും എന്ന ഭാഗത്ത് ഉദ്ദരിച്ചിട്ടുണ്ട്. അതുപോലെ അവരുടെ മനസുകളിൽ ഉദ്ദേശിക്കാത്തത് അവരുടെ പ്രവർത്തനങ്ങളിലും ഉണ്ടാവുന്നില്ല. സൃഷ്ടികളുടെ കഴിവും, മശീഅത്തും, ഉദ്ദേശവും, പ്രവർത്തനങ്ങളും അല്ലാഹുവിൻെറ കഴിവിനും, മശീഅത്തിനും, ഉദ്ദേശത്തിനും, പ്രവർത്തനത്തിനും തുടരെ വരുന്നതാണ്. അപ്പോൾ അല്ലാഹുവാണ് അവരുടെ സൃഷ്ടാവ്, അതുപോലെ അവരുടെ കഴിവിൻെറയും, ഉദ്ദേശത്തിൻെറയും, മശീഅത്തിൻെറയും, പ്രവർത്തനത്തിൻെറയും സൃഷ്ടാവ്. അവരുടെ മശീഅത്തും, ഉദ്ദേശവും, കഴിവും, പ്രവർത്തനങ്ങളും അല്ലാഹുവിൻെറ മശീഅത്തും, ഇറാദത്തും, കഴിവും, പ്രവർത്തനങ്ങളും മാത്രമല്ല, അതുപോലെ അവരുടേത് മാത്രവുമല്ല. മറിച്ച് പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. -അല്ലാഹു ഇതിൽ നിന്നെല്ലാം പരിശുദ്ധനാകുന്നു- അങ്ങിനെ സൃഷ്ടികളുടെ പ്രവർത്തനങ്ങൾ അല്ലാഹുവിൻെറ സൃഷ്ടിയാണ്, അത് സൃഷ്ടികളിലൂടെയാണ് ഉണ്ടാവുന്നത്, അത് അവരിലേക്ക് ചേർത്ത് പറയാവുന്നതുമാണ്.അതുകൊണ്ടാണ് പ്രവർത്തിക്കുന്നത് ആരാണോ അവരിലേക്ക് ആ പ്രവർത്തനം ചേർത്തിപ്പറയുന്നത്. അല്ലാഹു പറയുന്നു:**

{ مَنْ يَهْدِ اللَّهُ}(الأعراف:**178**)

**"അല്ലാഹു ആരെയാണോ സന്മാർഗത്തിലാക്കുന്നത്" (അഅ്റാഫ്:178)**
**ഇവിടെ യഥാർത്ഥത്തിൽ അല്ലാഹുവാണ് പ്രവർത്തിക്കുന്നവൻ, അതുപോലെ യഥാർത്ഥത്തിൽ പ്രവർത്തിക്കപ്പെടുന്നത് അടിമയുമാണ്. അതായത് യഥാർത്ഥത്തിൽ അല്ലാഹുവാണ് ഹിദായത്ത് നൽകുന്നവൻ, യഥാർത്ഥത്തിൽ ഹിദായത്തിലാകുന്നത് അടിമയാണ്. അതുകൊണ്ടാണ് നന്മയും തിന്മയുമായ പ്രവർത്തനങ്ങൾ അത് നിർവ്വഹിക്കുന്നവനിലേക്ക് ചേർത്തിപ്പറയുന്നത്. അല്ലാഹു പറയുന്നു:**

{ مَنْ يَهْدِ اللَّهُ فهو المهتدى}(الأعراف:**178**)

**"അല്ലാഹു ആരെയാണോ സന്മാർഗത്തിലാക്കുന്നത്, അവനാണ് സന്മാർഗം പ്രാപിച്ചവൻ" (അഅ്റാഫ്:178)**
**ഹിദായത്ത് അല്ലാഹുവിലേക്ക് ചേർത്തി പറയൽ യാഥാർത്ഥ്യമാണ്, അതുപോലെ ഹിദായത്തിലാവൽ സൃഷ്ടികളിലേക്ക് ചേർത്തിപ്പറയലും യാഥാർത്ഥ്യമാകുന്നു. ഹിദായത്ത് നൽകുന്നവൻ അല്ല ഹിദായത്തിലാകുന്നവൻ. അതുപോലെ ഹിദായത്തല്ല ഹിദായത്തിലാകൽ. അപ്രകാരം തന്നെയാണ് യഥാർത്ഥത്തിൽ അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ വഴികേടിലാക്കുന്നു, അത് അടിമ തന്നെയാണ് യഥാർത്ഥത്തിൽ വഴികേടിലായത്. അല്ലാഹുവിൻെറ എല്ലാ പ്രവർത്തനങ്ങളും ഇതുപോലെയാണ്. ആരെങ്കിലും പ്രവർത്തനവും, പ്രവർത്തനം സംഭവിക്കുന്നതും അടിമകളിലേക്ക് മാത്രം ചേർത്ത്**

**പറയുകയാണെങ്കിൽ അവൻ അവിശ്വാസിയായി തീർന്നു, ഇതു രണ്ടും അല്ലാഹുവിലേക്ക് മാത്രം ചേർത്തി പറയുകയാണെങ്കിലും അവൻ അവിശ്വാസിയായി. ആരെങ്കിലും പ്രവർത്തനം അല്ലാഹുവിലേക്കും, പ്രവർത്തനം സംഭവിക്കുന്നത് സൃഷ്ടികളിലേക്കും ചേർത്ത് പറയുകയാണെങ്കിൽ അതാണ് യാഥാർത്ഥ്യം, അവനാണ് യഥാർത്ഥത്തിൽ മുഅ്മിൻ.**

**154- ശറഇയായ ഖദ്റിൽ അല്ലാഹുവിന് ഇഷ്ടമുള്ള കാര്യമാണല്ലോ മുഴുവൻ ആളുകളും സന്മാർഗികളായി അല്ലാഹുവിനെ അനുസരിക്കുക എന്നത്, അല്ലാഹുവിന് അത് സാധിക്കുകയും ചെയ്യും, എന്ത് കൊണ്ട് അങ്ങിനെ സംഭവിക്കുന്നില്ല?**

**ഉത്തരം: അല്ലാഹുവിന് എല്ലാവരെയും സന്മാർഗികളാക്കുവാൻ സാധിക്കും. അല്ലാഹു പറയുന്നു:**

{وَلَوْ شَاءَ اللَّهُ لَجَعَلَكُمْ أُمَّةً وَاحِدَةً} (المائدة:**48**)

'അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു'. (മാഇദഃ:48).

{وَلَوْ شَاءَ رَبُّكَ لَآمَنَ مَنْ فِي الْأَرْضِ كُلُّهُمْ جَمِيعًا} (يونس:**99**)

'നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ച് വിശ്വസിക്കുമായിരുന്നു' (യൂനുസ്: 99).

**ഇതുപോലെ വേറെയും ആയത്തുകൾ കാണാവുന്നതാണ്. എന്നാൽ അല്ലാഹുവിൻെറ ഈ പ്രവർത്തനം അവൻെറ നീതിയുടെ തേട്ടവും, അവൻെറ റുബൂബിയ്യത്തിലും, ഉലൂഹിയ്യത്തിലും, നാമവിശേഷണങ്ങളിലുമുള്ള ഏകത്വത്തിന് അനിവാര്യവുമാണ്. അല്ലാഹുവിൻെറ അടിമകളിൽ എങ്ങിനെയാണ് അവനെ അനുസരിക്കുന്നവനും, അവനെ ധിക്കരിക്കുന്നവനും ഉണ്ടായതെന്ന ചോദ്യം അല്ലാഹുവിൻെറ നാമ വിശേഷണങ്ങളിൽ എങ്ങിനെയാണ് ഉപദ്രവം നൽകുന്നവനും ഉപകാരം നൽകുന്നവനും, നൽകുന്നവനും തടയുന്നവനും, താഴ്ത്തുന്നവനും ഉയർത്തുന്നവനും, അനുഗ്രഹം നൽകുന്നവനും പകരം ചോദിക്കുന്നവനും പോലെയുള്ള നാമങ്ങൾ ഉണ്ടായതെന്ന ചോദ്യം ചോദിക്കുന്നവനെ പോലെയാണ്. അപ്പോൾ അല്ലാഹുവിൻെറ പ്രവർത്തനങ്ങൾ അവൻെറ നാമങ്ങളുടെ തേട്ടമനുസരിച്ചും വിശേഷണങ്ങളുടെ ഫലമായും ഉണ്ടാകുന്നതാകുന്നു. അല്ലാഹുവിൻെറ പ്രവർത്തനങ്ങൾ നിഷേധിക്കലും, എതിര് പ്രവർത്തിക്കലും അവൻെറ നാമ വിശേഷണങ്ങളെ നിഷേധിക്കലും, എതിര് പ്രവർത്തിക്കലുമാകുന്നു, മാത്രമല്ല, അത് അവൻെറ റുബൂബിയ്യത്തിലും, ഉലൂഹിയ്യത്തിലുമുള്ള ഏകത്വത്തെ അവഗണിക്കലുമാകുന്നു. അല്ലാഹു പറയുന്നു:**

{فَسُبْحَانَ اللَّهِ رَبِّ الْعَرْشِ عَمَّا يَصِفُونَ * لَا يُسْأَلُ عَمَّا يَفْعَلُ وَهُمْ يُسْأَلُونَ } (الأنبياء:**22-23**)

'അപ്പോൾ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധനാകുന്നു! അവൻ പ്രവർത്തിക്കുന്നതിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ ചോദ്യം ചെയ്യപ്പെടുന്നതുമാണ്' (അൻബിയാ:22 –23).

**155- മതത്തിൽ ഖദ്റിലുള്ള വിശ്വാസത്തിനുള്ള സ്ഥാനം എന്താണ്?**

**ഉത്തരം: ഇസ്‌ലാമിക ശരീഅത്തിൻെറ ഭാഗമായുള്ള തിന്മകളെ തടയുകയും, നന്മയിലേക്ക് എത്തിക്കുകയും ചെയ്യുന്ന കാരണങ്ങളിൽ വിശ്വസിക്കുന്നത്പോലെ ഖദ്റിലുള്ള വിശ്വാസം തൗഹീദിൻെറ ഭാഗമാകുന്നു. ഖദ്റിൽ വിശ്വസിക്കുകയും, ഇസ്‌ലാമിക ശരീഅത്തനുസരിച്ച് ജീവിക്കുകയും ചെയ്താലല്ലാതെ മതത്തിൻെറ കാര്യങ്ങൾ ശരിയാംവണ്ണം നേരെയാവുകയില്ല. പ്രവാചകൻ(ﷺ) വളരെ വ്യക്തമായി സ്ഥാപിച്ച കാര്യമാണ് ഖദ്റിൽ വിശ്വസിക്കണമെന്നത്, അപ്പോൾ ഞങ്ങൾ പ്രവർത്തനം ഉപേക്ഷിച്ച് ഞങ്ങളുടെ ഖദ്റിൽ ഭരമേൽപിച്ചിരിക്കട്ടെയോ എന്ന് ചോദിച്ചവരോട് തിരുമേനി(ﷺ) പറയുകയുണ്ടായി: 'നിങ്ങൾ എല്ലാ എളുപ്പ മാർഗത്തിലൂടെയും പ്രവർത്തിക്കുക". ആരെങ്കിലും ഖദ്റിനെ നിഷേധിക്കുകയാണെങ്കിൽ അവൻ അല്ലാഹുവിൻെറ അറിവിനെയും കഴിവിനെയും നിഷേധിക്കുകയാണ് ചെയ്തിരിക്കുന്നത്, മാത്രമല്ല, സൃഷ്ടികൾക്ക് പ്രവർത്തനങ്ങളെ സൃഷ്ടിക്കുവാൻ സ്വതന്ത്രമായി തന്നെ കഴിവ് നൽകിയിരിക്കുകയാണ്, അങ്ങിനെ അല്ലാഹുവിനോട് കൂടെ വേറെ സൃഷ്ടാവിനെ സ്ഥിരീകരിച്ചിരിക്കുകയാണ് അവൻ ചെയ്യുന്നത്, തീർന്നില്ല, എല്ലാ സൃഷ്ടികളെയും അവർ സൃഷ്ടാക്കളായി പരിഗണിച്ചിരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. അടിമകൾക്ക് പ്രവർത്തി**

ക്കുവാനും, തെരെഞ്ഞെടുക്കുവാനും അല്ലാഹു നൽകിയ കഴിവില്ലെന്നും, അവന് അല്ലാഹു വിധിച്ചിട്ടുള്ള ഖദ്റിലൂടെ അവൻ ജീവിക്കുമെന്നും പറഞ്ഞ് ഇസ്‌ലാമിക നിയമങ്ങൾക്കെതിരെ ഖദ്റ് കൊണ്ട് തെളിവ് പിടിക്കുകയാണെങ്കിൽ അവൻ വാദിക്കുന്നത് കണ്ണില്ലാത്തവനോട് മുസ്ഹഫിലെ പുള്ളികൾ എണ്ണികണക്കാക്കുവാൻ കൽപിച്ചത് പോലെ അല്ലാഹു സൃഷ്ടികൾക്ക് കഴിയാത്തത് ചുമതലപ്പെടുത്തിയിരിക്കുയാണെന്നാണ് അർത്ഥം, അതിലൂടെ അവൻ അല്ലാഹുവിലേക്ക് അക്രമം എന്ന വിശേഷണം ചേർത്തിരിക്കുകയുമാണ്. ഇതിൽ അവൻെറ നേതാവ് ഇബ്‌ലീസാകുന്നു. ഇബ്‌ലീസ് പറയുകയാണ്:

{ قَالَ فَبِمَا أَغْوَيْتَنِي لَأَقْعُدَنَّ لَهُمْ صِرَاطَكَ الْمُسْتَقِيمَ }(الأعراف:**16**)

'അവൻ (ഇബ്‌ലീസ്) പറഞ്ഞു: നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും' (അഅ്റാഫ്:16).

**എന്നാൽ യഥാർത്ഥ സത്യവിശ്വാസികൾ നന്മയും തിന്മയുമായ എല്ലാ വിധി നിർണ്ണയത്തിലും വിശ്വസിക്കുകയും, അതിൻെറ സൃഷ്ടാവ് അല്ലാഹുവാണെന്ന് വിശ്വസിക്കുകയും, അല്ലാഹുവിൻെറ കൽപനയും, വിരോധങ്ങളും ഉൾകൊണ്ടിട്ടുള്ള ഇസ്‌ലാമിക നിയമങ്ങൾക്ക് അവർ കീഴൊതൊങ്ങുകയും, തങ്ങളുടെ രഹസ്യത്തിലും പരസ്യത്തിലും ആ നിയമങ്ങൾ കൊണ്ട് വി ധിക്കുകയും ചെയ്യുന്നു അവർ. സന്മാർഗവും, ദുർമാർഗവും അല്ലാഹുവിൽ നിന്നാണെന്നും, അല്ലാഹു തൻെറ കാരുണ്യം കൊണ്ട് അവൻ ഉദ്ദേശിക്കു ന്നവരെ സന്മാർഗത്തിലാക്കുകയും, അവൻെറ നീതിയുടെ ഭാഗമായി അവ ൻ ഉദ്ദേശിക്കുന്നവരെ ദുർമാർഗത്തിലാക്കുകയും ചെയ്യുന്നുവെന്നും അവർ വിശ്വസിക്കുന്നു. അല്ലാഹുവാണ് അവൻെറ നീതിയുടെയും, കാരുണ്യത്തി ൻെറയും യഥാർത്ഥ സ്ഥാനങ്ങൾ അറിയുന്നത്. അല്ലാഹു പറയുന്നു:**

{ هُوَ أَعْلَمُ بِمَنْ ضَلَّ عَنْ سَبِيلِهِ وَهُوَ أَعْلَمُ بِمَنِ اهْتَدَى }(النجم:**30**)

'തീർച്ചയായും നിന്റെ രക്ഷിതാവാകുന്നു അവന്റെ മാർഗത്തിൽ നിന്ന് തെറ്റിപ്പോയവരെപ്പറ്റി കൂടുതൽ അറിവുള്ളവൻ. സൻമാർഗം പ്രാപിച്ചവരെ പറ്റി കൂടുതൽ അറിവുള്ളവനും അവൻ തന്നെയാകുന്നു' (നജ്മ്: 30).



**ഇതിൽ അല്ലാഹുവിനാണ് ഉന്നതമായ യുക്തിയും, വ്യക്തമായ തെളിവുമുള്ളത്. ശറഇൽ നിർണ്ണയിച്ച കാര്യങ്ങൾ ചെയ്യുകയും, ഉപേക്ഷിക്കുകയും ചെയ്യുന്നതിൻെറ അടിസ്ഥാനത്തിലാണ് ശിക്ഷയും, പ്രതിഫലവും നൽകുന്നത്, അതല്ലാതെ ഖദ്റിൽ നിർണ്ണയിച്ചത് കൊണ്ടല്ല. അതുകൊണ്ട് തന്നെ സത്യവിശ്വാസികൾക്ക് വല്ല പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നേരിടുമ്പോൾ അവർ തങ്ങളുടെ വിധിയാണെന്ന് സമാധാനിച്ച് മനസ്സിന് കരുത്ത് പകരുകയും, അവർക്ക് ഐശ്വര്യം വരുമ്പോൾ സത്യം മനസിലാക്കുകയും ചെയ്യുന്നു. അങ്ങിനെ അവർ പറയും:**

{ الْحَمْدُ لِلَّهِ الَّذِي هَدَانَا لِهَذَا وَمَا كُنَّا لِنَهْتَدِيَ لَوْلاَ أَنْ هَدَانَا اللَّهُ} (الأعراف:**43**)

'അവർ പറയുകയും ചെയ്യും: ഞങ്ങളെ ഇതിലേക്ക് നയിച്ച അല്ലാഹുവിന് സ്തുതി. അല്ലാഹു ഞങ്ങളെ നേർവഴിയിലേക്ക് നയിച്ചിരുന്നില്ലെങ്കിൽ ഞങ്ങളൊരിക്കലും നേർവഴി പ്രാപിക്കുമായിരുന്നില്ല' (അഅ്റാഫ്:43). .

**തെമ്മാടികൾ പറയുന്നത് പോലെ അവർ ഒരിക്കലും പറയുകയില്ല:**

{ إِنَّمَا أُوتِيتُهُ عَلَى عِلْمٍ عِنْدِي } (القصص:**78**)

'എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിതു ലഭിച്ചത്' (ഖസസ്: 78).

**ചെയ്ത് പോയ കാര്യം തെറ്റാണെന്ന് മനസ്സിലായി കഴിഞ്ഞാൽ ഇപ്രകാരം പറയുന്നവരാണ് സത്യവിശ്വാസികൾ:**

{ رَبَّنَا ظَلَمْنَا أَنْفُسَنَا وَإِنْ لَمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ }

(الأعراف:**23**)

'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും' (അഅ്റാഫ്:23)..

**ശപിക്കപ്പെട്ട പിശാച് പറഞ്ഞത് പോലെ അവർ ഒരിക്കലും പറയില്ല.**

{ رَبِّ بِمَا أَغْوَيْتَنِي } (الحجر:**39**)

'എന്റെ രക്ഷിതാവേ, നീ എന്നെ വഴികേടിലാക്കിയതിനാൽ' (ഹിജ്റ്:39),

**സത്യവിശ്വാസികൾക്ക് വല്ല ബുദ്ധിമുട്ടുകളും ബാധിക്കുകയാണെങ്കിൽ അവർ ഇങ്ങനെ പറയുന്നവരാണ്:**

{ إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ }(البقرة:**156**)

‘ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് ’ (അൽബഖറ: 156)

**അവിശ്വാസികൾ പറഞ്ഞത്പോലെ അവർ ഒരിക്കലും പറയുകയില്ല:**

{ وَقَالُوا لِإِخْوَانِهِمْ إِذَا ضَرَبُوا فِي الأَرْضِ أَوْ كَانُوا غُزًّى لَوْ كَانُوا عِنْدَنَا مَا مَاتُوا وَمَا قُتِلُوا لِيَجْعَلَ اللَّهُ ذَلِكَ حَسْرَةً فِي قُلُوبِهِمْ وَاللَّهُ يُحْيِي وَيُمِيتُ وَاللَّهُ بِمَا تَعْمَلُونَ بَصِيرٌ } (أل عمران:**156**)

‘തങ്ങളുടെ സഹോദരങ്ങൾ യാത്രപോകുകയോ, യോദ്ധാക്കളായി പുറപ്പെടുകയോ ചെയ്തിട്ട് മരണമടയുകയാണെങ്കിൽ അവർ പറയും: ഇവർ ഞങ്ങളുടെ അടുത്തായിരുന്നെങ്കിൽ മരണപ്പെടുകയോ കൊല്ലപ്പെടുകയോ ഇല്ലായിരുന്നു. അങ്ങനെ അല്ലാഹു അത് അവരുടെ മനസ്സുകളിൽ ഒരു ഖേദമാക്കി വെക്കുന്നു. അല്ലാഹുവാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനുമത്രെ’ (ആലുഇംറാൻ:156).

**156- ഈമാനിന് എത്ര ശാഖകളാണ് ഉള്ളത്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ لَيْسَ الْبِرَّ أَنْ تُوَلُّوا وُجُوهَكُمْ قِبَلَ الْمَشْرِقِ وَالْمَغْرِبِ وَلَكِنَّ الْبِرَّ مَنْ آمَنَ بِاللَّهِ وَالْيَوْمِ الآخِرِ وَالْمَلَائِكَةِ وَالْكِتَابِ وَالنَّبِيِّينَ وَآتَى الْمَالَ عَلَى حُبِّهِ ذَوِي الْقُرْبَى وَالْيَتَامَى وَالْمَسَاكِينَ وَابْنَ السَّبِيلِ وَالسَّائِلِينَ وَفِي الرِّقَابِ وَأَقَامَ الصَّلَاةَ وَآتَى الزَّكَاةَ وَالْمُوفُونَ بِعَهْدِهِمْ إِذَا عَاهَدُوا وَالصَّابِرِينَ فِي الْبَأْسَاءِ وَالضَّرَّاءِ وَحِينَ الْبَأْسِ أُولَئِكَ الَّذِينَ صَدَقُوا وَأُولَئِكَ هُمُ الْمُتَّقُونَ} (البقرة:**177**)

‘നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും, മലക്കുകളിലും, വേദഗ്രന്ഥത്തിലും, പ്രവാചകൻമാരിലും വിശ്വസിക്കുകയും, സ്വത്തിനോട്



പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും, അനാഥകൾക്കും, അഗതികൾക്കും, വഴി പോക്കന്നും, ചോദിച്ചു വരുന്നവർക്കും, അടിമമോചനത്തിന്നും നൽകുകയും, പ്രാർത്ഥന (നമസ്കാരം) മുറപ്രകാരം നിർവഹിക്കുകയും, സകാത്ത് നൽകുകയും, കരാറിൽ ഏർപെട്ടാൽ അത് നിറവേറ്റുകയും, വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും, യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാൻമാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു (ദോഷബാധയെ) സൂക്ഷിച്ചവർ’.(അൽബഖറ: 177)

**പ്രവാചകൻ പറയുകയാണ്:**

( الإِيمَانُ بِضْعٌ وَسِتُّونَ شُعْبَةً ) رواه البخاري ( **9** ) ، ومسلم ( الإيمان/**57** ، **58** )

**“വിശ്വാസം അറുപതിൽ ചില്ലാനം ശാഖകളാകുന്നു” (ബുഖാരി, മുസ്‌ലിം). മറ്റൊരു റിപ്പോർട്ടിലുള്ളത് ഇപ്രകാരമാണ്: തിരുമേനി(ﷺ) പറയുകയുണ്ടായി:**

(الإيمَانُ بِضْعٌ وَسَبْعُونَ أَوْ بِضْعٌ وَسِتُّونَ شُعْبَةً فَأَفْضَلُهَا قَوْلُ لاَ إِلَهَ إِلاَّ اللَّهُ وَأَدْنَاهَا إِمَاطَةُ الأَذَى عَنِ الطَّرِيقِ وَالْحَيَاءُ شُعْبَةٌ مِنَ الإِيمَانِ) رواه مسلم ( الصيد / **57** )

**“വിശ്വാസം എഴുപതിൽ ചില്ലാനം അല്ലെങ്കിൽ അറുപതിൽ ചില്ലാനം ശാഖകളാണ്, അതിൽ ഏറ്റവും ശ്രേഷ്ടമായത് ‘അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന’ വചനമാകുന്നു, വഴിയിൽ നിന്ന് തടസ്സം നീക്കൽ അതിൽ ഏറ്റവും ചെറിയതാകുന്നു, ലജ്ജ:യെന്നുള്ളത് ഈമാനിൻെറ ഒരു ശാഖയാകുന്നു” (മുസ്‌ലിം).**

**157- ഈ ശാഖകളെ പണ്ഡിതന്മാർ എങ്ങിനെയാണ് വ്യാഖ്യാനിച്ചിരിക്കുന്നത്?**

**ഉത്തരം: ഒരുപാട് പണ്ഡിതന്മാർ ഇതിനെ വ്യാഖ്യാനിക്കുകയും, വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്, അവർ അതിനെ നല്ലരൂപത്തിൽ മനസിലാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈമാനിൻെറ എല്ലാ ശാഖകളെയും എണ്ണികണക്കാക്കൽ ഈമാനിൻെറ നിബന്ധനകളിൽ പെട്ടതല്ല. മറിച്ച് അതിൽ മൊത്തത്തിൽ മനസിലാക്കിയാൽ മതിയാകുന്നതാണ്. ഇവ മുഴുവനും വിശുദ്ധ ഖുർആനിലും, തിരുസുന്നത്തിലും വിശദമാക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ ഓരോ അടിമയും അതിലെ കൽപനകൾ ജീവിതത്തിൽ**

പകർത്തുകയും, വിരോധങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും, അതിൽ പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങളെയും സത്യപ്പെടുത്തുകയും ചെയ്താൽ അവന്റെ ഈമാൻ പരിപൂർണമായി. എന്നാൽ അത് യഥാർത്ഥ രൂപത്തിൽ എണ്ണി കണക്കാക്കുകയാണെങ്കിൽ അതും ഈമാനിന്റെ കാര്യങ്ങളിൽ പെട്ടത് തന്നെയാണ്.എന്നാൽ പ്രവാചകൻ(ﷺ) ഈ ഹദീസിലൂടെ ഇന്നതാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമായി പറയുന്നതിനേക്കാൾ നല്ലത് അതാണെന്നും, അല്ലെന്നും പറയാതെ ആ വിഷയം അവിടെ നിർത്തിവെക്കലാകുന്നു.

**158- ഈമാനിന്റെ ശാഖകളെ പണ്ഡിതന്മാർ വിശദീകരിച്ചതിന്റെ ചുരുക്കമെന്താണ്?**

ഉത്തരം: ഇബ്നു ഹിബ്ബാൻ(﵀) വിശദീകരിച്ചത് ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി(﵀) ഫത്ഹുൽ ബാരിയിൽ ചുരുക്കി വിവരിച്ച് കൊണ്ട് ഇങ്ങനെ പറയുന്നു: ഈമാനിന്റെ ഈ ശാഖകൾ ഹൃദയം, നാവ്, ശരീരം എന്നിവയാലുള്ള പ്രവർത്തനമായി തരം തിരിച്ചിട്ടുണ്ട്.
ഹൃദയങ്ങളുടെ പ്രവർത്തനം: ഇതിൽ വിശ്വാസങ്ങളും, നിയ്യത്തുകളും ഉൾക്കൊള്ളുന്നു. ഇതിൽ 24 ശാഖകളാണ് ഉള്ളത്. അല്ലാഹുവിലുള്ള വിശ്വാസം, ഇതിൽ അല്ലാഹുവിന്റെ ദാത്തിലും, വിശേഷണങ്ങളിലും, ഏകത്വത്തിലുമുള്ള വിശ്വാസം ഉൾക്കൊള്ളുന്നു. കാരണം അല്ലാഹു:

{ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ } (الشورى:**11**)

'അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു' (ശൂറാ:11).
അല്ലാഹുവിന്റെ മലക്കുകളിലും, വേദഗ്രന്ഥങ്ങളിലും, പ്രവാചകന്മാരിലും, നന്മയും തിന്മയുമായ ഖദ്റിലും, അവസാന നാളിലുള്ള വിശ്വാസവും ഇതിൽ ഉൾക്കൊള്ളുന്നു. അതുപോലെ ഖബ്റും അതിലെ കാര്യങ്ങളും, പുനർജീവിതവും, ഉയിർത്തെഴുന്നേൽപും, വിചാരണയും, തുലാസും, പാലവും സ്വർഗവും, നരകവും, അല്ലാഹുവിന്റെ സ്നേഹവും, അല്ലാഹുവിന് വേണ്ടി ഇഷ്ടപ്പെടുകയും വെറുക്കുകയും ചെയ്യലും, പ്രവാചകനെ സ്നേഹിക്കലും, അദ്ദേഹത്തിൽ വിശ്വസിക്കലും, അദ്ദേഹത്തെ മഹത്വപ്പെടുത്തലും പോലെയുള്ളവയും ഇതിൽ വരുന്നതാണ്. ഇതിൽ ഉൾക്കൊള്ളുന്ന കാര്യമാ



ണ് പ്രവാചകന്റെ പേരിൽ സ്വലാത്ത് ചൊല്ലൽ, പ്രവാചകചര്യ പിൻപറ്റൽ, ഇഖ്ലാസ് എന്നിവയും. അതുപോലെ ലോകമാന്യവും നിഫാഖും ഉപേക്ഷിക്കലും, തൗബയും, ഭയഭക്തിയും, പ്രതീക്ഷയും, നന്ദി ചെയ്യലും, കരാർ പൂർത്തീകരണവും, ക്ഷമയും, തൃപ്തിയും, വിധിക്കലും, ഭരമേൽപിക്കലും, കാരുണ്യവും, വിനയവും ഇതിലുള്ളതാകുന്നു. വലിയവരെ ബഹുമാനിക്കലും, ചെറിയവരോട് കാരുണ്യം കാണിക്കലും, അഹങ്കാരവും പെരുമ നടിക്കലും ഉപേക്ഷിക്കലും, അസൂയ, വിദ്വേഷം, കോപം എന്നിവ വർജിക്കലും ഇതിൽ ഉൾക്കൊള്ളുന്നത് തന്നെയാണ്.
നാവ്കൊണ്ടുള്ള പ്രവർത്തനം: ഇതിൽ എഴ് ഘടകങ്ങൾ ഉൾക്കൊള്ളുന്നു. കലിമത്തു തൗഹീദ് ഉച്ചരിക്കൽ, ഖുർആൻ പാരായണം, അറിവ് നേടലും, അത് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കലും, പ്രാർത്ഥനയും, ദിക്റുകളും ഇതിന്റെ വരുതിയിൽ വരുന്നതാണ്. അതുപോലെ പാപമോചനം തേടലും, വിനോദ വർത്തമാനങ്ങൾ വെടിയുന്നതും ഇതിൽ ഉൾക്കൊള്ളുന്നതാണ്.
ശരീരം കൊണ്ടുള്ള പ്രവർത്തനങ്ങൾ: ഇതിൽ 38 ശാഖകൾ ഉൾക്കൊള്ളുന്നു. അതിൽ ചിലത് എല്ലാ വ്യക്തികൾക്കും അനിവാര്യമായ കാര്യങ്ങളുണ്ട്, അവ പതിനഞ്ച് ശാഖകളാണ്, അവ: ശാരീരികവും മാനസികവുമായ ശുദ്ധി വരുത്തൽ, ഇതിൽ വരുന്ന മറ്റു കാര്യങ്ങളാണ് ഭക്ഷിപ്പിക്കൽ, അതിഥികളെ ആദരിക്കൽ, നിർബ്ബന്ധവും സുന്നത്തുമായ നോമ്പനുഷ്ടിക്കൽ, ഇഅ്തികാഫിരിക്കൽ, ലൈലത്തുൽ ഖദ്ർ പ്രതീക്ഷിച്ചിരിക്കൽ, ഹജ്ജും ഉംറയും ചെയ്യൽ, അതുപോലെ ത്വവാഫ് ചെയ്യൽ, മതത്തിന് വേണ്ടി അവിശ്വാസത്തിന്റെ നാട്ടിൽ നിന്ന് പലായനം ചെയ്യൽ, നേർച്ച പൂർത്തിയാക്കൽ, സത്യത്തിന് വേണ്ടി നിലനിൽക്കലും അതിന്റെ പൂർത്തീകരണവും, പ്രായശ്ചിത്തം നിർവ്വഹിക്കൽ എന്നിവയും,
അതുപോലെ ആറ് കാര്യങ്ങൾ പിൻപറ്റൽ അവ: വിവാഹം കഴിക്കൽ, കുടുംബത്തിന് നൽകേണ്ട അവകാശങ്ങൾ നൽകൽ, മാതാപിതാക്കൾക്ക് പുണ്യം ചെയ്യുന്നതോടൊപ്പം അവരെ അവഗണിക്കാതിരിക്കുകയും ചെയ്യൽ, സന്താനങ്ങളെ പരിപാലിക്കുകയും, കുടുംബബന്ധം ചേർക്കലും, നേതാക്കന്മാരെ അനുസരിക്കലും, തന്റെ കീഴിലുള്ളവരോട് സൗമ്യമായി പെരുമാറുകയും ചെയ്യലുമാണ്.

**പൊതു ജനങ്ങളുമായി ബന്ധപ്പെട്ട 17 കാര്യങ്ങളുണ്ട്, അവ: നീതിയോടെ ഭരണം നടത്തുക, ഭൂരിപക്ഷത്തെ അംഗീകരിക്കുക, കൈകാര്യകർത്താക്കളെ അനുസരിക്കുക, ജനങ്ങൾക്കിടയിൽ യോജിപ്പും രജ്ഞിപ്പുമുണ്ടാക്കുന്നതോടൊപ്പം ഖവാരിജുകളോടും, ധിക്കാരികളോടും യുദ്ധം ചെയ്യുക, പുണ്യത്തിൽ പരസ്പരം സഹകരിക്കുകയും സഹായിക്കുകയും ചെയ്യുക ഇതിൽ പെട്ടതാണ് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുകയെന്നത്, വിധികളും ശിക്ഷാ നിയമങ്ങളും ധർമ്മ സമരവും നടപ്പിൽ വരുത്തുകയും ഇതിനോടനുബന്ധിച്ച് വരുന്ന മറ്റു കാര്യങ്ങളും നടപ്പിലാക്കുക, കടം നൽകുകയും വീട്ടുകയും ചെയ്യുക, അയൽവാസികളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക, നല്ലരൂപത്തിൽ പെരുമാറുക ഇതിൽപെട്ടത് തന്നെയാണ് അനുവദനീയമായ മാർഗത്തിലൂടെ സമ്പാദിക്കുകയും, അർഹിക്കുന്ന കാര്യങ്ങൾക്ക് അത് ചിലവഴിക്കുകയും,അമിതവ്യയവും ദൂർത്തും വെടിയുകയും ചെയ്യുക, സലാം മടക്കുകയും, തുമ്മിയ ആളുകൾക്ക്വേണ്ടി പ്രാർത്ഥിക്കുകയും, ജനങ്ങളിൽ നിന്ന് ഉപദ്രവം തടയുകയും, വ്യർത്ഥമായ വിനോദങ്ങൾ ഉപേക്ഷിക്കുകയും, വഴിയിൽ നിന്ന് ഉപദ്രവങ്ങൾ നീക്കുകയും ചെയ്യുക. ഇങ്ങനെ 69 ശാഖകളാണ് നാം എണ്ണിയത്, ഇത് തന്നെ ചിലതിനെ വിസ്തരിച്ച് പറയുകയും, ചില കാര്യങ്ങൾ കൂട്ടി എണ്ണുകയും ചെയ്താൽ 77 ശാഖകളായി എണ്ണാൻ സാധിക്കും. അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.**

**159- الإحسان "നന്മ" എന്നതിന് വിശുദ്ധഖുർആനിൽ നിന്നും പ്രവാചക ചര്യയിൽ നിന്നും തെളിവ് പറയുക?**

**ഉത്തരം: അനേകം തെളിവുകളുണ്ട്. അല്ലാഹു പറയുന്നു:**

{ وَأَحْسِنُوا إِنَّ اللَّهَ يُحِبُّ الْمُحْسِنِينَ } (البقرة:**195**)

'നിങ്ങൾ നല്ലത് പ്രവർത്തിക്കുക. നൻമ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപെടുക തന്നെ ചെയ്യും' (അൽബഖറ: 1195)

{ إِنَّ اللَّهَ مَعَ الَّذِينَ اتَّقَوْا وَالَّذِينَ هُمْ مُحْسِنُونَ }(النحل:**128**)

'തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു. സദ്വൃത്തരായിട്ടുള്ളവരോടൊപ്പവും.' (നഹ്ൽ:128)



{ وَمَنْ يُسْلِمْ وَجْهَهُ إِلَى اللَّهِ وَهُوَ مُحْسِنٌ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى }

(لقمان:**22**)

'വല്ലവനും സദ്വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടി കയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്' (ലുഖ്മാൻ: 22).

{ لِلَّذِينَ أَحْسَنُوا الْحُسْنَى وَزِيَادَةٌ } (يونس:**26**)

'സുകൃതം ചെയ്തവർക്ക് ഏറ്റവും ഉത്തമമായ പ്രതിഫലവും കൂടുതൽ നേട്ടവുമുണ്ട്' (യൂനുസ്:26).

{ هَلْ جَزَاءُ الْإِحْسَانِ إِلَّا الْإِحْسَانُ } (الرحمن: **60**)

'നല്ല പ്രവൃത്തിക്കുള്ള പ്രതിഫലം നല്ലത് ചെയ്ത് കൊടുക്കലല്ലാതെ മറ്റു വല്ലതുമാണോ?' (റഹ്മാൻ:60)

**പ്രവാചകൻ(ﷺ) പറയുന്നു:**

« إِنَّ اللَّهَ كَتَبَ الإِحْسَانَ عَلَى كُلِّ شَيْءٍ » (مسلم)

**"തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളിലും നന്മ വിധിച്ചിരിക്കുന്നു" (മുസ്ലിം)**

وقال صلى الله عليه وسلم : " « نِعِمَّا لِلْعَبْدِ أَنْ يَتَوَفَّاهُ اللَّهُ بِحُسْنِ عِبَادَةِ رَبِّهِ وَبِطَاعَةِ سَيِّدِهِ نِعِمَّا لَهُ وَنِعِمَّا لَهُ » رواه البخاري ( **2549** ) ، ومسلم ( **46** ) .

**പ്രവാചകൻ(ﷺ) പറയുന്നു: "അടിമയായ ഒരു വ്യക്തിക്ക് ലഭിക്കുന്ന വലിയ അനുഗ്രഹമാണ്, തൻെറ രക്ഷിതാവിനെ നല്ല രൂപത്തിൽ ആരാധിക്കുകയും, തൻെറ യജമാനനെ അനുസരിക്കുകയും ചെയ്യുന്ന രൂപത്തിൽ മരിപ്പിക്കുന്നത്, അതവന് നല്ല അനുഗ്രഹമാണ്, അതവന് അനുഗ്രഹമാണ്" (ബുഖാരി, മുസ്ലിം).**

**160- ആരാധനയിലുള്ള ഇഹ്സാൻ എന്താകുന്നു?**

**ഉത്തരം: ജിബ്രീൽ(ﷺ)ൻെറ ഹദീസിൽ പ്രവാചകൻ(ﷺ) പറയുന്നു:**

« فَأَخْبِرْنِي عَنِ الإِحْسَانِ قَالَ: أَنْ تَعْبُدَ اللهَ كَأَنَّكَ تَرَاهُ، فَإِنْ لَمْ تَكُنْ تَرَاهُ فَإِنَّهُ يَرَاكَ » رواه البخاري ( 50 ، 4777 ) .

“ഇഹ്സാൻ എന്താണെന്ന് താങ്കൾ അറിയിച്ച് തന്നാലും? അദ്ദേഹം പറഞ്ഞു: നീ അല്ലാഹുവിനെ കാണുന്നത് പോലെ അവനെ ആരാധിക്കുക, അവനെ നിനക്ക് കാണാൻ സാധ്യമല്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്” (ബുഖാരി). ഇവിടെ തിരുമേനി(ﷺ) ഇഹ്സാൻ വ്യത്യസ്ഥമായ രണ്ട് തട്ടുകളിലാണെന്ന് പഠിപ്പിക്കുകയാണ്. അതിൽ ഏറ്റവും ഉത്തമമായ ഘടകം: അല്ലാഹു തന്റെ മുന്നിലുണ്ടെന്നും അവൻ തന്നെ കാണുകയും ചെയ്യുന്നുണ്ടെന്ന രൂപത്തിൽ ഹൃദയം അറിഞ്ഞ് കൊണ്ടും ഭയഭക്തിയോടെയും അവനെ ആരാധിക്കലാണ്. അതായത് അല്ലാഹു തന്റെ മൂന്നിലുണ്ടെന്ന വിചാരത്തോടെ തന്റെ ഹൃദയത്തെ പ്രകാശിപ്പിക്കുകയും, അങ്ങിനെ തന്റെ പ്രകടവും പരോക്ഷവുമായ എല്ലാ കാര്യങ്ങളെയും അവന് സമർപ്പിക്കലാണ്. ഇതാണ് ഇഹ്സാനിന്റെ യഥാർത്ഥ സ്ഥാനം. രണ്ട്: അല്ലാഹു തന്നെ എപ്പോഴും നിരീക്ഷിക്കുന്നു, തന്റെ പ്രവർത്തനങ്ങൾ അവൻ കാണുന്നു, അവൻ എന്റെ അടുത്തുമാണെന്ന ബോധത്താൽ പ്രവർത്തിക്കുക.ഈ ബോധത്തോടെ ഒരാൾ കർമ്മങ്ങൾ ചെയ്യുകയാണെങ്കിൽ അത് അല്ലാഹുവിന് നിഷ്കളങ്കമായി ചെയ്യുന്ന പ്രവർത്തനങ്ങളായി മാറും. അങ്ങിനെ അല്ലാഹുവല്ലാത്തവരിലേക്ക് തിരിയുകയോ, അവരെ ഉദ്ദേശിക്കുകയോ ചെയ്യാതെ അല്ലാഹുവിനെ മാത്രം ഉദ്ദേശിച്ച് കൊണ്ട് കർമ്മങ്ങൾ ചെയ്യുവാൻ അവന് സാധിക്കുന്നതാണ്. ഇത് ഉദ്ദേശങ്ങളുടെ ഏറ്റ വ്യത്യാസങ്ങൾക്കനുസരിച്ച് ഇതിന്റെ പദവിയിലും വ്യത്യാസം വരുന്നതാണ്.

**161- ഈമാനിന്റെ വിപരീതം എന്താണ്?**

ഉത്തരം: ഈമാനിന്റെ വിപരീതം അവിശ്വാസമാണ്. ഈമാനിന് ഒരുപാട് ഘടകങ്ങൾ ഉള്ളത് പോലെ കുഫ്റിനും ഒരുപാട് ശാഖകൾ ഉണ്ട്. ഈമാൻ എന്ന് പറഞ്ഞാൽ ഹൃദയമറിഞ്ഞ് കൊണ്ട് വിശ്വസിക്കുകയും അതിന് കീഴ്പ്പെടുകയും ചെയ്യുകയാണെങ്കിൽ കുഫ്റിന്റെ അടിസ്ഥാനം നിഷേധവും, അഹങ്കാരവും, തെറ്റുകളിൽ തന്നെ ഉറച്ച് നിൽക്കലുമാണ്. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്ന മുഴുവൻ കാര്യങ്ങളും ഈമാനി



ന്റെ ശാഖകളാണ്, ഇത് നാം മുകളിൽ വിവരിച്ചത് പോലെ ഒരുപാട് കാര്യങ്ങൾ ഉൾകൊള്ളുന്നു. അതുപോലെ തെറ്റുകൾ മുഴുവനും കുഫ്റിന്റെ ശാഖകളാണെന്ന് മനസിലാക്കുകയാണെങ്കിൽ കുഫ്റ് രണ്ട് തരമുണ്ട്.

വലിയ കുഫ്ർ, ഇത് ഈമാനിൽ നിന്ന് പരിപൂർണമായും പുറത്ത്പോകുന്ന കാര്യമാണ്, അതായത് പ്രവർത്തനങ്ങൾക്കും ഹൃദയം അറിഞ്ഞ് കൊണ്ട് ഉച്ചരിക്കുന്നതിനും വിപരീതമായി വരുന്ന വിശ്വാസത്തിലുള്ള കുഫ്റാകുന്നു.

ചെറിയ കുഫ്ർ, ഈമാനിന്റെ പരിപൂർണതക്ക് കോട്ടം തട്ടുന്ന കാര്യങ്ങൾ, ഇത് ഈമാനിനെ പരിപൂർണമായി നിഷ്ഫലമാക്കുന്നില്ലായെങ്കിലും ഈമാനിന്റെ പരിപൂർണതയ്ക്കത് ഭംഗം വരുത്തുന്നു. ഇത് പ്രവർത്തനപരമായ കുഫ്റാണ്, ഇത് ഹൃദയത്തിലെ വിശ്വാസത്തെയും പ്രവർത്തനത്തെയും നിഷ്ഫലമാക്കി കളയുന്നില്ല. അത് അനിവാര്യവുമല്ല.

**162- വിശ്വാസപരമായ അവിശ്വാസം മുഖേന ഈമാൻ പരിപൂർണമായി നിഷ്ഫലമാകും എന്നത് വിശദീകരിക്കുക?**

ഉത്തരം: നാം മുകളിൽ വിശദമാക്കിയ കാര്യമാണ് വിശ്വാസം എന്നത് വാക്കും, പ്രവർത്തനവുമാണെന്നതും, ഹൃദയമറിഞ്ഞ് കൊണ്ട് നാവിലൂടെയുള്ള വാക്കും, ഹൃദയം കൊണ്ടും നാവ്കൊണ്ടും അവയവങ്ങൾ കൊണ്ടുമുള്ള പ്രവർത്തനവുമാണെന്ന്. ഹൃദയം കൊണ്ടുള്ള പറയൽ: അത് സത്യപ്പെടുത്തലാണ്, നാവ് കൊണ്ടുള്ള പറയൽ: ഇസ്ലാമിന്റെ സാക്ഷ്യവചനങ്ങൾ ഉച്ചരിക്കലൊണ്, ഹൃദയം കൊണ്ടുള്ള പ്രവർത്തനം: ഉദ്ദേശവും, നിഷ്കളങ്കതയുമാണ്, അവയവങ്ങൾ കൊണ്ടുള്ള പ്രവർത്തനം: അവയുടെ തേട്ടമനുസരിച്ച് വരുന്ന മുഴുവൻ കാര്യങ്ങളും ചെയ്ത് കൊണ്ട് അതിന് കീഴൊതു ങ്ങലുമാണ്. ഹൃദയം കൊണ്ടുള്ള വാക്ക്, പ്രവർത്തനം, നാവ് കൊണ്ടുള്ള ഉച്ചാരണം അവയവങ്ങൾ കൊണ്ടുള്ള പ്രവർത്തനം തുടങ്ങിയ നാല് കാര്യ ങ്ങളും നീങ്ങിപോവുകയാണെങ്കിൽ ഈമാൻ പരിപൂർണമായും നീങ്ങി പോ കുന്നതാണ്. അതുപോലെ ഹൃദയം കൊണ്ടുള്ള സത്യപ്പെടുത്തൽ ഇല്ലാതിരി ക്കുകയാണെങ്കിൽ മറ്റു കാര്യങ്ങൾ കൊണ്ട് യാതൊരു പ്രയോജനവുമില്ല. കാരണം ഹൃദയം കൊണ്ടുള്ള സത്യപ്പെടുത്തൽ മറ്റു കാര്യങ്ങൾ ശരിയായ രൂപത്തിൽ നിലവിൽ വരുവാനുള്ള നിബന്ധനയാണ്. ആരെങ്കിലും അല്ലാ ഹുവിന്റെ

**നാമവിശേഷണങ്ങളേയോ, അതല്ലെങ്കിൽ അല്ലാഹു പ്രവാചക ന്മാരിലൂടെ അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ ഏതെങ്കിലുമൊന്നിനെ നിഷേധിക്കുന്നത് മുഴുവൻ കാര്യങ്ങളെയും നിഷേധിക്കുന്നതിന് തുല്യമായിരിക്കും, ഇതുപോലെയാണ് ഈ കാര്യവും. ഹൃദയത്തിൻെറ പ്രവർത്തനം ഇല്ലാതെ സത്യപ്പെടുത്തൽ മാത്രമാണെങ്കിലും അവൻെറ ഈമാൻ പരിപൂർണ്ണമായും നഷ്ടപ്പെടുമെന്ന് തന്നെയാണ് അഹ്ലുസുന്നത്തിവൽജമാഅ:യുടെ പണ്ഡിതന്മാർ പറയുന്നത്. അല്ലാഹുവിനെ ഇഷ്ടപ്പെടുകയും, അവന് കീഴൊതുങ്ങലും അടങ്ങിയിട്ടുള്ള ഹൃദയം കൊണ്ടുള്ള പ്രവർത്തനമില്ലാതെ സത്യപ്പെടുത്തുന്നത് കൊണ്ട് യാതൊരു പ്രയോജനവുമില്ല. ഫിർഔനിനും അദ്ദേഹത്തിൻെറ ജനതക്കും ജൂതന്മാർക്കും, മുശ്രിക്കുകൾക്കും അവരിലേക്ക് അയച്ച പ്രവാചകന്മാർ സത്യവാന്മാരാണെന്ന് അവർ പറഞ്ഞിരുന്നുവെങ്കിലും അവർ ആ പ്രവാചകന്മാരിൽ വിശ്വസിക്കുകയോ, അവരെ പിൻപറ്റുകയോ ചെയ്യാത്തത് കൊണ്ട് തന്നെ അവർക്ക് യാതൊന്നും തന്നെ ഉപകാരപ്പെടാത്തത് പോലെ തന്നെ.**

**163- ഇസ്ലാമിൻെറ വലയത്തിൽ നിന്നും പരിപൂർണമായും പുറത്ത് പോകുന്ന വലിയ കുഫ്റിൻെറ ഇനങ്ങൾ എത്രയാണ്?**

**ഉത്തരം: നാം മുകളിൽ വിശദീകരിച്ചതിൽ നിന്നും മനസിലാകുന്നത് നാല് ഇനങ്ങൾ ഉണ്ടെന്നാണ്. കളവാക്കുന്നതിൻെറയും, അജ്ഞതയുടെയും അവിശ്വാസം, നിഷേധത്തിൻെറ കുഫ്റ്, അഹങ്കാരത്തിൻെറയും ദുരഭിമാനത്തിൻെറയും കുഫ്റ്, കപടവിശ്വാസത്തിൻെറ കുഫ്റ്.**

**164- കളവാക്കുന്നതിൻെറയും, അജ്ഞതയുടെയും കുഫ്റ് എന്ന് പറഞ്ഞാൽ എന്താണ്?**

**ഉത്തരം: ചില സമൂഹങ്ങളെ സംബന്ധിച്ച് അല്ലാഹു പറയുന്നു:**

{ الَّذِينَ كَذَّبُوا بِالْكِتَابِ وَبِمَا أَرْسَلْنَا بِهِ رُسُلَنَا فَسَوْفَ يَعْلَمُونَ }(غافر:**70**)

'വേദഗ്രന്ഥത്തെയും, നാം നമ്മുടെ ദൂതൻമാരെ അയച്ചത് എന്തൊരു ദൗത്യം കൊണ്ടാണോ അതിനെയും നിഷേധിച്ചു കളഞ്ഞവരത്രെ അവർ. എന്നാൽ വഴിയെ അവർ അറിഞ്ഞു കൊള്ളും' (ഗാഫിർ: 70).



{ وَأَعْرِضْ عَنِ الْجَاهِلِينَ } (الأعراف:**199**)

'അവിവേകികളെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്യുക' (അഅ്റാഫ്:43).

{ وَيَوْمَ نَحْشُرُ مِنْ كُلِّ أُمَّةٍ فَوْجًا مِمَّنْ يُكَذِّبُ بِآيَاتِنَا فَهُمْ يُوزَعُونَ * حَتَّى إِذَا جَاءُوا قَالَ أَكَذَّبْتُمْ بِآيَاتِي وَلَمْ تُحِيطُوا بِهَا عِلْمًا أَمْ مَاذَا كُنْتُمْ تَعْمَلُونَ } (النمل:**83-84**)

'ഓരോ സമുദായത്തിൽ നിന്നും നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ച് തള്ളുന്ന ഓരോ സംഘത്തെ നാം ഒരുമിച്ചുകൂട്ടുകയും, അങ്ങനെ അവർ ക്രമത്തിൽ നിർത്തപ്പെടുകയും ചെയ്യുന്ന ദിവസത്തെ (ഓർക്കുക.) അങ്ങനെ അവർ വന്നു കഴിഞ്ഞാൽ അവൻ പറയും: എന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തികച്ചും മനസ്സിലാക്കാതെ നിങ്ങൾ അവയെ നിഷേധിച്ച് തള്ളുകയാണോ ചെയ്തത്? അതല്ല, എന്താണ് നിങ്ങൾ ചെയ്തു കൊണ്ടിരുന്നത്.?' (നംല്: 83–84)

{ بَلْ كَذَّبُوا بِمَا لَمْ يُحِيطُوا بِعِلْمِهِ وَلَمَّا يَأْتِهِمْ تَأْوِيلُهُ } (يونس:**39**)

'അല്ല, മുഴുവൻ വശവും അവർ സൂക്ഷ്മമായി അറിഞ്ഞിട്ടില്ലാത്ത, അനുഭവ സാക്ഷ്യം അവർക്കു വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു കാര്യത്തെ അവർ നിഷേധിച്ചു തള്ളിയിരിക്കയാണ്' (യൂനുസ്: 39).

**165- നിഷേധത്തിൻെറ കുഫ്റ് എന്ന് പറഞ്ഞാൽ എന്താണ്?**

**ഉത്തരം: സത്യം അറിഞ്ഞിട്ട് അത്മൂടിവെക്കുകയും, ആന്തരികമായി മനസിലാക്കിയതിന് ശേഷം പ്രകടമായി അതിന് കീഴൊതുങ്ങാതിരിക്കുകയും ചെയ്യലാണ്. ഫിർഔനും, അദ്ദേഹത്തിൻെറ സമൂഹവും മൂസാ നബി(ﷺ)യിൽ അവിശ്വസിച്ചത് പോലെ, ജൂതന്മാർ മുഹമ്മദ്(ﷺ)യിൽ അവിശ്വസിച്ചത് പോലെ. ഫിർഔനിൻെറയും സമുദായത്തിൻെറയും അവിശ്വാസത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നു:**

{وَجَحَدُوا بِهَا وَاسْتَيْقَنَتْهَا أَنْفُسُهُمْ ظُلْمًا وَعُلُوًّا} (النمل:**14**)

'അവയെപ്പറ്റി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോധ്യം വന്നിട്ടും അക്രമവും അഹങ്കാരവും മൂലം അവരതിനെ നിഷേധിച്ചുകളഞ്ഞു.' (നംല്:14)

**ജൂതന്മാരെ സംബന്ധിച്ച് അല്ലാഹു പറയുന്നു:**

{فَلَمَّا جَاءَهُمْ مَا عَرَفُوا كَفَرُوا بِهِ } (البقرة:**89**)

'അവർക്ക് സുപരിചിതമായ ആ സന്ദേശം വന്നെത്തിയപ്പോൾ അവരത് നിഷേധിക്കുകയാണ് ചെയ്തത്'. (അൽബഖറ: 89)

{وَإِنَّ فَرِيقًا مِنْهُمْ لَيَكْتُمُونَ الْحَقَّ وَهُمْ يَعْلَمُونَ} .(البقرة:**146**)

'തീർച്ചയായും അവരിൽ ഒരു വിഭാഗം അറിഞ്ഞുകൊണ്ട് തന്നെ സത്യം മറച്ചു വെക്കുകയാകുന്നു' (അൽബഖറ: 146)

**166- അഹങ്കാരത്തിൻെറയും, ദുരഭിമാനത്തിൻെറയും കുഫ്റ് എന്താണ്?**

**ഉത്തരം: സത്യം അംഗീകരിച്ചിട്ടും അതിന് കീഴൊതുങ്ങാതിരിക്കുക, ഇബ്‌ലീസിൻെറ കുഫ്റ് അല്ലാഹു അതിനെ സംബന്ധിച്ച് പറയുന്നു:**

{ إلاَّ إِبْلِيسَ اسْتَكْبَرَ وَكَانَ مِنَ الْكَافِرِينَ } (البقرة:**34**)

'ഇബ്‌ലീസ് ഒഴികെ. അവൻ വിസമ്മതം പ്രകടിപ്പിക്കുകയും അഹംഭാവം നടിക്കുകയും ചെയ്തു. അവൻ സത്യനിഷേധികളിൽ പെട്ടവനായിരിക്കുന്നു'. (അൽബഖറ: 34)

**ഇബ്‌ലീസിന് അല്ലാഹുവിൻെറ കൽപനയായ സൂജൂദ് ചെയ്യുകയെന്നതിനെ നിഷേധിക്കുവാനോ അംഗീകരിക്കാതിരിക്കുവാനോ സാധ്യമല്ല, എന്നാൽ ഇബ്‌ലീസ് ചെയ്തത് അല്ലാഹു കൽപിച്ചതിലെ നീതിയെ ആക്ഷേപിക്കുകയും, ദുരഭിമാനം നടിക്കുകയുമാണ് ചെയ്തത്. ഇബ്‌ലീസ് പറഞ്ഞതായി അല്ലാഹു പറയുന്നു:**

{ أَأَسْجُدُ لِمَنْ خَلَقْتَ طِينًا }(الإسراء:**61**)

'അവൻ പറഞ്ഞു: നീ കളിമണ്ണിനാൽ സൃഷ്ടിച്ചവന്ന് ഞാൻ പ്രണാമം ചെയ്യുകയോ?' (ഇസ്റാഅ്:61)

{ لَمْ أَكُنْ لأَسْجُدَ لِبَشَرٍ خَلَقْتَهُ مِنْ صَلْصَالٍ مِنْ حَمَإٍ مَسْنُونٍ } (الحجر:**33**)

'അവൻ പറഞ്ഞു:കറുത്ത ചെളി പാകപ്പെടുത്തിയുണ്ടാക്കിയ (മുട്ടിയാൽ) മുഴക്കമുണ്ടാക്കുന്ന കളിമൺ രൂപത്തിൽ നിന്ന് നീ സൃഷ്ടിച്ച മനുഷ്യന് ഞാൻ പ്രണമിക്കേണ്ടവനല്ല' (ഹിജ്റ് : 33).



{ أَنَا خَيْرٌ مِنْهُ خَلَقْتَنِي مِنْ نَارٍ وَخَلَقْتَهُ مِنْ طِينٍ }(الأعراف:**12**).

'ഞാൻ അവനെക്കാൾ (ആദമിനെക്കാൾ) ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽ നിന്നാണ് സൃഷ്ടിച്ചത്. അവനെ നീ സൃഷ്ടിച്ചത് കളിമണ്ണിൽ നിന്നും' (അഅ്റാഫ്:12).

**167- കപട വിശ്വാസത്തിൻെറ കുഫ്റ് എന്താണ്?**

**ഉത്തരം: ജനങ്ങളെ കാണിക്കുവാനായി പ്രകടമായി സത്യത്തിന് കീഴൊതുങ്ങുകയും ഹൃദയത്തിൽ സത്യപ്പെടുത്തുകയോ, അതിനനുസരിച്ച് ഹൃദയം കൊണ്ട് പ്രവർത്തിക്കാതിരിക്കുകയും ചെയ്യലാണ്. ഉബയ്യിബ്നു സുലൂലും അദ്ദേഹത്തിൻെറ അനുയായികളും ചെയ്തത് പോലെ. അല്ലാഹു അവരെ സംബന്ധിച്ച് പറയുന്നു:**

{ وَمِنَ النَّاسِ مَنْ يَقُولُ آمَنَّا بِاللَّهِ وَبِالْيَوْمِ الآخِرِ وَمَا هُمْ بِمُؤْمِنِينَ * يُخَادِعُونَ اللَّهَ وَالَّذِينَ آمَنُوا وَمَا يَخْدَعُونَ إِلاَّ أَنْفُسَهُمْ وَمَا يَشْعُرُونَ * فِي قُلُوبِهِمْ مَرَضٌ فَزَادَهُمُ اللَّهُ مَرَضًا وَلَهُمْ عَذَابٌ أَلِيمٌ بِمَا كَانُوا يَكْذِبُونَ } (البقرة:**8-10**)

'ഞങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്ന ചില ആളുകളുണ്ട്; (യഥാർത്ഥത്തിൽ) അവർ വിശ്വാസികളല്ല. അല്ലാഹുവിനെയും വിശ്വാസികളെയും വഞ്ചിക്കുവാനാണ് അവർ ശ്രമിക്കുന്നത്. (വാസ്തവത്തിൽ) അവർ ആത്മവഞ്ചന മാത്രമാണ് ചെയ്യുന്നത്. അവരത് മനസ്സിലാക്കുന്നില്ല. അവരുടെ മനസ്സുകളിൽ ഒരുതരം രോഗമുണ്ട്. തന്നിമിത്തം അല്ലാഹു അവർക്ക് രോഗം വർദ്ധിപ്പിക്കുകയും ചെയ്തു. കള്ളം പറഞ്ഞുകൊണ്ടിരുന്നതിന്റെ ഫലമായി വേദനയേറിയ ശിക്ഷയാണ് അവർക്കുണ്ടായിരിക്കുക' (അൽബഖറ: 8–10).

{ إِنَّ اللَّهَ عَلَى كُلِّ شَيْءٍ قَدِيرٌ } (البقرة:**20**)

'നിസ്സംശയം അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാണ്' (അൽബഖറ: 20)

**168- ഇസ്‌ലാമിൻെറ മില്ലത്തിൽ നിന്നും പുറത്ത്പോകാത്ത പ്രവർത്തന പരമായ കുഫ്റ് എന്താണ്?**

**ഉത്തരം: നിയമ നിർമ്മാതായ അല്ലാഹു ഏതെല്ലാം തെറ്റുകൾ കുഫ്റാണെന്ന് നിരുപാധികം പറഞ്ഞിട്ടുണ്ടോ ആ തെറ്റുകളെല്ലാം ഇതിൽ ഉൾപ്പെടുന്നു, എന്നാൽ അത് ചെയ്യുന്നവർക്ക് ഈമാൻ അവശേഷിക്കുകയും ചെയ്യുന്നതാണ്. പ്രവാചകൻ(ﷺ)യുടെ താഴെ പറയുന്ന വചനത്തിൽ ഉള്ളത്പോലെ:**

«لاَ تَرْجِعُوا بَعْدِي كُفَّارًا يَضْرِبُ بَعْضُكُمْ رِقَابَ بَعْضٍ » رواه البخاري ( **121** ) ، ومسلم ( الإيمان / **118** ، **120** )

**"നിങ്ങൾ ഇതിന് ശേഷം അവിശ്വാസികളായി മടങ്ങരുത്, നിങ്ങളിൽ ചിലർ ചിലരെ വധിച്ച് കൊണ്ട്" (ബുഖാരി, മുസ്‌ലിം). അതുപോലെ തിരുമേനി (ﷺ) പറയുന്നു:**

« سِبَابُ الْمُسْلِمِ فُسُوقٌ وَقِتَالُهُ كُفْرٌ » رواه البخاري ( **48** ، **6044** ) ، ومسلم ( الإيمان / **116** )

**"മുസ്‌ലിമിനെ ചീത്തപറയൽ തെമ്മാടിത്തമാണ്, അവനോട് യുദ്ധം ചെയ്യൽ അവിശ്വാസവുമാണ്" (ബുഖാരി, മുസ്‌ലിം). ഇവിടെ പ്രവാചകൻ(ﷺ) മുസ്‌ലീംകൾ തമ്മിൽ പരസ്പരം യുദ്ധം ചെയ്യുന്നതിനെ നിരുപാധികം കുഫ്റാണെന്നാണ് വിശേഷിപ്പിച്ചത്. അങ്ങിനെ ചെയ്യുന്നവരെ അവിശ്വാസികളായി പരിചയപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ അല്ലാഹു താഴെ വരുന്ന ഖുർആനിക വചനത്തിൽ പറയുന്നത്:**

{وَإِنْ طَائِفَتَانِ مِنَ الْمُؤْمِنِينَ اقْتَتَلُوا فَأَصْلِحُوا بَيْنَهُمَا} (الحجرات:**9**)

'സത്യവിശ്വാസികളിൽ നിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കണം' (ഹുജുറാത്ത്: 9).

{إِنَّمَا الْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا بَيْنَ أَخَوَيْكُمْ} (الحجرات:**10**)

'സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക' (ഹുജുറാത്ത്: 10).

**ഉന്നതനായ അല്ലാഹു ഇവർക്ക് ഈമാനിനെയും, വിശ്വാസത്താലുള്ള സാഹോദര്യത്തെയും സ്ഥിരപ്പെടുത്തുകയും, അംഗീകരിക്കുകയും ചെ**



**യ്യുന്നതോടൊപ്പം അതിൽ നിന്നുള്ള യാതൊന്നിനെയും നിഷേധിക്കുകയും ചെയ്യുന്നില്ല. പ്രതിക്രിയയുടെ ആയത്തിൽ അല്ലാഹു പറയുന്നു:**

{ فَمَنْ عُفِيَ لَهُ مِنْ أَخِيهِ شَيْءٌ فَاتِّبَاعٌ بِالْمَعْرُوفِ وَأَدَاءٌ إِلَيْهِ بِإِحْسَانٍ } (البقرة:**178**)

'നി അവന്ന് (കൊലയാളിക്ക്) തന്റെ സഹോദരന്റെ പക്ഷത്ത് നിന്ന് വല്ല ഇളവും ലഭിക്കുകയാണെങ്കിൽ അവൻ മര്യാദ പാലിക്കുകയും, നല്ല നിലയിൽ (നഷ്ടപരിഹാരം) കൊടുത്തു വീട്ടുകയും ചെയ്യേണ്ടതാകുന്നു' (അൽബഖറ: 178)

**ഇവിടെയെല്ലാം അല്ലാഹു അവർക്ക് ഇസ്‌ലാമിലെ സാഹോദര്യം സ്ഥാപിക്കുകയും ചെയ്യുന്നു, അതവർക്ക് നിഷേധിക്കുന്നില്ല. അപ്രകാരം തന്നെയാണ് പ്രവാചകൻ(ﷺ) പറയുന്നത്:**

« لاَ يَزْنِي الزَّانِي حِينَ يَزْنِي وَهُوَ مُؤْمِنٌ ولاَ يَسْرِقُ حِينَ يَسْرِقُ وَهُوَ مُؤْمِنٌ وَلاَ يَشْرَبُ الْخَمْرَ حِينَ يَشْرَبُهَا وَهُوَ مُؤْمِنٌ وَالتَّوْبَةُ مَعْرُوضَةٌ بَعْدُ »«وَلاَيقتل وهو مـؤمن-وفي رواية- وَلاَ يَنْتَهِبُ نُهْبَةً ذَاتَ شَرَفٍ يَرْفَعُ النَّاسُ إِلَيْهَا أَبْصَارَهُمْ » رواه البخاري ( **2475** ، **5578** ) ، ومسلم ( الإيمان / **100** ، **105** ) .

**"വിശ്വാസിയായിരിക്കെ വ്യഭിചരിക്കുന്നവൻ ഒരിക്കലും വ്യഭിചരിക്കുകയില്ല, വിശ്വാസിയായിരിക്കെ ഒരു കള്ളൻ കളവ് നടത്തുകയില്ല, വിശ്വാസിയായിരിക്കെ ഒരു മദ്യപാനി മദ്യം കുടിക്കുകയില്ല, പശ്ചാതാപം അതിന് ശേഷം തടയപ്പെടുന്നതാണ്"**

**മറ്റൊരു റിപ്പോർട്ടിലുള്ളത് ഇപ്രകാരമാണ്: "വിശ്വാസിയായിരിക്കെ അവൻ കൊല നടത്തുകയില്ല" വേറെ ഒരു റിപ്പോർട്ടിലുള്ളത്: "ജനങ്ങൾ നോക്കുകയും നിരീക്ഷിക്കുകയും ചെയ്യപ്പെടുന്ന ഒരു മാന്യതയുള്ളവൻ ഒരിക്കലും കവർച്ച നടത്തുകയില്ല" (ബുഖാരി, മുസ്‌ലിം)**

**പ്രവാചകൻ(ﷺ) വീണ്ടും പറയുന്നു:**

« مَا مِنْ عَبْدٍ قَالَ لاَ إِلَهَ إِلاَّ اللهُ ثُمَّ مَاتَ عَلَى ذَلِكَ إِلاَّ دَخَلَ الْجَنَّةَ قُلْتُ : وَإِنْ زَنَى

وَإِنْ سَرَقَ قَـالَ: وَإِنْ زَنَى وَإِنْ سَرَقَ قُلْـتُ: وَإِنْ زَنَى وَإِنْ سَرَقَ قَـالَ: وَإِنْ زَنَى وَإِنْ سَرَقَ قُلْتُ: وَإِنْ زَنَى وَإِنْ سَرَقَ قَالَ: وَإِنْ زَنَى وَإِنْ سَرَقَ عَلَى رَغْمِ أَنْفِ أَبِي ذَرٍّ » رواه البخاري ( **5827** ) ، ومسلم ( الإيمان / **154** ) .

**“ഒരാൾ അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് പറയുകയും, അതിന് ശേഷം മരണപ്പെടുകയും ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിക്കാതിരിക്കുകയില്ല, അപ്പോൾ ഞാൻ ചോദിച്ചു: അവൻ വ്യഭിചരിച്ചാലും, കവർച്ച നടത്തിയാലും ശരി, തിരുമേനി(ﷺ) പറഞ്ഞു: അവൻ വ്യഭിചരിച്ചാലും, കവർച്ച നടത്തിയാലും. അപ്പോൾ വീണ്ടും ഞാൻ ചോദിച്ചു: അവൻ വ്യഭിചരിച്ചാലും, കവർച്ച നടത്തിയാലും ശരി, തി രുമേനി(ﷺ) പറഞ്ഞു: അവൻ വ്യഭിചരിച്ചാലും, കവർച്ച നടത്തിയാലും. അ പ്പോൾ വീണ്ടും ഞാൻ ചോദിച്ചു: അവൻ വ്യഭിചരിച്ചാലും, കവർച്ച നടത്തി യാലും ശരി, തിരുമേനി(ﷺ) പറഞ്ഞു: അവൻ വ്യഭിചരിച്ചാലും, കവർച്ച നട ത്തിയാലും. അപ്പോൾ അബൂദർറ്(رضي الله عنه) അത്ഭുതപ്പെട്ട് കൊണ്ട് പറയുകയു ണ്ടായി: അബൂദർറ് നശിച്ചത് തന്നെ” (ബുഖാരി, മുസ്ലിം)**

**ഇതെല്ലാം തന്നെ സൂചിപ്പിക്കുന്നത് വ്യഭിചരിച്ചവനും, കളവ് നടത്തിയവനും, മദ്യപിച്ചവനും, കൊല നടത്തിയവനും ഈമാൻ നിരുപാധികം നിഷേധിക്കുന്നില്ല, അവന് തൗഹീദുണ്ടെങ്കിൽ. പ്രവാചകൻ(ﷺ) പാപങ്ങൾ ചെയ്യുന്നവർക്ക് ഈമാനുണ്ടായിരിക്കുകയില്ലായെന്നാണ് പ്രവാചകൻ(ﷺ) ഉദ്ദേശിച്ചിരുന്നെങ്കിൽ ഇങ്ങനെ തെറ്റു ചെയ്യുന്നവൻ‘ലാ ഇലാഹ ഇല്ലല്ലാഹ്’ ഉച്ചരിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കുമെന്ന് പറയുമായിരുന്നില്ല. ഈമാനുള്ളവരല്ലാതെ സ്വർഗത്തിൽ ഒരിക്കലും പ്രവേശിക്കുകയില്ല. മറിച്ച് പ്രവാചകൻ(ﷺ) ഉദ്ദേശിച്ചത് ഈമാനിന് കുറവ് സംഭവിക്കുന്നു, അതുപോലെ ഈമാനിൻെറ പരിപൂർണതയ്ക്ക് കോട്ടം തട്ടുന്നുവെന്നാണ്. എന്നാൽ ഒരാൾ ഇങ്ങനെയുള്ള തെറ്റുകളും, നിഷിദ്ധമായ കാര്യങ്ങളും ഇസ്ലാമിൽ അനുവദനീയമാണെന്ന് വിശ്വസിച്ച് കൊണ്ട് വിശുദ്ധഖുർആനിലും തിരുസുന്നത്തിലും പറഞ്ഞ കാര്യങ്ങളെ അവിശ്വസിക്കുകയും, നിഷേധിക്കുകയും ചെയ്യുകയാണെങ്കിൽ അത് വിശ്വാസപരമായ കുഫ്റാണ്. അവൻ മതത്തി**



**ൻെറ വൃത്തത്തിൽ നിന്ന് പുറത്ത് പോവുകയും ചെയ്യും, അവൻ ആ കാര്യങ്ങൾ ചെയ്തിട്ടില്ലായെങ്കിൽ പോലും. അല്ലാഹുവാണ് ഏറ്റവും കൂടുതൽ അറിയുന്നവൻ.**

**169- വിഗ്രഹത്തിനുള്ള സുജൂദും, ഖുർആനിനെ നിന്ദിക്കലും, പ്രവാചകനെ പരിഹസിക്കലും, മതനിയമങ്ങളെ പരിഹസിക്കുക പോലെയുള്ള കാര്യങ്ങൾ പ്രകടമായ രൂപത്തിൽ മതത്തിൽ നിന്നും പുറത്ത്പോകാത്ത പ്രവർത്തനപരമായ കുഫ്റല്ലേ, പിന്നെ എങ്ങിനെയാണ് അങ്ങനെ ചെയ്യുന്നവർ മതത്തിൽ നിന്ന് പുറത്ത് പോകുന്നത്? ചെറിയ ശിർക്ക് പ്രവർത്തനപരമായ കുഫ്റായിട്ടല്ലേ നിങ്ങൾ പരിചയപ്പെടുത്തുന്നത്?**

**ഉത്തരം: മേൽ സൂചിപ്പിച്ച നാല് കാര്യങ്ങളും അതുപോലുള്ളവയും ജനങ്ങൾക്ക് അവ പ്രത്യക്ഷ്യത്തിൽ ഒരു രൂപത്തിൽ പ്രവർത്തനപരമായ കുഫ്റായി തോന്നുന്നുവെങ്കിലും അത് മതത്തിൽ നിന്ന് പുറത്ത് പോകാത്ത പ്രവർത്തനപരമായ കുഫ്റല്ല, കാരണം ഇതെല്ലാം പ്രവർത്തിക്കുന്നത് ഹൃദയത്തിൻെറ പ്രവർത്തനമായ നിയ്യത്തും, ഇഖ്ലാസും, ഇഷ്ടവും, അതിനുള്ള കീഴൊതുങ്ങലും കൂടാതെയുള്ള പ്രവർത്തനങ്ങളാണ്. പ്രത്യക്ഷ്യത്തിൽ അത് പ്രവർത്തനപരമായ കുഫ്റാണെങ്കിലും യഥാർത്ഥത്തിൽ വിശ്വാസപരമായ കുഫ്റാകുന്നു. വിശ്വാസത്താലുള്ള കുഫ്റിൻെറ ഫലമായുണ്ടാകുന്ന കുഫ്റാണ് മുകളിൽ പറഞ്ഞവയെല്ലാം. ഈ കാര്യങ്ങളെല്ലാം തന്നെ മതത്തിൽ നിന്നും തെറിച്ച് പോയ കപടവിശ്വാസികളിൽ നിന്നോ, അഹങ്കാരിയായ നിഷേധികളിൽ നിന്നോ അല്ലാതെ ഇങ്ങനെയുള്ള കാര്യങ്ങൾ സംഭവിക്കുകയില്ല. തബൂക്ക് യുദ്ധവേളയിൽ കപടവിശ്വാസികൾ ചെയ്തത് ഖുർആൻ പറയുന്നു:**

{ قَالُوا كَلِمَةَ الْكُفْرِ وَكَفَرُوا بَعْدَ إِسْلاَمِهِمْ وَهَمُّوا بِمَا لَمْ يَنَالُوا }(التوبة:**74**)

‘തീർച്ചയായും അവിശ്വാസത്തിന്റെ വാക്ക് അവർ ഉച്ചരിക്കുകയും, ഇസ്ലാം സ്വീകരിച്ചതിനു ശേഷം അവർ അവിശ്വസിച്ച് കളയുകയും അവർക്ക് നേടാൻ കഴിയാത്ത കാര്യത്തിന് അവർ ആലോചന നടത്തുകയും ചെയ്തിരിക്കുന്നു’ (തൗബ:74).

**അങ്ങിനെ അവരോട് ചോദിച്ചപ്പോൾ അവർ പറഞ്ഞു:**

{ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ } (التوبة:**65**)

'ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു'(തൗബ:65). .

**അപ്പോൾ അല്ലാഹു പറഞ്ഞു:**

{ قُلْ أَبِاللهِ وَآيَاتِهِ وَرَسُولِهِ كُنْتُمْ تَسْتَهْزِئُونَ * لاَ تَعْتَذِرُوا قَدْ كَفَرْتُمْ بَعْدَ إِيمَانِكُمْ } (التوبة:**65-66**).

'പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴി കഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു' (തൗബ:65-66).

**ചെറിയ കുഫ്റ് നിരുപാധികം പ്രവർത്തനപരമായ കുഫ്റാണെന്ന് നാം പറയുന്നില്ല, മറിച്ച് ഹൃദയത്തിൻെറ വാക്കുകളും പ്രവർത്തനങ്ങളും ദുർബ്ബലമാവാത്ത വിശ്വാസം അനിവാര്യമായി വരാത്ത വെറും പ്രവർത്തനങ്ങളെ മാത്രമെ അങ്ങിനെ പറയുന്നുള്ളൂ.**

**170-** الظلم **(അക്രമം),** الفسوق **(തെമ്മാടിത്തം),** النفاق **(കാപട്യം) എന്നിവ എത്ര ഇനങ്ങളായി തിരിച്ചിട്ടുണ്ട്?**

**ഉത്തരം: രണ്ട് ഇനങ്ങളായി തിരിച്ചിരിക്കുന്നു: വലിയത് അത് കുഫ്റാണ്, ചെറിയത് കുഫ്റിന് താഴെയുള്ളത്.**

**171- വലിയ, ചെറിയ** الظلم **(അക്രമം) ന് ഉദാഹരണം പറയുക?**

**ഉത്തരം: വലിയ 'ളുൽമി'ന് ഉദാഹരണമായി അല്ലാഹു പറയുന്നു:**

{ وَلاَ تَدْعُ مِنْ دُونِ اللهِ مَا لاَ يَنْفَعُكَ وَلاَ يَضُرُّكَ فَإِنْ فَعَلْتَ فَإِنَّكَ إِذًا مِنَ الظَّالِمِينَ } (يونس:**106**)

'അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരി



ക്കും' (യൂനുസ്: 106).

{ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ } (لقمان:**13**)

'തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു' (ലുഖ്മാൻ: 13).

{ إِنَّهُ مَنْ يُشْرِكْ بِاللهِ فَقَدْ حَرَّمَ اللهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنْصَارٍ } (المائدة:**72**)

'അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ്.' (മാഇദഃ:72).

**ഇതിന് താഴെയുള്ള ളുൽമിന് ഉദാഹരണമായി അല്ലാഹു പറയുന്നു:**

{ وَاتَّقُوا اللهَ رَبَّكُمْ لاَ تُخْرِجُوهُنَّ مِنْ بُيُوتِهِنَّ وَلاَ يَخْرُجْنَ إِلاَّ أَنْ يَأْتِينَ بِفَاحِشَةٍ مُبَيِّنَةٍ وَتِلْكَ حُدُودُ اللهِ وَمَنْ يَتَعَدَّ حُدُودَ اللهِ فَقَدْ ظَلَمَ نَفْسَهُ }(الطلاق:**1**)

'നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. അവരുടെ വീടുകളിൽ നിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ പുറത്തു പോകുകയും ചെയ്യരുത്. പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവർ ചെയ്യുകയാണെങ്കിലല്ലാതെ. അവ അല്ലാഹുവിന്റെ നിയമപരിധികളാകുന്നു. അല്ലാഹുവിന്റെ നിയമപരിധികളെ വല്ലവനും അതിലംഘിക്കുന്ന പക്ഷം, അവൻ അവനോട് തന്നെ അന്യായം ചെയ്തിരിക്കുന്നു.'(ത്വലാഖ്: 1)

{ وَلاَ تُمْسِكُوهُنَّ ضِرَارًا لِتَعْتَدُوا وَمَنْ يَفْعَلْ ذَلِكَ فَقَدْ ظَلَمَ نَفْسَهُ }(البقرة:**231**)

'ദ്രോഹിക്കുവാൻ വേണ്ടി അന്യായമായി നിങ്ങളവരെ പിടിച്ചു നിർത്തരുത്. അപ്രകാരം വല്ലവനും പ്രവർത്തിക്കുന്ന പക്ഷം അവൻ തനിക്ക് തന്നെയാണ് ദ്രോഹം വരുത്തിവെക്കുന്നത്'. (അൽബഖറ: 231)

**172- വലിയ ചെറിയ** الفسوق **(തെമ്മാടിത്തം)ന് ഉദാഹരണം പറയുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ إِنَّ الْمُنَافِقِينَ هُمُ الْفَاسِقُونَ } (التوبة:**67**)

'തീർച്ചയായും കപടവിശ്വാസികൾ തന്നെയാണ് ധിക്കാരികൾ'(തൗബ: 67).

{ إِلاَّ إِبْلِيسَ كَانَ مِنَ الْجِنِّ فَفَسَقَ عَنْ أَمْرِ رَبِّهِ }(الكهف:**50**)

'ഇബ്‌ലീസ് ഒഴികെ. അവൻ ജിന്നുകളിൽ പെട്ടവനായിരുന്നു. അങ്ങനെ തന്റെ രക്ഷിതാവിന്റെ കൽപന അവൻ ധിക്കരിച്ചു' (അൽകഅ്ഫ്: 50).

{ وَنَجَّيْنَاهُ مِنَ الْقَرْيَةِ الَّتِي كَانَتْ تَعْمَلُ الْخَبَائِثَ إِنَّهُمْ كَانُوا قَوْمَ سَوْءٍ فَاسِقِينَ }

(الأنبياء:**74**)

'ദുർവൃത്തികൾ ചെയ്തുകൊണ്ടിരുന്ന ആ നാട്ടിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. തീർച്ചയായും അവർ (നാട്ടുകാർ) ധിക്കാരികളായ ഒരു ദുഷിച്ച ജനതയായിരുന്നു' (അൻബിയാ: 74).

**ഇതിന് താഴെയുള്ള ഫിസ്ഖിന് ഉദാഹരണം:**

{ وَلاَ تَقْبَلُوا لَهُمْ شَهَادَةً أَبَدًا وَأُولَئِكَ هُمُ الْفَاسِقُونَ } (النور:**4**)

'അവരുടെ സാക്ഷ്യം നിങ്ങൾ ഒരിക്കലും സ്വീകരിക്കുകയും ചെയ്യരുത്. അവർ തന്നെയാകുന്നു അധർമ്മകാരികൾ' (നൂർ: 4).

{ يَا أَيُّهَا الَّذِينَ آمَنُوا إِنْ جَاءَكُمْ فَاسِقٌ بِنَبَإٍ فَتَبَيَّنُوا أَنْ تُصِيبُوا قَوْمًا بِجَهَالَةٍ فَتُصْبِحُوا عَلَى مَا فَعَلْتُمْ نَادِمِينَ } (الحجرات:**6**)

'സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി' (ഹുജുറാത്ത്: 6).

**ഈ ആയത്ത് വലീദ്ബ്നു ഉഖ്ബയുടെ വിഷയത്തിലാണ് ഇറങ്ങിയതെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.**

**173- വലിയ ചെറിയ** النفاق **(കാപട്യത്തി) ന് ഉദാഹരണം പറയുക?**



**ഉത്തരം: വലിയ നിഫാഖിന് ഉദാഹരണമായി സൂറത്തുൽ ബഖറയുടെ തുടക്കത്തിൽ ആയത്തുകൾ കാണാവുന്നതാണ്, സൂറത്തുന്നിസാഇൽ അല്ലാഹു പറയുന്നു:**

{ إِنَّ الْمُنَافِقِينَ يُخَادِعُونَ اللهَ وَهُوَ خَادِعُهُمْ } (النساء:**142**)

'തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്.' (നിസാഅ്:142)

{ إِنَّ الْمُنَافِقِينَ فِي الدَّرْكِ الأَسْفَلِ مِنَ النَّارِ }(النساء:**145**)

'തീർച്ചയായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു.' (നിസാഅ്:145)

{ إِذَا جَاءَكَ الْمُنَافِقُونَ قَالُوا نَشْهَدُ إِنَّكَ لَرَسُولُ اللهِ وَاللهُ يَعْلَمُ إِنَّكَ لَرَسُولُهُ وَاللهُ يَشْهَدُ إِنَّ الْمُنَافِقِينَ لَكَاذِبُونَ } (المنافقون:**1**)

'കപട വിശ്വാസികൾ നിന്റെ അടുത്ത് വന്നാൽ അവർ പറയും: തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിന്നറിയാം തീർച്ചയായും നീ അവന്റെ ദൂതനാണെന്ന്. തീർച്ചയായും മുനാഫിഖുകൾ (കപടൻമാർ) കള്ളം പറയുന്നവരാണ് എന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു' (മുനാഫിഖൂൻ: 1).

**വേറെയും ആയത്തുകൾ നമുക്ക് കാണാവുന്നതാണ്. ഇതിന് താഴെയുള്ള നിഫാഖിന് ഉദാഹരണമായി പ്രവാചകൻ(ﷺ) യുടെ ഹദീസുകൾ ശ്രദ്ധിക്കുക:**

« آيَةُ الْمُنَافِقِ ثَلاَثٌ إِذَا حَدَّثَ كَذَبَ وَإِذَا وَعَدَ أَخْلَفَ وَإِذَا اؤْتُمِنَ خَانَ » رواه

البخاري ( **2682** ، **2749** ) ، ومسلم ( الإيمان / **107** ، **108** ) .

**പ്രവാചകൻ പറയുന്നു: "കപട വിശ്വാസിയുടെ അടയാളങ്ങൾ മൂന്നാണ്, സംസാരിച്ചാൽ കളവ് പറയുക, കരാർ ചെയ്താൽ ലംഘിക്കുക, വിശ്വസിച്ചേൽപിച്ചാൽ ചതിക്കുകയും ചെയ്യും" (ബുഖാരി, മുസ്‌ലിം). തിരുമേനി(ﷺ) പറയുന്നു:**

« أَرْبَعٌ مَنْ كُنَّ فِيهِ كَانَ مُنَافِقًا » رواه البخـاري ( 2459 ، 3178 ) ، ومسـلم ( الإيمان / 106 ) .

**"നാല് കാര്യങ്ങൾ ആരിലുണ്ടോ അവൻ കപടവിശ്വാസിയാകുന്നു" (ബുഖാരി, മുസ്‌ലിം).**

**174- സിഹിറിൻെറയും,സിഹ്റ് ചെയ്യുന്നവൻെറയും വിധിയെന്താണ്?**

**ഉത്തരം: സിഹ്റ് ഉണ്ടെന്നതും, അത് ഫലിക്കുമെന്നതും യാഥാർത്ഥ്യമാണ്, അത് അല്ലാഹുവിൻെറ വിധിനിർണ്ണയത്തിൽ പെട്ടത് തന്നെയാണ്.അല്ലാഹു പറയുന്നു:**

{فَيَتَعَلَّمُونَ مِنْهُمَا مَا يُفَرِّقُونَ بِهِ بَيْنَ الْمَرْءِ وَزَوْجِهِ وَمَا هُمْ بِضَارِّينَ بِهِ مِـنْ أَحَـدٍ إِلاَّ بِإِذْنِ اللهِ } (البقرة:**102**)

'അങ്ങനെ അവരിൽ നിന്ന് ഭാര്യാഭർത്താക്കൻമാർക്കിടയിൽ ഭിന്നതയുണ്ടാക്കുവാനുള്ള തന്ത്രങ്ങൾ ജനങ്ങൾ പഠിച്ച് കൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല.' (അൽബഖറ:102)

**സിഹ്റ് ചെയ്താൽ അത് ഫലിക്കുമെന്ന് ഹദീസ് വ്യക്തമാക്കുന്നു. എന്നാ ൽ സിഹ്റ് ചെയ്യുന്നത് പിശാചുമായി ബന്ധപ്പെട്ട് കൊണ്ട് ചെയ്യുന്നതാ ണ്. സിഹ്റ് ചെയ്യുന്നത് കുഫ്റാകുന്നു. അല്ലാഹു പറയുന്നു:**

{ وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّى يَقُولاَ إِنَّمَا نَحْنُ فِتْنَةٌ فَلاَ تَكْفُرْ } (البقرة:**102**)

'എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ (ഇത് ഉപയോഗിച്ച്) ദൈവ നിഷേധത്തിൽ ഏർപെടരുത് എന്ന് അവർ പറഞ്ഞുകൊടുക്കാതിരുന്നില്ല.' (അൽബഖറ:102)

{ وَيَتَعَلَّمُونَ مَا يَضُرُّهُمْ وَلاَ يَنْفَعُهُمْ وَلَقَدْ عَلِمُوا لَمَنِ اشْتَرَاهُ مَـا لَهُ فِي الآخِـرَةِ مِـنْ خَلاَقٍ } (البقرة:**102**)



'അവർക്ക് തന്നെ ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർ പഠിച്ചു കൊണ്ടിരുന്നത്. അത് (ആ വിദ്യ) ആർ വാങ്ങി (കൈവശപ്പെടുത്തി)യോ അവർക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാവില്ലെന്ന് അവർ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്.'(അൽബഖറ:102)

**175- മാരണം ചെയ്യുന്നവനുള്ള ശിക്ഷ എന്താണ്?**

**ഉത്തരം: ഇമാം തിർമിദി ഉദ്ദരിക്കുന്ന ഹദീസിൽ കാണാം: ജുൻദുബി(﵁)ൽ നിന്ന്, പ്രവാചകൻ(ﷺ) പറയുന്നു:**

( حَدُّ السَّاحِرِ ضَرْبَةٌ بِالسَّيْفِ) ( ضعيف مرفوعا ، صحيح موقوفا ) رواه الترمذي ( **1460** ) ، والدارقطني ( **3** / **114** ) ، والحـاكـم ( **4** / **360** ) ، والبـيهقي ( **8** / **136** ) ، والطبراني في الكبير ( **1665** ) وصححه الحاكم ووافقه الذهبي ، وقـال الآبادي تعليقا على الدارقطني : الحديث أخرجه الحاكم والبـيهقي والترمـذي ، وفي إسناده إسماعيل بن مسلم المكي ، ا هـ. قال الحافظ في التقريـب : وكان فقيهـا ضعيف الحديث . وقال الترمذي : هذا حديث لا نعرفه مرفوعا إلا من هذا الوجه ، وإسماعيل بن مسلم المكي يضعف في الحديث ، وإسماعيل بـن مسـلم العبـدي البصري قال وكيع : هو ثقة ويروي عن الحسـن أيضـا ، والصـحيح عـن جنـدب موقوف ، ا هـ. قال البيهقي : إسماعيل بن مسلم ضعيف ، وقـد ضـعف الحـديث أيضا الحافظ بن حجر ، والشيخ الألباني .

**"മാരണക്കാനുള്ള ശിക്ഷ വാള് കൊണ്ടുള്ള വധമാകുന്നു" (തിർമിദി).**

**ചില പണ്ഡിതന്മാർ ഈ ഹദീസ് സ്വഹീഹാക്കിയിട്ടുണ്ട്. ഇമാം തിർമിദി(﵀) പറയുന്നു: ചില പ്രവാചക സ്വഹാബികളും, മറ്റു പണ്ഡിതന്മാരും ഈ ഹദീസനുസരിച്ച് പ്രവർത്തിച്ചിട്ടുണ്ട്. ഇതാണ് മാലിക്ബ്നുഅനസ്(﵁)വിൻെറ അഭിപ്രായം. ഇമാം ശാഫിഈ(﵀) പറയുന്നു: കുഫ്റിലേക്ക് എത്തിച്ചേരുന്ന**

സിഹ്റ് ആരെങ്കിലും ചെയ്യുകയാണെങ്കിൽ അവനെ വധിക്കേണ്ടതാണ്, എന്നാൽ അവിശ്വാസത്തിലേക്കെത്തിക്കാത്തതാണ് ഒരാൾ ചെയ്യുന്നതെങ്കിൽ അവനെ വധിക്കേണ്ടതില്ല. ഉമർ(ﷺ) സിഹ്റ് ചെയ്തവനെ വധിച്ചതായി സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. അതുപോലെ അദ്ദേഹത്തിൻെറ മകൻ അബ്ദുല്ലാ(ﷺ)യും, മകൾ ഹഫ്സ(ﷺ)യും അങ്ങിനെ ചെയ്തിട്ടുണ്ട്. അതുപോലെ ഉഥ്മാൻബ്നു അഫ്ഫാനും(ﷺ), ജുൻദുബ്ബ്നു അബ്ദുല്ലാ(ﷺ)യും, ജുൻദുബ്നു കഅബും(ﷺ), ഖൈസുബ്നും സഅ്ദും(ﷺ), ഉമറുബ്നു അബ്ദുൽ അസീസും(ﷺ), അഹ്മദും(ﷺ), അബൂഹനീഫ(ﷺ)യും അല്ലാത്തവരുമായ ഒരുപാട് ഉന്നത വ്യക്തിത്വങ്ങൾ ഇങ്ങനെ ചെയ്തിട്ടുണ്ട്.

### 176- النشرة എന്നാൽ എന്താണ്? അതിൻെറ വിധിയെന്താണ്?

ഉത്തരം: സിഹ്റിനെ സിഹ്റ് കൊണ്ട് മാറ്റുന്നതിനാണ് അന്നുശ്റ എന്ന് പറയുന്നത്. സിഹ്റിനെ സിഹ്റ്കൊണ്ട് മാറ്റുന്നത് പിശാചിൻെറ പ്രവർത്തനമാണ്, അത് ചെയ്യാൻ പാടില്ല. എന്നാൽ ഇസ്ലാമിക ശരീഅത്ത് അനുവദിക്കുന്ന മന്ത്രങ്ങൾ, ശരണം തേടൽ തുടങ്ങിയവ കൊണ്ട് സിഹ്റിനെ മാറ്റുന്നത് കൊണ്ട് വിരോധമില്ല.

### 177- ഇസ്ലാം അനുവദിക്കുന്ന മന്ത്രങ്ങൾ എന്താണ്?

ഉത്തരം: വിശുദ്ധഖുർആനിലും, തിരുസുന്നത്തിലും വ്യക്തമായി പറഞ്ഞിട്ടുള്ള പ്രാർത്ഥനകൾ അറബിയിൽ പ്രാർത്ഥിക്കുകയും, മന്ത്രം കൊണ്ട് അല്ലാഹുവിൻെറ അനുമതിയോടെ മാത്രമാണ് രോഗം ശിഫയാകുന്നത് എന്ന് മന്ത്രിക്കുന്നവനും, മന്ത്രിക്കപ്പെടുന്നവനും വിശ്വസിക്കുക. മഹാനായ ജിബ്രീൽ പ്രവാചകൻ(ﷺ)ക്ക് മന്ത്രിച്ച് കൊടുത്തതായി നമുക്ക് ഹദീസുകളിൽ കാണാവുന്നതാണ്. അത് പോലെ പ്രവാചകൻെറ സ്വഹാബികളും അപ്രകാരം ചെയ്തിട്ടുണ്ട്, അതിനെ അവർ അംഗീകരിക്കുക മാത്രമല്ല, അത് കൽപിക്കുക കൂടി ചെയ്തിട്ടുണ്ട്. ഇതെല്ലാം തന്നെ സ്വഹീഹായ ഹദീസുകളിൽ കാണാവുന്നതാണ്.



### 178- വിരോധിക്കപ്പെട്ട മന്ത്രങ്ങൾ ഏവ?

ഉത്തരം: വിശുദ്ധ ഖുർആനിലോ, തിരുസുന്നത്തിലോ കാണാത്തതായ കാര്യങ്ങൾ കൊണ്ട് മന്ത്രിക്കുക, ഇത് ശൈത്വാനിൻെറ പ്രവർത്തനമാണ്, അതുപയോഗിച്ച് കൊണ്ട് പിശാചിലേക്ക് അടുക്കുകയും, അവനെ സന്തോഷിപ്പിക്കുകയും ചെയ്യുന്ന കള്ളന്മാരുടെയും, ജ്യോൽസ്യന്മാരുടെയും, മന്ത്രവാദികളുടെയും പ്രവർത്തനങ്ങളാണ്. അവർ അതിന് ഉപയോഗിക്കുന്നത് ഇസ്ലാമിൻെറ ശത്രുക്കൾ ഇസ്ലാമിനെ തകർക്കുവാനായി കെട്ടിയുണ്ടാക്കിയ തൽസമാത്തിൻെറയും, ഞാറ്റുവേലയുടെയും, ജ്യോതിഷത്തിൻെറയും കണക്കുകളും മറ്റുമാണ്. ഇത് അജ്ഞതയും, അതുപോലെ ചിലപ്പോൾ ശിർക്കിലേക്ക് എത്തിക്കുകയും, അങ്ങിനെ മതത്തിൽ നിന്ന് തന്നെ പുറത്ത് പോകുകയും ചെയ്യുന്ന പ്രവർത്തനങ്ങളായേക്കാം. അത്കൊണ്ട് ഇങ്ങനെയുള്ളത് ചെയ്യുവാനോ, ചെയ്യിക്കുവാനോ പാടില്ല.

### 179- ഏലസ്സ്, മന്ത്രിച്ചൂതിയ നൂൽ, ചരട്, വട്ടക്കണ്ണി പോലെയുള്ള കാര്യങ്ങൾ ശരീരത്തിൽ ബന്ധിപ്പിക്കുന്നതിൻെറ വിധിയെന്താണ്?

ഉത്തരം: പ്രവാചകൻ(ﷺ) പറയുന്നു:

« من علق شيئا وكل إليه » ( حسن ) رواه أحمد ( 4 / 130 ، 311 ) ، والترمذي ( 2072 ) ، والحاكم ( 4 / 216 ) ، وعبد الرزاق ( 11 / 17 / 1972) عن الحسن مرسلا ، وقد حسنه الشيخ الألباني في صحيح الترمذي ( 1691 ) قال الشيخ البنا في الفتح الرباني ( 17 / 188 ) : هذا الحديث لا تقل درجته عن الحسن ، لا سيما وله شواهد تؤيده والله أعلم ، ا هـ.

"ആരെങ്കിലും എന്തെങ്കിലും ബന്ധിച്ചാൽ അവൻ അതിൽ ഭരമേൽപിച്ചിരിക്കുന്നു" (അഹ്മദ്, തിർമിദി. ഹസനായ ഹദീസ്).

«أَرْسَلَ رَسُول اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فِي بَعْضِ أَسْفَارِهِ رَسُولاً أَنْ لاَ يَبْقَيَنَّ فِي رَقَبَةِ بَعِيرٍ قِلاَدَةٌ مِنْ وَتَرٍ أَوْ قِلاَدَةٌ إِلاَّ قُطِعَتْ » (رواه البخاري ( 3005 ) ، ومسلم

( اللباس / **105** ) ، وأحمد ( **5** / **216** ) ، وأبو داود ( **2552** )

**"ഒട്ടകങ്ങളുടെയും മറ്റും കഴുത്തിൽ കെട്ടിയിട്ടുള്ള ഐക്കല്ലുകൾ ഉപേക്ഷിക്കുവാനും, അല്ലെങ്കിൽ കെട്ടിതൂക്കിയിട്ടുള്ള ചരടുകൾ പൊട്ടിചെറിയുവാനുമായി പ്രവാചകൻ ചില യാത്രക്കാരോടൊപ്പം ദൂതന്മാരെ നിയോഗിക്കുകയുണ്ടായി" (ബുഖാരി, മുസ്‌ലിം).**

قال رَسُول اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: إِنَّ الرُّقَى وَالتَّمَائِمَ وَالتِّوَلَةَ شِرْكٌ) ( صحيح ) رواه أحمد ( **1** / **381** ) ، وأبو داود ( **3883** ) ، وابن ماجه ( **3530** ) ، والبغوي في شرح السنة ( **12** / **156** ، **157** ) وقد سكت عنه الإمام أبو داود ، وصححه الألباني وحسن إسناده الشيخ أحمد شاكر ورواه الحاكم ( **4** / **217** ، **218** ) وقال : هذا حديث صحيح الإسناد على شرط الشيخين ، ولم يخرجاه ووافقه الذهبي .

**പ്രവാചകൻ(ﷺ) പറയുന്നു: തീർച്ചയായും മന്ത്രവും (ഇസ്‌ലാം അനുവദിക്കാത്ത), ഐക്കല്ലും, ഉറുക്കും ശിർക്കാകുന്നു" (അഹ്‌മദ്, അബൂദാവൂദ്, ഇബ്‌നുമാജ).**

عُقْبَةَ بْنَ عَامِرٍ يَقُولُ سَمِعْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: مَنْ تَعَلَّقَ تَمِيمَةً فَلاَ أَتَمَّ اللهُ لَهُ وَمَنْ تَعَلَّقَ وَدَعَةً فَلاَ وَدَعَ اللهُ لَهُ) ( حسن ) رواه أحمد ( **4** / **154** ) ، والحاكم ( **4** / **216** ) وصححه ووافقه الذهبي . قال الهيثمي في المجمع ( **5** / **103** ) : رواه أحمد وأبو يعلى والطبراني ، ورجالهم ثقات ، اهـ. وفي سنده خالد بن عبيد المعافري ، قال الحافظ في التعجيل عنه : ورجال حديثه موثوقون ( **262** ) ،

وقال المنذري : إسناده جيد .



**ഉഖ്ബത്തുബ്‌നു ആമിറിൽ(رضي الله عنه) നിന്നും, പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേട്ടു: "ആരെങ്കിലും ഐക്കല്ല് കെട്ടിയാൽ അല്ലാഹു അവന് പൂർണത (ശമനം) നൽകുകയില്ല, ആരെങ്കിലും ഉറുക്ക് കെട്ടിയാൽ അല്ലാഹു അവന് ശാന്തി നൽകുകയില്ല" (അഹ്‌മദ്, ഹാകിം. സ്വഹീഹായ ഹദീസ്).**

وَقَالَ رسول الله صلى الله عليه وسلم: ( مَنْ تَعَلَّقَ تَمِيمَةً فَقَدْ أَشْرَكَ ) ( صحيح ) رواه أحمد ( **4** / **156** ) ، والحاكم ( **4** / **219** ) قال الهيثمي : رواه أحمد والطبراني ورجال أحمد ثقات ( **5** / **103** ) وقال المنذري في الترغيب : ورواة أحمد ثقات ( **4** / **307** ) وصححه الشيخ الألباني ، وصحح له الحاكم ، اهـ. ( صحيحه **492** ) .

**പ്രവാചകൻ(ﷺ) പറയുന്നു: "ആരെങ്കിലും ഐക്കല്ല് കെട്ടിയാൽ അവൻ അല്ലാഹുവിൽ പങ്ക് ചേർത്തിരിക്കുന്നു" (അഹ്‌മദ്, ഹാകിം. സ്വഹീഹായ ഹദീസ്)**

وقال صَلَّى اللهُ عَلَيْهِ وَسَلَّمَ أَبْصَرَ عَلَى عَضُدِ رَجُلٍ حَلْقَةً مِنْ صُفْرٍ فَقَالَ: وَيْحَكَ مَا هَذِهِ قَالَ مِنَ الْوَاهِنَةِ قَالَ أَمَا إِنَّهَا لاَ تَزِيدُكَ إِلاَّ وَهْنًا انْبِذْهَا عَنْكَ فَإِنَّكَ لَوْ مِتَّ وَهِيَ عَلَيْكَ مَا أَفْلَحْتَ أَبَدًا) ( حسن على الراجح ) رواه أحمد ( **4** / **445** ) ، وابن ماجه ( **3531** ) ، وابن حبان ( **1410** ) ، قلت : وقد حسن إسناد ابن ماجه البوصيري ، وصحح الحديث الحاكم ، ووافقه الذهبي ، وقد ضعفه الشيخ الألباني في الضعيفة ( **1029** ) والراجح أنه حسن فانظر ما قال .

**ഒരാളുടെ കൈതണ്ടയിൽ മഞ്ഞ നിറത്തിലുള്ള ഒരു ചരട് കണ്ട പ്രവാചകൻ(ﷺ) പറയുകയാണ്: "നിനക്ക് നാശം, ഇതെന്താണ്? അദ്ദേഹം പറയുകയുണ്ടായി: അത് ഒരു തരം പനിക്ക് വേണ്ടി കെട്ടിയതാണ്. അപ്പോൾ റസൂലുല്ലാഹ്(ﷺ) പറഞ്ഞു: നിനക്കത് പനി വർദ്ധിപ്പിക്കുകയല്ലാതെ ചെയ്യുകയില്ല, നീ അത് പൊട്ടിച്ച് വലിച്ചെറിയുക, നീ അത് കെട്ടിയവനായി മരി**

ക്കുകയാണെങ്കിൽ ഒരിക്കലും വിജയിക്കുകയില്ല" (അഹ്മദ്. ഹസനായ ഹദീസ്).

ഹുദൈഫ(ﷺ) ഒരാളുടെ കയ്യിൽ നിന്നും ചരട് പൊട്ടിച്ച് വലിച്ചെറിഞ്ഞ് കൊണ്ട് താഴെ വരുന്ന ആയത്ത് പാരായണം ചെയ്യുകയുണ്ടായി:

{ وَمَا يُؤْمِنُ أَكْثَرُهُمْ بِاللَّهِ إِلاَّ وَهُمْ مُشْرِكُونَ } (يوسف:106)

'അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് (മറ്റുള്ളവരെ) പങ്കുചേർക്കുന്നവരായിക്കൊണ്ട് മാത്രമാണ്' (യൂസുഫ്:106).

സഅദ്ബ്നു ജുബൈർ(ﷺ) പറയുകയുണ്ടായി:

( من قطع تميمة من إنسان كان كعدل رقبة ) ( ضعيف ) رواه ابن أبي شيبة ( 7 / 375 ) حديث رقم ( 3524 ) وفي سنده الليث بن أبي سليم بن زنيم ، قال الحافظ في التقريب : صدوق اختلط جدا ولم يتميز حديثه فترك ، ا هـ. ويؤيده ما حكاه ابن أبي شيبة عن جرير قوله في الليث : كان أكثر تخليطا ، وقال ابن حبان : اختلط آخر عمره ، قلت : ثم إن رواية مسلم عنه مقرونة بأبي إسحاق الشيباني .

"ആരെങ്കിലും ഒരുവൻെറ ശരീരത്തിൽ നിന്നും ചരട് പൊട്ടിച്ച് വലിച്ചെറിയുകയാണെങ്കിൽ അവന് ഒരു അടിമയെ മോചിപ്പിച്ച പ്രതിഫലമുണ്ട്."

### 180- ശരീരത്തിൽ ബന്ധിക്കുന്നത് വിശുദ്ധഖുർആനിലെ ആയത്താണെങ്കിൽ അതിൻെറ വിധിയെന്താണ്?

ഉത്തരം: ചില പണ്ഡിതന്മാർ അത് അനുവദനീയമാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അബ്ദുല്ലാഇബ്നു ഹകീം(ﷺ), അബ്ദുല്ലാഇബ്നു അംറ്(ﷺ), അബ്ദുല്ലാഇബ്നു മസ്ഊദ്(ﷺ) പോലെയുള്ള ഭൂരിപക്ഷം സലഫുസ്വാലിഹീങ്ങളും അത് നിഷിദ്ധമാണെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇതാണ് പ്രബലമായതും, തെളിവിനോട് യോജിക്കുന്നതുമായ അഭിപ്രായം. കാരണം പ്രവാചകൻ(ﷺ) പൊതുവായിട്ടാണ് ശരീരത്തിൽ ബന്ധിപ്പിക്കുന്നതിനെ നിരോധിച്ചിരിക്കുന്നത്. അതുപോലെ തന്നെ ഖുർആൻ കൊണ്ട് എഴുതിയത് ബന്ധിപ്പിക്കാം എന്ന് പ്രത്യേകമായി പറഞ്ഞത് എവിടെയും കാണാൻ സാധ്യവു



മല്ല. മാത്രവുമല്ല അത് ഖുർആനിനെ നിന്ദിക്കുന്നതിന് തുല്ല്യവുമായിരിക്കും, കാരണം ശരീരത്തിൽ ബന്ധിക്കുപ്പോൾ അധിക സമയവും അശുദ്ധിയോടെയായിരിക്കും അത് ശരീരത്തിലുണ്ടാകുക, അതുപോലെ ടോയ്ലറ്റ് പോലെയുള്ള അശുദ്ധമായ സ്ഥലത്തേക്കും അത് വഹിച്ച് പോകേണ്ടി വരുകയും ചെയ്യും. അതുകൊണ്ട് തന്നെ അല്ലാഹുവല്ലാത്തവരിലേക്ക് മനുഷ്യൻെറ ഹൃദയം തിരിയാതിരിക്കുവനായി ഇങ്ങനെ വിരോധിക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കേണ്ടതാണ് ഓരോ വിശ്വാസിയും. പ്രത്യേകിച്ച് ഈ കാലഘട്ടത്തിൽ.

### 181- ജ്യോൽസ്യത്തിൻെറ വിധിയെന്താണ്?

ഉത്തരം: ജ്യോൽസ്യപ്പണി ചെയ്യുന്നവർ ത്വാഗൂത്തുകളാണ്, അവർ പിശാചിൻെറ മന്ത്രങ്ങൾ ലഭിക്കുന്ന പിശാചിൻെറ കൂട്ടുകാരുമാണ്. അല്ലാഹു പറയുന്നു:

{ وَإِنَّ الشَّيَاطِينَ لَيُوحُونَ إِلَى أَوْلِيَائِهِمْ } (الأنعام:121)

'പിശാചുക്കൾ അവരുടെ മിത്രങ്ങൾക്ക് തീർച്ചയായും ദുർബോധനം നൽകിക്കൊണ്ടിരിക്കും' (അൻആം:121).

പിശാചുക്കൾ ജ്യോൽസ്യന്മാരിലേക്ക് ഇറങ്ങി വരുകയും മലക്കുകളിൽ നിന്ന് കട്ട് കേട്ട ഒരു കാര്യം അവർക്ക് അറിയിച്ച് കൊടുക്കുകയും, അങ്ങിനെ അതിൽ ഒരു നൂറ് കളവുകൾ കൂട്ടിക്കൊണ്ട് അവർ പറയുകയും ചെയ്യും. അതാണ് അല്ലാഹു പറയുന്നത്:

{ هَلْ أُنَبِّئُكُمْ عَلَى مَنْ تَنَزَّلُ الشَّيَاطِينُ * تَنَزَّلُ عَلَى كُلِّ أَفَّاكٍ أَثِيمٍ * يُلْقُونَ السَّمْعَ وَأَكْثَرُهُمْ كَاذِبُونَ } (الشعراء:221-223)

'(നബിയേ, പറയുക:) ആരുടെ മേലാണ് പിശാചുക്കൾ ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ? പെരും നുണയൻമാരും പാപികളുമായ എല്ലാവരുടെ മേലും അവർ (പിശാചുക്കൾ) ഇറങ്ങുന്നു. അവർ ചെവി കൊടുത്ത് കേൾക്കുന്നു. അവരിൽ അധികപേരും കള്ളം പറയുന്നവരാകുന്നു' (ശുഅറാ: 221 –223).

عن أَبِي هُرَيْرَةَ يَقُولُ: إِنَّ نَبِيَّ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: ... فَيَسْمَعُهَا مُسْتَرِقُ

السَّمْعِ وَمُسْتَرِقُ السَّمْعِ هَكَذَا بَعْضُهُ فَوْقَ بَعْضٍ إِلَى مَنْ تَحْتَهُ ثُمَّ يُلْقِيهَا الْآخَرُ إِلَى مَنْ تَحْتَهُ حَتَّى يُلْقِيَهَا عَلَى لِسَانِ السَّاحِرِ أَوِ الْكَاهِنِ فَرُبَّمَا أَدْرَكَ الشِّهَابُ قَبْلَ أَنْ يُلْقِيَهَا وَرُبَّمَا أَلْقَاهَا قَبْلَ أَنْ يُدْرِكَهُ فَيَكْذِبُ مَعَهَا مِائَةَ كَذْبَةٍ ) صحيح البخاري ، كتاب التفسير ، تفسير سورة سبأ ( **4800** ) .

**അല്ലാഹു പ്രവാചകന് വഹ്‌യ് നൽകുമ്പോഴും, അല്ലാഹുവിൻെറ ഖദ്റ് മലക്കുകളെ അറിയിക്കുമ്പോഴും പിശാചുക്കൾ കട്ട് കേൾക്കുന്ന ഹദീസ് അബൂഹുറൈറ(ﷺ)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "കട്ട് കേൾക്കുന്നവൻ അത് കേൾക്കുന്നു, അവനിൽ നിന്ന് കട്ട് കേൾക്കുന്ന വൻ കേൾക്കുന്നു ഇങ്ങനെ ഓരോരുത്തരും പരസ്പരം കേൾക്കുകയും, തൻെറ താഴെയുള്ളവനിലേക്ക് നൽകുന്നു, അവസാനം ജ്യോൽസ്യൻെറ യോ, കണക്ക്നോട്ടക്കാരൻെറയോ നാവിലേക്ക് ഇട്ട് കൊടുക്കുന്നു, ചില പ്പോൾ ആ വാർത്തയെ അവരിലേക്ക് എത്തുന്നതിന് മുമ്പ് വാൽ നക്ഷത്രം അതിനെ തടുക്കുന്നു, അല്ലെങ്കിൽ അതിനെ ജ്യോൽസ്യന്മാരോ, കണക്ക് നോട്ടക്കാരോ സ്വീകരിച്ച് കൊണ്ട് അതിൽ നൂറ് കളവും കൂട്ടുകയും ചെ ല്ലുന്നു." (ബുഖാരി)**

**182- ജ്യോൽസ്യക്കാരനെ, കണക്ക് നോട്ടക്കാരനോ പറയുന്നത് വി ശ്വസിക്കുന്നവൻെറ വിധിയെന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ قُلْ لاَ يَعْلَمُ مَنْ فِي السَّمَوَاتِ وَالأَرْضِ الْغَيْبَ إِلاَّ اللَّهُ}(النمل:**65**)

'(നബിയേ,) പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യ കാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ' (നംല്: 65).

{ وَعِنْدَهُ مَفَاتِحُ الْغَيْبِ لاَ يَعْلَمُهَا إِلاَّ هُوَ } (الأنعام:**59**)

'അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാ തെ അവ അറിയുകയില്ല' (അൻആം: 59).

{ أَمْ عِنْدَهُمُ الْغَيْبُ فَهُمْ يَكْتُبُونَ } (الطور:**41**)



**'അതല്ല, അവർക്ക് അദൃശ്യജ്ഞാനം കരഗതമാവുകയും, അത് അവർ രേ ഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ടോ?' (ത്വൂർ: 41)**

{ أَعِنْدَهُ عِلْمُ الْغَيْبِ فَهُوَ يَرَى } (النجم:**35**)

**'അവന്റെ അടുക്കൽ അദൃശ്യജ്ഞാനമുണ്ടായിട്ട് അതു മുഖേന അവൻ കണ്ടറിഞ്ഞ് കൊണ്ടിരിക്കുകയാണോ?' (നജ്മ്: 35)**

{ وَاللَّهُ يَعْلَمُ وَأَنْتُمْ لاَ تَعْلَمُونَ } (البقرة:**216**)

**'അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല'. (അൽബഖറ: 216)**

**പ്രവാചകൻ(ﷺ) പറയുന്നു:**

(( مَنْ أَتَى كَاهِنًا فَصَدَّقَهُ بِمَا يَقُولُ فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمَّدٍ صلى الله عليه وسلم) ( صحيح ) رواه أحمد ( **2** / **429** ) ، والبيهقي ( **8** / **135** ) ، والحاكم ( **1** / **8** ) وقال : هذا حديث صحيح على شرطهما جميعا من حديث ابن سيرين ولم يخرجاه ، وصححه الألباني ( صحيح الجامع **5815** ) ، وصحح إسناده الشيخ أحمد شاكر .

**"ആരെങ്കിലും ജ്യോൽസ്യക്കാരനെ സമീപിക്കുകയും, അവൻ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ അവൻ മുഹമ്മദ് നബി(ﷺ)ക്ക് ഇറക്കിയതി ൽ അവിശ്വസിച്ചിരിക്കുന്നു" (അഹ്മദ്. സ്വഹീഹായ ഹദീസ്)**

**തിരുമേനി(ﷺ) വീണ്ടും പറയുന്നു:**

( مَنْ أَتَى عَرَّافًا فَصَدَّقَهُ بِمَا يَقُولُ لَمْ يُقْبَلْ لَهُ صَلاَةٌ أَرْبَعِينَ يَوْمًا) (**2**) رواه مسلم ( السلام / **125** ) ، وأحمد ( **4** / **68** ، **5** / **380** ) .

**"ആരെങ്കിലും ജ്യോൽസ്യനെ സമീപിക്കുകയും, അവൻ പറയുന്നത് വിശ്വ സിക്കുകയും ചെയ്താൽ അവൻെറ നാൽപത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല" (മുസ്‌ലിം, അഹ്മദ്)**

**183- നക്ഷത്രങ്ങളെ നോക്കി (ജ്യോതിഷം) ഭാവി പ്രവചിക്കുന്നതി ൻെറ വിധിയെന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَهُوَ الَّذِي جَعَلَ لَكُمُ النُّجُومَ لِتَهْتَدُوا بِهَا فِي ظُلُمَاتِ الْبَرِّ وَالْبَحْرِ } (الأنعام:**97**)

'അവനാണ് നിങ്ങൾക്ക് വേണ്ടി നക്ഷത്രങ്ങളെ, കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിങ്ങൾക്ക് അവ മുഖേന വഴിയറിയാൻ പാകത്തിലാക്കിത്തന്നത്'. (അൻആം: 97).

{ وَلَقَدْ زَيَّنَّا السَّمَاءَ الدُّنْيَا بِمَصَابِيحَ وَجَعَلْنَاهَا رُجُومًا لِلشَّيَاطِينِ } (الملك:**5**)

'ഏറ്റവും അടുത്ത ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. അവയെ നാം പിശാചുകളെ എറിഞ്ഞോടിക്കാനുള്ളവയുമാക്കിയിരിക്കുന്നു' (മുൽക്:5).

{ وَالنُّجُومَ مُسَخَّرَاتٍ بِأَمْرِهِ } (الأعراف:**54**)

'നക്ഷത്രങ്ങളെ തന്റെ കൽപനയ്ക്കു വിധേയമാക്കപ്പെട്ട നിലയിൽ (അവൻ) സൃഷ്ടിച്ചിരിക്കുന്നു.' (അഅ്റാഫ്:54)..

**പ്രവാചകൻ(ﷺ) പറയുന്നു:**

(مَنِ اقْتَبَسَ عِلْمًا مِنَ النُّجُومِ اقْتَبَسَ شُعْبَةً مِنَ السِّحْرِ زَادَ مَا زَادَ) ( صحيح ) رواه أحمد ( **1** / **227** ، **311** ) ، وأبو داود ( **3905** ) ، وابن ماجه ( **3726** ) ، والبيهقي ( **8** / **138** ) وقد سكت عنه الإمام أبو داود وصححه الألباني ، وقال الشيخ أحمد شاكر : إسناده صحيح .

**"ആരെങ്കിലും ജ്യോതിഷം പഠിക്കുകയാണെങ്കിൽ അവൻ സിഹ്റിന്റെ ഒരു ഭാഗമാണ് പഠിച്ചിരിക്കുന്നത്, അങ്ങിനെ അതിൽ അവൻ വർദ്ധിപ്പിച്ചത് വർദ്ധിപ്പിക്കുകയും ചെയ്തു"(അഹ്മദ്,അബൂദാവൂദ്) പ്രവാചകൻ(ﷺ) പറയുന്നു:**

« إنما أخاف على أمتي التصديق بالنجوم والتكذيب بالقدر وحيف الأئمة » ( ضعيف قد يحسن ) وقد روي بمثله وبنحوه عن عدد من الصحابة ، وكلها لا يخلو من ضعف ، وقد بين ذلك الشيخ الألباني في الصحيحة ( **1127** ) وسبقه إلى ذلك الحافظ الهيثمي في المجمع ( **7** / **203** ) وقال : عن أبي أمامة قال : قال رسول



الله صلى الله عليه وسلم : « إن أخوف ما أخاف على أمتي في آخر زمانها النجوم وتكذيب بالقدر وحيف السلطان » . رواه الطبراني وفيه ليث بن أبي سليم وهو لين وبقية رجاله وثقوا ، اهـ. وذكر الألباني أن للحديث شواهد كثيرة يرتقي بها إلى درجة الصحة ، اهـ.

**"ഞാനെന്റെ സമുദായത്തിന് ഭയപ്പെടുന്നത് ജ്യോതിഷത്തെ സത്യപ്പെടുത്തുന്നതും, അല്ലാഹുവിന്റെ ഖദ്റിനെ കളവാക്കുന്നതും, നേതാക്കന്മാർ അനീതി കാണിക്കുന്നതുമാകുന്നു". (ദുർബലമായ ഹദീസാണിത്, എന്നാൽ അൽബാനി പറയുന്നത് ഈ ഹദീസിനെ സ്വഹീഹിന്റെ സ്ഥാനത്തേക്ക് ഉയർത്തുന്ന ഒരുപാട് തെളിവുകൾ ഉണ്ടെന്നാണ്).**

**ഇബ്നു അബ്ബാസ്(ﷺ) അറബി അക്ഷരങ്ങൾക്ക് ഓരോ സംഖ്യ നൽകി എഴുതുന്നവരെയും, നക്ഷത്രങ്ങളെ നോക്കി ഭാവി പ്രവചിക്കുന്നവരെയും പറ്റി പറയുന്നു:**

" ما أرى من فعل ذلك له عند الله من خلاق " ( صحيح ) رواه البيهقي ( **8** / **139** ) ، وعبد الرزاق ( **11** / **19805** ) ، وابن أبي شيبة ( **8** / **414** ) ، والدر المنثور ( **3** / **35** ) وسنده صحيح ، رجاله ثقات .

**"ഇങ്ങനെ ആരെങ്കിലും ചെയ്താൽ അവന് അല്ലാഹുവിന്റെയടുത്ത് യാതൊന്നുമുണ്ടാവുകയില്ലെന്നാണ് എന്റെ അഭിപ്രായം" (ബൈഹഖി. സ്വഹീഹായ ഹദീസ്)**

وقال قتادة رحمه الله تعالى : خلق الله هذه النجوم لثلاث زينة للسماء ، ورجوما للشياطين ، وعلامات يهتدى بها ، فمن تأول فيها غير ذلك فقد أخطأ حظه وأضاع نصيبه وتكلف ما لا علم له به ) أورده الإمام السيوطي في كتابه الدر المنثور ( **3** / **43** )

**ഖതാദ(ﷺ) പറയുന്നു: "ഈ നക്ഷത്രങ്ങളെ അല്ലാഹു മൂന്ന് കാര്യങ്ങൾക്ക്**

**വേണ്ടിയാണ് സൃഷ്ടിച്ചിരിക്കുന്നത്, ആകാശത്തിന് ഭംഗിക്കും, പിശാചുക്കളെ എറിയുവാനും, വഴി കണ്ട് പിടിക്കുവാനുള്ള അടയാളത്തിനും. ഈ മൂന്ന് കാര്യത്തിനല്ലാതെ ആരെങ്കിലും നക്ഷത്രത്തെ ഉപയോഗിക്കുകയും, ദുർവ്യാഖ്യാനിക്കുകയും ചെയ്താൽ അവന് തെറ്റ് പറ്റുകയും, അവന് അല്ലാഹുവിൻെറയടുത്ത് യാതൊന്നും ഉണ്ടാവുകയുമില്ല, മാത്രമല്ല, അവന് യാതൊരു അറിവുമില്ലാത്ത കാര്യമാണ് ഏറ്റെടുക്കുകയും ചെയ്തിരിക്കുന്നത്" (ഇമാം സുയൂത്വി ഉദ്ദരിച്ചത്).**

**184- ഞാറ്റുവേലയോട് മഴക്ക് വേണ്ടി തേടുന്നതിൻെറ വിധിയെന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَتَجْعَلُونَ رِزْقَكُمْ أَنَّكُمْ تُكَذِّبُونَ } (الواقعة:**82**)

'സത്യത്തെ നിഷേധിക്കുക എന്നത് നിങ്ങൾ നിങ്ങളുടെ വിഹിതമാക്കുകയാണോ?' (വാഖിഅഃ: 82)

**പ്രവാചകൻ(ﷺ) പറയുന്നു:**

(أَرْبَعٌ فِي أُمَّتِي مِنْ أَمْرِ الْجَاهِلِيَّةِ لاَ يَتْرُكُونَهُنَّ الْفَخْرُ فِي الأَحْسَابِ وَالطَّعْنُ فِي الأَنْسَابِ وَالإِسْتِسْقَاءُ بِالنُّجُومِ وَالنِّيَاحَةُ ) (**1**) رواه مسلم ( الجنائز / **29** ) .

**"ജാഹിലിയ്യാ കാലത്തുള്ള നാല് കാര്യങ്ങൾ എൻെറ സമുദായത്തിലുണ്ടാവും, അത് അവർ ഉപേക്ഷിക്കുകയില്ല: കുലമഹിമ കൊണ്ട് ദുരഭിമാനം നടിക്കുക, ഗോത്രങ്ങളെ ആക്ഷേപിക്കുക, നക്ഷത്രങ്ങളോട് മഴക്ക് വേണ്ടി ആവശ്യപ്പെടുക, മാറിടം വലിച്ച് കീറി അട്ടഹസിച്ച് കരയുക" (മുസ്ലിം). റസൂലുല്ലാഹി(ﷺ) അല്ലാഹു പറയുന്നതായി പറയുന്നു:**

(قَالَ اللهُ تعالى :أَصْبَحَ مِنْ عِبَادِي مُؤْمِنٌ بِي وَكَافِرٌ فَأَمَّا مَنْ قَالَ: مُطِرْنَا بِفَضْلِ اللهِ وَرَحْمَتِهِ فَذَلِكَ مُؤْمِنٌ بِي وَكَافِرٌ بِالْكَوْكَبِ وَأَمَّا مَنْ قَالَ بِنَوْءِ كَذَا وَكَذَا فَذَلِكَ كَافِرٌ



بِي وَمُؤْمِنٌ بِالْكَوْكَبِ) رواه البخاري ( **846** ، **1038** ) ، ومسلم ( الإيمان/**125**)

**"അല്ലാഹു പറയുന്നു: "എൻെറ അടിമകളിൽ ചിലർ എന്നിൽ വിശ്വസിച്ച് കൊണ്ടും, ചിലർ എന്നിൽ അവിശ്വസിച്ച് കൊണ്ടും നേരം വെളുപ്പിക്കുന്നു, ആരെങ്കിലും അല്ലാഹുവിൻെറ കാരുണ്യം കൊണ്ടും, അനുഗ്രഹം കൊണ്ടും മഴ പെയ്തിരിക്കുന്നു എന്ന് പറഞ്ഞാൽ അവൻ എന്നിൽ വിശ്വസിക്കുകയും, നക്ഷത്രങ്ങളിൽ അവിശ്വസിക്കു കയും ചെയ്തരിക്കുന്നു, ആരെങ്കിലും ഇന്ന ഞാറ്റുവേല കൊണ്ടാണ് മഴ വർഷിച്ചതെന്ന് പറഞ്ഞാൽ അവൻ എന്നിൽ അവിശ്വസിക്കുകയും, നക്ഷത്രങ്ങളിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു"(ബുഖാരി)**

**185- പക്ഷിപ്രശ്നം (പക്ഷികളെ പറത്തി ഭാഗ്യ പരീക്ഷണം നടത്തുന്നത്) നോക്കുന്നതിൻെറ വിധിയെന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ أَلاَ إِنَّمَا طَائِرُهُمْ عِنْدَ اللهِ} (الأعراف:**131**)

'അല്ല, അവരുടെ ശകുനം അല്ലാഹുവിന്റെ പക്കൽ തന്നെയാകുന്നു' (അഅ്റാഫ്:131).

**പ്രവാചകൻ(ﷺ) പറയുന്നു:**

( لاَ عَدْوَى وَلاَ طِيَرَةَ وَلاَ هَامَةَ وَلاَ صَفَرَ ) رواه البخاري ( **5707** ) ، ومسلم ( السلام / **101** ، **102** ، **103** ) .

**"രോഗം വരുന്നത് അല്ലാഹുവിൻെറ ഖദ്റിൻെറ ഭാഗമല്ല, മറിച്ച് രോഗം തനിയെ വരുന്നതാണെന്ന വിശ്വാസവും, പക്ഷികളെ പറപ്പിച്ച് കൊണ്ട് ഭാഗ്യ പരീക്ഷണം നടത്തുന്നതും, മയ്യത്തിൻെറ എല്ലുകൾ പക്ഷികളായി രൂപപ്പെടുമെന്നുള്ള വിശ്വാസവും, സ്വഫർ മാസം അലംഘനീയമായ മാസത്തിൽ പെട്ടതാണെന്ന വിശ്വാസവും ഇസ്ലാമിൽ ഇല്ലാത്തതാണ്." (ബുഖാരി, മുസ്ലിം)**

قَالَ رَسُول اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: الطِّيَرَةُ شِرْكٌ الطِّيَرَةُ شِرْكٌ قالل عبد الله بن

مسعود وَمَا مِنَّا إِلاَّ وَلَكِنَّ اللهَ يُذْهِبُهُ بِالتَّوَكُّلِ) ( صحيح ) رواه أحمد ( **1 / 389** ، **438** ، **440** ) ، والبخاري في الأدب ( **909** ) ، وأبو داود ( **3910** ) ، والترمذي ( **1614** ) ، وابن ماجه ( **3538** ) ، والحاكم ( **1 / 17 / 18** ) ، والبيهقي ( **8 / 139** ) ، والبغوي في شرح السنة ( **12 / 177** ، **178** ) قال الترمذي : هذا حديث حسن صحيح . وسكت عنه أبو داود وصححه الحافظ العراقي وقال الحاكم : صحيح سنده . ثقات رواته ، وأقره الذهبي ، قال الألباني : وهو كما قال . قلت : وهو عندهم جميعا مرفوع ولكن قال الإمام الترمذي : سمعت محمد بن إسماعيل يقول : كان سليمان بن حرب يقول : هذا الحديث ( وما منا إلا ولكن الله يذهبه بالتوكل ) قال : هذا عندي قول عبد الله بن مسعود ، ا هـ.

**പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "പക്ഷികളെ പറത്തിക്കൊണ്ട് ഭാഗ്യ പരീക്ഷണം നടത്തുന്നത് ശിർക്കാകുന്നു, പക്ഷികളെ പറത്തിക്കൊണ്ട് ഭാഗ്യ പരീക്ഷണം നടത്തുന്നത് ശിർക്കാകുന്നു, അബ്ദുല്ലാ ഇബ്നു മസ്ഊദ്(رضي الله عنه) പറയുന്നു: അത് നമ്മളിൽ നിന്നല്ല സംഭവിക്കുന്നത്, മറിച്ച് തവക്കുൽ കൊണ്ടാണ് അല്ലാഹു അത് നീക്കി കളയുന്നത്" (അഹ്മദ്. സ്വഹീഹായ ഹദീസ്).**

**പ്രവാചകൻ(ﷺ) പറയുന്നു:**

(إِنَّمَا الطِّيَرَةُ مَا أَمْضَاكَ أَوْ رَدَّكَ) ( ضعيف ) رواه أحمد ( **1 / 213** ) قال الشيخ أحمد شاكر : إسناده ضعيف لانقطاعه ، ا هـ. وذكر أن ابن علاثة هو محمد بن عبد الله بن علاثة القاضي ، قال البخاري في الكبير : وهو ثقة يخطئ ، وثقه ابن



معين وأفرط الأزدي وغيره في تضعيفه ورميه بالكذب ، ورجح الشيخ شاكر أن ما قاله البخاري : في حفظه نظر ، هو الحق ، ومسلمة الجهني فيه جهالة ، ترجمه البخاري ولم يخرجه وهو متأخر عن أن يدرك الفضل بن عباس .

**"പക്ഷി പ്രശ്നം എന്ന് പറഞ്ഞാൽ എന്തെങ്കിലും അവിചാരിതമായി കണ്ടതിനാൽ ഏതെങ്കിലും കാര്യം ചെയ്യുന്നതോ, ഏതെങ്കിലും കാര്യം ചെയ്യാതിരിക്കുന്നതോ ആണ്" (അഹ്മദ്, ഇത് ദുർബ്ബലമാണ്).**

عَنْ عَبْدِ اللهِ بْنِ عَمْرٍو قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : مَنْ رَدَّتْهُ الطِّيَرَةُ مِنْ حَاجَةٍ فَقَدْ أَشْرَكَ، قَالُوا: يَا رَسُولَ اللهِ مَا كَفَّارَةُ ذَلِكَ قَالَ: أَنْ يَقُولَ أَحَدُهُمُ اللَّهُمَّ لاَ خَيْرَ إِلاَّ خَيْرُكَ وَلاَ طَيْرَ إِلاَّ طَيْرُكَ وَلاَ إِلَهَ غَيْرُكَ ) ( صحيح ) رواه أحمد ( **2 / 220** ) ، وابن السني ( **293** ) قال الشيخ أحمد شاكر : إسناده صحيح ، قال الهيثمي ( **5 / 105** ) : رواه أحمد والطبراني ، وفيه ابن لهيعة وحديثه حسن وفيه ضعف وبقية رجاله ثقات ، وقد صححه الألباني في الصحيحة ( **1065** ) وقال : قلت والضعف الذي في حديث ابن لهيعة إنما هو في غير رواية العبادلة عنه ، وإلا فحديثهم عنه صحيح كما حققه أهل العلم في ترجمته ، ومنهم عبد الله بن وهب ، وقد رواه عنه كما رأيت ، ا هـ. قلت : وهو في مسند ابن السني .

**അബ്ദുല്ലാഇബ്നു അംറ്(رضي الله عنه) പ്രവാചകൻ(ﷺ)യിൽ നിന്ന് ഉദ്ദരിക്കുന്നു: പ്രവാചകൻ(ﷺ) പറഞ്ഞു: "ആരുടെയെങ്കിലും ആവശ്യം പക്ഷി പ്രശ്നത്താൽ തടയപ്പെടുകയാണെങ്കിൽ അവൻ ശിർക്ക് ചെയ്തു" അപ്പോൾ സ്വഹാബികൾ ചോദിച്ചു: പ്രവാചകരെ, അതിനുള്ള പ്രായശ്ചിത്തം എന്താണ്? തിരുമേനി(ﷺ) പറഞ്ഞു: ഇങ്ങനെ പറയലാണ്: 'അല്ലാഹുവേ, നിൻെറ നന്മയല്ലാ**

തെ ഒരു നന്മയുമില്ല, നിൻെറ ത്വൈറല്ലാതെ മറ്റൊരു ത്വൈറതുമില്ല, നീയല്ലാതെ യഥാർത്ഥത്തിൽ ഒരു ഇലാഹുമില്ല" (അഹ്മദ്).

وَقَالَ النَّبِيّ صَلَّى اللهُ عَلَيْهِ وَسَلَّمَ أَحْسَنُهَا الْفَأْلُ وَلاَ تَرُدُّ مُسْلِمًا فَإِذَا رَأَى أَحَدُكُمْ مَا يَكْرَهُ فَلْيَقُلِ اللَّهُمَّ لاَ يَأْتِي بِالْحَسَنَاتِ إلاَّ أَنْتَ وَلاَ يَدْفَعُ السَّيِّئَاتِ إِلاَّ أَنْتَ وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِكَ) ( ضعيف ) رواه أبو داود ( **3919** ) ، والبيهقي ( **8** / **139** ) ، وابن السني ( **294** ) وسكت عنه أبو داود . وضعفه الألباني والاختلاف على عروة بن عامر له صحبة أم لا ، قال أبو القاسم الدمشقي : ولا صحبة له تصح ، وذكر البخاري وغيره : أنه سمع من ابن عباس ، فعلى هذا يكون الحديث مرسلا

പ്രവാചക(ﷺ)ൻെറ അടുത്ത് പക്ഷി പ്രശ്നത്തെ സംബന്ധിച്ച് പറയപ്പെട്ടപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: അതിൽ നല്ലതായത് ശുഭലക്ഷണം നോക്കലാണ്, അത് ഒരു മുസ്ലിമിനെ യാതൊന്നിൽ നിന്നും തടയുവാൻ പാടില്ല, ആരെങ്കിലും വെറുക്കുന്ന വല്ലതും കാണുകയാണെങ്കിൽ അവൻ ഇങ്ങനെ പറയട്ടെ. "അല്ലാഹുവെ, നല്ല കാര്യങ്ങൾ കൊണ്ട് വരുന്നത് നീയല്ലാതെ മറ്റാരുമല്ല, തിന്മകൾ തടയുന്നതും നീയല്ലാതെ മറ്റാരുമല്ല, കഴിവും ശക്തിയും നിന്നിൽ നിന്നല്ലാതെ ഇല്ല" (അബൂദാവൂദ്).

**186- കണ്ണേറിൻെറ വിധിയെന്താണ്?**

**ഉത്തരം:** പ്രവാചകൻ(ﷺ)പറയുന്നു:

( الْعَيْنُ حَقٌّ ) رواه البخاري ( **5740** ، **5944** ) ، ومسلم ( السلام / **41** ، **42** )

"കണ്ണേറ് എന്ന് പറയുന്നത് യാഥാർത്ഥ്യമാണ്" (ബുഖാരി, മുസ്ലിം).

( أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ رَأَى فِي بَيْتِهَا جَارِيَةً فِي وَجْهِهَا سَفْعَةٌ فَقَالَ: اسْتَرْقُوا لَهَا فَإِنَّ بِهَا النَّظْرَةَ) رواه البخاري ( **5739** ) ، ومسلم ( السلام / **59** ) .



പ്രവാചകൻ(ﷺ) തൻെറ ഭാര്യമാരിലെ ഒരു ഭാര്യയുടെ വീട്ടിൽ ഒരു അടിമസ്ത്രീയെ കാണുകയുണ്ടായി, അവളുടെ മുഖത്ത് ഒരു കറുത്ത പാട് കാണുകയും ചെയ്തു. അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: "നിങ്ങൾ ഇസ്ലാം അനുവദിക്കുന്ന മന്ത്രം കൊണ്ട് അവളെ മന്ത്രിക്കുക, കാരണം അത്കൊണ്ട് കണ്ണേറ് നടത്തുവാൻ സാധിക്കും" (ബുഖാരി, മുസ്ലിം).

(عَنْ عَائِشَةَ رَضِي اللهُ عَنْهَا قَالَتْ: أَمَرَنِي رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ أَوْ أَمَرَ أَنْ يُسْتَرْقَى مِنَ الْعَيْنِ) (رواه البخاري ( **5738** ) ، ومسلم ( السلام / **55** ، **56** ) .

ആയിശാ(رضي الله عنها) പറയുന്നു: പ്രവാചകൻ(ﷺ) എന്നോട് കൽപിക്കുകയുണ്ടായി, അല്ലെങ്കിൽ കൽപിച്ചു, കണ്ണേറിൽ നിന്ന് രക്ഷ ലഭിക്കുവാനായി മന്ത്രിക്കാൻ" (ബുഖാരി).

റസൂലുല്ലാഹ്(ﷺ) വീണ്ടും പറയുന്നത് കാണുക:

( قَالَ لاَ رُقْيَةَ إِلاَّ مِنْ عَيْنٍ أَوْ حُمَةٍ ) رواه البخاري ( **5705** ) ، ومسلم (الإيمان / **374**).

"കണ്ണേറിനും, വിഷം തീണ്ടിയതിനുമല്ലാതെ മന്ത്രമില്ല" (ബുഖാരി, മുസ്ലിം).

ഈ ഹദീസുകളെല്ലാം ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചതാണ്, വേറെയും ഹദീസുകൾ കാണാവുന്നതാണ്. എന്നാൽ അല്ലാഹുവിൻെറ അനുമതി പ്രകാരമല്ലാതെ കണ്ണേറ് ബാധിക്കുകയില്ല. ഇതാണ് താഴെ വരുന്ന ആയത്തിനെ വിശദീകരിച്ച് കൊണ്ട് ഉന്നതന്മാരായ പല സലഫുസ്വാലിഹീങ്ങളും ഇതാണ് വിശദീകരിച്ചിരിക്കുന്നത്.

{ وَإِنْ يَكَادُ الَّذِينَ كَفَرُوا لَيُزْلِقُونَكَ بِأَبْصَارِهِمْ لَمَّا سَمِعُوا الذِّكْرَ } (القلم:**51**)

'സത്യനിഷേധികൾ ഈ ഉൽബോധനം കേൾക്കുമ്പോൾ അവരുടെ കണ്ണുകൾ കൊണ്ട് നോക്കിയിട്ട് നീ ഇടറി വീഴുമാറാക്കുക തന്നെ ചെയ്യും' (ഖലം :51).

**187- തെറ്റുകളെ എത്ര ഇനങ്ങളായി തരം തിരിക്കുന്നു?**

**ഉത്തരം:** ചെറിയ തെറ്റുകൾ അത് തിന്മകളാണ്, വലിയ പാപങ്ങൾ, അവ വൻ പാപങ്ങളാണ്.

**188- ചെറിയ ചെറിയ തെറ്റുകൾ എങ്ങനെയാണ് പൊറുക്കപ്പെടുക?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ إِنْ تَجْتَنِبُوا كَبَائِرَ مَا تُنْهَوْنَ عَنْهُ نُكَفِّرْ عَنْكُمْ سَيِّئَاتِكُمْ وَنُدْخِلْكُمْ مُدْخَلاً كَرِيمًا } (النساء:**31**)

**'നിങ്ങളോട് നിരോധിക്കപ്പെടുന്ന വൻപാപങ്ങൾ നിങ്ങൾ വർജ്ജിക്കുന്ന പക്ഷം നിങ്ങളുടെ തിൻമകളെ നിങ്ങളിൽ നിന്ന് നാം മായ്ച്ചുകളയുകയും, മാന്യമായ ഒരു സ്ഥാനത്ത് നിങ്ങളെ നാം പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്' (നിസാഅ്:31)**

{ إِنَّ الْحَسَنَاتِ يُذْهِبْنَ السَّيِّئَاتِ } (هود:**114**)

'തീർച്ചയായും സൽകർമ്മങ്ങൾ ദുഷ്കർമ്മങ്ങളെ നീക്കികളയുന്നതാണ്' (ഹൂദ്:114).

**ഇവിടെ അല്ലാഹു പറയുന്നത് വൻപാപങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും, നന്മകൾ അധികരിപ്പിക്കുകയുമാണെങ്കിൽ ചെറിയ തിന്മകൾ പൊറുത്ത് തരുന്നതാണ്. ഇത് തന്നെയാണ് ഹദീസിൽ നമുക്ക് കാണാനാവുന്നത്: പ്രവാചകൻ(ﷺ) പറയുന്നു:**

(وَأَتْبِعِ السَّيِّئَةَ الْحَسَنَةَ تَمْحُهَا) ( حسن ) رواه أحمد ( **5 / 153 ، 158 ، 177 ، 228** ) ، والترمذي ( **1987** ) ، والحاكم ( **1 / 54** ) من حديث أبي ذر ، وقال الإمام الترمذي : هذا حديث حسن صحيح ، وقال الحاكم : هذا حديث صحيح على شرط الشيخين ، ولم يخرجاه ، ووافقه الذهبي ، ورواه أحمد ( **5 / 236** ) من حديث معاذ بن جبل ، وقد حسنه الألباني .

**"തിന്മകളെ നന്മകൾ കൊണ്ട് തുടർത്തുക, അതിനെ മായ്ച്ച് കളയുന്നതാണ്" (അഹ്മദ്. ഹസനായ ഹദീസാണ്). സ്വഹീഹായ ഹദീസുകളിൽ ഇപ്രകാരം ണവന്നതായി നമുക്ക് കാണാവുന്നതാണ്, ശരിയായി വുളൂഅ് ചെയ്യുന്നതും, പള്ളികളിലേക്കുള്ള ഓരോ കാലടികളും, അഞ്ച് നേരത്തെ നമ**



**സ്കാരവും, ഒരു ജുമുഅ: മുതൽ അടുത്ത ജുമുഅ: വരെയും, ഒരു റമളാൻ മുതൽ അടുത്ത റമളാൻ വരെയും, ലൈലത്തുൽ ഖദ്റിലുള്ള നമസ്കാരവും, മുഹർറം പത്തിലുള്ള നോമ്പും പോലെയുള്ള സൽകർമ്മങ്ങൾ ചെറിയ ചെറിയ തിന്മകൾ മായ്ച്ച് കളയുന്നതാണ്, പക്ഷേ അധിക ഹദീസുകളിലും കാണുന്നത് ഇതിനോടൊപ്പം വൻ പാപങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യണമെന്നാണ്. അപ്പോൾ വൻ പാപങ്ങളിൽ നിന്ന് വിട്ട് നിൽക്കൽ ചെറിയ തിന്മകൾ പൊറുത്ത് കിട്ടുവാനുള്ള നിബന്ധനയാകുന്നു.**

**189- വൻ പാപങ്ങൾ ഏതെല്ലാമാണ്?**

**ഉത്തരം: വൻ പാപങ്ങൾ ഏതെല്ലാമാണെന്നതിനുള്ള പരിധി സ്വഹാബികളുടെയും താബിഉകളുടെയും വാക്കുകളിൽ നിന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്. അവർ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്: ഏതൊരു പാപത്തിനാണോ ശിക്ഷയുണ്ടെന്ന് പറഞ്ഞത് ആ പാപങ്ങളെല്ലാം വൻ പാപങ്ങളാണ്, അതുപോലെ അല്ലാഹുവിൻെറ ശാപമോ, ദേശ്യമോ, നരകമോ, ശിക്ഷയോ ഉണ്ടെന്ന് പറഞ്ഞിട്ടുള്ള മുഴുവൻ പാപങ്ങളും വൻപാപങ്ങളാകുന്നു. വേറെയും ചില നിർവ്വചനങ്ങൾ നമുക്ക് കാണാവുന്നതാണ്. സ്വഹീഹായ ഹദീസിൽ ഒരുപാട് പാപങ്ങളെ എണ്ണി പറഞ്ഞിട്ടുണ്ട്, അതിൽ തന്നെ പലതും വ്യത്യസ്ഥ പദവിയുലുള്ളതാണ്. അതിൽപെട്ടതാണ് അല്ലാഹുവിൽ ശിർക്ക് വെക്കുക, സിഹ്റ് ചെയ്യുക പോലെയുള്ള വലിയ കുഫ്റിലേക്കെത്തുന്ന പാപങ്ങൾ, അതുപോലെ വലിയ ശിക്ഷയുള്ളതും മ്ളേഛവുമായ പാപങ്ങളാണ് അല്ലാഹു അനുവദിച്ച രൂപത്തിലല്ലാതെയുള്ള മനുഷ്യ വധം, യുദ്ധത്തിൽ നിന്ന് പിൻതിരിഞ്ഞോടുക, പലിശ ഭക്ഷിക്കുക, യതീമിൻെറ സമ്പത്ത് തിന്നുക, കളവ് പറയുക, സത്യവിശ്വാസിനികളെ സംബന്ധിച്ച് അപവാദം പറയുക, മദ്യപിക്കുക, മാതാപിതാക്കളെ ഉപദ്രവിക്കുക തുടങ്ങിയവ. ഇബ്നു അബ്ബാസ്(رضي الله عنهما) പറയുന്നത് വൻപാപങ്ങൾ ഏകദേശം എഴുപതെണ്ണമാണ്, അതിൽ ഏറ്റവും വലിയതായി ഏഴെണ്ണത്തെ എണ്ണി പറഞ്ഞിട്ടു ണ്ട്. (സ്വഹീഹ്. അബ്ദുർറസാഖ്).**

**എന്നാൽ നേരത്തെ നാം വിശദീകരിച്ചത് പോലെയുള്ള ശിക്ഷയോ, ശാപമോ മറ്റോ താക്കീത് ചെയ്തിട്ടുള്ള പാപങ്ങൾ എണ്ണി കണക്കാക്കുകയാണെങ്കിൽ എഴുപതും അതിലധികവും കാണാവുന്ന**

താണ്.

190- ചെറുതും വലുതുമായ മുഴുവൻ പാപങ്ങളും എങ്ങനെയാണ് പൊറുക്കപ്പെടുക?

ഉത്തരം: പശ്ചാത്താപം കൊണ്ടാണ് മുഴുവൻ പാപങ്ങളും പൊറുക്കപ്പെടുക. അല്ലാഹു പറയുന്നു:

{ يَا أَيُّهَا الَّذِينَ آمَنُوا تُوبُوا إِلَى اللَّهِ تَوْبَةً نَصُوحًا عَسَى رَبُّكُمْ أَنْ يُكَفِّرَ عَنْكُمْ سَيِّئَاتِكُمْ وَيُدْخِلَكُمْ جَنَّاتٍ تَجْرِي مِنْ تَحْتِهَا الْأَنْهَارُ } (التحريم:8)

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം' (തഹ്രീം:8).

{ إِلَّا مَنْ تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا فَأُولَئِكَ يُبَدِّلُ اللَّهُ سَيِّئَاتِهِمْ حَسَنَاتٍ } (الفرقان:70)

'പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിൻമകൾക്ക് പകരം നൻമകൾ മാറ്റികൊടുക്കുന്നതാണ്' (ഫുർഖാൻ: 70).

{وَالَّذِينَ إِذَا فَعَلُوا فَاحِشَةً أَوْ ظَلَمُوا أَنْفُسَهُمْ ذَكَرُوا اللَّهَ فَاسْتَغْفَرُوا لِذُنُوبِهِمْ وَمَنْ يَغْفِرُ الذُّنُوبَ إِلَّا اللَّهُ وَلَمْ يُصِرُّوا عَلَى مَا فَعَلُوا وَهُمْ يَعْلَمُونَ * أُولَئِكَ جَزَاؤُهُمْ مَغْفِرَةٌ مِنْ رَبِّهِمْ وَجَنَّاتٌ تَجْرِي مِنْ تَحْتِهَا الْأَنْهَارُ } (آل عمران: 135-136)

'വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പു തേടുകയും ചെയ്യുന്നവർക്ക് വേണ്ടി. -പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?- ചെയ്തുപോയ (ദുഷ്) പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ. അത്തരക്കാർക്കുള്ള പ്രതിഫലം തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുമാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. ' (ആലു ഇംറാൻ: 30)



പ്രവാചകൻ(ﷺ) പറയുന്നു: « التوبة تجب ما قبلها »

"പശ്ചാത്താപം മുമ്പുള്ളതിനെ മായ്ച്ച് കളയുന്നു"

പ്രവാചകൻ(ﷺ) പറയുന്നു:

(اللَّهُ أَفْرَحُ بِتَوْبَةِ عَبْدِهِ مِنْ رَجُلٍ نَزَلَ مَنْزِلًا وَبِهِ مَهْلَكَةٌ وَمَعَهُ رَاحِلَتُهُ عَلَيْهَا طَعَامُهُ وَشَرَابُهُ فَوَضَعَ رَأْسَهُ فَنَامَ نَوْمَةً فَاسْتَيْقَظَ وَقَدْ ذَهَبَتْ رَاحِلَتُهُ حَتَّى إِذَا اشْتَدَّ عَلَيْهِ الْحَرُّ وَالْعَطَشُ أَوْ مَا شَاءَ اللَّهُ قَالَ أَرْجِعُ إِلَى مَكَانِي فَرَجَعَ فَنَامَ نَوْمَةً ثُمَّ رَفَعَ رَأْسَهُ فَإِذَا رَاحِلَتُهُ عِنْدَهُ ) رواه البخاري ( 6308 ) ، ومسلم ( التوبة / 3 ) .

"ഒരാൾ യാത്രാ മധ്യേ ഒരു സ്ഥലത്തിറങ്ങി, കൂടെ അദ്ദേഹത്തിന്റെ വാഹനമായ മൃഗവും കൂടെയുണ്ട്, ആ വാഹനപ്പുറത്താണ് അദ്ദേഹത്തിന്റെ ഭക്ഷണവും പാനീയവുമുള്ളത്. അങ്ങിനെ അദ്ദേഹം വിശ്രമിക്കുന്നതിനിടെ ഉറങ്ങിപ്പോയി, ഉറക്കുണർന്ന് നോക്കിയപ്പോൾ തന്റെ ഭക്ഷണവും പാനീയവുമുള്ള വാഹനത്തെ കാണാനില്ല. അദ്ദേഹത്തിന് ചൂട് സഹിക്കവയ്യാതെ ദാഹം അതികഠിനമായി, അയാൾ ഒരുപാട് തിരഞ്ഞ് നോക്കി, കണ്ടില്ല, അങ്ങിനെ അദ്ദേഹം തന്റെ പഴയ സ്ഥലത്തേക്ക് തന്നെ മടങ്ങുകയും ഉറങ്ങുകയും ചെയ്തു. അങ്ങിനെ ഉറക്കുണർന്ന് നോക്കിയപ്പോൾ തന്റെ വാഹനം അരികിൽ നിൽക്കുന്നു. അപ്പോൾ അദ്ദേഹത്തിന് എത്ര മാത്രം സന്തോഷമുണ്ടാകുമോ, അതിനേക്കാൾ സന്തോഷമാണ് അല്ലാഹുവിലേക്ക് ഒരു അടിമ ഖേദിച്ച് മടങ്ങിയാൽ അല്ലാഹുവിന് ഉണ്ടാകുന്ന സന്തോഷം" (ബുഖാരി, മുസ്ലിം).

191- എന്താണ് യഥാർത്ഥ പശ്ചാത്താപം?

ഉത്തരം: മൂന്ന് കാര്യങ്ങൾ ഉൾകൊണ്ട്കൊണ്ട് ചെയ്യുന്ന സത്യസന്ധമായ പശ്ചാത്താപമാണ് യഥാർത്ഥ പശ്ചാത്താപം. ആ മൂന്ന് കാര്യങ്ങൾ ചെയ്

ത് പോയ പാപങ്ങളിൽ നിന്ന് പിൻതിരിയുക, ചെയ്ത് പോയതിന് ഖേദിക്കുക, ഒരിക്കലും അതിലേക്ക് മടങ്ങുകയില്ലെന്ന് തീരുമാനിക്കുക എന്നിവയാണത്. ഒരു മുസ്ലിം മറ്റൊരാളോട് അക്രമം പ്രവർത്തിച്ചാൽ അവൻ അവനോട് ഇഹലോകത്ത് വെച്ച് തന്നെ മാപ്പ് ചോദിക്കേണ്ടതുണ്ട്, അങ്ങനെ ചെയ്യാത്ത പക്ഷം അല്ലാഹു അവനോട് പകരം ചോദിക്കുക തന്നെ ചെയ്യുന്നതാണ്. അതിൽ നിന്ന് അല്ലാഹു യാതൊന്നും തന്നെ വിട്ട്വീഴ്ച നൽകുകയില്ല. പ്രവാചകൻ(ﷺ) പറയുന്നു:

( مَنْ كَانَتْ عِنْدَهُ مَظْلِمَةٌ لأَخِيهِ فَلْيَتَحَلَّلْهُ مِنْهَا فَإِنَّهُ لَيْسَ ثَمَّ دِينَارٌ وَلاَ دِرْهَمٌ مِنْ قَبْلِ أَنْ يُؤْخَذَ لأَخِيهِ مِنْ حَسَنَاتِهِ فَإِنْ لَمْ يَكُنْ لَهُ حَسَنَاتٌ أُخِذَ مِنْ سَيِّئَاتِ أَخِيهِ فَطُرِحَتْ عَلَيْهِ ) (بخاري ومسلم)

“തന്റെ സഹോദരനെ ആരെങ്കിലും അക്രമിക്കുകയാണെങ്കിൽ ദീനാറുകളും, ദിർഹമുകളും ഉപകാരപ്പെടാത്ത, തന്റെ നന്മകൾ എടുത്ത് കൊണ്ട് തന്റെ സഹോദരന് നൽകുന്ന ദിവസം വരുന്നതിന് മുമ്പ് അവൻ അതിന് വേണ്ടി അവനോട് വിട്ട്വീഴ്ച നൽകുവാനായി ആവശ്യപ്പെടണം. അവന് നന്മകളില്ലെങ്കിൽ കൂട്ടുകാരന്റെ തിന്മകൾ അവന്റെ മേൽ വഹിപ്പിക്കപ്പെടുന്നതാണ്” (ബുഖാരി, മുസ്ലിം)

**192- ജനങ്ങളിലെ ഓരോ വ്യക്തികളുടെയും കാര്യത്തിൽ എപ്പോഴാണ് പശ്ചാത്താപം അവസാനിക്കുക?**

ഉത്തരം: അല്ലാഹു പറയുന്നു:

{ إِنَّمَا التَّوْبَةُ عَلَى اللَّهِ لِلَّذِينَ يَعْمَلُونَ السُّوءَ بِجَهَالَةٍ ثُمَّ يَتُوبُونَ مِنْ قَرِيبٍ فَأُولَٰئِكَ يَتُوبُ اللَّهُ عَلَيْهِمْ وَكَانَ اللَّهُ عَلِيمًا حَكِيمًا } (النساء:17)

‘പശ്ചാത്താപം സ്വീകരിക്കാൻ അല്ലാഹു ബാധ്യത ഏറ്റിട്ടുള്ളത് അറിവുകേട് നിമിത്തം തിൻമ ചെയ്യുകയും, എന്നിട്ട് താമസിയാതെ പശ്ചാത്തപിക്കുകയും ചെയ്യുന്നവർക്ക് മാത്രമാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.’ (നിസാഅ്: 17)



പ്രവാചകൻ(ﷺ)യുടെ സ്വഹാബികൾ ഏകോപിച്ച അഭിപ്രായമാണ് ആരെങ്കിലും അല്ലാഹുവിനെ അനുസരിക്കാതെ തെറ്റ് ചെയ്താൽ അത് അറിഞ്ഞാണെങ്കിലും, അല്ലെങ്കിലും ശരി അത് അജ്ഞതയാണ്. മരണത്തിന് മുമ്പ് അതിൽ നിന്നെല്ലാം പശ്ചാതാപിക്കേണ്ടതുണ്ട്. അതാണ് പ്രവാചകൻ (ﷺ) പറയുന്നത്:

(إِنَّ اللَّهَ يَقْبَلُ تَوْبَةَ الْعَبْدِ مَا لَمْ يُغَرْغِرْ) ( حسن ) رواه أحمد ( **2** / **132** ، **153** ) ، والترمذي ( **3537** ) ، وابن ماجه ( **4253** ) ، والحاكم ( **4** / **257** ) ، وابن حبان ( **2** / **628** ) بإسناد حسن ، قال الترمذي : هذا حديث حسن غريب وصححه الحاكم ، ووافقه الذهبي ، وحسنه الألباني .

“മരണം തൊണ്ടക്കുഴിയിൽ എത്തുന്നതിന് മുമ്പുള്ള ഒരു അടിമയുടെ പശ്ചാത്താപം തീർച്ചയായും അല്ലാഹു സ്വീകരിക്കുന്നതാണ്” (അഹമ്ദ്).

ഇത് പോലെ ഒരുപാട് ഹദീസുകൾ സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. എന്നാൽ മരണത്തിന്റെ മലക്ക് വന്ന്കൊണ്ട് ആത്മാവിനെ പിടിക്കുകയും മരണം തൊണ്ടക്കുഴിയിൽ എത്തുകയും ചെയ്താൽ പിന്നീട് ചെയ്യുന്ന പശ്ചാത്താപം സ്വീകരിക്കുകയില്ല. പിന്നെ ഒരു രക്ഷയുമില്ല. അല്ലാഹു പറയുന്നു: { وَلَاتَ حِينَ مَنَاصٍ } (ص: **3**)

‘എന്നാൽ അത് രക്ഷ പ്രാപിക്കാനുള്ള സമയമല്ല. ’ (സ്വാദ്:3).

{ وَلَيْسَتِ التَّوْبَةُ لِلَّذِينَ يَعْمَلُونَ السَّيِّئَاتِ حَتَّىٰ إِذَا حَضَرَ أَحَدَهُمُ الْمَوْتُ قَالَ إِنِّي تُبْتُ الْآنَ } (النساء:**18**)

‘പശ്ചാത്താപം എന്നത് തെറ്റുകൾ ചെയ്ത് കൊണ്ടിരിക്കുകയും, എന്നിട്ട് മരണം ആസന്നമാകുമ്പോൾ ഞാനിതാ പശ്ചാത്തപിച്ചിരിക്കുന്നു എന്ന് പറയുകയും ചെയ്യുന്നവർക്കുള്ളതല്ല’. (നിസാഅ്: 18)

**193- ഇഹലോകത്ത് നിന്ന് എപ്പോഴാണ് തൗബ മുറിഞ്ഞ്പോവുക?**

ഉത്തരം:

{ يَوْمَ يَأْتِي بَعْضُ آيَاتِ رَبِّكَ لاَ يَنْفَعُ نَفْسًا إِيمَانُهَا لَمْ تَكُنْ آمَنَتْ مِنْ قَبْلُ أَوْ كَسَبَتْ فِي إِيمَانِهَا خَيْرًا} (الأنعام:158)

'നിന്റെ രക്ഷിതാവിന്റെ ഏതെങ്കിലുമൊരു ദൃഷ്ടാന്തം വരുന്ന ദിവസം, മുമ്പ് തന്നെ വിശ്വസിക്കുകയോ, വിശ്വാസത്തോട് കൂടി വല്ല നൻമയും ചെയ്ത് വെക്കുകയോ ചെയ്തിട്ടില്ലാത്ത യാതൊരാൾക്കും തന്റെ വിശ്വാസം പ്രയോജനപ്പെടുന്നതല്ല' (അൻആം: 158).

**സ്വഹീഹുൽ ബുഖാരിയിൽ നമുക്ക് കാണാം: പ്രവാചകൻ(ﷺ) പറയുന്നു:**

( لاَ تَقُومُ السَّاعَةُ حَتَّى تَطْلُعَ الشَّمْسُ مِنْ مَغْرِبِهَا فَإِذَا طَلَعَتْ وَرَآهَا النَّاسُ آمَنُوا أَجْمَعُونَ وَذَلِكَ حِينَ لاَ يَنْفَعُ نَفْسًا إِيمَانُهَا ثُمَّ قَرَأَ الآيَةَ ) رواه البخاري ( 4636 ) ، ومسلم ( الإيمان / 248 ) .

**"അസ്തമയ സ്ഥാനത്ത് നിന്ന് സൂര്യൻ ഉദിക്കുന്നത് വരെ അന്ത്യനാൾ സംഭവിക്കുകയില്ല, അത് സംഭവിച്ചാൽ മുഴുവൻ ആളുകളും അല്ലാഹുവിൽ വിശ്വസിക്കുന്നതാണ്, എന്നാൽ ആ സമയത്തുള്ള വിശ്വാസം ഒരാൾക്കും ഉപകാരപ്പെടുകയില്ല. പിന്നെ താഴെ വരുന്ന ആയത്ത് പാരായണം ചെയ്യുകയുണ്ടായി" (ബുഖാരി, മുസ്ലിം).**

{ لاَ يَنْفَعُ نَفْسًا إِيمَانُهَا } (الأنعام:158)

'തന്റെ വിശ്വാസം പ്രയോജനപ്പെടുന്നതല്ല' (അൻആം: 158).

**ഇതേ ആശയത്തിലുള്ള അനേകം ഹദീസുകൾ ഒരുപാട് സ്വഹാബികളിൽ നിന്ന് വന്നിട്ടുണ്ട്. സ്വഫ്വാനുബ്നു അസാൽ(ﷺ) പറയുന്നു: ഞാൻ പ്രവാചകൻ(ﷺ) പറയുന്നതായി കേട്ടു:**

(أَنَّ اللهَ عَزَّ وَجَلَّ جَعَلَ بِالْمَغْرِبِ بَابًا عَرْضُهُ مَسِيرَةُ سَبْعِينَ عَامًا لِلتَّوْبَةِ لاَ يُغْلَقُ مَا لَمْ تَطْلُعِ الشَّمْسُ مِنْ قِبَلِهِ ) ( حسن ) رواه أحمد ( 4 / 240 ) ، والترمذي ( 3536 ) ، وابن ماجه ( 4070 ) قال الترمذي : هذا حديث حسن صحيح ، وقد



حسنه الألباني.

**"പടിഞ്ഞാറിൻെറ ഭാഗത്ത് അല്ലാഹു പശ്ചാത്താപത്തിന് വേണ്ടി ഒരു വാതിൽ തുറക്കുന്നതാണ്, അതിൻെറ വിസ്തീർണ്ണം 70 വർഷത്തെ വഴി ദൂരമാകുന്നു, അങ്ങിനെ പടിഞ്ഞാറിൽ നിന്നും സൂര്യൻ ഉദിക്കുന്നത് വരെ അത് അടക്കുകയില്ല" (അഹ്മദ്: ഹസനായ ഹദീസ്)**

**194- തൗഹീദിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരു വ്യക്തി വൻപാപത്തിൽ തന്നെ ഉറച്ച് നിന്നവനായികൊണ്ട് മരിക്കുകയാണെങ്കിൽ അവൻെറ വിധിയെന്താണ്?**

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَنَضَعُ الْمَوَازِينَ الْقِسْطَ لِيَوْمِ الْقِيَامَةِ فَلاَ تُظْلَمُ نَفْسٌ شَيْئًا وَإِنْ كَانَ مِثْقَالَ حَبَّةٍ مِنْ خَرْدَلٍ أَتَيْنَا بِهَا وَكَفَى بِنَا حَاسِبِينَ } (الأنبياء:47)

'ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നീതിപൂർണ്ണമായ തുലാസുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളോടും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല. അത് (കർമ്മം) ഒരു കടുക് മണിത്തൂക്കമുള്ളതാണെങ്കിലും നാമത് കൊണ്ട് വരുന്നതാണ്. കണക്ക് നോക്കുവാൻ നാം തന്നെ മതി' (അൻബിയാ: 47).

{وَالْوَزْنُ يَوْمَئِذٍ الْحَقُّ فَمَنْ ثَقُلَتْ مَوَازِينُهُ فَأُولَئِكَ هُمُ الْمُفْلِحُونَ * وَمَنْ خَفَّتْ مَوَازِينُهُ فَأُولَئِكَ الَّذِينَ خَسِرُوا أَنْفُسَهُمْ بِمَا كَانُوا بِآيَاتِنَا يَظْلِمُونَ}(الأعراف:8-9)

'അന്നത്തെ ദിവസം (കർമ്മങ്ങൾ) തൂക്കി കണക്കാക്കുന്നത് സത്യമായിരിക്കും. അപ്പോൾ ആരുടെ തുലാസുകൾ ഘനം തൂങ്ങിയോ അവരാണ് വിജയികൾ. ആരുടെ തുലാസുകൾ ഘനം കുറഞ്ഞുവോ അവരാണ് ആത്മനഷ്ടം നേരിട്ടവർ. നമ്മുടെ ദൃഷ്ടാന്തങ്ങളുടെ നേരെ അവർ അന്യായം കൈക്കൊണ്ടിരുന്നതിന്റെ ഫലമത്രെ അത്' (അഅ്റാഫ്:8 -9).

{ يَوْمَ تَجِدُ كُلُّ نَفْسٍ مَا عَمِلَتْ مِنْ خَيْرٍ مُحْضَرًا وَمَا عَمِلَتْ مِنْ سُوءٍ } (آل عمران:30)

'നൻമയായും തിൻമയായും താൻ പ്രവർത്തിച്ച ഓരോ കാര്യവും (തന്റെ മുമ്പിൽ) ഹാജരാക്കപ്പെട്ടതായി ഓരോ വ്യക്തിയും കണ്ടെത്തുന്ന ദിവസത്തെക്കുറിച്ച് (ഓർക്കുക) ' (ആലുഇംറാൻ: 30)

{يَوْمَ تَأْتِي كُلُّ نَفْسٍ تُجَادِلُ عَنْ نَفْسِهَا وَتُوَفَّى كُلُّ نَفْسٍ مَا عَمِلَتْ وَهُمْ لاَ يُظْلَمُونَ} (النحل:**111**)

'ഓരോ വ്യക്തിയും തന്റെ സ്വന്തം കാര്യത്തിനായി വാദിച്ച് കൊണ്ടുവരുന്ന, ഓരോ വ്യക്തിക്കും താൻ പ്രവർത്തിച്ചതെന്തോ അത് നിറവേറ്റി കൊടുക്കപ്പെടുന്ന, അവർ അനീതിക്ക് വിധേയരാകാത്ത ഒരു ദിവസത്തിൽ' (നഹ്ൽ : 111).

{وَاتَّقُوا يَوْمًا تُرْجَعُونَ فِيهِ إِلَى اللَّهِ ثُمَّ تُوَفَّى كُلُّ نَفْسٍ مَا كَسَبَتْ وَهُمْ لاَ يُظْلَمُونَ } (البقرة:**281**)

'നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്ന ഒരു ദിവസത്തെ സൂക്ഷിച്ചുകൊള്ളുക. എന്നിട്ട് ഓരോരുത്തർക്കും അവരവർ പ്രവർത്തിച്ചതിന്റെ ഫലം പൂർണ്ണമായി നൽകപ്പെടുന്നതാണ്. അവരോട് (ഒട്ടും) അനീതി കാണിക്കപ്പെടുകയില്ല' (അൽബഖറ: 281).

{ يَوْمَئِذٍ يَصْدُرُ النَّاسُ أَشْتَاتًا لِيُرَوْا أَعْمَالَهُمْ * فَمَنْ يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ * وَمَنْ يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُ }(الزلزلة:**6-8**)

'അന്നേ ദിവസം മനുഷ്യർ പല സംഘങ്ങളായി പുറപ്പെടുന്നതാണ്. അവർക്ക് അവരുടെ കർമ്മങ്ങൾ കാണിക്കപ്പെടേണ്ടതിനായിട്ട്. അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നൻമചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിൻമ ചെയ്തിരുന്നുവോ അവൻ അതും കാണും' (സൽസല : 6 –8)

**ധാരാളം ഇതുപോലുള്ള ആയത്തുകൾ നമുക്ക് കാണാനാവുന്നതാണ്.**

**പ്രവാചകൻ(ﷺ) പറയുന്നു:**

( مَنْ نُوقِشَ الْحِسَابَ عُذِّبَ قَالَتْ قُلْتُ: أَلَيْسَ يَقُولُ اللَّهُ تَعَالَى ( فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا ) قَالَ ذَلِكِ الْعَرْضُ ولكن مَنْ نُوقِشَ الْحِسَابَ عُذِّبَ ) (بخاري)



**"ആരെയെങ്കിലും അല്ലാഹു കൂടുതൽ ചോദ്യം ചെയ്യുകയാണെങ്കിൽ അവനെ അല്ലാഹു ശിക്ഷിക്കുന്നതാണ്. അപ്പോൾ ആയിശാ(ؓ) ചോദിക്കുകയുണ്ടായി, അല്ലാഹു ഇങ്ങനെ പറയുന്നുണ്ടല്ലോ? "വഴിയെ വളരെ എളുപ്പത്തിൽ വിചാരണ ചെയ്യുന്നതാണെന്ന്" അപ്പോൾ റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി: അതെ, പക്ഷേ അത് അവരെ കാണിച്ച് കൊടുക്കുവാൻ വേണ്ടിയാണ്, എന്നാൽ ആരെയാണോ അല്ലാഹു കൂടുതൽ ചോദ്യം ചെയ്യുന്നത് അവനെ ശിക്ഷിക്കുകയും ചെയ്യുന്നതാണ്" (ബുഖാരി)**

**പരലോകത്ത് ജനങ്ങളെ ഒരുമിച്ച്കൂട്ടൽ, വിചാരണ സ്ഥലത്ത് നിൽക്കുന്ന രംഗം, തുലാസ്, ഏടുകൾ വിതരണം നടത്തൽ, പ്രവർത്തനങ്ങൾ കാണിക്കൽ, വിചാരണ, പാലം, ശുപാർശ പോലെയുള്ള കാര്യങ്ങൾക്ക് നാം മുകളിൽ തെളിവുകൾ ഉദ്ധരിച്ചതിൽ നിന്നും ഇഹലോകത്ത് അല്ലാഹുവിനെ അനുസരിക്കുന്നതിൻെറയും, നന്മയിലേക്ക് മുൻകടക്കുക, മിതത്വം പാലിക്കുക, സ്വന്തത്തോട് അക്രമം പ്രവർത്തിക്കുക തുടങ്ങിയതിൻെറ അടിസ്ഥാനത്തിലും, അവർ ചെയ്ത പ്രവർത്തനങ്ങൾക്ക് അനുസരിച്ചും പരലോകത്ത് വ്യത്യസ്ഥ തട്ടുകളിലും, വിഭാഗത്തിലുമായിരിക്കും ജനങ്ങൾ. ഇത് മനസിലാക്കി കഴിഞ്ഞാൽ വിശുദ്ധഖുർആനും, തിരുസുന്നത്തും, അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്ത ഇസ്ലാമിൻെറ ഒന്നാം നൂറ്റാണ്ടിൽ ജീവിച്ച സലഫുസ്വാലിഹീങ്ങളായ സ്വഹാബാക്കളും, അതിന് ശേഷം താബിഉകളും, അവരെ നന്മയിൽ തുടർന്നവരും, തഫ്സീറിലും, ഹദീസിലും, സുന്നത്തിലും അവഗാഹം നേടിയ പണ്ഡിതന്മാരും നമുക്ക് പഠിപ്പിച്ച് തരുന്നത് തൗഹീദിൽ അടിയുറച്ച് വിശ്വസിക്കുന്നവരിൽ പെട്ട പാപികൾ പ്രധാനമായും മൂന്ന് തട്ടുകളിലാകുന്നു എന്നാണ്.**

**ഒന്ന്: തിന്മകളേക്കാൾ നന്മകൾ അധികമായ വിഭാഗം, അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്, അവരെ നരകം ഒരിക്കലും സ്പർശിക്കുകയില്ല.**

**രണ്ട്: നന്മകളും, തിന്മകളും തുല്യമായ വിഭാഗം, സ്വർഗത്തിൽ പ്രവേശിക്കുന്നതിനെ തൊട്ട് അവരുടെ തിന്മകൾ തടയുകയും, നരകത്തിൽ പ്രവേശിക്കുന്നതിനെ തൊട്ട് അവരുടെ നന്മകൾ തടയുകയും ചെയ്തവർ. ഈ വിഭാഗം ആളുകളെയാണ് അഅ്റാഫിൻെറ ആളുകൾ എന്ന് പറയുന്നത്. ഇവരെപ്പറ്റിയാണ് അല്ലാഹു പറയുന്നത് അവരെ അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് വരെ സ്വർഗത്തിൻെറയും, നരകത്തിൻെറയുമിടക്ക് നിറുത്തുകയും**

**സ്വർഗീയ വാസികളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും, നരകവാസികളെ നരകത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തതിന് ശേഷം ഇവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അവരെ അതിൽ വെച്ച് വിളിക്കുന്നതാണ്:**

(وَبَيْنَهُمَا حِجَابٌ وَعَلَى الأَعْرَافِ رِجَالٌ يَعْرِفُونَ كُلاًّ بِسِيمَاهُمْ وَنَادَوْا أَصْحَابَ الْجَنَّةِ أَنْ سَلاَمٌ عَلَيْكُمْ لَمْ يَدْخُلُوهَا وَهُمْ يَطْمَعُونَ * وَإِذَا صُرِفَتْ أَبْصَارُهُمْ تِلْقَاءَ أَصْحَابِ النَّارِ قَالُوا رَبَّنَا لاَ تَجْعَلْنَا مَعَ الْقَوْمِ الظَّالِمِينَ * وَنَادَى أَصْحَابُ الأَعْرَافِ رِجَالاً يَعْرِفُونَهُمْ بِسِيمَاهُمْ قَالُوا مَا أَغْنَى عَنْكُمْ جَمْعُكُمْ وَمَا كُنتُمْ تَسْتَكْبِرُونَ * أَهَؤُلاَءِ الَّذِينَ أَقْسَمْتُمْ لاَ يَنَالُهُمُ اللهُ بِرَحْمَةٍ ادْخُلُوا الْجَنَّةَ لاَ خَوْفٌ عَلَيْكُمْ وَلاَ أَنْتُمْ تَحْزَنُونَ) (الأعراف: **46-49**)

ആ രണ്ടു വിഭാഗത്തിനുമിടയിൽ ഒരു തടസ്സം ഉണ്ടായിരിക്കും. ഉന്നത സ്ഥലങ്ങളിൽ ചില ആളുകളുണ്ടായിരിക്കും. ഓരോ വിഭാഗത്തെയും അവരുടെ ലക്ഷണം മുഖേന അവർ തിരിച്ചറിയും. സ്വർഗാവകാശികളോട് അവർ വിളിച്ചുപറയും: നിങ്ങൾക്കു സമാധാനമുണ്ടായിരിക്കട്ടെ. അവർ (ഉയരത്തുള്ളവർ) അതിൽ (സ്വർഗത്തിൽ) പ്രവേശിച്ചിട്ടില്ല. അവർ (അത്) ആശിച്ചു കൊണ്ടിരിക്കുകയാണ്. അവരുടെ ദൃഷ്ടികൾ നരകാവകാശികളുടെ നേരെ തിരിക്കപ്പെട്ടാൽ അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ജനങ്ങളുടെ കൂട്ടത്തിലാക്കരുതേ. ഉയർന്ന സ്ഥലങ്ങളിലുള്ളവർ ലക്ഷണം മുഖേന അവർക്ക് തിരിച്ചറിയാവുന്ന ചില ആളുകളെ വിളിച്ചുകൊണ്ട് പറയും: നിങ്ങൾ ശേഖരിച്ചിരുന്നതും, നിങ്ങൾ അഹങ്കരിച്ചിരുന്നതും നിങ്ങൾക്കെന്തൊരു പ്രയോജനമാണ് ചെയ്തത്? ഇക്കൂട്ടരെപ്പറ്റിയാണോ അല്ലാഹു അവർക്കൊരു കാരുണ്യവും നൽകുകയില്ലെന്ന് നിങ്ങൾ സത്യം ചെയ്ത് പറഞ്ഞത്? (എന്നാൽ അവരോടാണല്ലോ) നിങ്ങൾ സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക, നിങ്ങൾ യാതൊന്നും ഭയപ്പെടേണ്ടതില്ല, നിങ്ങൾ ദുഃഖിക്കേണ്ടി വരികയുമില്ല. (എന്ന് പറയപ്പെട്ടിരിക്കുന്നത്!) (അഅ്റാഫ്:46 –49).

**മൂന്ന്:** **വൻപാപങ്ങളിലും, കുറ്റകൃത്യങ്ങളിലും, മ്ളേഛതകളിലും കഴിഞ്ഞ് കൂടുന്ന നിലയിൽ അല്ലാഹുവിനെ കണ്ട് മുട്ടുകയും, എന്നാൽ തൗഹീദിൻെറയും ഈമാനിൻെറയും അടിത്തറയുള്ള ആളുകൾ, അവരുടെ തിന്മക**



**ളാണ് നന്മകളേക്കാൾ മുൻകടന്നിരിക്കുന്നത്. ഇവർ ഇവരുടെ പാപങ്ങൾക്കനുസരിച്ച് നരകത്തിൽ പ്രവേശിക്കുന്നവരാണ്, അവരിൽ ഞെരിയാണിവരെയും, ചിലർ മുട്ടിൻ കാല്വരെയും, മറ്റു ചിലർ അര വരെയും, മറ്റു ചിലർക്ക് സുജൂദിൻെറ ഭാഗങ്ങൾ ഒഴിച്ച് മറ്റു ഭാഗങ്ങൾ മുഴുവനും നരകത്തിൽ പ്രവേശിക്കുകയും ചെയ്യുന്നവരാണ്. ഈ വിഭാഗമാളുകൾക്ക് വേണ്ടിയാണ് അല്ലാഹു നമ്മുടെ പ്രവാചകനായ മുഹമ്മദ് നബി(ﷺ)യോടും, അദ്ദേഹത്തിന് ശേഷം മറ്റു പ്രവാചകന്മാരോടും, ഔലിയാക്കളോടും, മലക്കുകളോടും, അല്ലാഹു ആദരിക്കുവാൻ ആഗ്രഹിക്കുന്നവരോടും ശുപാർശ ചെയ്യുവാൻ പറയുന്നു. അങ്ങിനെ അല്ലാഹു നരകത്തിൽ നിന്ന് ഒരു അതിർത്തി നിശ്ചയിക്കുകയും അവിടെയുള്ള മുഴുവനാളുകളെയും നരകത്തിൽ നിന്ന് പുറത്ത് കൊണ്ടു വരുകയും ചെയ്യുന്നതാണ്. പിന്നെയും ഒരു അതിര് നിശ്ചയിക്കുകയും അവിടെയുള്ളവരെ നരകത്തിൽ നിന്ന് പുറത്ത് കൊണ്ട് വരുകയും ചെയ്യുന്നതാണ്, ഇതുപോലെ പിന്നെയും ആവർത്തിക്കുന്നു, അങ്ങിനെ ഒരു ദീനാറിൻെറയത്രയും ഈമാനുള്ളവർ നരകത്തിൽ നിന്ന് പുറത്ത് വരുന്നു, തുടർന്ന് ഒരു ദീനാറിൻെറ പകുതിയോളം ഈമാനുള്ളവരും നരകത്തിൽ നിന്ന് പുറത്ത് വരുന്നതാണ്, അതിന് ശേഷം ഹൃദയത്തിൽ ഒരു ഗോതമ്പ് മണിയോളം നന്മയും ഈമാനുമുള്ളവർ നരകത്തിൽ നിന്ന് പുറത്ത് വരും, അങ്ങിനെ ഒരു കടുക് മണിയോ, അതിനേക്കാൾ കുറഞ്ഞ രൂപത്തിലെങ്കിലും ഹൃദയത്തിൽ നന്മയും ഈമാനുമുള്ളവർ നരകത്തിൽ നിന്ന് പുറത്ത് വരുന്നതാണ്, അവസാനം ശുപാർശ ചെയ്യുന്നവർ പറയും: ഞങ്ങളുടെ രക്ഷിതാവെ, ഈമാനോടും, തൗഹീദോടും കൂടി മരിച്ചവരിൽ ഒരു തരിമ്പെങ്കിലും ഈമാനുള്ളവർ മുഴുവനും നരകത്തിൽ നിന്ന് പുറത്ത് ]ന്നിട്ടുണ്ട്, ഇനി ആരും തന്നെ അവരുടെ കൂട്ടത്തിൽ അവശേഷിക്കുന്നില്ല. അങ്ങിനെ ആർക്കൊക്കെ കൂടുതൽ ഈമാനുണ്ടോ, കുറഞ്ഞ പാപങ്ങൾ ഉണ്ടോ അവർക്ക് കുറഞ്ഞ ശിക്ഷയായിരിക്കും ലഭിക്കുക, അവർ നരകത്തിൽ കുറഞ്ഞ സമയം അവശേഷിച്ച് പെട്ടെന്ന് പെട്ടെന്ന് അതിൽ നിന്ന് പുറത്ത് വരുകയും ചെയ്യുന്നതാണ്, ആർക്കാണോ പാപങ്ങൾ കൂടുതലും, ഈമാൻ കുറവുമുള്ളതെങ്കിൽ അവന് ഇതിൻെറ വിപരീതവുമായിരിക്കും ലഭിക്കുക. ഈ കാര്യത്തിൽ ഒരുപാട് ഹദീസുകൾ നമുക്ക് സ്വഹീഹായി വന്നതായി കാണാവുന്നതാണ്. ഇത് തന്നെയാണ് പ്രവാചകൻ(ﷺ) നമ്മോട്**

പറയുന്നത്:

« من قال : لا إله إلا الله نفعته يوما من الدهر يصيبه قبل ذلك ما أصابه »

(صحيح ) رواه البيهقي في شعب الإيمان ( 1 / 56 ) ، وأبو نعيم ( 5 / 46 ) ، وقد صححه الشيخ الألباني في الصحيحة ( 1932 ) فلينظر .

**"ആരെങ്കിലും لا إله إلا الله എന്ന് ഹൃദയമറിഞ്ഞ് കൊണ്ട് പറയുകയാണെങ്കിൽ ഏതെങ്കിലും കാലത്ത് അവനത് ഉപയോഗപ്പെടുന്നതാണ്, അവന് അതിന് മുമ്പ് അനുഭവിക്കേണ്ട കാര്യങ്ങൾ അനുഭവിച്ചിട്ടാണെങ്കിലും ശരി" (ബൈഹഖി). ഈ കാര്യത്തിൽ ഒരുപാട് വിഭാഗമാളുകൾ വഴിപിക്കുകയും, ഭിന്നിക്കുകയും ചെയ്തിട്ടുണ്ട്:**

{ فَهَدَى اللَّهُ الَّذِينَ آمَنُوا لِمَا اخْتَلَفُوا فِيهِ مِنَ الْحَقِّ بِإِذْنِهِ وَاللَّهُ يَهْدِي مَنْ يَشَاءُ إِلَى صِرَاطٍ مُسْتَقِيمٍ }(البقرة:213)

'എന്നാൽ ഏതൊരു സത്യത്തിൽ നിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ താൽപര്യപ്രകാരം സത്യവിശ്വാസികൾക്ക് വഴി കാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു'. (അൽബഖറ: 213)

**195- കുറ്റകൃത്യങ്ങൾ ചെയ്തവർക്ക് നൽകുന്ന ഈ ദുനിയാവിലെ ശിക്ഷകൾ അവർക്കുള്ള പ്രായ്ശ്ചിത്തമാണോ?**

**ഉത്തരം:**

( أَنَّ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: وَحَوْلَهُ عِصَابَةٌ مِنْ أَصْحَابِهِ، بَايِعُونِي عَلَى أَنْ لاَ تُشْرِكُوا بِاللَّهِ شَيْئًا وَلاَ تَسْرِقُوا وَلاَ تَزْنُوا وَلاَ تَقْتُلُوا أَوْلاَدَكُمْ وَلاَ تَأْتُوا بِبُهْتَانٍ تَفْتَرُونَهُ بَيْنَ أَيْدِيكُمْ وَأَرْجُلِكُمْ وَلاَ تَعْصُوا فِي مَعْرُوفٍ فَمَنْ وَفَى مِنْكُمْ فَأَجْرُهُ عَلَى اللَّهِ وَمَنْ أَصَابَ مِنْ ذَلِكَ شَيْئًا فَعُوقِبَ فِي الدُّنْيَا فَهُوَ كَفَّارَةٌ لَهُ وَمَنْ



أَصَابَ مِنْ ذَلِكَ شَيْئًا ثُمَّ سَتَرَهُ اللَّهُ فَهُوَ إِلَى اللَّهِ إِنْ شَاءَ عَفَا عَنْهُ وَإِنْ شَاءَ عَاقَبَهُ فَبَايَعْنَاهُ عَلَى ذَلِك) (رواه البخاري ( 4894 ، 6784 ) ، ومسلم (الحدود / 41 ) .

**പ്രവാചകൻ(ﷺ) ഒരുപാട് സ്വഹാബികളുടെ മുമ്പിൽ വെച്ച് പറയുകയുണ്ടായി: "നിങ്ങൾ അല്ലാഹുവിൽ ആരെയും പങ്ക് ചേർക്കുകയില്ലായെന്നും, കളവ് നടത്തുകയില്ലായെന്നും, വ്യഭിചരിക്കുകയില്ലായെന്നും, നിങ്ങളുടെ സന്താനങ്ങളെ വധിക്കുകയില്ലായെന്നും, നിങ്ങൾ അന്യോന്യം കളവുകൾ കെട്ടിച്ചമക്കുകയില്ലായെന്നും, ഒരു നന്മയേയും ധിക്കരിക്കുകയില്ലായെന്നും നിങ്ങൾ എനിക്ക് ബൈഅത്ത് ചെയ്യുക, നിങ്ങളിൽ നിന്ന് ആരെങ്കിലും അത് പാലിക്കുകയാണെങ്കിൽ അവൻെറ പ്രതിഫലം അല്ലാഹുവിലാകുന്നു, ആരെങ്കിലും ആ പാപങ്ങൾ ചെയ്യുകയാണെങ്കിൽ അവൻ ഈ ലോകത്ത് വെച്ച് ശിക്ഷിക്കപ്പെടുന്നതാണ്, അതവനുള്ള പ്രായ്ശ്ചിത്തവുമായിരിക്കും, ആരെങ്കിലും വല്ല പാപവും ചെയ്തിട്ട് അത് അല്ലാഹു മറച്ച് വെക്കുകയാണെങ്കിൽ അവനത് ഒരുപക്ഷേ അല്ലാഹു പൊറുത്ത് കൊടുക്കുകയോ, അല്ലെങ്കിൽ ശിക്ഷിക്കുകയോ ചെയ്തേക്കാം. ഞങ്ങൾ അങ്ങിനെ ബൈഅത്ത് ചെയ്യുകയും ചെയ്തു" (ബുഖാരി, മുസ്ലിം). അതായത് ശിർക്ക് ഒഴിച്ചുള്ള പാപങ്ങൾ.**

**196- "അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അവന് പൊറുത്ത് കൊടുക്കും, അല്ലെങ്കിൽ ശിക്ഷിക്കും" എന്ന ഹദീസും, നേരത്തെ വിശദീകരിച്ച നന്മകളേക്കാൾ തിന്മകൾ അധികരിച്ചവർ നരകത്തിൽ പോകും എന്ന് പറഞ്ഞതും എങ്ങിനെയാണ് യോജിപ്പിക്കുക?**

**ഉത്തരം: ഇവ രണ്ടും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുകയും ലളിതമായ വിചാരണ നൽകുകയും ചെയ്യുന്നതാണ്. അതാണ് പ്രവാചകൻ(ﷺ) പറയുന്നത്:**

(يَدْنُو أَحَدُكُمْ مِنْ رَبِّهِ حَتَّى يَضَعَ كَنَفَهُ عَلَيْهِ فَيَقُولُ: عَمِلْتَ كَذَا وَكَذَا فَيَقُولُ: نَعَمْ وَيَقُولُ عَمِلْتَ كَذَا وَكَذَا فَيَقُولُ: نَعَمْ فَيُقَرِّرُهُ ثُمَّ يَقُولُ إِنِّي سَتَرْتُ عَلَيْكَ فِي

الدُّنْيَا فَأَنَا أَغْفِرُهَا لَكَ الْيَوْمَ) (بخاري ومسلم)

“നിങ്ങളിൽ പെട്ടവർ തൻെറ രക്ഷിതാവിലേക്ക് അടുക്കുന്നു, അല്ലാഹുവിലേക്ക് അവൻെറ പാർശ്വം അടുത്ത് വരുന്നത് വരെ, എന്നിട്ട് പറയും: നീ ഇന്ന ഇന്ന പ്രവർത്തനങ്ങൾ പ്രവർത്തിച്ചുവോ, അവൻ മറുപടി പറയും: അതെ, വീണ്ടും ചോദിക്കും: നീ ഇന്ന ഇന്ന പ്രവർത്തനങ്ങൾ പ്രവർത്തിച്ചുവോ, അവൻ മറുപടി പറയും: അതെ, അങ്ങിനെ അവൻ ചെയ്ത പ്രവർത്തനങ്ങൾ സ്ഥിരീകരിക്കുകയും ചെയ്തതിന് ശേഷം പറയും: ഇന്നയിന്ന കാര്യങ്ങൾ ദുൻയാവിൽ വെച്ച് ഞാൻ നിനക്ക് വേണ്ടി മറച്ചിരുന്നു, ഇന്നേ ദിവസം ഞാനത് നിനക്ക് പൊറുത്ത് തരുകയും ചെയ്യുന്നു” (ബുഖാരി, മുസ്‌ലിം). എന്നാൽ നരകത്തിൽ പ്രവേശിക്കുന്നവർ അല്ലാഹു വിചാരണ സമയത്ത് കൂടുതൽ ചോദ്യം ചെയ്യുന്നവരാണ്. പ്രവാചകൻ(ﷺ) അതിനെ സംബന്ധിച്ചാണ് പറയുന്നത്:

(ولكن مَنْ نُوقِشَ الْحِسَابَ عُذِّبَ ) (بخاري)

“ആരെയാണോ അല്ലാഹു കൂടുതൽ ചോദ്യം ചെയ്യുന്നത് അവനെ ശിക്ഷിക്കുകയും ചെയ്യുന്നതാണ്” (ബുഖാരി)

**197- അല്ലാഹു നമ്മോട് പിൻപറ്റുവാൻ കൽപിച്ചിട്ടുള്ള ശൊവ്വായ മാർഗം ഏതാണ്?**

ഉത്തരം: പ്രവാചകന്മാരോടൊപ്പവും, വേദഗ്രന്ഥത്തോടൊപ്പവും അവതരിപ്പിച്ചിട്ടുള്ള ഇസ്‌ലാം മതമാണ് ആ മാർഗം. ഈ മാർഗത്തിൽ പ്രവേശിപ്പിച്ചവരിൽ നിന്നല്ലാതെ അല്ലാഹു യാതൊന്നും സ്വീകരിക്കുകയില്ല, രക്ഷപ്പെടുകയുമില്ല. ആരെങ്കിലും ഇതല്ലാത്ത മാർഗത്തിൽ പ്രവേശിക്കുകയാണെങ്കിൽ അവന് വ്യത്യസ്ഥ മാർഗങ്ങളിലൂടെയും, വഴികളിലൂടെയും, ഭിന്നതകളിലൂടെയുമാണ് കടന്ന് പോകേണ്ടി വരിക. അല്ലാഹു പറയുന്നു:

{وَأَنَّ هَذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ وَلاَ تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَنْ سَبِيلِهِ}

(الأنعام: **153**)

‘ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും’ (അൻആം: 153).



ഒരിക്കൽ പ്രവാചകൻ(ﷺ) മണലിൽ ഒരു വര വരച്ച് കൊണ്ട് പറയുകയുണ്ടായി:

(هَذَا سَبِيلُ اللهِ مُسْتَقِيمًا قَالَ: ثُمَّ خَطَّ عَنْ يَمِينِهِ وَشِمَالِهِ ثُمَّ قَالَ: هَذِهِ السُّبُلُ وَلَيْسَ مِنْهَا سَبِيلٌ إِلاَّ عَلَيْهِ شَيْطَانٌ يَدْعُو إِلَيْهِ، ثُمَّ قَرَأَ ( وَأَنَّ هَذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ وَلاَ تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَنْ سَبِيلِهِ) (الأنعام: **153**)

“ഇതാണ് നേരായ അല്ലാഹുവിൻെറ മാർഗം, പിന്നെ ആ വരയുടെ ഇടത്തും വലത്തും കുറെ വരകൾ വരച്ച് കൊണ്ട് പറയുകയുണ്ടായി: ഇതാണ് വ്യത്യസ്ഥ വഴികൾ, പിശാചുക്കൾ പതിയിരിക്കുന്ന പാതകളല്ലാത്ത ഒരു വഴികളും ഇതിലില്ല, അതായത് എല്ലാ വഴികളിലും പിശാച് പതിയിരിക്കുകയും അവനിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നുണ്ട്. പിന്നീട് താഴെ വരു ന്ന ആയത്ത് പാരായണം ചെയ്യുകയുണ്ടായി:

‘ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും’ (അൻആം: 153).

പ്രവാചകൻ(ﷺ) പറയുന്നു:

(ضَرَبَ اللهُ مَثَلاً صِرَاطًا مُسْتَقِيمًا وَعَلَى جَنْبَتَيِ الصِّرَاطِ سُورَانِ فِيهِمَا أَبْوَابٌ مُفَتَّحَةٌ وَعَلَى الأَبْوَابِ سُتُورٌ مُرْخَاةٌ وَعَلَى بَابِ الصِّرَاطِ دَاعٍ يَقُولُ أَيُّهَا النَّاسُ ادْخُلُوا الصِّرَاطَ جَمِيعًا وَلاَ تَتَفَرَّجُوا وَدَاعٍ يَدْعُو مِنْ جَوْفِ الصِّرَاطِ فَإِذَا أَرَادَ يَفْتَحُ شَيْئًا مِنْ تِلْكَ الأَبْوَابِ قَالَ وَيْحَكَ لاَ تَفْتَحْهُ فَإِنَّكَ إِنْ تَفْتَحْهُ تَلِجْهُ وَالصِّرَاطُ الْإِسْلاَمُ وَالسُّورَانِ حُدُودُ اللهِ تَعَالَى وَالأَبْوَابُ الْمُفَتَّحَةُ مَحَارِمُ اللهِ تَعَالَى وَذَلِكَ الدَّاعِي عَلَى رَأْسِ الصِّرَاطِ كِتَابُ اللهِ عَزَّ وَجَلَّ وَالدَّاعِي فَوْقَ الصِّرَاطِ وَاعِظُ اللهِ فِي قَلْبِ كُلِّ مُسْلِمٍ )

( حسن ) رواه أحمد ( 1 / 435 ، 465 ) ، والحاكم ( 2 / 318 ) ، وابن حبان ( 1741 ، 1742 ) ، والبغوي في شرح السنة ( 1 / 196 ، 197 ) ، وابن أبي عاصم ( 17 ) وقال الحاكم : صحيح الإسناد ووافقه الذهبي ، وقد حسنه الشيخ الألباني ، وإسناده حسن عند ابن حبان .

**"അല്ലാഹു നേരായ വഴിയെ സംബന്ധിച്ച് ഉദാഹരിക്കുകയാണ്: ആ വഴിയുടെ പാർശ്വങ്ങളിലായി രണ്ട് മതിലുകളുണ്ട്, ആ രണ്ട് മതിലുകളിലും തുറക്കപ്പെട്ട വാതിലുകളുണ്ട്, ആ വാതിലുകളിൽ തൂക്കിയിട്ടിരിക്കുന്ന വിരികളുമുണ്ട്, ആ വഴിയുടെ വാതിലിൽ ഒരാൾ ഇങ്ങനെ വിളിച്ച് പറയുന്നു: അല്ലയോ, ജനങ്ങളെ നിങ്ങളെല്ലാവരും സ്വിറാതുൽ മുസ്തഖീമിൽ പ്രവേശിക്കുക, നിങ്ങൾ ഭിന്നിക്കരുത്, ആ വഴിയുടെ മുകളിൽ നിന്ന് ഇങ്ങനെ മറ്റൊരാളും വിളിച്ച് പറയുന്നു, ആരെങ്കിലും ആ വാതിലുകളിൽ നിന്ന് ഏതെങ്കിലുമൊന്ന് തുറക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ പറയപ്പെടും: നിനക്ക് നാശം, നീ അത് തുറക്കരുത്, അത് തുറക്കുകയാണെങ്കിൽ നീ അതിൽ പ്രവേശിക്കുന്നതാണ്, ഇസ്ലാമിൻെറ വഴിയും, ആ രണ്ട് ചുമരുകളും അല്ലാഹു നിശ്ചയിച്ച അതിരുകളാണ്, തുറക്കപ്പെട്ടിരിക്കുന്ന വാതിലുകൾ അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളാകുന്നു, ആ വഴിയിൽ നിന്ന് വിളിച്ച് പറയുന്ന വ്യക്തി അല്ലാഹുവിൻെറ ഗ്രന്ഥമാണ്, ആ വഴിയുടെ മുകളിൽ നിന്ന് വിളിച്ച് പറയുന്നവൻ ഓരോ മുസ്ലിമിൻെറയും ഹൃദയത്തിലേക്ക് അല്ലാഹുവിൻെറ നിയമങ്ങൾ എത്തിച്ച് കൊടുക്കുന്ന ഉപദേശകനാകുന്നു" (അഹ്മദ്. ഹസനായി ഉദ്ദരിച്ച ഹദീസ്).**

**198- സ്വിറാത്തുൽ മുസ്തഖീം കരസ്ഥമാകുന്നത് എങ്ങിനെയാണ്, അതുപോലെ അതിൽ നിന്ന് വഴി തെറ്റുന്നതിൽ നിന്നും സുരക്ഷ ലഭിക്കുന്നതും എങ്ങിനെയാണ്?**

**ഉത്തരം: വിശുദ്ധഖുർആനും തിരുസുന്നത്തും മുറുകെ പിടിക്കുകയും, അത് സഞ്ചരിക്കുന്ന പാതയിലൂടെ സഞ്ചരിക്കുകയും, അവ നിർണ്ണയിക്കുന്ന വിധി വിലക്കുകൾക്കുള്ളിൽ നിൽക്കുകയും ചെയ്താലല്ലാതെ സ്വിറാത്തുൽ മുസ്തഖീം കരസ്ഥമാവുകയില്ല. അങ്ങിനെ ആരെങ്കിലും ചെയ്താൽ അവന് യഥാർത്ഥ തൗഹീദും, യഥാർത്ഥ രൂപത്തിൽ പ്രവാചകനെ പിൻപറ്റുവാനും സാധിക്കും.**

{ وَمَنْ يُطِعِ اللهَ وَالرَّسُولَ فَأُولَئِكَ مَعَ الَّذِينَ أَنْعَمَ اللهُ عَلَيْهِمْ مِنَ النَّبِيِّينَ وَالصِّدِّيقِينَ وَالشُّهَدَاءِ وَالصَّالِحِينَ وَحَسُنَ أُولَئِكَ رَفِيقًا }(النساء:69)

'ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്ത സാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!' (നിസാഅ്:69)

{ اهْدِنَا الصِّرَاطَ الْمُسْتَقِيمَ * صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَاالضَّالِّينَ } (الفاتحة:6-7)

'ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയ വരുടെ മാർഗത്തിലുമല്ല' (ഫാതിഹഃ: 6-7).

**ഒരു അടിമക്ക് ലഭിക്കുന്ന ഏറ്റവും മഹത്തായ അനുഗ്രഹമാണ് സ്വിറാത്തുൽ മുസ്തഖീമിലേക്ക് പ്രവേശിക്കുവാനുള്ള ഹിദായത്ത് ലഭിക്കുക എന്നതും, വഴി പിഴച്ച മാർഗത്തിൽ നിന്ന് രക്ഷ ലഭിക്കുകയെന്നതും. പ്രവാചകൻ(ﷺ) ആ മാർഗത്തിലാണ് തൻെറ സമൂഹത്തെ വിട്ടേച്ചത്. അത് തിരുമേനി(ﷺ) പറയുന്നു:**

(قَدْ تَرَكْتُكُمْ عَلَى الْبَيْضَاءِ لَيْلُهَا كَنَهَارِهَا لاَ يَزِيغُ عَنْهَا بَعْدِي إِلَّا هَالِكٌ ...)

(صحيح ) رواه أحمد ( 4 / 126 ) ، وابن ماجه ( 43 ) ، والحاكم ( 1 / 96 ) ، وابن أبي عاصم ( 48 ، 49 ) وقد صححه الألباني .

**"നിങ്ങളെ ഞാൻ വിട്ടേച്ച് പോകുന്നത് നല്ല വെളുത്ത പാതയിലാകുന്നു,**

അതിൻെറ രാവും പകൽ പോലെ വ്യക്തമാണ്, നശിക്കുന്നവനല്ലാതെ എനിക്ക് ശേഷം ആരും അതിൽ നിന്ന് വഴിപിഴച്ച് പോവുകയില്ല" (അഹ്മദ്, ഇബ്നുമാജ).

**199- സുന്നത്തിൻെറ വിപരീതം എന്താണ്?**

ഉത്തരം: സുന്നത്തിൻെറ വിപരീതം പുതുതായി ഉണ്ടാക്കുന്ന കാര്യങ്ങളാണ്. ബിദ്അത്ത് എന്ന് അതിന് സാങ്കേതികമായി പറയും. അത് അല്ലാഹുവിൻെറ അനുമതി കൂടാതെ അവൻെറ മതത്തിൽ പുതിയ നിയമങ്ങളുണ്ടാക്കലാണ്. അതിനെ താക്കീത് ചെയ്യുകയാണ് പ്രവാചകൻ(ﷺ) താഴെ വരുന്ന ഹദീസിലൂടെ:

(مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ) رواه البخاري ( **2697** ) ومسلم (الأقضية / **17** ) .

"ആരെങ്കിലും നമ്മുടെ കാര്യത്തിൽ ഇല്ലാത്തത് പുതുതായി ഉണ്ടാക്കുകയാണെങ്കിൽ അത് തള്ളപ്പെടേണ്ടതാണ്" (ബുഖാരി, മുസ്ലിം).

(عَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الْمَهْدِيِّينَ الرَّاشِدِينَ تَمَسَّكُوا بِهَا وَعَضُّوا عَلَيْهَا بِالنَّوَاجِذِ وَإِيَّاكُمْ وَمُحْدَثَاتِ الأُمُورِ فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ ضَلاَلَةٌ)

(صحيح ) رواه أحمد ( **4** / **126** ، **127** ) ، والترمذي ( **2676** ) وقال : هذا حديث حسن صحيح . وأبو داود ( **4607** ) ، وابن ماجه ( **42** ) ، والحاكم ( **1** / **95** ، **96** ، **97** ) ، وابن أبي عاصم ( **31** ، **54** ) وقال البزار : حديث ثابت صحيح ، وقال ابن عبد البر : حديث ثابت ، وقال الحاكم : صحيح ليس له علة . ووافقه الذهبي وصححه الضياء المقدسي ، وقد صححه الألباني في صحيح ابن ماجه .

"നിങ്ങൾ എൻെറയും, സന്മാർഗികളായ ഖുലാഫാഉർറാശിദീങ്ങളുടെ ചര്യയും മുറുകെ പിടിക്കുക. അണപ്പല്ലുകൾ കൊണ്ടത് കടിച്ചു പിടിക്കുക. പു



തുതായി ഉണ്ടാക്കുന്ന കാര്യങ്ങളെ തൊട്ട് നിങ്ങൾ കരുതിയിരിക്കുക, കാരണം എല്ലാ പുതുതായുണ്ടായ കാര്യവും ബിദ്അത്തുകളാണ്, എല്ലാ ബിദ്അത്തുകളും വഴികേടാകുന്നു" (അഹ്മദ്, തിർമിദി. സ്വഹീഹായ ഹദീസ്). വഴികേടിലകപ്പെട്ട് വഴി പിരിയുമെന്ന് പ്രവാചകൻ പറയുകയുണ്ടായി:

(وَإِنَّ أُمَّتِي سَتَفْتَرِقُ عَلَى ثِنْتَيْنِ وَسَبْعِينَ فِرْقَةً كُلُّهَا فِي النَّارِ إِلاَّ وَاحِدَةً ) ( إسناده حسن وهو صحيح لغيره ) رواه الترمذي ( **2641** ) ، والحاكم ( **1** / **128** ، **129** ) من حديث عبد الله بن عمرو ، قال الإمام الترمذي : هذا حديث مفسر غريب لا نعرفه مثل هذا إلا من هذا الوجه . وقد حسنه الألباني ورواه أبو داود ( **4596** ) ، والترمذي ( **2640** ) ، وابن ماجه ( **3991** ) من حديث أبي هريرة حتى قوله ( فرقة ) وقال الترمذي : حديث أبي هريرة حديث حسن صحيح ، وسكت عنه أبو داود ، وقال الألباني : حسن صحيح .

"തീർച്ചയായും എൻെറ സമുദായം എഴുപത്തിരണ്ട് വിഭാഗമായി ഭിന്നിക്കുന്നതാണ്, ആ എല്ലാ വിഭാഗവും നരകത്തിലാണ്, ഒരു വിഭാഗം ഒഴിച്ച്" (തിർമിദി, ഹസനായ ഹദീസ്). ആ ഒരു വിഭാഗത്തെ പ്രവാചകൻ(ﷺ) പ്രത്യേകമാക്കി പറയുന്നു:

(هم من كان على مثل مَا أَنَا عَلَيْهِ وَأَصْحَابِي)

"അവർ ഞാനും എൻെറ സ്വഹാബാക്കാളും ഏതൊന്നിലായിരുന്നുവോ, അതിൽ തന്നെ നിലനിൽക്കുന്നവരാകുന്നു". ബിദ്അത്തുകൾ ചെയ്യുന്നവരിൽ നിന്ന് അല്ലാഹു പ്രവാചകൻെറ നിരപരാധിത്വം ബോധിപ്പിക്കുന്നത് ഖുർആൻ പറയുന്നത് കാണുക:

{إِنَّ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا لَسْتَ مِنْهُمْ فِي شَيْءٍ إِنَّمَا أَمْرُهُمْ إِلَى اللَّهِ} (الأنعام: **159**)

'തങ്ങളുടെ മതത്തിൽ ഭിന്നതയുണ്ടാക്കുകയും, കക്ഷികളായിത്തീരുക

യും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിങ്കലേക്ക് തന്നെയാണ് (മടക്കപ്പെടുന്നത്.)' (അൻആം: 159)

**200- ബിദ്അത്തുകൾ എത്ര ഇനങ്ങളായി തരം തിരിക്കുന്നുണ്ട്?**

**ഉത്തരം: രണ്ട് തരമായി തിരിക്കുന്നു. ഒന്ന്: കുഫ്റിലേക്ക് എത്തിച്ചേരുന്ന ബിദ്അത്തുകൾ, രണ്ട്: അതിന് താഴെയുള്ള ബിദ്അത്തുകൾ.**

**201- എന്താണ് കുഫ്റിലേക്ക് എത്തിപ്പെടുന്ന ബിദ്അത്തുകൾ?**

**ഉത്തരം: അത് ധാരാളമുണ്ട്. അതിൻെറ അടിസ്ഥാനം മതത്തിൽ എല്ലാവരും നിർബ്ബന്ധമായും അറിഞ്ഞിരിക്കേണ്ടതും, നിയമമാക്കിയിട്ടുള്ളതും, എല്ലാവരും യോജിച്ചതുമായ ഒരു കാര്യത്തെ ആരെങ്കിലും നിഷേധിക്കൽ മതത്തിൽ നിന്ന് പുറത്ത് പോകുന്ന ബിദ്അത്താകുന്നു, കാരണം അത് വിശുദ്ധഖുർആനിനെയും, അല്ലാഹു നിയോഗിച്ച പ്രവാചകനെയും കളവാക്കലാണ്. അതിൽപെട്ടതാണ് 'ജഅ്മി'യാക്കൾ ഉണ്ടാക്കിയ ബിദ്അത്ത്. അവർ അല്ലാഹുവിൻെറ വിശേഷണങ്ങളെ നിഷേധിക്കുകയും, ഖുർആൻ സൃഷ്ടിയാണെന്ന് പറയുന്നു, അല്ലെങ്കിൽ അല്ലാഹുവിൻെറ വിശേഷണങ്ങളിൽ ഏതെങ്കിലും ഒരു വിശേഷണം സൃഷ്ടിയാണെന്ന് പറയുക, അതുപോലെ അല്ലാഹു ഇബ്രാഹിം നബി(ﷺ)യെ കൂട്ടുകാരനായി തിരഞ്ഞെടുത്തതിനെയും, മൂസാനബി(ﷺ)യോട് അല്ലാഹു സംസാരിച്ചതിനെയും നിഷേധിക്കുക പോലെയുള്ളത്. അതുപോലെ 'ഖദ്രിയാ'ക്കൾ ഉണ്ടാക്കിയ ബിദ്അത്തുകൾ, അവർ അല്ലാഹുവിൻെറ അറിവിനെയും, 'ഖളാഇ'നെയും, 'ഖദ്റി' നെയും നിഷേധിക്കുന്നു. അതുപോലെ അല്ലാഹുവിൻെറ സൃഷ്ടികളോട് അല്ലാഹുവിനെ ഉപമിക്കുന്ന 'മുജസ്സിമീ'ങ്ങൾ ഉണ്ടാക്കിയ ബിദ്അത്ത് പോലെയുള്ള താന്തോന്നിത്തരങ്ങൾ ഇസ്ലാമിൽ കടത്തികൂട്ടുക. ഇങ്ങനെയുള്ള വാദങ്ങൾ കൊണ്ട് യഥാർത്ഥത്തിൽ അവർ ഉദ്ദേശിക്കുന്നത് മത നിയമങ്ങൾ തകർക്കലും, മതവിശ്വാസികളെ ആശയ കുഴപ്പത്തിലാക്കുകയുമാണ്.**



**ഇങ്ങനെ ചെയ്യുന്നവർ വ്യക്തമായ കുഫ്റാണ് ചെയ്യുന്നത്, മതത്തിനത് അന്യവുമാണ്. ഇവർക്ക് തെളിവ് എത്തിച്ചതിന് ശേഷവും അതിൽ തന്നെ ഉറച്ച് നിൽക്കുകയാണെങ്കിൽ അവരെ അവിശ്വാസികളായി വിധിക്കണം.**

**202- കുഫ്റിലേക്ക് എത്തിക്കാത്ത ബിദ്അത്തുകൾ ഏതെല്ലാമാണ്?**

**ഉത്തരം: മുകളിൽ നാം വിശദീകരിച്ച രൂപത്തിൽ അവിശ്വാസത്തിലേക്ക് എത്തിപ്പെടാത്തതും, ഖുർആനിനെയോ, പ്രവാചകന്മാരുടെ ചര്യകളേയോ കളവാക്കലിൽ അകപ്പെടാത്തതുമായ ബിദ്അത്തുകളാണ് ഇത്കൊണ്ട് ഉദ്ദേശിക്കുന്നത്. അതിന് ഉദാഹരണമായി 'മർവാനി'യാക്കൾ ഉണ്ടാക്കിയ ബിദ്അത്തുകൾ. അവർ സ്വഹാബാക്കൾക്കിടയിലുള്ള ശ്രേഷ്ടതയിലുള്ള പദവികളെ നിഷേധിക്കുന്നു. എന്നാൽ അവർ സ്വഹാബാക്കളെ കളവാക്കുകയോ, അവർക്ക് നൽകിയിട്ടുള്ള 'ബൈഅത്തി'നെ അവർ നിഷേധിക്കുകയോ ചെയ്യുന്നില്ല. അതുപോലെ ചില നമസ്കാരങ്ങളെ അതിൻെറ അവസാന സമയത്തേക്ക് പിന്തിപ്പിക്കുകയും, പെരുന്നാൾ നമസ്കാരത്തിന് മുമ്പ് ഖുതുബ നിർവ്വഹിക്കുക പോലെയുള്ള കാര്യങ്ങൾ പോലെയുള്ള ബിദ്അത്തുകൾ. ഇങ്ങനെ അവർ ചെയ്യുന്നത് വ്യത്യസ്ത രൂപത്തിൽ വ്യാഖ്യാനിക്കുവാനോ, ദേഹേഛകൾക്കോ, ഇഹപരമായ നേട്ടങ്ങൾ നേടിയെടുക്കുവാനോ വേണ്ടിയാണ്.**

**203- ഇതിൽ സംഭവിക്കുന്ന ബിദ്അത്തുകൾ എത്ര ഇനങ്ങളാണ്?**

**ഉത്തരം: ആരാധനയിൽ ഉണ്ടാകുന്ന ബിദ്അത്തുകൾ, പെരുമാറ്റങ്ങളിലും മറ്റുമുണ്ടാകുന്ന ബിദ്അത്തുകൾ എന്നിങ്ങനെ രണ്ടായി തരം തിരിക്കുന്നു.**

**204- ആരാധനയിലുള്ള ബിദ്അത്തുകൾ എത്ര ഇനങ്ങളായി തരം തിരിക്കുന്നു?**

**ഉത്തരം: ഒന്ന്: ഒരിക്കലും അല്ലാഹു അനുവാദം നൽകാത്ത രൂപത്തിൽ ആരാധന നടത്തുക. അജ്ഞരായ സൂഫിയാക്കൾ വിനോദ ഉപകരണങ്ങൾ, നൃത്തം, കയ്യടി, പാട്ട്പാടുക, സംഗീതോപകരണങ്ങൾ പോലെയുള്ളവയും മറ്റും ഉപയോഗിച്ച് കൊണ്ടുള്ള അവരുടെ ആരാധന. ഇത് അല്ലാഹു പറ**

ഞ്ഞ ആയത്തിനെയാണ് ഇങ്ങനെ അവർ ചെയ്ത്കൊണ്ട് പാഴാക്കി കളയുന്നത്:

{ وَمَا كَانَ صَلاَتُهُمْ عِنْدَ الْبَيْتِ إِلاَّ مُكَاءً وَتَصْدِيَةً } (الأنفال:**35**) .

'ആ ഭവനത്തിന്റെ (കഅ്ബയുടെ) അടുക്കൽ അവർ നടത്തുന്ന പ്രാർത്ഥന ചൂളംവിളിയും കൈകൊട്ടലുമല്ലാതെ മറ്റൊന്നുമായിരുന്നില്ല' (അൻഫാൽ : 35).

**രണ്ട്: അടിസ്ഥാനത്തിൽ ഇസ്ലാം നിയമമാക്കിയ കാര്യങ്ങൾ അതിൻെറ യഥാർത്ഥ സ്ഥാനത്തല്ലാതെ നിർവ്വഹിക്കുക. ഉദാഹരണമായി: തല മറക്കാതിരിക്കൽ ഇഹ്റാമിൽ നിർബ്ബന്ധമാണ്, എന്നാൽ നോമ്പ് പോലെയുള്ള മറ്റു ആരാധനകൾ ചെയ്യുമ്പോൾ ആരാധനയാണ് എന്ന നിലക്ക് തല മറക്കാതിരിക്കുക, ഇങ്ങനെ ചെയ്യൽ നിഷിദ്ധമാണ്. അതുപോലെ തന്നെ നമസ്കരിക്കുവാൻ പാടില്ലാത്ത സമയത്ത് സുന്നത്ത് നമസ്കാരം നിർവ്വഹിക്കുക, പെരുന്നാൾ ദിവസവും, റമളാനാണോ, പെരുന്നാളാണോ എന്ന് സംശയമുള്ള ദിവസവും നോമ്പനുഷ്ടിക്കുക പോലെയുള്ള കാര്യങ്ങളെ പോലെ ഇസ്ലാം പഠിപ്പിക്കുന്ന കാര്യങ്ങൾ അതിൻെറ യഥാർത്ഥ സ്ഥാനത്തല്ലാതെ നിർവ്വഹിക്കുക.**

**205- ആരാധനയിൽ ബിദ്അത്തുകൾ എത്ര അവസ്ഥകളിൽ സംഭവിക്കും?**

**ഉത്തരം: രണ്ട് അവസ്ഥകളിൽ സംഭവിക്കും:**

**ഒന്ന്: ആ ആരാധന മുഴുവനും ദുർബ്ബലമാക്കുന്നത്. ഉദാഹരണമായി: മനപൂർവ്വം സുബഹി നമസ്കാരത്തിൽ മൂന്നാമത്തെ റകഅത്ത് വർദ്ധിപ്പിക്കുക, മഗ്രിബ് നമസ്കാരത്തിൽ നാലാമത്തെ റക്അത്ത് വർദ്ധിപ്പിക്കുകയോ, നാല് റക്അത്തുള്ള നമസ്കാരങ്ങൾ അഞ്ച് റക്അത്തോ ആയി നമസ്കരിക്കുകയോ ചെയ്താൽ ആ നമസ്കാരം തന്നെ ബാത്വിലാകുന്നതാണ്. അതുപോലെ തന്നെയാണ് മനഃപൂർവ്വം നമസ്കാരത്തിൽ കുറവ് വരുത്തലും.**

**രണ്ട്: ബിദ്അത്തായി ചെയ്ത കാര്യം നിരർത്ഥകമാവും, എന്നാൽ അടിസ്ഥാന പരമായി ചെയ്ത കാര്യം അവശേഷിക്കുകയും ചെയ്യും. ഉദാഹരണമായി: വുദു ചെയ്യുമ്പോൾ മൂന്നിൽ കൂടുതൽ പ്രാവശ്യം കഴുകൽ. മൂന്നിൽ**



**കൂടുതൽ പ്രാവശ്യം കഴുകിയാൽ ആ വുദു ബാത്വിലാണെന്ന് പ്രവാചകൻ《ﷺ》 പറഞ്ഞില്ല, മറിച്ച് പറഞ്ഞത് അതിനേക്കാൾ വർദ്ധിപ്പിച്ചത് അതിര് കട**

**ക്കലും, ചീത്ത പ്രവർത്തനവുമാണെന്നാണ്. പ്രവാചകൻ《ﷺ》 പറയുന്നു:**

(فَمَنْ زَادَ عَلَى هَذَا فَقَدْ أَسَاءَ وَتَعَدَّى وَظَلَمَ) ( حسن ) رواه النسائي ( **1** / **88** ) ، وابن

ماجه ( **422** ) ، والبيهقي ( **1** / **79** ) قال الحافظ الزيلعي في نصب الراية : قال الشيخ تقي الدين في « الإمام » : وهذا الحديث عند من يصحح حديث عمرو بن شعيب عن أبيه عن جده لصحة الإسناد إلى عمرو ، ا هـ. ( **1** / **29** ) وذكر الحافظ ابن حجر في التلخيص ( **1** / **83** ) صحة طرق الحديث عن عمرو بن شعيب عن أبيه عن جده عند النسائي وابن خزيمة وابن ماجه وأبي داود . وذكر الألباني أن إسناده عند النسائي وابن ماجه وأبي داود حسن إلا في زيادة لفظ ( أو نقص ) فهي زيادة منكرة .

**"ഇതിന് ശേഷം ആരെങ്കിലും വർദ്ധിപ്പിക്കുകയാണെങ്കിൽ അവൻ തെറ്റ് ചെയ്തു, അതിര് കടന്നു, അക്രമം പ്രവർത്തിച്ചു" (നസാഇ)**

**206- ക്രയവിക്രയങ്ങളിലുള്ള ബിദ്അത്തുകൾ എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?**

**ഉത്തരം: അല്ലാഹുവിൻെറ വേദഗ്രന്ഥത്തിലോ, അവൻെറ പ്രവാചകൻെറ സുന്നത്തിലോ ഇല്ലാത്ത നിബന്ധനകൾ വെക്കലാകുന്നു. മോചനം തേടിയ അടിമകളുടെ മേൽ രക്ഷാധികാരം അവരുടെ പഴയ ഉടമകൾക്ക് തന്നെ വേണമെന്ന് നിബന്ധന വെക്കുക. ബരീറ എന്ന അടിമയുടെ കാര്യത്തിൽ സംഭവിച്ചത് പോലെ. ബരീറയുടെ രക്ഷാധികാരം ആവശ്യപ്പെട്ടത് പ്രവാചകൻ《ﷺ》 അറിഞ്ഞപ്പോൾ മിമ്പറിൽ കയറിക്കൊണ്ട് അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തതിന് ശേഷം പറയുകയുണ്ടായി:**

(فَمَا بَالُ رِجَالٍ مِنْكُمْ يَشْتَرِطُونَ شُرُوطًا لَيْسَتْ فِي كِتَابِ اللهِ فَأَيُّمَا شَرْطٍ لَيْسَ فِي كِتَابِ اللهِ فَهُوَ بَاطِلٌ وَإِنْ كَانَ مِائَةَ شَرْطٍ فَقَضَاءُ اللهِ أَحَقُّ وَشَرْطُ اللهِ أَوْثَقُ مَا بَالُ رِجَالٍ مِنْكُمْ يَقُولُ أَحَدُهُمْ أَعْتِقْ يَا فُلَانُ وَلِيَ الْوَلَاءُ إِنَّمَا الْوَلَاءُ لِمَنْ أَعْتَقَ)

رواه البخاري ( **456** ، **1493** ، **2155** ) ، ومسلم ( العتق / **5** ، **14** ) .

**"നിങ്ങളിൽ നിന്നുള്ള ചിലയാളുകളുടെ അവസ്ഥയെന്താണ്, അല്ലാഹുവിൻെറ വേദഗ്രന്ഥത്തിലില്ലാത്ത നിബന്ധനകളാണ് അവർ നിബന്ധനകളായി വെക്കുന്നത്, അല്ലാഹുവിൻെറ ഗ്രന്ഥത്തിലില്ലാത്ത നിബന്ധനകൾ നിരർത്ഥകമാണ്, അത് നൂറ് നിബന്ധനകളാണെങ്കിലും ശരി. അല്ലാഹുവിൻെറ വിധിയാണ് യാഥാർത്ഥ്യം, അല്ലാഹുവിൻെറ നിബന്ധനയാണ് ഏറ്റവും യോജിച്ചതായിട്ടുള്ളത്. നിങ്ങളിൽ നിന്ന് ചിലയാളുകൾ പറയുന്നു, അല്ലയോ ഇന്ന വ്യക്തിയെ നീ അടിമയെ മോചിപ്പിക്കുക, എന്നാൽ അടിമയുടെ രക്ഷാധികാരം എനിക്ക് തന്നെയാണ് എന്ന്. എന്നാൽ നിങ്ങൾ അറിയുക: ആരാണോ മോചിപ്പിക്കുന്നത് അവർക്കാണ് രക്ഷാധികാരമുള്ളത്." (ബുഖാരി, മുസ്ലിം).**

**ഇതുപോലെ നിഷിദ്ധമായതിനെ അനുവദനീയമാക്കുന്നതോ, അനുവദനീയമാതയതിനെ നിഷിദ്ധമാക്കുന്നതോ ആയ എല്ലാ നിബന്ധനകളും ഇതിൽ പെട്ടതാകുന്നു.**

**207- പ്രവാചകൻ(ﷺ)യുടെ കുടുംബം, അവിടുത്തെ സ്വഹാബികൾ എന്നിവരെ സംബന്ധിച്ച് ഒരു മുസ്ലിം എന്ത് നിലപാടാണ് എടുക്കേണ്ടത്?**

**ഉത്തരം: അവരോടുള്ള നമ്മുടെ നിലപാട് നാം നമ്മുടെ ഹൃദയത്തെയും, നാവിനെയും അവരിൽ നിന്ന് സുരക്ഷിതമാക്കേണ്ടതുണ്ട്, അതായത് അവരോട് വെറുപ്പ് പ്രകടിപ്പിക്കുകയോ, അവരെ ചീത്ത പറയുകയോ, അവരുടെ വീഴ്ചകളും മറ്റും പ്രചരിപ്പിക്കുകയോ, അവർക്കിടയിൽ ഉണ്ടായ ഭിന്നിപ്പുകളിൽ അഭിപ്രായം പറയുകയോ ചെയ്യുന്നതിൽ നിന്ന് നാം നമ്മുടെ നാവിനെ സുരക്ഷിതമാക്കേണ്ടതുണ്ട്. അവരുടെ ശ്രേഷ്ടതകളും, അവരുടെ**



**പ്രത്യേകതകളും മറ്റും നാം പറയുകയും, അവരെ പുകഴ്ത്തുകയും ചെയ്യുക. അവരുടെ പ്രത്യേകതകളും ശ്രേഷ്ടതകളും തൗറാത്തിലും, ഇഞ്ചീലിലും, ഖുർആനിലും, അതുപോലെ സ്വഹീഹായ ഹദീസുകളിലും, അറിയപ്പെട്ട ഗ്രന്ഥങ്ങളിലും മറ്റും നമുക്ക് കാണാനാവുന്നതാണ്. അല്ലാഹു പറയുന്നു:**

{ مُحَمَّدٌ رَسُولُ اللهِ وَالَّذِينَ مَعَهُ أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ تَرَاهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلاً مِنَ اللهِ وَرِضْوَانًا سِيمَاهُمْ فِي وُجُوهِهِمْ مِنْ أَثَرِ السُّجُودِ ذَلِكَ مَثَلُهُمْ فِي التَّوْرَاةِ وَمَثَلُهُمْ فِي الإِنْجِيلِ كَزَرْعٍ أَخْرَجَ شَطْأَهُ فَآزَرَهُ فَاسْتَغْلَظَ فَاسْتَوَى عَلَى سُوقِهِ يُعْجِبُ الزُّرَّاعَ لِيَغِيظَ بِهِمُ الْكُفَّارَ وَعَدَ اللهُ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ مِنْهُمْ مَغْفِرَةً وَأَجْرًا عَظِيمًا } (الفتح:**29**)

'മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചു കൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നു നിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു' (ഫത്ഹ്: 29).

{ وَالَّذِينَ آمَنُوا وَهَاجَرُوا وَجَاهَدُوا فِي سَبِيلِ اللهِ وَالَّذِينَ آوَوْا وَنَصَرُوا أُولَئِكَ هُمُ الْمُؤْمِنُونَ حَقًّا لَهُمْ مَغْفِرَةٌ وَرِزْقٌ كَرِيمٌ } (الأنفال:**74**)

‘വിശ്വസിക്കുകയും സ്വദേശം വെടിഞ്ഞ് പോകുകയും അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിൽ ഏർപ്പെടുകയും ചെയ്തവരും, അവർക്ക് അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും തന്നെയാണ് യഥാർത്ഥത്തിൽ സത്യവിശ്വാസികൾ. അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും’ (അൻഫാൽ: 74).

{ وَالسَّابِقُونَ الأَوَّلُونَ مِنَ الْمُهَاجِرِينَ وَالأَنْصَارِ وَالَّذِينَ اتَّبَعُوهُمْ بِإِحْسَانٍ رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَلِكَ الْفَوْزُ الْعَظِيمُ } (التوبة:**100**)

‘മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും.അതത്രെ മഹത്തായ ഭാഗ്യം’ (തൗബ:100)

{ لَقَدْ تَابَ اللَّهُ عَلَى النَّبِيِّ وَالْمُهَاجِرِينَ وَالأَنْصَارِ الَّذِينَ اتَّبَعُوهُ فِي سَاعَةِ الْعُسْرَةِ } (التوبة:**117**)

‘തീർച്ചയായും പ്രവാചകന്റെയും, ഞെരുക്കത്തിന്റെ ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്നവരായ മുഹാജിറുകളുടെയും അൻസാറുകളുടെയും നേരെ അല്ലാഹു കനിഞ്ഞ് മടങ്ങിയിരിക്കുന്നു’ (തൗബ:117)

{ لِلْفُقَرَاءِ الْمُهَاجِرِينَ الَّذِينَ أُخْرِجُوا مِنْ دِيارِهِمْ وَأَمْوَالِهِمْ يَبْتَغُونَ فَضْلاً مِنَ اللَّهِ وَرِضْوَانًا وَيَنْصُرُونَ اللَّهَ وَرَسُولَهُ أُولَئِكَ هُمُ الصَّادِقُونَ * وَالَّذِينَ تَبَوَّءُوا الدَّارَ وَالإِيمَانَ مِنْ قَبْلِهِمْ يُحِبُّونَ مَنْ هَاجَرَ إِلَيْهِمْ وَلاَ يَجِدُونَ فِي صُدُورِهِمْ حَاجَةً مِمَّا أُوتُوا وَيُؤْثِرُونَ عَلَى أَنْفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ } (الحشر:**8-9**)

‘അതായത് സ്വന്തം വീടുകളിൽ നിന്നും സ്വത്തുക്കളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രൻമാർക്ക് (അവകാശപ്പെട്ടതാകു



ന്നു ആ ധനം.) അവർ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായിക്കുകയും ചെയ്യുന്നു. അവർ തന്നെയാകുന്നു സത്യവാൻമാർ. അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചു വെച്ചവർക്കും (അൻസാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും.’ (ഹശ്ർ: 8 –9)

**ഇതുപോലെ ഒരുപാട് ആയത്തുകൾ നമുക്ക് കാണാവുന്നതാണ്. അതുപോലെ ബദ്റിൽ പങ്കെടുത്തവരെ സംബന്ധിച്ച് അല്ലാഹു പറയുന്നതിൽ നാം വിശ്വസിക്കുന്നു:**

(اعْمَلُوا مَا شِئْتُمْ فَقَدْ غَفَرْتُ لَكُمْ ) رواه البخاري ( **3007** ، **3081** ، **3983** ) ، ومسلم ( فضائل الصحابة / **161** ) .

**“നിങ്ങൾ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുക, ഞാൻ നിങ്ങൾക്ക് പൊറുത്ത് തന്നിരിക്കുന്നു” (ബുഖാരി, മുസ്ലിം).**

**ബദ്റിൽ പങ്കെടുത്തവർ മൂന്നൂറ്റി പത്തിൽ ചില്ലാനം ആളുകളായിരുന്നു. അതുപോലെ രിള്വാൻ മരത്തിൻെറ ചുവട്ടിൽ വെച്ചുള്ള ബൈഅത്തിൽ പങ്കെടുത്തവരിൽ ആരും തന്നെ നരകത്തിൽ പ്രവേശിക്കുകയില്ല, മാത്രമല്ല അല്ലാഹുവിനെപ്പറ്റി അവർ തൃപ്തിപ്പെട്ടിരിക്കുന്നു, അല്ലാഹു അവരെയും തൃപ്തിപ്പെട്ടിരിക്കുന്നു, അവർ ആയിരത്തി നാനൂറ് പേരായിരുന്നു, മറ്റൊരു റിപ്പോർട്ടിൽ ഉള്ളത് ആയിരത്തി അഞ്ഞൂറ് പേരായിരുന്നുവെന്നാണ്. അല്ലാഹു പറയുന്നു:**

{ لَقَدْ رَضِيَ اللَّهُ عَنِ الْمُؤْمِنِينَ إِذْ يُبَايِعُونَكَ تَحْتَ الشَّجَرَةِ فَعَلِمَ مَا فِي قُلُوبِهِمْ } (الفتح:**18**)

‘ആ മരത്തിന്റെ ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെ പറ്റി തൃപ്

തിപ്പെട്ടിരിക്കുന്നു. അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും ചെയ്തു.’ (ഫത്ഹ്: 18)

**ഏറ്റവും ഉത്തമ സമുദായമായ ഈ സമുദായത്തിലെ ഉത്തമ നൂറ്റാണ്ടിൽ ജീവിച്ച ഉത്തമ സമൂഹമായിരുന്നു അവർ. അതുപോലെ തന്നെ ആരെങ്കിലും ഇസ്ലാമിൻെറ മാർഗത്തിൽ ഉഹ്ദ് മലയോളം സ്വർണ്ണം ചിലവഴിച്ചാലും അവർ ചിലവഴിച്ച ഒരു മുദ്ദിനോളമോ, അതിൻെറ പകുതിക്കോ അത് തുല്യമാവില്ല. എന്നാൽ അവർ തെറ്റ് പറ്റാത്തവരല്ല, അവർക്ക് തെറ്റ് പറ്റിയിട്ടുണ്ട്, അവർ മുജ്തഹിദുകളായിരുന്നു. മുജ്തഹിദ് സത്യത്തിലെത്തിച്ചേർന്നാൽ അവർക്ക് രണ്ട് പ്രതിഫലമാണ്, തെറ്റു പറ്റിയാൽ അതിന് ഒരു പ്രതിഫലവുമുണ്ട്, അഥവാ ഇജ്തിഹാദ് ചെയ്തതിന്, അവരുടെ തെറ്റുകൾ എണ്ണപ്പെട്ടതുമാണ്. അവർക്ക് ഒരുപാട് ശ്രേഷ്ടതകളും പദവികളുമുണ്ട്, അവർ ഇസ്ലാമിലേക്ക് മുമ്പേ കടന്ന് വന്നവരാണ്, അതുകൊണ്ട് തന്നെ കടലിൽ അഴുക്കിൻെറ വല്ല അംശവും കടന്ന് കൂടിയാൽ ആ കടലിനെ തന്നെ അത് നാശമാക്കുമോ, ഇല്ലല്ലോ, അത്പോലെ തന്നെയാണ് അവർക്ക് വല്ല വീഴ്ചകളും സംഭവിച്ചിട്ടുണ്ടെങ്കിൽ തന്നെ അവരുടെ ഉന്നതമായ പ്രവർത്തനങ്ങൾ കൊണ്ട് അവരുടെ വീഴ്ചകൾ അല്ലാഹു പൊറുത്ത് കൊടുക്കുന്നതാണ്. അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു, ഞാനും അവരെപ്പറ്റി തൃപ്തിയടയുന്നു. ഇതുപോലെ അല്ലാഹു മ്ളേഛതകൾ കഴുകി കളയുകയും നല്ല രൂപത്തിൽ എല്ലാ അഴുക്കിൽ നിന്നും ശുദ്ധീകരിക്കുകയും ചെയ്യപ്പെട്ട പ്രവാചകൻെറ ഭാര്യമാരെ സംബന്ധിച്ചും, അവിടുത്തെ കുടുംബക്കാരെ സംബന്ധിച്ചും നാം വിശ്വസിക്കുകയും അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. അവരോട് വല്ലവർക്കും ഹൃദയത്തിൽ വല്ല വിദ്വേഷമോ, പകയും വെച്ച് പുലർത്തുന്നവരിൽ നിന്നും, നാവിലൂടെ പ്രവാചകൻെറ സ്വഹാബികളെയോ, പത്നിമാരെയോ, കുടുംബക്കാരെയോ ആക്ഷേപിക്കുകയും മറ്റും ചെയ്യുന്നവരിൽ നിന്നും നാം നിരപരാധിത്വം വ്യക്തമാക്കുന്നു. അവരെ നാം സ്നേഹിക്കുകയും, ഇഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്, അവരെ നാം പിൻപറ്റുകയും ചെയ്യുന്നു, അവർക്കെതിരെ വരുന്ന ആക്ഷേപങ്ങളെ നാം തടയുന്നുണ്ട് എന്നതിന് അല്ലാഹുവാണ് സാക്ഷി. അതിലൂടെ നാം നമ്മുടെ പ്രവാചകനെയാണ് സുരക്ഷിതമാക്കുന്നത്. പ്രവാചകൻ﴾ﷺ﴿ പറയുകയാണ്:**



(لاَ تَسُبُّوا أَصْحَابِي) رواه البخاري ( **3673** ) ، ومسلم ( فضائل الصحابة / **221** ، **222** ) ، وأحمد ( **3 / 11** ، **54** ) ، وأبـو داود ( **4658** ) ، والترمـذي ( **3861** ) ، وابـن ماجه ( **161** ).

**“നിങ്ങൾ എൻെറ സ്വഹാബാക്കളെ ചീത്ത പറയരുത്” (ബുഖാരി, മുസ്ലിം).**

(اللَّهَ اللَّهَ فِي أَصْحَابِي) ( إسناده ضـعيف ) رواه أحمـد ( **5 / 54** ، **57** ) ، والترمـذي ( **3862** ) ، وابن حبان ( **16 / 7256** ) ، وابن أبي عاصم ( **992** ) ، وأبو نعيم ( **8 / 287** ) قال الترمذي : هذا حديث غريب لا نعرفه إلا من هذا الوجه ، وفي بعض النسـخ له : حديث حسن غريب . وفي سنده : عبد الرحمن بن زياد ويقال : عبد الله بن عبد الرحمن ويقال : عبد الرحمن بن عبد الله . لم يوثقه غير ابن حبان ولم يرو عنه غير عبيـد الله بن رائطة ذكره البخاري وابن أبي حاتم ولم يذكرا فيه جرحا ولا تعديلا ، وقال الذهبي : لا يعرف . وقال يحيي بن معين : لا أعرفه . وقال عنه الحافظ في التقريب : مقبول ، ا هـ.

قلت : يعني عند المتابعة ، ولا توجد هنا .

**“നിങ്ങൾ എൻെറ സ്വഹാബാക്കളുടെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുക, അല്ലാഹുവിനെ സൂക്ഷിക്കുക” (ദുർബ്ബലമായ ഹദീസാണ്. അഹ്മദ്, തിർമിദിയും ഉദ്ദരിച്ചിരിക്കുന്നു). പ്രവാചകൻ﴾ﷺ﴿ പറയുന്നത് ഇമാം മുസ്ലിം ഉദ്ദരിക്കുന്നു:**

(وَإِنِّي تَارِكٌ فِيكُمْ ثَقَلَيْنِ أَوَّلُهُمَا كِتَابُ اللَّهِ... وَاسْتَمْسِكُوا بِهِ ... وَأَهْلُ بَيْتِي أُذَكِّرُكُمُ اللَّهَ فِي أَهْلِ بَيْتِي ...) رواه مسلم ( فضائل الصحابة / **36** ) .

**“ഞാൻ നിങ്ങൾക്ക് ‘ഥഖലൈനി’ (ഖുർആനും തിരുസുന്നത്തും) വിട്ടേച്ച് പോകുന്നു, അതിൽ ആദ്യത്തേത് അല്ലാഹുവിൻെറ ഗ്രന്ഥമാകുന്നു... അത് നിങ്ങൾ മുറുകെ പിടിക്കുക... അതുപോലെ എൻെറ വീട്ടുകാർ, എൻെറ വീട്ടുകാരെ സംബന്ധിച്ച് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും (ഞാൻ നിങ്ങളെ ഉണർത്തുന്നു)” (മുസ്ലിം).**

**208- സ്വഹാബികളിൽ മൊത്തത്തിൽ ആർക്കാണ് കൂടുതൽ ശ്രേഷ്ടതയുള്ളത്?**

**ഉത്തരം: അവരിൽ ശ്രേഷ്ടരായ ആളുകൾ ഇസ്‌ലാമിലേക്ക് മുമ്പേ കടന്ന് വന്ന ഒന്നാമന്മാരായ മുഹാജിറുകളും, പിന്നീട് അൻസാറുകളുമാകുന്നു. പിന്നീട് ബദ്റിൽ പങ്കെടുത്തവരാണ്, പിന്നെ രിള്‌വാൻ ബൈഅത്തിൽ പങ്കെടുത്തവരുമാണ്. പിന്നീട് അവർക്ക് ശേഷമുള്ളവരും. അല്ലാഹു പറയുന്നു:**

{ مَنْ أَنْفَقَ مِنْ قَبْلِ الْفَتْحِ وَقَاتَلَ أُولَئِكَ أَعْظَمُ دَرَجَةً مِنَ الَّذِينَ أَنْفَقُوا مِنْ بَعْدُ وَقَاتَلُوا وَكُلاًّ وَعَدَ اللَّهُ الْحُسْنَى } (الحديد:**10**)

'നിങ്ങളുടെ കൂട്ടത്തിൽ നിന്നു (മക്കാ) വിജയത്തിനു മുമ്പുള്ള കാലത്ത് ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തവരും (അല്ലാത്തവരും) സമമാകുകയില്ല. അക്കൂട്ടർ പിന്നീടു ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കുവഹിക്കുകയും ചെയ്തവരെക്കാൾ മഹത്തായ പദവിയുള്ളവരാകുന്നു. എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു' (ഹദീദ്:10).

**209- സ്വഹാബികളിൽ വിശദമായി ആർക്കാണ് കൂടുതൽ ശ്രേഷ്ടതയുള്ളത്?**

**ഉത്തരം: അബ്ദുല്ലാഇബ്നു ഉമർ﴾﵁﴿ പറയുകയാണ്:**

(كُنَّا فِي زَمَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لاَ نَعْدِلُ بِأَبِي بَكْرٍ أَحَدًا ثُمَّ عُمَرَ ثُمَّ عُثْمَانَ ثُمَّ نَتْرُكُ أَصْحَابَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لاَ نُفَاضِلُ بَيْنَهُمْ ) رواه البخاري ( **3697 ،3655** ) .

**"പ്രവാചകൻ﴾ﷺ﴿യുടെ കാലത്ത് അബൂബക്കർ﴾﵁﴿വിനോട് ആരെയും ഞങ്ങൾ തുല്ല്യരാക്കാറുണ്ടായിരുന്നില്ല, പിന്നെ ഉമർ﴾﵁﴿, പിന്നെ ഉഥ്മാൻ﴾﵁﴿, തുടർന്ന് പ്രവാചകൻ﴾ﷺ﴿യുടെ സ്വഹാബികൾക്കിടയിൽ**



**ആർക്കും ഞങ്ങ ൾ പ്രത്യേകം ശ്രേഷ്ടത നൽകാറുണ്ടായിരുന്നില്ല" (ബുഖാരി)**

**ഗുഹയിൽ വെച്ച് കൊണ്ട് അബൂബക്കർ﴾﵁﴿വിനോട് പ്രവാചകൻ﴾ﷺ﴿ പറ യുന്നു:**

( مَا ظَنُّكَ يَا أَبَا بَكْرٍ بِاثْنَيْنِ اللَّهُ ثَالِثُهُمَا ) رواه البخاري ( **3653 ، 3922** ) .

**"രണ്ടാളുകളെ സംബന്ധിച്ച് അബൂബക്കറെ താങ്കളുടെ വിചാരം എന്താണ്? അവരോടൊപ്പം അല്ലാഹു മൂന്നാമനായുണ്ട്" (ബുഖാരി). പ്രവാചകൻ ﴾ﷺ﴿ വീണ്ടും പറയുന്നു:**

(لَوْ كُنْتُ مُتَّخِذًا خَلِيلاً لاَتَّخَذْتُ أَبَا بَكْرٍ خَلِيلاً وَلَكِنَّهُ أَخِي وَصَاحِبِي ) رواه البخاري ( **3656** ) ، ومسلم ( فضائل الصحابة / **3** ) .

**"ഞാൻ ഖലീലായി ആരെയെങ്കിലും സ്വീകരിക്കുമായിരുന്നെങ്കിൽ അബൂബക്കറിനെ കൂട്ടുകാരനായി സ്വീകരിക്കുമായിരുന്നു, പക്ഷേ അദ്ദേഹം എൻെറ സഹോദരനും, കൂടെയുള്ളവനുമാകുന്നു" (ബുഖാരി, മുസ്‌ലിം)**

**പ്രവാചകൻ﴾ﷺ﴿ പറയുന്നു:**

(إِنَّ اللَّهَ بَعَثَنِي إِلَيْكُمْ فَقُلْتُمْ كَذَبْتَ وَقَالَ أَبُو بَكْرٍ صَدَقَ وَوَاسَانِي بِنَفْسِهِ وَمَالِهِ فَهَلْ أَنْتُمْ تَارِكُوا لِي صَاحِبِي مَرَّتَيْنِ) رواه البخاري ( **3661 ، 4640** ) .

**"അല്ലാഹു എന്നെ നിങ്ങളിലേക്ക് നിയോഗിക്കുകയുണ്ടായി, അപ്പോൾ നിങ്ങൾ പറഞ്ഞത്: നീ കളവ് പറഞ്ഞുവെന്നാണ്, എന്നാൽ അബൂബക്കർ പറഞ്ഞത്: നീ സത്യം പറഞ്ഞുവെന്നാണ്, അദ്ദേഹത്തിൻെറ മനസ്സിലും സമ്പത്തിലും എന്നെ തുല്യപ്പെടുത്തി, നിങ്ങൾ എൻെറ കൂട്ടുകാരനെ എനിക്ക് വിട്ട് തരുന്നവരല്ലെ? രണ്ട് പ്രാവശ്യം അത് പറയുകയുണ്ടായി" (ബുഖാരി). തിരുമേനി﴾ﷺ﴿ പിന്നീട് പറയുന്നു:**

( إِيهًا يَا ابْنَ الْخَطَّابِ وَالَّذِي نَفْسِي بِيَدِهِ مَا لَقِيَكَ الشَّيْطَانُ سَالِكًا فَجًّا قَطُّ إِلاَّ سَلَكَ فَجًّا غَيْرَ فَجِّكَ) رواه البخاري ( **3294** ) ، ومسلم ( فضائل الصحابة / **22** ) .

**"അല്ലയോ ഖത്വാബിൻെറ മകനെ, എൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, നീ ഒരു വഴിയിലൂടെ പ്രവേശിക്കുന്നത്**

പിശാച് കാണുകയാണെങ്കിൽ, പിശാച് ആ വഴിയിൽ നിന്നും മാറി മറ്റൊരു വഴിയിൽ പ്രവേശിക്കുന്നതാണ്" (ബുഖാരി). റസൂലുല്ലാഹ്﴾ﷺ﴿ വീണ്ടും പ റയുന്നു:

( قَدْ كَانَ يَكُونُ فِي الأُمَمِ قَبْلَكُمْ مُحَدَّثُونَ فَإِنْ يَكُنْ فِي أُمَّتِي مِنْهُمْ أَحَدٌ فَإِنَّ عُمَرَ بْنَ الْخَطَّابِ مِنْهُمْ ) رواه البخاري ( **3669** ، **3689** ) ، ومسلم ( فضائل الصحابة / **23** ) .

"നിങ്ങളുടെ മുമ്പുള്ള സമുദായത്തിൽ മുഹദ്ദിഥീങ്ങൾ ഉണ്ടായിരുന്നു, എന്റെ സമുദായത്തിൽ ആരെങ്കിലും അങ്ങിനെ ഉണ്ടാകുമായിരുന്നെങ്കിൽ അവരിൽ ഖത്വാബിന്റെ മകൻ ഉമർ ഉണ്ടാകും" (ബുഖാരി, മുസ്‌ലിം).

ഒരിക്കൽ പശുവും, ചെന്നായയും സംസാരിച്ചപ്പോൾ അല്ലാഹുവിന്റെ റസൂൽ﴾ﷺ﴿ പറയുകയുണ്ടായി:

( فَإِنِّي أُومِنُ بِهَذَا أَنَا وَأَبُو بَكْرٍ وَعُمَرُ ) رواه البخاري ( **2324** ، **3471** ) ، ومسلم ( فضائل الصحابة / **13** ) ، وأحمد ( **2** / **245** ، **246**

"തീർച്ചയായും ഞാനും, അബൂബക്കറും, ഉമറും ഇതിൽ വിശ്വസിക്കുന്നു" (ബുഖാരി, മുസ്‌ലിം).

അതുപോലെ ഉഥ്മാൻ﴾ﷺ﴿ മക്കയിലേക്ക് പോയ സന്ദർഭത്തിൽ രിള്‌വാൻ മരത്തിന്റെ ചുവട്ടിൽ നടന്ന ബൈഅത്തിന്റെ വേളയിൽ പ്രവാചകൻ﴾ﷺ﴿ തന്റെ വലത് കൈ ഉയർത്തി പറയുകയുണ്ടായി:

(هَذِهِ يَدُ عُثْمَانَ فَضَرَبَ بِهَا عَلَى يَدِهِ فَقَالَ: هَذِهِ لِعُثْمَانَ) رواه البخاري ( **3698** ، **4066** ) .

"ഇത് ഉഥ്മാനിന്റെ കൈ ആകുന്നു, അങ്ങിനെ അതിനെ തന്റെ മറുകയ്യിൽ അടിച്ച് കൊണ്ട് പറയുകയുണ്ടായി: ഇത് ഉഥ്മാനിന് വേണ്ടിയാകുന്നു" (ബുഖാരി).

മറ്റൊരിക്കൽ പ്രവാചകൻ﴾ﷺ﴿ പറയുകയുണ്ടായി:



( مَنْ يَحْفِرْ بِئْرَ رُومَةَ فَلَهُ الْجَنَّةُ فَحَفَرَهَا عُثْمَانُ، وَقَالَ: مَنْ جَهَّزَ جَيْشَ الْعُسْرَةِ فَلَهُ الْجَنَّةُ فَجَهَّزَهُ عُثْمَانُ) رواه البخاري ( **2778** ) .

"ആരാണോ റോമാ കിണർ കുഴിക്കുന്നത് അവന് സ്വർഗമുണ്ട്, അങ്ങിനെ ഉഥ്മാൻ അത് കുഴിക്കുകയുണ്ടായി. പിന്നെ പറയുകയുണ്ടായി: ആരാണ് പ്രയാസകരമായ ഈ യുദ്ധ സൈന്യത്തെ ഒരുക്കുന്നത് അദ്ദേഹത്തിന് സ്വർഗമുണ്ട്, അത് ഉഥ്മാൻ ഒരുക്കുകയുണ്ടായി" (ബുഖാരി).

പ്രവാചകൻ﴾ﷺ﴿ വീണ്ടും ഉഥ്മാൻ﴾ﷺ﴿വിന്റെ പ്രത്യേകത മറ്റൊരു ഹദീസിൽ പറയുന്നു:

( أَلاَ أَسْتَحِي مِنْ رَجُلٍ تَسْتَحِي مِنْهُ الْمَلاَئِكَةُ) رواه مسلم ( فضائل الصحابة / **26** )

"മലക്കുകൾ വരെ ലജ്ജിക്കുന്ന ഒരാളിൽ ഞാൻ ലജ്ജിക്കേണ്ടതില്ലേ" (മുസ്‌ലിം).

അലി﴾ﷺ﴿വിനെ സംബന്ധിച്ച് തിരുമേനി﴾ﷺ﴿ പറയുന്നു:

(أَنْتَ مِنِّي وَأَنَا مِنْكَ ) رواه البخاري ( **2699** ، **4251** ) .

"നീ എന്നിൽ നിന്നാണ്, ഞാൻ നിന്നിൽ നിന്നുമാണ്" (ബുഖാരി).

(يُحِبُّ اللهَ وَرَسُولَهُ وَيُحِبُّهُ اللهُ وَرَسُولُهُ ) رواه البخاري ( **2975** ، **3009** ) ، ومسلم (الجهاد / **132** ) وفي ( فضائل الصحابة / **32** ، **33** ، **34** ) .

"അദ്ദേഹം അല്ലാഹുവിനെയും അവന്റെ റസൂലിനെയും ഇഷ്ടപ്പെടുന്നു, അല്ലാഹുവും അവന്റെ റസൂലും അദ്ദേഹത്തെയും ഇഷ്ടപ്പെടുന്നു" (ബുഖാരി, മുസ്‌ലിം). വീണ്ടും തിരുമേനി﴾ﷺ﴿ പറയുന്നു:

( مَنْ كُنْتُ مَوْلاَهُ فَعَلِيٌّ مَوْلاَهُ ) ( صحيح ) رواه أحمد ( **4** / **368** ، **370** ، **372** ) ، والترمذي ( **3731** ) وقال : هذا حديث حسن صحيح . والحاكم ( **3** / **109** ، **110** ) ، وابن أبي عاصم في السنة ( **1365** ، **1367** ) ، وابن حبان ( **2205** / موارد ) ، والطبراني ( **3968** ) قال الهيثمي في المجمع ( **9** / **104** ) : رواه أحمد ورجاله رجال الصحيح غير

فطر بن خليفة ، وهو ثقة ، وقال الحاكم : صحيح على شرط الشيخين ، وسكت عنه الذهبي . وقد ذكر الألباني أن الحديث ورد من طرق كثيرة عن عشرة من الصحابة ، كلها بين صحيح وحسن ثم قال في آخر بحثه : أن حديث الترجمة حديث صحيح بشرطيه بل الأول منه متواتر عنه صلى الله عليه وسلم ( صحيحه / **1750** ) .

**"ഞാൻ ആർക്ക് സഹായിയാണോ, അലിയും അവർക്ക് സഹായിയാണ്" (തിർമിദി). ഒരിക്കൽ അലി《رضي الله عنه》വിനോട് തിരുമേനി《ﷺ》 പറയുന്നു:**

(أَنْتَ مِنِّي بِمَنْزِلَةِ هَارُونَ مِنْ مُوسَى إِلاَّ أَنَّهُ لاَ نَبِيَّ بَعْدِي ) رواه البخاري ( **3706** ، **4416** ) ، ومسلم ( فضائل الصحابة / **30** ، **31** ) .

**"മൂസാ നബി《عليه السلام》ക്ക് ഹാറൂൻ നബി《عليه السلام》 എങ്ങിനെയാണോ, അതുപോലെയാണ് എനിക്ക് നീ, പക്ഷേ എനിക്ക് ശേഷം നബിയില്ല" (ബുഖാരി, മുസ്‌ലിം).**

(عَشْرَةٌ فِي الْجَنَّةِ النَّبِيُّ فِي الْجَنَّةِ وَأَبُو بَكْرٍ فِي الْجَنَّةِ وَعُمَرُ فِي الْجَنَّةِ وَعُثْمَانُ فِي الْجَنَّةِ وَعَلِيٌّ فِي الْجَنَّةِ وَطَلْحَةُ فِي الْجَنَّةِ وَالزُّبَيْرُ بْنُ الْعَوَّامِ فِي الْجَنَّةِ وَسَعْدُ بْنُ مَالِكٍ فِي الْجَنَّةِ وَعَبْدُ الرَّحْمَنِ بْنُ عَوْفٍ فِي الْجَنَّةِ قال سَعِيدُ بْنُ زَيْد: وَلَوْ شِئْتُ لَسَمَّيْتُ الْعَاشِرَ يعني نفسه رضي الله عنهم أجمعين) ( صحيح ) رواه أبو داود ( **4649** ) ، والترمذي ( **3757** ) ، وابن ماجه ( **134** ) ، وابن أبي عاصم ( **1428** ) من حديث سعيد بن زيد ، وقال الترمذي : حديث حسن صحيح ، وصححه الألباني ورواه أحمد ( **1 / 193** ) ، والترمذي ( **3747** ) من حديث عبد الرحمن بن عوف ، قال الشيخ أحمد شاكر : إسناده صحيح .

**"പത്ത്പേർ സ്വർഗത്തിലാകുന്നു, പ്രവാചകൻ സ്വർഗത്തിലാണ്, അബൂബക്കറും സ്വർഗത്തിലാണ്, ഉമറും സ്വർഗത്തിലാണ്, ഉഥ്മാനും സ്വർഗത്തിലാണ്, അലിയ്യും സ്വർഗത്തിലാണ്, ത്വൽഹയും സ്വർഗത്തിലാണ്, സുബൈറുബ്നു**



**ൽ അവാമും സ്വർഗത്തിലാണ്, സഅദ്ബ്നു മാലികും സ്വർഗത്തിലാണ്, അബ്ദുർറഹ്മാനുബ്നു ഔഫും സ്വർഗത്തിലാണ്, എന്നിട്ട് സഅദ്ബ്നു സൈദ് പറയുകയുണ്ടായി: നീ ഉദ്ദേശിക്കുകയാണെങ്കിൽ പത്താമത്തെ വ്യക്തിയെ പറയാം, അതായത് അദ്ദേഹം തന്നെ. അല്ലാഹു അവരെ മുഴുവനും തൃപ്തിപ്പെട്ടിരിക്കുന്നു" (അബൂദാവൂദ്, തിർമിദി).**

**പ്രവാചകൻ തിരുമേനി《ﷺ》 പറയുന്നു:**

( أَرْحَمُ أُمَّتِي بِأُمَّتِي أَبُو بَكْرٍ وَأَشَدُّهُمْ فِي أَمْرِ اللهِ عُمَرُ وَأَصْدَقُهُمْ حَيَاءً عُثْمَانُ وَأَعْلَمُهُمْ بِالْحَلاَلِ وَالْحَرَامِ مُعَاذُ بْنُ جَبَلٍ وَأَفْرَضُهُمْ زَيْدُ بْنُ ثَابِتٍ وَأَقْرَؤُهُمْ أُبَيٌّ وَلِكُلِّ أُمَّةٍ أَمِينٌ وَأَمِينُ هَذِهِ الْأُمَّةِ أَبُو عُبَيْدَةَ بْنُ الْجَرَّاحِ ) ( صحيح ) رواه أحمد ( **3 / 184** ، **281** ) ، والترمذي ( **3790** ، **3791** ) ، وابن ماجه ( **154** ) ، والحاكم ( **3 / 422** ) ، ومشكل الآثار ( **1 / 351** ) ، وأبو نعيم ( **3 / 122** ) قال الحاكم : هذا إسناد صحيح على شرط الشيخين ولم يخرجاه ، ووافقه الذهبي ، وصححه الألباني ، وقال الترمذي : هذا حديث حسن غريب . في الأول وقال في الرواية الثانية : حسن صحيح .

**"എൻെറ സമുദായത്തിൽ പെട്ടവരിൽ എൻെറ സമുദായത്തോട് ഏറ്റവും കൂടുതൽ കാരുണ്യം കാണിക്കുന്നത് അബൂബക്കറാണ്, അല്ലാഹുവിൻെറ കാര്യത്തിൽ ഏറ്റവും കൂടുതൽ കാഠിന്യം കാണിക്കുന്നത് ഉമറാണ്, ഏറ്റവും കൂടുതൽ ലജ്ജയുള്ളത് ഉഥ്മാനിനാണ്, ഹലാലും ഹറാമും കൂടുതൽ അറിയുന്നത് മുആദ്ബ്നു ജബലിനാണ്, അനന്തരാവകാശത്തെ സംബന്ധിച്ച് കൂടുതൽ അറിയുന്നത് സൈദ്ബ്നു ഥാബിതിനാണ്, ഏറ്റവും നല്ല രൂപത്തിൽ പാരായണം ചെയ്യുന്നത് ഉബയ്യാണ്, എല്ലാ സമുദായത്തിലും വിശ്വസ്തനുണ്ടാകും എന്നാൽ ഈ സമുദായത്തിലെ വിശ്വസ്ഥൻ അബൂ ഉബൈദ ഇബ്നുൽ ജർറാഅ് ആകുന്നു" (അഹ്മദ്, തിർമിദി. സ്വഹീഹായ ഹദീസാണ്).**

**ഹസനിനെയും ഹുസൈനിനേയും പറ്റി തിരുമേനി《ﷺ》 പറയുന്നു:**

(إنهما سَيِّدَا شَبَابِ أَهْلِ الْجَنَّةِ ) ( صحيح ) رواه الترمذي ( **3768** ) ، وأحمد ( **3 / 3**

، 62 ، 64 ، 80 ) ، والحاكم ( 3 / 167 ) عن أبي سعيد الخدري . وقال الترمذي : هذا حديث حسن صحيح . وقال الحاكم : هذا حديث قد صح من أوجه كثيرة ، وأنا أتعجب أنهما لم يخرجاه . وتعقبه الذهبي بقوله قلت : الحكم فيه لين . قال عنه الحافظ في التقريب : صدوق سيئ الحفظ . قلت : قد ورد الحديث عن عشرة من الصحابة منهم أبو سعيد ، قد ذكرها بطرقها الألباني في الصحيحة ( 796 ) ، ثم قال : فالحديث صحيح بلا ريب ، بل هو متواتر كما نقله المناوي ، ا هـ.

**“അവർ രണ്ട്പേരും സ്വർഗ യുവാക്കളുടെ നേതാക്കളാകുന്നു” (തിരമിദി, അഹ്മദ്).**

**വീണ്ടും പറയുന്നു:**

« وأنهما ريحانتاه » رواه البخاري ( 3753 ، 5994 ) .

**“അവർ രണ്ട് പേരും റൈഹനയാകുന്നു” (ബുഖാരി).**

**വീണ്ടും തിരുമേനി(ﷺ) പറയുന്നു:**

(اللَّهُمَّ إِنِّي أُحِبُّهُمَا فَأَحِبَّهُمَا ) رواه البخاري ( 3747 ) .

**“അല്ലാഹുവെ അവരെ രണ്ടാളെയും ഞാൻ ഇഷ്ടപ്പെടുന്നു, നീ അവരെ രണ്ടാളെയും നീ ഇഷ്ടപ്പെടേണമേ” (ബുഖാരി). ഒരിക്കൽ ഹസൻ(رضي الله عنه)വിനെ കുറിച്ച് പറയുകയുണ്ടായി:**

(إِنَّ ابْنِي هَذَا سَيِّدٌ وَلَعَلَّ اللهَ أَنْ يُصْلِحَ بِهِ بَيْنَ فِئَتَيْنِ عَظِيمَتَيْنِ مِنَ الْمُسْلِمِينَ ) رواه البخاري ( 2774 ) .

**“എൻെറ ഈ മകൻ നേതാവാണ്, ഒരുപക്ഷേ, മുസ്ലിംകളിൽ പെട്ട വലിയ രണ്ട് വിഭാഗങ്ങൾക്കിടയിൽ ഇവനെക്കൊണ്ട് അല്ലാഹു യോജിപ്പുണ്ടാക്കിയേക്കാം” (ബുഖാരി). ഇത് പ്രവാചകൻ(ﷺ) പറഞ്ഞത് പോലെ സംഭവിക്കുകയുണ്ടായി.**

**അവരുടെ ഉമ്മയായ ഫാത്വിമാ(رضي الله عنها)യെ സംബന്ധിച്ച് തിരുമേനി(ﷺ) പറയുന്നു:**



(إنها سَيِّدَةُ نِسَاءِ أَهْلِ الْجَنَّةِ ) رواه البخاري ( 3624 ، 6286 ) .

**“തീർച്ചയായും അവൾ സ്വർഗസ്ത്രീകളുടെ നേതാത്തിയാകുന്നു” (ബുഖാരി)**

**അതുപോലെ ധാരാളം സ്വഹാബികൾക്ക് മൊത്തത്തിലും, ഓരോ വ്യക്തികൾക്ക് പ്രത്യേകമായും ശ്രേഷ്ടതകൾ ഉള്ളതായി സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്, അത് ക്ലിപ്തപ്പെടുത്തുവാൻ ഇപ്പോൾ നമുക്ക് സാധ്യമല്ല. സ്വഹാബികളിൽ എല്ലാ നിലക്കും ശ്രേഷ്ടരായത് ഖുലഫാഉർറാശിദുകളിൽ പെട്ട നാല് പേരാകുന്നു.**

## 210- പ്രവാചകൻ(ﷺ)ക്ക് ശേഷം ഖിലാഫത്തിൻെറ കാലം എത്രയായിരുന്നു?

**ഉത്തരം: അബൂദാവൂദും മറ്റും ഉദ്ദരിക്കുന്ന ഹദീസിൽ സഈദ്ബ്നു ജംആൻ സഫീനയിൽ നിന്ന് ഉദ്ദരിക്കുന്നു:**

(خِلاَفَةُ النُّبُوَّةِ ثَلاَثُونَ سَنَةً ثُمَّ يُؤْتِي اللهُ الْمُلْكَ مَنْ يَشَاءُ ) ( صحيح ) رواه أحمد ( 5 / 220 ، 221 ) ، وأبو داود ( 4646 ، 4647 ) ، والترمذي ( 2226 ) ، والحاكم ( 3 / 71 ، 145 ) ، والطحاوي ( 4 / 363 ) ، وابن حبان ( 6904 ) ، وابن أبي عاصم ( 1181 ) قال الترمذي : وهذا حديث حسن . وقد قال الألباني بعد سرد الحديث وطرقه وشواهده : وجملة القول أن الحديث حسن من طريق سعيد بن جمهان صحيح بهذين الشاهدين لا سيما وقد قواه من سبق ذكرهم وهاك أسماءهم : الإمام أحمد والترمذي وابن جرير الطبري وابن أبي عاصم وابن حبان والحاكم وابن تيمية والذهبي والعسقلاني . ا هـ ( صحيحه / 460 ) .

**“പ്രവാചകത്വത്തിൻെറ ഖിലാഫത്ത് മുപ്പത് വർഷമാണ്, അതിന് ശേഷം അല്ലാഹു അവനുദ്ദേശിക്കുന്നവർക്ക് ആധിപത്യം നൽകുന്നതാണ്” (അഹ്മദ്, അബൂദാവൂദ്).**

**അബൂബക്കർ(رضي الله عنه), ഉമർ(رضي الله عنه), ഉഥ്മാൻ(رضي الله عنه), അലി(رضي الله عنه) എന്നിവരുടെ**

ഖിലാഫത്തിൻെറ കാലം ഇത്രയുമായിരുന്നു. അബൂബക്കർ﴾﵁﴿ രണ്ട് വർഷവും മൂന്ന് മാസവും, ഉമർ﴾﵁﴿ പത്ത് വർഷവും ആറ് മാസവും, ഉഥ്മാൻ﴾﵁﴿ പന്ത്രണ്ട് വർഷവും, അലി﴾﵁﴿ നാല് വർഷവും ഒൻപത് മാസവും ആയിരുന്നു, അങ്ങിനെ മൊത്തത്തിൽ മൂപ്പത് വർഷമാകുന്നു. അലി ﴾﵁﴿ വിൻെറ മകൻ ഹസനിൻെറ ബൈഅത്തിലെ ഭരണം ആറ് മാസമാ യിരുന്നു. ഇസ്ലാമിലെ ആദ്യത്തെ രാജാവ് മുആവിയ്യ﴾﵁﴿യായിരുന്നു. അ ദ്ദേഹം രാജാക്കന്മാരിൽ ഏറ്റവും കൂടുതൽ നന്മയുള്ളവനും ശ്രേഷ്ടതയു ള്ളവനുമായിരുന്നു, അതിന് ശേഷം ഒരുപാട് ദു:സ്വഭാവികളായ രാജാക്ക ന്മാർ വന്നിരുന്നു, അങ്ങിനെ അഹ്ലുസുന്നത്തി വൽ ജമാഅ: അഞ്ചാമത്തെ ഖലീഫയായി ഉമറുബ്നു അബ്ദുൽ അസീസി﴾﵁﴿നെ എണ്ണി, അദ്ദേഹം ഖുലഫാഉർറാശിദീങ്ങളുടെ ചര്യയിലൂടെ സഞ്ചരിച്ചതിനാൽ.

**211- നാല് ഖുലഫാഉർറാശിദുകളുടെയും ഖിലാഫത്തിന് മൊത്തത്തിലുള്ള തെളിവ് എന്താണ്?**

ഉത്തരം: ഒരുപാട് തെളിവുകൾ നമുക്ക് കാണാനാവുന്നതാണ്. അതിൽ പെട്ടതാണ് മുകളിൽ നാം ഉദ്ദരിച്ച ഖിലാഫത്തിൻെറ കാലം മുപ്പത് വർഷമാണെന്നത്. അതു പോലെ നാം നാല് ഖലീഫമാരുടെയും ശ്രേഷ്ടതയും പ്രത്യേകതകളും വിവരിച്ച ഹദീസുകളും ഇതിന് തെളിവ് തന്നെയാണ്. അതുപോലെ അബൂദാവൂദ് തൻെറ സുനനിൽ സമുറബ്നു ജുൻദുബിൽ നിന്ന് ഉദ്ദരിക്കുന്ന ഹദീസ്, ഒരാൾ പ്രവാചക﴾ﷺ﴿ൻെറ അടുത്ത് വന്ന് കൊ ണ്ട് പറയുകയുണ്ടായി:

(قَالَ يَا رَسُولَ اللهِ إِنِّي رَأَيْتُ كَأَنَّ دَلْوًا دُلِّيَ مِنَ السَّمَاءِ فَجَاءَ أَبُو بَكْرٍ فَأَخَذَ بِعَرَاقِيهَا فَشَرِبَ شُرْبًا ضَعِيفًا ثُمَّ جَاءَ عُمَرُ فَأَخَذَ بِعَرَاقِيهَا فَشَرِبَ حَتَّى تَضَلَّعَ ثُمَّ جَاءَ عُثْمَانُ فَأَخَذَ بِعَرَاقِيهَا فَشَرِبَ حَتَّى تَضَلَّعَ ثُمَّ جَاءَ عَلِيٌّ فَأَخَذَ بِعَرَاقِيهَا فَانْتَشَطَتْ وَانْتَضَحَ عَلَيْهِ مِنْهَا شَيْءٌ) ( إسناده فيه ضعف ) رواه أحمد ( **5 / 21** ) ،



وأبو داود ( **4637** ) ، والطبراني ( **6965** ) ، وابن أبي عاصم ( **1141** ) وفي سنده عبد الرحمن الجرمي ذكره ابن حبان في الثقات ، وقال الحافظ في التقريب : مقبول ، وقال الذهبي : ما حدث عنه سوى ولده أشعث . وقال الألباني : فيه جهالة ، وضعف إسناده .

"അല്ലയോ പ്രവാചകരെ, ഞാൻ ഒരു സ്വപ്നം കാണുകയുണ്ടായി, അത് ആകാശത്ത് നിന്ന് ഒരു ബക്കറ്റ് ഇറങ്ങി വരുന്നു, അങ്ങിനെ അബൂബക്കർ വന്ന് കൊണ്ട് ആ ബക്കറ്റിൻെറ പിടുത്തത്തിൽ പിടിച്ച് അതിൽ നിന്ന് കുറച്ച് കുടിക്കുകയുണ്ടായി, പിന്നെ ഉമർ വന്ന് കൊണ്ട് ആ ബക്കറ്റിൻെറ പിടുത്തത്തിൽ പിടിച്ച് മതി വരുവോളം കുടിക്കുകയുണ്ടായി, പിന്നെ ഉഥ്മാൻ വന്ന് കൊണ്ട് ആ ബക്കറ്റിൻെറ പിടുത്തം പിടിച്ച് മതിവരുവോളം കുടിച്ചു, പിന്നെ അലി വന്ന്കൊണ്ട് അതിൻെറ പിടുത്തത്തിൽ പിടിച്ച് കുടിക്കുകയും, അൽപം അതിൽ നിന്ന് അദ്ദേഹത്തിൻെറ മേൽ തെറിച്ച് വീഴുകയും ചെയ്തു." (അഹ്മദ്, അബൂദാവൂദ്. ഈ ഹദീസ് ദുർബ്ബലമാണ്). എന്നാൽ ഇതിനേക്കാൾ ശക്തമായ തെളിവാണ് ഈ നാല് പേരുടെയും ഖിലാഫത്തിന് ഇജ്മാഉണ്ട്. വഴിപിഴച്ചവരും, മുബ്തദിഉകളുമല്ലാതെ ആരും തന്നെ ഇവരുടെ ഖിലാഫത്തിനെ ചോദ്യം ചെയ്യുകയില്ല.

**212- മൂന്നാളുകളുടെ ഖിലാഫത്തിന് മൊത്തത്തിലുള്ള തെളിവ് എന്താണ്?**

ഉത്തരം: ഇതിന് ഒരുപാട് തെളിവുകളുണ്ട്. അതിൽപെട്ടതാണ് അബൂബക്കർ﴾﵁﴿വിൻെറ ഹദീസ്. ഒരുദിവസം പ്രവാചകൻ﴾ﷺ﴿ പറയുകയുണ്ടായി:

(مَنْ رَأَى مِنْكُمْ رُؤْيَا فَقَالَ رَجُلٌ أَنَا رَأَيْتُ كَأَنَّ مِيزَانًا نَزَلَ مِنَ السَّمَاءِ فَوُزِنْتَ أَنْتَ وَأَبُو بَكْرٍ فَرَجَحْتَ أَنْتَ بِأَبِي بَكْرٍ وَوُزِنَ أَبُو بَكْرٍ وَعُمَرُ فَرَجَحَ أَبُو بَكْرٍ وَوُزِنَ عُمَرُ وَعُثْمَانُ فَرَجَحَ عُمَرُ ثُمَّ رُفِعَ الْمِيزَانُ ...) ( صحيح ) رواه أبو داود ( **4634** ) ، والترمذي ( **2278** ) ، والحاكم ( **3 / 70 ، 71** ) قال الترمذي : هذا

حديث حسن صحيح وسكت عنه الإمام أبو داود ، وقال الحاكم : هذا حديث صحيح على شرط الشيخين ، ولم يخرجاه ، وتعقبه الذهبي بقوله : أشعث هذا ثقة لكن ما احتجا به ، وصححه الألباني .

**"ആരാണ് നിങ്ങളിൽ സ്വപ്നം കണ്ടിട്ടുള്ളത്? അപ്പോൾ ഒരാൾ പറയുകയുണ്ടായി: ഞാൻ കണ്ടിട്ടുണ്ട്, ആകാശത്ത് നിന്ന് ഒരു തുലാസ് ഇറങ്ങി ] ന്നു, അങ്ങിനെ അതിൽ താങ്കൾ താങ്കളെയും അബൂബക്കറിനെയും തൂക്കി നോക്കി, അങ്ങിനെ താങ്കൾ അബൂബക്കറിനേക്കാളും ഘനം തൂങ്ങി, അങ്ങിനെ അബൂബക്കറിനെയും ഉമറിനെയും തൂക്കി, അബൂബക്കർ ഉമറിനെക്കാൾ ഘനം തൂങ്ങി, ഉമറിനെയും ഉഥ്മാനിനെയും തക്കിയപ്പോൾ ഉമർ ഉഥ്മാനിനേക്കാൾ ഘനം തൂങ്ങുകയും ചെയ്തു. പിന്നെ ആ തുലാസ് ഉയർത്തപ്പെടുകയും ചെയ്തു"(അബൂദാവൂദ്,തിർമിദി. സ്വഹീഹായ ഹദീസ്).**

**പ്രവാചകൻ《ﷺ》 പറയുകയുണ്ടായി:**

(أُرِيَ اللَّيْلَةَ رَجُلٌ صَالِحٌ أَنَّ أَبَا بَكْرٍ نِيطَ بِرَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَنِيطَ عُمَرُ بِأَبِي بَكْرٍ وَنِيطَ عُثْمَانُ بِعُمَرَ ) ( إسناده ضعيف ) رواه أحمد ( **3 / 355** ) ، وأبو داود ( **4636** ) ، وابن أبي عاصم ( **1134** ) ، والحاكم ( **3 / 71 ، 72** ) وصححه ووافقه الذهبي ، وفي سنده عمرو بن أبان قال عنه الحافظ : مقبول ولم يوثقه غير ابن حبان ، وقال الحافظ في التهذيب : قال ابن حبان : روى عن جابر ولا أدري أسمع منه أم لا وقال المنذري : فعلى هذا فالإسناد منقطع ، لأن الزهري لم يسمع من جابر ، وضعفه الألباني .

**"രാത്രിയിൽ സ്വാലിഹായ ഒരു മനുഷ്യൻ സ്വപ്നം കാണുകയുണ്ടായി: അബൂബക്കർ പ്രവാചകൻ《ﷺ》യെ പിൻപറ്റി പിന്നിൽ നടക്കുകയുണ്ടായി, ഉമർ《رضي الله عنه》 അബൂബക്കർ《رضي الله عنه》 വിനെ പിൻപറ്റി പിന്നിൽ നടക്കുകയുണ്ടായി, ഉഥ് മാൻ ഉമർ《رضي الله عنه》വിനെ പിൻപറ്റി പിന്നിൽ നടക്കുകയുണ്ടായി" (അഹ്മദ്, അ ബൂദാവൂദ്. ഈ ഹദീസ് ദുർബ്ബലമാണ്). രണ്ട് ഹദീസുകളും സുനനുകളി ലാണ്.**



**213- അബൂബക്കറിൻെറയും ഉമറിൻെറയും ഖിലാഫത്തിന് മൊത്തത്തിലുള്ള തെളിവ് എന്താണ്?**

**ഉത്തരം: ഒരുപാട് തെളിവുകളുണ്ട്. അതിൽ പെട്ടതാണ് സ്വഹീഹായ താഴെ വരുന്ന ഹദീസ്: പ്രവാചകൻ《ﷺ》 പറയുകയുണ്ടായി:**

( بَيْنَا أَنَا نَائِمٌ رَأَيْتُنِي عَلَى قَلِيبٍ وَعَلَيْهَا دَلْوٌ فَنَزَعْتُ مِنْهَا مَا شَاءَ اللَّهُ ثُمَّ أَخَذَهَا ابْنُ أَبِي قُحَافَةَ فَنَزَعَ مِنْهَا ذَنُوبًا أَوْ ذَنُوبَيْنِ وَفِي نَزْعِهِ ضَعْفٌ وَاللَّهُ يَغْفِرُ لَهُ ثُمَّ اسْتَحَالَتْ غَرْبًا فَأَخَذَهَا عُمَرُ بْنُ الْخَطَّابِ فَلَمْ أَرَ عَبْقَرِيًّا مِنَ النَّاسِ يَنْزِعُ نَزْعَ عُمَرَ بْنِ الْخَطَّابِ حَتَّى ضَرَبَ النَّاسُ بِعَطَنٍ) رواه البخاري ( **3633 ، 3676 ، 3682** ) ، ومسلم ( فضائل الصحابة / **17 ، 19** ) .

**"ഞാൻ ഉറങ്ങവെ എന്നെ ഒരു കിണറിനരികിൽ ഞാൻ കാണുകയുണ്ടായി, അതിൽ ഒരു ബക്കറ്റുമുണ്ടായിരുന്നു, അങ്ങിനെ അല്ലാഹു ഉദ്ദേശിക്കുന്നതെല്ലാം ഞാനതിൽ നിന്ന് ഊരിയെടുത്തു, പിന്നെ അത് എടുത്തത് അബൂകുഹാഫയുടെ മകനാണ് അദ്ദേഹം അതിൽ നിന്ന് ഒരു ബക്കറ്റോ, രണ്ട് ബക്കറ്റോ എടുക്കുകയുമുണ്ടായി, അദ്ദേഹത്തിൻെറ എടുക്കലിൽ ദുർബ്ബലതയുണ്ടായിരുന്നു, അല്ലാഹു അദ്ദേഹത്തിന് പൊറുത്ത് കൊടുക്കുമാറാവട്ടെ, പിന്നെ നല്ല ശക്തിയാൽ അതിനെ ഖത്വാബിൻെറ മകൻ എടുക്കുകയുണ്ടായി, ഉമറിനെപോലെ മറ്റാരും അത് എടുക്കുന്നതായി ജനങ്ങളിൽ ഒരാളെയും കണ്ടിട്ടില്ല. അങ്ങിനെ അദ്ദേഹവും അദ്ദേഹത്തിൻെറ ഒട്ടകങ്ങളും അതിൽ നിന്ന് വെള്ളം കുടിക്കുകയും, അതിൽ ആധിപത്യം നേടുകയും ചെയ്തു" (ബുഖാരി, മുസ്ലിം).**

**214- അബൂബർ《رضي الله عنه》വിൻെറ ഖിലാഫത്തിനും, അദ്ദേഹത്തെ മുന്തിപ്പിക്കുവാനുമുള്ള തെളിവുകൾ വ്യക്തമാക്കുക?**

**ഉത്തരം: ഒരുപാട് തെളിവുകൾ ഉണ്ട്, ഈ സന്ദർഭത്തിൽ എണ്ണികണക്കാക്കുവാൻ സാധ്യമല്ല, അതിൽ ചിലത് മുകളിൽ നാം കൊടുത്തിട്ടുണ്ട്. ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്ന ഒരു ഹദീസ് ശ്രദ്ധിക്കുക:**

( أَتَتِ امْرَأَةٌ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَأَمَرَهَا أَنْ تَرْجِعَ قَالَتْ: أَرَأَيْتَ إِنْ جِئْتُ وَلَمْ أَجِدْكَ كَأَنَّهَا تَقُولُ الْمَوْتَ، قَالَ صَلَّى اللهُ عَلَيْهِ وَسَلَّمَ: إِنْ لَمْ تَجِدِينِي فَأْتِي أَبَا بَكْرٍ ) رواه البخاري ( **3659** ، **7220** ، **7360** ) ، ومسلم ( فضائل الصحابة / **10** ) .

**"പ്രവാചകൻ﴾ﷺ﴿യുടെ അടുത്ത് ഒരു സ്ത്രീ വന്നു, പ്രവാചകൻ അവളോട് മടങ്ങി പോകുവാൻ കൽപിച്ചു, അപ്പോൾ അവൾ പറയുകയുണ്ടായി: ഞാ ൻ ഇനി വരുമ്പോൾ താങ്കളെ കണ്ടില്ലെങ്കിലോ? അവൾ മരണത്തെപ്പറ്റി പറയുന്നത്പോലെ- അപ്പോൾ പ്രവാചകൻ﴾ﷺ﴿ പറയുകയുണ്ടായി: എന്നെ നീ കണ്ടില്ലെങ്കിൽ അബൂബക്കർ﴾﵁﴿വിൻെറയടുത്തേക്ക് പോകുക" (ബുഖാ രി, മുസ്ലിം).**

**ഇമാം മുസ്ലിം ഉദ്ധരിക്കുന്ന സ്വഹീഹായ ഹദീസിൽ കാണാവുന്നതാണ്: ആയിശാ﴾﵂﴿ പറയുന്നു, പ്രവാചകൻ﴾ﷺ﴿ എന്നോട് പറയുകയുണ്ടായി:**

(ادْعِي لِي أَبَا بَكْرٍ أَبَاكِ وَأَخَاكِ حَتَّى أَكْتُبَ كِتَابًا فَإِنِّي أَخَافُ أَنْ يَتَمَنَّى مُتَمَنٍّ وَيَقُولُ قَائِلٌ أَنَا أَوْلَى وَيَأْبَى اللهُ وَالْمُؤْمِنُونَ إِلاَّ أَبَا بَكْرٍ) (رواه مسلم ( فضائل الصحابة / **11** ) .

**"നീ നിൻെറ പിതാവായ അബൂബക്കറിനെയും, സഹോദരനെയും വിളിക്കുക, ഞാൻ ഒരു എഴുത്ത് എഴുതാം, ഞാനാണ് ഏറ്റവും ഉന്നതൻ എന്ന് ആഗ്രഹിക്കുന്നവൻ ആഗ്രഹിക്കുന്നതിനെയും, പറയുന്നവൻ പറയുന്നതിനെയും ഞാൻ ഭയപ്പെടുന്നു. അബൂബക്കറിനല്ലാതെ മറ്റാർക്കെങ്കിലുമത് നൽകുന്നത് അല്ലാഹുവും, സത്യ വിശ്വാസികളും വെറുത്തിരിക്കുന്നു" (മുസ്ലിം).**

**അതുപോലെതന്നെ പ്രവാചകൻെറ മരണത്തിൻെറ വേളയിലെ രോഗസമയത്ത് അബൂബക്കർ﴾﵁﴿നോട് ഇമാമത്ത് നിൽക്കുവാൻ കൽപിക്കുകയുണ്ടായി, മുഹാജിറുകളും, അൻസാറുകളും അവർക്ക്ശേഷമുള്ള മു**



**ഴുവൻ സ്വഹാബാക്കളും അബൂബക്കർ﴾﵁﴿വിൻെറ ഖിലാഫത്ത് അംഗീകരിച്ചവരാകുന്നു.**

**215- അബൂബക്കർ﴾﵁﴿വിന് ശേഷം ഖിലാഫത്തിൽ ഉമർ വിനെ മുന്തിപ്പിക്കുവാനുള്ള തെളിവന്തൊണ്?**

**ഉത്തരം: ഒരുപാട് തെളിവുകളുണ്ട്. അതിൽപെട്ടത് ചിലത് നാം മുകളിൽ പറഞ്ഞിട്ടുണ്ട്. അതിൽപെട്ടതാണ് പ്രവാചകൻ﴾ﷺ﴿ പറയുന്നു:**

(إِنِّي لاَ أَدْرِي مَا بَقَائِي فِيكُمْ فَاقْتَدُوا بِاللَّذَيْنِ مِنْ بَعْدِي وَأَشَارَ إِلَى أَبِي بَكْرٍ وَعُمَرَ ) ( صحيح ) رواه أحمد ( **5** / **382** ) ، والترمذي ( **3662** ، **3663** ) ، وابن ماجه ( **97** ) ، وابن أبي عاصم ( **1148** ، **1149** ) ، والحاكم ( **3** / **75** ) ، والطحاوي ( **2** / **83** ، **84** ) وصححه الحاكم ووافقه الذهبي ، وقال الترمذي : هذا حديث حسن ، وصححه الألباني .

**"നിങ്ങളിൽ ഞാൻ എത്ര കാലം ജീവിക്കുമെന്ന് എനിക്കറിയില്ല, അതുകൊണ്ട് എനിക്ക് ശേഷമുള്ളവരെ നിങ്ങൾ പിൻപറ്റുക, അങ്ങിനെ അബൂബക്കറിലേക്കും, ഉമറിലേക്കും ചൂണ്ടി കാണിക്കുകയുണ്ടായി" (അഹ്മദ്, തിർമിദി).**

**കടലിലെ തിരമാലകളെപോലെ ഫിത്ന ആഞ്ഞടിക്കുമെന്ന് പ്രതിപാധിച്ച ഹദീസിൽ ഹുദൈഫ ഉമർ﴾﵁﴿വിനോട് പറയുന്നു:**

( إِنَّ بَيْنَكَ وَبَيْنَهَا بَابًا مُغْلَقًا قَالَ:أ يُفْتَحُ الْبَابُ أَوْ يُكْسَرُ؟ قَالَ لاَ بَلْ يُكْسَرُ قال: عمر : إذا لا يغلق ، فكان الباب عمر وكسره قتله ) رواه البخاري ( **525** ، **1435** ، **1895** ) ، ومسلم ( الإيمان / **231** ) ، وأحمد ( **5** / **386** ، **401** ) .

**"നിനക്കും അതിനുമിടയിൽ അടഞ്ഞിരിക്കുന്ന ഒരു കവാടമുണ്ട്, അപ്പോൾ ചോദിക്കപ്പെട്ടു: ആ കവാടം തുറക്കപ്പെടുമോ അതോ പൊട്ടിക്കപ്പെടുമോ? പറഞ്ഞു: അല്ല അത് പൊട്ടിക്കപ്പെടും, അപ്പോൾ ഉമർ﴾﵁﴿പറഞ്ഞു: അപ്പോൾ അത് അടക്കപ്പെടുകയില്ല. വാതിൽ ഉമറും, പൊട്ടിക്കൽ അദ്ദേഹത്തി**

ൻെറ വധവുമായിരുന്നു" (ബുഖാരി, മുസ്‌ലിം). അബൂബക്കർ(ﷺ)വിന് ശേഷം ഖിലാഫത്തിന് ഉമർ(ﷺ)വിനെ മുന്തിപ്പിച്ചതിൽ മുസ്‌ലിം സമുദായത്തിൻെറ ഇജ്‌മാഉമുണ്ട്.

**216- അബൂബക്കർ(ﷺ)വിനും, ഉമർ(ﷺ)വിനും ശേഷം ഖിലാഫത്തിന്**

**ഉഥ്‌മാൻ(ﷺ)വിനെ മുന്തിപ്പിക്കുവാനുള്ള തെളിവ് എന്താണ്?**

ഉത്തരം: ഇതിന് തെളിവായി അനവധി തെളിവുകൾ കാണാവുന്നതാണ്. അതിൽ പെട്ടതാണ് കഅബ്ബ്നു ഹുജ്റയുടെ ഹദീസ്: "പ്രവാചകൻ(ﷺ) ഫിത്നയെ സംബന്ധിച്ച് അറിയിച്ച് തന്നു, ആ സന്ദർഭത്തിൽ തലയിൽ വസ്ത്രമിട്ട് പകുതി മുഖവും മറച്ച്കൊണ്ട് ഒരാൾ നടന്ന് പോയി, അപ്പോൾ പ്രവാചകൻ(ﷺ) പറയുകയുണ്ടായി: ഇദ്ദേഹം സന്മാർഗത്തിലായി രിക്കും, അങ്ങിനെ ഞാൻ അദ്ദേഹിൻറടുത്തേക്ക് പെട്ടെന്ന് പോയി കൈത ണ്ടയിൽ പിടിച്ചു, അപ്പോൾ അത് ഉഥ്‌മാനാ(ﷺ)യിരുന്നു, പിന്നെ ഞാൻ പ്ര വാചകൻ(ﷺ)യുടെ അടുത്തേക്ക് മുന്നിട്ടു, ഞാൻ ചോദിച്ചു, ഇദ്ദേഹമാ ണോ, പറഞ്ഞു: അദ്ദേഹം തന്നെയാണ്" (ഇബ്നുമാജ. ഇമാം തിർമിദി മുർ റബ്നു കഅബിൽ നിന്ന് ഉദ്ധരിച്ചിട്ടുണ്ട്.)

ആയിശാ(ﷺ) പറയുന്നു: പ്രവാചകൻ(ﷺ) പറയുകയുണ്ടായി:

(يَا عُثْمَانُ إِنْ وَلاَّكَ اللهُ هَذَا الأَمْرَ يَوْمًا فَأَرَادَكَ الْمُنَافِقُونَ أَنْ تَخْلَعَ قَمِيصَكَ الَّذِي قَمَّصَكَ اللهُ فَلاَ تَخْلَعْهُ يَقُولُ ذَلِكَ ثَلاَثَ مَرَّاتٍ) ( صحيح ) رواه أحمد ( 6 / 75 ، 86 ، 87 ) ، والترمذي ( 3705 ) ، وابن ماجه ( 112 ) وقال الحاكم : صحيح عالي الإسناد ولم يخرجاه ، وتعقبه الذهبي بقوله : أنى له الصحة ومداره على فرج بن فضالة . وصححه الألباني وتعقب قول الذهبي بقوله : قد توبع ، وبين متابعاته التي صححه بها ، انظر ظلال الجنة في تخريج السنة ( 1172 )



"അല്ലയോ ഉഥ്‌മാൻ, ഒരു ദിവസം അല്ലാഹു ഈ കാര്യം താങ്കളെ ഏൽപിച്ചാൽ, അല്ലാഹു താങ്കളെ ധരിപ്പിച്ച കുപ്പായം കപട വിശ്വാസികൾ ഊരാൻ ഉദ്ദേശിച്ചാൽ, അത് താങ്കൾ ഊരരുത്. ഇത് മൂന്ന് പ്രാവശ്യം പറയുകയുണ്ടായി" (ഇബ്നുമാജ).

അതുപോലെ ഉമർ(ﷺ) നിയോഗിച്ച മുശാവറ അംഗങ്ങൾ മുഴുവനും ഉഥ്‌മാൻ(ﷺ)വിൻെറ ഖിലാഫത്തിൽ യോജിച്ചവരാണ്, പിന്നീട് മുഴുവൻ സ്വഹാബാക്കളും യോജിച്ചിട്ടുണ്ട്. ആദ്യം ബൈഅത്ത് ചെയ്തത് അലി(ﷺ)വാണ്, പിന്നെ അബ്ദുർറഹ്‌മാനുബ്നു ഔഫ്(ﷺ)വും പിന്നീട് ജനങ്ങ ൾ മുഴുവനും ബൈഅത്ത് ചെയ്തു.

**217- അലി(ﷺ)വിൻെറ ഖിലാഫത്തിനും, അദ്ദേഹത്തിന് ശേഷമുള്ളവരിൽ നിന്ന് അദ്ദേഹത്തിനുള്ള ശ്രേഷ്ടതക്കുമുള്ള തെളിവ് എന്താണ്?**

ഉത്തരം: പ്രവാചകൻ(ﷺ) പറയുന്നു:

(وَيَقُولُ وَيْحَ عَمَّارٍ تَقْتُلُهُ الْفِئَةُ الْبَاغِيَةُ يَدْعُوهُمْ إِلَى الْجَنَّةِ وَيَدْعُونَهُ إِلَى النَّارِ)

رواه البخاري ( 447 ، 2812 ) ، ومسلم ( الفتن / 70 ، 72 ، 73 ) .

"അമ്മാറിനോട് അനുകമ്പ കാണിച്ച് പറയുന്നു: അദ്ദേഹത്തെ പിഴച്ച വിഭാഗം വധിക്കുന്നതാണ്, അവരെ അദ്ദേഹം ക്ഷണിക്കുന്നത് സ്വർഗത്തിലേക്കും, അദ്ദേഹത്തെ അവർ ക്ഷണിക്കുന്നത് നരകത്തിലേക്കുമാണ്" (ബുഖാരി, മുസ്‌ലിം).

അദ്ദേഹം അലി(ﷺ)വിനോടൊപ്പമായിരുന്നു. അദ്ദേഹത്തെ ശാമുകാരാണ് വധിച്ചത്. അദ്ദേഹം അവരെ സുന്നത്തിലേക്കും, ജമാഅത്തിലേക്കുമാണ് ക്ഷണിച്ചത്, അതുപോലെ യഥാർത്ഥ ഇമാമായ അലി(ﷺ) വിലേക്കുമാ ണ്. പ്രവാചകൻ(ﷺ) വീണ്ടും ഈ കാര്യത്തിൽ പറയുന്നു:

(تَمْرُقُ مَارِقَةٌ عِنْدَ فُرْقَةٍ مِنَ الْمُسْلِمِينَ يَقْتُلُهَا أَوْلَى الطَّائِفَتَيْنِ بِالْحَقِّ) (رواه مسلم ( الزكاة / 149، 150، 151 ) .

"ദീനിൽ നിന്നും പെട്ടെന്ന് തെറിച്ച് പോയ ഖവാരിജുകൾ മുസ്ലീംകളിൽ പെട്ട രണ്ട് വിഭാഗത്തിലെ സത്യത്തിനോട് ഏറ്റവും അടുത്ത് നിൽക്കുന്ന വി ഭാഗത്തെ അവർ വധിക്കുന്നു" (മുസ്ലിം).

ഖവാരിജുകൾ അലി(ﷺ)വിനെ ഹജ്ജിൻെറ അറവിൻെറ ദിവസം വധിക്കു കയുണ്ടായി. അലി(ﷺ) സത്യത്തിലായിരുന്നുവെന്ന് അഹ്ലുസുന്നത്തി വൽ ജമാഅയുടെ ആളുകൾ മുഴുവനും യോജിച്ചിട്ടുണ്ട്.

**218- കൈകാര്യ കർത്താക്കളോട് നാം കാണിക്കേണ്ട നിർബ്ബന്ധ ബാധ്യതകൾ എന്തെല്ലാമാണ്?**

ഉത്തരം: അവർക്ക് നസ്വീഅത്ത് നൽകുകയും, സത്യത്തിൽ അവരെ തുടരു കയും, അതിൽ അവരെ അനുസരിക്കുകയും അനുകമ്പയോടെ അവരെ ഉണർത്തുകയും, അവരുടെ പിന്നിൽ നമസ്കരിക്കുകയും, അവരോടൊപ്പം ജിഹാദ് ചെയ്യുകയും, സകാത്തുകൾ അവരിലൂടെ നൽകുകയും, അവർ അക്രമം കാണിച്ചാൽ അതിൽ ക്ഷമിക്കുകയും, വ്യക്തമായ കുഫ്റ് കാണി ച്ചാലല്ലാതെ അവർക്കെതിരിൽ വാളെടുത്ത് പുറപ്പെടാതിരിക്കുകയും, അവർ ക്കെതിരിൽ പുറപ്പെടുന്നവരുടെ സുന്ദര വാഗ്ദാനങ്ങളിൽ കുടുങ്ങാതിരിക്കു കയും ചെയ്യുന്നതോടൊപ്പം അവർക്ക് നന്മക്കും, തൗഫീഖിനും വേണ്ടി പ്രാ ർത്ഥിക്കുകയും ചെയ്യുക.

**219- ഇതിനുള്ള തെളിവ് എന്താണ്?**

ഉത്തരം: ധാരാളം തെളിവുകളുണ്ട്: അല്ലാഹു പറയുന്നു:

{ يَـا أَيُّهَـا الَّذِيـنَ آمَنُـوا أَطِيعُـوا اللهَ وَأَطِيعُـوا الرَّسُـولَ وَأُولِي الْأَمْـرِ مِـنْكُمْ }

(النساء:**59**).

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹു വിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക' (നിസാഅ്: 59).

പ്രവാചകൻ(ﷺ) പറയുന്നു:



(يَا أَيُّهَا النَّاسُ اتَّقُوا اللهَ وَاسْمَعُوا وَأَطِيعُوا وَإِنْ أُمِّـرَ عَلَـيْكُمْ عَبْـدٌ حَبَشِيٌّ) رواه البخاري ( **693** ، **696** ، **7142** ) .

"അല്ലയോ ജനങ്ങളെ, എത്യോപ്യക്കാരനായ ഒരു അടിമയാണ് നിങ്ങളുടെ നേതൃത്വമായി വരുന്നതെങ്കിലും നിങ്ങൾ അദ്ദേഹത്തെ കേൾക്കുകയും അ നുസരിക്കുകയും ചെയ്യുക" (ബുഖാരി).

പ്രവാചക തിരുമേനി(ﷺ) വീണ്ടും പറയുന്നത് കാണുക:

(مَنْ رَأَى مِنْ أَمِيرِهِ شَيْئًا يَكْرَهُهُ فَلْيَصْبِرْ عَلَيْهِ فَإِنَّهُ مَنْ فَارَقَ الْجَمَاعَةَ شِبْرًا فَمَاتَ إِلاَّ مَاتَ مِيتَةً جَاهِلِيَّةً) رواه البخـاري ( **7053** ، **7054** ، **7143** ) ، ومسـلم ( الفتن / **55** ، **56** )

"തൻെറ അമീറിൽ നിന്ന് താൻ വെറുക്കുന്നത് വല്ലതും കാണുകയാണെ ങ്കിൽ അവൻ അതിൽ ക്ഷമിക്കട്ടെ, കാരണം ആരെങ്കിലും ജമാഅത്ത് ഒരു മുഴമെങ്കിലും പോകുകയാണെങ്കിൽ അവൻ ജാഹിലിയ്യാ മരണമല്ലാതെ മ രിക്കുകയില്ല" (ബുഖാരി).

വീണ്ടും റസൂലുല്ലാ(ﷺ)യുടെ ചര്യയിൽ നമുക്ക് കാണാം: ഉബാദ ത്തുബ്നു സ്വാമിത്ത്(ﷺ) പറയുന്നു:

(دَعَانَا رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: فَبَايَعْنَاهُ فَكَانَ فِيمَا أَخَذَ عَلَيْنَا أَنْ بَايَعَنَا عَلَى السَّمْعِ وَالطَّاعَةِ فِي مَنْشَطِنَا وَمَكْرَهِنَـا وَعُسْرِنَـا وَيُسْرِنَـا وَأَثَـرَةٍ عَلَيْنَـا وَأَنْ لاَ نُنَازِعَ الْأَمْرَ أَهْلَهُ قَالَ إِلاَّ أَنْ تَرَوْا كُفْرًا بَوَاحًا عِنْدَكُمْ مِنَ اللهِ فِيهِ بُرْهَانٌ) رواه البخاري ( **7052** ) ، ومسلم ( الإمارة / **41** ، **42** ) .

"പ്രവാചകൻ(ﷺ) ഞങ്ങളെ ക്ഷണിക്കുകയുണ്ടായി, അങ്ങിനെ ഞങ്ങൾ അ ദ്ദേഹത്തിന് ബൈഅത്ത് ചെയ്യുകയും ചെയ്തു, അങ്ങിനെ ഞങ്ങളുടെ ഉ ൽസാഹമുള്ള സമയത്തും, വെറുപ്പുള്ളതിലും, പ്രയാസത്തിലും, എളുപ്പത്തി ലും, നിയമങ്ങൾ മറ്റുള്ളവരെക്കാൾ മുന്തിപ്പിക്കുന്നതിലും, കാര്യങ്ങളിൽ അ തിൻെറ ആളുകളോട് തർക്കിക്കാതിരിക്കുവാനും അദ്ദേഹത്തെ കേൾക്കു വാനും, അനുസരിക്കുവാനും ഞങ്ങൾ അദ്ദേഹത്തിന് ബൈഅത്ത് ചെയ്

തു. വ്യക്തവും പ്രത്യക്ഷവുമായുള്ള കുഫ്റ് കണ്ടാലല്ലാതെ നിങ്ങൾ അദ്ദേഹത്തിന് എതിരാവരുത്, അങ്ങിനെ കണ്ടാൽ അല്ലാഹുവിൻെറയടുത്ത് നിങ്ങൾക്ക് തെളിവുണ്ടാകും" (ബുഖാരി, മുസ്‌ലിം).

റസൂലുല്ലാഹ്《ﷺ》 വീണ്ടും തുടരുന്നു:

( إِنْ أُمِّرَ عَلَيْكُمْ عَبْدٌ مُجَدَّعٌ أَسْوَدُ يَقُودُكُمْ بِكِتَابِ اللَّهِ فَاسْمَعُوا لَهُ وَأَطِيعُوا )

رواه مسلم ( الإمارة / 37 ) ، وأحمد ( 4 / 70 ) .

"മൂക്കിൻെറയോ, ചെവിയുടെയോ ഭാഗങ്ങൾ മുറിഞ്ഞ, കറുത്ത ഒരു അടിമയാണ് നിങ്ങൾക്ക് നേതാവായി, കൈകാര്യ കർത്താവായി വന്നു കൊണ്ട് വിശുദ്ധ ഖുർആനിൻെറ അടിസ്ഥാനത്തിൽ നിങ്ങളെ നയിക്കുന്നുവെങ്കിൽ നിങ്ങൾ അദ്ദേഹത്തെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക" (മുസ്‌ലിം).

തിരുമേനി《ﷺ》 വീണ്ടും നമ്മെ ഉണർത്തുന്നു:

(السَّمْعُ وَالطَّاعَةُ عَلَى الْمَرْءِ الْمُسْلِمِ فِيمَا أَحَبَّ وَكَرِهَ مَا لَمْ يُؤْمَرْ بِمَعْصِيَةٍ فَإِذَا أُمِرَ بِمَعْصِيَةٍ فَلاَ سَمْعَ وَلاَ طَاعَةَ ) رواه البخاري ( 1724 ، 2955 ) ، ومسلم ( الإمارة / 38 ) .

"ഇഷ്ടപ്പെടുന്നതിലും വെറുക്കുന്നതിലും ഒരു മുസ്‌ലിം തൻെറ നേതാവിനെ കേൾക്കലും അനുസരിക്കലും അവൻെറ ബാധ്യതയാകുന്നു, എന്നാൽ തിന്മ കൽപിക്കുകയാണെങ്കിൽ ആ തിന്മയിൽ കേൾക്കലും അനുസരണവുമില്ല" (ബുഖാരി, മുസ്‌ലിം). പ്രവാചകൻ《ﷺ》 വീണ്ടും തുടരുന്നു:

(إِنَّمَا الطَّاعَةُ فِي الْمَعْرُوفِ) رواه البخاري ( 4340 ، 7257 ) ، ومسلم ( الإمارة / 39 ، 40 ) .

"തീർച്ചയായും അനുസരണം നന്മയിലാകുന്നു" (ബുഖാരി, മുസ്‌ലിം).

തിരുമേനി《ﷺ》 പറയുന്നു:

(وَإِنْ ضُرِبَ ظَهْرُكَ وَأُخِذَ مَالُكَ فَاسْمَعْ وَأَطِعْ) رواه مسلم ( الإمارة / 52 ) .



"നിൻെറ മുതുകിൽ അടിച്ചാലും, നിൻെറ ധനം പിടിച്ചെടുത്താലും നീ കൈകാര്യ കർത്താവിനെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക" (മുസ്‌ലിം).

തിരുമേനി《ﷺ》 പറയുന്നു:

(مَنْ خَلَعَ يَدًا مِنْ طَاعَةٍ لَقِيَ اللَّهَ يَوْمَ الْقِيَامَةِ لاَ حُجَّةَ لَهُ وَمَنْ مَاتَ وَلَيْسَ فِي عُنُقِهِ بَيْعَةٌ مَاتَ مِيتَةً جَاهِلِيَّةً) رواه مسلم ( الإمارة / 58 ) .

"അനുസരണത്തിൽ നിന്ന് ആരെങ്കിലും ഒഴിഞ്ഞ് മാറുകയാണെങ്കിൽ അവൻ തെളിവില്ലാതെയാണ് അവസാന നാളിൽ അല്ലാഹുവിനെ കണ്ട് മുട്ടുക. ഥൻെറ മുതുകിൽ ബൈഅത്തില്ലാതെയാണ് ഒരാൾ മരിക്കുന്നതെങ്കിൽ അവൻ ജാഹിലിയ്യാ മരണമാണ് മരിക്കുന്നത്" (മുസ്‌ലിം).

പ്രവാചകൻ《ﷺ》 പറയുന്നു:

(مَنْ أَرَادَ أَنْ يُفَرِّقَ أَمْرَ هَذِهِ الْأُمَّةِ وَهِيَ جَمِيعٌ فَاضْرِبُوهُ بِالسَّيْفِ كَائِنًا مَنْ كَانَ ) رواه مسلم ( الإمارة / 59 ، 60 ) .

"ഈ സമുദായത്തിൻെറ കാര്യങ്ങൾ ആരെങ്കിലും ഭിന്നിപ്പിക്കുവാൻ ഉദ്ദേശിക്കുകയാ ണെങ്കിൽ, അവർ എല്ലാവരും ഒരു നേതാവിന് കീഴിലാണ് ജീവിക്കുന്നത്, അതുകൊണ്ട് തന്നെ ഭിന്നിപ്പുണ്ടാക്കുന്നവനെ അവൻ എങ്ങിനെയായിരുന്നാലും വാള്കൊണ്ട് വധിക്കുക" (മുസ്‌ലിം).

തിരുമേനി《ﷺ》 വീണ്ടും പറയുന്നു:

(سَتَكُونُ أُمَرَاءُ فَتَعْرِفُونَ وَتُنْكِرُونَ فَمَنْ عَرَفَ بَرِئَ وَمَنْ أَنْكَرَ سَلِمَ وَلَكِنْ مَنْ رَضِيَ وَتَابَعَ قَالُوا أَفَلاَ نُقَاتِلُهُمْ قَالَ لاَ مَا صَلَّوْا) رواه مسلم (الإمارة / 62 ، 63 ، 64 )

"ഒരുവിഭാഗം നേതാക്കളുണ്ടാകും, അവർ ചെയ്യുന്ന തിന്മകളും നന്മകളും നിങ്ങൾക്കറിയാം, അങ്ങിനെ ആരെങ്കിലും അത് മനസിലാക്കിയാൽ അവൻ നിരപരാധിയായി, ആരെങ്കിലും ആ നേതാവിനെ തിരുത്തിയാൽ അവൻ രക്ഷപ്പെട്ടു, പക്ഷേ, ആരാണോ അത് തൃപ്തിപ്പെടുകയും പിൻപറ്റുകയും ചെയ്യുന്നത് അവന് തെറ്റ് പറ്റി. അപ്പോൾ സ്വഹാബികൾ ചോദിച്ചു: അ

**പ്പോൾ അവരോട് യുദ്ധം ചെയ്യേണ്ടതില്ലേ? തിരുമേനി﴿ﷺ﴾ പറഞ്ഞു: ഇല്ല, അവർ നമസ്കരിക്കുന്നവരല്ലേ?" (മുസ്‌ലിം).**

**ഒരുപാട് ഹദീസുകൾ ഈ വിഷയത്തിൽ നമുക്ക് സ്വഹീഹായി ത ന്നെ കാണാവുന്നതാണ്.**

## 220- നന്മ കൽപിക്കലും, തിന്മ വിരോധിക്കലും ആർക്കാണ് നിർബ്ബ ന്ധമായിട്ടുള്ളത്, അതിൻെറ ഘട്ടങ്ങൾ ഏതെല്ലാമാണ്?

**ഉത്തരം: അല്ലാഹു പറയുന്നു:**

{ وَلْتَكُنْ مِنْكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ وَأُولَئِكَ هُمُ الْمُفْلِحُونَ }(آل عمران:**104**)

'നൻമയിലേക്ക് ക്ഷണിക്കുകയും, സദാചാരം കൽപിക്കുകയും, ദുരാചാ രത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ' (ആലുഇംറൻ:104).

**പ്രവാചകൻ﴿ﷺ﴾ പറയുകയുണ്ടായി:**

( مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ وَذَلِكَ أَضْعَفُ الإِيمَانِ) رواه مسلم ( الذكر / **100** ) ، والبخاري في الأدب ( **5974** ) .

**"നിങ്ങളിൽ ആരെങ്കിലും ഒരു തിന്മ കാണുകയാണെങ്കിൽ അവൻ അത് തൻെറ കൈ കൊണ്ട് തടുക്കട്ടെ, അതിന് സാധ്യമല്ലായെങ്കി ൽ അവൻ തൻെറ നാവ് കൊണ്ട്, അതിനും സാധ്യമല്ലെങ്കിൽ ത ൻെറ ഹൃദയം കൊണ്ട്. അതാണ് ഈമാനിൻെറ ഏറ്റവും ദുർബ്ബല മായ അവസ്ഥ" (മുസ്‌ലിം).**

**ഈ വിഷയത്തിൽ അനവധി ആയത്തുകളും, ഹദീസുകളും നമുക്ക് കാണാൻ സാധിക്കും ഈ അവസരത്തിൽ ഇത്രമാത്രമെ ഉദ്ദരിക്കുന്നുള്ളൂ, ഇതെല്ലാം സുചിപ്പിക്കുന്നത് ആരെങ്കിലും തിന്മ കാണുകയാണെങ്കിൽ അവ**



**ൻെറ കഴിവിനനുസരിച്ച് അവൻ അതിനെ തടയേണ്ടതുണ്ട്, താൻ കണ്ട തിന്മയെ മറ്റാരെങ്കിലും തടഞ്ഞാൽ രക്ഷപ്പെട്ടു, ഇല്ലായെങ്കിൽ കുറ്റക്കാരനാ കും.ആരാണോ ഈ കാര്യത്തിൽ കൂടുതൽ കഴിവുള്ളത് അവൻ ഇത് ചെ യ്യാൻ കൂടുതൽ അർഹനാണ്. നന്മ കൽപിക്കുകയും, തിന്മ വിരോധിക്കു കയും ചെയ്യാതെ തിന്മ അധികരിച്ച് അല്ലാഹുവിൻെറ ശിക്ഷ ഇറങ്ങുകയാ ണെങ്കിൽ തെറ്റു ചെയ്യുന്നവർ മാത്രമല്ല അതിൽ പെട്ട്പോവുകയെന്ന് നാം മനസിലാക്കണം.ഈ വിഷയംമാത്രം നാം ഒരു ചെറിയ ലേഖനത്തിലൂ ടെ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. അത് ഈ വിഷയത്തിൽ വ്യക്തമാ യ അറിവുണ്ടാക്കുന്നതാണ്. അല്ലാഹുവിനാണ് സ്തുതിയും, അനുഗ്രഹവും.**

## 221- ഔലിയാക്കളുടെ കറാമത്തിൻെറ വിധിയെന്താണ്?

**ഉത്തരം: ഔലിയാക്കളുടെ കറാമത്തുകൾ സത്യമാണ്, അസാധാരമണമായ കാര്യങ്ങൾ അവരുടെ കൈകളിലൂടെ അല്ലാഹു കാണിച്ച് കൊടുക്കുന്നതാ ണ്, അത്കൊണ്ടവർക്ക് ആരെയും വെല്ലുവിളിക്കുവാനോ, തങ്ങൾ ഉദ്ദേശി ക്കുമ്പോൾ കൊണ്ട് വരുവാനോ സാധ്യമല്ല, മറിച്ച് അല്ലാഹു ഉദ്ദേശിക്കു മ്പോൾ അവൻ ഉദ്ദേശിക്കുന്ന രൂപത്തിൽ ഔലിയാക്കളുടെ കൈകളിലൂടെ അസാധാരണമായ കാര്യങ്ങൾ സംഭവിക്കുകയാണ്, അത് പൂർവ്വിക സമു ദായത്തിലും അവരുടെ പ്രവാചകന്മാരുടെ മുഅ്ജിസത്തിൻെറ ഭാഗമായി സംഭവിച്ചിട്ടുണ്ട്. അതിൽപെട്ടതാണ് ഗുഹാവാസികളുടെ സംഭവം, അതു പോലെ ഗുഹയിലകപ്പെട്ട മൂന്നാളുകളുടെ സംഭവം, ജുറൈജിൻെറ സംഭ വം തുടങ്ങിയതെല്ലാം അവരവരുടെ പ്രവാചകൻമാരുടെ മുഅ്ജിസത്തി ൻെറ ഭാഗാമായിരുന്നു. അതുകൊണ്ട് തന്നെ നമ്മുടെ പ്രവാചകന് അല്ലാ ഹു നൽകിയ ഉന്നതമായ മുഅ്ജിസത്തുകൾ കാരണം തന്നെ ഈ സമു ദായത്തിൽ അല്ലാഹു അനേകം കറാമത്തുകൾ ഇസ്‌ലാം പരിചയപ്പെടുത്തു ന്ന ഔലിയാക്കളുടെ കൈകളിലൂടെ കാണിച്ചിട്ടുണ്ട്, അവസാന നാൾ വ രെ കാണിക്കുകയും ചെയ്യുന്നതാണ്. അതിൽ പെട്ടതാണ് മുർത്തദ്ദുകളോട് യുദ്ധം ചെയ്തപ്പോൾ ഉണ്ടായ വിജയം പോലെയുള്ള ഒരുപാട് സംഭവങ്ങ ൾ സ്വഹാബികളുടെയും, താബിഉകളുടെയും കൈകളിലൂടെ ഉണ്ടായിട്ടുണ്ട്. ഇതെല്ലാം തന്നെ പ്രവാചകൻ﴿ﷺ﴾ക്കുള്ള മുഅ്ജിസത്താകുന്നു. എന്നാൽ ചിലയാളുകൾ പിശാചിനെ സേവിച്ചും മറ്റും കാണിക്കുന്ന അസാധാരണ**

ത്വങ്ങൾ കറാമത്തുകളല്ല, മറിച്ച് അത് പിശാചിനെയും, ജിന്നുകളെയും ഉപയോഗിച്ച് കൊണ്ട് സിഹ്റിലൂടെയും മറ്റും ഉണ്ടാക്കുന്ന കാര്യങ്ങളാകുന്നു. അങ്ങിനെ ചെയ്യുന്നവർ ഔലിയാക്കളോ, അവർ ചെയ്യുന്ന കാര്യങ്ങൾ കറാമത്തുകളോ അല്ല. അവർ അല്ലാഹുവിൻെറ ഔലിയാക്കളല്ല, മറിച്ച് പിശാചിൻെറ ഔലിയാക്കളാണ്. പിശാചുക്കളുടെ കൂട്ടാളികളിൽ നിന്നും അല്ലാഹുവിൽ ശരണം തേടുന്നു.

**222- ആരാണ് അല്ലാഹുവിൻെറ ഔലിയാക്കൾ?**

**ഉത്തരം:** ഔലിയാക്കൾ എന്ന് പറഞ്ഞാൽ യഥാർത്ഥ രൂപത്തിൽ അല്ലാഹുവിൽ വിശ്വസിക്കുകയും, അവനെ സൂക്ഷിക്കുകയും, പ്രവാചകൻ《ﷺ》യെ എല്ലാ കാര്യത്തിലും പിൻപറ്റി ജീവിക്കുകയും ചെയ്യുന്നവരാണ്. അതാണ്

അല്ലാഹു പറയുന്നത്:

{ أَلاَ إِنَّ أَوْلِيَاءَ اللّهِ لاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ } (يونس:**62**)

'ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല' (യൂനുസ്: 62).

ശേഷം വരുന്ന ആയത്തിൽ അവരുടെ സ്വഭാവം വിശദീകരിക്കുന്നു:

{ الَّذِينَ آمَنُوا وَكَانُوا يَتَّقُونَ } (يونس:**63**)

'വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ' (യൂനുസ്: 63).

{ اللّهُ وَلِيُّ الَّذِينَ آمَنُوا يُخْرِجُهُمْ مِنَ الظُّلُمَاتِ إِلَى النُّورِ وَالَّذِينَ كَفَرُوا أَوْلِيَاؤُهُمُ الطَّاغُوتُ يُخْرِجُونَهُمْ مِنَ النُّورِ إِلَى الظُّلُمَاتِ } (البقرة:**257**)

'വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടു വരുന്നു. എന്നാൽ സത്യനിഷേധികളുടെ രക്ഷാധികാരികൾ ദുർമൂർത്തികളാകുന്നു. വെളിച്ചത്തിൽ



നിന്ന് ഇരുട്ടുകളിലേക്കാണ് ആ ദുർമൂർത്തികൾ അവരെ നയിക്കുന്നത്'. (അൽബഖറ: 257)

{إِنَّمَا وَلِيُّكُمُ اللّهُ وَرَسُولُهُ وَالَّذِينَ آمَنُوا الَّذِينَ يُقِيمُونَ الصَّلاَةَ وَيُؤْتُونَ الزَّكَاةَ وَهُمْ رَاكِعُونَ * وَمَنْ يَتَوَلَّ اللّهَ وَرَسُولَهُ وَالَّذِينَ آمَنُوا فَإِنَّ حِزْبَ اللّهِ هُمُ الْغَالِبُونَ }

(المائدة:**55-56**)

'അല്ലാഹുവും അവന്റെ ദൂതനും, താഴ്മയുള്ളവരായിക്കൊണ്ട് നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന സത്യവിശ്വാസികളും മാത്രമാകുന്നു നിങ്ങളുടെ ഉറ്റമിത്രങ്ങൾ. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും, സത്യവിശ്വാസികളെയും മിത്രങ്ങളായി സ്വീകരിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ കക്ഷി തന്നെയാണ് വിജയം നേടുന്നവർ'. (മാഇദഃ:55 -56).

**പ്രവാചകൻ《ﷺ》 പറയുകയാണ്:**

«إن آل أبي فلان ليسوا لي بأولياء إنما أوليائي المتقون» رواه مسلم ( الإيمان / **366** ) كلهم بهذا المعنى

**"ഇന്ന കുടുംബം എനിക്കുള്ള സഹായികളല്ല, തീർച്ചയായിട്ടും എൻെറ സഹായികൾ അല്ലാഹുവിനെ സൂക്ഷിക്കുന്നവരാകുന്നു" (മുസ്ലിം)**

**ഹസൻ ഞങ്ങൾക്ക് അല്ലാഹുവിനോട് സ്നേഹമുണ്ടെന്ന് പറഞ്ഞ ഒരു സമൂഹത്തെ താഴെ വരുന്ന ആയത്ത് ഓതിക്കൊണ്ട് പരീക്ഷിക്കുകയുണ്ടായി:**

{ قُلْ إِنْ كُنْتُمْ تُحِبُّونَ اللّهَ فَاتَّبِعُونِي يُحْبِبْكُمُ اللّهُ } (آل عمران:**31**)

'(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്' (ആലുഇംറാൻ:31).

**ഇമാം ശാഫിഈ《رحمه الله》 പറയുന്നു: "ആരെങ്കിലും വെള്ളത്തിന് മീതെ നടക്കുന്നത് കാണുകയോ, അല്ലെങ്കിൽ വായുവിൽ പറക്കുന്നത് കാണുകയോ ചെയ്യുകയാണെങ്കിൽ അദ്ദേഹം പ്രവാചകൻ《ﷺ》യുടെ ചര്യയെ എത്രമാ**

ത്രം പിൻപറ്റുന്നുവെന്ന് നിങ്ങൾ മനസിലാക്കുന്നത് വരെ നിങ്ങൾ അങ്ങിനെ ചെയ്യുന്നവനെ സത്യപ്പെടുത്തുകയോ, അദ്ദേഹത്തിൽ നിങ്ങൾ വഞ്ചിതരാവുകയോ ചെയ്യരുത്.

**223- താഴെ വരുന്ന ഹദീസിൽ പ്രവാചകൻ(ﷺ) പ്രത്യേകമാക്കുന്ന സമൂഹം ഏതാണ്?**

( وَلاَ تَزَالُ طَائِفَةٌ مِنْ أُمَّتِي عَلَى الْحَقِّ ظَاهِرِينَ لاَ يَضُرُّهُمْ مَنْ خَالَفَهُمْ حَتَّى يَأْتِيَ أَمْرُ اللَّهِ عَزَّ وَجَلَّ ) رواه البخاري ( 3116 ، 3640 ، 3641 ) ، ومسلم ( الإيمان / 247 ) .

**"എൻെറ സമുദായത്തിൽ എപ്പോഴും ഒരു വിഭാഗം സത്യത്തിൽ തന്നെയായിരിക്കും, അല്ലാഹുവിൻെറ കൽപന വരുന്നത്വരെ അവരോട് എതിർ പ്രവർത്തിക്കുന്നവരാൽ അവർക്ക് ഉപദ്രവമാവില്ല" (ബുഖാരി, മുസ്ലിം).**

**ഉത്തരം: ഈ വിഭാഗം പ്രവാചകൻ(ﷺ) വിശേഷിപ്പിച്ച 73 വിഭാഗങ്ങളിൽ**

**നിന്ന് രക്ഷപ്പെട്ട വിഭാഗമാണ്. തിരുമേനി(ﷺ) പറയുന്നു:**

(كُلُّهَا فِي النَّارِ إلاَّ وَاحِدَةً وهي الجماعة)

**എല്ലാ വിഭാഗവും നരകത്തിലാണ്, ഒരു വിഭാഗം ഒഴിച്ച്, അവർ അൽ ജമാഅ:യാകുന്നു". മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയാണ്:**

(هم من كان على مثل مَا أَنَا عَلَيْهِ وَأَصْحَابِي)

**"അവർ ഞാനും എൻെറ സ്വഹാബാക്കാളും ഏതൊന്നിലായിരുന്നുവോ, അതിൽ തന്നെ നിലനിൽക്കുന്നവരാകുന്നു".**
**അല്ലാഹു നമ്മെയെല്ലാവരെയും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുമാറാവട്ടെ, നമുക്ക് സന്മാർഗം നൽകിയതിന് ശേഷം നമ്മുടെ ഹൃദയങ്ങളെ അല്ലാഹു വഴി തെറ്റിക്കാതിരിക്കട്ടെ, അവൻ നമുക്ക് അവൻെറ കാരുണ്യം നൽകുമാറാവട്ടെ.**

{ سُبْحَانَ رَبِّكَ رَبِّ الْعِزَّةِ عَمَّا يَصِفُونَ * وَسَلَامٌ عَلَى الْمُرْسَلِينَ * وَالْحَمْدُ لِلَّهِ رَبِّ الْعَالَمِينَ }



'പ്രതാപത്തിന്റെ നാഥനായ നിന്റെ രക്ഷിതാവ് അവർ ചമച്ചു പറയുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധൻ! ദൂതൻമാർക്കു സമാധാനം! ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി!' (സ്വാഫ്ഫാത്ത്: 180–182)

## ഉള്ളടക്കം


1) മനുഷ്യരുടെ പ്രഥമ ഉത്തരവാദിത്വം എന്താണ്? ............................... 5

2) അല്ലാഹു സൃഷ്ടികളെ സൃഷ്ടിക്കുവാനുള്ള കാരണം എന്താണ്? ......... 5

3) العبد (അടിമ) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? .............. 6

4) എന്താണ് 'ആരാധന' എന്നത്കൊണ്ട് വിവക്ഷിക്കുന്നത്? ..................... 7

5) എപ്പോഴാണ് ഒരു പ്രവർത്തനം ആരാധനയായി മാറുന്നത്? ............... 7

6) ഒരു അടിമ അല്ലാഹുവിനെ ഇഷ്ടപ്പെടുന്നുവെന്നതിൻെറ അടയാളം എന്താണ്? ........................................................................ 8

7) അടിമകൾ എങ്ങിനെയാണ് അല്ലാഹു ഇഷ്ടപ്പെടുകയും, തൃപ്തിപ്പെടുകയും ചെയ്യുന്ന കാര്യം മനസിലാക്കുക? ................................. 8

8) ആരാധനയുടെ നിബന്ധനകൾ ഏതെല്ലാമാണ്? ............................. 9

9) صدق العزيمة (ഉദ്ദേശത്തെ സത്യപ്പെടുത്തൽ) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? ................................................................ 9

10) നിശ്കളങ്കമായ ഉദ്ദേശം എന്നത് കൊണ്ട് വിവക്ഷിക്കുന്നത് എന്താണ്?.......9

11) അല്ലാഹുവിനെ ആരാധിക്കുവാൻ അവൻ നിയമമാക്കിയ മാർഗം ഏതാണ്?........10

12) ഇസ്‌ലാം മതത്തിന് എത്ര സ്ഥാനങ്ങൾ (തട്ടുകൾ) ഉണ്ട്? ................ 11

13) ഇസ്‌ലാം എന്നതിൻെറ ആശയം എന്താണ്? ................................ 12

14) മതം എന്ന് പറഞ്ഞാൽ ഇത് മുഴുവനും ഉൾകൊള്ളുന്നുവെന്ന് പറയുന്നതിനുള്ള തെളിവ് എന്താണ്? ............................................... 12

15) വ്യക്തമായി ഇസ്‌ലാം കാര്യങ്ങൾ അഞ്ചാണെന്നതിനുള്ള തെളിവ് എന്താണ്? ................................................................. 13

16) രണ്ട് സാക്ഷ്യ വചനങ്ങൾക്ക് ഇസ്‌ലാമിൽ ഉള്ള സ്ഥാനം എന്താണ്? ... 14

17) أنْ لاَ إلَهَ إلاَّ اللَّهُ എന്ന സാക്ഷ്യ വചനത്തിനുള്ള തെളിവെന്താണ്? ............ 15

18) أنْ لاَ إلَهَ إلاَّ اللَّهُ എന്ന സാക്ഷ്യ വചനത്തിൻെറ അർത്ഥം എന്താണ്? ........ 16

19) لاَ إلَهَ إلاَّ اللَّهُ എന്ന സാക്ഷ്യ വചനം സാക്ഷ്യപ്പെടുത്തി ഉച്ചരിക്കുവാനുള്ള നിബന്ധനകൾ ഏവ? ......................................................... 16

20) العلم (അറിവ്) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്? ......................................... 17

21) اليقين (ഉറപ്പ്) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്? ......................................... 17

22) الإنقياد (കീഴൊതുങ്ങുക) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, നിന്നുമുള്ള തെളിവ് എന്താണ്? ............................................... 18

23) القبول (സ്വീകരിക്കുക) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്? ................................ 19

24) الإخلاص (നിശ്കളങ്കത) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും,





തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്? ............................. 21

25) الصدق (സത്യപ്പെടുത്തുക) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്? ........................... 22

26) المحبة (ഇഷ്ടപ്പെടുക) എന്ന നിബന്ധനക്ക് ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവ് എന്താണ്? ................................. 23

27) അല്ലാഹുവിന് വേണ്ടി സ്നേഹിക്കുവാനും, അല്ലാഹുവിന് വേണ്ടി ശത്രുത വെക്കുവാനുമുള്ള തെളിവുകൾ പറയുക? .................................. 24

28) أن محمدا رسول الله എന്ന സാക്ഷ്യ വചനത്തിനുള്ള തെളിവ് എന്ത്? .......... 25

29) أن محمدا رسول الله എന്ന സാക്ഷ്യ വചനത്തിൻെറ ആശയം എന്ത്? .......... 26

30) أن محمدا رسول الله എന്ന സാക്ഷ്യ വചനത്തിൻെറ നിബന്ധനകൾ ഏതെല്ലാമാണ്? ഈ സാക്ഷ്യവചനം കൂടാതെ ഒന്നാമത്തെ സാക്ഷ്യം സ്വീകരിക്കുമോ? ......................................................................... 27

31) 'നമസ്കാരത്തിനും, സകാത്തിനു'മുള്ള തെളിവ് എന്താണ്? ................. 27

32) 'നോമ്പി'നുള്ള തെളിവ്? ......................................................... 28

33) ഹജ്ജിനുള്ള തെളിവ്? ............................................................ 28

34) മുകളിൽ വിവരിക്കപ്പെട്ട കാര്യങ്ങളിൽ ഏതെങ്കിലും ഒന്നിനെ നിഷേധിക്കുകയോ, അതല്ലെങ്കിൽ മുഴുവനും അംഗീകരിക്കുന്നുവെങ്കിലും സ്വയം അഹങ്കാരം നടിക്കുകയോ ചെയ്താൽ അവ ൻെറ വിധി എന്താണ്? ... 29

35) ഒരാൾ മുഴുവനും അംഗീകരിക്കുന്നു പക്ഷേ, അലസത കാരണത്താലോ, ദുർന്യായങ്ങളാൽ വല്ലതും ഉപേക്ഷിക്കുകയോ ചെയ്താൽ അവൻെറ വിധി എന്താണ്? ............................................................... 29

36) എന്താണ് (الإيمان) വിശ്വാസം? ................................................. 31

37) വിശ്വാസം വാക്കുകളും,പ്രവർത്തനങ്ങളുമാണെന്നതിന് എന്താണ് തെളിവ്? .....31

38) ഈമാൻ കൂടുകയും, കുറയുകയും ചെയ്യും എന്നതിനുള്ള തെളിവ് എന്താണ്? ............................................................................ 32

39) വിശ്വാസികൾക്കിടയിലുള്ള ശ്രേഷ്ടതകൾക്കുള്ള ഏറ്റ വ്യത്യാസത്തിനുള്ള തെളിവുകൾ എന്താണ്? ........................................................ 34

40) ഈമാൻ എന്ന് പറയുമ്പോൾ അതിൽ മതം മുഴുവനും ഉൾകൊള്ളുന്നു വെന്നതിന് എന്താണ് തെളിവ്? ............................................... 36

41) ഈമാൻ കാര്യങ്ങൾ ആറും അടങ്ങിയ ഈമാനിന്റെ നിർവ്വചനത്തി നുള്ള തെളിവ് എന്താണ്? ..................................................... 37

42) ഇതിന് വിശുദ്ധ ഖുർആനിൽ നിന്ന് മൊത്തമായി സൂചിപ്പിച്ച തെളിവ് പറയുക? ....................................................................... 37

43) അല്ലാഹുവിൽ വിശ്വസിക്കുക എന്ന് പറഞ്ഞാൽ അതിന്റെ ആശയം എന്താണ്? ..................................................................... 38

44) തൗഹീദുൽ ഉലൂഹിയ്യ: എന്നത്കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്? ......... 38

45) തൗഹീദുൽ ഉലൂഹിയ്യയുടെ വിപരീതം എന്താണ്? .......................... 39

46) എന്താണ് വലിയ ശിർക്ക്? ...................................................... 39

47) എന്താണ് ചെറിയ ശിർക്ക്? ..................................................... 42

48) ഇവിടെ (واو، ثُمَّ) എന്നിവ തമ്മിലുള്ള വ്യത്യാസം എന്താണ്? ............... 44

49) എന്താണ് തൗഹീദുർറുബൂബിയ്യ: (രക്ഷാകർതൃത്വത്തിലുള്ള ഏകത്വം) എന്ന് പറഞ്ഞാൽ? ............................................................... 45

50) തൗഹീദുർറുബൂബിയ്യയുടെ വിപരീതം എന്താണ്? .......................... 48

51) 'തൗഹീദുൽ അസ്മാഉ വസ്സിഫാത്ത്' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? ..................................................................... 50

52) അല്ലാഹുവിന്റെ ഭംഗിയുള്ള നാമങ്ങൾക്ക് ഖുർആനിൽ നിന്നും സുന്ന ത്തിൽ നിന്നും തെളിവ് പറയുക? ............................................. 51

53) അല്ലാഹുവിന്റെ ഭംഗിയുള്ള നാമങ്ങൾക്ക് വിശുദ്ധ ഖുർആനിൽ നിന്നും ഉദാഹരണം പറയുക? ........................................................ 52

54) അല്ലാഹുവിന്റെ ഭംഗിയുള്ള നാമങ്ങൾക്ക് തിരുസുന്നത്തിൽ നിന്നും



ഉദാഹരണം പറയുക? ........................................................ 55

55) അല്ലാഹുവിന്റെ ഭംഗിയുള്ള നാമങ്ങൾ സൂചിപ്പിക്കുന്ന കാര്യങ്ങൾ എത്രയാണ്? ................................................................. 58

56) ഇതിനുള്ള ഉദാഹരണം വ്യക്തമാക്കുക? .................................... 58

57) അല്ലാഹുവിന്റെ ഭംഗിയുള്ള നാമങ്ങൾ ഉൾകൊള്ളുന്ന കാര്യങ്ങൾ എത്ര വിഭാഗമാണ്? ................................................................. 59

58) നിരുപാധികമായ അല്ലാഹുവിന്റെ നാമങ്ങളുടെ ഇനങ്ങൾ ഏവ? ....... 61

59) അല്ലാഹുവിന്റെ വിശേഷണങ്ങൾ ദാതിയ:യാതും, ഫിഅ്ലിയ:യാതും ഉണ്ടെന്ന് പറഞ്ഞല്ലോ, എങ്കിൽ ദാതിയ:യായ വിശേഷണങ്ങൾക്ക് ഖുർആനിൽ നിന്ന് ഉദാഹരണം പറയുക? .................................. 62

60) അല്ലാഹുവിന്റെ ദാതിയ:യായ വിശേഷണങ്ങൾക്ക് പ്രവാചക സുന്ന ത്തിൽ നിന്ന് ഉദാഹരണം പറയുക? ........................................ 64

61) അല്ലാഹുവിന്റെ 'ഫിഅ്ലി'യായ വിശേഷണങ്ങൾക്ക് വിശുദ്ധ ഖുർആ നിൽ നിന്ന് ഉദാഹരണം പറയുക? ........................................... 66

62) പ്രവാചക സുന്നത്തിൽ നിന്ന് അല്ലാഹുവിന്റെ 'ഫിഅ്ലിയാ'യ വിശേ ഷണങ്ങൾക്ക് ഉദാഹരണം പറയുക? ......................................... 67

63) അല്ലാഹുവിന്റെ ഫിഅ്ലിയായ മുഴുവൻ വിശേഷണങ്ങളിൽ നിന്നും നാമ ങ്ങൾ പിടിച്ചെടുക്കുമോ, അതല്ല അല്ലാഹുവിന്റെ നാമങ്ങൾ മുഴുവനും നിർണ്ണിതമാണോ? ............................................................ 69

64) അല്ലാഹുവിന്റെ നാമമായ العلي الأعلى 'അത്യുന്നതൻ' അതു പോലെ ഇതേ ആശയം വരുന്ന الظاهر 'പ്രകടമായവൻ' القاهر 'പരമാധികാരമുള്ളവൻ' المتعالي 'ഉന്നതൻ' എന്നീ നാമങ്ങൾ ഉൾകൊള്ളുന്നത് എന്താണ്? ......... 71

65) അല്ലാഹുവിന്റെ ഉന്നതിയെന്ന വിശേഷണത്തിന് വിശുദ്ധ ഖുർആനിൽ നിന്ന് തെളിവ് പറയുക? ..................................................... 72

66) ഇതിന് പ്രവാചക സുന്നത്തിലുള്ള തെളിവുകൾ പറയുക? ............... 73

67) അല്ലാഹുവിന്റെ الإستواء 'ഉപവിഷടത'യെ സംബന്ധിച്ച് സലഫുസ്സ്വാലി

ഹീങ്ങളിൽ പെട്ട ഉന്നതന്മാരായ പണ്ഡിതന്മാർ പറഞ്ഞത് എന്താണ്? .... 75

68) അല്ലാഹുവിൻെറ 'പരമാധികാരത്തിലുള്ള ഉന്നതി'ക്ക് വിശുദ്ധ ഖുർആനിൽ നിന്നും തെളിവ് പറയുക? ........................................................ 76

69) ഇതിന് പ്രവാചക സുന്നത്തിൽ നിന്ന് തെളിവ് പറയുക? .................. 77

70) പദവിയിലും,സ്ഥാനത്തിലും എല്ലാ സൃഷ്ടികളേക്കാളും അല്ലാഹു ഉന്നതനാണെന്നതിന് എന്താണ് തെളിവ്? അല്ലാഹുവിനെ തൊട്ട് നാം നിർബ്ബന്ധമായും നിഷേധിക്കേണ്ടത് എന്തെല്ലാമാണ്? .............................. 77

71) പ്രവാചകൻ(ﷺ) അല്ലാഹുവിൻെറ ഭംഗിയുള്ള നാമങ്ങളെ സംബന്ധിച്ച് പറയുകയുണ്ടായി: "ആരെങ്കിലും അതിനെ എണ്ണി കണക്കാക്കിയാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും". ഇതിൻെറ ഉദ്ദേശം ........................ 79

72) അല്ലാഹുവിൻെറ നാമവിശേഷണത്തിലെ തൗഹീദിൻെറവിപരീതം എന്താണ്?...82

73) തൗഹീദിൻെറ എല്ലാ വിഭാഗങ്ങളും പരിപൂർണമാക്കൽ അനിവാര്യമാണോ? അതിൽ ഏതെങ്കിലും ഒന്നിനെ നിഷേധിച്ചാൽ മുഴുവനും നിഷേധിക്കുന്നതിന് തുല്യമാണോ? .............................................................. 84

74) അല്ലാഹുവിൻെറ മലക്കുകളിൽ വിശ്വസിക്കണമെന്നതിന് വിശുദ്ധഖുർആനിൽ നിന്നും തിരുസുന്നത്തിൽ നിന്നും തെളിവ് പറയുക? ................ 85

75) മലക്കുകളിൽ വിശ്വസിക്കുക എന്നതിൻെറ ആശയം എന്താണ്? ......... 86

76) മലക്കുകൾക്ക് അല്ലാഹു നൽകിയിട്ടുള്ള വൈവിധ്യമാർന്ന ഉത്തരവാദിത്വങ്ങൾ ഏതൊക്കെയാണ്? ................................................... 86

77) അല്ലാഹുവിൻെറ വേദഗ്രന്ഥത്തിൽ വിശ്വസിക്കണമെന്നതിന് തെളിവ് പറയുക? ....................................................................... 88

78) വിശുദ്ധ ഖുർആനിൽ മുഴുവൻ വേദഗ്രന്ഥങ്ങളുടെയും പേര് പറയപ്പെട്ടിട്ടുണ്ടോ? ........................................................................... 89

79) അല്ലാഹുവിൻെറ വേദഗ്രന്ഥത്തിൽ വിശ്വസിക്കുക എന്നതിൻെറ ആശയം എന്താണ്? ....................................................................... 90

80) മുൻ കഴിഞ്ഞ വേദഗ്രന്ഥങ്ങളെ അപേക്ഷിച്ച് വിശുദ്ധ ഖുർആനിനുള്ള



പ്രത്യേകതകൾ എന്തെല്ലാമാണ്? ............................................. 92

81) ഖുർആനിനോട് സമൂഹം മുഴുവനും പാലിക്കേണ്ട നിർബ്ബന്ധ ബാധ്യതകൾ എന്തൊക്കെയാണ്? ..................................................... 94

82) വേദഗ്രന്ഥത്തെ മുറുകെ പിടിക്കുക, അതിൻെറ അവകാശങ്ങൾ വകവെച്ച് കൊടുക്കുക എന്നൊക്കെ പറഞ്ഞാൽ എന്താണത് കൊണ്ട് അർത്ഥമാക്കുന്നത്? ............................................................ 95

83) വിശുദ്ധഖുർആൻ അല്ലാഹുവിൻെറ സൃഷ്ടിയാണെന്ന് പറയുന്നവൻെറ വിധിയെന്താണ്? ............................................................ 96

84) അല്ലാഹുവിൻെറ കലാം എന്ന സ്വിഫത്ത് ദാത്തിയാണോ, അതോ ഫിഅ്ലിയാണോ? ............................................................................ 98

85) الواقفة ('ഖുർആൻ അല്ലാഹുവിൻെറ കലാമുമല്ല, സൃഷ്ടിയുമല്ല' എന്ന് പറയുന്നവർ) എന്ന് പറയുന്നവരുടെ വിധി എന്താണ്? .................. 99

86) (لفظي بالقرآن مخلوق) ഖുർആൻ ഓതുന്ന പദങ്ങൾ സൃഷ്ടിയാണെന്ന് പറയുന്നവൻെറ വിധി എന്താണ്? ...................................... 100

87) പ്രവാചകന്മാരിൽ വിശ്വസിക്കണമെന്ന് പറയുന്നതിന് തെളിവ് പറയുക?...100

88) പ്രവാചകന്മാരിൽ വിശ്വസിക്കുക എന്നതിൻെറ ആശയമെന്താണ്? ...... 101

89) എല്ലാ പ്രവാചകന്മാരും കൽപിക്കുകയും, വിരോധിക്കുകയും ചെയ്ത കാര്യങ്ങൾ ഒന്നായിരുന്നുവോ? ............................................. 102

90) മുകളിൽ സൂചിപ്പിച്ച പ്രകാരം മുഴുവൻ പ്രവാചകന്മാരുടെയും പ്രബോധനം ആരാധനയുടെ അടിത്തറയിൽ യോജിച്ചിരുന്നുവെന്നതിന് തെളിവ് പറയുക? ............................................................................ 103

91) പ്രവാചകന്മാരുടെ ശരീഅത്തുകളിലുള്ള ഹലാലുകളും, ഹറാമുകളും വ്യത്യസ്തമായിരുന്നുവെന്നതിന് തെളിവ് പറയുക? ....................... 105

92) മുഴുവൻ പ്രവാചകന്മാരെ സംബന്ധിച്ചും ഖുർആനിൽ വിവരിച്ചിട്ടുണ്ടോ?.........106

93) ഖുർആനിൽ എത്ര പ്രവാചകന്മാരുടെ പേരുകൾ പറഞ്ഞിട്ടുണ്ട്? ......... 107

94) ഉലുൽ അസ്മുകൾ (ദൃഢമനസ്കരായ പ്രവാചകന്മാർ) എന്ന പേരിൽ അറിയപ്പെടുന്ന പ്രവാചകന്മാർ ആരെല്ലാമാണ്? .............................. 107

95) ഒന്നാമത്തെ റസൂൽ ആരാണ്?.................................................. 108

96) എപ്പോഴാണ് വ്യതിചലിച്ച് പോയത്? .......................................... 109

97) ആരാണ് അവസാന പ്രവാചകൻ? .......................................... 109

98) അവസാന പ്രവാചകൻ മുഹമ്മദ്(ﷺ)യാണെന്നതിന് എന്താണ് തെളിവ്? ... 109

99) മറ്റു പ്രവാചകന്മാരിൽ നിന്ന് വ്യത്യസ്ഥമായി മുഹമ്മദ്(ﷺ)ക്ക് മാത്രം പ്രത്യേകമായിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്? ........................ 110

100) പ്രവാചകന്മാരുടെ മുഅ്ജിസത്തുകൾ എന്ന് പറഞ്ഞാൽ എന്താണ് ? ..... 112

101) വിശുദ്ധഖുർആനിൻെറ അമാനുഷിക ദൃഷ്ടാന്തത്തിന് എന്താണ് തെളിവ്?.....114

102) അവസാന നാളിൽ വിശ്വസിക്കണമെന്നതിനുള്ള തെളിവ് പറയുക? ..... 116

103) അവസാന നാളിൽ വിശ്വസിക്കുക എന്നതിൻെറ ആശയമെന്താണ് ? അതിൽ എന്തെല്ലാം കാര്യങ്ങൾ ഉൾകൊള്ളുന്നുണ്ട് ? .................... 116

104) അവസാന നാൾ എപ്പോഴാണ് സംഭവിക്കുക എന്ന് ആർക്കെങ്കിലും അറിയുമോ? ........................................................................ 117

105) അവസാന നാളിൻെറ അടയാളങ്ങൾക്ക് വിശുദ്ധഖുർആനിൽ നിന്ന് തെളിവ് പറയുക? ........................................................... 118

106) അന്ത്യ നാളിൻെറ അടയാളത്തിന് സുന്നത്തിൽ നിന്ന് തെളിവ് പറയുക? 120

107) മരണത്തിൽ വിശ്വസിക്കണമെന്നതിന് തെളിവ് പറയുക? ................ 120

108) ഖബറിൽ അനുഗ്രഹവും, കുഴപ്പവും, അതുപോലെ ശിക്ഷയുമുണ്ടെന്നതിന് ഖുർആനിൽ നിന്ന് തെളിവ് പറയുക? ......................... 122

109) ഇതിന് സുന്നത്തിൽ എന്താണ് തെളിവുള്ളത്? ........................... 123

110) ഖബറുകളിൽ നിന്ന് ജനങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നതിന് എന്താണ് തെളിവ് ? ....................................................... 126





111) പുനർ ജീവിതത്തെ നിഷേധിച്ചവൻെറ വിധിയെന്താണ്? ............. 130

112) സൂർ എന്ന കാഹളത്തിൽ ഊതുന്നതിനുള്ള തെളിവ് എന്താണ്? എത്ര പ്രാവശ്യമാണ് അതിൽ ഊതുക? ............................................ 131

113) പരലോകത്ത് ഒരുമിച്ച് കൂട്ടുന്നതിൻെറ രൂപം എങ്ങിനെയാണ് വിശുദ്ധ ഖുർആനിൽ വിശദീകരിക്കുന്നത്? ......................................... 133

114) പ്രവാചക സുന്നത്തിൻെറ അടിസ്ഥാനത്തിൽ ഇതിൻെറ വിശേഷണം പറയുക? ........................................................................ 134

115) വിചാരണക്ക് നിൽക്കുന്നതിൻെറ രൂപം വിശുദ്ധഖുർആനിൽ നിന്ന് വിശദമാക്കുക? ................................................................. 136

116) വിചാരണക്ക് നിൽക്കുന്നതിൻെറ രൂപം പ്രവാചക സുന്നത്തിൽ നിന്ന് വിശദമാക്കുക? ................................................................ 137

117) പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നതിൻെറയും, വിചാരണയുടെയും രൂപം വിശുദ്ധഖുർആനിൽ എപ്രകാരമാണ് വിശദീകരിക്കുന്നത്? ...... 138

118) പ്രവാചകസുന്നത്തിൽ ഇതിൻെറ വിശേഷണം എങ്ങിനെയാണ്? ...... 140

119) ഏടുകൾ വിതരണം ചെയ്യുന്നതിൻെറ രൂപം വിശുദ്ധഖുർആനിൻെറ അടിസ്ഥാനത്തിൽ വിവരിക്കുക? ........................................ 142

120) ഇതിന് തിരുസുന്നത്തിൽ നിന്ന് തെളിവ് പറയുക? .................... 144

121) പരലോകത്തെ തുലാസിന് വിശുദ്ധഖുർആനിൽ നിന്ന് തെളിവ് പറയുക? എങ്ങിനെയാണ് പ്രവർത്തനങ്ങൾ തൂക്കി കണക്കാക്കുക? ............ 146

122) ഇതിന് പ്രവാചക സുന്നത്തിൽ നിന്നുള്ള തെളിവ് പറയുകയും, അതിൻെറ വിശേഷണങ്ങൾ പറയുകയും ചെയ്യുക? ...................... 147

123) സ്വിറാത്ത് -പാലം- ഉണ്ടെന്നതിന് വിശുദ്ധഖുർആനിൽ നിന്ന് തെളിവ് പറയുക ............................................................ 148

124) സ്വിറാത്തിനും, അതിൻെറ വിശേഷണത്തിനുമുള്ള തെളിവുകൾ സുന്നത്തിൽ നിന്ന് പറയുക? ..................................................... 148

125) പരലോകത്ത് പ്രതിക്രിയ നടപ്പിലാക്കും എന്നതിന് ഖുർആനിൽ നിന്ന് തെളിവ് പറയുക? ..........................................................149

126) പരലോകത്ത് പ്രതിക്രിയ നടപ്പിലാക്കും എന്നതിന് പ്രവാചകചര്യയിൽ നിന്ന് തെളിവും, അതിൻെറ വിശേഷണവും പറയുക? ................. 150

127) വിശുദ്ധഖുർആനിൽ നിന്ന് 'ഹൗളിന്' തെളിവ് പറയുക? ................ 152

128) 'ഹൗളിന്' പ്രവാചക സുന്നത്തിൽ നിന്ന് തെളിവും, അതിൻെറ വിശേഷണവും പറയുക? .................................................... 152

129) സ്വർഗത്തിലും,നരകത്തിലും വിശ്വസിക്കണമെന്നതിന് തെളിവ് പറയുക? ...... 153

130) സ്വർഗ നരകങ്ങളിലുള്ള വിശ്വാസത്തിൻെറ ആശയമെന്താണ്? ......... 153

131) സ്വർഗ നരകങ്ങൾ ഇപ്പോൾ ഉണ്ടെന്നതിന് എന്താണ് തെളിവ്? ....... 155

132) സ്വർഗ നരകങ്ങൾ ഒരിക്കലും നശിക്കാതെ എന്നെന്നും നിലനിൽക്കുമെന്നതിന് എന്താണ് തെളിവ്? .......................................... 157

133) പരലോകത്ത് സത്യവിശ്വാസികൾ അല്ലാഹുവിനെ കാണുമെന്നതിന് എന്താണ് തെളിവ്? .......................................................... 161

134) ശഫാഅത്തിൽ വിശ്വസിക്കുവാനുള്ള തെളിവ് എന്താണ്? ആർക്കാണ് ശഫാഅത്ത് ലഭിക്കുക, ആരിൽ നിന്ന്, എപ്പോഴാണ് ലഭിക്കുക? ....... 163

135) ശഫാഅത്തിന് എത്ര ഇനങ്ങളുണ്ട്, അതിൽ ഏറ്റവും വലിയതും, മഹത്വരമായതും ഏതാണ്? .................................................... 166

136) ഒരാളുടെ കർമ്മങ്ങൾ കൊണ്ട് ആരെങ്കിലും സ്വർഗത്തിൽ പ്രവേശിക്കുകയോ, നരകത്തിൽ നിന്ന് രക്ഷപ്പെടുകയോ ചെയ്യുമോ? .............. 168

137) മുകളിൽ നാം വിവരിച്ച ഹദീസും താഴെ വരുന്ന ആയത്തും എങ്ങിനെയാണ് യോചിപ്പിക്കുക?..................................................... 169

138) ഖദ്റിൽ പൊതുവെ വിശ്വസിക്കണമെന്നതിന് എന്താണ് തെളിവ് ...... 170

139) ഖദ്റിലുള്ള വിശ്വാസത്തിന് എത്ര ഘട്ടങ്ങളുണ്ട്? .......................... 172

140) അല്ലാഹുവിൻെറ മുൻകടന്ന അറിവെന്ന ഖദ്റിൻെറ ഒന്നാം ഘട്ടത്തിനുള്ള തെളിവ് എന്താണ്? ................................................. 173

141) ഖദ്റിലെ വിശ്വാസത്തിലെ രണ്ടാം ഘടമായ ഖദ്റുകൾ രേഖപ്പെടുത്തപ്പെട്ടതിൽ വിശ്വസിക്കുന്നതിനുള്ള തെളിവുകൾ പറയുക? ............. 177

142) ഈ ഘട്ടത്തിൽ ഖദ്റിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾകൊള്ളുന്നത്? ... 179

143) എന്താണ് (التقدير الأزلي) ക്ക് തെളിവ് എന്താണ്? ........................ 180

144) ആയുസ്സിൽ രേഖപ്പെടുത്തപ്പെട്ട (التقدير العمري)ക്ക് തെളിവ് പറയുക? .... 181

145) ഗർഭസ്ഥ ശിശുവിന് ആത്മാവ് ഊതുന്ന വേളയിൽ ആയുസ് കാല ഖദ്ർ രേഖപ്പെടുത്തുന്നതിന് എന്താണ് തെളിവ്? ......................... 185

146) ലൈലത്തുൽ ഖദ്റിൽ രേഖപ്പെടുത്തുന്ന (تقدير الحولي) ക്കുള്ള തെളിവ് പറയുക? ................................................................... 187

147) ഓരോ ദിവസത്തിലുമുള്ള (التقدير اليومي) ഖദ്റിനുള്ള തെളിവ് എന്താണ്? ... 187

148) സൗഭാഗ്യവും, ദൗർഭാഗ്യവുമുൾകൊള്ളുന്ന ഖദ്ർ മുൻകടന്നതിൽ ഉൾകൊള്ളുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? ................................. 189

149) ഖദ്റിൻെറ മൂന്നാമത്തെ ഘട്ടമായ അല്ലാഹുവിൻെറ 'മശീഅത്തി'ൽ വിശ്വസിക്കണമെന്നതിന് എന്താണ് തെളിവ്? ............................. 191

150) അല്ലാഹു വിശുദ്ധഖുർആനിലും, പ്രവാചക ചര്യയിലും നമുക്ക് അറിയിച്ച് തന്ന അവൻെറ വിശേഷണങ്ങളിൽ പെട്ടതാണ്, അല്ലാഹു നന്മ ചെയ്യുന്നവരെയും, തഖ്വയുള്ളവരെയും, ക്ഷമിക്കുന്നവരെയും, വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവരെയും ഇഷ്ടപ്പെടുകയും, അവിശ്വസികളേയും, അക്രമികളേയും അവൻ ഇഷ്ടപ്പെടുകയോ ചെയ്യുന്നില്ല, അതുപോലെ തൻെറ അടിമകളിൽ ആരെങ്കിലും അവിശ്വാസികളായി തീരുന്നത് അവൻ തീരെ ഇഷ്ടപ്പെടുകയും ചെയ്യുന്നില്ല എന്നത്,അതു പോലെ കുഴപ്പവും ഇഷ്ടപ്പെടുന്നില്ല. ഇതെല്ലാം തന്നെ അല്ലാഹുവിൻെറ ഉദ്ദേശത്തിലും, മശീഅത്തിലും പെട്ടതാണല്ലോ?. അതുകൊണ്ട് തന്നെ അവൻ ഉദ്ദേശിക്കുകയാണെങ്കിൽ അങ്ങിനെ സംഭവിക്കുകയില്ല, അതുപോലെ അവൻെറ അധികാരത്തിൽ അവൻ ഉദ്ദേശിക്കാത്തതൊന്നും തന്നെ സംഭവിക്കുകയുമില്ലല്ലോ? അതുകൊണ്ട് ആരെങ്കിലും അല്ലാഹു എങ്ങിനെയാണ് അവൻ തൃപ്തിപ്പെടാത്തതും, ഇഷ്ടപ്പെടാത്തതുമായ കാര്യങ്ങൾ ഉദ്ദേശിക്കുന്നത്.ഇ

തിനുള്ള മറുപടി എന്താണ്? ................................................ 194

151) ഖദ്റിൻെറ നാലാം ഘട്ടമായ സൃഷ്ടിപ്പ് എന്നതിൽ വിശ്വസിക്കണമെന്ന തിന് തെളിവ് പറയുക? ................................................ 196

152) എല്ലാത്തിനെയും അല്ലാഹു സൃഷ്ടിച്ചിരിക്കെ "എല്ലാ നന്മയും നിൻെറ (അല്ലാഹുവിൻെറ) കൈകളിലാണ്, തിന്മ നിന്നിലേക്കല്ല" (മുസ്ലിം) എന്ന പ്രവാചക വചനത്തിൻെറ ആശയം എന്താണ്? ......................... 198

153) സൃഷ്ടികളിലേക്ക് ചേർത്തിപ്പറയുന്ന പ്രവർത്തനങ്ങൾ ചെയ്യുവാൻ സൃഷ്ടികൾക്ക് കഴിവും, ഉദ്ദേശവുമുണ്ടോ? ............................ 199

154) ശറഇയായ ഖദ്റിൽ അല്ലാഹുവിന് ഇഷ്ടമുള്ള കാര്യമാണല്ലോ മുഴു വൻ ആളുകളും സന്മാർഗികളായി അല്ലാഹുവിനെ അനുസരിക്കുക എ ന്നത്, അല്ലാഹുവിന് അത് സാധിക്കുകയും ചെയ്യും, എന്ത് കൊണ്ട് അ ങ്ങിനെ സംഭവിക്കുന്നില്ല? ................................................ 201

155) മതത്തിൽ ഖദ്റിലുള്ള വിശ്വാസത്തിനുള്ള സ്ഥാനം എന്താണ്? ........ 202

156) ഈമാനിന് എത്ര ശാഖകളാണ് ഉള്ളത്? ............................... 205

157) ഈ ശാഖകളെപണ്ഡിതന്മാർ എങ്ങിനെയാണ് വ്യാഖ്യാനിച്ചിരിക്കുന്നത്?........206

158) ഈമാനിൻെറ ശാഖകളെ പണ്ഡിതന്മാർ വിശദീകരിച്ചതിൻെറ ചുരുക്ക മെന്താണ്? ................................................................ 207

159) الإحسان "നന്മ" എന്നതിന് വിശുദ്ധഖുർആനിൽ നിന്നും പ്രവാചകചര്യ യിൽ നിന്നും തെളിവ് പറയുക? ...................................... 209

160) ആരാധനയിലുള്ള ഇഹ്സാൻ എന്താകുന്നു? ............................ 210

161) ഈമാനിൻെറ വിപരീതം എന്താണ്? ...................................... 211

162) വിശ്വാസപരമായ അവിശ്വാസം മുഖേന ഈമാൻ പരിപൂർണമായി നിഷ് ഫലമാകും എന്നത് വിശദീകരിക്കുക? .................................. 213

163) ഇസ്ലാമിൻെറ വലയത്തിൽ നിന്നും പരിപൂർണമായും പുറത്ത് പോകുന്ന വലിയ കുഫ്റിൻെറ ഇനങ്ങൾ എത്രയാണ്? ......................... 213

164) കളവാക്കുന്നതിൻെറയും, അജ്ഞതയുടെയും കുഫ്റ് എന്ന് പറഞ്ഞാൽ എന്താണ്? ........................................................................ 213

165) നിഷേധത്തിൻെറ കുഫ്റ് എന്ന് പറഞ്ഞാൽ എന്താണ്? ................ 213

166) അഹങ്കാരത്തിൻെറയും, ദുരഭിമാനത്തിൻെറയും കുഫ്റ് എന്താണ്? .... 215

167) കപട വിശ്വാസത്തിൻെറ കുഫ്റ് എന്താണ്? .............................. 216

168) ഇസ്ലാമിൻെറ മില്ലത്തിൽ നിന്നും പുറത്ത്പോകാത്ത പ്രവർത്തന പരമായ കുഫ്റ് എന്താണ്? ..................................................... 215

169) വിഗ്രഹത്തിനുള്ള സുജൂദും, ഖുർആനിനെ നിന്ദിക്കലും, പ്രവാചകനെ പ രിഹസിക്കലും, മതനിയമങ്ങളെ പരിഹസിക്കുക പോലെയുള്ള കാര്യങ്ങൾ പ്രകടമായ രൂപത്തിൽ മതത്തിൽ നിന്നും പുറത്ത്പോകാത്ത പ്രവർത്തനപര മായ കുഫ്റല്ലേ, പിന്നെ എങ്ങിനെയാണ് അങ്ങനെ ചെയ്യുന്നവർ മതത്തി ൽ നിന്ന് പുറത്ത് പോകുന്നത്? ചെറിയ ശിർക്ക് പ്രവർത്തനപരമായ കു ഫ്റായിട്ടല്ലേ നിങ്ങൾ പരിചയപ്പെടുത്തുന്നത്? ......................... 220

170) الظلم(അക്രമം), الفسوق (തെമ്മാടിത്തം), النفاق (കാപട്യം) എന്നിവ എത്ര ഇനങ്ങളായി തിരിച്ചിട്ടുണ്ട്? ................................................ 221

171) വലിയ, ചെറിയ الظلم (അക്രമം)ന് ഉദാഹരണം പറയുക? ............ 221

172) വലിയ ചെറിയ الفسوق (തെമ്മാടിത്തം)ന് ഉദാഹരണം പറയുക? ......... 222

173) വലിയ ചെറിയ النفاق (കാപട്യത്തി) ന് ഉദാഹരണം പറയുക? ......... 223

174) സിഹിറിൻെറയും,സിഹ്റ് ചെയ്യുന്നവൻെറയും വിധിയെന്താണ്? ...... 225

175) മാരണം ചെയ്യുന്നവനുള്ള ശിക്ഷ എന്താണ്? ........................... 226

176) النشرة എന്നാൽ എന്താണ്? അതിൻെറ വിധിയെന്താണ്? ............. 227

177) ഇസ്ലാം അനുവദിക്കുന്ന മന്ത്രങ്ങൾ എന്താണ്? ........................ 227

178) വിരോധിക്കപ്പെട്ട മന്ത്രങ്ങൾ ഏവ? ..................................... 228

179) ഏലസ്സ്, മന്ത്രിച്ചൂതിയ നൂൽ, ചരട്, വട്ടക്കണ്ണി പോലെയുള്ള കാര്യങ്ങൾ ശരീരത്തിൽ ബന്ധിപ്പിക്കുന്നതിൻെറ വിധിയെന്താണ്? ................. 228

180) ശരീരത്തിൽ ബന്ധിക്കുന്നത് വിശുദ്ധഖുർആനിലെ ആയത്താണെങ്കിൽ അതിൻെറ വിധിയെന്താണ്? ................................................ 231

181) ജ്യോൽസ്യത്തിൻെറ വിധിയെന്താണ്? ........................................ 232
82) ജ്യോൽസ്യക്കാരനൊ, കണക്ക് നോട്ടക്കാരനോ പറയുന്നത് വിശ്വസിക്കു ന്നവൻെറ വിധിയെന്താണ്? ............................................... 233
183) നക്ഷത്രങ്ങളെ നോക്കി (ജ്യോതിഷം) ഭാവി പ്രവചിക്കുന്നതിൻെറ വിധിയെന്താണ്? ........................................................ 234
184) ഞാറ്റുവേലയോട് മഴക്ക് വേണ്ടി തേടുന്നതിൻെറ വിധിയെ ന്താണ്?..... 237
185) പക്ഷിപ്രശ്നം (പക്ഷികളെ പറത്തി ഭാഗ്യ പരീക്ഷണം നടത്തുന്നത്) നോക്കുന്നതിൻെറ വിധിയെന്താണ്? ...................................... 238
186) കണ്ണേറിൻെറ വിധിയെന്താണ്?........................................................ 241
187) തെറ്റുകളെ എത്ര ഇനങ്ങളായി തരം തിരിക്കുന്നു? ...................... 242
188) ചെറിയ ചെറിയ തെറ്റുകൾ എങ്ങനെയാണ് പൊറുക്കപ്പെടുക?.......... 243
189) വൻ പാപങ്ങൾ ഏതെല്ലാമാണ്? ........................................ 244
190) ചെറുതും വലുതുമായ മുഴുവൻ പാപങ്ങളും എങ്ങനെയാണ് പൊറുക്കപ്പെടുക? ....................................................... 245
191) എന്താണ് യഥാർത്ഥ പശ്ചാത്താപം? ...................................... 246
192) ജനങ്ങളിലെ ഓരോ വ്യക്തികളുടെയും കാര്യത്തിൽ എപ്പോഴാണ് പശ്ചാത്താപം അവസാനിക്കുക? ....................................... 247
193) ഇഹലോകത്ത് നിന്ന് എപ്പോഴാണ് തൗബ മുറിഞ്ഞ്പോവുക? ........... 248
194) തൗഹീദിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരു വ്യക്തി വൻപാപത്തിൽ ത ന്നെ ഉറച്ച് നിന്നവനായികൊണ്ട് മരിക്കുകയാണെങ്കിൽ അവൻെറ വിധി യെന്താണ്? ........................................................ 250
195) കുറ്റകൃത്യങ്ങൾ ചെയ്തവർക്ക് നൽകുന്ന ഈ ദുനിയാവിലെ ശിക്ഷകൾ അവർക്കുള്ള പ്രായ്ശ്ചിത്തമാണോ? ...................................... 255
196) "അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അവന് പൊറുത്ത് കൊടുക്കും, അല്ലെ ങ്കിൽ ശിക്ഷിക്കും" എന്ന ഹദീസും, നേരത്തെ വിശദീകരിച്ച നന്മകളേക്കാൾ തിന്മകൾ അധികരിച്ചവർ നരകത്തിൽ പോകും എന്ന് പറഞ്ഞതും എങ്ങി നെയാണ് യോജിപ്പിക്കുക? .................................................. 256
197) അല്ലാഹു നമ്മോട് പിൻപറ്റുവാൻ കൽപിച്ചിട്ടുള്ള ചൊവ്വായ മാർഗം



ഏതാണ്? ......................................................................... 257
198) സ്വിറാത്തുൽ മുസ്തഖീം കരസ്ഥമാകുന്നത് എങ്ങിനെയാണ്, അതുപോലെ അതിൽ നിന്ന് വഴി തെറ്റുന്നതിൽ നിന്നും സുരക്ഷ ലഭിക്കുന്നതും എങ്ങി നെയാണ്? ................................................................... 259
199) സുന്നത്തിൻെറ വിപരീതം എന്താണ്? ...................................... 261
200) ബിദ്അത്തുകൾ എത്ര ഇനങ്ങളായി തരം തിരിക്കുന്നുണ്ട്? ............ 263
201) എന്താണ് കുഫ്റിലേക്ക് എത്തിപ്പെടുന്ന ബിദ്അത്തുകൾ? ...............263
202) കുഫ്റിലേക്ക് എത്തിക്കാത്ത ബിദ്അത്തുകൾ ഏതെല്ലാമാണ്? ......... 264
203) ഇതിൽ സംഭവിക്കുന്ന ബിദ്അത്തുകൾ എത്ര ഇനങ്ങളാണ്? ......... 264
204) ആരാധനയിലുള്ള ബിദ്അത്തുകൾ എത്ര ഇനങ്ങളായി തരം തിരിക്കുന്നു? ............................................................... 264
205) ആരാധനയിൽ ബിദ്അത്തുകൾ എത്ര അവസ്ഥകളിൽ സംഭവിക്കും? .......265
206) ക്രയവിക്രയങ്ങളിലുള്ള ബിദ്അത്തുകൾ എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?....................................................................... 266
207) പ്രവാചകൻ(ﷺ)യുടെ കുടുംബം, അവിടുത്തെ സ്വഹാബികൾ എന്നിവരെ സംബന്ധിച്ച് ഒരു മുസ്ലിം എന്ത് നിലപാടാണ് എടുക്കേണ്ടത്? ....267
208) സ്വഹാബികളിൽ മൊത്തത്തിൽ ആർക്കാണ് കൂടുതൽ ശ്രേഷ്ടത യുള്ളത്? ............................................................ 272
209) സ്വഹാബികളിൽ വിശദമായി ആർക്കാണ് കൂടുതൽ ശ്രേഷ്ടത യുള്ളത്? .................................................................273
210) പ്രവാചകൻ(ﷺ)ക്ക് ശേഷം ഖിലാഫത്തിൻെറ കാലം എത്ര യായിരുന്നു? ..........................................................280
211) നാല് ഖുലഫാഉർറാശിദുകളുടെയും ഖിലാഫത്തിന് മൊത്തത്തിലുള്ള തെളിവ് എന്താണ്? .........................................................281
212) മൂന്നാളുകളുടെ ഖിലാഫത്തിന് മൊത്തത്തിലുള്ള തെളിവ് എന്താണ്?....282
213) അബൂബക്കറിൻെറയും ഉമറിൻെറയും ഖിലാഫത്തിന് മൊത്തത്തിലുള്ള

തെളിവ് എന്താണ്? ..................................................... 284

214) അബൂബർ(ﷺ)വിൻെറ ഖിലാഫത്തിനും, അദ്ദേഹത്തെ മുന്തിപ്പിക്കുവാനു മുള്ള തെളിവുകൾ വ്യക്തമാക്കുക? ...................................... 284

215) അബൂബക്കർ(ﷺ)വിന് ശേഷം ഖിലാഫത്തിൽ ഉമർ(ﷺ)വിനെ മുന്തിപ്പി ക്കുവാനുള്ള തെളിവന്തൊണ്? ............................................ 286

216) അബൂബക്കർ(ﷺ)വിനും,ഉമർ(ﷺ)വിനും ശേഷം ഖിലാഫത്തിന് ഉഥ്മാൻ(ﷺ) വിനെ മുന്തിപ്പിക്കുവാനുള്ള തെളിവ് എന്താണ്? ......................... 287

217) അലി(ﷺ)വിൻെറ ഖിലാഫത്തിനും, അദ്ദേഹത്തിന് ശേഷമുള്ളവരിൽ നിന്ന് അദ്ദേഹത്തിനുള്ള ശ്രേഷ്ടതക്കുമുള്ള തെളിവ് എന്താണ്? ............... 288

218) കൈകാര്യ കർത്താക്കളോട് നാം കാണിക്കേണ്ട നിർബ്ബന്ധ ബാധ്യത കൾ എന്തെല്ലാമാണ്? ................................................... 289

219) ഇതിനുള്ള തെളിവ് എന്താണ്? ....................................... 289

220) നന്മ കൽപിക്കലും, തിന്മ വിരോധിക്കലും ആർക്കാണ് നിർബ്ബന്ധമായിട്ടു ള്ളത്, അതിൻെറ ഘട്ടങ്ങൾ ഏതെല്ലാമാണ്? ......................... 293

221) ഔലിയാക്കളുടെ കറാമത്തിൻെറ വിധിയെന്താണ്? ..................... 294

222) ആരാണ് അല്ലാഹുവിൻെറ ഔലിയാക്കൾ? .............................. 295

223) താഴെ വരുന്ന ഹദീസിൽ പ്രവാചകൻ(ﷺ) പ്രത്യേകമാക്കുന്ന സമൂഹം ഏതാണ്? ................................................................. 297